# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

### 2018 മാർച്ച് 6, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 – നമ്പർ 5

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

2018 മാർച്ച് 6, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്

505/20

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...90

**II അടിയന്തരപ്രമേയം**

പൊന്തൻപുഴ വനമേഖലയുടെ ഉടമസ്ഥാവകാശം

– ശ്രീ. കെ. എം. മാണി

(അവതരണാനുമതി നിഷേധിച്ചു) …446

**III ശ്രദ്ധ ക്ഷണിക്കൽ**

1. നെല്ല് സംഭരണത്തിലെ പ്രതിസന്ധി

– ശ്രീ. കെ. വി. വിജയദാസ് ...463

2. കരട് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിലെ അപാകത

– ശ്രീ. എം. വിൻസെന്റ് ...467

**IV സബ്മിഷൻ**

(1) ഹൈമവതിയെ ആക്രമിച്ച സംഭവം

– പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...471

(2) കോസ്റ്റ് ഗാർഡ് അക്കാദമി

– ശ്രീ. റ്റി. വി. രാജേഷ് ...473

(3) ജപ്തി നടപടി

– ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ...475

(4) ജാഷിം എന്ന വിദ്യാർത്ഥിയുടെ മരണം

– ശ്രീ. കെ. കുഞ്ഞിരാമൻ ...477

പേജ്

(5) ആദിവാസി നയം

– ശ്രീ. പി. ടി. തോമസ് ...478

(6) തുകയുടെ വിനിയോഗം

– ശ്രീ. പി. സി. ജോർജ് ...482

(7) മുദ്രപ്പത്രങ്ങളുടെ ലഭ്യത

– ശ്രീ. അൻവർ സാദത്ത് ...488

(8) വള്ളക്കടവ് പാലം നിർമ്മാണം

– ശ്രീ. വി. എസ്. ശിവകുമാർ ...489

(9) ഇ.എസ്.ഐ. ഡിസ്പെൻസറി

– ശ്രീ. ചിറ്റയം ഗോപകുമാർ ...492

(10) കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

– ശ്രീ. എം. നൗഷാദ് ...493

(11) വഴിയോര കച്ചവടക്കാരുടെ സംരക്ഷണം

– ശ്രീ. എസ്. ശർമ്മ ...495

**V ധനകാര്യം**

2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...496

**VI വിശദീകരണം**

ശ്രീമതി ഇ. എസ്. ബിജിമോളുടെ ശ്രദ്ധക്ഷണിക്കലിനുള്ള വിശദീകരണം

– പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി

(ശ്രീ. ജി. സുധാകരൻ) ...567

**VIII ധനകാര്യം (തുടർച്ച)** ...567

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 മാർച്ച് 6, ചൊവ്വ*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2018 മാർച്ച് 6 -ാം തീയതി ചൊവ്വഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ....... ചോദ്യം നമ്പർ (* 121)

### സ്വാഭാവിക റബ്ബറിന്റെ വില

1 (*121) ശ്രീ. ആന്റണി ജോൺ:

ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ബ്ലോക്ക് റബ്ബർ നിർമ്മാണത്തിനെന്ന പേരിൽ വൻതോതിൽ ചിരട്ടപ്പാൽ ഇറക്കുമതിക്ക് അനുമതി നൽകാനും റബ്ബർ ബോർഡിനെ ഉപയോഗിച്ചുകൊണ്ട് ഇത്തരം നിലവാരം കുറഞ്ഞ ഉൽപ്പന്നത്തിലേയ്ക്ക് തിരിയാൻ സംസ്ഥാനത്തെ കർഷകരെ പ്രേരിപ്പിക്കുന്നതിനായും കേന്ദ്ര സർക്കാർ നടത്തുന്നതായി പറയപ്പെടുന്ന നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നീക്കത്തിൽനിന്നും പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) കേന്ദ്ര സർക്കാർ റബ്ബർ നയം പ്രഖ്യാപിക്കുമെന്ന് പറയുന്നതിന്റെ ഭാഗമായി രാജ്യത്ത് റബ്ബർ ഉൽപ്പാദനത്തിന്റെ കുത്തകയുള്ള സംസ്ഥാനവുമായി ഏതെങ്കിലും തരത്തിലുള്ള ആശയ വിനിമയം നടത്തുകയുണ്ടായോ;

(സി) ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തി സ്വാഭാവിക റബ്ബറിന് വില നിശ്ചയിക്കാൻ കേന്ദ്ര സർക്കാരിനോട് അടിയന്തരമായി ആവശ്യപ്പെടുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) കേന്ദ്ര സർക്കാർ റബ്ബർ നയം പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരുമായി ആശയ വിനിമയം നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും കേന്ദ്ര സർക്കാരിന്റെ livelyhood security box-ലും രാജ്യാന്തര വാണിജ്യ വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും ആസിയാൻ (Association of South East Asian Nations) രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പുമന്ത്രിയെ നേരിൽ കണ്ട് 22-2-2018-ൽ സംസ്ഥാന കൃഷി വകുപ്പുമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഉൽപ്പാദനച്ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്നതിനും റബ്ബറിന് സംസ്ഥാന സർക്കാർ നൽകിവരുന്ന ഉൽപ്പാദക ബോണസ് 150 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ അധിക സഹായം നൽകുന്നതിനും കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

തെക്കൻ സംസ്ഥാനങ്ങളിലെ കാർഷിക ഉൽപ്പന്നങ്ങളുടെ താങ്ങുവില നിശ്ചയിക്കുന്നതിനായി കേന്ദ്രസർക്കാർ വിളിച്ചുചേർത്ത യോഗത്തിൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉൽപ്പാദനച്ചെലവിന്റെ 150% താങ്ങുവില പ്രഖ്യാപിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീ. രാജു എബ്രഹാം: സർ, ഡബ്ല്യൂ.ടി.ഒ. കരാർ രണ്ടാം യു.പി.എ സർക്കാർ ഒപ്പിട്ടപ്പോഴാണ് റബ്ബറിനെ നാണ്യവിളയായി മുദ്രവയ്പിച്ചത്. ഇവിടെ ഒരു കാർഷിക വിളയെന്ന പരിഗണന റബ്ബറിന് കിട്ടുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കേരളത്തിൽ കൃഷി വകുപ്പുമന്ത്രിയാണ് കൈകാര്യം ചെയ്യുന്നതെങ്കിൽ കേന്ദ്രത്തിൽ കൊമേഴ്സ്യൽ വകുപ്പുമന്ത്രിയാണ് ഇത് കൈകാര്യം ചെയ്യുന്നത്. അതുകൊണ്ട് റബ്ബറിനെ കാർഷികവിളയാക്കി മാറ്റാൻ എന്തൊക്കെ സമ്മർദ്ദങ്ങളാണ് അങ്ങയുടെ നേതൃത്വത്തിൽ കേന്ദ്രത്തിൽ നടത്താൻ ഉദ്ദേശിക്കുന്നത് ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, റബ്ബറിനെ കാർഷിക വിളയായി ഇപ്പോഴും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. ഇത് വാണിജ്യ ഉൽപ്പന്നമെന്ന നിലയിലാണ് പരിഗണിക്കപ്പെടുന്നത്. കേരളത്തിന്റെ റൂൾസ് ഓഫ് ബിസിനസ് അനുസരിച്ച് റബ്ബറുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃഷി വകുപ്പിന്റെ കീഴിലല്ല. പക്ഷെ നാമമാത്ര കർഷകരും അതുപോലെതന്നെ ചെറുകിട കർഷകരും ഇതിൽ ഉൾപ്പെടുന്നു എന്നുള്ളതുകൊണ്ട് കൃഷി വകുപ്പ് കൈകാര്യം ചെയ്യുന്നുവെന്ന് മാത്രമേയുള്ളൂ. റബ്ബർ നയം രൂപീകരിക്കപ്പെടുമ്പോൾ റബ്ബറിനെ കാർഷിക ഉൽപ്പന്നമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന കാര്യം കഴിഞ്ഞ ദിവസം, 22-2-2018-ൽ, ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയുമായി നടത്തിയിട്ടുള്ള ചർച്ചയിൽ, പ്രധാനപ്പെട്ട ആവശ്യമായി സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ട്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, റബ്ബറിന് 200 രൂപ തറവില നിശ്ചയിപ്പിക്കുവാൻവേണ്ടി ഡൽഹിയിൽ പോയി പ്രധാനമന്ത്രിയോട് കൂടിക്കാഴ്ചയ്ക്ക് അവസരം ചോദിച്ചിട്ടും, അദ്ദേഹം മുഖം തന്നില്ലെന്നാണ് അങ്ങ് ഇന്നലെ ഇവിടെ മറുപടി പറഞ്ഞത്. റബ്ബറിന് 200 രൂപ നൽകാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ എന്ന നിലയിൽ ചെയ്യാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഡബ്ല്യൂ.ടി.ഒ. കരാറും ആസിയാൻ കരാറും അനുസരിച്ച് അന്താരാഷ്ട്ര വ്യാപാരത്തിന് വിഘാതമുണ്ടാകുന്ന രീതിയിൽ കർഷകർക്ക് സബ്സിഡി നൽകാൻ കഴിയാത്തതുകൊണ്ടാണ് പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന നിലയിൽ 150 രൂപ വച്ച് കൊടുക്കുന്നത്. 500 കോടി രൂപയാണ് ഇപ്പോൾ സംസ്ഥാന സർക്കാർ ബജറ്റിൽ മാറ്റിവച്ചിരിക്കുന്നത്. റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട് അതിന്റെ ഉൽപ്പാദനത്തിന്റെയും വാണിജ്യ സാദ്ധ്യതകളുടെയും ഗുണഫലം അനുഭവിക്കുന്നത് കേന്ദ്ര സർക്കാരിന്റെ ഖജനാവാണ്. എന്നാൽ അതുമായി ബന്ധപ്പെട്ട് 200 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിക്കാൻ കാരണം 150 രൂപയ്ക്ക് പുറമെ 50 രൂപകൂടി കൂട്ടിച്ചേർക്കുന്നതിന് കേന്ദ്രത്തിന്റെ സഹായം ആവശ്യമാണ്. അതൊരു പാക്കേജായി തരണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അത് അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പറഞ്ഞതല്ലാതെ ഒരു തീരുമാനവും ഇതുവരെ എടുത്തിട്ടില്ല. ടാസ്ക് ഫോഴ്സുമായി ബന്ധപ്പെട്ട തീരുമാനത്തിനുവേണ്ടി കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ടാസ്ക് ഫോഴ്സിന്റെ പഠന റിപ്പോർട്ട് വന്നതിനുശേഷം അക്കാര്യം തീരുമാനിക്കാമെന്നാണ് കേന്ദ്ര സർക്കാർ ഇപ്പോൾ പറഞ്ഞിരിക്കുന്നത്. പ്രധാനമന്ത്രിയുമായി ഇക്കാര്യത്തിൽ കൂടിക്കാഴ്ച നടത്താൻ കഴിഞ്ഞ സമ്മേളനത്തിൽ നമ്മൾ ഒരു പ്രമേയം പാസ്സാക്കിയശേഷം അഭ്യർത്ഥിച്ചെങ്കിലും ഇതുവരെ നമുക്കതിനുള്ള അവസരം ലഭിക്കാത്തതു കൊണ്ടാണ് കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് നേരിട്ട് ആശയവിനിമയം നടത്താൻ തീരുമാനിച്ചത്.

ശ്രീ. കെ. സുരേഷ് കുറുപ്പിനുവേണ്ടി <u>ശ്രീ. ജെയിംസ് മാത്യു</u>: സർ, പത്ത് ലക്ഷത്തിലധികം കൃഷിക്കാർ ആശ്രയിക്കുന്ന ഈ മേഖലയിൽ, ഇന്ന് നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇവിടെ സൂചിപ്പിച്ചതുപോലെ, റബ്ബർ ബോർഡ് കൃഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടിയിൽനിന്നും പിൻവാങ്ങിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ്. വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ ഇന്ന് ആ ചുമതലകൾ നിർവ്വഹിക്കാത്ത സാഹചര്യമാണുള്ളത്. കയർ മേഖലയിൽ കയർ ബോർഡിനുപകരം കയർ പ്രോജക്ട് കൊണ്ടുവന്നതിനാൽ സംസ്ഥാനത്ത് കയറുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരു സംരക്ഷണം നൽകാൻ സർക്കാരിന് സാദ്ധ്യമാകുന്നുണ്ട്. ഈ വിധത്തിൽ റബ്ബർ ബോർഡ് അതിന്റെ നിർദ്ദിഷ്ട ചുമതലകളിൽനിന്ന് നിരന്തരം പിൻവാങ്ങിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയിൽ, കേരളത്തിലെ പത്ത് ലക്ഷത്തിലധികം വരുന്ന കൃഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി ഇവിടെ സർക്കാർ പ്രഖ്യാപിച്ച സിയാൽ (Cochin International Airport Ltd.) മോഡൽ കമ്പനിയെ സപ്പോർട്ട് ചെയ്യുന്ന വിധത്തിലുള്ള ഒരു റബ്ബർ പ്രോജക്ടുകൂടി ഇതിന്റെ ഭാഗമായി നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, റബ്ബറിന്റെ ഉൽപ്പാദനത്തിലും അതിന്റെ പോസ്റ്റ് ഹാർവെസ്റ്റിംഗ് സംവിധാനങ്ങളിലും അതുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളിലും റബ്ബർ ബോർഡാണ് മുഖ്യ ചുമതല വഹിക്കുന്നത്. റബ്ബർ ബോർഡിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാർ കഴിഞ്ഞ കുറച്ച് വർഷങ്ങളായി വളരെ തെറ്റായിട്ടുള്ള നടപടിയാണ് സ്വീകരിക്കുന്നത്. റബ്ബർ ബോർഡിന് അനുവദിക്കുന്ന തുകയിൽ ഒരു പൈസപോലും വർദ്ധിപ്പിക്കുന്നില്ല. റബ്ബർ ബോർഡിന്റെ ആസ്ഥാനംതന്നെ ഇവിടെനിന്നും മാറ്റുവാൻവേണ്ടിയുള്ള നീക്കങ്ങൾ നടത്തിയതായ റിപ്പോർട്ടുകളും ഉണ്ടായിരുന്നു. ശക്തമായ പ്രതിഷേധം കേരളത്തിൽ ഉണ്ടായതുകൊണ്ടാണ് റബ്ബർ ബോർഡിന്റെ ആസ്ഥാനം ഇവിടെ നിലനിൽക്കുന്നത്. അതിന്റെ പല റീജിയണൽ ഓഫീസുകളും അടച്ചുപൂട്ടാനുള്ള തീരുമാനങ്ങൾപോലും എടുക്കുകയുണ്ടായി. അപ്പോൾ റബ്ബറിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന ഈയൊരു നയത്തിൽ സംസ്ഥാന ഗവൺമെന്റ് ഇടപെടുന്നതിന്റെ ഭാഗമായിട്ടാണ് റബ്ബറിന്റെ പുതിയ കൃഷി ചെയ്യുന്നിടത്ത് ഇടവിള കൃഷി ചെയ്യുന്നതിനുവേണ്ടി 4 കോടിയുടെ പ്രോജക്ട് ആദ്യമായി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയത്. അതിനു പുറമെ, കർഷകർ ആവശ്യമുന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. റബ്ബർ ഉൽപ്പന്നങ്ങൾ, റബ്ബറിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ എന്താണെന്ന് പരിശോധിക്കുന്നതിനു വേണ്ടിയാണ് ഈ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. സിയാൽ മോഡലിലോ അല്ലെങ്കിൽ അമൂൽ മോഡലിലോ ഒരു പുതിയ കമ്പനി കേരളത്തിൽ

കൊണ്ടുവരുന്ന കാര്യമാണ് സർക്കാരിന്റെ പരിഗണനയിലിരിക്കുന്നത്. നാലുതവണ അതിന്റെ യോഗം ചേർന്ന് ചർച്ചകൾ നടത്തി, അന്തിമ ഘട്ടത്തിലേയ്ക്ക് വരികയാണ്. കെ.എസ്.ഐ.ഡി.സി.-യെയാണ് അതിന്റെ നോഡൽ ഏജൻസിയായി സർക്കാർ നിശ്ചയിച്ചിരിക്കുന്നത്.

ശ്രീ. ജോർജ് എം. തോമസ്: സർ, റബ്ബറിന്റെ ഉൽപ്പാദനച്ചെലവ് കുറയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. റബ്ബർ തോട്ടങ്ങളിൽ തേനീച്ച വളർത്തൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്താൽ ഇടവിള എന്ന നിലയിൽ ഒരു വരുമാനവും ലഭിക്കുന്നതാണ്. യഥാർത്ഥത്തിൽ RSS-4 എന്നുപറയുന്ന ഒരു ഷീറ്റ് സാധാരണക്കാർക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല. പലപ്പോഴും ഗുണനിലവാരം കുറഞ്ഞ ലോട്ടാണ് ഉണ്ടാകുക. സംഘങ്ങളുണ്ടായാൽ കുറെക്കൂടി നല്ല സ്മോക്ക് ഹൗസും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തി RSS-4 തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയും; അതുപോലെതന്നെ റബ്ബറിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും. ഇപ്പോൾ റോഡ് നിർമ്മാണത്തിന് റബ്ബർ ലാറ്റക്സ് ഉപയോഗിക്കാമെന്നുള്ള കാഴ്ചപ്പാട് നടപ്പിൽ വരുത്തിയാൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിനോടൊപ്പം റോഡ് നിർമ്മാണത്തിന് സ്വാഭാവിക റബ്ബർ ഉപയോഗിക്കുന്ന രീതിയും പ്രോത്സാഹിപ്പിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇക്കാര്യം കേന്ദ്രത്തിൽ ഉന്നയിച്ചപ്പോൾ, റോഡ് നിർമ്മാണത്തിന് സ്വാഭാവിക റബ്ബർ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം പരിഗണനയിലുണ്ട് എന്നുള്ളതല്ലാതെ മറ്റൊരു മറുപടിയും ലഭിച്ചിട്ടില്ല. അതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ചെറുകിട റബ്ബർ കർഷകർക്ക് ഇടവിള കൃഷി ചെയ്യുന്നതിന് വേണ്ടിയുള്ള ഒരു പ്രോജക്ട് തയ്യാറാക്കിയത്. വയനാട്ടിൽ ഒരു കർഷകൻ, അദ്ദേഹത്തിന്റെ പൂർണ്ണ വളർച്ചയെത്തിയ റബ്ബർ മരങ്ങൾക്കൊപ്പം കാപ്പി കൃഷി ചെയ്യുന്ന ഒരു പദ്ധതി പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. അത് വ്യാപകമായി കൊണ്ടിരിക്കുകയാണ്. കൃഷി വകുപ്പ് അതുമായി ബന്ധപ്പെട്ട് അവരുമായി ചർച്ച നടത്തിയിട്ടുണ്ട്. റബ്ബർ, കാപ്പി, തേയില തുടങ്ങി കൃഷിയുമായി ബന്ധപ്പെട്ട് നയപരമായി കാര്യങ്ങൾ തീരുമാനിക്കുന്നതിൽപ്പോലും ഇടപെടുന്നതിൽ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എങ്കിൽപ്പോലും നേരത്തെ സൂചിപ്പിച്ചതുപോലെ മൂല്യവർദ്ധിത ഉൽപ്പന്ന സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ വേണ്ടിയാണ് സർക്കാർ പുതിയ കമ്പനിയെക്കുറിച്ച് ആലോചിക്കുന്നത്. ടയറിന് പുറമെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന അറുപതോളം അനുബന്ധ ഉൽപ്പന്നങ്ങളുടെ ലിസ്റ്റുതന്നെ പരിഗണനയിലുണ്ട്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ 10% പോലും നമുക്ക് വാല്യൂ അഡിഷനിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ല. ആ നിലയിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

<u>ശ്രീ. പി. വി. അൻവർ:</u> സർ, റബ്ബറിന്റെ വിലയിടിവിനെക്കുറിച്ച് വളരെ കാലങ്ങളായി നമ്മൾ ചർച്ച ചെയ്യുകയാണ്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ച് ഇതിന് പരിമിതികളുണ്ട്. കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാടുകളാണ് യഥാർത്ഥത്തിൽ ഈ അവസ്ഥയിൽ എത്തിച്ചിട്ടുള്ളത്. കോൺഗ്രസ്സ് സർക്കാരിന്റെ അതേ നിലപാടുതന്നെയാണ് ഇപ്പോൾ മോദി സർക്കാരും സ്വീകരിക്കുന്നത്. ഇവിടെ കർഷകരെ സഹായിക്കുകയല്ല, റബ്ബർ ടയറുൽപ്പാദിപ്പിക്കുന്ന അല്ലെങ്കിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ നടത്തുന്ന കോർപ്പറേറ്റുകളെ സഹായിക്കുക എന്നതാണ് കേന്ദ്ര സർക്കാരിന്റെ നയം. ലോക കേരള സഭ ഇവിടെ നടക്കുന്ന അവസരത്തിൽ ഒട്ടനവധി വ്യവസായങ്ങളെക്കുറിച്ച് ചർച്ച ചെയ്തതാണ്. നമ്മുടെ സംസ്ഥാനത്തുതന്നെ റബ്ബർ ഉപയോഗിച്ച് നല്ല രീതിയിലുള്ള വ്യവസായങ്ങൾ ആരംഭിച്ചെങ്കിൽ മാത്രമെ ഇതിനൊരു പരിഹാരമുണ്ടാക്കുവാൻ സാധിക്കുകയുള്ളൂ. അത്തരത്തിലൊരു നിലപാട് സർക്കാർ സ്വീകരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഏതായിരുന്നാലും ലോക കേരള സഭയിൽ പങ്കെടുത്ത വ്യവസായികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ രീതിയിൽ ഇത് നടപ്പിലാക്കിയാൽ മാത്രമേ മാന്യമായ വില ലഭ്യമാകുകയുള്ളൂ. അതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുമോ ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ 90%-വും ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലാണ്. പക്ഷെ റബ്ബറിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ കേരളം വളരെ പിന്നിലാണ്. ആ ഒരു ഗ്യാപ് ഫിൽ ചെയ്യുന്നതിനുവേണ്ടിയാണ് സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് നേരത്തെ പറഞ്ഞ സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. പ്രവാസികളടക്കമുള്ളവരെ ഉൾപ്പെടുത്തിയാണ് അത്തരം വ്യവസായ സംരംഭങ്ങളെ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, റബ്ബറിന് വിലത്തകർച്ച ഉണ്ടായപ്പോഴാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ റബ്ബറിന്റെ സംഭരണ വില 150 രൂപയായി നിശ്ചയിച്ചത്. ആ സമയത്ത് റബ്ബറിന്റെ മാർക്കറ്റ് വില 89 രൂപയായിരുന്നു. അന്ന് സംസ്ഥാന സർക്കാർ 61 രൂപ അഡീഷണലായി നൽകിയാണ് റബ്ബർ സംഭരിച്ചത്. ഇന്ന് റബ്ബറിന്റെ വില 121 രൂപയാണ്. ഇന്ന് 29 രൂപ മാത്രമാണ് സർക്കാരിന് നൽകേണ്ടിവരുന്നത്. കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചുകൊടുത്ത് ആവശ്യമുള്ളത് ചോദിക്കുന്നതിനുപകരം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് റബ്ബറിന്റെ വില 150 രൂപയിൽ നിന്നും 200 രൂപയാക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, സംസ്ഥാന സർക്കാർ ഇന്നത്തെ സാഹചര്യത്തിൽ റബ്ബറിന്റെ വില 150 രൂപയിൽ നിന്നും 200 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. റബ്ബർ വില സ്ഥിരതാ ഫണ്ടിനുവേണ്ടി ഇപ്പോൾത്തന്നെ സർക്കാർ 500 കോടി രൂപ മാറ്റിവയ്ക്കുകയും ഈ വർഷം ഇതുവരെ 191.9 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഇന്നത്തെ കണക്കുപ്രകാരം ഈ വർഷത്തെ 75 കോടി രൂപയ്ക്കു പുറമേ 50 കോടി രൂപകൂടി ലഭിക്കുന്നതിനുള്ള രേഖകളെല്ലാം തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കാനിരിക്കുകയാണ്. ഒരു വിളയ്ക്കുവേണ്ടി 500 കോടി രൂപ മാറ്റിവച്ചുവെന്ന് പറയുന്നതുതന്നെ ആ മേഖലയിലുള്ള സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയൊരു ഇടപെടലായാണ് കാണേണ്ടത്. സാമ്പത്തികസ്ഥിതി മോശമാണെങ്കിൽക്കൂടി ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന വില നിലനിലർത്തും. കേന്ദ്ര സർക്കാരിന്റെ സഹായംകൂടി ഉണ്ടെങ്കിൽ റബ്ബറിന്റെ വില 150 രൂപയിൽനിന്നും 200 രൂപയായി വർദ്ധിപ്പിക്കാൻ സാധിക്കും.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, സി.ഒ.1, സി.ഒ.2, സി.ഒ.3 എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ നിശ്ചയിക്കുന്നത്. സി.ഒ.1-ഉം സി.ഒ.2-ഉം അംഗീകരിക്കുന്നുണ്ട്. എന്നാൽ സി.ഒ.3 കേന്ദ്ര സർക്കാർ അംഗീകരിക്കുന്നില്ല. അത് അംഗീകരിക്കാനുള്ള സമ്മർദ്ദം ചെലുത്തണം. പ്രത്യേകിച്ച് ഇൻപുട്സോ കൃഷിക്കാരുടെ അദ്ധ്വാനമോ വിലയോ പലിശയോ ഒന്നും ഇതിൽ കണക്കാക്കുന്നില്ല. അങ്ങനെ കണക്കാക്കിയില്ലെങ്കിൽ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ നിശ്ചയിച്ചതിന്റെ ഇരട്ടിയെന്നുള്ളത് ഫലത്തിൽ വരാൻ പോകുന്നില്ല. റബ്ബറിന് എം.ഐ.പി. (Minimum Import Price) കൊണ്ടുവരാനുള്ള ശ്രമമുണ്ടാകണം. കുരുമുളകിനും അടയ്ക്കയ്ക്കും എം.ഐ.പി. കൊണ്ടുവന്നു. റബ്ബറിന്റെ മാക്സിമം ഇംപോർട്ട് പ്രൈസ് ചുരുക്കുന്നതിനും ടയറിന്റെ ഇറക്കുമതിയിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുമുള്ള സമ്മർദ്ദം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇതെല്ലാം ചേർത്തുകൊണ്ടാണ് കേന്ദ്ര സർക്കാരിൽ നിവേദനം നൽകിയിരിക്കുന്നത്. റബ്ബറിനെ ഒരു കാർഷികോൽപ്പന്നമായി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ലെന്ന കാര്യം അങ്ങ് മനസ്സിലാക്കേണ്ടതാണ്. ഇപ്പറയുന്ന കാര്യങ്ങളെല്ലാം കാർഷികോൽപ്പന്നങ്ങളുമായി ബന്ധപ്പെട്ടുവരുന്നതാണ്. റബ്ബറിനെ ഒരു കാർഷികോൽപ്പന്നമായി അംഗീകരിച്ചാൽ മാത്രമേ ഇവിടെപ്പറഞ്ഞ കാര്യങ്ങളെല്ലാം അതിനകത്ത് സന്നിവേശിപ്പിക്കാൻ കഴിയുകയുള്ളൂ. ആദ്യം കേന്ദ്ര സർക്കാർ ഇതൊരു

കാർഷികോൽപ്പന്നമായി അംഗീകരിക്കുകയാണ് വേണ്ടത്. ഇപ്പോൾ കൃഷിവകുപ്പുമായി യാതൊരു ബന്ധവുമില്ലാത്തൊരു വിളയാണ് റബ്ബർ. അതുകൊണ്ടുതന്നെ വ്യാവസായിക താൽപ്പര്യങ്ങളും വ്യാപാര താൽപ്പര്യങ്ങളുമല്ലാതെ, കൃഷിക്കാരുടെ താൽപ്പര്യം പരിഗണിച്ചുകൊണ്ടല്ല ഈ നയങ്ങൾ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിന്റെ ദുരന്തമാണ് റബ്ബർ കൃഷിക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. റബ്ബറിന്റെ വില കുറയുകയും ടയറിന്റെ വില കൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന പ്രതിഭാസം കേന്ദ്ര സർക്കാർ കാണാതിരിക്കുന്ന ഗതികേടാണ് ഇന്ന് റബ്ബർ കൃഷിക്കാർ അനുഭവിക്കുന്ന ദുരന്തത്തിന്റെ മുഖ്യകാരണം.

ശ്രീ. പി. സി. ജോർജ്: സർ, റബ്ബറിന്റെ വില 120 രൂപയിൽനിന്നും 200 രൂപയാക്കുന്നതിന്, 80 രൂപ കേന്ദ്ര ഗവൺമെന്റിൽനിന്നും വാങ്ങിക്കൊടുക്കുന്ന കാര്യമാണ് എല്ലാവരും ചർച്ച ചെയ്തത്. എന്തിനാണ് ഇങ്ങനെ ചർച്ച ചെയ്യുന്നത്; കേന്ദ്രം ഒന്നും നൽകാൻ പോകുന്നില്ല. കേന്ദ്രത്തിൽ ആര് ഭരിച്ചാലും നമുക്കൊന്നും ലഭിക്കാൻ പോകുന്നില്ലെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ആദ്യം മനസ്സിലാക്കണം. ഇവിടെ നമുക്ക് എന്ത് ചെയ്യാൻ സാധിക്കുമെന്നാണ് ചർച്ച ചെയ്യേണ്ടത്. റബ്ബർ കൃഷി ലാഭകരമല്ലെന്ന് ഞാൻ പരസ്യമായി പറയും. ഞാൻ റബ്ബർ കൃഷിക്കാരനാണ്, ആ മേഖലയിൽനിന്നും വന്നയാളാണ്. റബ്ബറിനെക്കാൾ എത്രയോ ലാഭകരമായ കൃഷി ആ മേഖലയിൽ ചെയ്യാൻ കഴിയും. അങ്ങനെയൊന്ന് മാറി ചിന്തിക്കാൻ കൃഷിക്കാരനെ പ്രേരിപ്പിക്കണം. ഇന്ന് കേരളത്തിൽ റബ്ബറിന് 120 രൂപ വിലയുള്ളപ്പോൾ മലേഷ്യയിൽ 89 രൂപ വില മാത്രമേയുള്ളൂ. അപ്പോൾ ഇറക്കുമതി ലാഭകരമല്ലേ? റബ്ബർ ഇറക്കുമതി നിരോധിക്കാൻ നമുക്ക് കഴിയില്ല. ആ സാഹചര്യത്തിൽ റബ്ബർ കൃഷി നടക്കില്ല. റബ്ബർ ബോർഡ് നിർത്താൻ പോകുന്നുവെന്ന് രണ്ടുകൊല്ലം മുമ്പ് ഞാൻ സഭയിൽ പറഞ്ഞപ്പോൾ എന്നെ പുച്ഛിച്ച മന്ത്രിമാരുണ്ട്. ഇപ്പോൾ എവിടെപ്പോയി നിൽക്കുന്നു? വരൾച്ചകാരണം കുടിവെള്ളമില്ലാതെ ജനം വലയുകയാണ്. എന്റെ റബ്ബർ തോട്ടത്തിൽത്തന്നെ വെള്ളം വറ്റാത്ത, നാട്ടുകാർ മുഴുവൻ വെള്ളം കോരുന്ന കിണറുണ്ടായിരുന്നു, അവിടെ ഞാൻ റബ്ബർ വച്ചു. അഞ്ചാമത്തെ കൊല്ലം ഒരുതുള്ളി വെള്ളം ആ കിണറ്റിലില്ല. ഏറ്റവുമധികം ജലം വലിച്ചു നശിപ്പിക്കുന്ന മരമാണ് റബ്ബർ. ഞാൻ ആ കൃഷി മാറ്റി മാതൃക കാണിച്ചുകൊടുത്തിട്ടാണ് പറയുന്നത്. അതിന്റെ എത്രയോ ഇരട്ടി ലാഭം വേറെ ഏത് കൃഷിക്കുമുള്ള സ്ഥിതിക്ക് ഒരു മാറ്റത്തെപ്പറ്റി കർഷകനെ ബോദ്ധ്യപ്പെടുത്താൻ കൃഷി വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് അങ്ങ് തയ്യാറാകുമോയെന്നതാണ് എന്റെ ചോദ്യം?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സംസ്ഥാന സർക്കാരിന്റെ കുഴപ്പം കൊണ്ടല്ല റബ്ബർ കൃഷി ഇവിടെ വ്യാപിച്ചത്. ഇവിടെ 13 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടായിരുന്നത് ഇപ്പോൾ 2 ലക്ഷത്തിന് താഴെയായി കുറഞ്ഞു. റബ്ബർ കൃഷി മാത്രമാണ് പതിനൊന്നിരട്ടി വർദ്ധിച്ചത്. കേന്ദ്ര സർക്കാർ കേരള സർക്കാരിനോട് നാണ്യവിളകൾ ഉൽപ്പാദിപ്പിക്കൂ, നിങ്ങൾക്കാവശ്യമുള്ള റേഷൻ അരി തരാമെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ വ്യാപകമായി റബ്ബർ കൃഷി നടത്തി. ഇപ്പോൾ 6.12 ലക്ഷം ഹെക്ടർ സ്ഥലത്താണ് റബ്ബർ കൃഷിയുള്ളത്. റബ്ബർ കൃഷി ചെയ്യുമ്പോൾ വെള്ളം വറ്റുന്നുവെന്ന കാര്യം പുതിയ കണ്ടുപിടുത്തമല്ല. റബ്ബറിന് വിലയുണ്ടാകുന്ന അവസരത്തിൽ റബ്ബറിനുവേണ്ടി മാത്രം വാദിക്കുകയും വിലയില്ലാതാകുമ്പോൾ ഒരു ദിവസം വെട്ടികളയാൻ പറയുകയും ചെയ്താൽ അത് സാധിക്കുന്ന കാര്യമല്ല. ഇക്കാര്യം വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. ഒരു ഘട്ടത്തിൽ കൊക്കോ കൃഷി വളരെയധികം ലാഭമായതുകൊണ്ട് എല്ലാവരും കൊക്കോ നട്ടുപിടിപ്പിച്ചു. ഒരു ഘട്ടം കഴിഞ്ഞപ്പോൾ അത് വെട്ടിക്കളയുകയാണ് ചെയ്യുന്നത്. വാനില കൃഷി കൊണ്ടുവന്നു; അതും വെട്ടിക്കളഞ്ഞു. ഇപ്പോൾ വാനില കൃഷിയില്ല. അങ്ങനെ ഓരോ ഘട്ടം വരുമ്പോൾ തരാതരംപോലെ വെട്ടിമാറ്റി കൃഷി ചെയ്യുന്ന രീതിയിൽ മാറ്റം വരുത്താനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിൽ പല ഘടകങ്ങളുണ്ട്. ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞതുപോലെ നാളെ മുതൽ ഒറ്റയടിക്ക് റബ്ബർ കൃഷി വേണ്ടെന്ന് നിശ്ചയിക്കാൻ കഴിയില്ല. അതു സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായ പഠനങ്ങൾ നടത്തിയതിനുശേഷം മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. ഇടവിളകൃഷി വേണമെന്ന് പറയാൻ കാരണം, പലപ്പോഴും കുരുമുളക് കൃഷിയിൽ ഇടവിള കൃഷി അനുവദിച്ചിരുന്നില്ല. ഇപ്പോൾ ഇടവിള കൃഷി അനുവദിക്കുന്നുണ്ട്. പല കൃഷികളിലും ഇടവിള കൃഷി അനുവദിച്ചുകൊണ്ടുതന്നെ, പല കൃഷികളും ഒരുമിച്ചു ചേർത്തുകൊണ്ട് ഒരു കൃഷിയിൽ നിന്നുണ്ടാകുന്ന നഷ്ടം മറ്റൊന്നിൽനിന്നും നേടാൻ കഴിയുമെന്ന രീതിയിൽ കൊണ്ടുപോകാമെന്നല്ലാതെ ഒരു കൃഷിയും പൂർണ്ണമായും ഉപേക്ഷിക്കുകയെന്ന നിലയിലേയ്ക്ക് സർക്കാർ ആലോചിച്ചിട്ടില്ല. എന്നാൽ റബ്ബർ കൃഷിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച പഠനം ഗവൺമെന്റ് നടത്തുന്നുണ്ട്.

ശ്രീ. എൽദോ എബ്രഹാം: സർ, മദ്ധ്യ കേരളത്തിലെ റബ്ബർ കർഷകർ റബ്ബറിന്റെ വിലയിടിവുമൂലം റബ്ബർ മരങ്ങൾ പതുക്കെ മുറിച്ചുനീക്കി തുടങ്ങിയിട്ടുണ്ട്. പക്ഷെ ആ മേഖലയിലെ മണ്ണ് പൈനാപ്പിൾ കൃഷിക്ക് അനുയോജ്യമാണ്. റബ്ബർ കർഷകർ റബ്ബർ കൃഷിയിൽനിന്നും വിട്ടുപോകുമ്പോൾ പൈനാപ്പിൾ പോലുള്ള കൃഷിക്ക് പ്രോൽസാഹനം നൽകുവാൻ സർക്കാർ ഏതെങ്കിലും തരത്തിലുള്ള പാക്കേജോ പദ്ധതിയോ സഹായമോ പ്രഖ്യാപിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇപ്പോൾത്തന്നെ സർക്കാർ പൈനാപ്പിൾ കൃഷിക്ക് പ്രത്യേകം സഹായങ്ങൾ ചെയ്യുന്നുണ്ട്. റബ്ബർ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ മൂന്ന് വർഷത്തിനുള്ളിൽ ഇടവിളയായി പൈനാപ്പിളാണ് കൃഷി ചെയ്യുന്നത്. പലയിടത്തും പൈനാപ്പിൾ കൃഷിക്കെതിരെ വ്യാപകമായ പ്രചരണങ്ങൾ നടത്തുന്നുണ്ട്. പക്ഷെ പൈനാപ്പിൾ കൃഷി പ്രകൃതിക്ക് ദുരന്തമുണ്ടാക്കുന്നതാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. പൈനാപ്പിൾ കൃഷിയെയും ശക്തമായ നിലയിൽ സപ്പോർട്ട് ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിനുവേണ്ട പരിപാടികളും പദ്ധതികളും ഈ ബഡ്ജറ്റിൽത്തന്നെ സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ഡോ. എൻ. ജയരാജ്</u>: സർ, റബ്ബർ മേഖലയിൽനിന്നും വരുന്ന ജനപ്രതിനിധിയാണ് ഞാൻ. ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞതിനോട് എനിക്ക് യോജിപ്പില്ല. തലവേദന വന്നാലുടൻ തല വെട്ടിക്കളയാൻ സാധിക്കുകയില്ല. റബ്ബറിന് വില കുറയുന്നതുകൊണ്ട് നമ്മുടെ നാട്ടിലെ റബ്ബർ കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ആർ.പി.എസ്. മുഖേനയായിരുന്നു നേരത്തെ റബ്ബർ വിലസ്ഥിരതാ ഫണ്ട് നമ്മൾ അപ്‌ലോഡ് ചെയ്തു കൊടുത്തുകൊണ്ടിരുന്നത്. പക്ഷെ, കഴിഞ്ഞ കുറെക്കാലമായി അത് ലഭിക്കുന്നില്ല. ഇപ്പോൾത്തന്നെ 50 കോടി രൂപ പെൻഡിംഗുണ്ട്. റബ്ബറിന്റെ വില 150 രൂപയിൽ നിന്നും 200 രൂപയാക്കാൻ സർക്കാരിന് താൽപ്പര്യമില്ല, അല്ലെങ്കിൽ താൽക്കാലം ഉദ്ദേശിക്കുന്നില്ലെന്ന് പറഞ്ഞു. ആർ.പി.എസ്.നെക്കൂടി വിശ്വാസത്തിലെടുത്തു കൊണ്ട് കർഷകർക്ക് കൃത്യമായി വിലസ്ഥിരതാ ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കുമോ; ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി കോട്ടയത്തുവന്ന് യോഗം വിളിച്ചുകൂട്ടി റബ്ബർ നയത്തെക്കുറിച്ച് ചർച്ച ചെയ്തു. ആ ചർച്ചയിൽ ജനപ്രതിനിധികളെ ക്ഷണിച്ചില്ല; ഞങ്ങളാരും അറിഞ്ഞിട്ടുമില്ല. ആ യോഗത്തിൽ മുഖ്യമായും കൃഷിക്കാരെ മാത്രമാണ് ക്ഷണിച്ചതെന്ന് അറിഞ്ഞു. ഇങ്ങനെയൊരു റബ്ബർ നയത്തെക്കുറിച്ച് സർക്കാരിന് എന്തെങ്കിലും ധാരണയുണ്ടോ; സർക്കാരുമായി ചർച്ച ചെയ്തിട്ടുണ്ടോയെന്നുകൂടി അറിയാൻ താൽപ്പര്യമുണ്ട്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കേന്ദ്ര മന്ത്രി കേരളത്തിൽ വന്നൊരു യോഗം കൂടുമ്പോൾ സംസ്ഥാന സർക്കാരിനെ അറിയിക്കേണ്ട ബാദ്ധ്യതയുണ്ട്. പക്ഷെ ശ്രീ. അൽഫോൺസ് കണ്ണന്താനം ഇവിടെ വന്ന് യോഗം കൂടിയപ്പോൾ സംസ്ഥാന സർക്കാരിനോയോ മന്ത്രിയെയോ എം.എൽ.എ.-മാരെയോ എം.പി.-മാരെയോ അറിയിച്ചിട്ടില്ല. അങ്ങനെയൊരു യോഗം കൂടിയെന്നല്ലാതെ

എന്ത് അടിസ്ഥാനത്തിലാണ് അത് ചേർന്നതെന്ന് സംസ്ഥാന സർക്കാരിന് യാതൊരു അറിവുമില്ല. ഇൻസെന്റീവിന്റെ കാര്യത്തിൽ 50 കോടി രൂപ നൽകാനുള്ളത് മാർച്ച് 10-ാം തീയതിക്കുശേഷം പൂർണ്ണമായും കൊടുത്തുതീർക്കും. റബ്ബർ കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ സർക്കാരിന് താൽപ്പര്യമില്ല. കാരണം ഇൻഡസ്ട്രിയലിസ്റ്റിനുവേണ്ടി മാത്രം നമ്മുടെ മലയോരം പ്ലാന്റേഷൻ ഉപയോഗിക്കുകയാണ്. സാമൂഹ്യ വനവൽക്കരണത്തിനുവേണ്ടി അക്കേഷ്യ, യൂക്കാലിപ്റ്റിസ് മരങ്ങൾ നട്ട് നമ്മുടെ വനത്തിന്റെ സ്വാഭാവികത മുഴുവനും നശിച്ചുപോയി എന്നതുപോലെ ഇൻഡസ്ട്രീയലിസ്റ്റിനുവേണ്ടി റബ്ബർ കൃഷി ചെയ്ത് വിലത്തകർച്ച ഉണ്ടാകുമ്പോൾ അതിന്റെ ദുരന്തം മുഴുവൻ കൃഷിക്കാരനും പ്രകൃതിയും അനുഭവിക്കുകയെന്ന നയമൊന്നും സർക്കാരിനില്ല. എന്നാൽ പൂർണ്ണമായും റബ്ബറിനെ നിരുത്സാഹപ്പെടുത്തുന്ന സമീപനമല്ല, റബ്ബർ കൃഷിയും ആവശ്യമാണ്. എല്ലാ കൃഷികളും ചേരുന്ന വൈവിദ്ധ്യമാർന്ന കാർഷിക മേഖലയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: *122-ാം നമ്പർ ചോദ്യവുമായി *135-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. എൻ. എ. നെല്ലിക്കുന്ന് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാം.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്**

2 (*122) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള വർദ്ധനവും നികുതി പിരിവിലെ ഗുരുതരമായ വീഴ്ചയും കാരണം തദ്ദേശഭരണ സ്ഥാപനങ്ങളിലെ തനത് ഫണ്ട് ചുരുങ്ങി പല സ്ഥാപനങ്ങളും സാമ്പത്തിക ബുദ്ധിമുട്ടിലാണോ എന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ എന്തൊക്കെയാണ്;

(സി) കെട്ടിട നികുതി വർഷംതോറും അഞ്ച് ശതമാനം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഡി) തൊഴിൽക്കരത്തിന്റെ പരമാവധി പരിധി 2,500 രൂപയിൽനിന്നും 12,500 രൂപയാക്കണമെന്ന കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ നടപ്പിലാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) 2017-18 സാമ്പത്തിക വർഷം വസ്തു നികുതി പിരിവിൽ സംസ്ഥാനതല ശരാശരി 63 ശതമാനം കൈവരിക്കാൻ നിലവിൽ സാധിച്ചിട്ടുണ്ട്. ഇത് 31-3-2018 ആകുമ്പോഴേയ്ക്കും 100 ശതമാനം ആക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. 60 $M^2$-ന് താഴയുള്ള കെട്ടിടങ്ങളെ കെട്ടിട നികുതിയിൽനിന്ന് ഒഴിവാക്കിയത് വസ്തു നികുതി ഡിമാന്റിൽ ഗണ്യമായ കുറവ് വരുന്നതിന് കാരണമായിട്ടുണ്ട്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ചുരുങ്ങുന്നതിന് ഇടയാക്കുകയുണ്ടായി. ഇക്കാരണത്താൽ ചില തദ്ദേശഭരണ സ്ഥാപനങ്ങളിലെ തനത് ഫണ്ട് അവയുടെ ദൈനംദിന ചെലവുകൾക്ക് അപര്യാപ്തമാണ്.

ചില നഗരസഭകൾ തനതു ഫണ്ടിന്റെ ദൗർലഭ്യംമൂലം സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ലൈസൻസ് ഫീസ് പരിഷ്കരിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 1-4-2018-ൽ വസ്തുനികുതി പരിഷ്കരണം നിലവിൽ വരേണ്ടതുണ്ട്. അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന നിലവിലെ 11 സ്ലാബുകൾ വർദ്ധിപ്പിച്ച് അധികമായി സ്ലാബുകൾ ചേർക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ചുവരികയാണ്.

(സി) 5-ാം ധനകാര്യ കമ്മീഷൻ ശിപാർശയിന്മേലുള്ള ധനകാര്യ വകുപ്പിന്റെ നടപടി റിപ്പോർട്ടിൽ ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ തീരുമാനം ആയിട്ടില്ല.

(ഡി) തൊഴിൽ കരത്തിന്റെ പരമാവധി പരിധി 12,500 രൂപയാക്കണമെന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിടനികുതി

3 (* 135) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതി നിലവിൽ എത്ര വർഷങ്ങൾക്കുശേഷമാണ് പുതുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നികുതി എല്ലാ വർഷവും അഞ്ച് ശതമാനം വീതം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ തീരുമാനം പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 ഉപവകുപ്പ് 4 പ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 233 ഉപവകുപ്പ് 4 പ്രകാരവും വസ്തു നികുതി 5 വർഷം കൂടുമ്പോഴാണ് പുതുക്കി നിശ്ചയിക്കുന്നത്.

(ബി) 5-ാം ധനകാര്യ കമ്മീഷൻ ശിപാർശയിന്മേലുള്ള ധനകാര്യ വകുപ്പിന്റെ നടപടി റിപ്പോർട്ടിൽ ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ലൈസൻസ് ഫീസ് പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇത് തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് 5-ാം ധനകാര്യ കമ്മീഷൻ താഴെപ്പറയും പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്:

1. തൊഴിൽ നികുതിയുടെ പരിധി 1988-ൽ നിശ്ചയിച്ച 2,500 രൂപയിൽ നിന്ന് 12,000 രൂപയായി വർദ്ധിപ്പിക്കാനുള്ള പതിനാലാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം;

2. പ്രൊഫഷണൽ ടാക്സ് നൽകേണ്ടവരിൽ എല്ലാ വിഭാഗം തൊഴിൽ ചെയ്യുന്നവരെയും നികുതിയുടെ പരിധിയിൽ കൊണ്ടുവരാൻ പഞ്ചായത്ത്, മുനിസിപ്പൽ ചട്ടങ്ങളിൽ മാറ്റം വരുത്തണം;

3. ഡി & ഒ ലൈസൻസിന്റെ പരിധിയിൽ എല്ലാ കച്ചവട, ബിസിനസ് സ്ഥാപനങ്ങളെയും കൊണ്ടുവരണം തുടങ്ങി 5-ാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതനുസരിച്ച് ഏതാണ്ട് 63 ശതമാനം നികുതി പിരിവ് ഈ വർഷം നടന്നിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇനി 23 ദിവസം കൂടിയുണ്ട്. അതിനകംതന്നെ ബാലൻസ് വരുന്ന 37 ശതമാനം നികുതി പിരിക്കുമെന്ന് പറയുമ്പോൾ കണക്കുകൊണ്ടുതന്നെ നമുക്കത് ഉൾക്കൊള്ളാൻ ബുദ്ധിമുട്ട് വരും. അത് ഒരു ഒബ്സർവേഷൻ എന്നുള്ള നിലയിൽ ഞാൻ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. തദ്ദേശഭരണ സ്ഥാപനങ്ങൾ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം എന്താണ്? ഭരണഘടനാപരമായി 40 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കേണ്ട തുകയാണ്. ഈ തുക നീക്കിവയ്ക്കുമ്പോൾ സർക്കാർ ചില പ്രഖ്യാപിതമായ നടപടിക്രമങ്ങൾകൂടി പറയുകയാണ്. സർക്കാർ അവരുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനുമേൽ അധിനിവേശം നടത്തുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന തുക അവരുടെ സ്വന്തമായ പദ്ധതികൾ നടപ്പാക്കാൻ ഉപയോഗിക്കുന്നതിന് നിവൃത്തിയില്ലാത്ത സാഹചര്യം വരികയാണ്. അതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് താഴോട്ട് പോകുകയാണ്. എന്റെ അറിവ് ശരിയാണെങ്കിൽ മഹാഭൂരിപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളും 50 ശതമാനത്തിൽ താഴെയാണ് ചെലവഴിക്കുന്നത്. അപ്രായോഗികമായ നടപടി സ്വീകരിക്കുന്നതു കൊണ്ട് സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമേൽ ഇൻഡയറക്ടായിട്ടുള്ള നിയന്ത്രണം ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. ഭരണഘടന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സ്വാതന്ത്ര്യത്തിനുമേൽ കടന്നുകയറ്റം നടത്താതെ അവരെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് അനുവദിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. അവരുടെ തനത് ഫണ്ട് ആ പ്രദേശത്തെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് യഥേഷ്ടം വിനിയോഗിക്കാം. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ 686.94 കോടി രൂപയാണ് നമുക്ക് പഞ്ചായത്തുകളിൽനിന്നും തനത് ഫണ്ടായി ലഭിക്കേണ്ടത്. അതിൽ 439.64 കോടി രൂപ ഇതിനകം പിരിഞ്ഞു കിട്ടിയിട്ടുണ്ട്. മുൻവർഷങ്ങളിലെ അപേക്ഷിച്ച് ഇത് വളരെ കൂടുതലാണ്. 2016-17-ൽ മൊത്തം നമ്മൾ

പിരിച്ചെടുത്തത് 57.59 ശതമാനമായിരുന്നു. 2015-16-ൽ നമുക്ക് മൊത്തമായി പിരിക്കാൻ കഴിഞ്ഞത് 45.18 ശതമാനമാണ്. പക്ഷെ ഇതിനകംതന്നെ 23 ദിവസം ബാക്കി നിൽക്കെ 64 ശതമാനം നമുക്ക് പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും തനത് ഫണ്ട് കളക്ട് ചെയ്യുന്നതിന്, അവരുടെ നികുതി വരുമാനം പിരിച്ചെടുക്കാനുള്ളത് കളക്ട് ചെയ്യുന്നതിന് ത്വരിതഗതിയിലുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന് പ്രത്യേകമായി ആരെയെങ്കിലും നിയോഗിക്കേണ്ടതുണ്ടെങ്കിൽ നിയോഗിക്കണമെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ജീവനക്കാരില്ലെന്നുള്ളതാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇഷ്ടപ്പെട്ട സ്ഥലത്തേക്ക് ഇഷ്ടപ്പെട്ട ആളുകളെ നൽകുക എന്നുള്ള ചതുരംഗക്കളിയല്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ യോഗ്യമായ രൂപത്തിലുള്ള ജീവനക്കാരെ കൊടുക്കുന്നില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആവശ്യമായ ജീവനക്കാരില്ല; സെക്രട്ടറിമാരില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്. ആവശ്യമില്ലാത്ത ചിലയാളുകളെ അടിച്ചേൽപ്പിക്കുകയാണ്. അവരെയെല്ലാം സ്ഥലം മാറ്റുന്നത് ഒരു ക്രമംപോലെതന്നെ നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ പല തദ്ദേശഭരണ സ്ഥാപനങ്ങളും പൊട്ടിത്തെറിയുടെ വക്കിലാണ്. അക്കാര്യം ഈ സർക്കാർ പരിശോധിക്കുമോ; ഈ അവസാനത്തെ നിമിഷത്തിലെങ്കിലും അവർക്ക് പ്രവർത്തിക്കുന്നതിനുള്ള അന്തരീക്ഷം ഉണ്ടാക്കിക്കൊടുക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, അങ്ങ് പ്രതീക്ഷിക്കുംപോലെ ഒരു പൊട്ടിത്തെറിയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകില്ല. ജീവനക്കാരുടെ അഭാവം ഇന്നോ ഇന്നലെയോ തുടങ്ങിയ ഒരു കാര്യമല്ല. ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 179 പഞ്ചായത്തുകളിൽ സെക്രട്ടറിമാർ ഉണ്ടായിരുന്നില്ല എന്നുള്ളത് അങ്ങേയ്ക്കറിയാം. അതിപ്പോൾ കേവലം 20 പഞ്ചായത്തുകളിൽ മാത്രമായി ചുരുങ്ങിയെന്ന വിവരം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 600 തേർഡ് ഗ്രേഡ് ഓവർസിയർമാരെയാണ് ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ എഞ്ചിനീയർമാരെ പി.എസ്.സി. മുഖേന നിയമിച്ചുകൊണ്ടിരിക്കുകയാണ്. ഭരണതലത്തിൽ ഇത്യാദി കാര്യങ്ങൾ നിവർത്തിക്കുന്നതിനുവേണ്ടിയുള്ള പ്രായോഗികമായ ബുദ്ധിമുട്ടുകൾ അങ്ങേയ്ക്കറിയാമല്ലോ. ആ ബുദ്ധിമുട്ടുകളെ കഴിഞ്ഞ 20 മാസത്തിനുള്ളിൽ തരണം ചെയ്യാൻ സാധിച്ചുവെന്നുള്ള കൃതാർത്ഥതയോടെയാണ് അങ്ങയോട് ഈ ഉത്തരം ഞാൻ പറയുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ലോക്കൽ ബോഡീസിന്റെ ടാക്സ് റിവിഷൻ 5 വർഷത്തിലൊരിക്കലാണെന്നാണ് അങ്ങിവിടെ പറഞ്ഞത്. ധനകാര്യ കമ്മീഷന്റെ ശിപാർശയിന്മേൽ ഓരോ കൊല്ലവും കെട്ടിട നികുതി 5 ശതമാനം കൂട്ടണമെന്ന് പറഞ്ഞിട്ടുണ്ടെന്നാണ് ചോദ്യം *122 (സി)-യിൽ പറയുന്നത്. പക്ഷെ റിവൈസ് ചെയ്യുന്നത് 5 വർഷത്തിലൊരിക്കലാണ്. ഓരോ വർഷവും 5 ശതമാനം കൂട്ടുന്നത് പ്രായോഗികമല്ല. കെട്ടിടത്തിന്റെ കാലപ്പഴക്കം കൂടുന്തോറും നികുതിയും കൂടിക്കൊണ്ടിരിക്കും. അതുകൊണ്ട് ഓരോ കൊല്ലം എന്നുള്ള നിർദ്ദേശം മാറ്റി റിവൈസ് ചെയ്യുമ്പോൾ 5 കൊല്ലത്തിലൊരിക്കൽ എന്നാക്കാൻ നടപടി സ്വീകരിക്കാമോ; അതോടൊപ്പം ജി.എസ്.ടി. നടപ്പിലാക്കിയതുമൂലമുണ്ടായ എന്റർട്ടൈൻമെന്റ് ടാക്സിന്റെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ധനകാര്യ കമ്മീഷൻ വർഷാവർഷം 5 ശതമാനം പ്രോപ്പർട്ടി ടാക്സ് വർദ്ധിപ്പിക്കണമെന്നാണ് ശിപാർശ ചെയ്തിട്ടുള്ളത്. അക്കാര്യത്തിൽ എന്ത് വേണമെന്നുള്ളത് സംബന്ധിച്ച് സർക്കാർ ഇതുവരെയും നിലപാട് സ്വീകരിച്ചിട്ടില്ല. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ 5 വർഷത്തിലൊരിക്കൽ വർദ്ധിപ്പിക്കുന്നതാണോ ഓരോ വർഷവും 5 ശതമാനം വർദ്ധിപ്പിക്കുന്നതാണോ നല്ലത് എന്ന് പരിശോധിച്ച് തീരുമാനിക്കും. 5 ശതമാനം വച്ച് ഓരോ വർഷവും വർദ്ധിപ്പിക്കുകയാണെങ്കിൽ ഒരു ചെറിയ തുക മാത്രമായിരിക്കും ടാക്സിൽ വർദ്ധനവ് വരിക. ആളുകൾക്ക് അത് വേണ്ട വിധത്തിൽ affordable ആയിത്തന്നെ അനുഭവപ്പെടും. നേരെമറിച്ച്, 5 വർഷത്തിലൊരിക്കൽ 25 ശതമാനം വർദ്ധിപ്പിക്കുമ്പോൾ അവർക്ക് അതൊരു ഭാരമായി അനുഭവപ്പെടാനും സാദ്ധ്യതയുണ്ട്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സർക്കാർ സ്വീകരിക്കുന്നതാണ്. എന്റർട്ടൈൻമെന്റ് ടാക്സിന്റെ കാര്യം അങ്ങിവിടെ സൂചിപ്പിച്ചു. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ എന്റർട്ടൈന്റ്മെന്റ് ടാക്സ് മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന നികുതിയിൽ വലിയൊരു ശതമാനം കുറവ് വന്നിട്ടുണ്ട്. ഏതാണ്ട് 91.79 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കുറവ് വന്നിട്ടുള്ളത്. 82.22 കോടി രൂപ നഗരസഭകൾക്കും 9.57 കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്കുമാണ് കുറവ് വന്നിട്ടുള്ളത്. 2018-19-ലെ ബജറ്റിൽ ഈ കുറവ് നികത്തുന്നതിനുവേണ്ടി 133 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ പ്രശ്നം അതിലൂടെ പരിഹരിക്കാൻ കഴിയും.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങ് മറുപടി പറഞ്ഞപ്പോൾ പൊട്ടിത്തെറി ഉണ്ടാകില്ലെന്ന് ഉറപ്പുപറഞ്ഞെങ്കിലും കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ 90 ശതമാനവും വിങ്ങിപ്പൊട്ടിനിൽക്കുന്ന സ്ഥിതിയിലാണ്. തനതുഫണ്ടിന്റെ

അഭാവവും വളരെ ഗൗരവതരമാണ്. വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി, പരസ്യ നികുതി, പ്രദർശന നികുതി, സേവന ഉപനികുതി, കൂടാതെ കേന്ദ്ര സർക്കാരിന്റെ കെട്ടിടങ്ങൾക്കുവേണ്ടി ചുമത്താമെന്ന് ശിപാർശ ചെയ്തിരിക്കുന്ന നികുതിയടക്കമുള്ളവയിൽ 97 ശതമാനം കൃത്യമായി പിരിച്ചെടുത്താൽ പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയും നഗരസഭകൾക്ക് 10 ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് 12.5 ലക്ഷം രൂപയും നൽകുമെന്ന ശിപാർശയുണ്ട്. അതോടൊപ്പംതന്നെ നികുതി പിരിവിൽ കുറവുണ്ടായാൽ 5 ശതമാനം വീതം നഷ്ടപരിഹാരം നൽകുമെന്ന ശിപാർശയുമുണ്ട്. ഈ രണ്ട് കാര്യങ്ങളും സർക്കാർ തത്വത്തിൽ അംഗീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ശരിയായ വിധത്തിൽ നികുതി പിരിച്ചെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചാൽ അവരുടെ ചെലവുകൾ ഏകദേശം ഒത്തുപോകുമെന്നാണ് ഇതുവരെയുള്ള പ്രതീക്ഷിക്കുന്ന നികുതിയും ചെലവും താരതമ്യം ചെയ്യുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. ഏകദേശം 865 കോടി രൂപയാണ് ഗ്രാമപഞ്ചായത്തുകളിൽനിന്ന് നികുതിയായി പിരിഞ്ഞു കിട്ടേണ്ടത്. ഒരു വർഷം അവിടെ ഭരണച്ചെലവ് എന്നുള്ള നിലയിൽ വരുന്നത് ഏകദേശം 610 കോടി രൂപയാണ്. യഥാവിധി നികുതി പിരിച്ചെടുക്കാൻ സാധിച്ചാൽ ഭരണച്ചെലവുകൾ ഒത്തുപോകും. ദൗർഭാഗ്യവശാൽ കേരളത്തിലെ 35 ഗ്രാമ പഞ്ചായത്തുകൾക്കും ഭരണച്ചെലവ് നിവർത്തിക്കുന്നതിനുവേണ്ടി സർക്കാർ അങ്ങോട്ട് പണം കൊടുക്കുകയാണ്. ഓൺ ഫണ്ട് ഭരണച്ചെലവിന് തികയാത്ത 35 ഗ്രാമപഞ്ചായത്തുകൾക്ക് 3,34,86,542 രൂപയും 6 മുനിസിപ്പാലിറ്റികൾക്ക് 1,47,29,322 രൂപയും ഗ്യാപ്പ് ഫണ്ടായി സർക്കാർ നൽകിയിരിക്കുകയാണ്. യഥാവിധി നികുതി പിരിച്ചെടുക്കാൻ സാധിച്ചാൽ തീർച്ചയായും ഈ ചെലവുകൾ മീറ്റ് ചെയ്യാൻ കഴിയും. നികുതി കളക്ഷൻ ഇപ്പോൾ 64 ശതമാനമായിട്ടുണ്ട്. ഇപ്പോൾ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ള നികുതി കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. സാധാരണഗതിയിൽ മാർച്ച് മാസത്തിലെ അവസാനത്തെ ആഴ്ചയാണ് നികുതി കളക്ഷൻ നടക്കുക. 23 ദിവസം ഇനിയും ബാക്കിയുണ്ട്. ഏകദേശം 90 ശതമാനത്തിനപ്പുറത്തേയ്ക്ക് നികുതി പിരിച്ചെടുക്കാൻ കഴിയും. 100 ശതമാനത്തിൽ എത്തിക്കണമെന്നുള്ള ശക്തമായ തീരുമാനത്തിൽ തന്നെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒരു തരത്തിലുള്ള പൊട്ടിത്തെറിയും അങ്ങ് പ്രതീക്ഷിക്കേണ്ട. കാരണം, എക്സ്പെൻഡീച്ചറിന്റെ കാര്യത്തിലും നല്ല രീതിയിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. 23 ദിവസം ബാക്കി നിൽക്കെ ഗ്രാമപഞ്ചായത്തുകളിൽ 64.1 ശതമാനവും മുനിസിപ്പാലിറ്റികളിൽ 54.12

ശതമാനവും ബ്ലോക്ക് പഞ്ചായത്തുകളിൽ 60.48 ശതമാനവുമാണ് എക്സ്പെൻഡീച്ചർ. 23 ദിവസം ഇനിയും ബാക്കിയുണ്ട്. സാധാരണഗതിയിൽ 50-60 ശതമാനം എക്സ്പെൻഡീച്ചർ മാർച്ച് മാസത്തിലാണ് വരാറുള്ളത്. എന്നാൽ അതിനെയൊക്കെ മറികടക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പണികൾക്കും ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുണ്ട്. അതിനുശേഷം നിർമ്മാണ മേഖല വലിയ രീതിയിലുള്ള സ്തംഭനാവസ്ഥയിലാണ്. അത് പരിഹരിക്കുവാൻ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ സർക്കാർ നടത്തിയിട്ടുണ്ടോ? പല പഞ്ചായത്തുകളിലും വാട്ടർ ബില്ലിൽ ലക്ഷങ്ങളുടെയും കോടികളുടെയും കുടിശ്ശിക വരാറുണ്ട്. തനതുഫണ്ട് കുറവായ അത്തരത്തിലുള്ള പഞ്ചായത്തുകളെ സഹായിക്കുവാൻ ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ ആലോചനയിലുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ:</u> സർ, ജി.എസ്.ടി. ഏർപ്പെടുത്തിയതിനെത്തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ച ഒരു സ്ഥിതിവിശേഷമുണ്ടായിരുന്നു. കോൺട്രാക്ടർമാർ ചില അവ്യക്തതകൾ കാരണം കോൺട്രാക്ട് എടുക്കാൻ തയ്യാറാകാത്ത സ്ഥിതിയുണ്ടായിരുന്നു. അത്തരമൊരു സാഹചര്യത്തിൽ സർക്കാർ കോൺട്രാക്ടർമാരുടെ ഒരു യോഗം വിളിച്ച് അവരുടെ സംശയങ്ങൾ ദൂരീകരിക്കുകയുണ്ടായി. അതിനെത്തുടർന്ന് ഏകദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വർക്കുകൾ ടെണ്ടർ ചെയ്യുകയും ആ ടെണ്ടർ എടുക്കുന്നതിന് കോൺട്രാക്ടർമാർ തയ്യാറാകുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി.-യുടെ പ്രശ്നം അതോടെ അവസാനിച്ചെങ്കിൽപ്പോലും മെറ്റീരിയൽസിന്റെ അഭാവം നിർമ്മാണ മേഖലയെ പൊതുവിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അത് തദ്ദേശഭരണ സ്ഥാപനങ്ങളെയും ബാധിച്ചിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഓൺ ഫണ്ട് തികയാത്ത പഞ്ചായത്തുകൾക്ക് ഭരണച്ചെലവിനായി സർക്കാർ ഗ്യാപ് ഫണ്ട് നൽകുന്നുണ്ട്. പക്ഷെ, ഓരോ തദ്ദേശഭരണ സ്ഥാപനത്തെയും അവയുടെ ഭരണച്ചെലവ് മീറ്റ് ചെയ്യാൻതക്ക രൂപത്തിലേയ്ക്ക് സ്വയംപര്യാപ്തമാക്കുകയെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അതിന് എന്തൊക്കെ വഴികളാണ് സ്വീകരിക്കേണ്ടതെന്ന് സർക്കാർ ആലോചിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കും.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, വളരെക്കാലത്തെ ഇടവേളയ്ക്ക് ശേഷമാണ് 5 വർഷം മുമ്പ് വസ്തു നികുതി പുതുക്കാൻ തീരുമാനിച്ചത്. മുമ്പ് വാർഷിക വാടകമൂല്യം (Annual Rented Value) കണക്കാക്കി ചുമത്തിയിരുന്ന നികുതി കെട്ടിട വിസ്തൃതിയും റോഡുകളും മറ്റ് സൗകര്യങ്ങളും കണക്കാക്കി പുതുക്കിയപ്പോൾ

ധാരാളം അപാകതകൾ വന്നിരുന്നു. കഴിഞ്ഞ 5 വർഷത്തിനിടയിൽ ആ അപാകതകൾ പരിഹരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. എ.ആർ.വി. പ്രകാരം നികുതി ചുമത്തിയ പഴയ കെട്ടിടത്തിനടുത്ത് പണിത പുതിയ അതേ വലിപ്പമുള്ള കെട്ടിടത്തിന് പഴയതിന്റെ നാലിലൊന്ന് നികുതി മാത്രമേ പുതിയ രീതിയിൽ വരുന്നുള്ളൂ. അപാകതകൾ പരിഹരിക്കാൻ ഇപ്പോൾ പ്യൂരിഫിക്കേഷൻ പ്രോസസ് ആരംഭിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പഞ്ചായത്തുകളൊക്കെ സാമ്പത്തിക വർഷാവസാനത്തിന്റെ തിരക്കിലാണ്. അതുകൊണ്ട് ഈ പ്യൂരിഫിക്കേഷൻ പ്രോസസിന് കുറച്ചുകൂടി സമയം നീട്ടിക്കൊടുത്തുകൂടേ?

ഡോ. കെ. ടി. ജലീൽ: സർ, കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നികുതി പിരിച്ചെടുക്കാൻ നമുക്ക് കഴിയാറില്ല. അതാണ് തദ്ദേശഭരണ സ്ഥാപനങ്ങളെ എപ്പോഴും പ്രയാസപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. 1993-ലാണ് ഒരു ടാക്സ് റിവിഷൻ സംസ്ഥാനത്ത് നടന്നത്. 2011-ൽ ടാക്സ് അസസ് ചെയ്യുന്ന രീതിയിലും മാറ്റം വരുത്തി. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ Annual Rented Value-ൽ നിന്ന് പ്ലിന്ത് ഏരിയയിലേയ്ക്ക് നികുതി നിശ്ചയിക്കുന്ന മാനദണ്ഡം മാറി. 2013-ൽ ടാക്സ് റിവിഷനിൽ ഒരു ഭേദഗതി വരുത്തി. അത് നടപ്പിലാക്കാതെതന്നെ 2015-ൽ വീണ്ടും ടാക്സ് റിവിഷൻ നടത്തി. എന്നാൽ പല കാരണങ്ങൾകൊണ്ട് അതും നമുക്ക് യഥാവിധി പ്രയോഗവൽക്കരിക്കുവാൻ സാധിച്ചിട്ടില്ല. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ നികുതി നിശ്ചയിച്ചതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് തീവ്രമായ പരിശ്രമം നടത്തിവരികയാണ്. ഉടൻതന്നെ അതിനൊരു തീർപ്പുണ്ടാക്കി എല്ലാവർക്കും അനുയോജ്യമാകുംവിധം നടപ്പിലാക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ സമയപരിധി നീട്ടിക്കൊടുക്കണമോയെന്നത് അതിന്റെ പ്രവർത്തനം എത്രയായെന്ന് നോക്കിയതിനുശേഷം സർക്കാർ തീരുമാനിക്കും.

ശ്രീ. സി. മമ്മൂട്ടിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട കെ. ടി. ജലീലിനെപ്പോലുള്ള ഒരു മന്ത്രിയുടെ ചെറുപ്പവും കഴിവും പ്രാപ്തിയും ചടുലതയുമൊന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭരണത്തിൽ കാണാനില്ല. കാരണം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ വെട്ടിച്ചുരുക്കുന്ന തരത്തിലും സർക്കാരിന്റെ ഇടപെടലുകൾ വർദ്ധിപ്പിക്കുന്ന തരത്തിലുമാണ് കാര്യങ്ങൾ പോയിക്കൊണ്ടിരിക്കുന്നത്. അതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങളെന്ന് പറയുമ്പോൾ അതിനകത്ത് ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും ഉൾപ്പെടുമല്ലോ;ആ രണ്ട് പഞ്ചായത്തുകൾക്കും സാമ്പത്തികാധികാരം നൽകാനുള്ള ഒരു നടപടിയും കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ സ്വീകരിച്ചിട്ടുമില്ല; അങ്ങനെയൊരു ഉദ്ദേശ്യമുള്ളതായി കാണുന്നുമില്ല. അതുകൊണ്ട്

വെറും ഗ്രാന്റുകൊണ്ടും എയ്ഡ്കൊണ്ടും പ്രവർത്തിക്കുന്ന ആ രണ്ട് സ്ഥാപനങ്ങൾക്കും സാമ്പത്തിക അധികാരം നൽകുന്നതുസംബന്ധിച്ച് മൗലികമായ നിയമങ്ങളോ ഭേദഗതികളോ ഉണ്ടാക്കാൻ ഈ ഗവൺമെന്റ് ആലോചിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ആ രണ്ട് പഞ്ചായത്തുകൾക്കും ഓൺ ഫണ്ട് ഇല്ലെന്നുള്ളതാണല്ലോ യാഥാർത്ഥ്യം. ഓൺ ഫണ്ട് ഉണ്ടാകുമ്പോഴാണല്ലോ അവർക്ക് സ്വന്തമായി ഫിനാൻഷ്യൽ പവറുണ്ടാകുക. ആ രണ്ട് സംവിധാനങ്ങളും പ്രവർത്തിക്കുന്നത് പ്ലാൻ ഫണ്ട് ഉപയോഗിച്ചുകൊണ്ടുതന്നെയാണ്. നിലവിൽ അത്തരത്തിലുള്ള ഒരു കാര്യത്തിന് മുതിരുന്നതിൽ ബുദ്ധിമുട്ടുണ്ട്. കാരണം, ഭരണഘടനയുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടല്ലേ നമുക്ക് കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. 2015-16 വർഷത്തിൽ നമ്മുടെ സംസ്ഥാനത്ത് ആകെ 45.18 ശതമാനം നികുതി മാത്രമാണ് പിരിച്ചെടുക്കാൻ കഴിഞ്ഞത്. 23 ദിവസം ബാക്കി നിൽക്കെ ഈ വർഷം 64 ശതമാനം നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അപ്പോൾ ചടുലതയും കാര്യശേഷിയുമൊക്കെ ഈ മേഖലയിൽ പ്രകടമാണെന്നുള്ളതിന്റെ ഒരു ചെറിയ ഉദാഹരണമായി ഞാനിത് ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയുമൊക്കെ പ്രോജക്ട് റിപ്പോർട്ടുകൾ വളരെ നേരത്തെതന്നെ വാങ്ങി അംഗീകാരം നൽകിയാണ് ഓരോ മേഖലയിലും ചെലവഴിക്കുന്നതിനുള്ള പ്ലാൻ ഫണ്ട് കൊടുക്കുന്നത്. അതേയവസരത്തിൽ ഓൺ ഫണ്ടിന്റെ കാര്യത്തിൽ ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ ആവശ്യത്തിനുള്ള തുക തികയുന്നില്ല. പിരിച്ചെടുക്കാത്ത പല നികുതികളുമുണ്ട്. പരസ്യ നികുതി പിരിക്കുന്ന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വളരെ പിന്നിലാണ്. ധാരാളം സ്കോപ്പുള്ള ഒരു മേഖലയാണത്. അത് വേണ്ട രീതിയിൽ ചൂഷണം ചെയ്യുന്നില്ല. തനതുഫണ്ട് കുറവായതുകൊണ്ടുതന്നെ സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ, ഏറ്റവും അവസാനം കൊട്ടിഘോഷിച്ചുകൊണ്ടുവന്ന പി.എം.എ.വൈ. ഭവനനിർമ്മാണ പദ്ധതി 3 ലക്ഷം രൂപയാക്കിയെന്നൊക്കെ പറഞ്ഞുവന്നിട്ട് ഇപ്പോൾ അത് 4 ലക്ഷം രൂപയാക്കാൻ പോകുകയാണ്, അതിന്റെ അധികഭാരം വരുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തലയിലാണ്. അത് വാസ്തവത്തിൽ ശരിയാണോ? സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതിക്ക് സർക്കാർ പണം കൊടുക്കുകയെന്നുള്ളതല്ലാതെ അതുംകൂടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്ന സമീപനം ഒഴിവാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, വികസനത്തെ സംബന്ധിച്ച് അങ്ങേയ്ക്കുള്ള കാഴ്ചപ്പാടിന്റെ പരിമിതിയാണ് അതെന്ന് ഞാൻ മനസ്സിലാക്കുന്നു. നാട്ടിലെ മുഴുവൻ ആളുകൾക്കും വീട് വച്ചുകൊടുക്കുക എന്നുള്ളത് ഒരു ഭരണസംവിധാനത്തെ സംബന്ധിച്ചിടത്തോളം അധികഭാരമോ ചുമടോ ആയി അങ്ങ് കാണേണ്ടതില്ല. അത് നാട്ടിലെ വികസന പ്രവർത്തനത്തിന്റെ ഒരു അവിഭാജ്യ ഘടകമായിത്തന്നെ കണ്ടാൽ മതി. സംസ്ഥാന സർക്കാർ രൂപവൽക്കരിക്കുന്ന പദ്ധതികൾ എന്നുപറഞ്ഞാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുംവിധമുള്ള പദ്ധതികളാണ്. സംസ്ഥാന സർക്കാർ എന്നുപറയുന്നതു പോലെ തന്നെയാണ് തദ്ദേശഭരണ സ്ഥാപന സർക്കാർ എന്ന് പറയുന്നതും.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വികസന പ്രവർത്തനങ്ങൾ വേണ്ടെന്ന അർത്ഥത്തിൽ ഞാനൊന്നും പറഞ്ഞിട്ടില്ല. പി.എം.എ.വൈ.യുടെ അധികഭാരം തദ്ദേശഭരണ സ്ഥാപനങ്ങളാണ് വഹിക്കേണ്ടിവരുന്നതെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ചോദ്യോത്തര വേളയിൽ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കില്ല. ചോദ്യോത്തരവേള അംഗങ്ങൾ കൈകാര്യം ചെയ്യുന്ന രീതി ശരിയല്ല.

ഡോ. കെ. ടി. ജലീൽ: സർ, ഇതുവരെ സംസ്ഥാന സർക്കാർ തുടങ്ങിവച്ച പദ്ധതികൾ നടപ്പിലാക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾ തന്നെയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ലോണെടുത്താണ് ഇതിനുമുമ്പ് മറ്റ് ഭവന പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ അധിവസിക്കുന്ന ആളുകൾക്കാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ വീട് നൽകുന്നത്. വീട് നൽകുക എന്നത് ഒരിക്കലുമൊരു അധികഭാരമായി സർക്കാരിനോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ വരുന്നതായി കാണേണ്ടതില്ല. അത് അങ്ങയുടെ വികസന കാഴ്ചപ്പാടിലുള്ള ഒരു പരിമിതിയായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്.

മി. സ്പീക്കർ: ഫ്ലോറിൽ വന്ന ചോദ്യത്തെ സംബന്ധിച്ച് ഒരു ഉപചോദ്യം ചോദിക്കലാണ് ഉപചോദ്യങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഉപചോദ്യം ചോദിക്കാൻ അവസരം ലഭിച്ചാൽ ദീർഘമായി പ്രസംഗിക്കുകയാണ്. അപ്പോൾ ആ പ്രസംഗത്തിന്റെ മറുപടിയും പ്രസംഗമായി വരും. ഇത് എല്ലാവരും ഒഴിവാക്കണം. ഉപചോദ്യവും അതിനുള്ള ഉത്തരവും ചെറുതാക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം ഒരു ചോദ്യം ചോദിച്ചാൽ അതിന് ദുഃസൂചനയോടുകൂടി മന്ത്രി മറുപടി പറയുന്നത് ശരിയാണോ; വ്യക്തിപരമായി അദ്ദേഹത്തെ ആക്ഷേപിക്കുന്നത് ശരിയാണോ?

മി. സ്പീക്കർ: ദുഃസൂചനകൾ ആരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. ചടുലതയും ശക്തിയും ആരോഗ്യവുമൊന്നും ഇവിടെ ചർച്ച ചെയ്യേണ്ട കാര്യമില്ല. ഇവിടെ ചോദ്യത്തിന്റെ ഉപചോദ്യം ചോദിച്ചാൽ മതി. ദുഃസൂചനകൾ ഉണ്ടാകാൻ പാടില്ല. (...ബഹളം...)

ശ്രീ. എൻ. ഷംസുദ്ദീൻ: ശ്രീ. കെ. എൻ. എ. ഖാദർ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ് ചെയ്തത്.

ശ്രീ. പി. ബി. അബ്ദുൾ റസ്സാക്കിനുവേണ്ടി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജി.എസ്.ടി. വന്നതുമൂലം വിനോദ നികുതിയും പരസ്യ നികുതിയും പഞ്ചായത്തുകൾക്ക് പ്രയോഗവൽക്കരിക്കാൻ കഴിയാതെയായി. അത് ധനകാര്യ വകുപ്പ് അടവാക്കി കൊടുക്കുന്നു. അതിന്റെ ഒരു വിഹിതം പഞ്ചായത്തിന് ലഭിക്കാൻ ആവശ്യമായ നടപടി ഉണ്ടാകുമോ; അതോടൊപ്പം പഞ്ചായത്തുകളിൽ തനത് നികുതി പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥർക്കുണ്ടാകുന്ന പ്രയാസം അങ്ങിവിടെ സൂചിപ്പിച്ചു. പഞ്ചായത്തുകളിൽ വീടിനും കെട്ടിടങ്ങൾക്കും നമ്പറിട്ട് കൊടുക്കുന്നതിനുമുൻപ് റവന്യൂ ടാക്സ് അടച്ചിരിക്കണം എന്നൊരു നിബന്ധനയുണ്ട്. അതുപോലെ അത്തരം ഏതെങ്കിലും നിബന്ധനകൾ വച്ചുകൊണ്ട് പഞ്ചായത്തിലെ തനത് ഫണ്ട് ഏറ്റവും എളുപ്പം പിരിച്ചെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഈ രംഗത്ത് നിലവിലുള്ള പ്രായോഗികമായ ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് കണ്ടെത്തി അവ പൂർണ്ണമായും മാറ്റി നികുതി പിരിച്ചെടുക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളതും നികുതി പിരിച്ചെടുത്തു കൊണ്ടിരിക്കുന്നതും. ഇവിടെ സൂചിപ്പിച്ചതുപോലെ ബഹുമാന്യനായ പി. കെ അബ്ദു റബ്ബിനെതിരെ ഞാൻ ഒരിക്കലും മോശമായി ഒന്നും പറയാൻ ഉദ്ദേശിച്ചിട്ടില്ല. ശ്രീ. കെ. എൻ. എ. ഖാദറും എന്നെ മോശമായി ഒന്നും പറയാൻ ഉപയോഗിച്ചിട്ടില്ല. അദ്ദേഹം അദ്ദേഹത്തിന്റെ ശൈലിയിൽ കാര്യങ്ങൾ പറഞ്ഞുവെന്നുമാത്രം. ആ ഗുഡ് സ്പിരിറ്റിൽ എന്റെ പ്രസ്താവനയും കാണണം എന്നാണ് അങ്ങയോട് എനിക്ക് പറയുവാനുള്ളത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇന്ന് വളരെ നല്ല രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. എന്റെ നിയോജകമണ്ഡലമായ താനൂരിലെ പല പഞ്ചായത്തുകളും വരുമാനമില്ലാത്ത അവസ്ഥയിലായിരുന്നു. ഇന്ന് നികുതി പിരിവിൽ കേരളത്തിൽത്തന്നെ ഏറ്റവും നല്ല പഞ്ചായത്തുകളായി അവയിൽ പലതും മാറിയിട്ടുണ്ട്. അതോടൊപ്പം ഇനിയും പതിനെട്ടോളം ഇനങ്ങളിൽ അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വരുമാനം കണ്ടെത്താനുള്ള സോഴ്സുകളുണ്ട്. പരസ്യ നികുതി, ഹോർഡിംഗ്സ് അടക്കമുള്ള പതിനെട്ടോളം മേഖലകളുണ്ട്. ഈ മേഖലകളിൽ ശക്തമായ സാന്നിദ്ധ്യം ഉണ്ടായിക്കഴിഞ്ഞാൽ ഇനിയും വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. അത്തരത്തിലുള്ള എന്തെങ്കിലും ആലോചനകൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, പുതിയ നികുതി വരുമാന മാർഗ്ഗങ്ങൾ എന്ത് കണ്ടെത്തിയാലും എത്ര കണ്ടെത്തിയാലും അതൊക്കെ നമുക്ക് നഷ്ടപ്പെടുന്ന ഒരു സ്ഥിതിയുണ്ടാകും. പക്ഷെ വേറൊന്നുണ്ട്, കൂടുതലായി നികുതി ജി.എസ്.ടി.യിൽ പിരിച്ചെടുക്കുമ്പോൾ അതിനനുസൃതമായിട്ടുള്ള തിരിച്ചുവരവും ഉണ്ടാകും. അപ്പോൾ തത്വത്തിൽ നികുതി വർദ്ധിപ്പിക്കുമ്പോൾ അതിന്റെ ഗുണം ജി.എസ്.ടി.യുടെ തിരിച്ചുവരവിലൂടെ, നമ്മുടെ വിഹിതത്തിന്റെ തിരിച്ചുവരവിലൂടെ നമുക്ക് ലഭിക്കും.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അധികാരം ജനങ്ങളിലേയ്ക്ക് എന്ന് പറയുന്നുണ്ടെങ്കിലും അധികാര കേന്ദ്രീകരണമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടക്കുന്നത്. പ്ലാൻ ഫണ്ടിന്റെ 55 ശതമാനം എങ്ങനെ നൽകണമെന്ന് ഇവിടെനിന്ന് നിർദ്ദേശിക്കുകയാണ്. ബാക്കി 45 ശതമാനമാണ് അവർക്കുള്ളത്.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ, ദയവായി ചോദ്യം ചോദിക്കൂ.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ജി.എസ്.ടി.യെ സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചു. സിനിമാ നികുതി ആയിരുന്നു ആകെ ഓൺ ഫണ്ട് ഉണ്ടായിരുന്നത്. അതിപ്പോൾ തിരിച്ചുവരവില്ലാത്ത അവസ്ഥയിലാണ്. എല്ലാംകൊണ്ടും അങ്ങ് പറയുന്ന പൊട്ടിത്തെറി ഇല്ലെങ്കിലും ഭരണപ്രതിപക്ഷ ഭേദമെന്യേ എല്ലാ പഞ്ചായത്തുകളിലും അസംതൃപ്തിയും അസന്തുഷ്ടിയുമാണ് എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. അവർക്ക് അധികാരമുണ്ട് എന്നുപറയുകയും എന്നാൽ പഞ്ചായത്ത് അംഗങ്ങൾക്ക് ഭരിക്കാനോ അവരുടെ വികസന പ്രവർത്തനങ്ങൾ നടത്തുവാനോ ഉള്ള ഒരു സാഹചര്യം നൽകാത്ത രീതിയിലുമാണ് കാര്യങ്ങൾ പോകുന്നത്. അധികാര വികേന്ദ്രീകരണം എന്നത് വാക്കിൽ മാത്രമാണ്. റവന്യൂ വകുപ്പ് ഇപ്പോൾ ഈടാക്കി വരുന്ന കെട്ടിട നികുതി പ്രാദേശിക സർക്കാരുകളെ

ഏൽപ്പിക്കണമെന്നുള്ള ഒരു പ്രധാനപ്പെട്ട നിർദ്ദേശം ധനകാര്യ കമ്മീഷൻ വച്ചിരിക്കുകയാണ്. പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി ചെയ്തുകൊണ്ട് നടപ്പാക്കണം എന്നാണ് പറയുന്നത്. അത് നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, അധികാര വികേന്ദ്രീകരണത്തിനാണ് ഈ സർക്കാർ ശ്രമിക്കുന്നത്; ഒരിക്കലും അധികാര കേന്ദ്രീകരണത്തിനല്ല. ഇന്ത്യയിൽ ഏറ്റവുമധികം അധികാരം വികേന്ദ്രീകരിച്ച് കൊടുത്തിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. 28 ഇനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളത്. അതിൽ പൊതുവിതരണം ഒഴികെ ബാക്കി 27 എണ്ണവും വികേന്ദ്രീകരിച്ചുകൊടുത്തു. അവർക്ക് പവർ നൽകുകയുണ്ടായി. മുനിസിപ്പാലിറ്റികളിൽ 17 ഇനങ്ങളാണ് വികേന്ദ്രീകരിച്ച് നൽകിയത്. അതിൽ ഫയർ ആൻഡ് സേഫ്റ്റിയുടെ ഉത്തരവാദിത്വം മാത്രമാണ് നമ്മൾ നൽകാതിരുന്നത്. ബാക്കി 16 എണ്ണവും നൽകുകയുണ്ടായി. ഇന്ത്യയിൽ ഏറ്റവുമധികം അധികാരം പ്രായോഗികമായി വികേന്ദ്രീകരിച്ച് നൽകിയത് കേരളത്തിലാണ്. കേരളത്തിൽ നമ്മൾ ചെയ്യുന്നുവെന്ന് അങ്ങിപ്പോൾ പറയുന്ന പ്രയാസം, പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി ചില മാർഗ്ഗരേഖകൾ സംസ്ഥാന സർക്കാർ നൽകുന്നു എന്നുള്ളതാണ്. അത് യഥാർത്ഥത്തിൽ അവരുടെ ഉന്നമനം ലക്ഷ്യംവച്ചു കൊണ്ടാണ്. നമ്മുടെ സമൂഹത്തിലെ ഒരു വിഭാഗവും പിന്തള്ളപ്പെട്ട് പോകരുത്. ഒരു വിഭാഗത്തിനും പ്ലാൻ ഫണ്ടിന്റെ വിനിയോഗം നടക്കുമ്പോൾ അതിൽ അനീതിയോ അന്യായമോ ഉണ്ടാകാൻ പാടില്ല. ഈ സർക്കാർ മാത്രമല്ല അങ്ങനെ ചെയ്യുന്നത്. ഏത് സംസ്ഥാന സർക്കാരുകളായാലും അങ്ങനെ ചെയ്യുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സമുദ്ധാരണം ലക്ഷ്യം വച്ചുകൊണ്ടാണ്. അതിനെ ഒരിക്കലും ഒരു കടമ്പയോ പ്രയാസമോ എന്നുള്ള നിലയിൽ അങ്ങ് ചിത്രീകരിക്കരുത്. അങ്ങിവിടെ പറഞ്ഞ കാര്യം തീർച്ചയായും പരിഗണിക്കാവുന്നതാണ്. നമ്മുടെ ചട്ടങ്ങൾ ഭേദഗതി ചെയ്ത്, നിയമംതന്നെ ഭേദഗതി ചെയ്യണമെന്നുണ്ടെങ്കിൽ അങ്ങനെ ചെയ്ത്, ആ കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുക എന്ന് സർക്കാർ ആലോചിക്കും.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഭവന നിർമ്മാണ പദ്ധതികളുടെ തുക വർദ്ധിപ്പിച്ചിരുന്നു. അത് എല്ലാ വകുപ്പുകളും മാറിമാറി വളരെ വാശിപൂർവ്വം ഈ നിയമസഭയിൽ പ്രഖ്യാപിക്കുകയും അങ്ങും ഞാനുമൊക്കെ അന്ന് പ്രതിപക്ഷത്തിരുന്ന് കയ്യടിക്കുകയും ചെയ്തതാണ്. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന

ഡോ. എം. കെ. മുനീർ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെയും പഞ്ചായത്തിന്റെയും ജനറൽ വിഭാഗത്തിൽപ്പെട്ടവരുടെയും തുകകൾ വർദ്ധിപ്പിച്ചു കൊടുത്തു. എന്നാൽ ആ വർദ്ധിപ്പിച്ച തുക ലഭിക്കുന്നതിനുവേണ്ടി ആളുകൾ ഇപ്പോഴും ഗ്രാമപഞ്ചായത്ത് ഓഫീസുകൾ കയറിയിറങ്ങുകയാണ്. മൂന്നുനാല് വർഷമായിട്ടും ഇപ്പോഴും അത് കൊടുത്തുതീർക്കാൻ സാധിച്ചിട്ടില്ല. എത്ര രൂപയാണ് ഭവന നിർമ്മാണത്തിന് കൊടുക്കേണ്ടത് എന്നത് സർക്കാരാണ് പ്രഖ്യാപിക്കേണ്ടത്. അത് കഴിഞ്ഞ സർക്കാരിന് സംഭവിച്ച ഒരു പിശകാണ്. അത് തിരുത്താൻ ലൈഫ് പദ്ധതിയിൽ ഇപ്പോൾ വലിയ ശ്രമം നടത്തുന്നുണ്ട്. അതിന് അങ്ങയെ അഭിനന്ദിക്കുന്നു. ഈ തുക കൊടുത്തു തീർക്കുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഡോ. കെ .ടി. ജലീൽ: സർ, ഇക്കാലമത്രയും ഉണ്ടായിരുന്ന ഒരു ഡിസ്പാരിറ്റി എന്നുപറയുന്നത് പല വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതിയുടെ പണവും തദ്ദേശഭരണ സ്ഥാപനങ്ങൾ അതേ പദ്ധതിക്കുവേണ്ടി വിനിയോഗിക്കുന്ന പണവും തമ്മിലുള്ള വ്യത്യാസമാണ്. അതുകൊണ്ട് പല തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾ പ്രാവർത്തികമാകാതെ പോകുന്ന സ്ഥിതിയുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബന്ധപ്പെട്ട വകുപ്പുകൾ എത്രയാണോ സബ്സിഡി കൊടുക്കുന്നത് അല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പുകൾ ഒരു ഭവന പദ്ധതിക്കായി എത്രയാണോ സഹായം നൽകുന്നത്, സമാനമായിട്ടുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നീക്കിവയ്ക്കാൻ തത്വത്തിൽ തീരുമാനം എടുക്കുകയുണ്ടായി. അതോടുകൂടി എല്ലാ പദ്ധതികളും, വകുപ്പുകൾ നടത്തുന്ന പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന പദ്ധതികളും ഒരുപോലെ പ്രയോഗവൽക്കരിക്കപ്പെടുന്ന സാഹചര്യം ഒരുങ്ങിവരികയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. ലൈഫ് പദ്ധതിയുടെ ഭാഗമായി അവർക്ക് 4 ലക്ഷം രൂപയുടെ യൂണിറ്റ് കോസ്റ്റ് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്; അതിനനുസൃതമായി നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സാമ്പത്തിക വർഷം അവസാനിക്കാനിരിക്കുന്ന ഈ സാഹചര്യത്തിൽ പദ്ധതികളുടെ നിർവ്വഹണ ചുമതല എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരിൽ മാത്രമാക്കി നിജപ്പെടുത്തിക്കൊണ്ട് ഒരു സർക്കുലർ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വന്നതായി അറിയുന്നു. നേരത്തെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ

മുകളിലോട്ടുള്ളവർക്ക് നിർവ്വഹണ ചുമതല ഉണ്ടായിരുന്ന പ്രവൃത്തികൾ ഇപ്പോൾ ഇ.ഇ., എസ്.ഇ., എന്നിവരിലേയ്ക്ക് ചുരുക്കിയതുമൂലം നേരത്തെ ഒരാൾ 50 മുതൽ 60 വരെ പ്രവൃത്തികൾ നിയന്ത്രിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 300 മുതൽ 400 വരെയായി ഉയർന്നിരിക്കുകയാണ്. ഇത് നിർവ്വഹണത്തെ സാരമായി ബാധിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളെ പിന്നോട്ടടിക്കുകയും ചെയ്യുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, നേരത്തെ അങ്ങനെയൊരു തീരുമാനമെടുത്തിരുന്നു. പക്ഷെ പ്രായോഗികമായി എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ ആ കാര്യത്തിൽ ഒരു പുനഃപരിശോധന നടത്തുന്നതിൽ സർക്കാരിന് യാതൊരു വൈമുഖ്യവും ഉണ്ടാകില്ല.

ശ്രീമതി വീണാ ജോർജ്ജ്: സർ, നിലവിൽ കെട്ടിടനികുതി നിർണ്ണയിക്കുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് തീവ്രമായി ശ്രമിക്കുമെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ സമയബന്ധിതമായി ഇത് പൂർത്തിയാക്കുമോ; അങ്ങനെയാണെങ്കിൽ പുതിയ കെട്ടിടനികുതി എന്നത്തേയ്ക്ക് പ്രതീക്ഷിക്കാം. ഒപ്പം 3000 സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള വീടുകളുടെ അധിക നികുതി, പണിപൂർത്തിയാക്കിയാലാണ് നികുതി അടയ്ക്കേണ്ടി വരിക, പണി പൂർത്തിയാക്കാതെയും മറ്റും നികുതിയിൽനിന്ന് ഒഴിവാക്കി നിർത്തപ്പെടുന്ന സാഹചര്യമുണ്ട്. ഇത് പരിഹരിക്കുന്നതിന് ഒരു വൺടൈം സെറ്റിൽമെന്റ് സർക്കാർ ആലോചിക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായിട്ടും അത് നല്ല നിർദ്ദേശമാണ്. ആ കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഡോ. തോമസ് ഐസക് മുൻകയ്യെടുത്ത് നടപ്പിലാക്കിയ ജനകീയാസൂത്രണത്തിന് കുറെ വയസ്സുണ്ട്; കുറെയധികം മാറ്റങ്ങൾ ഇതിൽ വരുത്തേണ്ടതായിട്ടുണ്ട്. ഇതിന് സർക്കാർ മുൻകയ്യെടുക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, 19-20 വയസ്സെന്ന് പറഞ്ഞാൽ ഏറ്റവും പീക്കായിട്ടുള്ള വയസ്സാണ്. 60-70 ആണ് വയസ്സാകുന്നത്. ഇത് ജനകീയാസൂത്രണത്തിന്റെ യൗവനമാണ്. യൗവനത്തിന്റെ ചില ദൗർബല്യങ്ങൾ, ആ ദൗർബല്യങ്ങളെ മറികടക്കാൻ എന്തൊക്കെയാണ് വേണ്ടതെന്നുവച്ചാൽ അത് ഏർപ്പെടുത്തിയതിനുശേഷമാണ് ജനകീയാസൂത്രണത്തിന്റെ രണ്ടാം വരവിന്റെ പ്രഖ്യാപനം ഗവൺമെന്റ് നടത്തിയത്. ആ നിലയിലാണ് ഇപ്പോൾ കാര്യങ്ങൾ മുന്നോട്ടുപോകുന്നത്.

## പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി

4 (*123 ) ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കെ.എസ്.ആർ.ടി.സി. നേരിടുന്ന രൂക്ഷമായ പ്രതിസന്ധി പരിഹരിക്കുന്നതിന് സമഗ്ര രക്ഷാ പാക്കേജ് ഏർപ്പെടുത്തിയിട്ടുണ്ടോ; അതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിലും കെ.യു.ആർ.ടി.സി.-യിലും നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) കെ.എസ്.ആർ.ടി.സി. നേരിടുന്ന കനത്ത സാമ്പത്തിക ബാദ്ധ്യത പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ വിഘാതമായി നിൽക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) പൊതുഗതാഗതം സുഗമമാക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. 5000-ലധികം സർവ്വീസുകൾ നടത്തിവരുന്നു. ദീർഘദൂര യാത്രക്കാരെ ആകർഷിക്കുന്നതിനായി പുഷ്ബാക്ക് സീറ്റുകളോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കാവുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ എന്നപേരിൽ പുതിയ സർവ്വീസുകളും നടത്തിവരുന്നു. അന്തർ സംസ്ഥാന യാത്രക്കാർക്കായി അന്തർ സംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തിവരുന്നു. ഇക്കാര്യത്തിൽ തമിഴ്നാട് സർക്കാരുമായി പുതിയ കരാർ ഒപ്പുവച്ചിട്ടുണ്ട്. നിലവിലുള്ള അന്തർസംസ്ഥാന സർവ്വീസുകൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 688 ബസുകൾ കോർപ്പറേഷൻ പുതിയതായി നിരത്തിലിറക്കിയിട്ടുണ്ട്.

സർവ്വീസ് ലാഭകരമാക്കുന്ന വിധത്തിലും യാത്രക്കാർക്ക് കൂടുതൽ പ്രയോജനപ്പെടുന്ന വിധത്തിലും സർവ്വീസ് പുനഃക്രമീകരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി 900 പുതിയ ബസുകൾ വാങ്ങാനുള്ള നടപടികൾ പുരോഗമിക്കുന്നു. കെ.യു.ആർ.ടി.സി. 719 സർവ്വീസുകൾ നടത്തിവരുന്നുണ്ട്. കൂടാതെ പ്രൈവറ്റ് മേഖലയിൽ 13000-ലധികം സർവ്വീസുകളും നടത്തിവരുന്നുണ്ട്.

കേരളാ വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ 55 സർവ്വീസുകൾ നടത്തിവരുന്നു. റോഡ് മാർഗ്ഗമുള്ള യാത്രാദൂരത്തെക്കാൾ കുറഞ്ഞ ദൂരത്തിലും സമയത്തിലും വൈറ്റില-കാക്കനാട്, ആലപ്പുഴ-കോട്ടയം-കുമരകം, വൈക്കം-എറണാകുളം എന്നീ റൂട്ടുകളിൽ ബോട്ട് സർവ്വീസ് നടത്തുന്നുണ്ട്. കൂടുതൽ സോളാർ ബോട്ടുകൾ വാങ്ങാൻ നടപടി സ്വീകരിച്ചുവരുന്നു.

പരിസ്ഥിതി സൗഹൃദമായ ഇ-ഓട്ടോകൾക്ക് പെർമിറ്റ് നൽകാൻ ആരംഭിച്ചിട്ടുണ്ട്. ആയത് പ്രോൽസാഹിപ്പിക്കുന്നതിന് ഇ-ഓട്ടോകളുടെ വാർഷിക നികുതി 450 രൂപയായി കുറയ്ക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ഓട്ടോറിക്ഷകളുടെ/ടാക്സികളുടെ പെർമിറ്റ് കൂടുതലായി അനുവദിക്കുന്ന കാര്യം ആലോചിക്കുന്നു.

പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മെട്രോ റെയിൽ സംവിധാനവും നിലവിലുണ്ട്. മെട്രോയുമായി ബന്ധിപ്പിച്ചുകൊണ്ട് point-to-point ആയി സ്പെഷ്യൽ ഓട്ടോ സർവ്വീസ് നടത്തിവരുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിനായി അതിന്റെ പ്രശ്നങ്ങൾ പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ട. പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. 3350 കോടി രൂപയുടെ കൺസോർഷ്യം വായ്പ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാമ്പത്തിക പുനഃക്രമീകരണം നടപ്പിലായാൽ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ തിരിച്ചടവിനത്തിൽ 60 കോടി രൂപ ലാഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പെൻഷൻ കുടിശ്ശിക നൽകുന്നതിന് സഹകരണമേഖലയുമായി സഹകരിച്ച് പെൻഷൻ വിതരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇല്ല. ബസുകൾ വാങ്ങുന്നതിനും ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനും മറ്റുമായി വിവിധ തരത്തിലുള്ള ധനസഹായം നിലവിൽ സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച് നൽകിവരുന്നതിനാൽ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ തടസ്സമില്ല.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 2016-17-ലെ പുതുക്കിയ ബജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് അടിയന്തിരമായി ഒരു രക്ഷാ പാക്കേജിന് രൂപം നൽകുമെന്നും 5 വർഷംകൊണ്ട് ഭൂരിപക്ഷം ബസ്സുകളും സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുമെന്നും പറഞ്ഞിരുന്നു. പ്രസ്തുത പ്രഖ്യാപനം നടത്തിയിട്ട് രണ്ടു വർഷമാകാൻ പോകുകയാണ്. കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുന്നതിന് എന്ത് രക്ഷാ പാക്കേജിനാണ് രൂപം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനകം എത്ര സി.എൻ.ജി. ബസുകൾ നിരത്തിലിറങ്ങി എന്നും വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതിൽ രണ്ടുമൂന്ന് ചോദ്യമുണ്ട്. കഴിഞ്ഞ ബജറ്റിൽ സി.എൻ.ജി. ബസുകൾ വാങ്ങിക്കുന്നതിന് സാമ്പത്തിക സഹായം സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ നമ്മുടെ സംസ്ഥാനത്ത് സി.എൻ.ജി. ലഭ്യമാകാത്ത സാഹചര്യത്തിൽ പുതിയ ബസുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതിന് സാഹചര്യമുണ്ടായിട്ടില്ല. കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനുള്ള ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കി. ഘട്ടംഘട്ടമായി അതിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത കുറയ്ക്കുന്നതിനുള്ള ധനകാര്യ പുനഃസംഘടന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ട് 20 മാസമായി. ഈ കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോ? പ്രഖ്യാപനം നടത്തുമ്പോഴുള്ള കടബാദ്ധ്യത 344.20 കോടി രൂപയായിരുന്നു; നിലവിലെ കടബാദ്ധ്യത എത്രയാണ്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കടബാദ്ധ്യത നേരത്തെ പറഞ്ഞ അതേ നിരക്കിൽ തന്നെയാണ് ഇപ്പോഴും തുടരുന്നത്. എന്നാൽ കടബാദ്ധ്യത ഒഴിവാക്കി കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലും നഷ്ടത്തിലുമല്ലാത്ത ഒരു സ്ഥാപനമാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടുകൂടി സ്വീകരിച്ച നടപടികൾ പുരോഗമിച്ചു വരുന്നതേയുള്ളൂ, അത് പുരോഗമിച്ച് വരുന്നതിനനുസരിച്ച് കടബാദ്ധ്യതയിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ മോചിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, പൊതുഗതാഗത മേഖലയിലെ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് റോഡപകടങ്ങൾ. അപകടങ്ങളുടെ എണ്ണം കൂടി വരികയാണ്. റോഡ് നന്നായാലും മോശമായാലും അപകടങ്ങൾ ഉണ്ടാകുകയാണ്. ഈ അപകടങ്ങളിൽ മരണപ്പെടുന്നവർക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരം

ലഭിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യിൽ നിന്നുതന്നെ വലിയ കുടിശ്ശികയുണ്ട്. തലശ്ശേരി കോടതിയിൽ മാത്രം 2000 കേസുകൾ കെട്ടിക്കിടക്കുകയാണ്. അതിന് കാലതാമസം ഒഴിവാക്കി എം.എ.സി.ടി.-കൾക്ക് ആവശ്യമായ സ്റ്റാഫ് സംവിധാനം ഏർപ്പെടുത്തി, നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് വേഗത്തിൽ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എം.എ.സി.ടി. കോടതികളിൽ കേസുകൾ കെട്ടിക്കിടക്കുന്നുവെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ, കോടതി നടപടിക്രമങ്ങളിൽ സർക്കാരിനുള്ള ഇടപെടൽ എത്രമാത്രം സാദ്ധ്യമാകുമെന്ന് എനിക്ക് off-hand ആയി പറയാൻ സാദ്ധ്യമല്ലെന്ന് താങ്കൾക്ക് തന്നെയറിയാം. അവിടെ ജീവനക്കാരുടെ അഭാവമുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന് പ്രയാസമൊന്നുമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ നഗരങ്ങളിലും പട്ടണങ്ങളിലും രൂക്ഷമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കുകാരണം യാത്രതന്നെ ഇന്ന് വലിയ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. മറ്റൊരു സ്ഥലത്തും കാണാത്ത തരത്തിൽ ഗൗരവതരമായി ഗതാഗതക്കുരുക്ക് വർദ്ധിക്കുകയാണ്. വികസിത രാജ്യങ്ങൾ ഇതിനെ അഡ്രസ് ചെയ്തത് സ്വകാര്യ വാഹനങ്ങളിൽ ആളുകൾക്ക് നഗരങ്ങളിൽ പ്രവേശിക്കാതിരിക്കാൻ തന്നെയുള്ള പൊതുഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടാണ്. അങ്ങനെ കേരളത്തിലെ നഗരങ്ങളിലും പട്ടണങ്ങളിലും പ്രധാനപ്പെട്ട സ്ഥലങ്ങളിലെങ്കിലും പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്താനുള്ള സമഗ്രമായ പഠനവും പദ്ധതിയും ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങിവിടെ ചൂണ്ടിക്കാണിച്ചത് ശരിയായ ഒരു കാര്യമാണ്. റോഡിൽ വാഹനങ്ങളുടെ പെരുപ്പം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പൊതു വാഹനങ്ങളെ ആശ്രയിക്കുന്നതിന് പകരം വളരെക്കൂടുതലായി ഓരോ ദിവസവും സ്വന്തം വാഹനങ്ങൾ ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള പ്രവണത ആളുകളിൽ ശക്തിപ്പെട്ടുവരികയാണ്. ഈ പ്രവണതയുടെ ഫലമായി റോഡിൽ തിരക്ക് അനുഭവപ്പെടുകയും അപകടങ്ങൾ പെരുകുകയും ചെയ്തിട്ടുണ്ട്. നഗര കേന്ദ്രീകൃതമായ രൂപത്തിലുള്ള പരിഷ്കാരങ്ങൾ ശരിയായ നിർദ്ദേശമാണ്. ആ നിർദ്ദേശം സർക്കാർ ഗൗരവത്തിൽ ആലോചിക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി ശ്രീ. റോജി എം. ജോൺ: സർ, കെ.ടി.ഡി.എഫ്.സി. പണികഴിപ്പിച്ച കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെ കൊമേഴ്സ്യൽ കോംപ്ലക്സുകൾ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുകയാണ്. ഇക്കാര്യം

കഴിഞ്ഞ ദിവസം അങ്ങ് അങ്കമാലി ഡിപ്പോയിൽ വന്നപ്പോൾ നേരിട്ട് മനസ്സിലാക്കിയതുമാണ്. ഇത് കെ.എസ്.ആർ.ടി.സി.-ക്ക് വളരെ ഭീമമായ നഷ്ടമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അത് ഏറ്റെടുത്ത് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? ഇത്തരം ഡിപ്പോകൾ കെ.ടി.ഡി.എഫ്.സി. കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിയതിനെത്തുടർന്ന് യാതൊരു തരത്തിലുള്ള മെയിന്റനൻസും നടത്താൻ സാധിക്കാത്ത സാഹചര്യവും നിലനിൽക്കുകയാണ്. കെ.ടി.ഡി.എഫ്.സി. കെ.എസ്.ആർ.ടി.സി.യെ ഏൽപ്പിച്ചുവെന്ന് പറയുന്നു; കെ.എസ്.ആർ.ടി.സി. ഒന്നും ചെയ്യാൻ കഴിയാത്ത നിലയിൽ നിൽക്കുകയാണ്. അക്കാര്യത്തിൽ അടിയന്തരമായ ഇടപെടൽ ഉണ്ടാകണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് രണ്ടുകാര്യങ്ങളാണ് പറഞ്ഞത്. കെ.ടി.ഡി.എഫ്.സി. പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ ടെണ്ടർ ചെയ്തിട്ടും വാടകയ്ക്ക് എടുക്കാൻ ആളില്ലാതെ ഉപയോഗശൂന്യമായിക്കിടക്കുകയാണ്; അത് ഫലപ്രദമായി ഉപയോഗിക്കാൻ ബദൽ മാർഗ്ഗങ്ങൾ ആലോചിക്കണമെന്നാണ് താങ്കൾ നിർദ്ദേശിച്ചിട്ടുള്ളത്. ആ മാർഗ്ഗം സർക്കാർ ആലോചിക്കുന്നതാണ്. കെ.ടി.ഡി.എഫ്.സി. കെ.എസ്.ആർ.ടി.സി.-യെ ഏൽപ്പിച്ചതുമൂലമുള്ള വികസന പ്രവർത്തനങ്ങളുടെ തടസ്സമാണ് അങ്കമാലിയെ സംബന്ധിച്ച് താങ്കൾ ചൂണ്ടിക്കാണിച്ചത്. ആ കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിന്റെയും പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി കൂടുതൽ മിനി ബസുകൾ ബൈ റോഡുകളിലൂടെ ആരംഭിക്കുന്നതിനാവശ്യമായ സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എം.എൽ.എ.-മാരുടെ ഭാഗത്തുനിന്നും നിരന്തരമായി ഉണ്ടാകുന്ന ആവശ്യമാണ് മിനി ബസുകൾ വാങ്ങി ഉൾനാടൻ റൂട്ടുകളിലൂടെ യാത്രാ സൗകര്യങ്ങൾ ഒരുക്കണമെന്നത്. പക്ഷെ, മിനി ബസുകൾ വാങ്ങിക്കുന്നതിനുള്ള ചെലവും ഇന്ധനച്ചെലവും ഡ്രൈവർ/കണ്ടക്ടർ ചെലവുമെല്ലാം ഒന്നുതന്നെയാണ്. ആളുകളുടെ എണ്ണം കുറയുമ്പോൾ വരുമാനവും കുറയുമെന്ന പ്രശ്നമാണ് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. അക്കാര്യത്തിൽ എന്ത് പ്രായോഗികമായ നിലപാടാണ് സ്വീകരിക്കാൻ കഴിയുക എന്നത് തീർച്ചയായും ആലോചിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ലൈഫ് മിഷൻ പദ്ധതി

5 (*124) ശ്രീ. എം. നൗഷാദ്:
ശ്രീ. ബി.സത്യൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടം പ്രവർത്തനം പൂർത്തിയായോ; എത്ര വീടുകളുടെ നിർമ്മാണമാണ് ഒന്നാം ഘട്ടത്തിൽ നടന്നുവരുന്നതെന്ന് അറിയിക്കാമോ;

(ബി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇവയുടെ നിർമ്മാണത്തിനായുള്ള ഫണ്ട് സമാഹരണത്തിന് ഉദ്ദേശിക്കുന്ന മാർഗ്ഗവും അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ലൈഫ് മിഷൻ. ലൈഫ് മിഷന്റെ ഒന്നാംഘട്ട പ്രവർത്തനത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിടുന്നത്. സർക്കാരിന്റെ വിവിധ ഭവന പദ്ധതികളിൽ ധനസഹായം ലഭ്യമാക്കുകയും എന്നാൽ ഭവനം പൂർത്തിയാക്കാത്തതുമായ 66750 ഭവനങ്ങളുടെ പൂർത്തീകരണമാണ് മിഷൻ ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിൽ 26-2-2018 വരെ 9448 ഭവനങ്ങളുടെ നിർമ്മാണം ഭൗതികമായി പൂർത്തീകരിക്കുകയും വാസയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരിച്ച ഭവനങ്ങളുടെ എണ്ണവും ഘട്ടം തിരിച്ചുള്ള പട്ടികയും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ല. 1034 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 1013 സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിച്ചിട്ടുണ്ട്.

(സി) രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായ 1,74,877 ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിക്കുന്നതിന് ധനസഹായം നൽകാനാണ് മിഷൻ ഉദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുകയും വിവിധ വകുപ്പുകൾ ഭവന നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തുകയും സംസ്ഥാന സർക്കാർ മിഷന് ബജറ്റിലൂടെ നൽകുന്ന തുകയും ഇതിലേയ്ക്കായി മിഷൻ വായ്പ എടുക്കുന്ന തുകയുമാണ് പദ്ധതി പ്രവർത്തനത്തിന്റെ ധനസമാഹരണ മാർഗ്ഗങ്ങൾ.

**കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് നടപടി**

6 (*125) ശ്രീ. അനിൽ അക്കര:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ന്യായവില ലഭിക്കുന്നുണ്ടോ; വിശദീകരിക്കുമോ; ഇല്ലെങ്കിൽ ന്യായവില ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നാണ്യവിളകളുടെ വിലത്തകർച്ച കർഷകരെ കടക്കെണിയിലേക്കും ആത്മഹത്യയിലേക്കും നയിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) കുരുമുളകിനും ഏലത്തിനും ഉണ്ടായിട്ടുള്ള വിലത്തകർച്ചയ്ക്ക് കാരണമെന്താണ്;

(ഡി) സംസ്ഥാനത്തെ പച്ചക്കറി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കിയിട്ടുണ്ടോ; അവ ന്യായവില നൽകി വാങ്ങുന്നതിനുള്ള സർക്കാർ സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ഇ) നിലവിലെ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി കർഷകരുടെ ജീവിതാഭിവൃദ്ധിക്ക് ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാനദനച്ചെലവിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ന്യായവില ലഭിക്കുന്നില്ല. ന്യായവില ഉറപ്പാക്കുന്നതിനുവേണ്ടി നെല്ലിനും കൊപ്രയ്ക്കും താങ്ങുവില നൽകിവരുന്നു. റബ്ബറിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നുണ്ട്. വിപണി ഇടപെടലിലൂടെ പച്ചത്തേങ്ങ സംഭരിച്ചുകൊണ്ടും പച്ചക്കറികൾക്ക് ഉത്സവ സീസണുകളിൽ ക്രമാതീതമായി വില വർദ്ധിക്കുന്നത് പിടിച്ചുനിർത്തുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനുംവേണ്ടി വിപണി ഇടപെടൽ പദ്ധതി നടപ്പിലാക്കിക്കൊണ്ടും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നാണ്യവിളകളുടെ വിലത്തകർച്ച കർഷകരെ കടക്കെണിയിലേയ്ക്കും ആത്മഹത്യയിലേയ്ക്കും നയിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ട്.

(സി) കുരുമുളകിനും ഏലത്തിനുമുണ്ടായ വിലത്തകർച്ചയ്ക്കുള്ള പ്രധാന കാരണം കേന്ദ്ര സർക്കാർ പിൻതുടർന്നുവരുന്ന തെറ്റായ ഇറക്കുമതി നയവും അന്താരാഷ്ട്ര കരാറുകളുമാണ്. ലോക വിപണിയിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ അപര്യാപ്തമാണ്.

(ഡി) ഉണ്ട്. പച്ചക്കറി കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് വിപണി ഇടപെടൽ എന്ന പദ്ധതിയിലൂടെ കൃഷി വകുപ്പ് HORTICORP, VFPCK എന്നിവരുടെ സഹകരണത്തോടെ ഓണം, ബക്രീദ്, വിഷു എന്നീ ഉത്സവ സീസണുകളിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾക്ക് 10-20 ശതമാനം വരെ പൊതുവിപണി വിലയേക്കാൾ കൂട്ടി നൽകുകയും ഉപഭോക്താക്കൾക്ക് 10-30 ശതമാനം വരെ കുറച്ചു നൽകിയും വിതരണം ചെയ്യുന്നു.

(ഇ) നിലവിലുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

7 (*126) ശ്രീ. എം. വിൻസെന്റ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഉദ്ഘാടന ദിവസം മുതൽ

ആയിരം ദിവസത്തിനകം പ്രസ്തുത തുറമുഖത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുമെന്നും കപ്പലുകൾ അടുക്കുമെന്നുമുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിയുമെന്നും കരുതുന്നുണ്ടോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം മന്ദീഭവിച്ചുവെന്ന് കരുതുന്നുണ്ടോ; പദ്ധതിയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ;

(സി) മൂവായിരത്തി ഒരുനൂറ് മീറ്റർ നീളമുള്ള പുലിമുട്ടിൽ ഇതുവരെ എത്ര മീറ്റർ നിർമ്മാണം പൂർത്തിയായി; പ്രസ്തുത പ്രവർത്തനം തടസ്സപ്പെടുന്നതിനുള്ള കാരണമെന്താണ്; വിശദീകരിക്കാമോ;

(ഡി) തടസ്സങ്ങൾ നീക്കി കേരളത്തിന്റെ ഈ സ്വപ്ന പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ):

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി 1460 ദിവസം (4 വർഷം) കൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് 2019 ഡിസംബർ മാസം 5-ാം തീയതി വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുമെന്നാണ് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ നിർമ്മാണം 1000 ദിവസം കൊണ്ട് പൂർത്തീകരിക്കാമെന്ന് കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി (AVPPL) വാഗ്ദാനം ചെയ്തിരുന്നു. അപ്രതീക്ഷിതമായ ചില പ്രയാസങ്ങൾ നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയതുകൊണ്ട് 1000 ദിവസം കൊണ്ട് (കരാർ കാലാവധിക്കു മുമ്പ്) നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യം സംശയമാണ്. അതേസമയം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തുതന്നെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഇല്ല. എന്നാൽ താഴെപ്പറയുന്ന കാരണങ്ങൾ നിർമ്മാണ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്:

1. കേരള തീരത്ത് 2017, നവംബർ 30-ന് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ് തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. ബ്രേക് വാട്ടറിൽ ഇട്ടിരുന്ന കല്ലുകൾക്ക് സ്ഥാനചലനം സംഭവിക്കുകയും റിക്ലെയിം ചെയ്ത മണ്ണിന്റെ ചില

ഭാഗങ്ങൾ ഒലിച്ചുപോവുകയും ബെർത്തിന്റെ പ്ലാറ്റ്ഫോമിന് കേടുവരികയും ചെയ്തു. നിർമ്മാണ പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്ന 2 ഡ്രെഡ്ജറുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ റിക്ലമേഷൻ ജോലികൾ താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നു. ഇവയുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുവാനുള്ള ശ്രമം നടത്തിവരുന്നു. ഇവയ്ക്ക് പകരം പുതിയ ഡ്രഡ്ജറുകൾ ഉപയോഗിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

2. Mines and Minerals (Developement & Regulation) Act-ൽ വന്നിട്ടുള്ള ഭേദഗതിമൂലം പാറ ലഭിക്കുന്നതിനുള്ള പ്രയാസവും നിർമ്മാണ പുരോഗതിയെ തടഞ്ഞപ്പെടുത്തുന്നുണ്ട്.

(സി) ഏകദേശം 600 മീറ്റർ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയായി. കരാറുകാർക്ക് പാറ ലഭിക്കുന്നതിനുള്ള പ്രയാസവും ഓഖി ചുഴലിക്കാറ്റും നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്.

(ഡി) ഡ്രഡ്ജറുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള ശ്രമം നടത്തിവരുന്നു. കേടായ ഡ്രഡ്ജറുകൾക്ക് പകരം പുതിയ ഡ്രഡ്ജറുകൾ ഉപയോഗിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു. പാറ ലഭിക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം ജില്ലാ കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നും പാറ കൊണ്ടുവരുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

**തെരുവുനായ ശല്യം പരിഹരിക്കാൻ നടപടി**

8 (*127) ശ്രീ. വി. ജോയി:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ശല്യം പരിഹരിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇവ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; എ.ബി.സി. പദ്ധതി എത്രമാത്രം ഫലപ്രദമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വയനാട് വൈത്തിരിയിൽ തൊഴിലാളി സ്ത്രീയെ നായ്ക്കൾ കടിച്ചുകീറി കൊന്ന സംഭവത്തിന്റെ പശ്ചാത്തലത്തിൽ നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുന്നതിനും വളർത്തുനായ്ക്കളെ തെരുവിൽ അലയാൻ വിടുന്നവരെ കർശനമായി ശിക്ഷിക്കുന്നതിനും നടപടിയുണ്ടാകുമോ;

(സി) തെരുവുനായ പ്രശ്നം സംബന്ധിച്ച് സുപ്രീം കോടതി നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് സിരിജഗന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് തെരുവുനായ ശല്യം പരിഹരിക്കുന്നതിനായിട്ടുള്ള എ.ബി.സി. പ്രോഗ്രാം ജില്ലാ പഞ്ചായത്തിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. കൂടാതെ പേവിഷ നിയന്ത്രണ വാക്സിനേഷൻ എല്ലാ വളർത്തു നായകൾക്കും നൽകുന്ന പരിപാടിയും തുടർന്നുവരുന്നു. ഈ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും എ.ബി.സി. റൂൾസിലെ ചട്ടം (4) പ്രകാരം മോണിറ്ററിംഗ് സമിതി രൂപികരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നായശല്യം കുറയ്ക്കുന്നതിനായി റോഡുകളുടെ വശങ്ങളിലും പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി നടപ്പിലാക്കിവരുന്ന എ.ബി.സി. പ്രോഗ്രാം ഒരു പരിധിവരെ ഫലപ്രദമാണെന്നാണ് കണ്ടുവരുന്നത്.

(ബി) 1998-ലെ കേരള പഞ്ചായത്തീരാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം ലൈസൻസില്ലാതെയോ, ലൈസൻസുണ്ടെങ്കിൽ അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ, അലഞ്ഞുതിരിയാൻ അനുവദിച്ചുകൊണ്ടോ, പട്ടിയെ വളർത്തുന്ന ഏതൊരാൾക്കുമെതിരെ 250 രൂപ പിഴ ചുമത്താൻ നിലവിൽ വ്യവസ്ഥയുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 437 പ്രകാരം ഒരാൾക്ക് മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിയിൽ നിന്നും ലഭിച്ച ലൈസൻസ് കൂടാതെയും പേപ്പട്ടി വിഷത്തിനെതിരെ തന്റെ നായയെ കുത്തിവയ്പ്പിക്കാതെയും വളർത്താൻ പാടുള്ളതല്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ കർക്കശമാക്കുന്നതിനെ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.

(സി) തെരുവുനായ ശല്യംമൂലമുള്ള നാശനഷ്ടം വിലയിരുത്തുന്നതിന് സുപ്രീംകോടതി നിയോഗിച്ചിട്ടുള്ള പ്രസ്തുത കമ്മിറ്റി തെരുവുനായകളുടെ ആക്രമണത്തിന് വിധേയരായവർക്ക് നഷ്ടപരിഹാരം ശിപാർശ ചെയ്തുകൊണ്ട് 9 റിപ്പോർട്ടുകൾ ഇതിനകം സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ആയത് കോടതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടുകളിൽ ശിപാർശ ചെയ്തിട്ടുള്ള അർഹരായവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**റബ്ബറിന്റെ സംരക്ഷണത്തിനായി പദ്ധതികൾ**

9 (*128) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തിന്റെ തനത് കാർഷിക ഉൽപ്പന്നം എന്ന നിലയിൽ റബറിന്റെ സംരക്ഷണത്തിനായി പാവപ്പെട്ട റബർ കർഷകരെ സഹായിക്കാൻ സംസ്ഥാന തലത്തിൽ ഒരു ബോർഡ് രൂപീകരിക്കാൻ പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിച്ച് ബോർഡ് രൂപീകരിക്കുമോ;

(ബി) ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്ന റബറിന്റെ എൺപത് ശതമാനവും കേരളത്തിൽ നിന്നുമാണെന്ന സാഹചര്യത്തിൽ റബറിനെ കാർഷിക വിളയായി പ്രഖ്യാപിച്ച് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിലെ റബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിനും റബ്ബർ കൃഷിയുടെ സംരക്ഷണത്തിനുമായി നിലവിൽ കേന്ദ്ര സ്ഥാപനമായ റബ്ബർ ബോർഡ് പ്രവർത്തിക്കുന്നുണ്ട്.

(ബി) നിലവിൽ റബ്ബർ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് റബ്ബർ ബോർഡിൽനിന്നും റബ്ബർ കൃഷിക്കായി വിവിധ പദ്ധതികളിലൂടെ പരമാവധി ധനസഹായം ലഭിക്കുന്നുണ്ട്.

(സി) റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സിയാൽ മാതൃകയിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ചുകൊണ്ടുള്ള റബ്ബർ പ്രൊഡക്ഷൻ

ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. 2017-18-ൽ ഇതിലേയ്ക്കായി 500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുള്ളതിന്റെ വിതരണം നടന്നുവരുന്നു. കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും കേന്ദ്ര സർക്കാരിന്റെ ലൈവ്ലിഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ-വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പുമന്ത്രിയെ 22-2-2018-ൽ സംസ്ഥാന കൃഷി വകുപ്പുമന്ത്രി നേരിൽ കണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതാണെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. കൂടാതെ ഉൽപ്പാദനച്ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്ന കാര്യവും റബ്ബറിന് സംസ്ഥാന സർക്കാർ നൽകി വരുന്ന ഉൽപ്പാദക ബോണസ് 150 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ അധിക സഹായം നൽകണമെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

**പ്രധാനമന്ത്രി ആവസ് യോജന**

10 (*129) ശ്രീ. വി. ഡി.സതീശൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ ആവാസ് യോജന, പ്രധാനമന്ത്രി ആവാസ് യോജന (നഗരം) എന്നീ പദ്ധതികളിലൂടെ എന്താണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്; അതിനുള്ള മാനദണ്ഡമെന്താണ്;

(സി) കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്നറിയിക്കാമോ;

(ഡി) 2019- ൽ ഈ പദ്ധതിപ്രകാരം എത്ര വീടുകൾ നിർമ്മിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഇ) പ്രധാനമന്ത്രി ഗ്രാമീൺ ആവാസ് യോജനയിൽ കേന്ദ്രസഹായത്തോടെ പണിയുന്ന വീടുകളെ സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഗ്രാമപ്രദേശങ്ങളിലുള്ള എല്ലാ ഭവന രഹിതർക്കും തീർത്തും മോശമായതോ ജീർണ്ണാവസ്ഥയിലായതോ ആയ വീട്ടിൽ താമസിക്കുന്നവർക്കും 2022 വർഷത്തോടെ അടിസ്ഥാന സൗകര്യങ്ങളുള്ളതും ഗുണനിലവാരമുള്ളതുമായ വീട് നൽകുക എന്നതാണ് പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ ദീർഘകാല ലക്ഷ്യം. 2018-19 വർഷത്തോടെ മുകളിൽപ്പറഞ്ഞ ലക്ഷ്യവിഭാഗങ്ങൾക്കായി ഒരു കോടി ഗുണനിലവാരമുള്ള വീടുകൾ നിർമ്മിക്കുക എന്നതാണ് പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)-യുടെ അടിയന്തര ലക്ഷ്യം.

2022-ഓടെ നഗരപ്രദേശങ്ങളിൽ താമസിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി പാർപ്പിടം എന്നതാണ് പ്രധാൻമന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയുടെ ലക്ഷ്യം.

ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണം, ക്രെഡിറ്റ് ലിങ്കഡ് സബ്സിഡി സ്കീം, അഫോർഡബിൾ ഹൗസിംഗ് സ്കീം, ചേരി വികസനം എന്നീ 4 ഘടകങ്ങളിലൂടെയാണ് എല്ലാവർക്കും ഭവനമെന്ന ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിലേയ്ക്കുള്ള ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ ഭവനരഹിതരായി ഉൾപ്പെട്ടിട്ടുള്ളവരിൽനിന്ന് താഴെപ്പറയുന്നവരെ ഒഴിവാക്കിക്കൊണ്ടാണ്:

1. യന്ത്രവൽകൃത രണ്ടുചക്ര/മൂന്നുചക്ര/നാലുചക്ര വാഹനമോ യന്ത്രവൽകൃത മീൻപിടിത്ത യാനങ്ങളോ ഉള്ളവർ
2. യന്ത്രവൽകൃത മൂന്നുചക്ര/നാലുചക്ര കാർഷിക ഉപകരണങ്ങൾ ഉള്ളവർ
3. 50,000 രൂപയോ അതിൽ കൂടുതലോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ളവർ
4. സർക്കാർ ജീവനക്കാരുള്ള കുടുംബം

5. സർക്കാർ കാർഷികേതര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ

6. പ്രതിമാസം 10,000 രൂപയിൽ കൂടുതൽ നേടുന്ന ഏതെങ്കിലും അംഗങ്ങളുള്ള കുടുംബങ്ങൾ

7. തൊഴിൽ നികുതി നൽകുന്നവരുള്ള കുടുംബം

8. റഫ്രിജറേറ്ററുള്ള കുടുംബം

9. ലാൻഡ് ലൈൻ ഫോൺ ഉള്ള കുടുംബം

10. സ്വന്തമായി ഏതെങ്കിലും ജലസേചന ഉപകരണമുള്ളതും രണ്ടര ഏക്കറോ അതിൽ കൂടുതലോ ജലസേചന സൗകര്യമുള്ളതുമായ ഭൂമിയുള്ള കുടുംബം

11. രണ്ടോ അതിലധികമോ കാലഘട്ടത്തിൽ വിളവെടുക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം

12. ഏഴര ഏക്കറോ അതിലധികമോ ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടുംബം.

<u>പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി പ്രകാരം</u>

ഇപ്പോൾ 2 ഘടകങ്ങൾ മാത്രമാണ് കേരളത്തിൽ നടപ്പിലാക്കിവരുന്നത്.

1. സ്വന്തമായി നഗരപ്രദേശത്ത് ഒരു സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്ന ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണം.

<u>മാനദണ്ഡങ്ങൾ</u>

a. നഗര പ്രദേശത്ത് സ്ഥിരമായി 3 വർഷക്കാലമായി കുടുംബമായി താമസിക്കുന്നവർ.

b. വാർഷിക കുടുംബവരുമാനം 3 ലക്ഷത്തിന് താഴെയുള്ളവർ

c. സ്വന്തമായി സ്ഥലമുള്ളവർ.

d. ഭാരതത്തിൽ ഒരിടത്തും സ്വന്തമായി ഭവനമില്ലാത്തവർ.

ഭവന വിപുലീകരണത്തിനും നിബന്ധനകൾക്ക് വിധേയമായി പി.എം.എ.വൈ. പദ്ധതി പ്രകാരം ധനസഹായം അനുവദിക്കാവുന്നതാണ്. വാർഡ് സഭ മുഖേന തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

2. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം (സി.എൽ.എസ്.എസ്.)

<u>മാനദണ്ഡങ്ങൾ</u>

1. ഇന്ത്യയിലൊരിടത്തും സ്വന്തമായ ഭവനം ഇല്ലാത്ത കുടുംബം

2. കുറഞ്ഞത് മൂന്ന് വർഷമായി നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബമായിരിക്കണം. ഇത്തരത്തിൽ മാനദണ്ഡം പാലിക്കുന്ന കുടുംബങ്ങൾക്ക് ബാങ്കുകൾ മുഖേന ഭവന നിർമ്മാണത്തിന്/ഭവനം വാങ്ങുന്നതിന് പലിശ സബ്സിഡിയോടുകൂടി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി വായ്പ നൽകുന്നു:

| വിഭാഗം | വാർഷിക വരുമാന പരിധി | അനുവദനീയമായ കാർപ്പെറ്റ് ഏരിയ | പലിശ സബ്സിഡി ലഭ്യമാകുന്ന പരമാവധി വായ്പ തുക | പലിശ സബ്സിഡി (%) |
|---|---|---|---|---|
| EWS-സാമ്പത്തിക പിന്നാക്ക വിഭാഗം | 3 ലക്ഷം | 60 ച.മീ. | 6 ലക്ഷം | 6.5 % |
| LIG- താഴ്ന്ന വരുമാന വിഭാഗം | 3-6 ലക്ഷം | 60 ച.മീ. | 6 ലക്ഷം | 6.5 % |
| MIG 1- ഇടത്തരം വരുമാന വിഭാഗം | 6-12 ലക്ഷം | 120 ച.മീ. | 9 ലക്ഷം | 4 % |
| MIG 2- ഇടത്തരം വരുമാന വിഭാഗം | 12-18 ലക്ഷം | 150 ച.മീ. | 12 ലക്ഷം | 3 % |

ഇത്തരത്തിലുള്ള ഗുണഭോക്താക്കളിൽ ബാങ്ക് നിഷ്കർഷിക്കുന്ന രേഖകൾ ഹാജരാക്കാൻ കഴിയുന്ന എല്ലാവർക്കും കുറഞ്ഞ പലിശനിരക്കിൽ ഭവനം നിർമ്മിക്കുന്നതിനും വാങ്ങിക്കുന്നതിനും ബാങ്കിൽനിന്നും വായ്പ ലഭിക്കുന്നതാണ്. വായ്പകളുടെ തിരിച്ചടവ് കാലാവധി പരമാവധി 20 വർഷം ആയിരിക്കും. പദ്ധതി ഗുണഭോക്താക്കൾക്ക് പലിശ സബ്സിഡിക്ക് അർഹതയുള്ള തുകയിൽ കൂടുതൽ ബാങ്കിൽനിന്ന് വായ്പയെടുക്കാവുന്നതാണ്. എന്നാൽ കൂടുതലായി എടുക്കുന്ന തുകയ്ക്ക് പലിശ സബ്സിഡി ലഭിക്കുന്നതല്ല.

(സി) പി.എം.എ.വൈ. (ജി)-യുടെ മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവിനെ കണ്ടെത്തുന്നത് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റ് പ്രകാരമാണ്. എന്നാൽ ഈ ലിസ്റ്റിൽ മതിയായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ അർഹരായ ഗുണഭോക്താക്കളെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിന് പുറത്തുനിന്നും തെരഞ്ഞെടുക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് മാനദണ്ഡപ്രകാരം

അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഇത്തരം ഗുണഭോക്താക്കളെ ഗ്രാമസഭയുടെ അംഗീകാരത്തോടെ ആവാസ് സോഫ്റ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനും കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ തയ്യാറാക്കിയ ഭവന രഹിതരുടെ ലിസ്റ്റിൽ നിന്നും സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് മാനദണ്ഡപ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കൂടാതെ താഴെപ്പറയുന്ന വിഷയങ്ങൾകൂടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്:

1. ജനറൽ കാറ്റഗറിയിൽ കൂടുതൽ ഭവന നിർമ്മാണം നടത്തുന്നതിന് അനുമതി നൽകുക.

2. യന്ത്രവൽകൃത ഇരുചക്ര വാഹനങ്ങൾ, റഫ്രിജറേറ്റർ എന്നീ മാനദണ്ഡങ്ങൾ ഒഴിവാക്കുക.

3. ലൈഫ് മിഷൻ തയ്യാറാക്കിയ ഭവനരഹിതരുടെ ലിസ്റ്റിൽനിന്നും മേൽപ്പറഞ്ഞ യന്ത്രവൽകൃത ഇരുചക്ര വാഹനങ്ങൾ, റഫ്രിജറേറ്റർ എന്നീ മാനദണ്ഡങ്ങൾ ഒഴിവാക്കി മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ പാലിച്ച് പി.എം.എ.വൈ. (ജി)-യിലേയ്ക്കുള്ള പുതിയ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കാൻ അനുമതി നൽകുക.

4. ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ച് ഭവനങ്ങൾക്കുണ്ടായ വ്യാപകമായ നാശനഷ്ടങ്ങൾ പരിഗണിച്ച് സർക്കാർ സമർപ്പിച്ചിട്ടുള്ള അധിക ധനസഹായം (Supplementary Assistance) സംബന്ധിച്ച പ്രൊപ്പോസലിന് അംഗീകാരം നൽകുക.

(ഡി) 2018-19 സാമ്പത്തിക വർഷം പി.എം.എ.വൈ. (ജി) പദ്ധതിയിൽ കേന്ദ്ര സർക്കാർ വീടുകൾ അനുവദിച്ചിട്ടില്ല.

2019-ൽ ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണത്തിൽ മുൻ വർഷങ്ങളിൽ അനുമതി ലഭിച്ചതുൾപ്പെടെ 80,000 ഭവനങ്ങളും ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിൽ 10,000 ഭവനങ്ങളും നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) പി.എം.എ.വൈ. (ജി) ഭവന പദ്ധതിയിൽ നിർമ്മിക്കുന്ന വീടുകൾ സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി പ്രകാരം വീടൊന്നിന് 4,00,000 രൂപയാണ് അനുവദിക്കുന്നത്. എന്നാൽ പി.എം.എ.വൈ. (ജി) പ്രകാരം ഒരു വീടിന് 1,20,000 മാത്രമാണ് യൂണിറ്റ് കോസ്റ്റ്. ബാക്കി വരുന്ന 2,80,000 രൂപ ലൈഫ് പദ്ധതി പ്രകാരം നൽകുന്നു.

## ഹജ്ജ് തീർത്ഥാടകരുടെ ക്ഷേമത്തിനായുള്ള നടപടികൾ

11 (*130) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹജ്ജ് തീർത്ഥാടകരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ പുതിയ കരട് ഹജ്ജ് നയത്തിൽ സംസ്ഥാനത്തെ ഹജ്ജ് തീർത്ഥാടകരുടെ താത്പര്യം ഹനിക്കുന്ന എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പ്രസ്തുത കരട് ഹജ്ജ് നയത്തിൽ കേരളത്തിലെ തീർത്ഥാടകരെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഹജ്ജ് അപേക്ഷ സമർപ്പണം മുതൽ ഹജ്ജ് പുറപ്പെടുന്നതുവരെയുള്ള എല്ലാവിധ സാങ്കേതിക സഹായങ്ങളും സർക്കാർ ഭാഗത്ത് നിന്നും ലഭ്യമാക്കുന്നു. ഹജ്ജ് യാത്ര പുറപ്പെടുന്നതിന് മുമ്പായി ഹാജിമാർക്ക് മൂന്ന് ഘട്ടങ്ങളിലായി പരിശീലനങ്ങൾ നൽകുന്നതിന് സർക്കാർ സംവിധാനങ്ങളിലുള്ള ഓഡിറ്റോറിയങ്ങളും കോൺഫറൻസ് ഹാളുകളും സൗജന്യമായും കുറഞ്ഞ നിരക്കിലും ലഭ്യമാക്കാറുണ്ട്. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പൂർണ്ണ സഹകരണത്തോടെ എല്ലാ സർക്കാർ ആശുപത്രികളിലും ഹജ്ജ് തീർത്ഥാടകർക്ക് ഓറൽ പോളി വാക്സിനേഷനും പ്രതിരോധ കുത്തിവെപ്പും നടത്തുകയും ആരോഗ്യ പരിപാലനത്തെക്കുറിച്ച് ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും വിദഗ്ദ്ധ ഡോക്ടർമാരുടെയും നിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഹജ്ജ് ക്യാമ്പിന്റെ സുഗമമായ പ്രവർത്തനത്തിനും വിവിധ വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനും ക്യാമ്പിലെ ഹജ്ജ് സെല്ലിലേയ്ക്ക് ആവശ്യമായ സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും കൂടാതെ ഹജ്ജ് യാത്രാ വേളയിൽ ഹാജിമാരെ സൗദി അറേബ്യയിൽ സഹായിക്കുന്നതിനുവേണ്ടി മുസ്ലീം സമുദായത്തിലെ സംസ്ഥാന സർക്കാർ ജീവനക്കാരെ ഹജ്ജ് വോളന്റിയർമാരായി അയയ്ക്കുകയും ചെയ്തുവരുന്നു.

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് അനുവദിക്കുന്നുണ്ട്.

(ബി) കേന്ദ്ര സർക്കാർ 2017 ഒക്ടോബർ മാസത്തിൽ പുതിയ ഹജ്ജ് നയത്തിന്റെ കരട് പ്രസിദ്ധീകരിക്കുകയും ബന്ധപ്പെട്ടവരിൽ നിന്നുള്ള അഭിപ്രായ നിർദ്ദേശങ്ങൾ പരിഗണിച്ചശേഷം 2017 നവംബർ മാസം 10-ാം തീയതി 2018-2022-ലേയ്ക്കുള്ള പുതിയ ഹജ്ജ് നയം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നേരത്തെയുള്ള (2013-2017) ഹജ്ജ് നയവും നിലവിലെ നയവും തമ്മിൽ ചില വ്യവസ്ഥകളിൽ സാമ്യതയുണ്ടെങ്കിലും ചിലതിൽ കാതലായ മാറ്റങ്ങളുണ്ട്.

പുതിയ ഹജ്ജ് നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ (ബന്ധപ്പെട്ട വിഷയത്തിലെ പഴയ നിർദ്ദേശങ്ങൾ സഹിതം) അനുബന്ധമായി* ചേർക്കുന്നു.

സംസ്ഥാനത്ത് നിന്നുള്ള ഹജ്ജ് തീർത്ഥാടകരെ പ്രതികൂലമായി ബാധിക്കുന്ന താഴെപ്പറയുന്ന വ്യവസ്ഥകളാണ് പുതിയ ഹജ്ജ് നയത്തിൽ ഉള്ളത്.

1. നാല്, അഞ്ച് വർഷക്കാർക്കുണ്ടായിരുന്ന റിസർവേഷൻ എടുത്തുകളഞ്ഞതുമൂലം കേരളത്തിൽ ഇപ്രാവശ്യം അഞ്ചാം വർഷക്കാരായി 13313 പേർക്ക് ഈ രീതിയിൽ അവസരം ലഭിക്കുന്ന സാഹചര്യം ഇല്ലാതായി.
2. 2015-ലെ ഹജ്ജ് മുതൽ റൺവേ അറ്റകുറ്റപ്പണിയുടെ പേരിൽ കരിപ്പൂരിൽ നിന്ന് കൊച്ചിയിലേയ്ക്ക് മാറ്റിയിട്ടുള്ള കേരളത്തിന്റെ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കൊച്ചിയിൽ തന്നെ തുടരുന്നതാണ് എന്നാണ് ഹജ്ജ് നയത്തിൽ വ്യക്തമാക്കിയിട്ടുള്ളത്.
3. പുതിയ ഹജ്ജ് നയപ്രകാരം 70% കേന്ദ്ര ഹജ്ജ് കമ്മിറ്റി വഴിയുള്ള ക്വാട്ടയും 30% പ്രൈവറ്റ് ടൂർ ഓപ്പറേറ്റർമാർക്കുള്ളതാക്കി (എന്നാൽ നിരന്തരമായ സർക്കാർ സമ്മർദ്ദംമൂലം പിന്നീട് കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് 75%-ഉം പ്രൈവറ്റ് ടൂർഓപ്പറേറ്റർമാർക്ക് 25%-ഉം ആക്കി ക്വാട്ട പുനഃസ്ഥാപിക്കപ്പെട്ടു.)

(സി) ഹജ്ജ് നയത്തിലെ കേരളത്തിലെ ഹജ്ജ് തീർത്ഥാടകരെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾ മാറ്റുന്നതിന് കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയും സംസ്ഥാന സർക്കാരും ശക്തമായി വാദിക്കുകയും പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഹജ്ജ് ക്വാട്ട പഴയപടി പുനഃസ്ഥാപിക്കുന്നതിൽ കേരളത്തിന്റെ കൂടി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇടപെടൽമൂലം സാധിച്ചു. അഞ്ചാം വർഷക്കാരുടെ സെലക്ഷൻ, എംബാർക്കേഷൻ കരിപ്പൂരിലേയ്ക്ക് മാറ്റുക എന്നീ വിഷയങ്ങൾ ബഹു. പ്രധാനമന്ത്രിയുടെയും ബഹു. കേന്ദ്ര വ്യോമയാന മന്ത്രിയുടെയും ന്യൂനപക്ഷകാര്യാലയ മന്ത്രിയുടെയും കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാന്റെയും എല്ലാ മെമ്പർമാരുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ വസ്തുതകൾ ഉന്നയിച്ചുകൊണ്ട് കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ WP(C) No. 1155/17 സംസ്ഥാന സർക്കാരിനെ എതിർകക്ഷിയായി ചേർത്തിട്ടുള്ളതും ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കിക്കൊണ്ട് എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് ശിപാർശകൾ**

12 (*131) ശ്രീ. എൽദോ എബ്രഹാം:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് സംബന്ധിച്ച ശിപാർശകൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് പുതിയ ഏതെല്ലാം മേഖലകളിൽ നികുതി ചുമത്തണമെന്നാണ് ശിപാർശ ചെയ്തിരിക്കുന്നതെന്ന്അറിയിക്കുമോ;

(സി) എല്ലാ വിഭാഗം തൊഴിൽ ചെയ്യുന്നവരെയും നികുതി പരിധിയിൽ കൊണ്ടുവരണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; ഇതിനോട് സർക്കാർ അനുകൂലിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് സംബന്ധിച്ച അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പുതിയ മേഖലകളിൽ നികുതി ചുമത്തുന്നതിനായുള്ള ധനകാര്യ കമ്മീഷന്റെ ശിപാർശകൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ചുവടെപ്പറയുന്നവരെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്:

പ്രൊഫഷണലുകൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ, വ്യാപാരികൾ, ബിസിനസ്സുകാർ, ജീവനക്കാർ എന്നിവരിൽനിന്നും ശരിയായ രീതിയിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നികുതി നൽകുന്നവരുടെ പട്ടിക പരിഷ്കരിക്കേണ്ടതാണ്. അധിക തസ്തികകൾ സൃഷ്ടിക്കാതെ ഈ ആവശ്യത്തിലേയ്ക്കായി പ്രാദേശിക സർക്കാരുകൾ കൂടുതൽ ആൾക്കാരെ നിയോഗിക്കേണ്ടതാണ്. ഡി. ആൻഡ് ഒ. ലൈസൻസ് നിയമത്തിൻകീഴിൽ ലൈസൻസ് ലഭിച്ചിട്ടുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും അതിൽ ജോലി ചെയ്യുന്നവരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കമ്മീഷൻ ശിപാർശ ചെയ്യുന്നു.

പ്രാദേശിക സർക്കാരുകളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ പ്രാക്ടീസ് ചെയ്യുന്ന പ്രൊഫഷണലുകളെ സംബന്ധിച്ച ഒരു സർവ്വേ വാർഡ് മെമ്പർ/ കൗൺസിലർമാരുടെ സഹായത്തോടെ നടത്തുകയും അവരെക്കൂടി നികുതി അടയ്ക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യണം. ഓരോ പ്രദേശത്തെയും പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റുമാരുടെ ഒരു പട്ടിക ബാർ കൗൺസിൽ പ്രാദേശിക സർക്കാരുകൾക്ക് നൽകേണ്ടതാണ്. അഡ്വക്കേറ്റുമാർ അവരുടെ വരുമാനം സ്വമേധയാ വെളിപ്പെടുത്തേണ്ടതും അതിന്മേൽ തൊഴിൽനികുതി നൽകേണ്ടതും ഇത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ശമ്പള വിഭാഗത്തിൽപ്പെട്ടവരുടെ അതേ സ്ലാബ് തന്നെയായിരിക്കും ഇവർക്കും ബാധകം. തൊഴിൽ നികുതി അടയ്ക്കേണ്ട അഡ്വക്കേറ്റുമാർ ആയത് പ്രാദേശിക സർക്കാരുകളിൽ അടച്ച് അതിന്റെ രസീത് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ പ്രാക്ടീസ് നടത്താൻ അനുവദിക്കുകയുള്ളൂ എന്ന രീതിയിൽ ഒരു നിയമനിർമ്മാണം നടത്തേണ്ടതാണ്. ഇപ്രകാരം തൊഴിൽ നികുതി അടച്ചതിനുള്ള രസീത് ഓരോ വർഷവും ഒക്ടോബറിലെയും ഏപ്രിലിലെയും ഒന്നാമത്തെ പ്രവൃത്തി ദിവസം ഹാജരാക്കേണ്ടതാണ്.

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3-ന് തുല്യമായൊരു നിബന്ധന 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലും കൊണ്ടുവരേണ്ടതാണ്. 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) വിപുലീകരിച്ച് ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, ടാക്സ് പ്രാക്ടീഷണർമാർ, സ്റ്റോക്ക് ബ്രോക്കർമാർ,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്വകാര്യ/ചാർട്ടേർഡ് എഞ്ചിനീയർമാർ, ഏജൻസി ബിസിനസ്സുകാർ, ഇന്റർനെറ്റ് കഫേ നടത്തുന്നവർ, കേബിൾ ഓപ്പറേറ്റർമാർ, ഡിഷ് ചാനൽ സർവ്വീസ് നൽകുന്നവർ, കൺസൾട്ടൻസി സർവ്വീസ് നടത്തുന്നവർ, റിയൽ എസ്റ്റേറ്റ് ഏജന്റുമാർ/ബ്രോക്കർമാർ എന്നിവരെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

5-ാം ധനകാര്യ കമ്മീഷന്റെ മേൽ ശിപാർശകൾ ധനകാര്യ വകുപ്പിന്റെ നടപടി റിപ്പോർട്ടിൽ അംഗീകരിച്ചിട്ടുണ്ട്.

**ജൈവകൃഷി പ്രോത്സാഹനത്തിന് പദ്ധതികൾ**

13 (*132) ശ്രീ. ഡി. കെ. മുരളി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി . ടി. എ. റഹീം :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷിയുടെ വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പച്ചക്കറി ഉത്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നല്ല കാർഷിക രീതികൾ അവലംബിച്ച് കർഷക കൂട്ടായ്മയിലൂടെ വിഷരഹിത പച്ചക്കറികൾ പരമാവധി ഉത്പാദിപ്പിക്കുന്നതിനും അവയുടെ സംഭരണം, വിപണനം എന്നിവ ഫലപ്രദമാക്കി കർഷകന് മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ജൈവകൃഷി വ്യാപനവും പ്രോത്സാഹനവും ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ 10-2-2010-ലെ സ.ഉ.(പി) നമ്പർ 39/2010/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപനം നടപ്പിലാക്കിവരുന്നു.

ജൈവകൃഷി വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ ഇതിനായി സമഗ്ര ജൈവകൃഷി പദ്ധതി "ജൈവകൃഷിയും ഉത്തമ കൃഷി മുറകളും" എന്ന പേരിൽ സംസ്ഥാനത്തുടനീളം നടപ്പാക്കിവരുന്നു. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

I. സമഗ്ര ജൈവകൃഷി പദ്ധതി 2016-17

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ - സംസ്ഥാനത്തെ 14 ജില്ലകളിലും ജൈവകൃഷി ക്ലസ്റ്ററുകൾ രൂപീകരിക്കുകയും 15 മുതൽ 25 വരെ ഹെക്ടറുള്ള ഓരോ ക്ലസ്റ്ററിനും ഹെക്ടറിന് 3,000 രൂപ നിരക്കിൽ ധനസഹായം നൽകുകയും ചെയ്തു. പ്രസ്തുത 407 ക്ലസ്റ്ററുകൾക്ക് 305.61 ലക്ഷം രൂപ ചെലവഴിച്ചു. ഇത്തരം ക്ലസ്റ്ററുകളിലെ ഉൽപ്പന്നങ്ങൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി 'കേരള ഓർഗാനിക്' എന്ന ലേബലിൽ വിപണനം നടത്തുകയും ചെയ്തു.

2. ജൈവവള നിർമ്മാണ യൂണിറ്റ് - ഈ പദ്ധതി പ്രകാരം കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് ധനസഹായം നൽകി. ഇപ്രകാരം 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു. ഇതിനായി റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപയും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപയും എന്ന ക്രമത്തിൽ ആകെ 182.90 ലക്ഷം രൂപ ചെലവഴിച്ചു.

3. ഇക്കോ ഷോപ്പുകൾ- ജി.എ.പി. ക്ലസ്റ്ററുകളിൽ നിന്നും ഉൽപ്പാദിക്കപ്പെടുന്ന ജൈവ പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് 65 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ഇതിനായി 70 ലക്ഷം രൂപ ചെലവഴിക്കുകയും ജൈവ ക്ലസ്റ്ററുകളിൽ നിന്നും ശേഖരിക്കുന്ന ജി.എ.പി. ഉൽപ്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടി ഇക്കോ ഷോപ്പ് മുഖാന്തരം വിൽപ്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ 11.64 ലക്ഷം രൂപ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകുകയും ചെയ്തു.

4. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം - ഉത്തമ പരിചരണമുറ ക്ലസ്റ്ററുകളിൽനിന്നും സംഭരിച്ച പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട 18 ക്ലസ്റ്ററുകൾക്കായി 57.36 ലക്ഷം രൂപ ചെലവഴിച്ചു.

5. ജൈവ കാർഷിക മണ്ഡലം അവാർഡ് - ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക

മണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ, രണ്ടാം സമ്മാനം 10 ലക്ഷം രൂപ, മൂന്നാം സമ്മാനം 5 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ), മുനിസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ), ഗ്രാമപഞ്ചായത്ത് (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ) എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തി.

II സമഗ്ര ജൈവകൃഷി 2017-18

നടപ്പ് സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനും 1000 ലക്ഷം രൂപ വകയിരുത്തി സമഗ്ര ജൈവകൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ - 15 മുതൽ 25 ഹെക്ടർ വരെയുള്ള 155 ജി.എ.പി. ക്ലസ്റ്ററുകളാണ് പുതുതായി ഈ വർഷം രൂപീകരിക്കുന്നത്. ഇവയ്ക്ക് ഹെക്ടർ ഒന്നിന് 3,000 രൂപ ധനസഹായം നൽകുന്നുണ്ട്. 141 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

2. ഇക്കോ ഷോപ്പുകൾ - ജി.എ.പി. വഴി ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് നടപ്പു സാമ്പത്തിക വർഷം പുതുതായി 150 ഇക്കോ ഷോപ്പുകളാണ് സ്ഥാപിക്കുന്നത്.

3. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം - ജി.എ.പി. വഴി ക്ലസ്റ്ററുകൾ ഉൽപ്പാദിക്കുന്ന പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് 17 തെരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകൾക്ക് ക്ലസ്റ്റർ ഒന്നിന് 3 ലക്ഷം രൂപ നിരക്കിൽ 50 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്.

4. പദ്ധതി സംബന്ധിച്ച് ഡോക്യുമെന്റേഷൻ ഫീൽഡ് വിസിറ്റ്, ട്രാൻസ്പോർട്ടേഷൻ എന്നിവയ്ക്കായി 20 ലക്ഷം രൂപ ചെലവഴിക്കുന്നു.

5. ജൈവ കാർഷിക മണ്ഡലം അവാർഡ് - 2016-17-ലേതുപോലെ അവാർഡുകൾ ഈ വർഷവും ഏർപ്പെടുത്തിയിട്ടുണ്ട്.

6. കാസർഗോർഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ - കാസർഗോർഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ്. സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. പദ്ധതി നിർവ്വഹണം വി.എഫ്.പി.സി.കെ.യാണ് നിർവ്വഹിക്കുന്നത്.

7. കുട്ടനാട് ജി.എ.പി. പദ്ധതി - കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 64 പഞ്ചായത്തുകൾ ഉൾപ്പെടുന്ന 42000 ഹെക്ടർ നെൽപ്പാടശേഖരത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

കൂടാതെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിത നഗരി പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോ ബാഗുകളും തൈകളും ലഭ്യമാക്കി വരുന്നു. കൗൺസിൽ ഉദ്യോഗസ്ഥർ സാങ്കേതിക ഉപദേശങ്ങളും നൽകിവരുന്നു.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള ഐ.സി.എസ്. ജൈവ സർട്ടിഫിക്കേഷനോടുകൂടി ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്‌മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 2014-15 മുതൽ സംസ്ഥാനത്ത് സഹായം നൽകി വരുന്നു. കുരുമുളക്, പൈനാപ്പിൾ, ഏലം, കശുമാവ്, കൊക്കോ, മഞ്ഞൾ, ഇഞ്ചി, തേയില, കാപ്പി എന്നീ വിളകൾ കേന്ദ്രീകരിച്ചാണ് ജൈവകൃഷി നടപ്പിലാക്കുന്നത്.

(ബി) പച്ചക്കറി ഉൽപ്പാദന രംഗത്ത് പൊതുജന പങ്കാളിത്തത്തോടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പച്ചക്കറി വികസന പദ്ധതി. ടി പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ പച്ചക്കറി ഉൽപ്പാദനത്തിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിക്കായി 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതുപ്രകാരം താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
3. സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി
4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ
5. ജില്ലാ ക്ലസ്റ്റർ വികസനം
6. സാങ്കേതിക സഹായവും കരാർ നിയമനവും
7. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
8. നഴ്സറികൾ സ്ഥാപിക്കൽ
9. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും
10. പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം
11. പച്ചക്കറി കൃഷിക്കുവേണ്ടി 'മിനി-പോളീ ഹൗസ്'-കളുടെ പ്രോത്സാഹനം
12. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ
13. കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം
14. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം
15. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
16. 'സേഫ്-ടു-ഈറ്റ്-ബ്രാൻഡിംഗ്' പദ്ധതിവഴി സഹായം
17. അവാർഡ് വിതരണം
18. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം
19. മഴമറ നിർമ്മാണം
20. പദ്ധതിയുടെ ബാഹ്യ നിരീക്ഷണം
21. ഡിജിറ്റൽ ഡോക്യുമെന്റേഷൻ

22. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള അധിക സഹായം

23. വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം. ജൈവ പച്ചക്കറി കൃഷി ഒരു ജനകീയ സംരംഭമാക്കാൻ ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ച 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതിക്ക് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ വെണ്ട ചീര, മുളക്, വഴുതന, പയർ തുടങ്ങിയ അഞ്ചിനം പച്ചക്കറികളുടെ വിത്തു പായ്ക്കറ്റുകൾ ലഭ്യമാക്കി. വീട്ടുവളപ്പിലെ കൃഷിക്കായി 40 ലക്ഷം പച്ചക്കറി വിത്തുകിറ്റുകളും മാധ്യമങ്ങൾ വഴി 12 ലക്ഷം കിറ്റുകളും എൻ.ജി.ഒ. മുഖേന 5 ലക്ഷം പച്ചക്കറി വിത്തുകിറ്റുകളും ലഭ്യമാക്കി. സെക്രട്ടേറിയറ്റിന് മുമ്പിൽ 500 ഗ്രോ ബാഗുകളിൽ പച്ചക്കറിത്തൈ നട്ടു. കൂടാതെ തൃശ്ശൂരിൽ നടന്ന വൈഗ ശിൽപ്പശാല, സംസ്ഥാന സ്കൂൾ യുവജനോത്സവം എന്നിവിടങ്ങളിൽ തൈ വിതരണം നടത്തുകയുണ്ടായി. സംസ്ഥാനത്തുടനീളം സർക്കാർ മേഖലയുമായി ബന്ധപ്പെട്ട് വിവിധ മേളകളിൽ പങ്കെടുക്കുകയും പച്ചക്കറി വിത്തുകൾ/നടീൽ വസ്തുക്കൾ, ജൈവവളങ്ങൾ, മറ്റ് ഉൽപ്പാദനോപാധികൾ എന്നിവയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

(സി) ജി.എ.പി. അവലംബിച്ച് കാർഷിക കൂട്ടായ്മയിലൂടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് വിഷരഹിത പച്ചക്കറികൾ പരമാവധി ഉൽപ്പാദിപ്പിക്കുന്നതിനും അവയുടെ സംഭരണം, വിപണനം എന്നിവ ഫലപ്രദമാക്കി മികച്ച വരുമാനം കർഷകർക്ക് ഉറപ്പുവരുത്തുന്നതിനും ഉതകുന്ന തരത്തിലാണ് സമഗ്ര ജൈവകൃഷി പദ്ധതി 2016-17, 2017-18 വർഷങ്ങളിൽ നടപ്പാക്കിക്കൊണ്ടുവരുന്നത്.

പ്രസ്തുത സമഗ്ര ജൈവകൃഷി പദ്ധതികൾ പ്രകാരം വിഷരഹിത പച്ചക്കറികളുടെ ഉൽപ്പാദനം ഉറപ്പാക്കുന്നതിന് നല്ല കൃഷി പരിചരണ മുറകൾ അനുവർത്തിച്ച് ജൈവകൃഷി ക്ലസ്റ്ററടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. ഇതിനു പുറമെ മാർക്കറ്റുകൾ, ഇക്കോ ഷോപ്പുകൾ കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽനിന്ന് ജൈവകൃഷി പദ്ധതിയുടെ ഭാഗമായി "സേഫ്-ടു-ഈറ്റ്" എന്ന ഘടകം ഉൾപ്പെടുത്തി പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന 'കീടനാശിനി അവശിഷ്ട വിഷാംശ' പരിശോധനാ ലാബിൽ പരിശോധിച്ച് ഫലം പരസ്യപ്പെടുത്തുന്നു. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവയുടെ വെബ്സൈറ്റുകൾ വഴിയും പരിശോധനാ ഫലം പ്രസിദ്ധപ്പെടുത്തുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇത്തരത്തിൽ പരിശോധനാ

ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇത് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിഷലിപ്തമായ പച്ചക്കറികളുടെ ഉൽപ്പാദനത്തിൽ നിയന്ത്രണം വരുത്തുന്നതിനും ഒരു പരിധിവരെ സഹായിക്കുന്നുണ്ട്. കൂടാതെ കീടനാശിനികളുടെ അമിത ഉപയോഗവും നിയന്ത്രിത കീടനാശിനികളുടെ ഉപയോഗവും തടയുന്നതിന് ജില്ലാതലത്തിലും മേഖലാ തലത്തിലും വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

സമഗ്ര ജൈവകൃഷി പദ്ധതിയിൽ നല്ല കൃഷി പരിചരണ മുറകളിലൂടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ക്ലസ്റ്ററടിസ്ഥാനത്തിൽ ശേഖരിച്ച് വിപണനം നടത്തുന്നതിന് സമഗ്ര ജൈവകൃഷി പദ്ധതിയിൽ ഇക്കോ ഷോപ്പുകളും നേരിട്ടുള്ള വിപണികളും പ്രവർത്തിക്കുന്നു.

നേരിട്ടുള്ള വിപണിയിലേയ്ക്ക് ക്ലസ്റ്ററുകളിൽനിന്നും ഉൽപ്പന്നങ്ങൾ കർഷകരിൽനിന്നും നേരിട്ട് ശേഖരിച്ച് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ചും വിൽപ്പന നടത്തുന്നു.

**കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാനായി സഹായം**

14 (*133) ശ്രീ. കെ. വി.അബ്ദുൾ ഖാദർ:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാനായി പദ്ധതി പദ്ധതിയേതര വിഭാഗങ്ങളിൽ എന്തെല്ലാം സഹായം നൽകിയെന്ന് വിശദമാക്കാമോ;

(ബി) വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകാനായി പ്രതിമാസം എത്ര തുക വേണ്ടിവരുമെന്ന് അറിയിക്കാമോ; കുടിശ്ശികയുൾപ്പെടെയുള്ള പെൻഷൻ വിതരണത്തിന് ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) ചെലവ് വൻതോതിൽ വർദ്ധിക്കുകയും വരുമാനം ആനുപാതികമായി വർദ്ധിക്കാതിരിക്കുകയും ചെയ്യുന്നതാണ് കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നമെന്നതിനാൽ കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുൾപ്പെടെ എടുത്തിട്ടുള്ള 13.5 ശതമാനം വരെ പലിശ വരുന്ന വായ്പകൾ പുനഃക്രമീകരിച്ച് ന്യായ പലിശ നിരക്കിലുള്ള ദീർഘകാല വായ്പയായി മാറ്റാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ഈ സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി 44.68 കോടി രൂപ 2017-18 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനായി പദ്ധതിയേതര വിഹിതമായി ഈ സാമ്പത്തിക വർഷം ഇതുവരെ 810 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകാനായി പ്രതിമാസം 60 കോടി രൂപ വേണ്ടി വരും. സർക്കാർ മുൻകൈ എടുത്ത് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന കുടിശ്ശിക പെൻഷൻ വിതരണം നടത്തിവരികയാണ്. ഈ പ്രക്രിയ 2018 ജൂലൈ വരെ തുടരുന്നതാണ്.

(സി) സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശ നിരക്കിലും കുറഞ്ഞകാലം തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. കെ.ടി.ഡി.എഫ്.സി.യിൽ നിന്നുമുൾപ്പെടെ എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് 9% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും മാറ്റുവാനുള്ള നടപടി പുരോഗമിക്കുന്നു. ഇത് യാഥാർത്ഥ്യമായിക്കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിലും വിപണനത്തിലും കുടുംബശ്രീ പങ്കാളിത്തം

15 (*134) ശ്രീമതി പി. അയിഷാ പോറ്റി:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നയങ്ങൾകൊണ്ട് ഗ്രാമസമ്പദ് വ്യവസ്ഥ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനായി, കാർഷിക മൂല്യ വർദ്ധിതോല്പന്നങ്ങളുടെ വ്യാപനത്തിനും ഭക്ഷ്യസംസ്കരണ വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനുമായി പതിനായിരക്കണക്കിന് സ്ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിയുന്നതും, വലിയ മുതൽ മുടക്കോ പരിസ്ഥിതി പ്രശ്നങ്ങളോ ഉണ്ടാക്കാത്തവയുമായ കുടിൽ വ്യവസായങ്ങളും സൂക്ഷ്മ വ്യവസായങ്ങളും തുടങ്ങാൻ കുടുംബശ്രീ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മദ്ധ്യപൂർവേഷ്യൻ രാജ്യങ്ങളുൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ കുടുംബശ്രീ ഉൽപന്നങ്ങൾ വിപണനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഉല്പന്നങ്ങൾക്കുണ്ടാകേണ്ട അന്താരാഷ്ട്ര മാനദണ്ഡ പ്രകാരമുള്ള നിലവാരം പാലിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണ്;

(സി) ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുമായി ചേർന്ന് കർഷക മിനി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സൂക്ഷ്മ സംരംഭങ്ങളുടെ ഭാഗമായി 3000-ത്തോളം ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. 880 ഫ്ലോർ യൂണിറ്റുകൾ, 1397 സ്നാക്സ് യൂണിറ്റുകൾ, 650 മറ്റ് ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ എന്നിവയാണ് കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നത്. ഇതുവഴി പതിനായിരത്തിലധികം സ്ത്രീകൾക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. ഈ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കുടുംബശ്രീയുടെ ആഴ്ച്ചചന്തകളിലൂടെയും മാസച്ചന്തകളിലൂടെയും മറ്റ് ഫെയറുകളിലൂടെയും വിറ്റഴിക്കുന്നുണ്ട്. ഇവ കൂടാതെ കുടുംബശ്രീയുടെ നേതൃത്വത്തിൽ നെല്ല് സംസ്കരണ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കാർഷിക രംഗത്തെ മൂല്യവർദ്ധന പദ്ധതികൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി വരുന്ന വർഷം ഏത്തക്കയിൽ നിന്നുള്ള മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനോടൊപ്പം 14 ജില്ലകളിലുമായി 17 ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിലൂടെ കാർഷിക വിളകളുടെ മൂല്യവർദ്ധനം പ്രായോഗിക തലത്തിൽ എത്തിക്കുന്നതിന് സാധിക്കും.

(ബി) ഉണ്ട്. 'കമോൺ കേരള' എന്ന പരിപാടിയുടെ ഭാഗമായി ഷാർജ ഫെസ്റ്റിവൽ കഫേ യൂണിറ്റുകളെ പങ്കെടുപ്പിക്കാനും കൊമേഴ്സ്യൽ സ്റ്റാൾ ഒരുക്കുന്നതിനും ആയതിലൂടെ നിരവധി വിപണന സാദ്ധ്യതകളെക്കുറിച്ച് ചർച്ചകൾ നടത്താനും സാധിച്ചു. കുടുംബശ്രീ ഉൽപ്പന്നങ്ങൾ യു.എ.ഇ. മാർക്കറ്റിൽ വിപണനം നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആദ്യപടിയായി,

തെരഞ്ഞെടുക്കപ്പെട്ട ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും പായ്ക്കിംഗും മെച്ചപ്പെടുത്തുവാനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവാനും ക്രമേണ വിപണനത്തിലേയ്ക്ക് കടക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സംരംഭകർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. കൊല്ലത്തെ കെ.എസ്.ഐ.ഡി.സി.യുമായി സഹകരിച്ചാണ് പായ്ക്കിംഗും ലേബലിംഗും മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(സി) ഇല്ല. ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുമായി ചേർന്ന് ബ്രഹ്മഗിരിയുടെ വിവിധ ഔട്ട്ലെറ്റുകളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിന് ധാരണയിലെത്തിയിട്ടുണ്ട്.

**കാർഷിക മേഖലയുടെ വികസനം**

16 (*136) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കാർഷിക മേഖലയുടെ വികസനത്തിൽ കൃഷി വകുപ്പിന്റെ ഇടപെടൽ കാര്യക്ഷമമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാർഷികവൃത്തിയുടെയും കൃഷിയുടെയും പുനരുജ്ജീവനത്തിന് ഏതൊക്കെ തലങ്ങളിലാണ് കൃഷി വകുപ്പ് സംഭാവന നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഓരോ പദ്ധതികളിൽനിന്നും കർഷകർക്ക് ലഭ്യമാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) കൃഷിയോഗ്യമായ ഭൂമി, മാപ്പിംഗ് നടത്തി വിവരങ്ങൾ ലഭ്യമാക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സംസ്ഥാന, ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ നിരന്തരമായി വിലയിരുത്തി കാര്യക്ഷമമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഉൽപ്പാദനം, വിജ്ഞാന വ്യാപനം, പരിശീലനം, യന്ത്രവൽക്കരണം, മൂല്യവർദ്ധനവ്, വിപണനം, കർഷക ക്ഷേമം എന്നീ തലങ്ങളിൽ കർഷകരെ സഹായിക്കുന്ന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിയ്ക്ക് പുറമെ സുഗന്ധവിളകൾ പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി ഗുണമേന്മയുള്ള ഉൽപ്പാദനോപാധികൾ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് ശ്രദ്ധിക്കുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക രംഗത്തെ സാങ്കേതികവിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് പരിശീലനം സിദ്ധിച്ച കർഷക തൊഴിലാളികളുടെയും യന്ത്രങ്ങളുടെയും സേവനം, 64 അഗ്രോ സർവ്വീസുകൾ, 200 കാർഷിക കർമ്മസേനകൾ എന്നിവ മുഖാന്തരം കർഷകർക്ക് ലഭ്യമാക്കിവരുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു.

(സി) കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നെൽകൃഷി വികസന പദ്ധതി
2. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ പ്രോത്സാഹനത്തിനുള്ള പദ്ധതി
3. പച്ചക്കറി കൃഷി വികസന പദ്ധതി
4. നാളികേര വികസന പദ്ധതി
5. സുഗന്ധവിള വികസന പദ്ധതി
6. ഹൈടെക് അഗ്രികൾച്ചർ
7. പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതി
8. മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉൽപ്പാദന ക്ഷമത ഉയർത്തുന്നതിനുമുള്ള പദ്ധതി
9. വിള ആരോഗ്യ പരിപാലന പദ്ധതി
10. ജൈവകൃഷിയും ഉത്തമ കൃഷിമുറകളും
11. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും

12. കാർഷിക വിജ്ഞാനവ്യാപനം

13. കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും

14. വിള ഇൻഷ്വറൻസ് പദ്ധതി

15. പ്രകൃതിക്ഷോഭങ്ങളും കീടരോഗങ്ങളും അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പരിപാടി

16. ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനും പരമ്പരാഗത വിള ഇനങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി

17. കാർഷിക വിളകളുടെ വിപണി വികസനം

18. കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും

19. പ്രത്യേക കാർഷിക മേഖലാ പദ്ധതി

20. വയനാട് പാക്കേജ് പദ്ധതി

21. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ.

(ഡി) സാമ്പത്തിക സഹായം, വിത്ത്, തൈകൾ, വളം പരിശീലനം, പഠനയാത്രകൾ, കാർഷിക ഉപകരണങ്ങൾക്ക് സബ്സിഡി എന്നിവ ലഭ്യമാക്കുന്നു.

(ഇ) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ 159 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡാറ്റാ ബാങ്ക് ഉപഗ്രഹ സംവിധാനത്തിന്റെ സഹായത്തോടെ മാപ്പിംഗ് നടത്തി സ്ഥിരീകരിക്കുന്നതിനായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തി. ഇപ്രകാരം 88 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡാറ്റാ ബാങ്ക് സ്ഥിരീകരിക്കുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള ഡാറ്റാ ബാങ്കിന്റെ ശാസ്ത്രീയ പരിശോധന പുരോഗമിച്ചുവരുന്നു.

കൂടാതെ സംസ്ഥാന ഭൂവിനിയോഗ ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തി ഭൂവിനിയോഗ ഭൂപടം തയ്യാറാക്കുന്നതിന്റെ ഭാഗമായി കൃഷി യോഗ്യമായ ഭൂമിയുടെ മാപ്പിംഗ് നടത്തിയിട്ടുണ്ട്.

1. പഞ്ചായത്ത് വിഭവ ഭൂപടം തയ്യാറാക്കൽ

2. ലാൻഡ് യൂസ് ലാൻഡ് കവർ മാപ്പിംഗ്

3. ഭൂവിഭവ വിവര സംവിധാനം

## നെൽകൃഷിയുടെ വ്യാപ്തിയിലുണ്ടായ പുരോഗതി

17 (*137) ശ്രീ. ആർ. രാജേഷ്:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. സി. കെ. ശശീന്ദ്രൻ:

ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം മിഷന്റെ ഭാഗമായി നെൽകൃഷിയുടെ വ്യാപ്തിയിൽ ഉണ്ടാക്കാനായ പുരോഗതി അറിയിക്കാമോ; ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും വർദ്ധനവുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നെല്ല് സംഭരണത്തിലെ പോരായ്മകൾ നികത്തിക്കൊണ്ടും വിലക്കുറവിൽ നല്ലയിനം വിത്തും വളവും ലഭ്യമാക്കിയും പരിസ്ഥിതിക്ക് നാശം വരുത്താത്ത രീതിയിലുള്ള കീടനിയന്ത്രണത്തിന് വേണ്ട ഫലപ്രദമായ മാർഗ്ഗങ്ങൾ വ്യാപിപ്പിച്ചുകൊണ്ടും നെൽകൃഷി സാമൂഹ്യ ഉത്തരവാദിത്തമെന്ന നിലയിൽ നിന്ന് ആകർഷകമായ ജീവിതോപാധിയായി മാറ്റിത്തീർക്കാൻ ഏത് വിധത്തിലുള്ള ഇടപെടലുകൾ നടത്താനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ;

(സി) നെൽകൃഷിക്കായി പ്രത്യേക കാർഷിക മേഖലകൾ പ്രഖ്യാപിച്ചതിന്റെയടിസ്ഥാനത്തിൽ ഈ മേഖലകളിൽ നൽകി വരുന്ന പ്രോത്സാഹനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി നെൽകൃഷിയുടെ വിസ്തൃതിയിലും നെല്ലുൽപ്പാദനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തരിശുനില കൃഷി, കരനെൽകൃഷി എന്നിവയിലൂടെയാണ് ഇത് സാദ്ധ്യമായിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷത്തിൽ 15,000 ഏക്കർ സ്ഥലം അധികമായി നെൽകൃഷിയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. 2017-18 സാമ്പത്തിക വർഷം 13,000 ഏക്കർ നെൽപ്പാടങ്ങൾ കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 28000 ഏക്കർ സ്ഥലത്ത് തരിശുനില കൃഷി ആരംഭിച്ചു. 2015-16 വർഷത്തിൽ 196870 ഹെക്ടർ ആയിരുന്നു നെൽകൃഷിയുടെ വിസ്തീർണ്ണം. കൃഷി വകുപ്പിന്റെ കണക്കനുസരിച്ച് 2017-18-ൽ 220449 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. ഇതുപോലെ 2015-16-ൽ ശരാശരി ഒരു ഹെക്ടറിൽ നിന്ന് 4.29 ടൺ നെല്ല് (2.79 ടൺ അരി) ഉൽപ്പാദിപ്പിച്ചിരുന്നപ്പോൾ ഇപ്പോൾ ശരാശരി വിളവ് ഹെക്ടറൊന്നിന് 4.65 ടൺ നെല്ലാണ് (3.02 ടൺ അരി) കണക്കാക്കുന്നത്. ഇതു സംബന്ധിച്ച അന്തിമ കണക്കുകൾ ലഭിക്കാറാകുന്നതേയുള്ളൂ.

(ബി) നെല്ല് സംഭരണത്തിലെ പോരായ്മകൾ നികത്തുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ നെല്ല് സംഭരിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

ഉൽപ്പാദനോപാധികൾ വാങ്ങുന്നതിന് ജനകീയാസൂത്രണ പദ്ധതികൾ, സർക്കാർ പ്ലാൻ പദ്ധതികൾ എന്നിവയിലൂടെ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനും കൃഷി ഓഫീസർ ബാദ്ധ്യസ്ഥനാണ്. അതിനുപുറമേ കൃഷി വകുപ്പിനുകീഴിൽ അതിനായി ഒരു എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നു. വളം, കീടനാശിനി ഡിപ്പോകളിൽ സ്ക്വാഡുകൾ പരിശോധന നടത്തുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്തുവരുന്നുണ്ട്.

നെൽകൃഷിയിൽ മാത്രമല്ല സമഗ്രമായി എല്ലാ കാർഷിക വിളകൾക്കും പരിസ്ഥിതി സൗഹൃദ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളാണ് അനുവർത്തിച്ചു വരുന്നത്.

ആയതിനാവശ്യമായ ഉൽപ്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുകയും കർഷകർക്ക് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

കൃഷി ആകർഷകമായ ജീവിതോപാധിയാക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പുറമേ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കേണ്ടിയുമിരിക്കുന്നു. നെല്ലിന് നിലവിൽ ഏകീകരിച്ച സംഭരണ വിലയാണുള്ളത്. എന്നാൽ പൊക്കാളി, മറ്റ് പ്രത്യേക നെല്ലിനങ്ങൾ എന്നിവയ്ക്ക് ഉൽപ്പാദനച്ചെലവ് കൂടുതലും ഉൽപ്പാദനം കുറവുമാണ്.

(സി) നെൽകൃഷിക്കായി പ്രഖ്യാപിച്ച പ്രത്യേക 7 കാർഷിക മേഖലകളിൽ 6 മേഖലകൾക്കാണ് നടപ്പുവർഷം ആനുകൂല്യങ്ങൾ നൽകുക. അടിസ്ഥാന സൗകര്യവികസനം നിർണ്ണായക പ്രാധാന്യമുള്ളതും മറ്റു പദ്ധതികളിലൂടെ ഏറ്റെടുത്തിട്ടില്ലാത്തതുമായ ഘടകങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുക. അപ്രകാരം ഓരോ മേഖലയ്ക്കും ചുവടെ പറയും പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നു:

കുട്ടനാട് മേഖലയ്ക്ക് പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് 101 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കോൾ മേഖലയ്ക്ക് പെട്ടിയും പറയും മാറ്റിവയ്ക്കുന്നതിനും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി 299.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പൊക്കാളി മേഖലയ്ക്ക് അടിസ്ഥാന സൗകര്യവികസനത്തിനായി 44.31 ലക്ഷം രൂപയാണുള്ളത്.

പാലക്കാട് മേഖലയ്ക്ക് ജൈവകൃഷി, ജൈവ ബിരിയാണി അരിയുടെ ബ്രാൻഡിംഗ്, കാർഷിക കർമ്മസേന ശക്തിപ്പെടുത്തൽ, അഗ്രോ സർവ്വീസ് സെന്ററിന് യന്ത്രോപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 60.82 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

വയനാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ, പരമ്പരാഗതമായി കൃഷി ചെയ്യുന്ന തനത് വിത്തിനങ്ങളുടെ സംരക്ഷണവും വർദ്ധനവും എന്നിവയ്ക്കായി 115 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

കായ്പ്പാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യവികസനത്തിനായി 32.9 ലക്ഷം രൂപയാണുള്ളത്.

**കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന ചെലവ്**

18 (*138) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദന ചെലവ് കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(ബി) നിലവിൽ നെൽകൃഷിയുടെ ഉല്പാദന ചെലവിന്റെ എത്ര ശതമാനമാണ് മിനിമം താങ്ങുവിലയായി കർഷകന് ലഭിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നാണ്യവിളകളിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വിദേശ വരുമാനം എത്രയാണെന്ന് അറിയിക്കുമോ; ഏറ്റവും അധികം വിദേശ വരുമാനം നേടിത്തരുന്ന നാണ്യവിള ഏതാണെന്ന് വ്യക്തമാക്കുമോ;

(ഡി) നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയിൽ കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഉണ്ടായിട്ടുള്ള കുറവ് എത്രയാണെന്ന് അറിയിക്കുമോ; ഈ കുറവിന് ആനുപാതികമായി ഉല്പാദനത്തിൽ വന്നിട്ടുള്ള വ്യത്യാസം എത്രയാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാനച്ചെലവ് കണക്കാക്കുന്നത് താഴെപ്പറയുന്ന വിധമാണ്:

വിളകളുടെ കൃഷിച്ചെലവുകൾ 4 വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

ചെലവ് - എ, ചെലവ് - ബി1, ചെലവ് - ബി, ചെലവ് - സി എന്നിവയാണ് നാല് വിഭാഗങ്ങൾ

I. ചെലവ് - എ

ഉൽപ്പാദകർ ധനമായി വില/കൂലി നൽകേണ്ട ചെലവുകളുടെ ആകെ തുകയാണ് ചെലവ് - എ. ഇതിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ഇനി പറയുന്നു:

1. കൂലിത്തൊഴിലാളികളുടെ വേതനം.
2. കന്നുകാലികളെ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളുടെ (ഉഴവ് തുടങ്ങിയവ) കൂലി.
3. യന്ത്രോപകരണങ്ങളുടെ വാടക.
4. വിത്ത്/തൈകളുടെ വില.
5. ജൈവ, രാസവളങ്ങളുടെ വില.
6. സസ്യ സംരക്ഷണ ചെലവുകൾ.
7. ഭൂനികുതി, ജലസേചന കരം.
8. പണിയായുധങ്ങൾ/യന്ത്രോപകരണങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുള്ള ചെലവ്.
9. പ്രവർത്തന മൂലധനത്തിന്റെ പലിശ.
10. മറ്റ് ചെലവുകൾ

II. ചെലവ് - ബി1

ചെലവ് എ-യോടൊപ്പം ഭൂമി ഒഴികെയുള്ള സ്ഥിരം ആസ്തികളുടെ (ഉദാ: യന്ത്രങ്ങൾ) വിലയിന്മേലുള്ള പലിശ കൂടി കൂട്ടുമ്പോൾ, ചെലവ് ബി-1 ലഭിക്കുന്നു.

III. ചെലവ് - ബി

ചെലവ് ബി-1-നോടൊപ്പം ഭൂമി വിലയിന്മേലുള്ള പലിശ കൂടി ചേർക്കുമ്പോൾ ചെലവ് ബി ലഭിക്കുന്നു.

IV. <u>ചെലവ് - സി</u>

ചെലവ് ബി-യോടൊപ്പം കുടുംബാംഗങ്ങളുടെ അദ്ധ്വാനത്തിന്റെ മൂല്യം കണക്കാക്കിയതു കൂടി ചേർക്കുമ്പോൾ ചെലവ് - സി ലഭിക്കുന്നു.

(ബി) കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ്സ് ആൻഡ് പ്രൈസസ് (സി.എ.സി.പി.)-യുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2018 സീസണിൽ നെല്ലിന്റെ താങ്ങുവില ക്വിന്റലിന് 1,550 രൂപയായി (ഉൽപ്പാദനച്ചെലവിന്റെ 138.76%) കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

(സി) 2016-ലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അവലോകന റിപ്പോർട്ടനുസരിച്ച് നാണ്യവിളകളിൽനിന്നും സംസ്ഥാനത്തിന് ലഭിച്ച വിദേശ വരുമാനം 8496.19 കോടി രൂപയാണ്. ഏറ്റവും അധികം വരുമാനം സുഗന്ധ വിളകളിൽ നിന്നുമായിരുന്നു.

(ഡി) 2012-13 വർഷത്തിൽ 197,277 ഹെക്ടർ ഉണ്ടായിരുന്ന നെൽകൃഷി 2016-17 വർഷത്തിൽ 171,398 ഹെക്ടറായി കുറഞ്ഞു. ഈ കുറവിന് ആനുപാതികമായി 2012-13 വർഷത്തിലുണ്ടായിരുന്ന 508299 ടൺ ഉൽപ്പാദനം 2016-17 വർഷത്തിൽ 436483 ടൺ ആയി കുറഞ്ഞു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉൽപാനം (ടൺ) |
|---|---|---|
| 2012-13 | 197277 | 508299 |
| 2013-14 | 199611 | 564325 |
| 2014-15 | 198159 | 562092 |
| 2015-16 | 196870 | 549275 |
| 2016-17 | 171398 | 436483 |

ഇതുവരെയുള്ള നക്കൽ കണക്കുകൾ പ്രകാരം 2017-18 വർഷത്തിൽ സംസ്ഥാനത്തിലുടനീളം ആകെ 220449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**കർഷക ആത്മഹത്യകൾ ഒഴിവാക്കാൻ നടപടി**

19 (*139) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കെണിയിലായ പാവപ്പെട്ട കർഷകരുടെ വായ്പ ഇളവിനുവേണ്ട തുക സംസ്ഥാന സർക്കാരുകൾ കണ്ടെത്തണമെന്ന കേന്ദ്രസർക്കാർ നയം കൊണ്ട് രാജ്യത്തുണ്ടാകുന്ന കർഷക ആത്മഹത്യകൾ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കാനായി സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) ചെറുകിട കൃഷിക്കാരുടെ അഞ്ചുസെന്റും ആയിരം ചതുരശ്ര അടി വരെയുള്ള വീടും സർഫെയ്സി നിയമപ്രകാരം ജപ്തി ചെയ്യരുതെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) ജനിതകമാറ്റം വരുത്തിയ വിളകൾ വഴിയും കരാർ കൃഷി വ്യാപകമാക്കിയും കുത്തക വിപണന ശൃംഖലകളിലൂടെ കാർഷിക വിപണിയെ നിയന്ത്രിച്ചുകൊണ്ടും കാർഷിക രംഗത്ത് കമ്പനിവൽക്കരണത്തിന് ഇടവരുത്തിയ കേന്ദ്ര സർക്കാർ നയങ്ങൾക്ക് ബദലായി കർഷക കൂട്ടായ്മ സൃഷ്ടിച്ച് ആധുനിക കൃഷിമുറകളും കാര്യക്ഷമമായ വിപണനതന്ത്രങ്ങളും പ്രാവർത്തികമാക്കാൻ വേണ്ട സഹായം നൽകാൻ സാധിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കർഷക ആത്മഹത്യകൾ തടയുന്നതിനായി കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുകൾ പ്രകാരം കർഷകരുടെ 18-01-2007-നുമുമ്പുള്ള വായ്പയും പലിശയും സർക്കാർ ഏറ്റെടുത്ത് കർഷകർക്ക് ആനുകൂല്യം നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാ വായ്പകളിലുമേലുമുള്ള ജപ്തി നടപടികൾക്ക് 2017 മേയ് 31 വരെ മൊറട്ടോറിയം അനുവദിച്ചിരുന്നു.

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരഫെഡ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങൾവഴി നെല്ല്, നാളികേരം, പച്ചക്കറി തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് കർഷകർക്ക് ന്യായവില ഉറപ്പാക്കിവരുന്നു. ഇതിനുപുറമെ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ 26 കാർഷിക വിളകൾക്ക് ഏറ്റവും കുറഞ്ഞ പ്രീമിയം തുക അടച്ച് ഏറ്റവും മികച്ച നഷ്ടപരിഹാരത്തുക നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ 60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി നിബന്ധനകൾക്ക് വിധേയമായി 1-4-2017 മുതൽ 1100 രൂപ കർഷക പെൻഷൻ നൽകി വരുന്നു. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി, ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി, കീട രോഗ നിയന്ത്രണ പദ്ധതികൾ തുടങ്ങിയവയും നടത്തിവരുന്നു.

(ബി) സർഫാസി നിയമത്തിന്റെ പരിധിയിൽനിന്ന് 5 സെന്റിൽ കവിയാത്ത ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കുന്നതിനായി ടി നിയമത്തിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിയമസഭ 21-8-2017-ന് പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിരുന്നുവെങ്കിലും മറുപടി ഒന്നും ലഭ്യമായിട്ടില്ല.

(സി) കർഷക കൂട്ടായ്മയുടെ സഹായത്തോടെ എല്ലാ ജില്ലകളിലും കൂടി 400 ആഴ്ച്ചച്ചന്തകളും 217 ഇക്കോ ഷോപ്പുകളും 105 കർഷകമിത്രയും ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെ.യുടെ ആഭിമുഖ്യത്തിലുള്ള 283 കാർഷിക വിപണികളിൽ 1,34,049 കർഷകർ അംഗങ്ങളാണ്. 2017-18-ൽ നാളിതുവരെ ഈ വിപണികളിലൂടെ 1.04 ലക്ഷം മെട്രിക് ടൺ പഴം-പച്ചക്കറി വിപണനം നടത്തിയിട്ടുണ്ട്. കാർഷിക മേഖലയിൽ ആവശ്യമായതെല്ലാം ഒരു കേന്ദ്രത്തിൽ ലഭിക്കുന്ന അഗ്രോ ഹൈപ്പർ മാർക്കറ്റ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കീഴിൽ തൃശ്ശൂർ ജില്ലയിലെ ചെമ്പുകാവിലെ അഗ്രികൾച്ചറൽ കോംപ്ലക്സിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന വിവിധ വിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുന്നതിനായി അതാത് വിളകൾക്കുവേണ്ടി അഗ്രോ പാർക്കുകൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സിയാൽ മോഡലിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാനുള്ള നടപടികൾ**

20 (*140) ശ്രീ. എസ്. ശർമ്മ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമായ പൊതുമേഖലാ വ്യവസായമെന്ന നിലയിലേക്ക് ഉയർത്തിയെടുക്കാൻ സാമ്പത്തിക പുനഃക്രമീകരണത്തോടൊപ്പം സർക്കാർ നടത്താനുദ്ദേശിക്കുന്ന പുനരുദ്ധാരണ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) കുറഞ്ഞ വാഹന വിനിയോഗവും ഇന്ധനക്ഷമതയും പരിഹരിക്കുന്നതിനും മാനവവിഭവശേഷിയുടെ യുക്തിസഹമായ വിനിയോഗത്തിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(സി) മൂവായിരം കോടി രൂപ മൂലധന നിക്ഷേപ രൂപത്തിൽ നൽകിക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കാനായി പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; പുതിയ ബസുകൾ വാങ്ങുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ഡി) ചെലവ് കുറഞ്ഞ ഇന്ധനമെന്ന നിലയിൽ സി.എൻ.ജി. ബസുകൾ വാങ്ങാൻ ആലോചിച്ചിരുന്നത് ഒഴിവാക്കിയോ; എങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. വർക്ക്ഷോപ്പുകൾ ആധുനിക വൽക്കരിക്കുക, അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ബസ് ബോഡി നിർമ്മാണം, ടയർ റീ-ട്രേഡിംഗ്, എഞ്ചിൻ റീ-കണ്ടിഷനിംഗ്, വാഹന ഉപയോഗ നിരക്ക്, ഇന്ധനക്ഷമത (fuel efficiency) എന്നിവ ദേശീയ ശരാശരിയിലേയ്ക്ക് ഉയർത്തുക, ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുക, ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുക, തുടങ്ങിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽ നിന്നും 324 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255

ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനഃരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന്റെയും പൊതുജനങ്ങളിൽ പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷാനയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസുകൾ ഇതിനോടകം തന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ്സ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്ക് പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇന്ധനക്ഷമത ദേശീയ ശരാശരിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി

ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)-മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യുവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തു. ജീവനക്കാർക്ക് പ്രചോദനം എന്ന നിലയിൽ 5 കിലോമീറ്ററിനു മുകളിൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപയുടെ പ്രതിദിന ഇൻസെന്റീവ് നടപ്പിലാക്കുകയും ചെയ്തു. മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയക്രമം ബസുകൾ സർവ്വീസ് കഴിഞ്ഞുവരുന്ന സമയത്തിന് അനുസൃതമായി പുനഃക്രമീകരിച്ചു. ഇതുവഴി ഫ്ളീറ്റ് യൂട്ടിലൈസേഷൻ ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) 3 വർഷം കൊണ്ട് മൊത്തം 3000 കോടി രൂപ പാക്കേജിന്റെ ഭാഗമായി പല രൂപത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ ലഭ്യമാക്കുമെന്ന് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം കിഫ്ബിയിൽ നിന്നും 21-12-2017-ലെ Order No. APR-4/321/2017/KIIFB പ്രകാരം 324 കോടി രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്.

(ഡി) ഒഴിവാക്കിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

21 (*141) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുടങ്ങിയ പെൻഷൻ നൽകുന്നതിന് സഹകരണ ബാങ്കുകളുടെ കൺസോർഷ്യവുമായി കെ.എസ്.ആർ.ടി.സി. ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) എത്ര മാസത്തെ പെൻഷൻ കുടിശ്ശികയും പെൻഷനുമാണ് സഹകരണ ബാങ്കുകൾ വഴി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിനായി കെ.എസ്.ആർ.ടി.സി. പലിശയിനത്തിൽ എന്ത് തുക സഹകരണ ബാങ്കുകൾക്ക് നൽകേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ ധനസഹായത്തിൽ നിന്ന് സഹകരണ സംഘങ്ങൾ പെൻഷനായി നൽകുന്ന തുക തട്ടിക്കിഴിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാധ്യതയുടെ അൻപത് ശതമാനം വീതം സർക്കാരും കെ.എസ്.ആർ.ടി.സി.യും വഹിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശം നിലവിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി, പെൻഷൻ നൽകുന്നതിനുള്ള ബാധ്യത സഹകരണ സംഘങ്ങൾക്ക് കൈമാറിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>):

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പെൻഷൻ നൽകുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീവസ്, സർക്കാർ, കെ.എസ്.ആർ.ടി.സി. എന്നിവർ ചേർന്ന് ധാരണാ പത്രം ഒപ്പുവെച്ചിട്ടുണ്ട്. നിലവിൽ കുടിശ്ശികയുള്ള അഞ്ച് മാസത്തെ പെൻഷൻ വിതരണം നടത്തിക്കഴിഞ്ഞു. തുടർന്ന് 2018 ജൂലൈ വരെയുള്ള പ്രതിമാസ പെൻഷനും പ്രസ്തുത ധാരണ പ്രകാരം വിതരണം ചെയ്യുന്നതാണ്.

(ബി & സി) കുടിശ്ശികയുള്ള അഞ്ച് മാസത്തെ പെൻഷനും തുടർന്ന് 2018 ജൂലൈ വരെയുള്ള പ്രതിമാസ പെൻഷനുമാണ് സഹകരണ ബാങ്കുകൾ വഴി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. സഹകരണ ബാങ്കുകൾ മുഖേന വിതരണം നടത്തിയ പെൻഷൻ തുക, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ ധനസഹായത്തിൽനിന്നും 10% പലിശ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്.

(ഡി & ഇ) ഇത്തരത്തിലുള്ള ഒരു നിർദ്ദേശം നിലവിലില്ല.

## റോഡപകടങ്ങളുടെ തോത് കുറയ്ക്കുന്നതിന് നടപടി

22 (*142) ശ്രീ. വി. ടി.ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളുടെ തോത് ഈ വർഷം പത്ത് ശതമാനവും വരുന്ന മൂന്ന് വർഷംകൊണ്ട് ഇരുപത്തിയഞ്ച് ശതമാനവും കുറയ്ക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) മോട്ടോർ വെഹിക്കിൾ വകുപ്പും കേരളാ പൊലീസും സംയുക്തമായി നടപ്പാക്കിയ ശുഭയാത്ര പദ്ധതി വിജയകരമാണോയെന്ന് വ്യക്തമാക്കുമോ;

(സി) നാഷണൽ ഹൈവേകളിലും സ്റ്റേറ്റ് ഹൈവേകളിലും നടക്കുന്നതിനേക്കാൾ കൂടുതൽ അപകടങ്ങൾ മറ്റ് റോഡുകളിൽ ഉണ്ടാകുന്നതിനാൽ അത്തരം റോഡുകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാനും അപകടങ്ങളുടെ തോത് കുറയ്ക്കുവാനുള്ള നടപടി സ്വീകരിക്കുവാനും ആലോചിക്കുന്നുണ്ടോ;

(ഡി) ഹെൽമെറ്റ് ധരിക്കാതെയും സീറ്റ് ബെൽറ്റ് ഇടാതെയും വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശോധനകൾ സംഘടിപ്പിച്ചുവരുന്നു. ഇതു കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. അതുവഴി അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു. നിലവിൽ നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറാ നിരീക്ഷണ സംവിധാനത്തിലാണ്. ഈ മേഖലയിലെ സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ചുവരുന്നു. ഇവ കൂടാതെ വാളയാർ-വടക്കാഞ്ചേരി നാഷണൽ ഹൈവേയിൽ ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ സംവിധാനം നടപ്പിൽ വരുത്തുന്നതിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുവഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിതവേഗത,

ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ട് മാറ്റിയുള്ള സർവ്വീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനും നിയമലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. ആയതുവഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കാൻ സാധിക്കും. കൂടാതെ നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹനക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹനക്ഷമതാ പരിശോധനാ കേന്ദ്രങ്ങൾ എന്നിവ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ്-പബ്ലിക് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിത വേഗത, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കുന്നതുമാണ്. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കിവരുന്നു.

ബഹു. സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് കെ. എസ്. രാധാകൃഷ്ണൻ ചെയർമാനായുള്ള റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം റോഡപകടങ്ങളുടെ നിരക്ക് 10% എങ്കിലും കുറച്ചുകൊണ്ടുവരികയെന്ന ലക്ഷ്യം മുൻനിർത്തി ജില്ലാ കളക്ടർമാർ അദ്ധ്യക്ഷൻമാരായുള്ള ജില്ല റോഡ് സുരക്ഷാ കൗൺസിലുകളോട് എല്ലാ മാസവും രണ്ടാം ബുധനാഴ്ച കൗൺസിൽ യോഗം ചേരുവാനും റോഡ് സുരക്ഷാ സംബന്ധമായ നടപടികൾ സ്വീകരിക്കുവാനും ആയതിന്റെ റിപ്പോർട്ട് അയച്ചുതരാനും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിവിധ റോഡ് സുരക്ഷാ കൗൺസിലുകൾ അയച്ചുവരുന്നു. ഇതിനുപുറമെ റോഡപകട നിരക്ക് കുറയ്ക്കുന്നതിനായി ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പോലീസ്-മോട്ടോർ വാഹന വകുപ്പുകൾക്ക് റോഡപകട നിരക്ക് കുറയ്ക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേരളത്തിലെ നിരത്തുകളിൽ നാറ്റ്പാക് കണ്ടെത്തിയ 275 ബ്ലാക്ക് സ്പോട്ടുകളിൽ സംസ്ഥാന പാതകൾക്ക് പുറമെയുള്ള പാതകളിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ പുതുതായി നിയമിക്കപ്പെട്ട സാങ്കേതിക വിദഗ്ദ്ധർ മോട്ടോർ വാഹന-പോലീസ്-പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് പരിഹാര നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുപുറമെ റോഡ് സുരക്ഷാ സംബന്ധമായ അനുബന്ധ വകുപ്പുകളുടെ ശിപാർശകൾക്ക് റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ തീരുമാനത്തിന് വിധേയമായി ഫണ്ട് അനുവദിച്ചുവരുന്നു.

(ബി) ശുഭയാത്രാ പദ്ധതി പോലീസ് വകുപ്പിന്റെ പദ്ധതിയാണ്. ഇത് ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വിവിധ ജില്ലകളിലെ അപകട സാദ്ധ്യത കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി കണ്ണൂർ, എറണാകുളം, കോട്ടയം, കൊല്ലം, തൃശ്ശൂർ ജില്ലകളിലെ വിവിധ റോഡുകളിൽ വാർഷിക പദ്ധതിയുടെ ഭാഗമായി ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. ഇതുകൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിതവേഗത എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനും നിയമലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. ആയതുവഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കാൻ സാധിക്കും. അതുകൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽ നിന്നും ശക്തമാക്കുന്നതാണ്. ഇവ കൂടാതെ പൊതുജന പങ്കാളിത്തത്തോടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ തേർഡ് ഐ എന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾ നൽകുന്ന ട്രാഫിക് നിയമലംഘനങ്ങൾ സംബന്ധമായ ഫോട്ടോ ഉപയോഗിച്ച് കുറ്റക്കാർക്കെതിരെ നടപടികൾ സ്വീരിക്കുന്ന സംവിധാനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ബ്ലാക്ക് സ്പോട്ടുകളിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മുനഗണനാക്രമം നൽകിയ 46 ബ്ലാക്ക് സ്പോട്ടുകളിൽ 12 എണ്ണം ഇതര പാതകളിലാണ്. കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ സാങ്കേതിക പരിജ്ഞാനമുള്ള ഓഫീസർ പൊതുമരാമത്ത്-മോട്ടോർ വാഹന-പോലീസ് വകുപ്പുകളുടെ സഹായത്തോടെ ഇവയിൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാതെ വാഹനം ഓടിക്കുന്നവർക്ക് പിഴ നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി പ്രത്യേകം പരിശോധനകളും സംഘടിപ്പിച്ചുവരുന്നു. ഇത്തരക്കാർക്ക് പിഴ ഈടാക്കുന്നതിനോടൊപ്പം രണ്ട് മണിക്കൂറിൽ കുറയാത്ത ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്ന കാര്യവും പരിഗണിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം

23 (*143) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ.സുരേഷ് കുറുപ്പ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യുടെ പുനഃരുദ്ധാരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനായി ജീവനക്കാരുടെ സമ്പൂർണ്ണ സഹകരണം ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഉദ്പാദനക്ഷമത ദേശീയ ശരാശരിക്കൊപ്പം ഉയർത്തുന്നതിന് എന്തെല്ലാം കർമപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ഡി) വരുമാന വർധന ലക്ഷ്യമാക്കി, കെ.എസ്.ആർ.ടി.സി.ക്ക് പുതിയ ബസുകൾ വാങ്ങാൻ കിഫ്ബി മുഖേന തുക ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിനായി പ്രശ്നങ്ങൾ പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയുമാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും

ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന്റെയും പൊതുജനങ്ങളിൽ പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസുകൾ ഇതിനോടകം തന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ്സ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ചും ബൈപാസ് റോഡുകൾ ഉപയോഗപ്പെടുത്തിയും കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ എന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പുതിയ ഡ്യൂട്ടിക്രമം നിശ്ചയിച്ചതിനുശേഷം ശരാശരി 78% ആയിരുന്ന fleet utilization ഇപ്പോൾ 87% ആയി ഉയർന്നിട്ടുണ്ട്. ജീവനക്കാരുടെ കുറവുമൂലം idling ആയിരുന്ന ബസ്സുകളുടെ എണ്ണം ആനുപാതികമായി കുറഞ്ഞതുകാരണവും കൂടുതൽ

സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കഴിഞ്ഞതുമൂലവും 50 ലക്ഷം രൂപയുടെ വർദ്ധനവ് പ്രതിദിനം ലഭ്യമായിട്ടുണ്ട്. കൂടാതെ മെക്കാനിക്കൽ വിഭാഗത്തിലെ ജോബ് നോംസ് ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓഫ്-റോഡ് നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിലേയ്ക്കായി ഫ്ലോട്ട് സംവിധാനത്തിൽ വാഹന ഘടകങ്ങൾ സ്പെയർ ആയി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. ഗ്യാരേജ് നവീകരണത്തിനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ആധുനിക ഉപകരണങ്ങളായ Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ ശിപാർശ പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ മാനേജ്മെന്റ് പ്രൊഫഷണലൈസ് ചെയ്യുന്നതിനായി ഒരു ജനറൽ മാനേജർ (ടെക്നിക്കൽ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ),3 ചാർട്ടേർഡ് അക്കൗണ്ടന്റ് എന്നിവരെ കെ.എസ്.ആർ.ടി.സി.-യിൽ നിയമിച്ചിട്ടുണ്ട്. ഇതിൽ ഡെപ്യൂട്ടി ജനറൽ മാനേജരും രണ്ട് ചാർട്ടേർഡ് അക്കൗണ്ടന്റുമാരും ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞു. പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നോഡൽ ഓഫീസറായി ഡെപ്യൂട്ടി ജനറൽ മാനേജരെ ചുമതലപ്പെടുത്തുകയും കോർപ്പറേഷന്റെ സാമ്പത്തിക പുനഃസംഘടനയ്ക്കായി ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മുൻഗണനാക്രമത്തിൽ കോർപ്പറേഷനിൽ നടപ്പാക്കേണ്ട റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനും ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിലേയ്ക്കായി സമ്പൂർണ്ണ സഹകരണം ലഭ്യമാക്കാൻ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി യോഗം ചേരുകയും ഉണ്ടായിട്ടുണ്ട്.

(സി) മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ ജീവനക്കാർക്കും സിംഗിൾ ഡ്യൂട്ടി പാറ്റേൺ നടപ്പിലാക്കുവാനും ദീർഘദൂര സർവ്വീസുകൾക്ക് നിയമാനുസൃതം crew change സംവിധാനം നടപ്പിലാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ വർക്ക് ഷോപ്പുകളിലും അദ്ധ്വാനഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിന് മാത്രമായി നിയോഗിക്കുകയും ചെയ്തു. ജീവനക്കാർക്ക് പ്രചോദനം എന്ന നിലയിൽ 5 കിലോ മീറ്ററിന് മുകളിൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപയുടെ പ്രതിദിന ഇൻസെന്റീവ് നടപ്പിലാക്കുകയും ചെയ്തു. മെക്കാനിക്കൽ ജീവനക്കാരുടെ ഡ്യൂട്ടി സമയക്രമം സർവ്വീസ് കഴിഞ്ഞുവരുന്ന ബസ്സുകളുടെ സമയത്തിന് അനുസൃതമായി പുനഃക്രമീകരിച്ചു. ഇതുവഴി ഫ്ളീറ്റ് യൂട്ടിലൈസേഷൻ ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തി. ആയതിന്റെ കരട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. കേന്ദ്ര സർക്കാർ ബസ്സുകളുടെ സുരക്ഷാമാനദണ്ഡങ്ങൾ പുനർനിർണ്ണയിച്ചതിനാൽ ആയത് പ്രകാരം AIS 052 അനുസരിച്ച് ബസ്സ് ബോഡി നിർമ്മാണത്തിലെ ഉൽപ്പാദനക്ഷമത ദേശീയ ശരാശരി നിലവാരത്തിൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ച് തദ്വാര വരുമാനം ഉയർത്തി കെ.എസ്.ആർ.ടി.സി.-യുടെ പുനഃസംഘടന ഫലപ്രദമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-ക്ക് 900 ഡീസൽ ബസുകൾ വാങ്ങുന്നതിനും 24-8-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 70/2017/ഗതാ പ്രകാരം കിഫ്ബിയിൽ നിന്നും പണം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 25-8-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 398/2017/ഗതാ പ്രകാരം കെ.എസ്.ആർ.ടി.സി.-യെ ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് കിറ്റ്കോയെ(Kerala Industrial and Technical Consultancy Organization Ltd) ചുമതലപ്പെടുത്തുകയും ആയതിന്റെ DPR അംഗീകരിച്ച് കിഫ്ബിയിൽ നിന്നും 21-12-2017-ലെ Order No. APR-4/321/2017/KIIFB പ്രകാരം 324 കോടി രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

## നെൽകൃഷി വികസനം

24 (*144) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. കെ. ശശി :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണബോർഡ് പതിമൂന്നാം പഞ്ചവത്സര പദ്ധതി നയരേഖയിൽ കേരളത്തിലെ നെൽ കൃഷി വികസനത്തിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഈ സർക്കാർ ഇതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) സർക്കാർ ഇടപെടലിന്റെ ഫലമായി നെൽകൃഷി മേഖലയിൽ ഇതുവരെ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കർഷകർക്ക് കൂടുതൽ ആകർഷകമാകത്തക്ക വിധത്തിലാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ നെൽകൃഷിക്കുള്ള ആനുകൂല്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത്. തരിശുനില കൃഷി, കരനെൽകൃഷി, സവിശേഷ ഇനം നെല്ലിന്റെ വ്യാപനം, ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിലൂടെയുള്ള കൃഷി എന്നിവയ്ക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. പ്രധാന ലക്ഷ്യം പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആക്കുക എന്നതാണ്. പ്ലാൻ പദ്ധതിയിലെ വിടവുകൾ ആർ.കെ.വി.വൈ.-യിലെ ഘടകങ്ങൾ ഉപയോഗപ്പെടുത്തി നടപ്പാക്കുന്നതാണ്.

(ബി) ഈ സാമ്പത്തിക വർഷം സർക്കാർ സമഗ്ര നെൽകൃഷി വികസന പദ്ധതിക്കായി 70 കോടി രൂപ വകയിരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തരിശുനില കൃഷി, കരനെൽകൃഷി എന്നിവയെല്ലാം വളരെ നല്ല പ്രവർത്തനം കാഴ്ചവയ്ക്കാനും നൽകിയിരുന്ന ഭൗതിക ലക്ഷ്യത്തിൽ കൂടുതൽ കൈവരിക്കാനും കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷത്തിൽ പുതിയതായി 15,000 ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 13,000 ഏക്കർ നെൽപ്പാടങ്ങളിൽ പുതിയതായി കൃഷി ഇറക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ ആകെ 2,20,449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) 2015-16 സാമ്പത്തിക വർഷം 192,449 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്തിരുന്നത്. ആയത് കൃഷി വകുപ്പിന്റെ നക്കൽ കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തോടെ 220,449.375 ഹെക്ടർ ആക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 2956.7 ഹെക്ടർ സ്ഥലത്താണ് തരിശുനിലത്തിലെ കൃഷി ഉദ്ദേശിച്ചിരുന്നത്. 5223 ഹെക്ടർ ഭൗതിക നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ലക്ഷ്യമിട്ട 2500 ഹെക്ടറിന്റെ സ്ഥാനത്ത് 2723.05 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യിപ്പിക്കുവാൻ സാധിച്ചു. ഒരുപ്പൂ കൃഷി ഇരുപ്പൂകൃഷി ആക്കുന്നതിനായി 1500 ഹെക്ടറിന് ധനസഹായം നൽകുന്നതിനായിരുന്നു വ്യവസ്ഥ. 2252.04 ഹെക്ടർ സ്ഥലത്ത് ഇത് നടപ്പാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 20 മാസത്തിനുള്ളിൽ തരിശുനില കൃഷി, കരനെൽകൃഷി, ഒരുപ്പൂ-ഇരുപ്പൂവാക്കൽ തുടങ്ങിയ പദ്ധതികളിലൂടെ 28,000 ഏക്കർ നെൽവയലുകളിൽ കൃഷി പുതിയതായി ചെയ്തിട്ടുണ്ട്.

**നെൽകൃഷി വികസനത്തിനായി സ്വീകരിക്കുന്ന നടപടികൾ**

25 (*145) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എം. ഉമ്മർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രതികൂല കാലാവസ്ഥയുടെ അനന്തരഫലമായി നെല്ല് ഉല്പാദനത്തിൽ ഗണ്യമായ കുറവ് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പാടശേഖരങ്ങൾ വ്യാപകമായി മണ്ണിട്ട് നികത്തുന്നത് തടയാൻ കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ലക്ഷ്യം നിറവേറുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ഈ നൂറ്റാണ്ടിലെ ഏറ്റവും കഠിനമായ വരൾച്ചമൂലം 2016-17 സാമ്പത്തിക വർഷം രണ്ടാം വിള കാലത്തും

തുടർന്നും നെൽകൃഷി വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായിരുന്നു. വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെങ്കിലും ഉണക്കു ബാധിച്ച് നഷ്ടപ്പെട്ടിരുന്നു. തിരുവനന്തപുരം ജില്ലയിൽ 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ ഉണങ്ങിപ്പോയിരുന്നു. ഇതിനുപുറമേ പാലക്കാട് ജില്ലയിൽ 13990 ഹെക്ടർ സ്ഥലത്ത് വിതയ്ക്കാൻ സാധിക്കാതെ പോകുകയും ചെയ്തു.

2017-18 വർഷം നാളിതുവരെ അപ്രകാരം ഉണക്ക് രേഖപ്പെടുത്തിയിട്ടില്ല.

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന ഉടൻതന്നെ നടപടി സ്വീകരിക്കുന്നതിനായി റവന്യൂ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വരുത്തിയ പുതിയ ഭേദഗതി പ്രകാരം നെൽവയലുകൾ പരിവർത്തനപ്പെടുത്തുന്നത് ജാമ്യമില്ലാത്ത കുറ്റമായി പരിഗണിക്കുകയും തരിശിടുന്ന നെൽവയലുകൾ കൃഷി ചെയ്യുന്നതിനോ കൃഷി ചെയ്യാൻ അനുവദിക്കുന്നതിനോ ഉടമസ്ഥരെ നിർബന്ധിതരാക്കുന്നതിനും അല്ലാത്തപക്ഷം കൃഷി ചെയ്യുന്നതിനുള്ള അവകാശം അനുവദിച്ച് നൽകുന്നതിന് റവന്യൂ അധികാരികൾക്ക് അനുവാദം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സമഗ്ര നെൽകൃഷി വികസന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 70 കോടി രൂപ വകയിരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തരിശുനില കൃഷി, കരനെൽകൃഷി എന്നിവയിലെല്ലാം വളരെ നല്ല പ്രവർത്തനം കാഴ്ചവയ്ക്കാനും നൽകിയിരുന്ന ഭൗതിക ലക്ഷ്യത്തിൽ കൂടുതൽ കൈവരിക്കാനും കഴിഞ്ഞു.

### പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ

26 (*146) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും പൈതൃക ശേഷിപ്പുകളുടെയും സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സാംസ്കാരിക അടയാളങ്ങളും പൈതൃക സ്മാരകങ്ങളും വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ നാശോന്മുഖമായി കൊണ്ടിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നശിച്ചുകഴിഞ്ഞാൽ പുനഃസൃഷ്ടിക്കാൻ കഴിയാത്ത ഇത്തരം സ്മാരകങ്ങളെ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ):

(എ & ബി) ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചുവരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം സ്ട്രക്ചറൽ കൺസർവേഷൻ, ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് പ്രധാനമായും ഏറ്റെടുത്ത് നടത്തിവരുന്നത്. പത്മനാഭപുരം കൊട്ടാരം, വയനാട് ഇടക്കൽ ഗുഹ എന്നിവ യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിൽ പത്മനാഭപുരം കൊട്ടാരം യുനെസ്കോയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്ന പുരാവസ്തുക്കളുടേയും പൈതൃക ശേഷിപ്പുകളുടേയും സംരക്ഷണത്തിനും ആയവ ജനങ്ങളിൽ ദൃശ്യവൽക്കരിക്കുന്നതിനും അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്മാരകങ്ങളും ചരിത്ര ശേഷിപ്പുകളും ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയവ സംരക്ഷിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പരിസ്ഥിതി സൗഹൃദ ഇന്ധന വാഹനങ്ങൾ

27 (*147) ശ്രീ. പി. ടി. തോമസ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനപ്പെരുപ്പം മൂലമുള്ള അന്തരീക്ഷ മലിനീകരണം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പത്ത് വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ നിരത്തിൽനിന്നും ഒഴിവാക്കണമെന്ന ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിധിക്കെതിരെ സ്റ്റേ നിലവിലുണ്ടെങ്കിലും പ്രസ്തുത വിധിയുടെ അന്തഃസത്ത കണക്കിലെടുത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള കാര്യങ്ങൾ വിശദമാക്കുമോ;

(സി) സി.എൻ.ജി., എൽ.എൻ.ജി., വൈദ്യുതി തുടങ്ങിയ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) സി.എൻ.ജി. ഉപയോഗിക്കുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കും എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) പഴയ വാഹനങ്ങളിൽ നിന്നുള്ള വായുമലിനീകരണം തടയുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ളതുമായ സ്വകാര്യ വാഹനങ്ങൾക്കും 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ളതുമായ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മർദ്ദിത പ്രകൃതി വാതകവും (സി.എൻ.ജി) ഇന്ധനമായി ഉപയോഗിക്കാൻ വേണ്ട നടപടികൾ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടുണ്ട്. 1-4-2017 മുതൽ കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന ആൾ ഇന്ത്യ പെർമിറ്റ് വാഹനങ്ങൾ ഒഴികെയുള്ള 4 ചക്രങ്ങളോ അതിൽ കൂടുതലോ ഉള്ള വാഹനങ്ങൾ BSIV നിലവാരത്തിലുള്ളതായിരിക്കണമെന്ന് കേന്ദ്ര സർക്കാർ വിജ്ഞാപനം ഇറക്കിയിരുന്നു. 1-4-2017 മുതൽ സംസ്ഥാനത്ത് വിൽക്കുന്ന എല്ലാത്തരം വാഹനങ്ങളും രജിസ്റ്റർ ചെയ്യുന്ന സമയത്ത് BSIV

നിലവാരത്തിലുള്ളതായിരിക്കണമെന്ന് മോട്ടോർ വാഹന വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ പൊല്യൂഷൻ ടെസ്റ്റിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എല്ലാ പൊല്യൂഷൻ ടെസ്റ്റിംഗ് സെന്ററുകളെയും ഓൺലൈൻ സംവിധാനത്തിലൂടെ നിയന്ത്രിച്ച് പൊലൂഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ഒരു ഏകീകൃത സമ്പ്രദായം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഒന്നോ രണ്ടോ യാത്രക്കാർ മാത്രമുള്ള സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് പകരം ധാരാളം യാത്രക്കാരെ കയറ്റി കൊണ്ടുപോകുന്ന കെ.എസ്.ആർ.ടി.സി. പോലുള്ള പൊതുഗതാഗതത്തെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. വാഹനപ്പെരുപ്പംമൂലമുള്ള അന്തരീക്ഷ മലിനീകരണം കുറയുന്നത് പൊതുഗതാഗതം ശക്തിപ്പെടുമ്പോഴാണ്.

(ബി) 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സ്വകാര്യ ബസുകൾക്ക് പെർമിറ്റ് പുതുക്കി നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിച്ചിട്ടുള്ള ഇ-വാഹനങ്ങൾ (ഇ-റിക്ഷ, ഇ-കാർ, ഇ-ബൈക്ക്) സംസ്ഥാനത്തുടനീളം വിപണനം നടത്തുന്നതിനും വിൽപ്പനാനന്തര സേവനം നൽകുന്നതിനും ഇരുപത്തിയഞ്ച് വാഹന നിർമ്മാണ കമ്പനികൾക്ക് മോട്ടോർ വാഹന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇ-റിക്ഷ ഓടിക്കുന്ന ഡ്രൈവർമാർക്ക് ലൈസൻസിന് പുറമേ ബാഡ്ജ് വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് ആവശ്യമില്ല എന്നും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനാൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി./ സി.എൻ.ജി. ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും നിലവിലെ വാർഷിക നികുതി 500 രൂപയിൽ നിന്ന് 450 രൂപയായി കുറയ്ക്കുവാനും പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങൾക്ക് 5 വർഷത്തേയ്ക്ക് 2,000 രൂപ എന്ന നിരക്കിൽ നികുതി ഈടാക്കുവാനും 2018-19-ലേയ്ക്കുള്ള ബജറ്റ് പ്രസംഗത്തിൽ നിർദ്ദേശമുണ്ട്. ഇ-റിക്ഷകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഓട്ടോറിക്ഷകളുടെ നികുതി നിരക്ക് ഇത്തരം വാഹനങ്ങൾക്ക് ഏർപ്പെടുത്തുവാനും തീരുമാനമുണ്ട്.

സി.എൻ.ജി. ഉപയോഗിച്ചോടുന്ന വാഹനങ്ങളെ പൊതുനിരത്തിൽ തിരിച്ചറിയുന്നതിനായി ടി വാഹനങ്ങൾക്ക് പ്രത്യേകം നിറം നൽകുന്ന കാര്യവും മോട്ടോർ വാഹന വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) സി.എൻ.ജി. ഇന്ധനം ഉപയോഗിച്ചോടിക്കാവുന്ന ഒരു ബസ് പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. വാങ്ങിച്ചിട്ടുണ്ടെങ്കിലും അത് ഇതുവരെ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാത്തതുമൂലമുള്ള സി.എൻ.ജി. ഇന്ധനത്തിന്റെ ലഭ്യത ഇല്ലായ്മയാണ് കാരണം.

## സമഗ്ര ശുചിത്വ പദ്ധതി

28 (*148) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന ജനപങ്കാളിത്തത്തോടെയുള്ള സമഗ്ര ശുചിത്വ പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എല്ലാ പഞ്ചായത്തുകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി 2017 ആഗസ്റ്റ് 6 മുതൽ 13 വരെ സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി ഫീൽഡുതല ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും തുടർന്ന് 2017 ആഗസ്റ്റ് 15-ന് "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" പ്രഖ്യാപനം നടത്തുകയും തുടർ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

(ബി) ഹരിത കേരളം മിഷന്റെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന ഫീൽഡുതല ക്യാമ്പയിൻ പ്രവർത്തനങ്ങളാണ് "മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം" എന്നതിലൂടെ നടപ്പിലാക്കിയത്. തുടർന്നും, ക്യാമ്പയിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തി നിലവിലെ മാലിന്യ സംസ്കരണത്തിന്റെ അവസ്ഥാ നിർണ്ണയ പഠനം നടത്തുക, ഓരോ വീട്ടിലും സ്ഥാപനത്തിലും ഉൽപ്പാദിപ്പിക്കുന്ന മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കുന്നു എന്ന് മനസ്സിലാക്കുക, ഉറവിടത്തിൽ

തന്നെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനനുയോജ്യമായ സേവന സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് പരിചയപ്പെടുത്തുക, ഇവയുടെ പ്രാധാന്യം സംബന്ധിച്ച് ബോധവൽക്കരണം നടത്തുക എന്നീ പ്രവർത്തനങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി 2017 ആഗസ്റ്റ് 15-ന് വൈകുന്നേരം 4 മണി മുതൽ 7 മണി വരെ വാർഡ് തലത്തിൽ ശുചിത്വ സംഗമം നടത്തി വാർഡിലെ മാലിന്യ സംസ്കരണ അവസ്ഥാ നിർണ്ണയ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് "മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം" പ്രതിജ്ഞ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന പ്രദേശങ്ങൾ മാലിന്യ രഹിതമാക്കുകയും ഇതിലൂടെ മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം നേടുക എന്ന ആത്യന്തിക ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്ക് പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുള്ളത്.

(സി) മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം എന്ന ക്യാമ്പയിൻ പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകുകയും പ്രസ്തുത പദ്ധതിയിൽ 941 ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

**മ്യൂസിയങ്ങളുടെ വികസനം**

29 (*149) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള മ്യൂസിയങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മ്യൂസിയങ്ങളുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം ഏത്ര കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്;

(സി) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ):

(എ) പുരാവസ്തു വകുപ്പിന് കീഴിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തക്കല പത്മനാഭപുരം കൊട്ടാരത്തിൽ 52 ലക്ഷം രൂപയുടെയും കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ 42 ലക്ഷം രൂപയുടെയും തൃപ്പൂണിത്തുറ പുരാവസ്തു

മ്യൂസിയത്തിൽ 117 ലക്ഷം രൂപയുടെയും തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിൽ 60 ലക്ഷം രൂപയുടെയും കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിൽ 25 ലക്ഷം രൂപയുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന നേപ്പിയർ മ്യൂസിയത്തിൽ കെട്ടിടം പുനരുദ്ധാരണം നടത്തുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിലുള്ള സംരക്ഷിത പ്രവർത്തനങ്ങൾ നടന്നുവരുന്നു.

തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ രാജ്യാന്തര നിലവാരത്തിലുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വയനാട് ജില്ലയിലെ കങ്കിച്ചിറയിൽ പുതിയതായി ഹെറിറ്റേജ് മ്യൂസിയം നിർമ്മിച്ചുവരുന്നു. മ്യൂസിയം കെട്ടിടം നിർമ്മാണത്തിന്റെ 90% പൂർത്തിയായിക്കഴിഞ്ഞു. അടുത്ത ഘട്ടമായി ആധുനിക രീതിയിലുള്ള ഡിസ്പ്ലേ സംവിധാനം സജ്ജമാക്കുന്നതിന് ആവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് സർക്കാർ നോഡൽ ഏജൻസിയായ കേരള ചരിത്ര പൈതൃക മ്യൂസിയത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷിക്കാരായ സന്ദർശകരുടെ ആവശ്യത്തിനായി ലിഫ്റ്റ്, റാമ്പ്, പാർക്കിംഗ് സംവിധാനം, സ്പെഷ്യൽ ടോയ്‌ലെറ്റുകൾ എന്നിവ ഏർപ്പെടുത്തി. കൂടാതെ നേപ്പിയർ മ്യൂസിയത്തിൽ വിഭിന്ന ശേഷിക്കാർക്കായി ആധുനിക രീതിയിലുള്ള ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള പ്രദർശന വസ്തുക്കളുടെ വിവരങ്ങൾ, ഷോർട്ട് ഫിലിമുകൾ, ശ്രവ്യ സംവിധാനം, ലൈറ്റിംഗ് സംവിധാനങ്ങൾ തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കോഴിക്കോട് ആർട്ട് ഗ്യാലറി ആൻഡ് കൃഷ്ണമേനോൻ മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് ആദ്യമായി മ്യൂസിയം കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. ആയതിന്റെ സംരക്ഷിത പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

തിരുവനന്തപുരം നേപ്പിയർ മ്യൂസിയം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിത്തിന്റെ കൺസർവേഷൻ, പ്രദർശന വസ്തുക്കളുടെ സംരക്ഷണം, ഡിസ്‌പ്ലേ ആൻഡ് ലൈറ്റിംഗ് സംവിധാനം എന്നിവയുമായി ബന്ധപ്പെട്ട് വിദേശ യൂണിവേഴ്സിറ്റിയായ അപ്ലൈഡ് ആർട്ട്സ് ഓഫ് വിയന്നയിലെ പ്രഗത്ഭരുടെ

നേതൃത്വത്തിൽ നിരവധി വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും തൻനിമിത്തം ലഭിച്ച അറിവുകൾ ഉൾക്കൊണ്ട് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വരികയും ചെയ്യുന്നു.

തൃശ്ശൂർ സ്റ്റേറ്റ് മ്യൂസിയം, മൃഗശാലയിലെ ആർട്ട് മ്യൂസിയം എന്നിവയുടെ പുനരുദ്ധാരണം നട<u>ത്തു</u>ന്നതിന് കേരള നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുകയും ഇതിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

(ബി) പുരാവസ്തു വകുപ്പിലെ മ്യൂസിയങ്ങളുടെ നവീകരണത്തിനായി നടപ്പു സാമ്പത്തിക വർഷം മ്യൂസിയം വികസനവും പ്രദർശന തന്ത്രങ്ങളും എന്ന ശീർഷകത്തിൽ 6,50,00,000 (ആറു കോടി അൻപത് ലക്ഷം രൂപ) രൂപയും ജില്ലാ പൈതൃക മ്യൂസിയം എന്ന ശീർഷകത്തിൽ 5,00,00,000 (അഞ്ച് കോടി രൂപ) രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

മ്യൂസിയം മൃഗശാലാ വകുപ്പിലെ മ്യൂസിയങ്ങളുടെ വികസനത്തിനും നവീകരണത്തിനുമായി 12 കോടി രൂപയാണ് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

(സി) പുരാവസ്തു വകുപ്പ് സ്ഥാപിക്കാനുദ്ദേശിക്കുന്ന ജില്ലാ പൈതൃക മ്യൂസിയങ്ങളിൽ 6 ജില്ലകളിലെ ജില്ല പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പണികൾ കേരള മ്യൂസിയം ഏറ്റെടുത്തിട്ടുണ്ട്. അവയുടെ നിലവിലുള്ള ഘട്ടങ്ങൾ താഴെ പറയുന്നു:

<u>തിരുവനന്തപുരം:</u> ജില്ലാ പൈതൃക മ്യൂസിയം ശ്രീപാദം കൊട്ടാരത്തിലാണ് സ്ഥാപിക്കുന്നത്. കെട്ടിടത്തിന്റെ നവീകരണം അവസാന ഘട്ടത്തിലാണ്. നാലുകെട്ട്, കുളം എന്നിവയുടെ നവീകരണം പൂർത്തിയായി. മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള താൽപ്പര്യപത്രം അംഗീകരിച്ചു.

<u>പത്തനംതിട്ട:</u> ജില്ലാ പൈതൃക മ്യൂസിയം കോന്നി ആനത്താവളത്തിലാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കെട്ടിടങ്ങളുടെ നവീകരണം അവസാന ഘട്ടത്തിലാണ്. മ്യൂസിയം സ്ഥാപിക്കുന്നതിനാവശ്യമായ പുരാവസ്തുക്കളുടെ ശേഖരണം ആരംഭിച്ചു.

<u>എറണാകുളം</u>: ജില്ലാ പൈതൃക മ്യൂസിയം ഫോർട്ട് കൊച്ചിയിലെ ബാസ്റ്റ്യൻ ബംഗ്ലാവിലാണ് സ്ഥാപിക്കുന്നത്. മ്യൂസിയം സ്ഥാപിക്കുന്നത് ഭാഗികമായി പൂർത്തീകരിച്ചു. അന്താരാഷ്ട്ര നിലവാരത്തിൽ ടി മ്യൂസിയം സ്ഥാപിക്കുന്നതിന് വിദഗ്ധ സമിതിയുടെ നിർദ്ദേശ പ്രകാരം വിവിധ സ്ഥാപനങ്ങളിൽനിന്നും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

ഇടുക്കി: ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ കെട്ടിടത്തിലാണ് ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ പുരാവസ്തുക്കളുടെ ശേഖരണം നടത്തിവരുന്നു.

തൃശ്ശൂർ: ജില്ലാ പൈതൃക മ്യൂസിയം കൊല്ലംകോട് കൊട്ടാരത്തിലാണ് സ്ഥാപിക്കുന്നത്. പണികൾ പൂർത്തിയായി. വൈകാതെ പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കും.

പാലക്കാട്: ജില്ലാ പൈതൃക മ്യൂസിയം കൽപ്പാത്തിയിൽ പാലക്കാട് മണി അയ്യർ ഹാളിലാണ് സ്ഥാപിക്കുന്നത്. കെട്ടിടത്തിന്റെ നവീകരണം പൂർത്തിയായി. പ്രദർശനത്തിനായി സംഗീത ഉപകരണങ്ങൾ ശേഖരിച്ചിട്ടുണ്ട്. മ്യൂസിയം സജ്ജീകരണത്തിന് നടപടി സ്വീകരിച്ചുവരുന്നു.

വയനാട്:- ജില്ലാ പൈതൃക മ്യൂസിയം മാനന്തവാടി പഴശ്ശി കുടീരത്തിലാണ് സ്ഥാപിക്കുന്നത്. കെട്ടിടത്തിന്റെ നവീകരണം, ക്യാമറകൾ സ്ഥാപിക്കൽ എന്നിവ പൂർത്തിയായി. ചുറ്റുമതിൽ നിർമ്മാണം, സന്ദർശകർക്കുള്ള ശുചിമുറി നിർമ്മാണം എന്നിവ പുരോഗതിയിലാണ്. സന്ദർശകരെ അനുവദിച്ചിട്ടുണ്ട്.

**കുടുംബശ്രീയുടെ ശാക്തീകരണം**

30 (*150) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സംവിധാനം ശാക്തീകരിക്കാനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കുടുംബശ്രീയുടെ പ്രവർത്തനം കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യവികസനത്തിന് ഏറെ ഗുണം ചെയ്തെന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അയൽക്കൂട്ടങ്ങൾ പരമാവധി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സ്ത്രീകളെ, പ്രത്യേകിച്ച് ദുർബല വിഭാഗത്തിൽപ്പെട്ടവരെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കുന്നതിനായി പുതുതായി പ്രഖ്യാപിച്ച ഇരുപതിന പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി പാർശ്വവൽകൃതർ, അരക്ഷിത സമൂഹങ്ങളിൽ ഉൾപ്പെട്ടവർ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. തീരദേശ പഞ്ചായത്തുകളിൽ തീരദേശ വാർഡുകളിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 81 തീരദേശ വോളണ്ടിയർമാരെ നിയമിക്കുകയും ഇവരുടെ നേതൃത്വത്തിൽ ഈ മേഖലയിൽ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനായി വിപുലമായ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. അയൽക്കൂട്ടങ്ങൾക്ക് സ്വയം വിലയിരുത്തുന്നതിനും അയൽക്കൂട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി 'ദിശ 2017' എന്ന വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സബ് കമ്മിറ്റി കൺവീനർമാർ, എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നീ സി.ഡി.എസ്, എ.ഡി.എസ്. ഭാരവാഹികൾക്ക് സംഘടനാ സംവിധാന ശാക്തീകരണത്തിനുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള പദ്ധതി സംയോജനം ശക്തിപ്പെടുത്തിയതിലൂടെ 28.4 കോടി രൂപ അധികമായി കുടുംബശ്രീ അംഗങ്ങളുടെ ഉന്നമനത്തിനായി ലഭിച്ചു. കുടുംബശ്രീ സംഘടനാ സംവിധാനവും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി കൂടുതൽ സംയോജന പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പിന്തുണ നൽകുന്നതിനായി സമന്വയം-2017 എന്ന പേരിൽ പരിശീലന പരിപാടി നടപ്പിലാക്കി. കുടുംബശ്രീ സ്കൂളിന്റെ ഭാഗമായി 43 ലക്ഷം അംഗങ്ങൾ പങ്കെടുത്ത അനൗപചാരിക വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചു.

(ബി) 2018-19 സാമ്പത്തിക വർഷം അയൽക്കൂട്ട വർഷമായി ആചരിക്കുന്നതിന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

(സി) കുടുംബശ്രീയുടെ 20-ാം വാർഷികം 2018 മേയ് മാസത്തിൽ ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി 20 പുതിയ പദ്ധതികൾ ബഹു. ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സംഘടനാ ശാക്തീകരണം, സാമ്പത്തിക ശാക്തീകരണം, സ്ത്രീ ശാക്തീകരണം, സാമൂഹിക ശാക്തീകരണം തുടങ്ങിയ മേഖലകളിലെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഈ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിവിധ കേന്ദ്രങ്ങളിൽ ഒരുമിച്ച് കൃഷി

1 (1218) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത കാലയളവിൽ ഒരേ സമയത്ത് വിവിധ കേന്ദ്രങ്ങളിൽ ഒരുമിച്ച് കൃഷിയിറക്കുന്നത് ഉൽപ്പാദനത്തിനും വിപണനത്തിനും ഒരുപോലെ ഗുണകരമാവുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഈ വിധം കൃഷിയും വിളവെടുപ്പും, വിൽപ്പനയും ഏകോപിപ്പിക്കുന്നതിന് സർക്കാർ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(സി) എങ്കിൽ ഇതിനായി ഒരു കലണ്ടർ പുറത്തിറക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) എന്തൊക്കെ കാര്യങ്ങൾ ഉൾക്കൊള്ളിച്ചാകും പ്രസ്തുത കലണ്ടർതയ്യാറാക്കുകയെന്നും, എന്ന് മുതലാണ് ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൃഷികൾ ആസൂത്രണം ചെയ്യുകയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു നിശ്ചിത ഉൽപ്പാദന പ്ലാനിന്റെ അടിസ്ഥാനത്തിൽ കൃഷിയിറക്കുവാനും അതനുസരിച്ച് ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണന സംവിധാനം ഏകോപിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

(സി) ഉണ്ട്. സംസ്ഥാനത്തെ പച്ചക്കറി കൃഷി ഏകോപിപ്പിക്കുന്നതിനായി ഒരു കലണ്ടർ പുറത്തിറക്കിയിട്ടുണ്ട്.

(ഡി) താഴെപ്പറയുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് പച്ചക്കറി കൃഷി കലണ്ടർ തയ്യാറാക്കിയിട്ടുള്ളത്.

1. ഓരോ സീസണിലും ഓരോ പ്രദേശത്തും കൃഷി ചെയ്യേണ്ട വിളയുടെ വിവരം.
2. ഓരോ പ്രദേശത്തും ലഭ്യമാകുന്ന പച്ചക്കറികളുടെ വിവരം.
3. ഓരോ മാസവും സ്വീകരിക്കേണ്ട പരിചരണ മുറകൾ.

4. ഓരോ പ്രദേശത്തെയും വിപണിയുടെ മാസം തിരിച്ചുള്ള ആവശ്യകത.

5. ഓരോ പ്രദേശത്തും ഓരോ മാസവും ലഭ്യമാകുന്ന പ്രതീക്ഷിത ഉൽപ്പാദനത്തിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ.

2018-19 മുതൽ കലണ്ടറിന്റെ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

**സമഗ്ര കാർഷിക പദ്ധതി മുഖേനയുണ്ടായ പുരോഗതി**

2 (1219) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ.ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി അധികമായി നടത്തി എന്ന് വ്യക്തമാക്കാമോ;

(ബി) വരൾച്ച കാരണം കഴിഞ്ഞ വർഷം എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്താനായില്ലെന്ന് വ്യക്തമാക്കാമോ;

(സി) സമഗ്രകാർഷികപദ്ധതി മുഖേന കഴിഞ്ഞ വർഷം ഉണ്ടായ പുരോഗതി എന്തെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം പച്ചക്കറി കൃഷിയിൽ പുരോഗതി സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 വർഷം 15,000 ഏക്കർ (6,000 ഹെക്ടർ) സ്ഥലത്ത് പുതിയതായി നെൽകൃഷി നടത്തിയിട്ടുണ്ട്. തരിശുനില കൃഷി, കരനെൽകൃഷി എന്നീ പദ്ധതികളിലൂടെയാണ് പുതുതായി കൃഷി ചെയ്തത്.

(ബി) ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ച കാരണം കഴിഞ്ഞ വർഷം വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്ക് നാശം സംഭവിച്ചു. ഇതിനുപുറമേ തിരുവനന്തപുരം ജില്ലയിൽ 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ ഉണങ്ങിപ്പോയിരുന്നു. രൂക്ഷമായ വരൾച്ച കാരണം പാലക്കാട് ജില്ലയിൽ രണ്ടാം വിള കാലത്ത് ജില്ലാ വിള നിർണ്ണയ സമിതി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും കർഷകരെ ബോധവൽക്കരിക്കുകയും ചെയ്തതിൻ പ്രകാരം 13990 ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കിയില്ല.

(സി) വരൾച്ച കാരണം കഴിഞ്ഞ വർഷം 50917.62 ഹെക്ടർ സ്ഥലത്തെ കൃഷി നഷ്ടപ്പെടുകയോ കൃഷി ചെയ്യാൻ സാധിക്കാതെ വരികയോ ചെയ്തു. എന്നാൽ തരിശുനില കൃഷി നടപ്പിലാക്കിയതിലൂടെ 3,000 ഹെക്ടർ സ്ഥലവും കരനെൽകൃഷിയിലൂടെ 3,000 ഹെക്ടർ സ്ഥലവും അധികമായി കൃഷി യോഗ്യമാക്കിയിരുന്നു.

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് മുന്നോട്ടുവച്ച സമഗ്രമായ പദ്ധതിയാണ് പച്ചക്കറി വികസന പദ്ധതി. വിദ്യർത്ഥികൾ, വീട്ടമ്മമാർ, വിദ്യാലയങ്ങൾ, സ്ഥാപനങ്ങൾ, വാണിജ്യ കർഷകർ തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരെ പച്ചക്കറി കൃഷിയിലേയ്ക്ക് കൊണ്ടുവന്ന് പച്ചക്കറി ആവശ്യകതയുടെ 100 ശതമാനവും ലഭ്യമാക്കുക എന്നതും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വിഷലിപ്തമായ പച്ചക്കറിയുടെ വരവിനെ പരമാവധി കുറയ്ക്കുക എന്നതുമായിരുന്നു പദ്ധതിയുടെ ലക്ഷ്യം. 2016-17-ൽ സംസ്ഥാനത്ത് ആകെ 52830 ഹെക്ടർ പച്ചക്കറി കൃഷി നടത്തുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും ചെയ്തു.

2017-18 സാമ്പത്തിക വർഷം ഒന്നാം വിളയുടെയും രണ്ടാം വിളയുടെയും വിളവെടുപ്പ് കഴിഞ്ഞിട്ടുണ്ട്. ആയതുപ്രകാരം 52102 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽനിന്നും 6.3 ലക്ഷം മെട്രിക് ടണ്ണോളം പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. മൂന്നാംവിള കൃഷി നടന്നുവരുന്നു.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം പച്ചക്കറി കൃഷിയിൽ പുരോഗതി സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**വീഡിയോ കോൺഫറൻസ്‌വഴി കൃഷി വകുപ്പ് യോഗങ്ങൾ**

3 (1220) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് വച്ച് മാസത്തിൽ വിവിധ യോഗങ്ങൾ നടക്കുന്നതിനാൽ പ്രസ്തുത യോഗങ്ങളിൽ പങ്കെടുക്കാൻ ജില്ലയിലെ മുതിർന്ന ഉദ്യോഗസ്ഥർ വരുന്നത് കാരണം ബന്ധപ്പെട്ട ഓഫീസുകളിൽ ഉദ്യോഗസ്ഥർ ഉണ്ടാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പരാതി പരിഹരിക്കാൻ പ്രധാന യോഗങ്ങൾ ഒഴികെയുള്ള യോഗങ്ങൾ വീഡിയോ കോൺഫറൻസ്‌വഴി നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ&ബി) കൃഷിവകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരായ പ്രിൻസിപ്പൽ കൃഷി ആഫീസർമാരെ ഓരോ മാസവും കൃഷി ഡയറക്ടർ വിളിച്ചുകൂട്ടുന്ന പ്രതിമാസ അവലോകന യോഗങ്ങൾക്കാണ് തിരുവനന്തപുരത്തേയ്ക്ക് വിളിക്കാറുള്ളത്. കൂടാതെ അടിയന്തര ഘട്ടങ്ങളിൽ ഭരണപരമായ സൗകര്യത്തിനും പദ്ധതി പുരോഗതി നിർണ്ണയത്തിനും പ്രത്യേക അവലോകന യോഗങ്ങൾക്കായി സർക്കാരും കൃഷി ഡയറക്ടറും ജില്ലാതല ഉദ്യോഗസ്ഥരായ പ്രിൻസിപ്പൽ കൃഷി ആഫീസർമാരെ ഒരുമിച്ചും പ്രത്യേകമായും വിളിക്കാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ജില്ലയിൽ നിന്നും ഒന്നോ രണ്ടോ ദിവസത്തേയ്ക്ക് വിട്ടുനിൽക്കുന്ന പ്രിൻസിപ്പൽ കൃഷി ആഫീസർമാരുടെ "current duties" നിർവ്വഹിക്കാനുള്ള ചുമതല ജില്ലാ ആഫീസിലെ മറ്റൊരു സീനിയർ ഉദ്യോഗസ്ഥന് കൈമാറി വേണം ഹെഡ്ക്വാർട്ടേഴ്സ് വിടേണ്ടത് എന്ന് നിലവിൽ നിർദ്ദേശവുമുണ്ട്.

വീഡിയോ കോൺഫറൻസ് വഴി മാത്രം അവലോകനം നടത്തുക എന്നുള്ളത് എപ്പോഴും പ്രായോഗികവും ഫലപ്രദവുമായിരിക്കില്ല. നേരിട്ടും മുഖദാവിലുമുള്ള അവലോകനം ഓരോ പദ്ധതിയുടെയും ഘടകം, ഉപഘടകം തിരിച്ചുള്ള പദ്ധതി നിർവ്വഹണത്തിനും തുടർനടപടി സ്വീകരിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. എന്നാൽ അടിയന്തര ഘട്ടങ്ങളിൽ വിവരങ്ങൾ ശേഖരിക്കുന്നതിനും പുതിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനും മറ്റും നിലവിൽ ഐ.ടി. മിഷന്റെ നേതൃത്വത്തിലുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉപയോഗിക്കാറുണ്ട്.

## സമഗ്ര കാർഷിക നയം

4 (1221) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര കാർഷികനയം കൊണ്ടുവരുന്നതിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും എപ്പോൾ പ്രഖ്യാപനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) കാർഷിക മേഖലയുടെയും കർഷകരുടെയും ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് കാർഷിക നയത്തിൽ ഉൾപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ട് സംസ്ഥാനത്തിനായി ഒരു ജൈവ കാർഷിക നയം രൂപീകരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാർഷിക മേഖലയിലെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ചും കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അനന്യ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും കർഷകനെ കടക്കെണിയിൽനിന്നും രക്ഷിക്കുന്നതിനും കാർഷിക മേഖലയുടെ വികസനവും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്നതിനും സഹായകരമായ കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. കർഷകരുടെയും പൊതുജനങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന കാര്യങ്ങളും നയത്തിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നുണ്ട്. ജൈവ കാർഷിക രംഗത്ത് ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും ഉണ്ടായിട്ടുള്ള നൂതന മാറ്റങ്ങൾക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ ജൈവ കാർഷിക നയം രൂപീകരിച്ച് നടപ്പിലാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## തരിശുനിലങ്ങൾ കൃഷിയിടങ്ങളാക്കാൻ പദ്ധതി

5 (1222) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒല്ലൂർ നിയോജകമണ്ഡലത്തിലെ കൃഷിയോഗ്യമായ തരിശുനിലങ്ങളും തരിശുഭൂമിയും സജീവ കൃഷിയിടങ്ങളാക്കി മാറ്റുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

തരിശുരഹിത ഒല്ലൂരിന്റെ ഭാഗമായി കൃഷി സമൃദ്ധി എന്ന പേരിൽ യോഗങ്ങൾ സംഘടിപ്പിക്കുകയും തരിശായ സ്ഥലങ്ങളുടെ സർവ്വേ നമ്പരുകൾ വില്ലേജ് ഓഫീസിൽനിന്നും ശേഖരിക്കുകയും ചെയ്തു. കൃഷി വകുപ്പിന്റെ തരിശുകൃഷി ധനസഹായ പദ്ധതി പ്രകാരം ഹെക്ടറിന് 25,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും നൽകുന്നു.

ഇതിനുപുറമേ വിവിധ പഞ്ചായത്തുകളിൽ ജനകീയാസൂത്രണ പദ്ധതികളിൽപ്പെടുത്തി ചുവടെപ്പറയുന്ന ഘടകങ്ങളും നടപ്പാക്കിയിട്ടുണ്ട്:

മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിന്റെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഹെക്ടറിന് 10,000 രൂപ ധനസഹായം നൽകുന്നുണ്ട്. ഇവിടെ 8.816 ഹെക്ടർ തരിശുനിലം കൃഷി ചെയ്തു. ആയതിന് കൃഷി വകുപ്പിന്റെ പദ്ധതിയിൽ നിന്നും 2,20,400 രൂപയും ഗ്രാമപഞ്ചായത്തിന്റെ ഫണ്ടായി 60,000 രൂപയും ആനുകൂല്യമായി നൽകിയിട്ടുണ്ട്.

പുത്തൂർ ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകളിലുൾപ്പെടുത്തി ഹെക്ടറിനു 17,000 രൂപ ഉഴവ് കൂലിയായി നൽകുന്നുണ്ട്. പുത്തൂർ കൃഷി ഭവനിൽ 12 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കിയിട്ടുണ്ട്.

നടത്തറ ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഹെക്ടറിന് 8,500 രൂപ കൂലിച്ചെലവിനത്തിൽ ധനസഹായമായി നൽകുന്നുണ്ട്.

പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഹെക്ടറിന് 17,000 രൂപ ഉഴവുകൂലിയായി നൽകുന്നുണ്ട്. 2016 സാമ്പത്തിക വർഷത്തിൽ 12 ഹെക്ടർ സ്ഥലത്തും പൂർണ്ണമായി തരിശു കിടന്ന 5 ഹെക്ടർ സ്ഥലത്തും ഒന്നും രണ്ടും വർഷമായിട്ടുള്ള തരിശിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 33 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്തിട്ടുണ്ട്.

ഒല്ലൂക്കര ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകളിലുൾപ്പെടുത്തി ഉഴവുകൂലി നൽകുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 9.668 ഹെക്ടർ സ്ഥലത്ത് തരിശുനിലം കൃഷി ചെയ്തിട്ടുണ്ട്.

**കാർഷിക കർമ്മസേനകളുടെ പ്രവർത്തനം**

6 (1223) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലേക്ക് പുതുതലമുറയിൽപ്പെട്ട യുവതീയുവാക്കളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പുതിയ കൃഷിരീതികൾ മനസ്സിലാക്കുന്നതിനായി യുവതീയുവാക്കൾക്ക് വിദഗ്ധ പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(സി) കാർഷിക കർമ്മസേനകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കർമ്മ സേനകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) കർഷകർക്ക് ഹരിത കാർഡ് ലഭ്യമാക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നൂതന കൃഷിരീതികളുടെ പ്രയോഗം, യന്ത്രവൽക്കരണം, കൂടുതൽ വരുമാനം എന്നിവ അവശ്യം വേണ്ട ഘടകങ്ങളാണ്. ഇതിനായി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇവയിൽ ഹൈടെക് അഗ്രികൾച്ചർ, പച്ചക്കറി കൃഷി വികസന പദ്ധതി, അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മ സേനയും, മൂല്യ വർദ്ധന യൂണിറ്റുകളുടെ പ്രോത്സാഹനം എന്നിവയാണ് പ്രധാന പദ്ധതികൾ.

1. <u>ഹൈ-ടെക് അഗ്രികൾച്ചർ</u>: പോളിഹൗസ് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. വിളയുടെ വളർച്ചയ്ക്കാവശ്യമായ എല്ലാ കാലാവസ്ഥാ ഘടകങ്ങളും കൃത്രിമമായി സജ്ജമാക്കിയും ഉൽപ്പാദനോപാധികളുടെ കൃത്യമായ ഉപയോഗത്തിലൂടെയും കുറച്ച് സ്ഥലത്തുനിന്നും പരമാവധി ഉൽപ്പാദനവും തദ്വാരാ കൂടുതൽ വരുമാനവും ലഭ്യമാക്കുന്ന ഈ പദ്ധതി യുവതലമുറയ്ക്ക് ഏറെ ആകർഷകമാണ്.

2. <u>പച്ചക്കറി കൃഷി വികസന പദ്ധതി</u>: ഇതിന്റെ ഭാഗമായി മഴമറകൾ, ഫെർട്ടിഗേഷൻ, സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തുന്നതും ഈ ലക്ഷ്യത്തിലേയ്ക്കുള്ള ചുവടുവയ്പാണ്. സ്ഥലപരിമിതിയുള്ള വീട്ടുവളപ്പുകളിലും ഫ്ലാറ്റുകളിലും സുരക്ഷിതമായ പച്ചക്കറി ഉൽപ്പാദനത്തിനായി മിനി പോളിഹൗസുകൾ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. $10m^2$, $20m^2$ എന്നീ അളവുകളിൽ മിനി പോളിഹൗസുകളിൽ അടുക്കളത്തോട്ടം സ്ഥാപിക്കുന്നതിന് ചെലവിന്റെ 75% സബ്സിഡിയായി പരമാവധി യഥാക്രമം 45,000 രൂപയും 60,000 രൂപയും നൽകുന്നതാണ്.

3. അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും: കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച പ്രവർത്തിക്കുന്ന 64 അഗ്രോ സർവ്വീസ് സെന്ററുകളിലും 200 കാർഷിക കർമ്മ സേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവ കർഷക തൊഴിലാളികൾ യന്ത്ര സാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷിക വൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താൽപ്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

4. ജൈവ നിയന്ത്രണോപാധികളുടെ ഉൽപ്പാദനം: സുരക്ഷിത കൃഷിയും നല്ല കാർഷിക മുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽ തന്നെ വിദഗ്ധരുടെ മേൽനോട്ടത്തിൽ ഇവയുടെ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് ഒന്നിന് 20,000 രൂപ ക്രമത്തിൽ ധനസഹായം നൽകിവരുന്നു. ഇത്തരം യൂണിറ്റുകൾ താൽപ്പര്യമുള്ള യുവജനങ്ങൾക്ക് ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം കൃഷി വകുപ്പ് മുഖാന്തിരം നൽകുന്നതാണ്.

5. കാർഷിക മൂല്യവർദ്ധന യൂണിറ്റുകൾ: കാർഷിക ഉൽപ്പന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷക കൂട്ടായ്മകൾക്ക് ധനസഹായം നൽകുന്നതാണ്. ഈ പദ്ധതി എസ്.എഫ്.എ.സി. മുഖാന്തരമാണ് നടപ്പിലാക്കുന്നത്.

6. അഗ്രോ പാർക്ക്: കേരളത്തിന്റെ കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ശക്തമാക്കുന്നതിന് അഗ്രോ പാർക്കുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതാണ്. സംരംഭകത്വമുള്ള യുവജനങ്ങൾക്ക് അഗ്രോ പാർക്കുകളിൽ മൂല്യ വർദ്ധന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

7. വിളവെടുപ്പിന് ശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും: സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കാർഷിക ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ അധിക വില നേടിയെടുക്കുവാൻ സാധിക്കും. ഇതിന് കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി ഇൻകുബേഷൻ സെന്ററുകൾ മുഖാന്തരം

പരിശീലനം നൽകിവരുന്നു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം, ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രം, കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി, തിരുവനന്തപുരം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ലഭ്യമാണ്.

കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ ചെറുകിട ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുവാൻ താൽപ്പര്യമുള്ള സംരംഭകർക്കും കർഷക കൂട്ടായ്മകൾക്കും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തിരം സാങ്കേതിക, സാമ്പത്തിക പിന്തുണ നൽകിവരുന്നു. പച്ചക്കറി ഇനങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു.

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള 5 പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ വഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) 2 കർഷക പരിശീലന കേന്ദ്രങ്ങൾ വഴിയും (പന്തളം, വേങ്ങേരി) കർഷകർക്കും യുവജനങ്ങൾക്കും നൂതന കൃഷി രീതികളിൽ പരിശീലനം നൽകിവരുന്നു.

കൂടാതെ നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ആത്മ വഴി പ്രദർശന പ്ലോട്ടുകൾ സ്ഥാപിച്ചും സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണ സ്ഥാപനങ്ങളിലും കൃഷിയിടങ്ങളിലും പഠന യാത്രയ്ക്ക് കൊണ്ടുപോയും നൂതന കൃഷി രീതികളെക്കുറിച്ചുള്ള നേർക്കാഴ്ചയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള കർഷകർക്ക് അവസരം നൽകുന്നുണ്ട്.

ഹൈടെക്ക് കൃഷി രീതി, മിനി പോളി ഹൗസുകൾ, ഊർജ്ജരഹിത കൂൾ ചേമ്പറുകൾ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനവും വളപ്രയോഗവും സംയോജിത കൃഷി രീതി തുടങ്ങിയ നൂതന കൃഷി രീതികളിലുള്ള പരിശീലനവും അവ നടപ്പിലാക്കുന്നതിനുള്ള ധനസഹായവും ഹൈടെക് പദ്ധതി, പച്ചക്കറി വികസനം തുടങ്ങിയ പദ്ധതികൾവഴി നൽകിവരുന്നു.

(സി) വിലയിരുത്തിയിട്ടുണ്ട്. കാർഷിക കർമ്മസേനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനുമായി ഒരു അപെക്സ് ബോഡി രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്പെഷ്യൽ ആഫീസറായി കേരള കാർഷിക സർവ്വകലാശാല റിട്ടയേർഡ് പ്രൊഫസർ, ഡോ. യു. ജയ് കുമാരനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

27-2-2018-ൽ കൂടിയ യോഗത്തിൽ കാർഷിക കർമ്മസേനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും അതനുസരിച്ച് ഘട്ടംഘട്ടമായി കർമ്മസേനകളുടെ പ്രവർത്തനം വിപുലപ്പെടുത്താനായി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിനുള്ള കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പൊതുമേഖലാ/ സഹകരണ ബാങ്കുകൾ മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ കേരളത്തിലെ കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് കേരള ഗ്രാമീൺ ബാങ്ക് മുഖേന ഹരിത കാർഡ് എന്ന പേരിൽ ഒരു മുൻഗണനാ കാർഡ് (പ്രിവിലേജ് കാർഡ്) ലഭ്യമാക്കിവരുന്നു.

ചെറുകിട കാർഷിക വായ്പകൾക്ക് വാണിജ്യ ബാങ്കുകൾ മിതമായ നിരക്കുകളാണ് ഈടാക്കുന്നതെന്നും മൂന്ന് ലക്ഷം രൂപ വരെയുള്ള കാർഷിക വിളകൾക്കുള്ള ഹ്രസ്വകാല വായ്പകൾ കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്‌വെൻഷൻവഴി 7%-ൽ ലഭിക്കുമെന്നും ഇതിൽ തന്നെ കൃത്യമായി തിരിച്ചടയ്ക്കുന്ന ഹ്രസ്വകാല വായ്പയ്ക്ക് പലിശ സബ്സിഡിയിലൂടെ 4% മാത്രമേ ഈടാക്കുന്നുള്ളൂവെന്നും എസ്.എൽ.ബി.സി. അറിയിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം കാർഷിക വായ്പകൾ (ഹ്രസ്വകാല വായ്പകൾ) 7% പലിശനിരക്കിൽ നൽകിവരുന്നതായും ഹ്രസ്വകാല വിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്സിഡിയോടൊപ്പം 4% സംസ്ഥാന സർക്കാരും പലിശ സബ്സിഡി നൽകിവരുന്നുവെന്നും കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഇപ്രകാരം പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നതിന് 2013 മുതൽ ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കി വരുന്നുവെന്നും കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന നെൽ കർഷകർക്ക് 2011 മുതൽ സഹകരണ വകുപ്പ് മുഖേന പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നുവെന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ഇ) കൃഷി ഭവനുകൾ മുഖാന്തരം നടപ്പിലാക്കുന്ന കർഷക രജിസ്ട്രേഷൻ പദ്ധതിയിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർക്കാണ് ഹരിത കാർഡ് ലഭ്യമാക്കുന്നത്. ഇതിന്റെ ആദ്യഘട്ടമായി ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ പഞ്ചായത്തുകളിലെ കർഷകർക്ക് ഹരിത കാർഡ് വിതരണം ആരംഭിച്ചു. ഒരേ സമയം കർഷകന് ഐഡന്റിറ്റി കാർഡായും ഡെബിറ്റ് കാർഡായും ഉപയോഗിക്കുവാൻ കഴിയുമെന്നതിനാൽ കാർഷിക വായ്പയ്ക്ക് അപേക്ഷിക്കുന്നതിനും അനുവദനീയമായ തുക പിൻവലിക്കുന്നതിനും ഈ കാർഡ് കൊണ്ട് സാധിക്കും.

കേരള ഗ്രാമീൺ ബാങ്ക് നേരിട്ടാണ് ഹരിത കാർഡ് പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നത്. കേരള ഗ്രാമീൺ ബാങ്ക് ഇതുവരെ 3366 ഹരിത കാർഡ് പ്രിന്റ് ചെയ്ത് ടി ബാങ്കിന്റെ വിവിധ ബ്രാഞ്ചുകൾവഴി വിതരണം ചെയ്യുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഇതിൽ ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിൽ 633 ഹരിത കാർഡ് പ്രിന്റ് ചെയ്ത് വട്ടവട കേരളാ ഗ്രാമീൺ ബാങ്ക് ബ്രാഞ്ച് മുഖേന കർഷകർക്ക് നേരിട്ട് വിതരണം ചെയ്യുന്നു.

കർഷക രജിസ്ട്രേഷൻ സൈറ്റിൽ കർഷകരുടെ വിവരങ്ങൾ ചേർത്ത ശേഷം കൃഷി ആഫീസർ അംഗീകരിച്ച ലിസ്റ്റ് 'ഹരിത കാർഡ്' പ്രിന്റ് ചെയ്ത് നൽകുന്നതിനായി കേരളാ ഗ്രാമീൺ ബാങ്കിന് നേരിട്ട് അയച്ചുകൊടുക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷക രജിസ്ട്രേഷൻ സൈറ്റിൽ പുതിയ കർഷകരെ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## ഹരിത കേരളം കോഴിക്കോട് ജില്ലയിലെ പ്രവർത്തനങ്ങൾ

7 (1224) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

ഹരിത കേരളം മിഷന്റെ ഭാഗമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന 'സുജലം-സുഫലം' ഉപമിഷന്റെ ഭാഗമായാണ് കൃഷിവകുപ്പിന്റെ പദ്ധതികൾ സംയോജിപ്പിച്ച് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. നെൽകൃഷി പദ്ധതി.
2. പച്ചക്കറി വികസന പദ്ധതി.
3. ഓർഗാനിക് ഫാമിംഗ്
4. പുഷ്പ/ഫലവൃക്ഷ/ഔഷധസസ്യ വികസന പദ്ധതി
5. കൃഷി ശാക്തീകരണ പദ്ധതി
6. അഗ്രോ സർവ്വീസ് സെന്റർ ആൻഡ് സർവ്വീസ് ഡെലിവറി
7. സുഗന്ധവിള വികസന പദ്ധതി
8. എസ്.എച്ച്.എം.പദ്ധതികൾ
9. കാർഷിക വിപണി ശാക്തീകരണ പദ്ധതി

വിശദാംശങ്ങൾ താഴെ നൽകുന്നു:

| പദ്ധതിയുടെ പേരും ഘടകങ്ങളും | കൈവരിച്ച നേട്ടം |
|---|---|
| (1) | (2) |
| | ഭൗതികം |
| സുസ്ഥിര നെൽകൃഷി വകസനം | 1750 ഹെക്ടർ |
| പാടശേഖര സമിതികൾക്ക് പ്രവർത്തന ഫണ്ട് | 1800 ഹെക്ടർ |
| കരനെൽകൃഷി | 485 ഹെക്ടർ |
| ഒരുപ്പൂനിലം ഇരുപ്പൂനിലമാക്കൽ | 24.7 ഹെക്ടർ |
| തരിശുനില നെൽകൃഷി | ….. |
| 1-ാം വർഷം | 441.35 ഹെക്ടർ |
| 2-ാം വർഷം | 293.13 ഹെക്ടർ |
| പ്രോജക്ട് അധിഷ്ഠിത നെൽകൃഷി | 21 എണ്ണം |
| റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രോജക്ട് | 12 എണ്ണം |
| പ്രോജക്ട് ബേസ്ഡ് സപ്പോർട്ട് ഫോർ കൺവേർജൻസ് ബ്ലോക്ക് തലം | 3 അംഗങ്ങൾ |
| റൈസ് മിൽ റൂറൽ | 3 അംഗങ്ങൾ |
| പച്ചക്കറി കൃഷി | ..... |
| വീട്ടുവളപ്പിലെ പച്ചക്കറി കൃഷി | 50000 പായ്ക്കറ്റ് |
| സുഗന്ധവിള വികസനം | .... |
| കുരുമുളക് കൃഷി | 150 ഹെക്ടർ |
| ഇഞ്ചി/മഞ്ഞൾ കൃഷി | 30 ഹെക്ടർ |
| ജാതി/ഗ്രാമ്പു കൃഷി | 20 ഹെക്ടർ |
| ഓർഗാനിക് ഫാമിംഗ് | .... |
| ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി | 250 ഹെക്ടർ |
| ഇക്കോ ഷോപ്പ് | 7 എണ്ണം |
| എസ്.എച്ച്.എം. പദ്ധതി | ..... |

| (1) | (2) |
|---|---|
| വാഴകൃഷി വിസ്തൃതി വ്യാപനം | 70 ഹെക്ടർ |
| ടിഷ്യുകൾച്ചർ വാഴകൃഷി വിസ്തൃതി വ്യാപനം | 5 ഹെക്ടർ |
| കുരുമുളക് വിസ്തൃതി വ്യാപനം | 100 ഹെക്ടർ |
| ക്രിയേഷൻ ഓഫ് വാട്ടർ ഹാർവെസ്റ്റിംഗ് സ്ട്രക്ചർ | 1 ഹെക്ടർ |
| നടീൽ വസ്തുക്കൾ | 4,000 മീ. സ്ക്വയർ |
| പവർ ടില്ലർ 8 എച്ച്.പി. മുകളിൽ | 2 എണ്ണം |
| ഹൈബ്രിഡ് വെജിറ്റബിൾ കൾട്ടിവേഷൻ | 50 ഹെക്ടർ |

**പച്ചക്കറി കൃഷികൾ ഏകോപിപ്പിക്കുന്നതിന് കലണ്ടർ**

8 (1225) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷികൾ ഏകോപിപ്പിക്കുന്നതിന് കൃഷി വകുപ്പ് പ്രത്യേക കലണ്ടർ പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത കലണ്ടറുകൾ കൃഷി ഓഫീസുകൾ കേന്ദ്രീകരിച്ച് കൃഷിക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കലണ്ടർ നിർമ്മിക്കുന്നതിന് എന്തെല്ലാം പഠനങ്ങൾ വകുപ്പ് നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രത്യേക കലണ്ടർ ഇതിനകം പുറത്തിറക്കിയിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഓരോ പഞ്ചായത്തിലും പച്ചക്കറി കൃഷിയുടെ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് ഓരോ സീസണിലും ഏതെല്ലാം സ്ഥലത്ത് ഏതെല്ലാം വിളകൾ എത്ര സ്ഥലത്ത് കൃഷി ചെയ്യുന്നു എന്ന വിവരങ്ങളും സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉൽപ്പാദന കേന്ദ്രങ്ങൾ സംബന്ധിച്ച വിവരശേഖരണവും നടത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം സീസൺ അനുസരിച്ചുള്ള, കേരളത്തിൽ കൃഷി ചെയ്യാവുന്ന എല്ലാ വിളകളും ഉൾപ്പെടുത്തിയാണ് കാർഷിക കലണ്ടർ തയ്യാറാക്കിയിട്ടുള്ളത്.

## പച്ചക്കറി കൃഷികൾ ഏകോപിപ്പിക്കുന്നതിന് പ്രത്യേക കലണ്ടർ

9 (1226) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി കൃഷികൾ ഏകോപിപ്പിക്കുന്നതിന് പ്രത്യേക കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ; ഇതുമൂലം കർഷകർക്ക് ലഭിക്കുന്ന ഗുണങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ വിവിധ കാലയളവുകളിൽ കൃഷിചെയ്യുന്ന പച്ചക്കറികളുടെ വിശദമായ രൂപരേഖ ഈ കലണ്ടറിലൂടെ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആയതുവഴി കർഷകർക്ക് ലഭിക്കുന്ന ഗുണങ്ങൾ താഴെ ചേർത്തിരിക്കുന്നു:

1. ഏത് വിള ഏത് സീസണിൽ ചെയ്യേണ്ടതാണെന്ന വിവരം ലഭിക്കും.
2. എവിടെയെല്ലാം ഏതൊക്കെ വിളകൾ ഏതൊക്കെ സീസണിൽ കൃഷി ചെയ്യുന്നു എന്ന വിവരം ലഭിക്കും.
3. ഏതെല്ലാം പച്ചക്കറികൾ എവിടെ ലഭ്യമാകും എന്ന വിവരം ലഭിക്കും.
4. ഓരോ മാസവും സ്വീകരിക്കേണ്ട പരിചരണ മുറകൾ കലണ്ടറിൽ വ്യക്തമാക്കും.
5. ഇതുമൂലം ഒരേയിനം പച്ചക്കറികൾ കൂടുതലായി കൃഷി ചെയ്യുന്നതുകൊണ്ടുള്ള വിലയിടിവ് തടയാൻ കഴിയും.
6. ഓണം, വിഷു ഉത്സവ സീസണുകളിൽ നാടൻ പച്ചക്കറികളുടെ ലഭ്യത ഉറപ്പാക്കാൻ കഴിയുകയും ഓണസമൃദ്ധി, വിഷുക്കണി മാർക്കറ്റുകളിലൂടെ പത്ത് ശതമാനം അധിക വില നൽകി സംഭരിക്കുകവഴി കൃഷിക്കാർക്ക് നല്ല വിപണി വില ലഭിക്കും.
7. വിവിധ സീസണുകളിൽ ലഭിക്കുന്ന ഉൽപ്പന്നങ്ങൾ മറ്റ് ജില്ലകളിലേയ്ക്ക് ലഭ്യമാക്കുവാൻ കഴിയും.

(ബി) സ്വീകരിച്ചിട്ടുണ്ട്.

## വേനൽക്കെടുതിമൂലം വിളകൾ നശിച്ച കർഷകർക്ക് ധനസഹായം

10 (1227) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ വേനൽക്കെടുതിമൂലം വിളകൾ നശിച്ച കർഷകർക്ക് ഏതെല്ലാം വിധത്തിലുള്ള നഷ്ടപരിഹാരമാണ് നൽകിയതെന്ന് വിശദമാക്കാമോ;

(ബി) എത്ര കർഷകർക്കാണ് ധനസഹായം നല്കിയതെന്ന് വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ലയിലെ ഏതെല്ലാം കൃഷിഭവന്റെ പരിധിയിൽ വരുന്ന കർഷകർക്കാണ് നഷ്ടപരിഹാരം നല്കിയത്; എത്ര തുക വീതമാണ് നല്കിയത്: വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കർഷകർക്ക് വിള ഇൻഷ്വറൻസ് സ്കീം പ്രകാരം ധനസഹായം നൽകുന്നതിൽ കാലതാമസം വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) കഴിഞ്ഞ വർഷത്തെ വേനൽക്കെടുതിമൂലം വിളകൾ നശിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായമായി എസ്.ഡി.ആർ.എഫ്.-ൽ നിന്നും 1,18,00,000 രൂപയും ഡിപ്പാർട്ടുമെന്റ് വിഹിതമായി 44,74,401 രൂപയും കൂടി ആകെ 1,62,74,401 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക 1991 കർഷകർക്ക് ധനസഹായമായി നൽകിയിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) സംസ്ഥാന വിള ഇൻഷ്വറൻസ് സ്കീം പ്രകാരം ധനസഹായം നൽകുന്നതിൽ കാലതാമസം വന്നിട്ടില്ല.

## കാർഷികോൽപ്പന്ന മേഖലയെ സംരക്ഷിക്കുന്നതിന് നടപടി

11 (1228) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയർക്ക് സ്വന്തമായിരുന്ന കാർഷിക ഉല്പന്നമേഖലകൾ അന്യമാകുന്ന സാഹചര്യം ഗൗരവമായി എടുത്തിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ മേഖലകളിലാണ് സംസ്ഥാനം പിന്നോട്ട് പോയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കാർഷികോല്പന്ന മേഖലയെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരളത്തിന്റെ തനത് വിളകളായ ചെറുധാന്യങ്ങൾ, നാടൻ നെൽ ഇനങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, പയറുവർഗ്ഗ വിളകൾ, എള്ള്, നിലക്കടല മുതലായ എണ്ണക്കുരുക്കൾ, കരിമ്പ് എന്നിവയുടെ കൃഷി വിസ്തൃതി കുറഞ്ഞുവരുന്നതായി കാണുന്നു.

(സി) ചെറുധാന്യങ്ങളായ കൂവരക്, ചാമ, തിന, വരാഗ്, പതിവരാഗ് മുതലായവയുടെ കൃഷി അവ പരമ്പരാഗതമായി കൃഷി ചെയ്തുവരുന്ന ആദിവാസി മേഖലകളിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി അട്ടപ്പാടിയെ ഒരു മില്ലറ്റ് വില്ലേജ് ആയി രൂപാന്തരപ്പെടുത്തുന്നതിനുള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്നുനടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ചെറുധാന്യ കൃഷിക്ക് ധനസഹായമായി ഹെക്ടർ ഒന്നിന് 10,000 രൂപ നൽകുന്നു. ചെറുധാന്യങ്ങളുടെ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതും മേൽ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

പരമ്പരാഗത മേഖലകളിൽ എള്ള് കൃഷി, നിലക്കടല കൃഷി എന്നിവ അഭിവൃദ്ധിപ്പെടുത്തുന്നതിനായി എള്ള് കൃഷിക്ക് ഹെക്ടർ ഒന്നിന് 5,000 രൂപയും നിലക്കടല കൃഷിക്ക് ഹെക്ടർ ഒന്നിന് 15,000 രൂപയും ധനസഹായം നൽകുന്നുണ്ട്. പത്തനംതിട്ട, ആലപ്പുഴ, പാലക്കാട് ജില്ലകളിൽ കരിമ്പ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 20,000 രൂപ ധനസഹായം നൽകുന്നു.

അട്ടപ്പാടിയിൽ മുതിര, ഉഴുന്ന്, ചെറുപയർ എന്നീ പയർ വർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 12,000 രൂപ ധനസഹായം നൽകുന്നു. മറ്റ് പ്രദേശങ്ങളിൽ പയർ വർഗ്ഗ വികസനത്തിനായി ഹെക്ടർ ഒന്നിന് 10,000 രൂപ ധനസഹായം നൽകുന്നു.

സവിശേഷതയുള്ള നാടൻ നെൽ ഇനങ്ങളായ പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല മുതലായവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 10,000 രൂപ ധനസഹായം നൽകുന്നു. ഇവയുടെ സംസ്കരണത്തിനായി യോജിച്ച മില്ലുകൾ സ്ഥാപിക്കുന്നതിനും പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നു. വിവിധ ഇനം കിഴങ്ങു വർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിത്തുൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനുമായി കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രവുമായി ചേർന്നു കർഷകരുടെ പുരയിടങ്ങളിൽ കിഴങ്ങ് വിത്ത് ഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ഹെക്ടർ ഒന്നിന് 15,000 രൂപ ധനസഹായം നൽകുന്നു.

**കാർഷികോൽപ്പന്നങ്ങളെ ഭൗമ സൂചിക പട്ടികയിൽ ഉൾപ്പെടുത്തൽ**

12 (1229) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. കെ. മുരളീധരൻ:

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ആഭ്യന്തര വിദേശ വിപണികളിൽ കൂടുതൽ വരുമാനം കണ്ടെത്തുന്നതിന് ബൗദ്ധിക സ്വത്തവകാശത്തിലെ സാധ്യത ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കാർഷിക ഉത്പന്നങ്ങൾ ഭൗമസൂചിക പട്ടികയിൽ ഉൾപ്പെടുത്തി പ്രത്യേക ബ്രാൻഡുകളാക്കി വിപണിയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; കേരളത്തിൽ നിന്നും ഏതൊക്കെ കാർഷികോത്പന്നങ്ങളാണ് നിലവിൽ പട്ടികയിൽ ഇടം പിടിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കൂടുതൽ ഉത്പന്നങ്ങളെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായുള്ള ബൗദ്ധിക സ്വത്തവകാശ സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ സെൽ ഇതിനായി അവബോധ ക്ലാസ്സുകൾ നടത്തുക, കർഷകർക്ക് വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, പ്രദർശനങ്ങളിൽ പങ്കെടുക്കുക, ഇത്തരം ഉൽപ്പന്നങ്ങളെപ്പറ്റി ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെ കൂടുതൽ പ്രചരണം നടത്തുക എന്നീ കാര്യങ്ങൾ ചെയ്തുവരുന്നു.

(ബി) കാർഷിക ഉൽപ്പന്നങ്ങൾക്ക് ഭൗമസൂചികാ രജിസ്ട്രേഷൻ എടുക്കാനുള്ള നടപടികൾ കേരള കാർഷിക സർവ്വകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ സെൽ നടത്തിവരുന്നു. കൃഷി വകുപ്പിന്റെ നിർദ്ദേശപ്രകാരവും ധനസഹായത്തോടെയും കേരളത്തിൽനിന്ന് ഭൗമസൂചികാ പദവി നേടിയ ഉൽപ്പന്നങ്ങൾ താഴെപ്പറയുന്നവയാണ്:

1. നവര അരി
2. പാലക്കാടൻ മട്ട അരി
3. മലബാർ കുരുമുളക്
4. ആലപ്പുഴ പച്ച ഏലക്കായ
5. പൊക്കാളി അരി
6. ആലപ്പുഴ കയർ
7. തഴപ്പായ ഉൽപ്പന്നങ്ങൾ
8. വാഴക്കുളം കൈതച്ചക്ക
9. മദ്ധ്യതിരുവിതാംകൂർ ശർക്കര
10. വയനാട് ജീരകശാല അരി
11. വയനാട് ഗന്ധകശാല അരി
12. കൈപ്പാട് അരി
13. ചെങ്ങാലിക്കോടൻ നേന്ത്രൻ
14. നിലമ്പൂർ തേക്ക്

(സി) സംസ്ഥാന കൃഷി വകുപ്പിന്റെ ധനസഹായത്തോടെ മറയൂർ ശർക്കര, കുറ്റിയാട്ടൂർ മാങ്ങ, ഓണാട്ടുകര എള്ള്, അട്ടപ്പാടി തുവര, ആട്ടുകൊമ്പ് അമര, കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി, വട്ടവട-കാന്തല്ലൂർ വെളുത്തുള്ളി, തിരൂർ വെറ്റില, എടയൂർ മുളക് എന്നീ ഉൽപ്പന്നങ്ങൾക്ക് ഭൗമസൂചികാ പദവി നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. കൂടുതൽ കാർഷിക ഉൽപ്പന്നങ്ങളെ ഈ പട്ടികയിലേയ്ക്ക് ചേർക്കുവാൻ കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും ശ്രമിച്ചുവരുന്നു.

(ഡി) കേരള കാർഷിക സർവ്വകലാശാലയിൽ 2003 മുതൽ ബൗദ്ധിക സ്വത്തവകാശ സെൽ പ്രവർത്തിച്ചുവരുന്നു. ഈ സെല്ലിന്റെ നേതൃത്വത്തിൽ ഇതുവരെയായി എട്ട് കാർഷിക ഉൽപ്പന്നങ്ങൾ ഭൗമസൂചികാ പദവി നേടിയിട്ടുണ്ട്. കൂടുതൽ ഉൽപ്പന്നങ്ങൾക്ക് ഭൗമസൂചികാ പദവി നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഭൗമസൂചികാ പദവി നേടിയ ഉൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനുള്ള സാങ്കേതിക ഉപദേശങ്ങളും ഈ സെൽ നൽകുന്നു.

## പി.എം.കെ.എസ്.വൈ. പദ്ധതി

13 (1230) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ പ്രഖ്യാപിച്ച പി.എം.കെ.എസ്.വൈ. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ ;

(ബി) 2017-18-ൽ പി.എം.കെ.എസ്.വൈ. പദ്ധതിക്കായി സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ച തുക എത്രയാണ് ; അറിയിക്കാമോ ;

(സി) ജില്ലാ ഇറിഗേഷൻ പ്ലാനും സംസ്ഥാന ഇറിഗേഷൻ പ്ലാനും എന്നാണ് കേന്ദ്രത്തിന് അംഗീകാരത്തിനായി സമർപ്പിച്ചത്; പ്ലാനുകൾക്ക് കേന്ദ്ര അംഗീകാരം ലഭ്യമായിട്ടുണ്ടോ ;

(ഡി) പി.എം.കെ.എസ്.വൈ. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ ആരാണ് നേതൃത്വം നൽകുന്നത് ; പദ്ധതി സമർപ്പിക്കാനും കേന്ദ്ര അംഗീകാരം നേടിയെടുക്കാനും ചുമതലപ്പെടുത്തിയിട്ടുള്ള ഗവണ്മെന്റ് വകുപ്പിന്റെ വിശദ വിവരം നൽകാമോ ;

(ഇ) പി.എം.കെ.എസ്.വൈ. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ബന്ധപ്പെട്ട വകുപ്പുകൾ നാളിതുവരെ സമർപ്പിച്ച പദ്ധതികളുടെ പേര്, തുക, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജില്ലകൾ എന്നിവ സംബന്ധമായ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കാമോ ;

(എഫ്) 2018-19 സാമ്പത്തിക വർഷം പി.എം.കെ.എസ്.വൈ പദ്ധതി നടപ്പാക്കാൻ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതം എന്ന നിലയിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2015-ൽ പ്രഖ്യാപിച്ച പി.എം.കെ.എസ്.വൈ. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെട്ട ജില്ലാ ജലസേചന പദ്ധതിയും (DIP) സംസ്ഥാന ജലസേചന പദ്ധതിയും (SIP) 28-6-2017-ലെ സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റി (SLSC) അംഗീകരിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തികൾക്കായുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) 6-3-2018-ൽ ചേരുന്ന എസ്.എൽ.എസ്.സി. അംഗീകരിക്കുന്ന മുറയ്ക്ക് പി.എം.കെ.എസ്.വൈ. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.

(ബി) 2017-18-ൽ പി.എം.കെ.എസ്.വൈ. പദ്ധതിക്കായി കേന്ദ്രം സംസ്ഥാനത്തെ കൃഷി വകുപ്പിനായി വകയിരുത്തിയിട്ടുള്ള 32 കോടി രൂപയിൽ 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ നീർത്തട ഘടകത്തിനായി ഗ്രാമവികസന വകുപ്പിന് 11.53 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) 28-6-2017-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റി (SLSC) ജില്ലാ ഇറിഗേഷൻ പ്ലാനും സംസ്ഥാന ഇറിഗേഷൻ പ്ലാനും അംഗീകരിച്ചിട്ടുണ്ട്.

(ഡി) പി.എം.കെ.എസ്.വൈ. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന നോഡൽ ഏജൻസിയായി കൃഷി വകുപ്പിന്റെ ഡയറക്ടറാണ് പ്രവർത്തിച്ചുവരുന്നത്. കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകൾ മുഖേന ലഭ്യമാക്കുന്ന പ്രോജക്ടുകൾ നിയമാവലിക്ക് അനുസൃതമാണോയെന്ന് പരിശോധിച്ച് പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായം നേടിയെടുക്കുവാനുള്ള നടപടിക്രമങ്ങൾ കൃഷി (പി.പി.എം.) സെൽ വകുപ്പിലാണ് ചെയ്തുവരുന്നത്.

(ഇ) പി.എം.കെ.എസ്.വൈ. പദ്ധതിയുമായി ബന്ധപ്പെട്ട് 2016 മുതൽ 2020 വരെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ www.pmksy.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സംസ്ഥാന ഇറിഗേഷൻ പ്ലാനിലെ 252 മുതൽ 334 വരെയുള്ള പേജുകളിൽ ലഭ്യമാണ്.

(എഫ്) 60:40 എന്ന അനുപാതത്തിലുള്ള എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമായി 2018-19-ലെ ബജറ്റിൽ "സംയോജിത പദ്ധതി കൃഷി ഉന്നതി യോജനയും മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളും" എന്ന ശീർഷകത്തിൽ 420.82 കോടി രൂപ സംസ്ഥാന വിഹിതമായി കൃഷി വകുപ്പിന് വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഗ്രാമവികസന വകുപ്പിന് 14 കോടി രൂപയും ജലസേചന വകുപ്പിന് 29 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## വൈഗയുടെ അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടുള്ള കാർഷിക പദ്ധതികൾ

14 (1231) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. ബാബു:
ശ്രീ. എം. മുകേഷ്:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിൽ വരുമാന സൃഷ്ടിക്കായി മൂല്യവർദ്ധനവ് എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച വൈഗ നിക്ഷേപക പ്രോത്സാഹന സംഗമവും ശില്പശാലയും മൂല്യവർദ്ധിതോല്പന്ന മേഖലയിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് രൂപീകരിച്ചത്;

(ബി) കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളും ഗവേഷണ സ്ഥാപനങ്ങളും നൂതന സാങ്കേതിക വിദ്യ പകർന്നുനൽകുന്നതിനും നിക്ഷേപ പ്രോത്സാഹനത്തിനും നിർമ്മിതോല്പന്നങ്ങളുടെ വിപണനത്തിനും എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) വൈഗ 2016-ന്റെയും വൈഗ 2017-ന്റെയും അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക; പ്രോജക്ടുകൾ ഫൈനലൈസ് ചെയ്യുന്നതിനായി ബാങ്കുകളുടെയും വിദഗ്ദ്ധരുടെയും സഹായത്തോടെ പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുക; ഗവേഷണ സ്ഥാപനങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക; ദേശീയ/അന്തർദ്ദേശീയ ഗവേഷണ കേന്ദ്രങ്ങളുമായി സഹകരണം ശക്തിപ്പെടുത്തി സാങ്കേതിക വിദ്യ ശാക്തീകരിക്കുക; മൂല്യവർദ്ധനവിന് ഊന്നൽ നൽകി കർഷകരെ ഗ്രൂപ്പുകളായും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുമായി രൂപീകരിക്കുക; വൈദ്യുതി സബ്സിഡി, ടാക്സ് ഇളവ്, കോമൺ ബ്രാൻഡിംഗ് ലൈസൻസ് എന്നിവയ്ക്കായി ഏകജാലക ക്ലിയറൻസിനായി സർക്കാർ തലത്തിൽ നയം രൂപീകരിക്കുക; എസ്.എഫ്.എ.സി., സമേതി, കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിംഗ് എന്നിവ ശാക്തീകരിക്കുക; നാളികേരത്തിന്റെ ഉൽപ്പാദന വർദ്ധനവിനും മൂല്യവർദ്ധിത സംരംഭകത്വം വർദ്ധിപ്പിക്കുന്നതിനുമായി കൃഷി മന്ത്രി ചെയർമാനായി കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, കർഷക പ്രതിനിധികൾ, ഫാർമർ പ്രൊഡ്യൂസർ

കമ്പനി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി കോക്കനട്ട് മിഷൻ രൂപീകരിക്കുക; തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക.

(ബി) കേരളത്തിൽ നിക്ഷേപ പ്രോത്സാഹനത്തിനും സാങ്കേതിക വിദ്യ കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനുമായി എസ്.എഫ്.എ.സി. താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കേരളത്തിൽ കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.

2012 മുതൽ 2017 വരെ പ്രവർത്തനം ആരംഭിച്ച സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷികോൽപ്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 5 മുതൽ 50 ലക്ഷം രൂപ വരെ ചെലവു വരുന്ന പദ്ധതികളാണ് ഇതിൽ പരിഗണിക്കുന്നത്. പദ്ധതിക്കാവശ്യമായ കെട്ടിട നിർമ്മാണം, യന്ത്ര സാമഗ്രികൾ സ്ഥാപിക്കൽ എന്നിവയ്ക്ക് ചെലവാകുന്ന തുകയുടെ 40% അല്ലെങ്കിൽ 10 ലക്ഷം രൂപ ഇതിൽ ഏതാണ് കുറവ്, ആ തുക എസ്.എഫ്.എ.സി. വായ്പാ ബന്ധിത ബാക്ക് എൻഡഡ് സബ്സിഡിയായി നൽകുന്നതാണ്.

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. കേരളത്തിലെ ചെറുകിട ഇടത്തരം കാർഷികോൽപ്പന്ന അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളുടെ പ്രോത്സാഹന പദ്ധതി.

   കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം മുതൽ 10 കോടി രൂപ വരെ ചെലവ് വരുന്ന സംരംഭങ്ങളാണ് സാമ്പത്തിക സഹായത്തിനുവേണ്ടി പരിഗണിക്കുന്നത്. കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കും ചെലവാകുന്ന തുകയുടെ 50% പരമാവധി 50 ലക്ഷം രൂപ രണ്ട് ഗഡുക്കളായി വിതരണം ചെയ്യുന്നതാണ്.

2. പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള ധനസഹായം.

   പ്രോജക്ടുകൾ തയ്യാറാക്കുന്നതിലേയ്ക്കായി ആകെ പദ്ധതി ചെലവിന്റെ 1% പരമാവധി 50,000 രൂപ ധനസഹായം നൽകുന്നു. കൂടാതെ പ്രവർത്തന മൂലധനത്തിന്റെ 50% പരമാവധി 5 ലക്ഷം രൂപ യന്ത്രസാമഗ്രികൾ സ്ഥാപിച്ചുകഴിഞ്ഞ് യൂണിറ്റ് പ്രവർത്തനം സജ്ജമാകുന്ന ഘട്ടത്തിൽ നൽകുന്നതാണ്.

3. കേരളത്തിലെ കാർഷികോൽപ്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.

കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 25 ലക്ഷം രൂപയ്ക്ക് താഴെ ചെലവ് വരുന്ന പദ്ധതികളാണ് സാമ്പത്തിക സഹായത്തിനുവേണ്ടി സമർപ്പിക്കേണ്ടത്. ആകെ മൂലധനച്ചെലവിന്റെ 50% പരമാവധി 10 ലക്ഷം രൂപ എസ്.എഫ്.എ.സി. സബ്സിഡിയായി നൽകുന്നു.

4. കേരളത്തിലെ കുടുംബശ്രീ മുഖേന കാർഷികോൽപ്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി

കുടുംബശ്രീ യൂണിറ്റുകളെ അടിസ്ഥാനമാക്കി ബ്ലോക്ക്/വില്ലേജ് തലത്തിൽ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിക്കും സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

5. നൂതന സാങ്കേതിക വിദ്യക്ക് ധനസഹായം.

ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും നൂതന സാങ്കേതിക വിദ്യ കരസ്ഥമാക്കുന്നതിന് സംരംഭകർക്ക് സാങ്കേതിക വിദ്യക്ക് ചെലവാകുന്ന തുകയുടെ 50% പരമാവധി 1 ലക്ഷം രൂപ എസ്.എഫ്.എ.സി. ധനസഹായമായി നൽകുന്നു.

(സി) വൈഗ 2016-ന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. കേരളത്തിലെ ചെറുകിട ഇടത്തരം കാർഷികോൽപ്പന്ന അധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങളുടെ പ്രോത്സാഹന പദ്ധതി.
2. കേരളത്തിലെ കാർഷികോൽപ്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.
3. കേരളത്തിലെ കുടുംബശ്രീ മുഖേന കാർഷികോൽപ്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യ വർദ്ധന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.
4. നൂതന സാങ്കേതിക വിദ്യക്ക് ധനസഹായം- വൈഗ 2017-ൽ പങ്കെടുത്ത സംരംഭകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് പുതിയ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കുലയിടം-കൊരട്ടിച്ചാൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

15 (1232) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കൊടുങ്ങല്ലൂർ മണ്ഡലങ്ങളിലെ മൂന്ന് പഞ്ചായത്തുകളെ കുടിവെള്ളത്തിനും കൃഷിയ്ക്കും ഏറെ സഹായകരമാകുന്ന കുലയിടം-കൊരട്ടിച്ചാൽ, ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുനഃരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി ലഭിച്ചു എങ്കിലും 1-ാം ഘട്ട പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ തടസ്സം നീക്കി ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിനും, 2-ാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ കുലയിടം-കൊരട്ടിച്ചാൽ തോടിന്റെയും അതിലേയ്ക്ക് വെള്ളം ഒഴുകിയെത്തുന്ന ചെറുതോടുകളുടെയും ആഴംകൂട്ടൽ, ബണ്ട് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ലൂയിസുകൾ, സ്ലൂയിസ്-കം-കൾവർട്ട് എന്നീ പ്രവർത്തനങ്ങൾ 2017 മേയ് മാസം അവസാനത്തോടുകൂടി 40% പൂർത്തീകരിച്ചെങ്കിലും തുടർന്ന് പദ്ധതി പ്രദേശത്ത് കാലവർഷം ആരംഭിക്കുകയും കൃഷി ഇറക്കുകയും ചെയ്തതിനാൽ തുടർപ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിരുന്നില്ല. കുലയിടം-കൊരട്ടിച്ചാൽ പ്രദേശത്തെ കൊയ്ത്ത് ജനുവരി അവസാനം പൂർത്തിയായ സാഹചര്യത്തിൽ ആർ.കെ.വി.വൈ. പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

16 (1233) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം അനുവദിക്കപ്പെട്ട പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ 58,32,639 രൂപയുടെ പദ്ധതിയും 2017-18 വർഷം 9,12,83,435 രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## കൃഷി ഫണ്ടുകൾ

17 (1234) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് എന്തൊക്കെ കാര്യങ്ങൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഓരോ പദ്ധതിയും ഏതാണെന്നും ആയതിന്റെ തുകയും വ്യക്തമാക്കുമോ?

ഉത്തരം

2017-18 സാമ്പത്തിക വർഷത്തിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സ്പെഷ്യൽ ഇക്കണോമിക് സോണുകൾ

18 (1235) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18-ലെ ബജറ്റ് പ്രസംഗത്തിൽ 102-ാം ഇനമായി അഞ്ച് വിളകൾക്ക് സ്പെഷ്യൽ ഇക്കണോമിക് സോണുകൾ നിർണ്ണയിക്കുകയും ആയതിന്റെ സംയോജിത പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നതിന് 10 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച നടപടിക്രമങ്ങളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

ഓരോ വിളയ്ക്കും ആ പ്രദേശത്തെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ പരമാവധി ഉൽപ്പാദനം ലക്ഷ്യമാക്കി അധിക സാമ്പത്തിക സഹായം നൽകുകയാണ് പ്രത്യേക കാർഷിക സോണിലൂടെ (Special Agriculture Zone) ഉദ്ദേശിക്കുന്നത്. നിലവിലുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിൽക്കൂടി ലഭിക്കുന്ന ധനസഹായം ഏകോപിപ്പിച്ചുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള ഒഴിച്ചുകൂടാനാകാത്ത വിടവുകൾ (critical gaps) ഉണ്ടെങ്കിൽ അവ പൂർണ്ണമായും നികത്തി പരമാവധി ഉൽപ്പാദനം ലക്ഷ്യമിടുകയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

2017-18-ലെ ബജറ്റിൽ സ്പെഷ്യൽ അഗ്രികൾച്ചർ സോണുകളുടെ രൂപീകരണത്തിനായി പത്ത് കോടി രൂപ വകയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നെല്ല്, തെങ്ങ്, പച്ചക്കറികൾ, വാഴപ്പഴം, പൂക്കൾ, ചെറുധാന്യങ്ങൾ എന്നീ വിളകൾക്കായി പതിനഞ്ച് സോണുകൾ രൂപീകരിക്കുകയുമുണ്ടായി.

7-10-2017-ലെ സ.ഉ.(കൈ) 118/17/എ.ഡി. പ്രകാരം സ്പെഷ്യൽ അഗ്രികൾച്ചർ സോണുകളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി 15 ലക്ഷം രൂപ (1 ലക്ഷം രൂപ വീതം ഓരോ സോണിനും) അനുവദിക്കുകയുണ്ടായി.

19-2-2018-ലെ സ.ഉ. (കൈ) 22/2018/എഡി പ്രകാരം സ്പെഷ്യൽ അഗ്രികൾച്ചർ സോണിന്റെ പ്രവർത്തനങ്ങൾക്കായി 970 ലക്ഷം രൂപയും 20-2-2018-ലെ സ.ഉ.(കൈ)23/18/എഡി പ്രകാരം ഓരോ സോണിന്റെയും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) നവീകരിക്കുന്നതിനും ചട്ടക്കൂട് രൂപീകരിക്കുന്നതിനുമായി Center for Management Development (CMD)-ന് 15 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**ജൈവ കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ**

19 (1236) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ പുതിയതായി ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി സർക്കാർ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം മുതൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സമഗ്ര ജൈവ കൃഷി പദ്ധതി "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും"എന്ന പേരിൽ സംസ്ഥാനത്തുടനീളം നടപ്പാക്കി വരുന്നു. പദ്ധതി വിശദാംശങ്ങൾ ചുവടെ വിശദീകരിക്കുന്നു:

I. ജൈവകൃഷിയും ഉത്തമകൃഷി മുറകളും (2016-17)

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ.

സംസ്ഥാനത്തെ 14 ജില്ലകളിലും ജൈവകൃഷി ക്ലസ്റ്ററുകൾ രൂപീകരിച്ചു.

2. ജൈവവള നിർമ്മാണ യൂണിറ്റ്

കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് ധനസഹായം നൽകി.

3. ഇക്കോ ഷോപ്പുകൾ

ജൈവ പഴം-പച്ചക്കറി ഉൾപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് 65 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു.

4. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ജി.എ.പി. ക്ലസ്റ്ററുകളിൽ നിന്നും സംഭരിച്ച പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് ധനസഹായം നൽകി.

5. ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവകൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച നിയോജക മണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് അവാർഡ് നൽകി.

II ജൈവകൃഷിയും ഉത്തമകൃഷിമുറകളും (2017-18)

നടപ്പുസാമ്പത്തിക വർഷം 1000 ലക്ഷം രൂപ ചെലവിൽ ജൈവകൃഷി പദ്ധതി സംസ്ഥാനത്തുടനീളം നടപ്പാക്കിവരുന്നു.

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ.

നടപ്പുസാമ്പത്തിക വർഷം 155 ജി.എ.പി. ക്ലസ്റ്ററുകളാണ് പുതുതായി പ്രവർത്തനം നടത്തുന്നത്. നിലവിൽ 126 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

2. ഇക്കോ ഷോപ്പുകൾ

പുതുതായി 150 ഇക്കോ ഷോപ്പുകളാണ് സ്ഥാപിക്കുന്നത്.

3. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ജി.എ.പി. ക്ലസ്റ്ററുകളിൽ നേരിട്ട് സംഭരിക്കുന്ന ജൈവ പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് ധനസഹായം നൽകുന്നു.

4. ജൈവ കാർഷിക മണ്ഡലം അവാർഡുകൾ-അവാർഡ് നിർണയവും അവാർഡുകളും.

ജൈവ കൃഷിയിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നവർക്ക് നിയോജക മണ്ഡലാടിസ്ഥാനത്തിലും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലും അവാർഡുകൾ നൽകുന്നു.

5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയിൽ ജൈവകൃഷി സമ്പൂർണ്ണമാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. വഴി പി.ജി.എസ് സർട്ടിഫിക്കേഷൻ നടപ്പാക്കുന്നു.

6. കുട്ടനാട് ജി.എ.പി.

കുട്ടനാട്ടിലെ സുസ്ഥിര കൃഷി ഉറപ്പാക്കുന്നതിനും കുട്ടനാട്ടിനെ പ്രത്യേക കാർഷിക മേഖലയായി വ്യാപിപ്പിക്കുന്നതിനുമായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന കുട്ടനാടൻ പ്രദേശത്ത് ജൈവ നെൽകൃഷി പദ്ധതി നടപ്പിലാക്കുന്നു.

(ബി) ഉണ്ട്.

(സി) നിലവിൽ 165 ഇക്കോ ഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | 2016-17- ൽ അനുവദിച്ച ഇക്കോ ഷോപ്പുകളുടെ എണ്ണം | 2017-18-ൽ അനുവദിച്ച ഇക്കോ ഷോപ്പുകളുടെ എണ്ണം | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 3 | 10 | 13 |
| 2 | കൊല്ലം | - | 5 | 5 |
| 3 | പത്തനംതിട്ട | - | 8 | 8 |
| 4 | ആലപ്പുഴ | 1 | 15 | 16 |
| 5 | കോട്ടയം | 5 | 12 | 17 |
| 6 | ഇടുക്കി | 2 | 18 | 20 |
| 7 | എറണാകുളം | - | 5 | 5 |
| 8 | തൃശ്ശൂർ | 1 | 15 | 16 |
| 9 | പാലക്കാട് | 2 | 15 | 17 |
| 10 | മലപ്പുറം | - | 12 | 12 |
| 11 | കോഴിക്കോട് | - | 5 | 5 |
| 12 | വയനാട് | - | 8 | 8 |
| 13 | കണ്ണൂർ | 1 | 12 | 13 |
| 14 | കാസർഗോഡ് | - | 10 | 10 |
| | ആകെ | 15 | 150 | 165 |

ഇതിൽ 122 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) 2016-17-ൽ 15 ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിന് 70 ലക്ഷം രൂപ ചെലവഴിച്ചു. ജൈവ ക്ലസ്റ്ററുകളിൽ നിന്നും ശേഖരിക്കുന്ന ജി.എ.പി. ഉൽപ്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടി ഇക്കോ ഷോപ്പ് മുഖാന്തരം വിൽപ്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ 11.64 ലക്ഷം രൂപ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകി. 2017-18-ൽ 150 ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ 300 ലക്ഷം രൂപ ധനസഹായം നൽകുന്നു. ഇതിനുപുറമേ 2014-15, 2015-16, 2016-17 വർഷങ്ങളിൽ സ്ഥാപിച്ച 65 ഇക്കോഷോപ്പുകൾക്ക് ഈ സാമ്പത്തിക വർഷം 60 ലക്ഷം രൂപ ധനസഹായം നൽകുന്നു. ആകെ 430

ലക്ഷം രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്.

## ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ

20 (1237) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കാൻ നിലവിൽ എന്തൊക്കെ പദ്ധതികൾ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജൈവ വളം വിതരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന വിശദമാക്കാമോ;

(സി) ജൈവളത്തിന്റെ ഗുണ നിലവാരം പരിശോധിക്കാൻ സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജൈവകൃഷിയുടെ പ്രോത്സാഹനത്തിനും വ്യാപനത്തിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2017-18-ൽ 1000 ലക്ഷം രൂപ വകകൊള്ളിച്ച് ജൈവകൃഷി പദ്ധതിയിൽ ചുവടെ വിശദീകരിക്കുന്ന ഘടകങ്ങളാണ് നടപ്പാക്കി വരുന്നത്:

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ.

   കൃഷിഭവൻ തലത്തിൽ ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവ കൃഷി പ്രോത്സാഹനം നടത്തിവരുന്നു.

2. ഇക്കോ ഷോപ്പുകൾ

   ജി.എ.പി. വഴി ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ പഴം-പച്ചക്കറി ഉൾപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് നടപ്പുസാമ്പത്തിക വർഷം പുതുതായി 150 ഇക്കോ ഷോപ്പുകളാണ് സ്ഥാപിക്കുന്നത്.

3. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

   ജി.എ.പി. വഴി ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് ധനസഹായം നൽകുന്നു.

4. ജൈവ കാർഷിക മണ്ഡലം അവാർഡ്

   ജൈവകൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് നിയോജക മണ്ഡലാടിസ്ഥാനത്തിലും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി,

ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലും അവാർഡുകൾ നൽകുന്നു.

5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ വഴി പി.ജി.എസ് സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു.

6. കുട്ടനാട് ജി.എ.പി.പദ്ധതി

കുട്ടനാട്ടിലെ സുസ്ഥിര കൃഷി ഉറപ്പാക്കുന്നതിനും കുട്ടനാട്ടിനെ പ്രത്യേക കാർഷിക മേഖലയായി വ്യാപിപ്പിക്കുന്നതിനുമായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന കുട്ടനാടൻ പ്രദേശത്ത് ജൈവ നെൽകൃഷി പദ്ധതി നടപ്പിലാക്കുന്നു.

(ബി) ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയിൽ 2016-17-ൽ വി.എഫ്.പി.സി.കെ. മുഖേന ജൈവ വളം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി എറണാകുളത്ത് പ്രവർത്തിക്കുന്ന കൃഷി ബിസിനസ് കേന്ദ്രയ്ക്ക് 72 ലക്ഷം രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

മുനിസിപ്പൽ വേസ്റ്റിൽ നിന്നും സിറ്റി കമ്പോസ്റ്റ് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ മെട്രിക് ടണ്ണിന് 1,500 രൂപ ധനസഹായം നൽകുന്നുണ്ട്. എഫ്.എ.സി.ടി., മദ്രാസ് ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് എന്നീ കമ്പനികൾ ഈ പദ്ധതിയിൻകീഴിൽ സിറ്റി കമ്പോസ്റ്റ് വിതരണം ചെയ്യുന്നുണ്ട്.

കേരളത്തിൽ ഒരു വർഷം ശരാശരി 1800 മെട്രിക് ടൺ വിതരണം ചെയ്യപ്പെടുന്നുണ്ട്. കേരളത്തിൽ 68 സ്ഥാപനങ്ങൾക്ക് ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനുള്ള ലൈസൻസ് കൃഷി വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏഴിനം ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ചുമതല കൃഷി വകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് നിലവിലില്ല. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തെയാണ് ഗുണനിലവാര പരിശോധനയ്ക്കായി ആശ്രയിച്ചുവരുന്നത്. ഇക്കാരണത്താൽ ജൈവ വളങ്ങളുടെ പരിമിതമായ സാമ്പിളുകൾ മാത്രമാണ് ഓരോ വർഷവും പരിശോധന നടത്തിയിരുന്നത്. അംഗീകൃത ജൈവ വളങ്ങളുടെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്തുവാനായി സംസ്ഥാന കൃഷി വകുപ്പ് പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പുതുതായി സ്ഥാപിക്കുന്ന ജൈവജീവാണുവള ഗുണനിലവാര പരിശോധനാശാലയുടെ പ്രവർത്തനം ഈ സമ്പത്തിക വർഷം

ആരംഭിക്കുന്നതാണ്.

**ജൈവ കൃഷി വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ**

21 (1238) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) അമിതമായ രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നതിനെതിരെ എന്തെങ്കിലും നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും എന്ന പദ്ധതി 2016-17 വർഷം മുതൽ നടപ്പാക്കിവരുന്നുണ്ട്.

സമഗ്ര ജൈവ കൃഷി (2016-17)

പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ.

   സംസ്ഥാനത്തെ 14 ജില്ലകളിലും ജി.എ.പി. ക്ലസ്റ്ററുകൾ രൂപീകരിച്ചു.

2. ജൈവവള നിർമ്മാണ യൂണിറ്റ്

   കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു.

3. ഇക്കോ ഷോപ്പുകൾ

   ജൈവ പഴം-പച്ചക്കറി ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സംസ്ഥാനത്ത് 65 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ജി.എ.പി. ക്ലസ്റ്ററുകൾവഴി വിഷരഹിത പഴം-പച്ചക്കറികൾ സംഭരിച്ച് ഇക്കോ ഷോപ്പുകൾവഴി വിതരണം നടത്തി.

4. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

   ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും സംഭരിച്ച പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ വഴി

വിപണനം നടത്തി.

5. ജൈവ കാർഷിക മണ്ഡലം അവാർഡുകൾ

ജൈവകൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച നിയോജകമണ്ഡലം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് അവാർഡ് നൽകി.

നടപ്പ് സാമ്പത്തിക വർഷം ജൈവകൃഷി (2017-18)

നടപ്പുസാമ്പത്തിക വർഷം 1000 ലക്ഷം രൂപ ചെലവിൽ ജൈവകൃഷി പദ്ധതി സംസ്ഥാനത്തുടനീളം നടപ്പാക്കി വരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ.

നടപ്പുസാമ്പത്തിക വർഷം 155 ക്ലസ്റ്ററുകളാണ് പുതുതായി പ്രവർത്തനം നടത്തുന്നത്. നിലവിൽ 141 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

2. ഇക്കോ ഷോപ്പുകൾ

പുതുതായി 150 ഇക്കോ ഷോപ്പുകളാണ് സ്ഥാപിക്കുന്നത്. 107 ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

3. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ജി.എ.പി. ക്ലസ്റ്ററുകളിൽ നേരിട്ട് സംഭരിക്കുന്ന ജൈവ പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് സഹായം നൽകുന്നു.

4. ജൈവ കാർഷിക മണ്ഡലം അവാർഡുകൾ

ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന നിയോജക മണ്ഡലത്തിനും, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്കും അവാർഡുകൾ നൽകുന്നു.

5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയിൽ ജൈവകൃഷി സമ്പൂർണ്ണമാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ വഴി പി.ജി.എസ്. സർട്ടിഫിക്കേഷൻ നടപ്പാക്കുന്നു.

6. കുട്ടനാട് ജി.എ.പി.

കുട്ടനാട്ടിലെ സുസ്ഥിര കൃഷി ഉറപ്പാക്കുന്നതിനും കുട്ടനാട്ടിനെ പ്രത്യേക കാർഷിക മേഖലയായി വ്യാപിപ്പിക്കുന്നതിനുമായി ആലപ്പുഴ, കോട്ടയം,

പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന കുട്ടനാടൻ പ്രദേശത്ത് ജൈവ നെൽകൃഷി പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിത നഗരി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ "സേഫ് ടു ഈറ്റ്" എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന കൃഷിയിടത്തിൽ നിന്നും മാർക്കറ്റിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിൽ പരിശോധനാ ഫലം പരസ്യപ്പെടുത്തുന്നതുവഴി ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച വിവരം ലഭിക്കും. ഇപ്രകാരമുള്ള പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 2016-17 വർഷം മുതൽ കർശന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് നിരോധിക്കപ്പെട്ടിട്ടുള്ള കീടനാശിനികൾ കർഷകരിലെത്തുന്നത് തടയാൻ ജില്ലാ തലത്തിലും മേഖല അടിസ്ഥാനത്തിലും വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. അമിത വിഷമുള്ള 7 കീടനാശിനികളുടെ വിതരണവും വിൽപ്പനയും സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ സർക്കുലർ കൃഷി ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

**പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

22 (1239) ശ്രീ. രാജു എബ്രഹാം :

ശ്രീ. എം. സ്വരാജ് :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറിയിൽ എത്ര ശതമാനമാണ് ആഭ്യന്തര ഉത്പാദനം എന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ഓണക്കാലത്ത് ആരംഭിച്ച 'ഒരു മുറം പച്ചക്കറി' പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പിന്തുണയോടെ വീടുകളിൽ ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 2017-18-ൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
3. സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി
4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ
5. ജില്ലാ ക്ലസ്റ്റർ വികസനം
6. സാങ്കേതിക സഹായവും കരാർ നിയമനവും
7. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
8. നഴ്സറികൾ സ്ഥാപിക്കൽ
9. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും
10. പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം
11. പച്ചക്കറി കൃഷിക്കുവേണ്ടി ' മിനി പോളീഹൗസ്'-കളുടെ പ്രോത്സാഹനം
12. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ
13. കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം

14. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം.

15. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം

16. 'സേഫ്-ടു-ഈറ്റ്-ബ്രാൻഡിംഗ് പദ്ധതിവഴി സഹായം

17. അവാർഡ് വിതരണം.

18. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം

19. മഴമറ നിർമ്മാണം

20. പദ്ധതിയുടെ ബാഹ്യനിരീക്ഷണം

21. ഡിജിറ്റൽ ഡോക്യുമെന്റേഷൻ

22. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള അധിക ധനസഹായം

23. വി.എഫ്.പി.സി.കെ.-വഴിയുള്ള വിവിധ പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം നൽകുന്നു.

(ബി) നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾ പ്രകാരം ഒരു വർഷം ആകെ 20.09 ലക്ഷം മെട്രിക് ടൺ പച്ചക്കറി സംസ്ഥാനത്തിന് ആവശ്യമാണ്. ഇതിൽ 7.25 ലക്ഷം മെട്രിക് ടണ്ണാണ് (36.08 ശതമാനം) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്.

(സി) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്. ഇതിനായി 2018-19 വാർഷിക പദ്ധതിയിൽ ഓണത്തിന് ഒരു മുറം പച്ചക്കറി തുടർ പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. വീടുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി നടപ്പിലാക്കുന്നു. വീടുകളിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി കൗൺസിൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതുകൂടാതെ വൈഗ 2017, സംസ്ഥാന സ്കൂൾ കലോൽസവം, തിരുവനന്തപുരത്ത് നടന്ന വസന്തോൽസവം മുതലായ വേദികളിൽ പച്ചക്കറി വിത്തുകളും തൈകളും കൗൺസിൽ വിതരണം ചെയ്യുകയുണ്ടായി. അതോടൊപ്പം കൗൺസിലിനെ സമീപിച്ച റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ

ക്ലബ്ബുകൾ എന്നിവർക്ക് ആവശ്യമായ പരിശീലനങ്ങൾ, വിത്ത്, തൈകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

**ജൈവകൃഷിയുടെ സാദ്ധ്യതകൾ**

23 (1240) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷിയുടെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന വിഷലിപ്തമായ പച്ചക്കറികളെയും അതുണ്ടാക്കുന്ന ദോഷഫലങ്ങളെയും കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സാധ്യമായിട്ടുണ്ടോ;

(സി) കേരള ഓർഗാനിക് എന്ന പേരിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കൃഷിചെയ്ത്, വിഷരഹിത ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള സംവിധാനം വിജയകരമാണോ; ഇത് വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കൃഷിഭവൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവവഴി ജൈവപച്ചക്കറികൾ സംഭരിച്ച് വില്പന നടത്തുന്നതിന് പ്രത്യേക കൗണ്ടറുകൾ ആരംഭിക്കുമോ;

(ഇ) ഓർഗാനിക് എന്ന പേരിൽ ഉയർന്ന വിലയ്ക്ക് പല കടകളിലും വിൽക്കുന്ന പച്ചക്കറി വിഷലിപ്തമാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; ജനങ്ങളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് വർദ്ധിച്ച സാദ്ധ്യതയാണുള്ളത്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പഴം, പച്ചക്കറികളിൽ രാസകീടനാശിനികളുടെ സാന്നിദ്ധ്യം അനുവദനീയമായ അളവിലും വളരെ ഉയർന്നതാണെന്ന് പഴം, പച്ചക്കറി സാമ്പിളുകൾ മാർക്കറ്റുകളിൽനിന്നും ശേഖരിച്ച് "കീടനാശിനി വിഷാംശ അവശിഷ്ട പരിശോധന" വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി വിഷാംശ അവശിഷ്ട പരിശോധനാ ലാബിൽ നടത്തിയതിനെ തുടർന്ന് ബോദ്ധ്യപ്പെട്ടിരുന്നു. 3 മാസത്തിലൊരിക്കൽ ഈ പരിശോധനാ ഫലം പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഈ പരിശോധനകൾ പുറത്തുവിട്ട റിപ്പോർട്ടുകൾ ഇത്തരം കീടനാശിനികളുടെ അമിതവും അനിയന്ത്രിതവുമായ

ഉപയോഗം അവ ഭക്ഷിക്കുന്ന ജനങ്ങൾക്ക് ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ഗുരുതരമാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളിൽ അന്യസംസ്ഥാന പച്ചക്കറികളുടെ ഉപഭോഗം വലിയതോതിൽ കുറഞ്ഞിട്ടുണ്ട്. മാത്രമല്ല സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിലും ജനങ്ങൾ ജൈവരീതിയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളോട് കൂടുതൽ ആഭിമുഖ്യം കാണിക്കുന്നുണ്ട്.

ആരോഗ്യ സംരക്ഷണത്തിൽ ജനങ്ങൾക്ക് കൂടുതൽ ശ്രദ്ധയാണുള്ളത്. അതിനാൽ തന്നെ ജനങ്ങൾ കഴിയുന്നതും വിഷലിപ്തമായ അന്യസംസ്ഥാന ഉൽപ്പന്നങ്ങൾ പഴയതുപോലെ സ്വീകരിക്കുന്നില്ല. ജൈവ ഉൽപ്പന്നങ്ങൾക്ക് മുൻഗണന നൽകുകയും കഴിയുന്നത്ര ഉൽപ്പന്നങ്ങൾ സ്വന്തമായി ജൈവരീതിയിൽ ഉൽപ്പാദിപ്പിക്കുന്നതിന് താൽപ്പര്യം കാണിക്കുകയും ചെയ്യുന്നുണ്ട്. ജനങ്ങളുടെ ഈ മാറ്റവും ജൈവകൃഷിയിലുള്ള താൽപ്പര്യവും സംസ്ഥാനത്ത് ജൈവ കൃഷിക്ക് വർദ്ധിച്ച സാദ്ധ്യതയാണ് കാണിക്കുന്നത്.

(ബി) ഉണ്ട്.

(സി) വിജയകരമാണ്. നിലവിലുള്ള സംവിധാനം കൂടുതൽ ഫലവത്തായി പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. വിപണി വികസനം കൂടുതൽ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ കൃഷിഭവൻ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ എന്നിവ വഴി പച്ചക്കറികൾ സംഭരിച്ച് വിൽപ്പന നടത്തുന്നുണ്ട്. ജൈവ ക്ലസ്റ്ററുകൾ (ഉത്തമ കൃഷി മുറകൾ) ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾ സംഭരിച്ച് കൃഷി ഭവനുകളിൽ പ്രവർത്തിക്കുന്ന ഇക്കോ ഷോപ്പുകൾവഴി വിൽപ്പന നടത്തുന്നു. ഇത്തരം ജൈവ ഉൽപ്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ്, ലേബലിംഗ് നൽകി കേരള ഓർഗാനിക് ബ്രാൻഡിലും വിൽക്കുന്നുണ്ട്. ഇതിനുപുറമേ കൃഷി ഭവൻ തലത്തിൽ ആഴ്ച്ചചന്തകൾ വഴിയും ജൈവ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നുണ്ട്. വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ 'തളിര്' എന്ന ബ്രാൻഡിൽ safe to eat പച്ചക്കറികളും മറ്റുൽപ്പന്നങ്ങളും വിൽപ്പന നടത്തുന്ന വിപണന ശൃംഖല ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ശാഖ കൊട്ടാരക്കരയിൽ ആരംഭിച്ചു.

(ഇ) പരിശോധിച്ചിട്ടുണ്ട്. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ മാർക്കറ്റുകളിൽ നിന്നും കൃഷിയിടങ്ങളിൽ നിന്നും പച്ചക്കറി സാമ്പിളുകൾ എടുത്ത് കീടനാശിനി വിഷാംശ അവശിഷ്ട പരിശോധന നടത്തി ഫലം സർക്കാരിന്റെ

ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കൃഷി വകുപ്പിന്റെയും കാർഷിക സർവ്വകലാശാലയുടെയും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു. 3 മാസത്തിലൊരിക്കൽ ഫലം പ്രസിദ്ധപ്പെടുത്തി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ഇപ്രകാരം ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്താനും കഴിയുന്നുണ്ട്.

ചൂഷണം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് ഭക്ഷ്യ സുരക്ഷാ വകുപ്പാണ്.

**ജൈവപച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും കീടനാശിനികളുടെ സാന്നിദ്ധ്യം**

24 (1241) ശ്രീ. ബി.ഡി. ദേവസ്സി:
ശ്രീ. കെ. ബാബു:
ശ്രീ. പി. വി. അൻവർ:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും കീടനാശിനികളുടെ സാന്നിദ്ധ്യം ക്രമാതീതമായ അളവിൽ കണ്ടെത്തിയതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓർഗാനിക് പെസ്റ്റിസൈഡ്സ് എന്ന പേരിൽ വിൽപ്പന നടത്തുന്ന കീടനാശിനികളിലും വളങ്ങളിലും രാസവസ്തുക്കൾ അടങ്ങിയിട്ടുണ്ടോ എന്ന് അറിയുന്നതിന് നിലവിൽ എന്തെല്ലാം പരിശോധനാമാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നത്;

(ഡി) കൃഷി വകുപ്പിന്റെ സർട്ടിഫിക്കറ്റ് ലഭിക്കാത്ത ഉത്പന്നങ്ങൾ ജൈവ ഉത്പന്നങ്ങൾ എന്ന പേരിൽ വിൽക്കാൻ പാടില്ലെന്ന ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജൈവവിളകൾ എന്ന പേരിൽ സംസ്ഥാനത്ത് വിൽക്കപ്പെടുന്നവയിൽ കീടനാശിനികളുടെ അംശം വ്യാപകമായി ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജൈവകൃഷി പദ്ധതിയുടെ ഭാഗമായി "സേഫ് ടു ഈറ്റ്" എന്ന

പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പച്ചക്കറി മാർക്കറ്റുകൾ, ഇക്കോ ഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ഫലം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെ വെബ്സൈറ്റുകളിലും പരിശോധനാഫലം പ്രസിദ്ധീകരിക്കുന്നുണ്ട്.

ഇപ്രകാരം ജനങ്ങളിൽ വിഷയം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതോടൊപ്പം നിയന്ത്രണവും ഒരു പരിധിവരെ സാദ്ധ്യമാകുന്നുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം പരിശോധനാഫലം പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ജൈവ വളങ്ങളുടെയും ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ജൈവ കീടനാശിനികളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള ചുമതല സംസ്ഥാന കൃഷി വകുപ്പിനാണ്. എന്നാൽ ഇതിനായി സംസ്ഥാന ലബോറട്ടറി സംവിധാനം മറ്റ് സംസ്ഥാനങ്ങളിലെ ലബോറട്ടറികളെയാണ് ആശ്രയിച്ചുവന്നിരുന്നത്. എന്നാൽ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത ജൈവവളങ്ങളുടെയും ജൈവ കീടനാശിനികളുടെയും പരിമിതമായ സാമ്പിളുകൾ മാത്രമാണ് ഈ വിധത്തിൽ ഇപ്പോൾ പരിശോധിച്ചുവരുന്നത്. എന്നാൽ ജൈവ വളങ്ങൾ/ജൈവ കീടനാശിനികൾ എന്ന പേരിൽ ലൈസൻസില്ലാതെ വിറ്റഴിക്കപ്പെടുന്ന ഉൽപ്പന്നങ്ങളിൽ രാസവസ്തുക്കൾ അടങ്ങിയിട്ടില്ലെന്നും ഉറപ്പാക്കേണ്ടതാണ്. ഇതിനായി സമഗ്രമായ ഒരു പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിപണിയിൽ ലഭ്യമായ ജൈവകീടനാശിനി ഉൽപ്പന്നങ്ങളുടെ സാമ്പിളുകൾ കേന്ദ്ര സർക്കാരിനുകീഴിൽ ഹൈദ്രബാദിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് ലബോറട്ടറിയിൽ പരിശോധിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ ഒരു ബയോ ഫെർട്ടിലൈസർ ആൻഡ് ഓർഗാനിക് മാന്വർ ക്വാളിറ്റി കൺട്രോൾ ലാബ് എന്ന പേരിൽ ഒരു ജൈവവള ഗുണനിലവാര പരാശോധനാ ലാബ് ആരംഭിക്കുന്നതിനും ടി ആവശ്യത്തിനായി തിരുവനന്തപുരത്തും തൃശ്ശൂരും ഓരോ ലബോറട്ടറികളും പുതുതായി സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിന് കൃഷി വകുപ്പിനെ അധികാരപ്പെടുത്തിയിട്ടില്ല.

## വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ

25 (1242) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പച്ചക്കറി കർഷകർക്ക് പണ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വട്ടവട-കാന്തല്ലൂർ മേഖലയിലെ പച്ചക്കറി കർഷകരെ സഹായിക്കുന്നതിന് ഒരു പ്രത്യേക കാർഷിക മേഖല രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വട്ടവടയിലെ കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ; കർഷകർക്ക് ബോണസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ഇ) അട്ടപ്പാടിയിലെ കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ജൈവകൃഷി പദ്ധതി പ്രകാരവും (GAP)പരമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതി പ്രകാരവും വിഷരഹിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ എ ഗ്രേഡ് ക്ലസ്റ്ററുകളിലെ അംഗങ്ങൾക്ക് കാർഷിക പ്രവൃത്തികൾക്ക് ആവശ്യമായ ചെറിയ തുകകൾ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ടായി 435 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രസ്തുത തുക വിളവെടുത്തശേഷം തിരികെ റിവോൾവിംഗ് ഫണ്ടിലേയ്ക്ക് വരവ് വയ്ക്കേണ്ടതാണ്.

എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബി.എൽ.എഫ്.ഒ.കൾ എന്നിവയോടനുബന്ധിച്ച് നിശ്ചിത ദിവസങ്ങളിൽ ലേല വിപണികൾ നടത്തപ്പെടുന്നു. ഇവ വഴി കർഷകരുടെ

ഉൽപ്പന്നങ്ങൾ വിൽക്കുന്നവർക്ക് തുക അടുത്ത വിപണിക്ക് മുമ്പായി നൽകുവാൻ സാദ്ധ്യമാകുന്നു. ഓണം, വിഷു തുടങ്ങിയ ഉത്സവ സീസണുകളിൽ ഓണ സമൃദ്ധി, വിഷുക്കണി മാർക്കറ്റുകൾ സംസ്ഥാനത്ത് നടത്തിവരുന്നു. ഈ മാർക്കറ്റുകളിലേയ്ക്ക് പച്ചക്കറി നൽകുന്ന കർഷകർക്ക് പൊതു വിപണിയിലെ വിലയിൽനിന്നും 10 ശതമാനം അധിക വില നൽകുന്നുണ്ട്. കൂടാതെ വില സബ്സിഡി ഇനത്തിൽ വിവിധ ഘടകങ്ങളിലായി പച്ചക്കറി വികസന പദ്ധതി പ്രകാരം 2017-18-ൽ 79 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് 80 കോടി രൂപയുടെ പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേരള ഗ്രാമീൺ ബാങ്ക് വട്ടവട വഴി ധനസഹായം നൽകുന്നുണ്ട്.

(സി&ഡി) പച്ചക്കറി കൃഷിക്കായുള്ള സ്പെഷ്യൽ അഗ്രികൾച്ചർ സോണിൽ വട്ടവട, കാന്തല്ലൂർ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ദേവികുളം ബ്ലോക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. 2017-18-ൽ അടിസ്ഥാന സൗകര്യ വികസനത്തിനും ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗിനുമായി 76.45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിവിധ ഘടകങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം) |
|---|---|---|
| 1 | വട്ടവട, കാന്തല്ലൂർ പ്രദേശത്ത് ബയോഫാർമസി സ്ഥാപിക്കൽ | 6.00 |
| 2 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് മൂന്നാർ, ദേവികുളം, മറയൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കൽ | 5.00 |
| 3 | വട്ടവട കാന്തല്ലൂർ ഭാഗത്ത് അഗ്രോ സർവ്വീസ് സെന്റർ സ്ഥാപിക്കൽ | 34.70 |
| 4 | തേനീച്ച കൃഷിവഴി ജീവനുള്ള വേലി നിർമ്മാണം 25 പെട്ടി/യൂണിറ്റ് 75 ശതമാനം സബ്സിഡിയിൽ | 11.25 |
| 5 | കാരറ്റ്, ബീറ്റ്റൂട്ട് എന്നിവ കഴുകി വൃത്തിയാക്കി പായ്ക്ക് ചെയ്യുന്ന മെഷീൻ | 12.0 |
| 6 | ഇഞ്ചിപ്പുൽ സ്റ്റീം ഡിസ്റ്റിലേഷൻ യൂണിറ്റ് | 7.50 |
| | ആകെ | 76.45 |

കർഷകർക്ക് ഓർഗാനിക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അതുവഴി കർഷകർക്ക് മാർക്കറ്റ് വിലയെ അപേക്ഷിച്ച് കൂടുതൽ വിലനൽകി ഹോർട്ടികോർപ്പും VFPCK-യും പച്ചക്കറികൾ സംഭരിക്കുന്നുണ്ട്. മറയൂർ ശർക്കരയുടെ പ്രാധാന്യവും കാന്തല്ലൂർ മേഖലയിലെ വെളുത്തുള്ളിയുടെ പ്രത്യേകതയും കണക്കിലെടുത്ത് അവയ്ക്ക് ഭൗമസൂചിക സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതാണ്. വട്ടവട ഗ്രാമപഞ്ചായത്തിൽ കേരള ഗ്രാമീൺ ബാങ്കിന്റെ പുതിയ ഒരു ശാഖ ആരംഭിക്കുകയും കർഷകരുടെ JLG ഗ്രൂപ്പുകൾ രൂപീകരിച്ച് അതുവഴി കർഷകർക്ക് ധനസഹായം നൽകുകയും ചെയ്തുവരുന്നു. ഈ സാമ്പത്തിക വർഷം ഹോർട്ടികൾച്ചർ മിഷൻ വഴി വട്ടവടയിലെ 2125 കർഷകർക്ക് 1393 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിന് ധനസഹായമായി 2,08,95,000 രൂപ നൽകിയിട്ടുണ്ട്.

(ഇ) അട്ടപ്പാടിയിലെ കർഷകരെ സഹായിക്കുന്നതിന് പ്രാദേശിക വിളകളുടെ വികസനം (ഡെവലപ്മെന്റ് ഓഫ് ലൊക്കേഷൻ സ്പെസിഫിക് ക്രോപ്പ്) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 'മില്ലറ്റ് വില്ലേജ്' എന്ന പ്രോജക്ട് നടപ്പിലാക്കുന്നുണ്ട്.

2017-18 വർഷത്തിൽ അട്ടപ്പാടിയിലെ ആദിവാസി ഊരുകളെ ലക്ഷ്യമാക്കി 'മില്ലറ്റ് ഗ്രാമം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് 200 ലക്ഷം രൂപയും പട്ടികവർഗ്ഗക്ഷേമ വകുപ്പ് അനുവദിച്ച 48.5 ലക്ഷം രൂപയും ഉൾപ്പെടെ 248.5 ലക്ഷം രൂപയുടെ പദ്ധതികളാണ് ഈ സാമ്പത്തിക വർഷം മില്ലറ്റ് ഗ്രാമം പദ്ധതിയുടെ കീഴിൽ നടപ്പാക്കുന്നത്. പദ്ധതിയിൽ ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലം ഉഴവ്, വിത്ത് വിതരണം, ജൈവവളം നൽകൽ, വിള ഇൻഷ്വറൻസ് ചെറുകിട മില്ല് സ്ഥാപിച്ചുള്ള സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, സംഭരണം, വർദ്ധിത വിപണനം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഇതോടൊപ്പം മാതൃകാ ഊരുകളുടെ സമഗ്ര കാർഷിക വികസനം, ജൈവ സർട്ടിഫിക്കേഷൻ, ആദിവാസി മേഖലയിൽ പരമ്പരാഗതമായി കൃഷി ചെയ്തുകൊണ്ടിരിക്കുന്ന അട്ടപ്പാടി തുവര, ആട്ടുകൊമ്പ് അമര എന്നിവയുടെ ഭൗമസൂചിക സർട്ടിഫിക്കേഷൻ, ധാന്യ സംഭരണികളുടെ വിതരണം, തേനീച്ചയെ ഉപയോഗിച്ചുള്ള ജൈവവേലി നിർമ്മാണം, ചെറുകിട ജലസേചന സൗകര്യങ്ങൾ എന്നീ പ്രവർത്തനങ്ങളും നടപ്പാക്കുന്നു.

## പഴം, പച്ചക്കറി വിപണന കേന്ദ്രങ്ങൾ

26 (1243) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോർട്ടികോർപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന പഴം, പച്ചക്കറി വിപണന കേന്ദ്രങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി വിപണന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ എണ്ണം ജില്ലതിരിച്ച് വിശദമാക്കാമോ;

(സി) മലപ്പുറം ജില്ലയുടെ ആവശ്യം പരിഗണിച്ച് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മൊബൈൽ/അല്ലാത്ത വിപണന കേന്ദ്രങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ആകെ ഹോർട്ടികോർപ്പിന് 94 സ്വന്തം സ്റ്റാളുകളും 253 ഫ്രാഞ്ചൈസി സ്റ്റാളുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിന് പുറമേ 500-ഓളം സർക്കാർ സ്കൂളുകൾ, സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ കൂടിയും പച്ചക്കറി വിപണനം നടത്തുന്നുണ്ട്.

(ബി) അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സ്വന്തം സ്റ്റാളുകളും അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ഫ്രാഞ്ചൈസി സ്റ്റാളുകളും ആരംഭിക്കുന്നതാണ്. അടുത്ത ആറ് മാസത്തിനുള്ളിൽ 84 സ്റ്റാളുകൾ ആരംഭിക്കുന്നതാണ്. സ്റ്റാളുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം-11

കൊല്ലം-4

ആലപ്പുഴ-4

പത്തനംതിട്ട-6

കോട്ടയം-10

എറണാകുളം-11

തൃശ്ശൂർ-5

കണ്ണൂർ-3

ഇടുക്കി-2

വയനാട്-9

കോഴിക്കോട്-3

മലപ്പുറം-12

പാലക്കാട്-4.

(സി) മലപ്പുറം ജില്ലയിലെ വിപണന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ വണ്ടൂരിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ വിതരണ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. അടുത്ത ആറ് മാസത്തിനുള്ളിൽ നിലമ്പൂർ, മഞ്ചേരി, വണ്ടൂർ, പെരിന്തൽമണ്ണ, തിരൂർ, കരുവാരകുണ്ട്, അഴീക്കോട്, കിഴിശ്ശേരി, തിരൂരങ്ങാടി, മലപ്പുറം എന്നിവിടങ്ങളിൽ പുതുതായി സ്റ്റാൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കൃഷിത്തോട്ടത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

27 (1244) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കൃഷിത്തോട്ടത്തിലും ഹോർട്ടികോർപ്പിലും നടപ്പിലാക്കുന്ന പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതികൾക്കും പ്രവൃത്തികൾക്കും വകയിരുത്തിയ തുകയുടെ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ കൃഷിത്തോട്ടത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങളും അവയ്ക്ക് വകയിരുത്തിയ തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

മാവേലിക്കര നിയോജകമണ്ഡലത്തിലെ ജില്ലാ കൃഷിത്തോട്ടത്തിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന്റെ ബീ കീപ്പിംഗ് കൺസോർഷ്യം &

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ട്രെയിനിംഗ് സെന്റർ എന്ന സ്ഥാപനത്തിലൂടെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഇൻ ഹോർട്ടികൾച്ചർ (MIDH) പദ്ധതിയും അസിസ്റ്റൻസ് ടു ഹണി പ്രൊഡക്ഷൻ (AHP) പദ്ധതിയും നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ സൗജന്യമായി 4 ദിവസം നീളുന്ന തേനീച്ച വളർത്തൽ പരിശീലനം നൽകുകയും പരിശീലനം സിദ്ധിച്ച കർഷകർക്ക് ആവശ്യമുള്ളപക്ഷം തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും 40% സബ്സിഡി വ്യവസ്ഥയിൽ നൽകുകയും ചെയ്തുവരുന്നു. തേൻ ഉൽപ്പാദനത്തിന് ഒരു സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി തേനീച്ച വളർത്തൽ പരിശീലന കേന്ദ്രത്തിന്റെ നവീകരണവും ആധുനിക രീതിയിലുള്ള തേൻ സംസ്കരണ യൂണിറ്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന തേൻ സംഭരിച്ച് സംസ്കരിച്ച് തേനും തേൻ അധിഷ്ഠിത ഉൽപ്പന്നങ്ങളുമായി വിപണനം ചെയ്യുന്നതിന് സാധിക്കുന്നതാണ്. തേൻ ഉൽപ്പാദനത്തിനുള്ള സഹായ പദ്ധതി പ്രകാരം 150 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 95 ലക്ഷം രൂപ ലഭ്യമാക്കുകയും ചെയ്തു. MIDH പദ്ധതി നടപ്പിലാക്കുന്നതിനായി 88 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

28 (1245) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടെ നെൽകൃഷിയിൽ ഉണ്ടായ കുറവ് എത്ര ശതമാനമാണെന്ന് ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) 2016-17, 17-18 കാലയളവിൽ കേരളത്തിലെ നെല്ല് ഉല്പാദനം എത്ര ശതമാനമായിരുന്നെന്ന് വ്യക്തമാക്കുമോ;

(ഡി) നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ ഭാഗമായി ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; പുതുതായി എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി കൂടുതലായി ചെയ്യാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടെ നെൽ കൃഷിയിലുണ്ടായ കുറവ് എത്ര ശതമാനമാണെന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 51.45% കുറവ് |
| കൊല്ലം | 63.20%കുറവ് |
| പത്തനംതിട്ട | 31.93% വർദ്ധനവ് |
| ഇടുക്കി | 68.26% കുറവ് |
| കോട്ടയം | 56.95% വർദ്ധനവ് |
| ആലപ്പുഴ | 2.65% കുറവ് |
| എറണാകുളം | 61.68% കുറവ് |
| തൃശ്ശൂർ | 13.6% കുറവ് |
| പാലക്കാട് | 33.94% കുറവ് |
| മലപ്പുറം | 24.81% കുറവ് |
| കോഴിക്കോട് | 47.71% കുറവ് |
| വയനാട് | 36.96% കുറവ് |
| കണ്ണൂർ | 35.41% കുറവ് |
| കാസർഗോഡ് | 47% കുറവ് |

എന്നാൽ 2016-17-ലെ വിസ്തൃതി ആധാരമാക്കി ഇത്തരം ഒരു കണക്കിൽ എത്തുന്നതിൽ പോരായ്മയുണ്ട്. എന്തെന്നാൽ 2016-17 വർഷത്തെ രണ്ടാം വിള കാലത്തും തുടർന്നും ഉണ്ടായ ഈ നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷമായ വരൾച്ചമൂലം നെൽകൃഷിയിൽ ഭീമമായ കുറവുണ്ടായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ രണ്ട് വർഷമായി തരിശുനില കൃഷി, കരനെൽകൃഷി എന്നിവയിൽ ഊന്നിയ പ്രവർത്തനത്തിലൂടെ 2015-16-ലേക്കാൾ നെൽകൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ നടത്തിപ്പിലൂടെ നെൽകൃഷി വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം നടപ്പുവർഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 2016-17 ലെ അരി ഉൽപ്പാദനം 436483 ടണ്ണായിരുന്നു. 2017-18-ലെ അന്തിമ കണക്ക് മൂന്നാം വിളയുടെ കൂടി കൊയ്ത്ത് കഴിഞ്ഞാൽ മാത്രമേ പൂർത്തിയാകുകയുള്ളൂ.

(ഡി) നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ ഭാഗമായി 2015-16 വർഷത്തെക്കാൾ വിസ്തൃതിയിലും ഉൽപ്പാദനത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. 2017-18-ലെ മൂന്നാം വിളയുടെ കൂടി കൊയ്ത്ത് കഴിഞ്ഞാൽ മാത്രമേ ഉൽപ്പാദനം സംബന്ധിച്ച കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ.

കൃഷി വകുപ്പിന്റെ നക്കൽ കണക്കുകൾ പ്രകാരം ഈ സാമ്പത്തിക വർഷം 220449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്. അന്തിമമായ കണക്ക് മൂന്നാം വിള കൊയ്ത്തുകൂടെ കഴിഞ്ഞ ശേഷമേ ലഭിക്കുകയുള്ളൂ.

**പ്രതിവർഷ നെല്ലുൽപ്പാദന തോത്**

29 (1246) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്നത് എത്ര ഹെക്ടർ സ്ഥലത്താണ് എന്ന് വ്യക്തമാക്കാമോ ;

(ബി) ശരാശരി നെല്ലുല്പാദനം ഹെക്ടറിൽ എത്രയെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രതിവർഷ നെല്ലുല്പാദനതോത് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷം 220449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ടെന്നാണ് കൃഷി വകുപ്പിന്റെ നക്കൽ കണക്ക്.

(ബി &സി) 2016-17 സാമ്പത്തിക വർഷം ഹെക്ടറിൽനിന്നും ശരാശരി 3820 കിലോഗ്രാം നെല്ല് (2546 കിലോഗ്രാം അരി) ആയിരുന്നു ഉൽപ്പാദനക്ഷമത. ഇത് ഈ വർഷം വർദ്ധിപ്പിക്കണമെന്ന് പ്രതീക്ഷിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ഈ നൂറ്റാണ്ടിലെ ഏറ്റവും കഠിനമായ വരൾച്ചമൂലം കഴിഞ്ഞ അഞ്ച് വർഷത്തിനിടയ്ക്ക് ഏറ്റവും കുറഞ്ഞ നെല്ലുൽപ്പാദനമാണ് 2016-17 വർഷത്തിലുണ്ടായത്. വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെങ്കിലും ഉണക്ക് ബാധിച്ച് കൃഷി നഷ്ടപ്പെട്ടിരുന്നു. രണ്ടാം വിളയ്ക്കായി തയ്യാറാക്കിയിരുന്ന ഞാറ്റടി തന്നെ ഉണങ്ങിപ്പോയ അവസ്ഥയുണ്ടായി. ഇതിനുപുറമേ പാലക്കാട് ജില്ലയിൽ 13990 ഹെക്ടർ സ്ഥലത്ത് വിതയ്ക്കാൻ സാധിക്കാതെ പോകുകയും ചെയ്തു.

കഴിഞ്ഞ അഞ്ച് വർഷത്തെ നെല്ലിന്റെ ഉൽപ്പാദനവും ശരാശരി ഉൽപ്പാദനക്ഷമതയും ചുവടെ ചേർക്കുന്നു:

| വർഷം | ഉൽപ്പാദനം | ഉൽപ്പാദനക്ഷമത (കിലോ/ഹെക്ടർ) |
|---|---|---|
| 2012-13 | 762448.5 ടൺ നെല്ല് | 3865 |
| 2013-14 | 846487.5 ടൺ നെല്ല് | 4241 |
| 2014-15 | 843138 ടൺ നെല്ല് | 4255 |
| 2015-16 | 823912.5 ടൺ നെല്ല് | 4185 |
| 2016-17 | 654724.5 ടൺ നെല്ല് | 3820 |

**കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം**

30 (1247) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികൾ ആരംഭിക്കുന്നതിനായി ഭൂമി പരിവർത്തനം ചെയ്യുന്നതിന് 2008-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്കായാണ് ഇളവ് അനുവദിച്ചതെന്നും; വ്യവസ്ഥകൾക്ക് വിധേയമായാണോ പ്രസ്തുത ഇളവ് അനുവദിച്ചതെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 30-12-2017-ൽ പുറപ്പെടുവിച്ച 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡനൻസ് 41/2017 വകുപ്പ് 10-ന്റെ അടിസ്ഥാനത്തിൽ ബ്രഹ്മപുരം വേസ്റ്റ് ടു എനർജി പ്രോജക്ടിനായി എറണാകുളം ജില്ലയിലും ടെക്നോപാർക്ക് 3-ാം ഘട്ട വികസനത്തിനായി തിരുവനന്തപുരം ജില്ലയിലും ഗെയിൽ എസ്.വി. സ്റ്റേഷൻ നിർമ്മാണത്തനായി മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലും പൊതുആവശ്യത്തിന് ഭൂമി രൂപാന്തരപ്പെടുത്തുന്നതിന് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടുണ്ട്.

2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം ഇളവനുവദിക്കുന്നതിന് നിയമ പ്രാബല്യം നൽകിയിട്ടുണ്ട്. ഒഴിവാക്കാൻ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണത്തിന് 10% ഭൂമി, ജലസംരക്ഷണ നടപടികൾക്കായി മാറ്റിവയ്ക്കണമെന്ന് വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട്.

## നെല്ല് സംഭരണ വിലയായി കർഷകർക്ക് വിതരണം ചെയ്ത തുക

31 (1248) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിനായി 2016-17 ബജറ്റിൽ എത്ര തുക വകയിരുത്തുകയുണ്ടായി;

(ബി) കർഷകർക്ക് നെല്ല് സംഭരണത്തിന്റെ തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിന് 2016-17 സാമ്പത്തികവർഷത്തിൽ കഴിഞ്ഞിട്ടുണ്ടോ;

(സി) നെല്ല് സംഭരണത്തിന്റെ തുക ഒരാഴ്ചക്കകം കർഷകർക്ക് ലഭ്യമാക്കുന്നതിന് കാർഷിക സഹകരണ ബാങ്കുകളുമായി ബന്ധപ്പെടുത്തി കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തണമെന്ന 2016-17 ബജറ്റിലെ പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) നെല്ല് സംഭരണത്തിനായി 2017-18 ബജറ്റിൽ എത്ര തുക വകയിരുത്തുകയുണ്ടായി;

(ഇ) ഇതിനോടകം എത്ര തുക നെല്ല് സംഭരണ വിലയായി നടപ്പ് സാമ്പത്തിക വർഷം കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെല്ല് സംഭരണത്തിനായി 2016-17 ബജറ്റിൽ 600 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തുകയുണ്ടായി.

(ബി) ഉണ്ട്.

(സി) നെല്ല് സംഭരണത്തിന്റെ തുക ഒരാഴ്ച്ചക്കകം കർഷകർക്ക് ലഭ്യമാക്കുമെന്ന 2016-17 ബജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ സംഭരണവില, പി.ആർ.എസ്. ലോൺ മുഖേന, സംഭരണം കഴിഞ്ഞ് ഉടൻതന്നെ കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഇതിനായി കേരളത്തിൽ പ്രവർത്തിക്കുന്ന 15 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

(ഡി) നെല്ല് സംഭരണത്തിനായി 2017-18 ബജറ്റ് പ്രകാരം 40 കോടി രൂപയും ഉപധനാഭ്യർത്ഥന പ്രകാരം 125 കോടി രൂപയും ഉൾപ്പെടെ ആകെ 525 കോടി രൂപ നെല്ല് സംഭരണത്തിനായി 2017-18 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

(ഇ) നെല്ല് സംഭരണവിലയായി നടപ്പ് സാമ്പത്തികവർഷം 28-2-2018 വരെ

825.26 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

**ആറന്മുള പാടങ്ങളിലെ നെൽകൃഷി**

32 (1249) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 കാലയളവിൽ ആറന്മുള നിയോജകമണ്ഡലത്തിൽ എത്ര ഭൂവിസ്തൃതിയിൽ തരിശുപാടങ്ങളിൽ നെൽകൃഷി ഇറക്കിയിട്ടുണ്ട് ;

(ബി) 2017-18 കാലയളവിൽ എത്രത്തോളം പാടങ്ങളിൽ ഇതുവരെ നെൽകൃഷി ഇറക്കിയിട്ടുണ്ട്; അതിൽ തരിശു പാടങ്ങൾ എത്രത്തോളമുണ്ട് ;

(സി) എത്ര രൂപയുടെ നെല്ലാണ് 2016-17-ൽ ആറന്മുളയിലെ നെൽകൃഷിയിലൂടെ ലഭിച്ചത് ;

(ഡി) 2016-17 -ൽ ആറന്മുളയിൽ കൃഷി ഇറക്കുന്നതിന് സർക്കാർ എത്ര രൂപ ചെലവഴിച്ചു?

ഉത്തരം

(എ) 2016-17 കാലയളവിൽ ആറന്മുള നിയോജകമണ്ഡലത്തിൽ 197.42 ഹെക്ടർ തരിശുപാടങ്ങളിൽ നെൽകൃഷി ഇറക്കിയിട്ടുണ്ട്.

(ബി) 2017-18 കാലയളവിൽ 629.524 ഹെക്ടർ സ്ഥലത്ത് ഇതുവരെ നെൽകൃഷി ചെയ്തിട്ടുണ്ട്. അതിൽ 355.096 ഹെക്ടർ ഈ വർഷത്തെ തരിശുനിലമായിരുന്നു.

(സി) 3,11,21,000 രൂപയുടെ നെല്ലാണ് 2016-17-ൽ ആറന്മുള നിയോജകമണ്ഡലത്തിൽ ലഭിച്ചത്.

(ഡി) 2016-17-ൽ ആറന്മുള നിയോജകമണ്ഡലത്തിൽ കൃഷി ഇറക്കുന്നതിനായി 1,12,69,501 രൂപ ചെലവഴിച്ചു.

**തൃശ്ശൂർ ജില്ലയിൽ ന്യായവിലയ്ക്ക് നെല്ല് സംഭരിക്കുന്നതിന് നടപടി**

33 (1250) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കർഷകരുടെ നെല്ല് ന്യായവിലയ്ക്ക് മുഴുവനായും സംഭരിക്കുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കൊരട്ടി കൂട്ട് കൃഷി സംഘത്തിലെ കർഷകരുടെ നെല്ല് സംഭരിക്കാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യഥാസമയം നെല്ല് സംഭരിച്ച് കർഷകർക്ക് ന്യായവില ലഭ്യമാക്കാൻ

നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെല്ല് സംഭരണം നടത്തുന്നത് സപ്ലൈകോ വഴിയാണ്. തൃശ്ശൂർ ജില്ലയിൽ സപ്ലൈകോ പാഡി മാർക്കറ്റിംഗ് ഓഫീസർ മുഖാന്തിരം കർഷകരുടെ നെല്ല് സംഭരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വികേന്ദ്രീകൃത ധാന്യ സംഭരണ, സംസ്കരണ, വിതരണ പദ്ധതി പ്രകാരം സപ്ലൈകോ യഥാസമയം നെല്ല് സംഭരിക്കുകയും ആയതിന്റെ വില സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന് നൽകുന്ന PR (പാഡി രസീത്)-ന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി എഗ്രിമെന്റ് വച്ചിട്ടുള്ള ബാങ്കുകൾവഴി സംഭരണ വില അപ്പപ്പോൾ നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

## നെല്ല് സംഭരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

34 (1251) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിന് സർക്കാർ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയിൽ പ്രയാസപ്പെടുന്ന കർഷകരെ സഹായിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വികേന്ദ്രീകൃത ധാന്യ സംഭരണ, സംസ്കരണ, വിതരണ പദ്ധതി പ്രകാരം കേരളത്തിലെ പതിനാല് ജില്ലകളിൽനിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നു. ഇപ്രകാരം സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കിമാറ്റി പൊതുവിതരണ സമ്പ്രദായത്തിലൂടെ ജനങ്ങൾക്ക് വിതരണം ചെയ്യുന്നു. നിലവിൽ കേന്ദ്ര സർക്കാർ നൽകുന്ന അടിസ്ഥാന താങ്ങുവിലയായ 15.50 രൂപ/കിലോ ഗ്രാമും സംസ്ഥാന സർക്കാർ വിഹിതമായ പ്രോത്സാഹന ബോണസ് 7.80 രൂപ/കിലോഗ്രാം

ഉൾപ്പെടെ 23.30 രൂപ/കിലോഗ്രാം വിലയ്ക്കാണ് നെല്ല് സംഭരിക്കുന്നത്.

(ബി) കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയിൽ പ്രയാസപ്പെടുന്ന കർഷകരെ സഹായിക്കുന്നതിനുവേണ്ടി പ്രധാന വിളകളായ റബ്ബർ, നെല്ല്, കൊപ്ര, പച്ചത്തേങ്ങ എന്നിവയും തറവില നിശ്ചയിച്ച് സംഭരിക്കാറുണ്ട്. കൂടാതെ ഉത്സവ സീസണുകളിൽ പച്ചക്കറികളുടെ വില പിടിച്ചുനിർത്തുന്നതിന് കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിന് വിപണി ഇടപെടൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ താങ്ങുവില ഉൽപ്പാദനച്ചെലവിന്റെ ഒന്നര മടങ്ങായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**നെല്ല് സംഭരണത്തിലെ അനിശ്ചിതത്വം**

35 (1252) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണം അടുത്തകാലത്ത് അനിശ്ചിതത്വത്തിലായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) നെല്ല് സംഭരണത്തിൽ നിലവിലെ രീതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത രീതി തുടരാൻ പറ്റില്ലെന്ന നിലപാട് എടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ അത്തരമൊരു നിലപാട് സ്വീകരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെല്ല് സംഭരണത്തിന്റെ ചുമതല സിവിൽ സപ്ലൈസ് വകുപ്പാണ് നിർവ്വഹിച്ചുവരുന്നത്. പ്രോസസ്സിംഗ് ചാർജ് വർദ്ധന, ഔട്ട് ടേൺ റേഷ്യോ കുറയ്ക്കൽ തുടങ്ങിയ വിഷയങ്ങളിൽ മില്ലുകാരുമായുണ്ടായ തർക്കത്തെ തുടർന്ന് ഈ സീസണിലെ നെല്ല് സംഭരണം ആരംഭിക്കുവാൻ സിവിൽ സപ്ലൈസ് വകുപ്പ് മൂന്ന് ആഴ്ച വൈകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ-സംസ്കരണ-വിതരണ പദ്ധതി പ്രകാരമാണ് കേരളത്തിൽ സപ്ലൈകോ നെല്ല് സംഭരണം നടത്തുന്നത്. ഈ പദ്ധതി പ്രകാരം നെല്ല് സംഭരിക്കുവാൻ, നെല്ല് നൽകുവാൻ തയ്യാറായിട്ടുള്ള കർഷകർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും കൊയ്ത്ത് കഴിഞ്ഞ ഉടൻതന്നെ നെല്ല് ഏറ്റെടുക്കുന്നു. ഇങ്ങനെ ഏറ്റെടുത്ത നെല്ല് സംസ്കരിച്ച് അരിയാക്കി മാറ്റി പൊതുവിതരണ സമ്പ്രദായത്തിലൂടെ ജനങ്ങൾക്ക് വിതരണം ചെയ്യുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ നെൽകൃഷി**

36 (1253) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പാണഞ്ചേരി, നടത്തറ, മാടക്കത്തറ, പുത്തൂർ എന്നീ പഞ്ചായത്തുകളിലും തൃശ്ശൂർ കോർപ്പറേഷനിൽ ഉൾപ്പെട്ട ഡിവിഷനുകളിലുമായി 2016 വരെ എത്ര സ്ഥലത്ത് നെൽകൃഷി ഉണ്ടായിരിന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെ നെൽകൃഷിയുടെ വ്യാപനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനായെന്ന് വിശദമാക്കാമോ ;

(സി) 2017-ൽ എത്ര ഹെക്ടർ സ്ഥലത്ത് പുതുതായി നെൽകൃഷി ആരംഭിക്കാനായെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ പാണഞ്ചേരി, നടത്തറ, മാടക്കത്തറ, പുത്തൂർ എന്നീ പഞ്ചായത്തുകളിലും തൃശ്ശൂർ കോർപ്പറേഷനിൽ ഉൾപ്പെട്ട ഡിവിഷനുകളിലുമായി 2016-17-ൽ 155.25 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| മാടക്കത്തറ | 50 |
| പുത്തൂർ | 30 |
| നടത്തറ | 51.25 |
| പാണഞ്ചേരി | 12 |
| ഒല്ലൂക്കര | 12 |
| **ആകെ** | 155.25 |

(ബി) നെൽകൃഷിയുടെ വ്യാപനത്തിനായി കൃഷി വകുപ്പിന്റെ സമഗ്ര നെൽകൃഷി വികസന പദ്ധതിയും ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളും തരിശുരഹിത ഒല്ലൂർ പദ്ധതിയും നടപ്പാക്കി.

(സി) 2017-ൽ 61.112 ഹെക്ടർ സ്ഥലത്ത് പുതുതായി നെൽകൃഷി

ആരംഭിക്കാനായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | തരിശുനിലം കൃഷി ചെയ്തത് | ആകെ വിസ്തൃതി |
|---|---|---|
| മാടക്കത്തറ | 8.816 | 78 |
| പുത്തൂർ | 12 | 42 |
| നടത്തറ | 9.628 | 55.61 |
| പാണഞ്ചേരി | 21 | 33 |
| ഒല്ലൂക്കര | 9.668 | 21.668 |
| **ആകെ** | 61.112 | 230.278 |

**പൊന്നാനി-തൃശ്ശൂർ കോൾ വികസന സമിതി**

37 (1254) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി- തൃശ്ശൂർ കോൾ വികസന സമിതിയിൽനിന്ന് പടിയൂർ, പൂമംഗലം പഞ്ചായത്തുകളിൽ ഫണ്ട് അനുവദിക്കുന്നതിന് എന്ത് തടസ്സമാണ് നിലവിലുള്ളത്; ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) മുരിയാട് കോൾ റിസർച്ച് സെന്റർ പദ്ധതികളുടെ പ്രവർത്തനം ഏത് ഘട്ടത്തിൽ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നടപ്പ് വർഷം പൊന്നാനി-തൃശ്ശൂർ കോൾ വികസന സമിതിയിൽനിന്നും പടിയൂർ പഞ്ചായത്തിൽപ്പെടുന്ന കാട്ടൂർ തെക്കുമ്പാടം ഇടതിരിഞ്ഞി കോൾ സഹകരണ സംഘത്തിന് രണ്ട് പവർ ടില്ലറുകൾ ലഭിച്ചിട്ടുണ്ട്. മാത്രമല്ല രണ്ട് പഞ്ചായത്തുകളിലും സംസ്ഥാനാവിഷ്കൃത പദ്ധതികളും ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളും കൃത്യമായി നടപ്പാക്കിയിട്ടുണ്ട്. പടിയൂർ പഞ്ചായത്തിൽ 75 ഹെക്ടർ സ്ഥലത്ത് സുസ്ഥിര നെൽകൃഷി വികസനം നടപ്പാക്കി. ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽ 75 ഹെക്ടറിന് കൂലിച്ചെലവ് ഇനത്തിൽ ഹെക്ടർ ഒന്നിന് 10,000 രൂപ എന്ന നിരക്കിൽ നൽകിയിട്ടുണ്ട്. പൂമംഗലം പഞ്ചായത്തിൽ 158 ഹെക്ടർ സ്ഥലത്ത് സുസ്ഥിര നെൽകൃഷി വികസനം നടപ്പാക്കി. ഗ്രാമപഞ്ചായത്തിന്റെ പദ്ധതിയിൽ 158 ഹെക്ടറിന് കൂലിച്ചെലവ് ഇനത്തിൽ ഹെക്ടർ ഒന്നിന് 13,000 രൂപ എന്ന നിരക്കിൽ നൽകിയിട്ടുണ്ട്. 10 ഹെക്ടർ തരിശുനില കൃഷിക്കുള്ള ആനുകൂല്യവും നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഗ്രാമപഞ്ചായത്ത് വേൾഡ് ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ 98 ലക്ഷം രൂപ ചെലവിൽ 5 വെർട്ടിക്കൽ ആക്സിയൽ പമ്പും

സ്ഥാപിക്കുന്നുണ്ട്.

(ബി) മുരിയാട് കോൾ റിസർച്ച് സെന്റർ പദ്ധതികളുടെ പ്രവർത്തനം അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ മണ്ണുത്തിയാണ് നിർവ്വഹിക്കുന്നത്. മുരിയാട് കോൾ നിലം പദ്ധതി ആരംഭിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. അതിനോട് അനുബന്ധിച്ച് മുരിയാട് പഞ്ചായത്ത് വക കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചു. ഒരു സ്കിൽഡ് അസിസ്റ്റന്റിനെ അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിയമിക്കുകയുണ്ടായി. ആരംഭ പ്രവർത്തനങ്ങളിൽ കോൾ നിലങ്ങൾക്കുവേണ്ടിയുള്ള ജൈവ വൈവിദ്ധ്യത്തിന്റെയും മത്സ്യ വൈവിദ്ധ്യത്തിന്റെയും വിവരങ്ങൾ ശേഖരിക്കുകയും കോൾ നിലങ്ങളിലെ കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ അതാത് സമയത്ത് നടത്തുകയും ചെയ്തിരുന്നു. തുടർന്ന് ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ആ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ സാധിച്ചില്ല. എന്നാൽ സർവ്വകലാശാലയുടെ പദ്ധതിയുടെ ഭാഗമായി ഈ കേന്ദ്രം തുടർന്നു പ്രവർത്തിക്കുന്നുണ്ട്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ നെൽകൃഷി**

38 (1255) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട് എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) നെൽകൃഷി വ്യാപനത്തിനായി എന്തെല്ലാം നടപടി സ്വീകരിക്കാനായെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏഴ് കൃഷി ഭവന്റെ പരിധിയിലായി 7810 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു:

| | |
|---|---|
| ആലത്തൂർ | 950 ഹെക്ടർ |
| എരിമയൂർ | 2220 ഹെക്ടർ |
| കിഴക്കഞ്ചേരി | 1000 ഹെക്ടർ |
| മേലാർകോട് | 800 ഹെക്ടർ |
| വണ്ടാഴി | 600 ഹെക്ടർ |
| കുഴൽമന്ദം | 1200 ഹെക്ടർ |
| തേങ്കുറിശ്ശി | 1040 ഹെക്ടർ |
| **ആകെ** | 7810 ഹെക്ടർ |

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ തരിശുനില കൃഷിക്കും നെൽകൃഷിക്കുമായി 'നിറ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി അസിസ്റ്റന്റ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. നെൽകൃഷി വ്യാപനത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. പരിസ്ഥിതി സൗഹൃദ കൃഷി നടപ്പിലാക്കി.
2. തെരഞ്ഞെടുത്ത പാടശേഖരങ്ങളിൽ യന്ത്രവൽക്കരണം നടത്തി.
3. വിള ജല കലണ്ടർ രൂപീകരിച്ചു.
4. ചേരാമംഗലം ഇറിഗേഷൻ പദ്ധതിയുടെ കനാലിന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കി ഭാവിയിൽ ചെയ്യാനുള്ള കനാൽ റിപ്പയർ, സ്ലൂയിസ് റിപ്പയർ എന്നിവയുടെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു.
5. കൊയ്ത്തിന് ഒരു കൈത്താങ്ങ് എന്ന നിറ പദ്ധതിയിൽ കൊയ്ത്ത് യന്ത്രങ്ങളുടെ വാടക ഏകീകരിച്ചു.
6. നിലം ഒരുക്കുന്നതിന് നിറ പദ്ധതിയിലൂടെ തൊഴിലുറപ്പ് പദ്ധതികളുമായി സഹകരിച്ചുകൊണ്ട് കൃഷിക്കാരുടെ പാടങ്ങളിൽ വരമ്പ് മാടൽ നടത്തി.
7. തരിശായി കിടക്കുന്ന സ്ഥലങ്ങളുടെ സർവ്വേ നടത്തുകയും തരിശ് നിലങ്ങളിൽ കൃഷി ചെയ്യാൻ ആരംഭിക്കുകയും ചെയ്തു.
8. നെൽകർഷകർക്ക് സുസ്ഥിര നെൽകൃഷി വികസനം, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളിലൂടെ ധനസഹായം നൽകുന്നു.
9. കരനെൽകൃഷി ചെയ്യുന്നു.
10. സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ 75% സബ്സിഡി നിരക്കിൽ കുമ്മായവും സൂക്ഷ്മ മൂലകങ്ങൾ 50% സബ്സിഡി നിരക്കിലും നൽകുന്നു.
11. എൻ.എഫ്.എസ്.എം. പദ്ധതിയിൽ കുറ്റിപ്പമ്പ്, പമ്പ് സെറ്റ്, കോണോവീഡർ തുടങ്ങിയവ 50% സബ്സിഡി നിരക്കിലും നൽകുന്നു.

12. ആത്മ, ലീഡ്സ് പദ്ധതികളിൽ ഫാം സ്കൂൾ, പ്രദർശന വിള എന്നിവ നടപ്പിലാക്കുന്നു.

13. സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി റൈസ് മില്ല്, റൈസ് ഇന്നൊവേഷൻ, പ്രോജക്ട് ബേസ്ഡ് റൈസ് കൾട്ടിവേഷൻ എന്നിവ നടപ്പിലാക്കുന്നു.

14. നെൽകർഷകർക്ക് സീസണിൽ ഹെക്ടറിന് 1,000 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നു.

15. നെൽവിത്ത്, ഉഴവുകൂലി എന്നിവ തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതത്തിൽ വകയിരുത്തി നൽകുന്നു.

16. സേഫ് ടു ഈറ്റ് എന്നതിനായി പരിസ്ഥിതി സൗഹൃദ കൃഷി നടപ്പിലാക്കി.

17. MNREGS പദ്ധതിയുമായി ചേർന്ന് പാടശേഖരങ്ങളിലെ വരമ്പുമാടൽ തുടങ്ങയവ നടത്തുന്നു.

18. 2018-19 വർഷത്തിലേയ്ക്ക് തരിശുരഹിത നിയോജക മണ്ഡലമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

## നെല്ലിന്റെ സംഭരണവില

39 (1256) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സീസണിൽ ഒരു കിലോ നെല്ല് എത്ര രൂപയ്ക്കാണ് സംഭരിച്ചത്; അതിൽ സംസ്ഥാന വിഹിതമെത്ര; കേന്ദ്രവിഹിതമെത്ര;

(ബി) അരിക്ക് കിലോക്ക് 50 രൂപ വരെ ഉയർന്ന സാഹചര്യത്തിലും കൃഷിചിലവ് വർദ്ധിച്ച സാഹചര്യത്തിലും നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സീസണിൽ നെല്ല് കിലോഗ്രാമിന് 23.30 രൂപ നിരക്കിലാണ് സംഭരിച്ചത്. ഇതിൽ കേന്ദ്രവിഹിതം 15.50 രൂപയും സംസ്ഥാനവിഹിതം 7.80 രൂപയുമാണ്. നെല്ലിന്റെ സംഭരണവില

വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നിരവധിയായ ഹർജികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. നെല്ലിന്റെ സംഭരണവില ഉയർത്തി നൽകേണ്ടത് കേന്ദ്ര സർക്കാരാണ്. ഉൽപ്പാദന ചെലവിന് ആനുപാതികമായി സംഭരണവില ഇപ്പോഴത്തെ വിലയുടെ ഒന്നരമടങ്ങ് വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാർ വിളിച്ചുചേർത്ത മീറ്റിംഗിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

## നെൽകൃഷി വ്യാപിപ്പിക്കാൻ നടപടി

40 (1257) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ നെൽകൃഷി അധികമായി വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) എങ്കിൽ എത്ര ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷി ആരംഭിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ നെൽകൃഷി അധികമായി വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു):

| വർഷം | 2016-17 | 2017-18 |
|---|---|---|
| ഒന്നാം വിള | 2000 ഹെക്ടർ | 2244 ഹെക്ടർ |
| രണ്ടാം വിള | 1800 ഹെക്ടർ | 1900 ഹെക്ടർ |
| ആകെ | 3800 ഹെക്ടർ | 4144 ഹെക്ടർ |

അധികമായി കൃഷി ചെയ്തത് -344 ഹെക്ടർ

തരിശുനില കൃഷി-175 ഹെക്ടർ

ആകെ വർദ്ധനവ്- 519 ഹെക്ടർ

(ബി) സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 437.5 ഏക്കർ (175 ഹെക്ടർ) സ്ഥലത്ത് തരിശുനില കൃഷി നടപ്പാക്കിക്കൊണ്ട് പുതുതായി കൃഷി ആരംഭിക്കാൻ സാധിച്ചു.

## നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ പദ്ധതി

41 (1258) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. കെ. എൻ. എ ഖാദർ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ലുൽപ്പാദനം നമ്മുടെ ആവശ്യത്തിന്റെ എത്ര ശതമാനമാണ്;

(ബി) നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ കൃഷി വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ അരി ഉൽപ്പാദനം 4,36,483 ടണ്ണായിരുന്നു. ഒരാൾക്ക് 485.4 ഗ്രാം ഭക്ഷ്യധാന്യം ആവശ്യമായിരിക്കെ സംസ്ഥാനത്തെ 3,43,34,885 പൗരന്മാർക്ക് ഒരു വർഷത്തേയ്ക്ക് 60,83,145 ടൺ ഭക്ഷ്യധാന്യം ആവശ്യമായി വരും. ഭക്ഷ്യധാന്യ ആവശ്യത്തിന്റെ 7.18% മാത്രമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്.

(ബി &സി) നെൽകൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കാൻ സമഗ്ര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## നെൽവർഷത്തിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ

42 (1259) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന മുദ്രാവാക്യത്തോടെ ഒരു വർഷം നീണ്ടുനിന്ന നെൽവർഷത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; അതിലൂടെ ആർജ്ജിക്കുവാൻ കഴിഞ്ഞ നേട്ടം വിശദീകരിക്കുമോ;

(സി) ആറൻമുളയിലും മെത്രാൻ കായലിലും നടത്തിയ നെൽകൃഷി വിജയകരമായിരുന്നോ; അത് തുടരുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത സ്ഥലങ്ങളിൽ കൃഷി തുടരുന്നതെന്ന് അറിയിക്കുമോ;

(ഡി) തരിശ് കിടന്ന റാണി, ചിത്തിര കായൽ പാടശേഖരങ്ങളിൽ ലാഭകരമായി കൃഷി നടത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; തരിശ് കിടക്കുന്ന കൂടുതൽ കായൽ നിലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 (ചിങ്ങം 1) വരെയുള്ള ഒരു വർഷക്കാലമാണ് നെൽവർഷമായി ആചരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഘടകങ്ങളായ സുസ്ഥിര കൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം, പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി, കരനെൽകൃഷി വികസനം, തരിശുനില കൃഷി, ഒരുപ്പൂ കൃഷി ഇരുപ്പൂകൃഷിയാക്കുന്നതിനുള്ള പദ്ധതികൾ, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിത ധനസഹായം, പരിസ്ഥിതി സൗഹൃദ, സുസ്ഥിര ആശയങ്ങൾ നെൽകൃഷിയിൽ നടപ്പാക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം, ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം, പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ, എന്നിവയ്ക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം എന്നിവയ്ക്ക് പദ്ധതിയധിഷ്ഠിതമായി 100 ഇന പരിപാടികളും ഉദ്ദേശിച്ചിരുന്നു. അതിൽ ഇനി പറയുന്ന 10 ഇനങ്ങൾക്കാണ് പ്രാമുഖ്യം നൽകിയത്. നെല്ലുൽപ്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായിക വിനോദമേഖലയും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുകയാണ് പ്രധാന ലക്ഷ്യം.

(ബി) പദ്ധതിയധിഷ്ഠിതമായി നടന്ന പ്രസ്തുത പരിപാടികളുടെ വിലയിരുത്തൽ ജില്ലാതലത്തിൽ നടന്നുവരുന്നു. പദ്ധതി പ്രവർത്തനം പൂർത്തിയാകുന്നതേയുള്ളൂ.

(സി) ആറന്മുളയിൽ 2016-17 വർഷം നടത്തിയ നെൽകൃഷി വിജയകരമായിരുന്നു. 2017-18 വർഷം ആറന്മുള പദ്ധതി പ്രദേശത്ത് നെൽകൃഷിയുടെ വിസ്തൃതി മൂന്നിരട്ടിയായി വർദ്ധിച്ചു. ആറന്മുള കൃഷിഭവൻ പരിധിയിലുള്ള ആറന്മുള പുഞ്ച, നീർവിളാകം, ആറാട്ടുപുഴ, മാലക്കര, മുണ്ടകൻ പാടശേഖരം, കരിചിമുട്ടം പാടശേഖരം, തുരുത്തിവേലി, അടിച്ചിൽ, നാൽക്കാലിക്കൽ എന്നീ പാടശേഖരങ്ങളിലായി 218 ഹെക്ടർ നിലത്തിൽ കൃഷി ചെയ്തു. മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ പുന്നയ്ക്കോട്, പന്നിവേലിച്ചിറ, തെച്ചിക്കാവ് എന്നീ പാടശേഖരങ്ങളിലായി 47 ഹെക്ടർ നിലത്തിൽ നെൽകൃഷി ചെയ്തു. കോഴഞ്ചേരി പഞ്ചായത്തിൽ പോത്തോലി, നിലമേൽ, ഞാലെക്കാവ് പാടശേഖരങ്ങളിലായി 24 ഹെക്ടർ കൃഷി ചെയ്തിട്ടുണ്ട്.

കൃഷി വകുപ്പിലെ ജില്ലാ ബ്ലോക്ക് പഞ്ചായത്തുതല ഉദ്യോഗസ്ഥരുടെ ചുമതലയിലും ജലസേചന വകുപ്പ് ഉദ്യോഗസ്ഥരുടെ സഹകരണത്തിലുമാണ് ടി സ്ഥലങ്ങളിൽ കൃഷി തുടരുന്നത്. വളരെ നേരത്തെ തന്നെ നടപടികൾ സ്വീകരിക്കുകയും കൃഷി ഇറക്കുകയും ചെയ്തതിനാൽ ഈ വർഷം നല്ല വിളവ് പ്രതീക്ഷിക്കുന്നു.

(ഡി) റാണി, ചിത്തിര കായൽ പാടശേഖരങ്ങളിൽ 2016-17, 2017-18 വർഷങ്ങളിൽ ലാഭകരമായി കൃഷി നടത്താൻ സാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആലപ്പുഴ ജില്ലയിൽ കൃഷിയോഗ്യമാക്കുവാൻ കഴിയുന്ന കായൽ നിലങ്ങൾ തരിശായി കിടക്കുന്നത് കൃഷിയോഗ്യമാക്കുവാൻ നടപടികൾ നടന്നുവരുന്നു:

| പാടശേഖരം | വർഷം | വിസ്തൃതി | ഉൽപ്പദനം | നെല്ലിന്റെ വിലയായി ലഭിച്ചത്. |
|---|---|---|---|---|
| റാണി | 2016-17 | 189.12 ഹെക്ടർ | 785.847 മെ.ടൺ | 176.81558 ലക്ഷം രൂപ |
| റാണി | 2017-18 | 196 ഹെക്ടർ | വിളവെടുപ്പ് പൂർത്തിയാകുന്നു. | |
| ചിത്തിര | 2016-17 | 178 ഹെക്ടർ | 616.63 മെ.ടൺ | 138.74378 ലക്ഷം രൂപ |
| ചിത്തിര | 2017-18 | 192 ഹെക്ടർ | വിളവെടുപ്പ് പൂർത്തിയാകുന്നു. | |

**കേര ഗ്രാമം പദ്ധതി**

43 (1260) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതുമൂലം കേര കർഷകർക്ക് ലഭിക്കുന്ന നേട്ടം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ പേരുകൾ മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് 'കേരഗ്രാമം' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഒരു കേരഗ്രാമത്തിന് 75.35 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ എന്ന തോതിൽ 3332.50 ലക്ഷം രൂപയാണ് ബജറ്റിൽ ഈ കൊല്ലം പദ്ധതിക്കായി നീക്കിവച്ചിരിക്കുന്നത്. ശാസ്ത്രീയമായി കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാംതന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തടം തുറക്കൽ, കള നിയന്ത്രണം, പുതയിടൽ തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണു വളം, സസ്യസംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിളകൃഷി, രോഗബാധിതമായി ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻതൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറൊന്നിന് 25,000 രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 62.50 ലക്ഷം രൂപ ധനസഹായം നൽകുന്നു. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2,000 രൂപ സബ്സിഡി നിരക്കിൽ ഒരു കേര ഗ്രാമത്തിന് 60 എണ്ണം വരെ നൽകുന്നതിന് 1.2 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിലെ 21 ഹെക്ടറിലേക്കായി 5.25 ലക്ഷം രൂപയും ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് 8 കമ്പോസ്റ്റ് യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ഒരു ഗ്രാമത്തിൽ 8 യൂണിറ്റുകൾക്ക് 0.8 ലക്ഷം രൂപയും ഒരു തെങ്ങിൻ

തൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000 രൂപയും നൽകിവരുന്നു. കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും ബോധവൽക്കരണത്തിനും സംഘടനാ ചെലവുകൾക്കുമായി ഒരു കേരഗ്രാമത്തിന് 10,000 രൂപയും പൊതു ആവശ്യങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുതല കേര സമിതിക്കായി 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) 2017-18 വർഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ പേരുകൾ ജില്ല, ബ്ലോക്ക്, നിയമസഭാ മണ്ഡലം അടിസ്ഥാനത്തിൽ തയ്യാറാക്കിയിരിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

## വ്യാജ വെളിച്ചെണ്ണ

44 (1261) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില കുറഞ്ഞ വ്യാജ വെളിച്ചെണ്ണ സംസ്ഥാനത്തെ വിപണി കീഴടക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ വെളിച്ചെണ്ണ വിപണി കീഴടക്കുവാൻ വെളിച്ചെണ്ണയുടെ വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് കാരണമായിട്ടുണ്ടോ;

(സി) തമിഴ്നാട്ടിൽനിന്നും വ്യാജ വെളിച്ചെണ്ണ സംസ്ഥാനത്തെ വിപണിയിൽ എത്താതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) തേങ്ങയുടെ ദൗർലഭ്യത്താൽ മലബാർ മേഖലയിലെ വെളിച്ചെണ്ണ കമ്പനികൾ ഉല്പാദനം നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വ്യാജ വെളിച്ചെണ്ണ വിപണി കീഴടക്കുവാൻ വെളിച്ചെണ്ണയുടെ വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് കാരണമായിട്ടുണ്ടെന്ന് കരുതുന്നു.

(സി) തമിഴ്നാട്ടിൽനിന്നും വ്യാജ വെളിച്ചെണ്ണ സംസ്ഥാനത്തെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിപണിയിൽ എത്തുന്നുവെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ വെളിച്ചെണ്ണയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ ലാബുകളിൽ പരിശോധനയ്ക്കായി അയച്ചിരുന്നു. ഇവയുടെ പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു വർഷം വെളിച്ചെണ്ണയിൽ വില കുറഞ്ഞ മറ്റ് ഭക്ഷ്യ എണ്ണകൾ കലർത്തി വെളിച്ചെണ്ണ എന്ന പേരിൽ വിൽപ്പന നടത്തിയതിനെതിരെ 105 അഡ്ജൂഡിക്കേഷൻ കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

ഇങ്ങനെ തുടർച്ചയായി കേസുകൾ വരുന്ന ബ്രാൻഡുകളെ ഭക്ഷ്യസുരക്ഷാ വകുപ്പ് നിരോധിച്ചിട്ടുണ്ട്. നിരോധിച്ച ബ്രാൻഡുകളുടെ പട്ടിക അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. ഇതിനെക്കുറിച്ചുള്ള വിവരങ്ങൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽക്കൂടി നൽകുകയും ചെയ്യുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നാളികേര വികസനത്തിന് പദ്ധതികൾ**

45 (1262) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളീകേര കൃഷി വികസനത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും തെങ്ങ് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും നാളീകേര ഉല്പാദനവും വർഷംതോറും കുറഞ്ഞുവരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) അത്യുത്പാദന ശേഷിയുള്ള തെങ്ങിനങ്ങൾ കൃഷി ചെയ്തിട്ടും ഉല്പാദനത്തിൽ വന്നിട്ടുള്ള ഇടിവ് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന വിളയായ തെങ്ങ് കൃഷി 2012-13 വർഷം 798162 ഹെക്ടറിലും 2013-14 വർഷം 808647 ഹെക്ടറിലും 2014-15 വർഷം 793856 ഹെക്ടറിലും 2015-16 വർഷം 790223 ഹെക്ടറിലും 2016-17 വർഷം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

781496 ഹെക്ടറിലും കൃഷി ചെയ്തുവരുന്നതായി സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ സൂചിപ്പിക്കുന്നു. 2012-13 വർഷം 5799 ദശലക്ഷം നാളികേരം ആയിരുന്ന ഉൽപ്പാദനം 2013-14 വർഷം 5921 ദശലക്ഷം ആയും 2014-15 വർഷം 5947 ദശലക്ഷം നാളികേരമായും വർദ്ധിച്ചിട്ടുള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ വിസ്തൃതി 2015-16 വർഷം 790223 ഹെക്ടറായും 2016-17 വർഷം 781496 ഹെക്ടറായും കുറഞ്ഞപ്പോൾ ഉൽപ്പാദനത്തിൽ യഥാക്രമം 5873 ദശലക്ഷം, 5384 ദശലക്ഷം നാളികേരം ആയും കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) നാളികേര കൃഷിയുടെ വിസ്തൃതിയിലുണ്ടാകുന്ന കുറവും അതുമൂലം ഉൽപ്പാദനത്തിലുണ്ടാകുന്ന കുറവും ഗൗരവമായി കാണുന്നുണ്ട്. സംസ്ഥാനത്ത് കൃഷി ചെയ്യുന്ന തെങ്ങുകളിൽ കാറ്റുവീഴ്ച മുതലായ രോഗങ്ങളും കീടബാധകളുംമൂലം ഉൽപ്പാദനക്ഷമത കുറയുന്നത് പ്രധാന പ്രശ്നമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയ കൃഷിമുറകൾ തെങ്ങിൻ തോട്ടങ്ങളിൽ പാലിക്കുന്നതിന് കർഷകർ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിച്ചെലവും ശാസ്ത്രീയ കൃഷി അവലംബിക്കുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നു. വിപണനത്തിനുള്ള പ്രയാസങ്ങളും വിലസ്ഥിരതയില്ലായ്മയും കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. നിലവിലെ തെങ്ങിൻ തോപ്പുകൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിനാൽ തെങ്ങ് കൃഷിയുടെ വിസ്തൃതി കുറയുന്നതിനാലും വരൾച്ചപോലുള്ള കാലാവസ്ഥാ വ്യതിയാനങ്ങൾമൂലവും ഉൽപ്പാദനം കുറയുന്നത് നാളികേര കൃഷിയുടെ പ്രതിസന്ധികളായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നാളികേരത്തിന് വിലയിടിവും വിലസ്ഥിരത ഇല്ലായ്മയും നിലവിലുണ്ടായിരുന്ന സമയത്ത് കേരഫെഡ് വിപണിയെക്കാളും ഉയർന്ന വില നൽകി പച്ചത്തേങ്ങാ സംഭരണം നടപ്പിലാക്കിയതുകാരണം വളരെ മെച്ചമായ വില ഇപ്പോൾ നാളികേരത്തിന് നിലനിർത്തുവാൻ സാധിച്ചിട്ടുണ്ട്. ഇനിയും ഇത്തരം സാഹചര്യങ്ങളുണ്ടായാൽ ന്യായമായ വില നാളികേരത്തിന് ലഭിക്കുവാൻ വിപണിയിൽ സർക്കാർ ഇടപെടുന്നതാണ്.

കാർഷിക മേഖലയിൽ തെങ്ങുകയറ്റം ഉൾപ്പെടെയുള്ള എല്ലാ കൃഷിപ്പണികൾക്കും വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുക, യന്ത്രവൽക്കരണത്തിലൂടെ കൃഷിപ്പണികൾ യഥാസമയം നടത്തുക, കൃഷിച്ചെലവുകൾ ഗണ്യമായി കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നീ നാമധേയങ്ങളിൽ കാർഷിക മേഖലയിൽ പ്രവർത്തിക്കുവാൻ സേവനദാതാക്കളുടെ സംഘങ്ങളെ രൂപീകരിച്ചിട്ടുണ്ട്. പരിശീലനം ലഭിച്ച ഇത്തരം വിദഗ്ദ്ധ തൊഴിലാളികളുടെ സംഘങ്ങളുടെ സേവനം കാർഷിക മേഖലയിലെ തൊഴിലാളി പ്രശ്നത്തിന്മേൽ ഒരു പരിധിവരെ ആശ്വാസമായിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം നാളികേര കൃഷി വികസനത്തിനായി 4500 ലക്ഷം രൂപ വാർഷിക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

അത്യുൽപ്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കാനുള്ള 300 ലക്ഷം രൂപയുടെ പദ്ധതിയും കേന്ദ്ര തോട്ടവിള കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനുള്ള 269.2426 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു.

കൂടാതെ SCSP/TSP മേഖലയിൽ തെങ്ങുപ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും തെങ്ങുകളുടെ ശാസ്ത്രീയപരിപാലനത്തിന് വേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

കൂടാതെ നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമഗ്രമായി കൈകാര്യം ചെയ്യുന്നതിനായി 'നാളികേര മിഷൻ' രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## നാളികേരം ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

46 (1263) ഡോ. എം. കെ. മുനീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അത് ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കോഴിക്കോട്ടും മലപ്പുറത്തും നാളികേര പാർക്കുകൾ സ്ഥാപിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(സി) എങ്കിൽ അവ എന്നത്തേക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷം നാളികേര വർഷമായി പ്രഖ്യാപിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കൃഷി വകുപ്പുമന്ത്രി ചെയർമാനായി 'കോക്കനട്ട് മിഷൻ' രൂപീകരിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിൽ വരുന്ന ഗവേഷണ സ്ഥാപനങ്ങൾ ഈ മിഷനിൽ പങ്കാളികളാകും. 2018 മുതൽ 2028 വരെ 10 വർഷത്തേയ്ക്കുള്ള ഒരു പാക്കേജിന് രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്. നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അത് ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും സംസ്ഥാനത്ത് ആദ്യഘട്ടം എന്ന നിലയിൽ ഈ സാമ്പത്തിക വർഷം കോക്കനട്ട് അഗ്രോ പാർക്ക്, കോഴിക്കോട് ജില്ലയിലെ കുത്താളി അഗ്രികൾച്ചർ ഫാമിലും മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലുമാണ് സ്ഥാപിക്കുന്നത്. ഈ പദ്ധതികൾക്കായി KIIFB-യിൽ നിന്നും ഫണ്ട് ലഭിക്കുന്നതിനുള്ള 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തേങ്ങ ചിരകിയത്, തോങ്ങാപ്പൊടി, വെളിച്ചെണ്ണയും ആയുർവേദ മൂലികകളും അടങ്ങിയ കേരജം, കേശാമൃത് ഹെയർ ഓയിൽ മുതലായവ കേരഫെഡ് വിപണിയിൽ വിറ്റുവരുന്നു. കൂടാതെ തേങ്ങാവെള്ളത്തിൽ നിന്നും ലഘുപാനീയങ്ങൾ വിനാഗിരി മുതലായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള പഠനങ്ങൾ നടന്നുവരുന്നു.

(ബി&സി) ഉണ്ട്. ഈ സാമ്പത്തിക വർഷത്തിൽ തന്നെ നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരഗ്രാമം പദ്ധതി**

47 (1264) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിന്റെയും തെങ്ങടിസ്ഥാനമായ വിള സമ്പ്രദായത്തിന്റേയും കേരകർഷകരുടേയും സമഗ്ര വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(സി) കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ സവിശേഷമായ എന്തെല്ലാം പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ; ഇതിലൂടെ കേരകർഷകർക്ക് എന്തെല്ലാം ഗുണഫലങ്ങൾ ആണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി. നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിള പരിപാലനമുറകൾ സ്വീകരിച്ച നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ട് വിവിധങ്ങളായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് (മലയാള വർഷം) 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെ കേരവർഷമായി ആചരിക്കുവാൻ പ്രഖ്യാപിക്കുകയും ഊർജ്ജിത കർമ്മ പരിപാടികൾ നടപ്പിലാക്കുവാൻ ഈ സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പുമന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ വരുന്ന ഗവേഷണ സ്ഥാപനങ്ങൾ ഈ മിഷനിൽ പങ്കാളികളാകും. 2018 മുതൽ 2028 വരെ 10 വർഷത്തേയ്ക്കുള്ള ഒരു പാക്കേജിന് രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്.

2017-18 വർഷം നാളികേര വികസന പദ്ധതികൾക്കായി 4500 ലക്ഷം രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയത്.

സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് 2017-18 വർഷവും കേരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു.

അത്യുൽപ്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കാനുള്ള പദ്ധതിയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

കൂടാതെ SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാനും പ്രായാധിക്യവും രോഗംമൂലവും ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകളെ വെട്ടിമാറ്റി പുതിയവ നടുന്നതിനും ബാക്കി നിലനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് വേണ്ടിയുള്ള നാളികേര വികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ കരിമ്പുഴ, കടമ്പഴിപ്പുറം എന്നീ പഞ്ചായത്തുകളിലായി 2 കേരഗ്രാമങ്ങളാണ് 2017-18 വർഷം നടപ്പിലാക്കി വരുന്നത്.

(സി) തടം തുറക്കൽ, കള നിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവ വളങ്ങൾ, ജീവാണു വളം, സസ്യസംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിളകൃഷി, രോഗബാധിതമായി ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻതൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ ഒരു കേര ഗ്രാമത്തിന് 62.50 ലക്ഷം രൂപ ധനസഹായം നൽകുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2,000 രൂപ സബ്സിഡി നിരക്കിൽ ഒരു കേര ഗ്രാമത്തിന് 60 എണ്ണം വരെ നൽകുന്നതിന് 1.2 ലക്ഷം രൂപയും, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിലെ 21 ഹെക്ടറിലേക്കായി 5.25 ലക്ഷം രൂപയും ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് 8 കമ്പോസ്റ്റ് യൂണിറ്റുകൾക്ക് 0.8 ലക്ഷം രൂപയും ഒരു കേര ഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000 രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും ബോധവൽക്കരണത്തിനും സംഘടനാ ചെലവുകൾക്കുമായി ഒരു കേരഗ്രാമത്തിന് 10,000 രൂപയും പൊതു ആവശ്യങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുതല കേര സമിതിക്കായി 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അങ്ങനെ ഒരു കേരഗ്രാമത്തിലൂടെ 75.35 ലക്ഷം രൂപയുടെ ആനുകൂല്യങ്ങളാണ് കേര കർഷകർക്കായി പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

2017-18 വർഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ അനുവദിച്ച 2 കേരഗ്രാമങ്ങളിലും പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

**കേരഗ്രാമം പദ്ധതി**

48 (1265) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഇതുസംബന്ധിച്ച് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾക്ക് ഇത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതികളോ ഫണ്ടുകളോ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയ്ക്ക് 2014-15, 2015-16 വർഷങ്ങളിൽ അനുവദിച്ച 3 കേരഗ്രാമങ്ങൾ 4 പഞ്ചായത്തുകളിലായും 2016-17 വർഷം അനുവദിച്ച 3 കേരഗ്രാമങ്ങൾ 5 പഞ്ചായത്തുകളിലായും നടപ്പിലാക്കുകയും 2017-18 വർഷം അനുവദിച്ച 6 കേരഗ്രാമങ്ങൾ 6 പഞ്ചായത്തുകളിലായും നടപ്പിലാക്കിവരുന്നു.

(ബി &സി) ഓരോ ജില്ലയ്ക്കും അനുവദിച്ച് നൽകുന്ന "കേരഗ്രാമം" എന്ന പദ്ധതിയിൽ ഏറ്റെടുക്കാവുന്ന ഘടകങ്ങളും സബ്സിഡി മാനദണ്ഡങ്ങളും പ്രതിപാദിക്കുന്ന പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അതത് വർഷങ്ങളിൽത്തന്നെ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായി സംഘടിപ്പിക്കുന്ന സർവ്വേ നടപടികളിലൂടെ പദ്ധതി നടപ്പിലാക്കുന്ന പ്രദേശം നിർണ്ണയിച്ച് അറിയിക്കുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടുകൾ കൃഷി വകുപ്പിൽ നിന്നും യഥാസമയം നൽകുകയുമുണ്ടായി.

പദ്ധതി നിർവ്വഹണത്തിനായി മലപ്പുറം ജില്ലയ്ക്ക് 2014-15 വർഷം 456 ലക്ഷം രൂപയും 2015-16 വർഷം 443.1 ലക്ഷം രൂപയും 2016-17 വർഷം 358.54 ലക്ഷം രൂപയും 2017-18 വർഷം 453.60 ലക്ഷം രൂപയും പദ്ധതി ഫണ്ടായി കൃഷിവകുപ്പിൽ നിന്നും അനുവദിച്ച് നൽകുകയുണ്ടായി.

(ഡി) 2017-18 വർഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തെരഞ്ഞെടുത്തിരിക്കുന്ന കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ എടയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമത്തിന് 75.35 ലക്ഷം രൂപ പദ്ധതി ഫണ്ടായി അനുവദിച്ച് നൽകിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

## റബ്ബറിന്റെ വിലത്തകർച്ച

49 (1266) ശ്രീ. രാജു എബ്രഹാം:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നാണ്യവിളയായ റബ്ബർ നേരിടുന്ന വിലത്തകർച്ച പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; ഇതിനായി 2014-2018 കാലയളവിൽ കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കർഷകരുടെ താൽപ്പര്യത്തിന് വിരുദ്ധമായ ആസിയാൻ കരാറിലെ വ്യവസ്ഥകൾ നീക്കം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ആഭ്യന്തര സ്വാഭാവിക റബ്ബറിന്റെ വിലയിടിവിനിടയാക്കുന്ന കുത്തക വ്യവസായികളുടെ അനിയന്ത്രിമായ റബ്ബർ ഇറക്കുമതി നിയന്ത്രിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) ആഭ്യന്തര സ്വാഭാവിക റബ്ബറിന്റെ വില അന്തർദ്ദേശീയ വിപണിയിലുണ്ടാകുന്ന ചലനങ്ങളെ ആശ്രയിച്ചിരിക്കുന്നു. ആഭ്യന്തര വിപണിയിലും അന്തർദേശീയ വിപണിയിലും റബ്ബറിന്റെ വില കുറയുന്നതിന് ധാരാളം കാരണങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ടത് റബ്ബറിന്റെ ലഭ്യത അധികരിച്ചിരിക്കുമ്പോഴും പ്രധാന ഉപഭോക്താവായ ചൈനയിൽ സ്വാഭാവിക റബ്ബറിന്റെ ഉപയോഗം കുറയുമ്പോഴും എണ്ണയുടെയും സിന്തറ്റിക് റബ്ബറിന്റെയും വില കുറയുമ്പോഴാണ് സ്വാഭാവിക റബ്ബറിന്റെ വിലയിൽ ഇടിവ് സംഭവിക്കുന്നത്. എന്നിരുന്നാലും 2014 മുതൽ 2016 ഒക്ടോബർ വരെയും 2017 ജൂൺ മുതൽ ഇതുവരെയും ആഭ്യന്തര സ്വാഭാവിക റബ്ബറിന്റെ വില അന്തർദ്ദേശീയ വിപണിയെക്കാളും കൂടുതലായിരുന്നു.

2014-2018 കാലയളവിൽ റബ്ബറിന്റെ ഇറക്കുമതി നിയന്ത്രണ വിധേയമാക്കുന്നതിന് കേന്ദ്ര സർക്കാർ ചുവടെ ചേർക്കും പ്രകാരം ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കയറ്റുമതിക്കുള്ള ബാദ്ധ്യതാ കാലാവധി 6 മാസമായി പരിമിതപ്പെടുത്തി.
2. ഇറക്കുമതി ചുങ്കം ഉണക്ക റബ്ബർ 1 കിലോയ്ക്ക് 20%-മോ അല്ലെങ്കിൽ പരമാവധി 30 രൂപയോ എന്ന നിരക്കിൽ 2015 ഏപ്രിൽ മാസം മുതൽ വർദ്ധിപ്പിച്ചു.

3. റബ്ബറിന്റെ ഇറക്കുമതി ചെന്നൈയിലെ തുറമുഖം വഴിയും ജവഹർലാൽ നെഹ്റു തുറമുഖം വഴിയും മാത്രമായി പരിമിതപ്പെടുത്തി.

4. Advance Authorisation മുഖേനയുള്ള ഇറക്കുമതി 2016 ജനുവരി 21 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ suspend ചെയ്തു.

(ബി) സ്വാഭാവിക റബ്ബറിന്റെ താരിഫ് കരാറിലെ വ്യവ്യസ്ഥകളിൽ നിന്നും നീക്കപ്പെട്ടിട്ടുണ്ട്. രാജ്യങ്ങളിൽ താരിഫ് കൺസെഷൻ നൽകുന്നില്ല.

(സി) കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും കേന്ദ്ര സർക്കാരിന്റെ ലൈവ്‌ലിഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ-വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും, രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പുമന്ത്രിയെ 22-2-2018-ൽ നേരിൽക്കണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്നതാണെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. കൂടാതെ ഉൽപ്പാദനച്ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്ന കാര്യവും റബ്ബറിന് സംസ്ഥാന സർക്കാർ നൽകിവരുന്ന ഉൽപ്പാദക ബോണസ് 150 രൂപയിൽനിന്നും 200 രൂപയായി വർദ്ധിപ്പിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**റബ്ബർ വിലസ്ഥിരതാ പദ്ധതിക്ക് ജി.എസ്.ടി. ബിൽ**

50 (1267) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബർ വിലസ്ഥിരതാ പദ്ധതി സഹായത്തിനായി കൃഷിക്കാർ വിൽക്കുന്ന റബറിന് ജി.എസ്.ടി ബിൽ തന്നെ ഹാജരാക്കണമെന്ന് ധനവകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ ഉത്തരവ് റബർ കൃഷിക്കാർക്ക് സംസ്ഥാന സർക്കാരിന്റെ റബർ വിലസ്ഥിരതാ പദ്ധതിയുടെ സഹായം ലഭിക്കുന്നതിന് വിലങ്ങ് തടിയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ജി.എസ്.ടി. നടപ്പാക്കിയ 2017 ജൂലൈ ഒന്നിന് ശേഷമുള്ള എല്ലാ ബില്ലും ജി.എസ്.ടി ബില്ലുകളായിരിക്കണമെന്ന നിർദ്ദേശമുണ്ടോ;

(ഡി) എങ്കിൽ ഇതിനകം റബർ വിറ്റുകഴിഞ്ഞ വ്യാപാരികളുടെ ബില്ലുകൾ ഇതോടെ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യം സംജാതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിഷയം സംബന്ധിച്ച് 16-9-2017-ലെ 70/2017/ധന നമ്പരിൽ പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി-ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ ഒന്നും രണ്ടും ഘട്ടങ്ങളിൽ സബ്സിഡിക്കായി VAT രജിസ്ട്രേഷൻ പ്രകാരമുള്ള പർച്ചേസ് ബില്ലുകൾ സമർപ്പിക്കാനാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ 1-7-2017 മുതൽ ജി.എസ്.ടി. സമ്പ്രദായം നടപ്പിലാക്കിയതോടെ VAT സമ്പ്രദായം ഇല്ലാതായിട്ടുണ്ട്. ആയതിനാലാണ് 1-7-2017 മുതൽ വിൽക്കപ്പെടുന്ന റബ്ബറിന്റെ ജി.എസ്.ടി പ്രകാരമുള്ള പർച്ചേസ് ബില്ലുകൾ സമർപ്പിക്കണമെന്ന നിർദ്ദേശം 16-9-2017-ലെ പരിപത്ര നമ്പർ 70/2017/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമായിട്ടുള്ള റബ്ബർ ബോർഡ് അംഗീകൃത ഡീലർമാരിൽനിന്നും ലഭിക്കുന്ന പർച്ചേസ് ബില്ലുകൾക്ക് മാത്രമേ പ്രസ്തുത പരിപത്രത്തിലെ നിർദ്ദേശങ്ങൾ ബാധകമായിരിക്കുകയുള്ളൂ. റബ്ബർ ബോർഡ് അംഗീകൃതവും നിയമപ്രകാരം ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമല്ലാത്തവരുമായ ഡീലർമാർ നൽകുന്ന പർച്ചേസ് ബില്ലുകളും സബ്സിഡിക്കായി പരിഗണിക്കുന്നതാണ്. ഇക്കാര്യം ചൂണ്ടിക്കാട്ടി മേൽപ്പറഞ്ഞ പരിപത്രത്തിന്റെ സ്പഷ്ടീകരണം പത്രക്കുറിപ്പായി നൽകിയിട്ടുള്ളതാണ്. ഇതുസംബന്ധിച്ച പരാതികളൊന്നും നിലവിലില്ല.

**റബ്ബർ ബോർഡുമായി സഹകരിച്ച് പദ്ധതികൾ**

51 (1268) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബർ ബോർഡുമായി സഹകരിച്ച് കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) റബർ ബോർഡുമായി സഹകരിച്ച് ഇടവിളകളായി പഴം, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നുണ്ടോ; ഇതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) റബർ ടാപ്പിംഗ് തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിന് റബർ ബോർഡുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ;

(ഡി) റബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ ക്ലസ്റ്ററുകൾ വഴി പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ഘടകത്തിൽ പുതുതായി നട്ടുപിടിപ്പിച്ച റബ്ബർത്തോട്ടങ്ങളെക്കൂടി ഉൾപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് കൃഷി വകുപ്പും ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി സ്കീം (ആർ.പി.ഐ.എസ്.). ഈ പദ്ധതി മാത്രമാണ് റബ്ബർ ബോർഡുമായി സഹകരിച്ച് കൃഷി വകുപ്പ് നടപ്പിലാക്കുന്നത്.

(ബി) റബ്ബർ ബോർഡുമായി സഹകരിച്ച് ഇടവിളയായി പഴം, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിനായി 42 ലക്ഷം സ്കാറ്റേഡ് ക്ലസ്റ്റർ എന്ന ഘടകത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ നിന്നും ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സംസ്ഥാനത്തെ വിവിധ കാർഷിക വിളകളുടെ മൂല്യവർദ്ധനയും വിപണനവും മെച്ചപ്പെടുത്തുന്നതിന് കൃഷി വകുപ്പ് ചെറുകിട ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുമെന്ന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോട്ടയം, പത്തനംതിട്ട ജില്ലകളിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പ്രത്യേക നിക്ഷേപനിധിയിൽ (കിഫ്ബി) നിന്നുള്ള ഫണ്ട് ഉപയോഗിച്ചാണ് വിവിധ അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് റബ്ബർ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടി NABARD-ന്റെ സ്ഥാപനമായ NABCONs-നെക്കൊണ്ട് സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഇതുകൂടാതെ സ്വാഭാവിക റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സിയാൽ (CIAL) മോഡൽ കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## റബ്ബർ കൃഷിക്കാരുടെ ആവശ്യങ്ങൾക്ക് പരിഹാരം

52 (1269) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ വിലത്തകർച്ചമൂലം ബുദ്ധിമുട്ടുന്ന റബ്ബർ കൃഷിക്കാരുടെ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൃഷിവകുപ്പ് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിന് റബ്ബറിന് ന്യായവില ലഭ്യമാക്കുന്നതിനുവേണ്ടി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി (RPIS) നടപ്പിലാക്കിവരുന്നു. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന് കിലോയ്ക്ക് 150 രൂപയാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ വകയിരുത്തിയത് കർഷകർക്ക് വിതരണം നടത്തിവരുന്നു. മേൽ പദ്ധതിക്ക് പുറമേ ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം കിലോയ്ക്ക് പരമാവധി വർദ്ധിപ്പിച്ച 20 ശതമാനമോ 30 രൂപയോ ഏതാണോ കുറവ് എന്നത് ആക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. അതുപോലെ റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് സ്വാഭാവിക റബ്ബർ ഉപയോഗിച്ചുള്ള ഉപഭോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര വാണിജ്യ വകുപ്പ് കേന്ദ്ര ട്രാൻസ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും കേന്ദ്ര സർക്കാരിന്റെ ലൈവ്‌ലിഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ-വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പുമന്ത്രിയെ നേരിൽ കണ്ട് 22-2-2018-ൽ സംസ്ഥാന കൃഷി വകുപ്പുമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക്ഫോഴ്സ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഉൽപ്പാദനച്ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്ന കാര്യവും റബ്ബറിന് സംസ്ഥാന സർക്കാർ നൽകി വരുന്ന ഉൽപ്പാദക ബോണസ് 150 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായി അധിക സഹായം നൽകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട്

53 (1270) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിശദവിവരം നൽകുമോ;

(ബി) 2017-18-ൽ വിലസ്ഥിരതാ ഫണ്ടിനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിശദവിവരം നൽകുമോ;

(സി) 2017-18-ൽ റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ടിനത്തിൽ ബജറ്റിൽ പ്രഖ്യാപിച്ച അഞ്ഞൂറ് കോടി രൂപ മുഴുവൻ ഈ ഇനത്തിൽ ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിന് റബ്ബറിന് ന്യായവില ലഭ്യമാക്കുന്നതിനുവേണ്ടി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി (RPIS) നടപ്പിലാക്കിവരുന്നു. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന് കിലോയ്ക്ക് 150 രൂപയാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ വകയിരുത്തിയത് കർഷകർക്ക് വിതരണം ചെയ്യുന്ന നടപടി പുരോഗമിച്ചു വരുന്നു. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'സിയാൽ' (CIAL) മാതൃകയിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി &സി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി 2017-18-ൽ വകയിരുത്തിയ 500 കോടി രൂപയിൽ ഇതുവരെ 74.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17-ലെ വിഹിതത്തിൽനിന്നും ചെലവഴിച്ച 116.75 കോടി രൂപയിൽ 2017-18-ലെ വിഹിതത്തിൽനിന്നും ചെലവഴിച്ച 74.34 കോടി രൂപയും ചേർത്ത് ആകെ 191.09 കോടി രൂപ 2017-18 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

## റബ്ബറിന്റെ വിലസ്ഥിരതാ പദ്ധതി

54 (1271) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലസ്ഥിരതാപദ്ധതിക്കായി 2016-17 ബജറ്റിൽ എത്ര തുക നീക്കിവച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) എത്ര റബർ കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) 2017-18-ൽ ഈ പദ്ധതിക്കായി എത്ര തുക വകയിരുത്തിയെന്നും ഇതിനോടകം എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) നടപ്പുസാമ്പത്തികവർഷത്തിൽ എത്ര റബർ കർഷകർക്ക് പദ്ധതി ആനുകൂല്യം നൽകിയെന്നുള്ളതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി 2016-17 ബജറ്റിൽ വകയിരുത്തിയ 500 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 116.75 കോടി രൂപ 2017-18 വർഷത്തിൽ സബ്സിഡി നൽകാനായി ചെലവഴിച്ചിട്ടുള്ളതാണ്.

(ബി-ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരമുള്ള സബ്സിഡി വിതരണം ചെയ്യുന്നത് ജൂലൈ മുതൽ ജൂൺ വരെയുള്ള കാലഘട്ടം അടിസ്ഥാനമാക്കിയാണ്. ഈ പദ്ധതിയുടെ മൂന്നാംഘട്ടം 2017 ജൂലൈ മാസത്തിൽ തുടങ്ങി 2018 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതിയിൻകീഴിൽ ഇതുവരെ 3,59,516 കർഷകർക്ക് സബ്സിഡി ആനുകൂല്യം നൽകുകയും ഇതിനായി ആകെ 869.02 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി 2017-18-ൽ വകയിരുത്തിയ 500 കോടി രൂപയിൽ ഇതുവരെ 74.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (2016-17-ലെ വിഹിതത്തിൽ നിന്നും ചെലവഴിച്ച 116.75 കോടി രൂപയിൽ 2017-18-ലെ വിഹിതത്തിൽ നിന്നും ചെലവഴിച്ച 74.34 കോടി രൂപയും ചേർത്ത് ആകെ 191.09 കോടി രൂപ 2017-18 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

**റബ്ബർ കർഷകർക്ക് വിലത്തകർച്ചയിൽനിന്നും സംരക്ഷണം**

55 (1272) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർകർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് വിലത്തകർച്ച നേരിടുമ്പോൾ താങ്ങുവില ലഭ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വിലത്തകർച്ചയിൽനിന്നും റബർകർഷകന് സംരക്ഷണം നൽകുന്നതിന് കേന്ദ്രഗവൺമെന്റിനോട് ധനസഹായാഭ്യർത്ഥന നടത്തിയിട്ടുണ്ടോ; ആയതിന് അനുകൂല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബർ കർഷകരെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടും വിലത്തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ടും കേന്ദ്ര ഗവൺമെന്റിന് എത്ര നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിന് റബ്ബറിന് ന്യായവില ലഭ്യമാക്കുന്നതിനുവേണ്ടി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി (RPIS) നടപ്പിലാക്കിവരുന്നു. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന് കിലോയ്ക്ക് 150 രൂപയാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ വകയിരുത്തിയത് കർഷകർക്ക് വിതരണം നടത്തിവരുന്നു.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലത്തകർച്ചയിൽനിന്നും റബ്ബർ കർഷകനെ സംരക്ഷിക്കുവാനായി രണ്ടു നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് നൽകുകയുണ്ടായി. സ്വാഭാവിക റബ്ബറിന്റെ ആഡ്വാൻസ് ആതറൈസേഷൻ പദ്ധതി വഴിയുള്ള ഇറക്കുമതി കുറയ്ക്കണമെന്നും റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണമെന്നും കയറ്റുമതി നിയന്ത്രണം ഒഴിവാക്കണമെന്നും റോഡ് റബ്ബറൈസേഷന് സ്വാഭാവിക റബ്ബർ ഉപയോഗപ്പെടുത്തണമെന്നും ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിക്ക് ആന്റി ഡമ്പിംഗ് ഡ്യൂട്ടി ചുമത്തണമെന്നും സ്വാഭാവിക റബ്ബറിന് കുറഞ്ഞ വില കിലോയ്ക്ക് 200 രൂപയാക്കണമെന്നും റബ്ബർ റീപ്ലാന്റിംഗ് സബ്സിഡി ഹെക്ടറിന് 50,000 രൂപയാക്കി ഉയർത്തണമെന്നും സ്വാഭാവിക റബ്ബറിനെ കാർഷിക ഉൽപ്പന്നമായി പരിഗണിക്കണമെന്നും റബ്ബറിന് അന്താരാഷ്ട്ര കരാറുകളിൽ ജീവനോപാധി (livelihood security-box) വിഭാഗത്തിൽപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രസ്തുത ആവശ്യങ്ങൾക്ക് മറുപടിയായി ഇറക്കുമതി ചുങ്കം കിലോഗ്രാമിന് 30 രൂപയോ, 25 ശതമാനമോ ഏതാണ് കുറവ് എന്നത് ആക്കുന്നതിനുള്ള ഈ സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് സ്വാഭാവിക റബ്ബർ ഉപയോഗിച്ച് ഉപഭോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുന്നതിനുള്ള ഈ സർക്കാരിന്റെ ആവശ്യപ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര വാണിജ്യ വകുപ്പ് കേന്ദ്ര ട്രാൻസ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## നെൽകൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട സഹായങ്ങൾ

56 (1273) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നെൽകൃഷി ഉണ്ടായിരുന്നത്; ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) നെൽകൃഷി പ്രോൽസാഹനവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണ്; ഇതുവഴി മുൻവർഷത്തെ അപേക്ഷിച്ച് ഉത്പ്പാദനം വർദ്ധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) വരൾച്ചയിലും കാലവർഷത്തിലും കൃഷിനാശം നേരിടുന്ന നെൽകർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2015-16 സാമ്പത്തിക വർഷം) 196,870 ഹെക്ടറായിരുന്ന സംസ്ഥാനത്തെ നെൽകൃഷി. നടപ്പുവർഷം (2017-18 സാമ്പത്തിക വർഷം) 220,449.375 ഹെക്ടർ കൃഷി ചെയ്തിട്ടുണ്ടെന്നാണ് കൃഷി വകുപ്പിന്റെ നക്കൽ കണക്ക്.

(ബി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. (പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു* ) നടപ്പുവർഷത്തെ ഉൽപ്പാദനം സംബന്ധിച്ച അന്തിമ കണക്ക് മൂന്നാം വിള കൊയ്ത്ത് കഴിഞ്ഞാൽ മാത്രമേ ലഭിക്കുകയുള്ളൂ.

(സി) കടുത്ത വരൾച്ചയും കാലവർഷവും മൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽ കർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെൽകൃഷി ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകരുടെ കൃഷി പൂർണ്ണമായും നഷ്ടപ്പെട്ടാൽ ഹെക്ടർ ഒന്നിന് 35,000 രൂപ വീതം ധനസഹായം അനുവദിക്കുന്നതാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്ന പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി മുഖേന വിള ഇൻഷ്വർ ചെയ്തിട്ടുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിലെ നെൽകർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതാണ്. മറ്റ് ജില്ലകളിലെ നെൽകർഷകർക്ക് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി മുഖാന്തിരം ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

അവിചാരിതമായ കാരണങ്ങളാൽ വിത്ത് മുളയ്ക്കാത്ത സാഹചര്യം ഉണ്ടായാൽ അത്തരം സന്ദർഭങ്ങൾ നേരിടുന്നതിനായി പ്രകൃതിക്ഷോഭം അഭിമുഖീകരിക്കുന്നതിനുള്ള കരുതൽ നടപടി പദ്ധതി മുഖാന്തിരം സംസ്ഥാന വിത്ത് വികസന അതോറിറ്റി വഴി സൗജന്യമായി വിത്ത് അനുവദിക്കാറുണ്ട്.

ഇൻഷ്വറൻസ് പദ്ധതി മുഖാന്തിരം ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകർക്ക് പ്രകൃതിക്ഷോഭംമൂലം വിള നഷ്ടപ്പെട്ടാൽ ഹെക്ടർ ഒന്നിന് 13,500 രൂപ വീതം ധനസഹായം അനുവദിക്കുന്നതാണ്.

## കർഷകത്തൊഴിലാളി പെൻഷൻ വിതരണം

57 (1274) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളികൾക്ക് പെൻഷൻ വിതരണം നടത്താനായി അനുവദിച്ച തുക അസിസ്റ്റന്റ് കൃഷി ഡയറക്ടർമാരുടെ അക്കൗണ്ടുകളിൽ നിലനിൽക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) ഇപ്രകാരം കർഷകത്തൊഴിലാളി പെൻഷൻ വിതരണം നടത്താനാകാതെ കെട്ടിക്കിടന്ന തുക എത്രയാണ്; എത്ര കാലമാണ് ഈ തുക കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരുന്നത്; ഇത് സംഭവിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കർഷകത്തൊഴിലാളി പെൻഷൻ കൃഷി വകുപ്പ് മുഖേന വിതരണം ചെയ്യുന്നില്ല. കർഷക പെൻഷനാണ് കൃഷിവകുപ്പ് വഴി വിതരണം ചെയ്യുന്നത്. കർഷക പെൻഷൻ അനുവദിക്കുന്ന മാനദണ്ഡങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയതിനാൽ കർഷകർ രേഖകൾ ഹാജരാക്കുന്നതിൽ വന്ന കാലതാമസം കൊണ്ടുമാത്രമേ കർഷക പെൻഷൻ വിതരണം ചെയ്യുന്നതിൽ ചില കൃഷിഭവനുകളിൽ കാലതാമസം ഉണ്ടായിട്ടുള്ളൂ. നിലവിൽ കർഷക പെൻഷൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ട്രഷറിയിൽനിന്നും നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനാൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെ അക്കൗണ്ടുകളിൽ ഈ തുക ഇപ്പോൾ നിക്ഷേപിക്കപ്പെടുന്നില്ല.

**ഓഖി ചുഴലിക്കാറ്റുമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം**

58 (1275) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റ് മൂലം കാർഷിക മേഖലയിൽ ഉണ്ടായ നഷ്ടം എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) ഓഖി ചുഴലിക്കാറ്റുമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ഓഖി ചുഴലിക്കാറ്റിൽ കൃഷി നശിച്ച കർഷകർക്ക് ധനസഹായം**

59 (1276) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഓഖി ചുഴലിക്കാറ്റിൽ കൃഷി നശിച്ച കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; അവ ഏതൊക്കെ കൃഷിഭവനുകൾ എന്ന് വ്യക്തമാക്കാമോ;

(ബി) ഓഖി ചുഴലിക്കാറ്റിൽ കാർഷിക മേഖലയിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായി എന്ന് വ്യക്തമാക്കാമോ; അതിൽ കർഷകർക്ക് എത്ര തുകയാണ് നഷ്ടപരിഹാരമായി നൽകാൻ കഴിയുന്നത്;

(സി) കർഷക ഇൻഷ്വറൻസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഓരോ കൃഷി ഭവനിലും എത്ര തുകയാണ് നൽകാൻ ഉള്ളത്; അതിന്റെ വിശദവിവരം നൽകാമോ;

(ഡി) യഥാസമയം നഷ്ടപരിഹാരം നൽകാൻ സാധിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) 2018 മാർച്ചിന് മുൻപ് ഇൻഷ്വറൻസ് തുക നൽകുന്നതിനുനടപടി സ്വീകരിക്കുമോ; ആരെയാണ് അതിന് ചുമതലപ്പെടുത്തുന്നത് എന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഓഖി ചുഴലിക്കാറ്റിൽ കൃഷി നശിച്ച തിരുപുറം, ചെങ്കൽ, പെരുംപഴുതൂർ, കുളത്തൂർ, കാരോട്, നെയ്യാറ്റിൻകര എന്നീ കൃഷി ഭവനുകളിലെ 112 കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതിയിൽ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) 2,12,14,167 രൂപയുടെ നഷ്ടം ഉണ്ടായി. എസ്.ഡി.ആർ.എഫ്. വിഹിതമായി 14,40,571 രൂപയും ഡിപ്പാർട്ടുമെന്റ് വിഹിതമായി 1,97,73,596 രൂപയും നഷ്ടപരിഹാരമായി അനുവദിക്കേണ്ടതാണ്.

(സി)

| കൃഷി ഭവൻ | അനുവദിച്ച തുക | കർഷകരുടെ എണ്ണം | അനുവദിക്കാനുള്ള തുക | കർഷകരുടെ എണ്ണം |
|---|---|---|---|---|
| തിരുപുറം | 171900 | 6 | 61000 | 3 |
| ചെങ്കൽ | 1676600 | 29 | 1095950 | 20 |
| പെരുംപഴുതൂർ | 738900 | 14 | - | - |
| കുളത്തൂർ | 102750 | 5 | - | - |
| കാരോട് | 1040500 | 50 | 110700 | 2 |
| നെയ്യാറ്റിൻകര | 217000 | 8 | - | - |
| അതിയന്നൂർ | - | - | 984500 | 20 |
| ആകെ | 3947650 | 112 | 2252150 | 45 |

(ഡി) അപേക്ഷയിലെ അപാകതകൾ കാരണം.

(ഇ) സ്വീകരിക്കും. ഇതിനായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഓഖി ചുഴലിക്കാറ്റുമൂലമുണ്ടായ കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം**

60 (1277) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റുമൂലമുണ്ടായ കൃഷിനാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കൃഷി നാശത്തിന് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇപ്രകാരം കർഷകർക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക എന്നത്തേയ്ക്ക് നൽകി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു*.

(ബി&സി) ഇൻഷ്വർ ചെയ്ത വിളകളെ സംബന്ധിച്ചിടത്തോളം സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽനിന്നും ഉടനടി കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ഇതിനകം തന്നെ 271 കർഷകർക്ക് 62.80 ലക്ഷം രൂപ വിതരണം ചെയ്തു കഴിഞ്ഞു. ഇൻഷ്വർ ചെയ്യാത്ത വിളകളെ സംബന്ധിച്ചിടത്തോളം നഷ്ടപരിഹാരത്തുക പ്രകൃതി ദുരിതാശ്വാസ ഫണ്ടിൽനിന്നും ലഭ്യമാക്കി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചാലക്കുടി നിയോജകമണ്ഡലത്തിലെ കൃഷിനാശം**

61 (1278) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലക്കോഴിയടക്കമുള്ള പക്ഷിക്കൂട്ടങ്ങളുടെ ആക്രമണംമൂലം വ്യാപകമായി ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് നഷ്ടപരിഹാരമായി ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി നിയോജകമണ്ഡലത്തിലെ വൈന്തല പാടശേഖര സമിതിയിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർ, പാട്ടത്തിനെടുത്ത 60 ഏക്കറോളം വരുന്ന തരിശുനിലത്ത് ഇറക്കിയ നെൽകൃഷി നീലക്കോഴിയുടെ വ്യാപക ആക്രമണം മൂലം നശിച്ചുപോയതിന് കൃഷിനാശനഷ്ട പരിഹാരമായി ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. വൈന്തല പാടശേഖര സമിതിയിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെൽകൃഷി ഇൻഷ്വർ ചെയ്തിട്ടുണ്ട്. ടി കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വെറ്റില കർഷകരുടെ ദുരിതം**

62 (1279) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 വർഷത്തിനിടയിൽ വെറ്റിലയുടെ വില മുൻ വർഷങ്ങളേക്കാൾ പകുതിയിലേറെയായി താഴ്ന്നതും ആയത് വെറ്റില കർഷകരെ ദുരിതത്തിലാക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വെറ്റില വലിയതോതിൽ ഉല്പാദിപ്പിച്ചിരുന്ന മലപ്പുറം ഉൾപ്പെടെയുള്ള മലബാർ മേഖലയിലെ കർഷകരെ സഹായിക്കാൻ നിലവിൽ എന്തെങ്കിലും പാക്കേജോ പദ്ധതിയോ ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) പാകിസ്ഥാനിലേക്കുള്ള വെറ്റില കയറ്റുമതി നിർത്തലാക്കിയതുമൂലം കർഷകർക്ക് ഉണ്ടായിട്ടുള്ള ദുരിതം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) വെറ്റില കർഷകരുടെ ദുരിതം പരിഹരിക്കുന്നതിനും തൊഴിൽ നഷ്ടം നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

(സി) പാകിസ്ഥാനിലേയ്ക്കുള്ള വെറ്റില കയറ്റുമതി പുനരാരംഭിച്ചിട്ടുണ്ട്.

(ഡി) വെറ്റില കൃഷി വികസനത്തിനായി 2018-19 സാമ്പത്തിക വർഷം വെറ്റില കൃഷിയെ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുരുമുളക് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

63 (1280) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയന്ത്രണങ്ങൾ മറികടന്ന് വൻകിട കമ്പനികൾ ഇറക്കുമതി നടത്തുന്നതു മൂലം കുരുമുളക് കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മൂല്യവർദ്ധിത ഉല്പന്നമായി തിരിച്ചയക്കാമെന്ന പേരിൽ കുരുമുളക് ഇറക്കുമതി നടത്തുന്നത് സംസ്ഥാനത്ത് അതിന്റെ വില കുത്തനെ കുറയുന്നതിന് ഇടയാക്കിയിട്ടുണ്ടോ;

(സി) കുരുമുളക് കർഷകരെ വിലയിടിവിൽനിന്നും രക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ തെറ്റായ ഇറക്കുമതി നയത്തെ തുടർന്ന് വിപണിയിൽ വൻതോതിൽ ഇറക്കുമതി ചെയ്യപ്പെടുന്ന കുരുമുളക് എത്തുന്നത് കുരുമുളകിന്റെ വില ഇടിയുന്നതിന് ഇടയാക്കിയിട്ടുണ്ട്.

(സി) കുരുമുളക് കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിനു നൽകിയ നിവേദനം പരിഗണിച്ചുകൊണ്ടും സുഗന്ധവിള ബോർഡിന്റെ ശിപാർശ അംഗീകരിച്ചുകൊണ്ടും കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം കുരുമുളകിന്റെ കുറഞ്ഞ ഇറക്കുമതി വില കിലോഗ്രാമിന് 500 രൂപയാക്കി ഉറപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ നേട്ടം കേരളത്തിലെ കർഷകർക്ക് ലഭിക്കുന്നില്ല. കേരളത്തിലെ വിപണി വില 400 രൂപയിൽ താഴെയാണ്. ഇതിന്റെ കാരണം പഠിക്കുന്നതിന് പ്രത്യേക സംഘത്തെ നിയമിക്കണമെന്ന് ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിയെ 22-2-2018-ന് നേരിൽകണ്ട് സംസ്ഥാന കൃഷി വകുപ്പുമന്ത്രി നിവേദനം നൽകിയിട്ടുണ്ട്. കൂടാതെ വിയറ്റ്നാം, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞ കുരുമുളക് ഇറക്കുമതി ചെയ്യുന്ന തീരുമാനം ഉപേക്ഷിക്കണമെന്നും കൂടിക്കാഴ്ചയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ കൃഷി ഫാമുകൾ**

64 (1281) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലുള്ള കൃഷി ഫാമുകൾ ഏതൊക്കെയാണെന്നും അവയുടെ എണ്ണം, ഹെക്ടർതിരിച്ചുള്ള കണക്ക് എന്നിവയും ലഭ്യമാക്കാമോ; കൃഷി ഫാമുകളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഫാമുകളായ മുട്ടിക്കടവ്, മുണ്ടേരി എന്നിവിടങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) മുട്ടിക്കടവ്, മുണ്ടേരി ഫാമുകളിൽ താൽക്കാലിക ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിന്റെ നിലവിലെ അവസ്ഥയെന്തെന്ന് അറിയിക്കാമോ ; നിലവിൽ അർഹരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ കൃഷി ഫാമുകൾ താഴെപ്പറയും പ്രകാരമാണ്:

1. സംസ്ഥാന വിത്തുകൃഷിത്തോട്ടം മുണ്ടേരി-ആകെ വിസ്തൃതി-505.29 ഹെക്ടർ

2. ജില്ലാ കൃഷിത്തോട്ടം ചുങ്കത്തറ-ആകെ വിസ്തൃതി - 33.34 ഹെക്ടർ

കൃഷി ഫാമുകളുടെ സമഗ്ര വികസനത്തിന് സംസ്ഥാന വിത്തുകൃഷിത്തോട്ടം മുണ്ടേരിയിൽ നടീൽ വസ്തുക്കളുടെ ഉൽപ്പാദന വിതരണവും പുതിയ ഇനം ഫലവൃക്ഷങ്ങളുടെ പ്രദർശനത്തോട്ടം, ഫലവൃക്ഷങ്ങളുടെ മാതൃവൃക്ഷത്തോട്ട വികസനവും പരിപാലനവും കേര സമൃദ്ധി, സംയോജിത കൃഷി വികസനം, (മൃഗസംരക്ഷണ- മീൻവളർത്തൽ-തേനീച്ചവളർത്തൽ) കുറിയ ഇനം തെങ്ങിൻതൈകളുടെ പ്രദർശനത്തോട്ടം, പച്ചക്കറി കൃഷി വികസനം, ഫാമിന്റെ യന്ത്രവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം (ആനക്കിടങ്ങുകൾ, പമ്പ് പുരകൾ, പമ്പ്സെറ്റ് സ്ഥാപിക്കൽ, സൗരോർജ്ജവേലി നിർമ്മാണം, ചെയിൻലിങ്ക് വേലി നിർമ്മാണം) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഇതിനുപുറമേ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ.-ൽ ഉൾപ്പെടുത്തി വിവിധ നിർമ്മാണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഫാമുകളിൽ നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) മുട്ടിക്കടവ്, മുണ്ടേരി ഫാമുകളിൽ താൽക്കാലിക തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിനായി മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും അർഹരായവരുടെ പട്ടിക ലഭിക്കുന്നതിന് മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മുട്ടിക്കടവിൽ സ്ഥിതിചെയ്യുന്ന ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിൽ നിലവിൽ അർഹനായ ഒരു കാഷ്വൽ തൊഴിലാളിയെയും മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ നിലവിൽ അർഹരായ 171 കാഷ്വൽ തൊഴിലാളികളെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്റ്റേറ്റ് ഫാമുകളുടെ ആധുനികവൽക്കരണം

65 (1282) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഫാമുകളുടെ ആധുനികവത്ക്കരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) നേര്യമംഗലം ഫാമിന്റെ നവീകരണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്റ്റേറ്റ് ഫാമുകളുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ലഭ്യമായ സ്ഥലം പൂർണ്ണമായും ആധുനിക രീതിയിലുള്ള കൃഷിക്കായി ഉപയോഗിച്ചുവരുന്നു. സ്റ്റേറ്റ് ഫാമുകൾ ആധുനികവൽക്കരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. യന്ത്രവൽക്കരണം എന്ന പദ്ധതിയിൽ 300 ലക്ഷം രൂപയുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 460 ലക്ഷം രൂപയുടെയും പഴവർഗ്ഗത്തോട്ട സംരക്ഷണത്തിനും പ്രോജനി തോട്ടങ്ങൾ ആരംഭിക്കുന്നതിനുമായി 100 ലക്ഷം രൂപയുടെയും സംയോജിത കൃഷി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപയുടെയും വിദേശ പഴവർഗ്ഗ വിളകൾ നട്ടുപിടിപ്പിക്കുന്നതിനായി 100 ലക്ഷം രൂപയുടെയും പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 30 വർഷത്തോളമായി കാടുപിടിച്ച് കിടന്ന 56 ഏക്കറോളം സ്ഥലം വെട്ടിത്തെളിച്ച് സംയോജിത കൃഷികൾ നടത്തുന്നു. ഇതുവഴി വിദേശ ഇനം ഫലവർഗ്ഗ വൃക്ഷത്തോട്ടം, കുരുമുളക് തോട്ടം, കാപ്പി, ഏലം വിവിധ ഇനം അത്യുൽപ്പാദനശേഷിയുള്ളതും കുറിയ ഇനത്തിൽപ്പെട്ടതുമായ തെങ്ങിൻ തോട്ടം, വിദേശ ഇനം ഫലവൃക്ഷങ്ങളുടെ മാതൃകാ തോട്ടം, മത്സ്യക്കുളങ്ങൾ, വിവിധ തരത്തിലുള്ള ഔഷധ സസ്യങ്ങളുടെ പ്രദർശനത്തോട്ടം, അതിസാന്ദ്രതാ കൃഷിരീതിയിലുള്ള മാവ്, കശുമാവ് എന്നിവയുടെ തോട്ടം തുടങ്ങിയവ തുടങ്ങുവാൻ പദ്ധതിയുണ്ട്. ഇവയിലെല്ലാം കണികാ ജലസേചനം നടത്തുവാനും പച്ചക്കറി തൈകൾ, ഫലവർഗ്ഗ വൃക്ഷങ്ങളുടെ തൈകൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

(സി) നിലവിലുള്ള വികസന പ്രവർത്തനങ്ങൾ 2018 മാർച്ച് അവസാനത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. നേര്യമംഗലം ഫാമിന്റെ സമഗ്ര പുരോഗതിക്കായി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

**വേങ്ങേരി കാർഷിക മൊത്ത വിപണന കേന്ദ്രം**

66 (1283) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക മൊത്ത വിപണന കേന്ദ്രം കാർഷിക ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

കാർഷികേതര ആവശ്യങ്ങൾക്കായി നിലവിൽ 12 സ്റ്റാളുകൾ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു. ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾക്കെതിരെ സ്റ്റാൾ വാടകക്കാർ കോടതിയെ സമീപിച്ചിരിക്കുകയാണ്.

| സ്റ്റാൾ നം. | ലൈസൻസിയുടെ പേര് | കച്ചവട രീതി | നിലവിലെ അവസ്ഥ |
|---|---|---|---|
| (1) | (2) | (3) | (4) |
| എം. | അബ്ദുൾ ഹക്കീം, അഞ്ചുകണ്ടത്തിൽ വീട്, ചെറുവടി | അലുമിനിയം ചാനൽ | കേസ് നമ്പർ ഒ.എസ്. 476/2016 മുൻസിഫ് കോടതി-ഒന്ന്, കോഴിക്കോട് |
| എം.2 | അബ്ദുൾ ഹക്കീം, അഞ്ചുകണ്ടത്തിൽ വീട്, ചെറുവടി | അലുമിനിയം ചാനൽ | കേസ് നമ്പർ ഒ.എസ്. 476/2016 മുൻസിഫ് കോടതി-ഒന്ന്, കോഴിക്കോട് |
| എം.4 | ഷബീർ. റ്റി. പി. ഗ്ലാമർ ട്രേഡിംഗ് കമ്പനി, വേങ്ങേരി | സാനിറ്ററി വെയേഴ്സ് | കേസ് നമ്പർ ഒ.എസ്. 472/2016 മുൻസിഫ് കോടതി-ഒന്ന്, കോഴിക്കോട് |
| എം.5 | ഷബീർ. റ്റി. പി. ഗ്ലാമർ ട്രേഡിംഗ് കമ്പനി, വേങ്ങേരി | സാനിറ്ററി വെയേഴ്സ് | കേസ് നമ്പർ ഒ.എസ്. 472/2016 മുൻസിഫ് കോടതി-ഒന്ന്, കോഴിക്കോട് |
| എം.6 | ഷബീർ. റ്റി. പി. ഗ്ലാമർ ട്രേഡിംഗ് കമ്പനി, വേങ്ങേരി | സാനിറ്ററി വെയേഴ്സ് | കേസ് നമ്പർ ഒ.എസ്. 472/2016 മുൻസിഫ് കോടതി-ഒന്ന്, കോഴിക്കോട് |
| എം.7 | ഷബീർ. റ്റി. പി. ഗ്ലാമർ ട്രേഡിംഗ് കമ്പനി, വേങ്ങേരി | സാനിറ്ററി വെയേഴ്സ് | കേസ് നമ്പർ ഒ.എസ്. 472/2016 മുൻസിഫ് കോടതി-ഒന്ന്, കോഴിക്കോട് |

| (1) | (2) | (3) | (4) |
|---|---|---|---|
| എൽ.10 | ഫൈസൽ. കെ. റ്റി. യൂണിവേഴ്സൽ ട്രേഡേഴ്സ് പുതിയറ | അലുമിനിയം ചാനൽ | കേസ് നമ്പർ 475/2016 മുൻസിഫ് കോടതി-ഒന്ന്, കോഴിക്കോട് |
| എൽ.11 | ഫൈസൽ. കെ. റ്റി. യൂണിവേഴ്സൽ ട്രേഡേഴ്സ് പുതിയറ | അലുമിനിയം ചാനൽ | കേസ് നമ്പർ 475/2016 മുൻസിഫ് കോടതി-ഒന്ന്, കോഴിക്കോട് |
| എൽ.16 | ഫൈസൽ. കെ. റ്റി. യൂണിവേഴ്സൽ ട്രേഡേഴ്സ് പുതിയറ | അലുമിനിയം ചാനൽ | കേസ് നം. 475/2016 മുൻസിഫ് കോടതി-ഒന്ന്, കോഴിക്കോട് |
| എൽ.17 | ഫൈസൽ. കെ. റ്റി. യൂണിവേഴ്സൽ ട്രേഡേഴ്സ് പുതിയറ | അലുമിനിയം ചാനൽ | കേസ് നമ്പർ 475/2016 മുൻസിഫ് കോടതി-ഒന്ന്, കോഴിക്കോട് |
| എൽ.21 | ഫൈസൽ. കെ. റ്റി. യൂണിവേഴ്സൽ ട്രേഡേഴ്സ് പുതിയറ | അലുമിനിയം ചാനൽ | കേസ് നമ്പർ 475/2016 മുൻസിഫ് കോടതി-ഒന്ന്, കോഴിക്കോട് |
| എൽ.23 | ഫൈസൽ. കെ. റ്റി. യൂണിവേഴ്സൽ ട്രേഡേഴ്സ് പുതിയറ | അലുമിനിയം ചാനൽ | കേസ് നമ്പർ 475/2016 മുൻസിഫ് കോടതി-ഒന്ന്,കോഴിക്കോട് |

## തരിശുകിടന്ന ഭൂമിയിൽ കൃഷി ഇറക്കാൻ പദ്ധതി

67 (1284) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശായി കിടക്കുന്ന കൃഷി ഭൂമിയിൽ കൃഷി ഇറക്കാൻ എന്തൊക്കെ പദ്ധതികൾ നിലവിലുണ്ട്;

(ബി) നാദാപുരം മണ്ഡലത്തിൽ കൃഷി യോഗ്യമായ തരിശായി കിടക്കുന്ന നിലങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് തുടർച്ചയായ 3 വർഷവും ആനുകൂല്യം നൽകിവരുന്നു. ഒന്നാംവർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകുന്നുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ്. ഇതിന് പുറമേ അടിസ്ഥാന സൗകര്യവികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും കൃഷി നടത്തുന്നതിനും ആനുകൂല്യം നൽകുന്നുണ്ട്. പാടശേഖര സമിതികളുടെ പ്രവർത്തനച്ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേയ്ക്ക് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായമനുസരിച്ച് നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡൻസ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തം ഭൂമിയിലോ പാട്ടത്തിനോ പദ്ധതിയധിഷ്ഠിതമായി നെല്ല് കൃഷി ചെയ്യുന്നതിന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ നെൽവർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. ആയതിലേയ്ക്ക് 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനത്തിന്റെ ഭാഗമായി നെൽകൃഷി മേഖലയിൽ കേന്ദ്ര/സംസ്ഥാന/ തദ്ദേശഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച് ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പിലാക്കുന്നതിനും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്ത്-മെതിയന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റ് സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പദ്ധതിയധിഷ്ഠിതമായി 1200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നാദാപുരം നിയോജകമണ്ഡലത്തിൽ ആകെ 61.9 ഹെക്ടർ സ്ഥലം തരിശായി കിടക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 5 ഹെക്ടർ സ്ഥലത്ത് നെല്ലും 5 ഹെക്ടർ സ്ഥലത്ത് പച്ചക്കറിയും കൃഷി ചെയ്തിട്ടുണ്ട്. ഇപ്രകാരം ഘട്ടംഘട്ടമായി തരിശുരഹിതമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

## തരിശുരഹിത പഞ്ചായത്ത്

68 (1285) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര ഏക്കർ തരിശു നിലം കൃഷിയോഗ്യമാക്കി എന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) 'തരിശു രഹിത പഞ്ചായത്ത്'എന്ന ആശയം ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ടോ;

(സി) എങ്കിൽ ആദ്യഘട്ടത്തിൽ ഇതിലേക്കായി എത്ര പഞ്ചായത്തുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത് എന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹരിത കേരളം മിഷൻ നിലവിൽ വരുന്നതിനുമുമ്പായും ഹരിതകേരളം മിഷൻ നിലവിൽ വന്നശേഷവും കൃഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള ഉപമിഷനായ സുജലം സുഫലം ഉപമിഷന്റെയും ഹരിത കേരളം മിഷന്റെയും നേതൃത്വത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായി നെൽക്കൃഷിക്ക് യോഗ്യമാക്കിയ തരിശ് ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | കൃഷിയോഗ്യമാക്കിയ തരിശ് ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 229.71 |
| 2 | കൊല്ലം | 1191.08 |
| 3 | പത്തനംതിട്ട | 1661.42 |
| 4 | ആലപ്പുഴ | 2295.00 |
| 5 | കോട്ടയം | 2428.30 |
| 6 | ഇടുക്കി | 154.42 |
| 7 | എറണാകുളം | 1667.91 |
| 8 | തൃശ്ശൂർ | 3331.72 |
| 9 | പാലക്കാട് | 412.84 |

| (1) | (2) | (3) |
|---|---|---|
| 10 | മലപ്പുറം | 2055.01 |
| 11 | കോഴിക്കോട് | 1996.36 |
| 12 | വയനാട് | 676.90 |
| 13 | കണ്ണൂർ | 1783.52 |
| 14 | കാസർഗോഡ് | 537.89 |
| | | 20422.08 ഏക്കർ. |

(ബി) ഹരിത കേരളം മിഷന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന് പരമാവധി തരിശുഭൂമിയിൽ കൃഷിയിറക്കുക എന്നതാണ്. ഇതിനായുള്ള പ്രവർത്തനങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ഓരോ വികസന ബ്ലോക്കിലും ചുരുങ്ങിയത് ഒരു പഞ്ചായത്തെങ്കിലും 'തരിശുരഹിത പഞ്ചായത്ത്' ആയി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു.

(സി) സംസ്ഥാനത്തൊട്ടാകെ 152 ഗ്രാമപഞ്ചായത്തുകളെങ്കിലും തരിശുഹരിത പഞ്ചായത്തുകളായി ആദ്യഘട്ടത്തിൽ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു.

**കുളങ്ങൾ പുനരുദ്ധരിക്കാൻ നടപടി**

69 (1286) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വേഗത്തിൽ വരൾച്ച ബാധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിലെ കുളങ്ങൾ പുനരുദ്ധരിച്ച് കാർഷിക വൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനും കുളങ്ങളിലെ ജലവിതാനം ഉയർത്തുന്നതിനുമായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ച് വരുന്നതെന്ന് വിശദീകരിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് പാലക്കാട് ജില്ലയിൽ എത്ര കുളങ്ങൾ പുനരുദ്ധരിക്കുന്നതിനായി ഫണ്ട് അനുവദിച്ചു; കുളങ്ങളുടെ പേരും അനുവദിച്ച തുകയും ഗ്രാമപഞ്ചായത്തിന്റെ പേരും സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചാനിവാരണത്തിനായി മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ജില്ലയിലെ 56 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 15.315 കോടി രൂപയുടെ പദ്ധതിക്ക് ആർ.ഐ.ഡി.എഫ്.ന്റെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ ജില്ലയിലെ മണ്ണാർക്കാട്, പാലക്കാട്, ചിറ്റൂർ, മലമ്പുഴ, കൊല്ലങ്കോട്, കുഴൽമന്ദം എന്നീ ബ്ലോക്കുകളിലെ 22 പഞ്ചായത്തുകളിലാണ് കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നത്. ആയതിൽ നാളിതുവരെ 9.79 കോടി രൂപ ചെലവഴിച്ച് 41 കുളങ്ങളുടെ പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കൽ, പാർശ്വഭിത്തികൾ, സ്റ്റെപ്പ്, റാമ്പ്, നിർഗ്ഗമന-ബഹിർഗ്ഗമന പൈപ്പുകൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് പദ്ധതിയിൽ നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ കാർഷികാഭിവൃദ്ധിയ്ക്കും കുളങ്ങളിലെ ജലവിതാനം ഉയർത്തുന്നതിനും വരൾച്ചയ്ക്ക് ശമനം കാണുന്നതിനും സാദ്ധ്യമായിട്ടുണ്ട്.

നബാർഡ് ആർ.ഐ.ഡി.എഫ്. 18 സ്കീമിൽ ഉൾപ്പെടുത്തി മുതലമട പഞ്ചായത്തിൽ 9 കുളങ്ങളുടെയും, ആർ.ഐ.ഡി.എഫ്. 20-ലുൾപ്പെടുത്തി തെങ്കര, തച്ചനാട്ടുകര പഞ്ചായത്തുകളിലായി 11 കുളങ്ങളുടെയും നവീകരണ പ്രവൃത്തികൾ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ പാലക്കാട് ജില്ലയിൽ കരിമ്പുഴ പഞ്ചായത്തിലെ ആറാട്ടുകുളം, വെള്ളിനേഴി പഞ്ചായത്തിലെ ഉത്രാദിക്കാവ് കുളം, കൊപ്പം ഗ്രാമപഞ്ചായത്തിലെ ആറക്കുളം, പെരിക്കാട്ടുകുളം എന്നിവയുടെ പദ്ധതി റിപ്പോർട്ട് ആർ.ഐ.ഡി.എഫ്. 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പാലക്കാട് ജില്ലയിൽ കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് പുതിയ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ലെങ്കിലും ആർ.ഐ.ഡി.എഫ്.ന്റെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2015 മാർച്ച് മാസം ഭരണാനുമതി നൽകിയ 56 കുളങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പണം അനുവദിക്കുകയും പദ്ധതിയിൽ 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി 9.79 കോടി രൂപ ചെലവഴിച്ച് 41 കുളങ്ങളുടെ പുനരുദ്ധാരണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തുതല ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർ.ഐ.ഡി.എഫ്.ന്റെ 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 45 കുളങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കോഴിക്കോട് ജില്ലയിലെ കാർഷിക വികസന പദ്ധതികൾ**

70 (1287) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷി വികസനത്തിനും തരിശ് പാടങ്ങളിൽ കൃഷി വികസിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിന്റെ ഭാഗമായി കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ കാർഷിക വികസന രംഗത്ത് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ആവളപ്പാണ്ടിയുൾപ്പെടെ ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ പ്രവർത്തന ഘട്ടത്തിൽ എത്തിയിട്ടുള്ളത്;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്ന് വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും, രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും, 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയും ആണ്.

തരിശായി കിടക്കുന്ന പാടങ്ങളിൽ നെൽകൃഷിയിറക്കുന്ന കർഷകർക്കും സംഘങ്ങൾക്കും മൂന്ന് വർഷങ്ങളിലായി നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമെ, അടിസ്ഥാന സൗകര്യവികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും (സ്വന്തമായോ/പാട്ടത്തിനോ) കൃഷി നടത്തുന്നതിനും പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

* പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി -

പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേയ്ക്ക് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായമനുസരിച്ച് വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

* പദ്ധതിയധിഷ്ഠിത ധനസഹായം

നഗരപ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തം ഭൂമിയിലോ പാട്ടത്തിനോ നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

* നെൽകൃഷിയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം

2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ ആണ് നെൽ വർഷമായി ആചരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റ് ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുൽപ്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവ്വേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം. ആയതിലേയ്ക്ക് 262 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

* ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം

നെൽകൃഷി മേഖലയിൽ കേന്ദ്ര/സംസ്ഥാന/തദ്ദേശഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച് ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതിയന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റ് സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയധിഷ്ഠിതമായിട്ടാണ് ആനുകൂല്യം നൽകുക.

സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഫലമായി 2016-17 സാമ്പത്തിക വർഷത്തിൽ 2782.3857 ഹെക്ടർ സ്ഥലം കൃഷി ചെയ്യിക്കാൻ സാധിച്ചു. 2017-18 വർഷത്തിൽ ലക്ഷ്യമിട്ട 2956.7 ഹെക്ടറിന്റെ സ്ഥാനത്ത് 5485.686 ഹെക്ടർ തരിശുനിലം കൃഷി ചെയ്യിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ കാർഷിക വികസന രംഗത്ത് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും.
2. നാളികേര കൃഷി വ്യാപനം.
3. കാർഷിക വിജ്ഞാന വ്യാപന ശാക്തീകരണം.
4. മാനവ വിഭവശേഷി വികസനം.
5. മോഡേണൈസേഷൻ ഓഫ് ഡിപ്പാർട്ടുമെന്റ് ലാബസ്സ്.
6. ജൈവ കൃഷി വികസനം.
7. നെൽകൃഷി വികസനം.
8. പച്ചക്കറി വികസനം.
9. അഗ്രോ സർവ്വീസ് സെന്റർ ആൻഡ് സർവ്വീസ് ഡെലിവറി.
10. പയർവർഗ്ഗ കിഴങ്ങുവർഗ്ഗങ്ങളുടെ വികസന പദ്ധതി.
11. സുഗന്ധവിള വികസന പദ്ധതി.
12. സോയിൽ & റൂട്ട് ഹെൽത്ത് മാനേജ്മെന്റ്.
13. വിള ആരോഗ്യ പരിപാലനം.
14. വിള ഇൻഷ്വറൻസ്.
15. ബയോഡൈവേർസിറ്റി& ലോക്കൽ ജേംപ്ലാസം കൺസർവേഷൻ.
16. ഔഷധ സസ്യ കൃഷി, ഫലവർഗ്ഗ കൃഷി, പുഷ്പകൃഷി വികസനം.
17. കാർഷിക വിപണി വികസനം ശക്തിപ്പെടുത്തൽ.
18. സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോൺ.

ഇതിനുപുറമെ കർഷക പെൻഷൻ, പ്രകൃതി ക്ഷോഭ ദുരിതാശ്വാസം, വൈദ്യുതി സൗജന്യം, എസ്.എച്ച്.എം./ആത്മ പദ്ധതികൾ, ജനകീയാസൂത്രണ പദ്ധതികൾ, ആർ.കെ.വി.വൈ./എസ്.എം.എ.എം. തുടങ്ങിയവയും നടപ്പാക്കുന്നു. ഇപ്പോൾ പ്രവർത്തന ഘട്ടത്തിൽ എത്തിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. വേളം കുറ്റ്യാടി പഞ്ചായത്ത് പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ, നബാർഡ്, ആർ.ഐ.ഡി.എഫ്. പ്രവൃത്തി പുരോഗമിക്കുന്നു.

2. തലക്കുളത്തൂർ പഞ്ചായത്ത് പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ പുരോഗമിക്കുന്നു.

3. നടുവണ്ണൂർ പഞ്ചായത്ത് - കുനിയിൽ താഴെ പാടശേഖരം വികസന പ്രവൃത്തികൾ 90%പൂർത്തിയായി.

4. അകലാപ്പുഴ പാടശേഖരം (തിക്കോടി) വികസന പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചു.

5. വെളിയന്നൂർ ചെല്ലി കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി കീഴരിയൂർ പഞ്ചായത്ത് പരിധിയിൽ ഏകദേശം 20 ഏക്കർ തരിശു നിലം കൃഷി ചെയ്തു.

(സി) സർക്കാരിന്റെ പ്രധാന പദ്ധതികളായ നെൽകൃഷി വികസനം (56%), നാളികേര വികസനം (47%), പച്ചക്കറി വികസനം (80%) എന്നിവ പുരോഗമിക്കുന്നു. ജനകീയാസൂത്രണ പദ്ധതികൾ 22% പൂർത്തിയായിട്ടുണ്ട്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ തിക്കോടി ബ്ലോക്കിലെ തിക്കോടി പഞ്ചായത്തിലെ അകലാപ്പുഴ കോൾ നിലം തരിശുപാടം കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി 1.30 കോടി രൂപയുടെ പ്രവർത്തനത്തിന്റെ പ്രാഥമിക പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ 10 ഹെക്ടർ തരിശുകൃഷിയും ചെയ്തിട്ടുണ്ട്. മറ്റ് പാടശേഖരങ്ങളായ ചെല്ലാടത്ത് പാടശേഖരം, ചെറുകുറ്റി, ഉരുകര എന്നീ പാടശേഖരങ്ങളിലായി 10 ഹെക്ടർ തരിശുകൃഷി ആരംഭിച്ചു.

**വിള ഇൻഷ്വറൻസ് പദ്ധതികൾ**

71(1288) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമ യോജന (PMFBY) പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) കഴിഞ്ഞ വർഷം മറ്റെന്തൊക്കെ വിള ഇൻഷുറൻസ് പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത് എന്ന് അറിയിക്കുമോ;

(സി) മൊത്തം ഇൻഷുറൻസ് പദ്ധതികളുടെ പ്രീമിയം ഇനത്തിൽ എത്ര രൂപ സ്വരൂപിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) കർഷകർക്ക് ഇൻഷ്വറൻസ് നഷ്ടപരിഹാര ഇനത്തിൽ 2016-2017 സാമ്പത്തിക വർഷത്തിന്റെയും 2017 ഏപ്രിൽ മാസം മുതൽ ഇന്നേ വരെയും വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) 2018-2019 സാമ്പത്തിക വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന വിള ഇൻഷ്വറൻസ് പദ്ധതികൾ എന്തൊക്കയാണ്; ഇതിലെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്; അറിയിക്കുമോ;

(എഫ്) പച്ചക്കറികൃഷിക്ക് ഇൻഷ്വറൻസ് നടപ്പിലാക്കാൻ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; അതിന്റെ വിശദവിവരം നൽകാമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമ യോജന (PMFBY) പദ്ധതി 2016 വർഷം ഖാരിഫ് സീസണിൽ നടപ്പാക്കിയിരുന്നില്ല. 2016-17-ലെ രണ്ടാം വിളയായ റാബി സീസണിൽ 12961.11 ഹെക്ടറിലെ 18415 കർഷകരിൽനിന്ന് 2,62,26,875.46 രൂപ പ്രീമിയം ഇനത്തിൽ സ്വരൂപിച്ചു (അനുബന്ധം* ആയി വച്ചിട്ടുണ്ട്). 2288 കർഷകർക്കായി 3,43,11,539.92 രൂപ നഷ്ട പരിഹാരമായി നൽകുകയും ചെയ്തു. 2017 ഖാരിഫ് സീസണിൽ 6856.5276 ഹെക്ടറിലെ 7162 കർഷകർക്ക് 1,52,55,581.53 രൂപ പ്രീമിയം ഇനത്തിൽ സ്വരൂപിച്ചു (അനുബന്ധം* ആയി വച്ചിട്ടുണ്ട്). 2017 റാബി സീസണിൽ 7903.23237 ഹെക്ടറിലെ 6250 കർഷകർക്ക് 85,31,354.12 രൂപ പ്രീമിയം ഇനത്തിൽ സ്വരൂപിച്ചു (അനുബന്ധം* ആയി വച്ചിട്ടുണ്ട്).

(ബി) കാർഷിക വിള ഇൻഷ്വറൻസ് പദ്ധതികൾ

കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നു.

1. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ) പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. <u>പ്രധാനമന്ത്രി ഫസൽ ബീമാ യോജനാ പദ്ധതികൾ</u>

2016-17 വർഷം കേന്ദ്ര സർക്കാർ പ്രധാനമന്ത്രി ഫസൽ ബീമാ യോജനാ എന്ന ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിക്ക് പകരമായി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായുണ്ടാകുന്ന തീപിടിത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾമൂലമോ രോഗകീടങ്ങളുടെ ആക്രമണംമൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉൽപ്പാദന നഷ്ടത്തിൽനിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതി മുഖേന നൽകുന്നു.

നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെയാണ് ഈ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ ആനുകൂല്യം ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ 3 ജില്ലകൾക്കാണ് പ്രയോജനപ്പെടുക.

ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2%-ലധികം വരുന്ന പ്രീമിയത്തിൻമേൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി സബ്സിഡി നൽകുന്നു. ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ഇൻഷ്വറൻസ് കമ്പനി കർഷകർക്ക് നൽകുന്നതാണ്.

3. <u>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി</u>

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. ഇതിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ആലപ്പുഴ, പത്തനംതിട്ട ഒഴികെയുള്ള മറ്റ് ജില്ലകൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം കിട്ടുന്നത്.

(സി) ഇതുസംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(ഡി) പ്രസ്തുത കാലഘട്ടത്തിൽ 8183 കർഷകർക്കായി 4,65,56,062 രൂപ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന വിള ഇൻഷ്വറൻസ് പദ്ധതികൾ:

1. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി
2. പ്രധാനമന്ത്രി ഫസൽ ബീമാ യോജനാ പദ്ധതി
3. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി.

(എഫ്) നിലവിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ പ്രകാരം പച്ചക്കറി കൃഷിക്ക് ഇൻഷ്വറൻസ് നടപ്പിലാക്കിവരുന്നുണ്ട്.

**കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് നിബന്ധനകൾ**

72 (1289) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി വിശദമാക്കുമോ ;

(ബി) 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ എത്ര തുക കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷയായി വിതരണം ചെയ്തുവെന്ന് വിശദീകരിക്കുമോ ;

(സി) പാട്ട കൃഷിക്കാരായ കർഷകർക്ക് കാർഷിക വിളകൾക്കുള്ള ഇൻഷുറൻസ് നൽകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതിയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നു. (ഉത്തരവ് അനുബന്ധമായി* ചേർക്കുന്നു)

1. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

22-3-2017-ലെ സംസ്ഥാന സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 37/17/ കൃഷി പ്രകാരവും 13-12-2017-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 1192/2017/കൃഷി പ്രകാരവും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ കേരളത്തിലെ പ്രധാനപ്പെട്ട കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ) എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾകൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കും.

2. പ്രധാനമന്ത്രി ഫസൽ ബീമാ യോജനാ പദ്ധതി

2016-17 വർഷം കേന്ദ്ര സർക്കാർ പ്രധാനമന്ത്രി ഫസൽ ബീമാ യോജനാ എന്ന ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിക്ക് പകരമായി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായുണ്ടാകുന്ന തീപിടിത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾമൂലമോ രോഗകീടങ്ങളുടെ ആക്രമണംമൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉൽപ്പാദന നഷ്ടത്തിൽനിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതി മുഖേന നൽകുന്നു.

നെല്ല്, വാഴ, മരച്ചീനി, എന്നീ വിളകളെയാണ് ഈ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ ആനുകൂല്യം ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ 3 ജില്ലകൾക്കാണ് പ്രയോജനപ്പെടുക.

ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2%-ലധികം വരുന്ന പ്രീമിയത്തിന്മേൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി സബ്സിഡി നൽകുന്നു. ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ഇൻഷ്വറൻസ് കമ്പനി കർഷകർക്ക് നൽകുന്നതാണ്.

3. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. ഇതിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ആലപ്പുഴ, പത്തനംതിട്ട ഒഴികെയുള്ള മറ്റ് ജില്ലകൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം കിട്ടുന്നത്.

(ബി) പ്രസ്തുത കാലഘട്ടത്തിൽ 4942 കർഷകർക്കായി 2,75,86,337 രൂപ നൽകിയിട്ടുണ്ട്.

(സി) സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്. പാട്ടക്കൃഷിക്കാരായ കർഷകർ പാട്ടച്ചീട്ട് രസീത് ഹാജരാക്കേണ്ടതാണ്.

## നശിച്ചുപോയ ടിഷ്യൂകൾച്ചർ തൈകൾ

73 (1290) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ ചെമ്പുകാവ് കൃഷി ഹൈപ്പർ മാർക്കറ്റിൽ വില്പനയ്ക്ക് വച്ചിരുന്ന ടിഷ്യൂ കൾച്ചർ തൈകൾ നനയ്ക്കാത്തത് കാരണം നശിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ നഷ്ടമാണ് ഇക്കാരണത്താലുണ്ടായത്; പ്രസ്തുത നഷ്ടം എപ്രകാരം ഈടാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15,760 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത തുക യൂണിറ്റ് ഓഫീസറുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ഇക്കോ ഷോപ്പുകൾ

74 (1291) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ഇക്കോ ഷോപ്പുകൾ, പ്ലാന്റ് ക്ലിനിക്കുകൾ എന്നിവ പുതുതായി അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിന്റെ വിശദാംശങ്ങളും അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കോ ഷോപ്പുകളുടെ വിവരം.

| ക്രമ.നം. | പഞ്ചായത്ത് | ഇക്കോഷോപ്പ് ആരംഭിച്ച സ്ഥലം |
|---|---|---|
| (1) | (2) | (3) |
| 1 | തൃക്കരിപ്പൂർ | നടക്കാവ് |
| 2 | അജാനൂർ | നോർത്ത് കോട്ടച്ചേരി |
| 3 | മടിക്കൈ | ചെമ്മട്ടംവയൽ |

| (1) | (2) | (3) |
|---|---|---|
| 4 | കോടോംബേളൂർ | കാലിച്ചാനടുക്കം |
| 5 | പനത്തടി | പനത്തടി |
| 6 | ചെമ്മനാട് | ചെമ്മനാട് കൃഷി ഭവന സമീപം |
| 7 | ബദിയഡുക്ക | ബദിയഡുക്ക പഞ്ചായത്ത് ഓഫീസിന സമീപം |
| 8 | കുറ്റിക്കോൽ | കുറ്റിക്കോൽ |
| 9 | ബേഡഡുക്ക | കുണ്ടംകുഴി |
| 10 | എൻമകജെ | എൻമകജെ കൃഷി ഭവന സമീപം പെർള |

ജൈവകൃഷിയിലൂടെയും ഉത്തമ കൃഷി മുറകൾ നടപ്പിലാക്കിയും ഉൽപ്പാദിപ്പിക്കുന്ന ജൈവ പഴം പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് ഓരോ ഇക്കോ ഷോപ്പിനും 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്.

<u>പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ വിവരം</u>

കാസർഗോഡ് ജില്ലയിൽ 2017-18-ലെ ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിലുൾപ്പെടുത്തി അജാനൂർ, കള്ളാർ എന്നീ പഞ്ചായത്തുകളിലാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ക്ലിനിക്കുകൾ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ**

75 (1292) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിലിന് എല്ലാ ജില്ലകളിലും സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഈ കേന്ദ്രങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതുവഴി ഓരോ ജില്ലയിലും വിളവെടുക്കുന്ന കാർഷികോത്പന്നങ്ങൾ മറ്റ് ജില്ലകളിൽ വിപണനം ചെയ്യുകയും കർഷകർക്ക് ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ആശ്വാസവും മികച്ച വിലയും ലഭിക്കാനുള്ള നടപടികളും സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വി.എഫ്.പി.സി.കെ കാക്കനാട് ഓഫീസിലുള്ള മാർക്കറ്റ് ഇൻഫർമേഷൻ സെന്റർവഴി വിവിധ ഹോൾസെയിൽ മാർക്കറ്റുകളിലെ പഴം പച്ചക്കറിയുടെ വിലകൾ ശേഖരിക്കുകയും അത് സമിതികളിൽ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഉൽപ്പന്നങ്ങൾ അധികം വരികയും വില കുറയുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ മികച്ച വില ലഭിക്കുന്നതിനായി മറ്റ് ജില്ലകളിൽ വിപണനം നടത്തുന്നതിന് ഇത് സഹായകരമാണ്. നിലവിൽ ഈ രീതി അവലംബിക്കുന്നതിനാൽ കർഷകർക്ക് ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ആശ്വാസവും മികച്ച വിലയും ലഭിക്കുന്നുണ്ട്.

**കേരഫെഡിന്റെ പ്രവർത്തനം**

76 (1293) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും, സുതാര്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരകർഷകന്റെ താല്പര്യം സംരക്ഷിക്കുന്നതിനും നാളികേരത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും കേരഫെഡ് എത്രമാത്രം സഹായകമാണ്എന്ന് വ്യക്തമാക്കാമോ ;

(സി) കേരഫെഡിന്റെ ഉല്പന്നമായ കേര വെളിച്ചെണ്ണയ്ക്ക് പൊതുവിപണിയിലെ വിലയെക്കാൾ ഉയർന്നവില നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) വെളിച്ചെണ്ണ വില അസാധാരണമായ നിലയിൽ വർദ്ധിക്കുമ്പോൾ സാധാരണക്കാർക്ക് ആശ്വാസം നൽകേണ്ട സ്ഥാപനം തന്നെ അമിതവില ഈടാക്കി വില വർദ്ധനവിന് ആക്കം കൂട്ടുന്നത് ന്യായീകരിക്കത്തക്ക നടപടിയാണോ;

(ഇ) നാളികേരത്തിന്റെ മൂല്യവർദ്ധിത വസ്തുക്കൾ വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നതിന് കേരഫെഡിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തി 150 ടണ്ണിന്റെ, 22 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന കൊപ്ര സംസ്കരണ യൂണിറ്റ് കേരഫെഡിന്റെ കരുനാഗപ്പള്ളി പ്ലാന്റിൽ സ്ഥാപിക്കുന്നതിനും കൂടാതെ 20 കൊപ്ര ഡ്രയറുകൾ സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും 3.88 കോടി രൂപയ്ക്ക് സാമ്പത്തിക

സഹായത്തിനായി ഒരു പ്രൊപ്പോസൽ കേരഫെഡ് സമർപ്പിക്കുകയും പ്രൊപ്പോസലുകൾക്ക് അനുമതി നൽകുകയും ചെയ്തു. കൊപ്രാ സംസ്കരണ യൂണിറ്റിനുവേണ്ടിയുള്ള 22 കോടി രൂപയിൽ 19.80 കോടി രൂപ ആർ.കെ.വി.വൈ. സ്കീമിൽ അനുവദിച്ചിട്ടുണ്ട്. ബാക്കി തുകയായ 2.2 കോടി രൂപ കേരഫെഡിന്റെ വിഹിതമാണ്. ഇതനുസരിച്ച് കേരഫെഡിന് നിലവിൽ 10 കോടി രൂപ അനുവദിച്ച് നൽകുകയും കൊപ്രാ സംസ്കരണ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനവുമായി കേരഫെഡ് മുന്നോട്ടുപോകുകയുമാണ്. ഡ്രയറുകളുടെ നിർമ്മാണത്തിന് തുക അനുവദിച്ചതുകൊണ്ട് ഡ്രയർ നിർമ്മാണവുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്.

കൃഷിഭവനുകൾവഴി കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കിയ നാളികേര സംഭരണ പദ്ധതിയിലെ നടത്തിപ്പിൽ ചില പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അതനുസരിച്ച് സംഭരണ പ്രക്രിയയിൽ കൃഷിഭവനുകൾക്കു പുറമെ കേരഫെഡിൽ അംഗങ്ങളായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ/കേന്ദ്ര നാളികേര വികസന ബോർഡിന് കീഴിലുള്ള നാളികേര ഉൽപ്പാദന സൊസൈറ്റി/ഫെഡറേഷനുകൾ (CPS), ഡ്രയർ സൗകര്യമുള്ള സൊസൈറ്റികൾ എന്നിവ മുഖേന നാളികേര സംഭരണം പുനരാരംഭിക്കാൻ കേരഫെഡിനോട് ആവശ്യപ്പെട്ടതനുസരിച്ച് നാളികേരത്തിന്റെ വിപണി വില ഏതെങ്കിലും സമയത്ത് താങ്ങുവിലയിൽ നിന്നും താഴേയ്ക്ക് വരികയാണെങ്കിൽ സംഭരണം പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പച്ചത്തേങ്ങയുടെ മാർക്കറ്റ് വില കേരഫെഡിന്റെ സംഭരണ വിലയെക്കാൾ ഇപ്പോൾ ഉയർന്ന് നിൽക്കുന്നതുകൊണ്ട് തേങ്ങ മാർക്കറ്റിൽ വിൽക്കാനാണ് കർഷകർ താൽപ്പര്യം പ്രകടിപ്പിക്കുന്നത്. പച്ചത്തേങ്ങ സംഭരിച്ചയിനത്തിൽ കർഷകർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക ഇതിനകം പൂർണ്ണമായി നൽകിക്കഴിഞ്ഞിട്ടുണ്ട്. സംഭരണ പ്രക്രിയയിൽ കൃഷിഭവനുകൾക്ക് പുറമേ സഹകരണ സംഘങ്ങളേയും നാളികേര ഉൽപ്പാദക കമ്പനികളെയും മറ്റും പങ്കെടുപ്പിക്കാനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. നാളികേര കർഷകർക്ക് ഇപ്പോൾ ന്യായവില ലഭിക്കുന്നുണ്ട്. കേരഫെഡ് സംഭരിച്ചിരുന്ന വിലയെക്കാൾ (കിലോയ്ക്ക് 25 രൂപ) ഇപ്പോൾ മാർക്കറ്റ് വില ഉയർന്നിട്ടുണ്ട്. ആയതുകൊണ്ട് കർഷകർക്ക് ഇപ്പോൾ നല്ല വില ലഭിക്കുന്നുണ്ട്.

(സി) കേരള സർക്കാർ സ്ഥാപനമായ കേരഫെഡ് ഒരിക്കൽപോലും വെളിച്ചെണ്ണയ്ക്ക് അമിത വില ഈടാക്കിയിട്ടില്ല. കൂടാതെ കേരഫെഡ് മുഖേന പൊതു കമ്പോളത്തിൽ ഒരിക്കൽപോലും വെളിച്ചെണ്ണയുടെ വില കൂടുവാൻ ഇടവന്നിട്ടില്ല.

(ഡി) കേരഫെഡിന്റെ കേര വെളിച്ചെണ്ണയുടെ വില 1 ലിറ്റർ പൗച്ചിന് 2017 നവംബർ മാസം 4-ാം തീയതി 220 രൂപയായും (എം.ആർ.പി.), നവംബർ മാസം 24-ാം തീയതി 240 രൂപയായും (എം.ആർ.പി.), ഡിസംബർ 13-ാം തീയതി 260 രൂപയായും (എം.ആർ.പി.) ഉയർത്തിയിരുന്നു. എന്നാൽ 18-1-2018 മുതൽ കേര

വെളിച്ചെണ്ണയുടെ വില ഒരു ലിറ്റർ പൗച്ചിന് എം.ആർ.പി. 250 രൂപയായും 26-2-2018 മുതൽ എം.ആർ.പി. 240 രൂപയായും കുറച്ചിട്ടുണ്ട്. കേരള സർക്കാർ സ്ഥാപനമായ കേരഫെഡ് ഒരിക്കൽപോലും വെളിച്ചെണ്ണയ്ക്ക് അമിത വില ഈടാക്കിയിട്ടില്ല. വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കാനാവശ്യമായ അസംസ്കൃത വസ്തുവായ കൊപ്ര, കേരഫെഡ് വാങ്ങുന്ന വിലയ്ക്ക് അനുസൃതമായിട്ടാണ് കേരഫെഡ് വെളിച്ചെണ്ണയുടെ വില കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത്. കൊപ്രയുടെ വില കഴിഞ്ഞ 30 വർഷ കാലയളവിലെ സർവ്വകാല റെക്കോർഡിൽ എത്തി നിൽക്കുകയാണ്. 4-11-2017-ൽ, കേരഫെഡ് വാങ്ങിക്കൊണ്ടിരുന്ന കൊപ്രയുടെ വില കിലോയ്ക്ക് 110 രൂപയിൽ നിന്നും 118 രൂപയായതുകൊണ്ടാണ് കേര വെളിച്ചെണ്ണയുടെ വില വർദ്ധിപ്പിക്കേണ്ടി വന്നത്. കൂടാതെ 24-11-2017-ന് കൊപ്രയുടെ വില കിലോയ്ക്ക് 118 രൂപയിൽനിന്നും 135 രൂപയായും 13-12-2017-ന് കിലോയ്ക്ക് 135 രൂപയിൽനിന്നും 147 രൂപയായും ഉയർന്നതുകൊണ്ടാണ് കേര വെളിച്ചെണ്ണയുടെ വില വീണ്ടും വർദ്ധിപ്പിക്കേണ്ടിവന്നത്. എന്നാൽ 18-01-2018-ൽ കൊപ്രയുടെ വില കിലോയ്ക്ക് 147 രൂപയിൽനിന്നും 138 രൂപയായും 2018, ഫെബ്രുവരി 26-ാം തീയതി കിലോയ്ക്ക് 138 രൂപയിൽ നിന്നും 134 രൂപയായും കുറഞ്ഞതുകൊണ്ട് കേര വെളിച്ചെണ്ണയുടെ വില അതിനനുസൃതമായി കുറച്ചിട്ടുണ്ട്.

(ഇ) നാളികേരത്തിന്റെ മൂല്യവർദ്ധിത വസ്തുക്കൾ കേരഫെഡ് ഇപ്പോൾത്തന്നെ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്.

### പഴം-പച്ചക്കറി കൗൺസിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

77 (1294) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പഴം-പച്ചക്കറി കൗൺസിലിൽ പെൻഷനായ ആളെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പെൻഷനായ ആളെ, കൗൺസിലിന്റെ ബൈലോ (10.A.1) പ്രകാരം എങ്ങനെ നിയമിക്കാനാവും എന്ന് വിശദമാക്കാമോ;

(സി) നിലവിൽ പ്രസ്തുത പദവിയിലിരിക്കുന്ന ആൾ ഡയറക്ടർ ബോർഡ് മെമ്പറാണോ; മെമ്പർ അല്ലെങ്കിൽ പ്രസ്തുത പദവിയിലിരിക്കാനാകുമോ എന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ ഈ പദവിയിലിരിക്കുന്ന ആളെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 30-8-2016-ലെ സ.ഉ.(സാധാ) നമ്പർ735/16/കൃഷി നമ്പർ ഉത്തരവുപ്രകാരം കൗൺസിലിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി കൃഷി വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീ. എസ്. കെ. സുരേഷിനെ നിയമിച്ചിരുന്നു. വി.എഫ്.പി.സി.കെ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും കൃഷി വകുപ്പിലെ ജോയിന്റ് ഡയറക്ടറും ആയിരിക്കെ 31-7-2017-ൽ ശ്രീ. എസ്. കെ. സുരേഷ് സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചു. എന്നാൽ 24-02-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 168/2018/അഗ്രി ഉത്തരവ് പ്രകാരം ശ്രീ. എസ്. കെ. സുരേഷിന് വി.എഫ്.പി.സി.കെ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുനർനിയമന വ്യവസ്ഥയിൽ 1-8-2017 മുതൽ 31-3-2018 വരെ സേവന കാലം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് * ഉള്ളടക്കം ചെയ്യുന്നു.

(ബി) കൗൺസിൽ മെമ്മോറാണ്ടം ആൻഡ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ 10 എ -യിൽ കൗൺസിലിന്റെ ഡയറക്ടർ ബോർഡിലേയ്ക്ക് കേരള സർക്കാർ നോമിനികൾ ആരെല്ലാമാണെന്നാണ് വിശദീകരിക്കുന്നത്. ഇതിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേരള സർക്കാർ നോമിനിയാണെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നത് കേരള സർക്കാരാണെന്നും മാത്രമാണ് പറഞ്ഞിരിക്കുന്നത്. കൗൺസിലിൽ സർക്കാർ നിയമനം നൽകുന്നതിനു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാലാവധി 5 വർഷമാണെന്നും പിന്നീട് ഒരു തവണ കൂടി കാലാവധി (5 വർഷത്തേയ്ക്ക്) നീട്ടി നൽകാമെന്നും പറഞ്ഞിട്ടുണ്ട്. ഇതല്ലാതെ കൗൺസിലിന്റെ മെമ്മോറാണ്ടം ആൻഡ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിയമനവുമായി ബന്ധപ്പെട്ട് ഒന്നും നിഷ്കർഷിച്ചിട്ടില്ല.

(സി) ഡയറക്ടർ ബോർഡ് അംഗമാണ്.

(ഡി) ശ്രീ. എസ്. കെ. സുരേഷിനെ ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമനം നൽകിയിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ്* ഉള്ളടക്കം ചെയ്യുന്നു.

**കൃഷി ഓഫീസർ നിയമനം**

78 (1295) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ട് ; കാറ്റഗറി തിരിച്ച് ഓരോ തസ്തികകളുടെയും എണ്ണം സഹിതം വിശദവിവരം നല്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്ര ഒഴിവുകൾ ഇപ്പോൾ വിവിധ കാറ്റഗറികളിലായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) എത്ര കൃഷി ഓഫീസർമാരുടെ നിയമനം നിലവിലുള്ള പി. എസ്. സി. ലിസ്റ്റിൽ നിന്ന് നടത്തിയിട്ടുണ്ട് ;

(ഡി) വരുന്ന മൂന്ന് വർഷത്തിനുള്ളിൽ, നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ്, എത്ര കൃഷി ഓഫീസർമാരുടെ തസ്തികകളാണ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്ലാർക്ക് തസ്തികയിലൊഴികെ 427 പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കാറ്റഗറി തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | കൃഷി ഓഫീസർ | 251 |
| 2 | വാച്ച്മാൻ | 20 |
| 3 | ഓഫീസ് അറ്റൻഡന്റ് | 4 |
| 4 | ഡ്രൈവർ | 4 |
| 5 | വെഹിക്കിൾ ക്ലീനർ | 1 |
| 6 | ട്രാക്ടർ ഡ്രൈവർ | 2 |
| 7 | ഫിറ്റർ | 1 |
| 8 | ട്രാക്ടർ ക്ലീനർ | 1 |
| 9 | വർക്ക് സൂപ്രണ്ട് | 1 |
| 10 | കൃഷി അസിസ്റ്റന്റ് | 121 |
| 11 | ടൈപ്പിസ്റ്റ് | 13 |
| 12 | ക്ലാർക്ക്-ടൈപ്പിസ്റ്റ് | 1 |
| 13 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 7 |

ക്ലാർക്ക് തസ്തികയിലെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ക്ലാർക്ക് തസ്തികയിലൊഴികെ വിവിധ തസ്തികകളിലായി 120 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാറ്റഗറി തിരിച്ച് താഴെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | കൃഷി ഓഫീസർ | 17 |
| 2 | ഡ്രൈവർ | 5 (ഹെഡ് ക്വാർട്ടേഴ്സ്) |
| 3 | സയന്റിഫിക് അസിസ്റ്റന്റ് | 21 (ഹെഡ് ക്വാർട്ടേഴ്സ്) |
| 4 | വാച്ച്മാൻ | 2 (ഹെഡ് ക്വാർട്ടേഴ്സ്) |
| 5 | കൃഷി അസിസ്റ്റന്റ് | 55 |
| 6 | ടൈപ്പിസ്റ്റ് | 15 |
| 7 | ക്ലാർക്ക്-ടൈപ്പിസ്റ്റ് | 2 |
| 8 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |

ക്ലാർക്ക് തസ്തികയിലെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 246 കൃഷി ഓഫീസർമാരുടെ നിയമനം നടത്തിയിട്ടുണ്ട്.

(ഡി) കൃഷി ഓഫീസർമാരുടേയും അതിനുമുകളിലുള്ള തസ്തികകളിലെ ജീവനക്കാരുടെയും വിരമിക്കൽമൂലം 180 ഒഴിവുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കൃഷി അസിസ്റ്റന്റ് കൃഷി ഓഫീസർ നിയമനം

79(1296) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് തസ്തികകൾ പലയിടത്തും ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിൽ ഒഴിവുള്ള കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം എവിടെയെല്ലാം എന്ന് അറിയിക്കുമോ;

(സി) ഒഴിവുള്ള പ്രസ്തുത തസ്തികകളിൽ നിയമനത്തിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലയിലെ തലക്കാട്, വഴിക്കടവ്, പൊൻമുണ്ടം, മൂന്നിയൂർ, പരപ്പനങ്ങാടി, തവന്നൂർ, മൊറയൂർ, തൃക്കലങ്ങോട് എന്നീ കൃഷി ഭവനുകളിലും മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും കൃഷി ഓഫീസറുടെ 9 ഒഴിവുകൾ നിലവിലുണ്ട്. കൂടാതെ പെരുവള്ളൂർ, കല്പകഞ്ചേരി, മൂർക്കനാട്, തറനാളൂർ, കുറുമ്പ, വളവന്നൂർ എന്നീ കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റിന്റെ 6 ഒഴിവുകളും നിലവിലുണ്ട്.

(സി) നേരിട്ട് നിയമനം നടത്തേണ്ട ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**നബാർഡ് ധനസഹായം**

80 (1297) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജകമണ്ഡലത്തിൽനിന്നും നബാർഡ് ധനസഹായത്തോടെ നിർമ്മാണം നടത്തുന്നതിനായി ഈ സാമ്പത്തിക വർഷം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാർഷിക പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

എടവനക്കാട് പഞ്ചായത്തിലെ താമരവട്ടം നോർത്ത്, സൗത്ത്, സെൻട്രൽ പൊക്കാളി പാടശേഖരവും കടമക്കുടി പഞ്ചായത്തിലെ ചേന്നൂർ, ചെറിയതുരുത്തു പുതുശ്ശേരി പൊക്കാളി പാടശേഖരങ്ങളുടെയും അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റും പ്രോജക്ടുകളും തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

**കാർഷിക മൊത്ത വിപണന കേന്ദ്രം**

81(1298) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വേങ്ങേരിയിലെ കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ കൃഷിവകുപ്പ് മന്ത്രി ചൂണ്ടിക്കാണിച്ച അപാകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ അപാകതകൾ പരിഹരിച്ചോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാർക്കറ്റിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുന്നതിനുള്ള ലേലം മികച്ച പങ്കാളിത്തത്തോടെ നടന്നുവരുന്നു. ലേലത്തിൽ പങ്കെടുക്കുന്ന കർഷകർക്ക് ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുന്നതിനുള്ള കടത്തുകൂലിയും ലേല കമ്മിറ്റി അംഗങ്ങളായ കർഷകർക്ക് ഓണറേറിയവും നൽകിവരുന്നുണ്ട്. മാർക്കറ്റിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) 1. വേങ്ങേരി നഗര കാർഷിക മൊത്ത വിപണന കേന്ദ്രത്തിലെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കുന്നതിലെയും പദ്ധതിക്ക് വകുപ്പുതല അംഗീകാരം ലഭിക്കുന്നതിലെയും കാലതാമസം സംബന്ധിച്ച് ബഹു. കൃഷി വകുപ്പുമന്ത്രി വിമർശിക്കുകയും പ്രവൃത്തികൾ വേഗത്തിലാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

2. കാർഷികേതര ആവശ്യങ്ങൾക്ക് അനുവദിച്ച സ്റ്റാളുകൾ ഒഴിപ്പിക്കുന്നതിന് ഉത്തരവിട്ടിട്ടുണ്ട്.

3. മാർക്കറ്റിലെ കോൾഡ് സ്റ്റോറേജ് ചേമ്പറുകൾ ഹോർട്ടികോർപ്പിനോട് ഏറ്റെടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

4. മാർക്കറ്റിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ പ്രവർത്തിക്കുന്ന സംഘമൈത്രി ജില്ലാ ഓഫീസ് അവിടെ നിന്നും ഒഴിപ്പിക്കുന്നതിനും ഉത്തരവിട്ടിട്ടുണ്ട്.

(സി) 1. 3-2-2018-ൽ ചേർന്ന വേങ്ങേരി മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി സമഗ്ര വികസന പദ്ധതി ഡി.പി.ആർ. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും അതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

2. കാർഷികേതര സ്റ്റാളുകൾ ഒഴിപ്പിക്കുന്നത് സംബന്ധിച്ച വിഷയം കോടതിയുടെ പരിഗണനയിലാണ്.

3. കോൾഡ് സ്റ്റോറേജ് ചേമ്പറുകൾ ഹോർട്ടികോർപ്പിന് നിലവിലെ സാഹചര്യത്തിൽ ആവശ്യമില്ല എന്നറിയിച്ചിട്ടുണ്ട്.

4. സംഘമൈത്രിയുടെ ഓഫീസ് ഒഴിപ്പിച്ചിട്ടുണ്ട്.

**വെൺകുളം നവീകരണം**

82 (1299) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കാരോട് പഞ്ചായത്തിലെ വെൺകുളം നവീകരണവുമായി ബന്ധപ്പെട്ട് അഴിമതി നടന്നതായി ആരോപണമുയർന്നതിനെ തുടർന്ന് കൃഷിവകുപ്പ് വിജിലൻസ് നടത്തിയ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി കൂടുതൽ വ്യക്തത വരുത്തുന്നതിനായി സംസ്ഥാന പോലീസ് വിജിലൻസ് വിഭാഗത്തിന് അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വെൺകുളം നവീകരിച്ച് കർഷകർക്ക് ജലം നൽകുന്നതിനുവേണ്ടി കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) വെൺകുളം നവീകരണത്തിന് അനുവദിച്ച ആർ.കെ.വി.വൈ. ഫണ്ടിൽ നിന്നും ഇനി എത്ര തുക ചെലവഴിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) തുടർ നവീകരണ പ്രവർത്തനങ്ങൾക്ക് ആരെയാണ് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ 2018 ൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പ് സ്പെഷ്യൽ വിജിലൻസ് സെൽ നടത്തിയ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണത്തിനായി ടി റിപ്പോർട്ട് സംസ്ഥാന വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. വിജിലൻസ് വകുപ്പിന്റെ അന്വേഷണം നടന്നുവരികയാണ്.

(ബി) പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് വകുപ്പിന്റെ അന്വേഷണം നടന്നുവരുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(സി) ആർ.കെ.വി.വൈ. ഫണ്ടിൽ നിന്നും അനുവദിച്ച 90 ലക്ഷം രൂപയിൽ 45 ലക്ഷം രൂപ നവീകരണ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുള്ളതും ശേഷിച്ച തുക മറ്റ് പദ്ധതികളിലേയ്ക്ക് മാറ്റിക്കൊടുത്തിരിക്കുകയുമാണ്.

(ഡി) പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് വകുപ്പിന്റെ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കാർഷിക വികസന സമിതികൾ

83 (1300) ശ്രീ. വി. ടി. ബൽറാം:

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരെ ഉൾപ്പെടുത്തി കൃഷിഭവനുകളിൽ രൂപീകരിച്ചിട്ടുള്ള പഞ്ചായത്ത്തല കാർഷിക വികസന സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കൃഷിഭവൻവഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ, ഗുണഭോക്താക്കളെ കണ്ടെത്തൽ, പദ്ധതി നടത്തിപ്പ് എന്നിവയിൽ പ്രസ്തുത സമിതികളുടെ പങ്ക് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സമിതികൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലായെന്നും യോഗങ്ങളിൽ പ്രതിനിധികൾ പങ്കെടുക്കുന്നില്ലായെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഉതകുന്ന രീതിയിൽ ഇവയെ പുനസംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ വകുപ്പ് പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളും സമിതികളിൽ ചർച്ച ചെയ്യുന്നു. പദ്ധതി നടപ്പാക്കൽ രീതികളെക്കുറിച്ച് സമിതിയിൽ വിശദീകരണവും ചർച്ചയും നടക്കാറുണ്ട്. ഇതിലൂടെ വിവിധ കർഷകരിലേയ്ക്കും കർഷക സംഘടനകളിലേയ്ക്കും പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ എത്തിച്ചേരുന്നു. ഇങ്ങനെ ഏറ്റവും അർഹരായ ഗുണഭോക്താക്കളെ പദ്ധതി പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും സാധിക്കുന്നു. കൂടാതെ സുതാര്യവും സമയബന്ധിതവുമായി പദ്ധതി നടത്തിപ്പ് സാദ്ധ്യമാവുകയും ചെയ്യുന്നു.

(സി) ഇല്ല.

(ഡി) 7-11-2016-ലെ സ.ഉ. (എം.എസ്.) നമ്പർ 150/16/കൃഷി ഉത്തരവുപ്രകാരം കാർഷിക വികസന സമിതികൾ പുനരുജ്ജീവിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ജില്ലാതല, ഗ്രാമപഞ്ചായത്ത്/ കോർപ്പറേഷൻ/മുനിസിപ്പാലിറ്റിതല വികസന സമിതികൾ പുനഃസംഘടിപ്പിച്ച് വികസന സമിതികൾ കൂടുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്.

## കാർഷിക മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതി

84(1301) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ വേണ്ടത്ര പരിഗണന നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011 മുതൽ 2018 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷവും കാർഷിക മേഖലയിൽ ചെലവഴിച്ച കേന്ദ്രാവിഷ്കൃത പദ്ധതിത്തുക എത്രയെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം പൂർണ്ണമായും ഉപയോഗിക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉന്നത തലങ്ങളിൽ അവലോകനം ചെയ്ത് കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) 2011 മുതൽ 2018 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷവും കാർഷിക മേഖലയിൽ ചെലവഴിച്ച കേന്ദ്രാവിഷ്കൃത പദ്ധതി തുകയുടെ വിശദവിവരങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(സി) ഓരോ സാമ്പത്തിക വർഷവും തൊട്ടുമുൻപുള്ള സാമ്പത്തിക വർഷാവസാനമോ ആ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലോ ഓരോ പദ്ധതിക്കുള്ള പ്രസ്തുത സാമ്പത്തിക വർഷത്തെ മൊത്തമായ ടെൻഡേറ്റീവ് അലോക്കേഷൻ കേന്ദ്ര സർക്കാർ അറിയിക്കുന്ന മുറയ്ക്ക് പദ്ധതിക്കുള്ള വാർഷിക ആക്ഷൻ പ്ലാൻ സംസ്ഥാന വിഹിതം ഉൾപ്പെടെ ആക്ഷൻ പ്ലാൻ അംഗീകരിച്ച് ഒന്നോ രണ്ടോ ഗഡുക്കളായി തുക അനുവദിക്കുന്ന രീതിയാണ് നിലവിലുള്ളത്. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) പദ്ധതിയൊഴികെ കേന്ദ്രാവിഷ്കൃത പദ്ധതികളായ വൃഷ്ടി പ്രദേശ വികസന പദ്ധതി (RAD), പരമ്പരാഗത കൃഷി വികാസ് യോജന (PKVY), നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ്സ് & ഓയിൽ പാം (എണ്ണപ്പന കൃഷി വ്യാപനം-NMOOP),

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ പദ്ധതി (NFSM) എന്നീ പദ്ധതികൾക്ക് 2015-16-ൽ കേന്ദ്രം അനുവദിച്ച തുക ട്രഷറി നിയന്ത്രണംമൂലം 2016-17-ലാണ് ഉപയോഗിക്കാൻ സാധിച്ചത്. ഈ സ്ഥിതി വിശേഷം ഒഴിവാക്കുന്നതിന് 28-3-2017-ലെ 1053625/CC1/2016/PLG നമ്പർ സർക്കുലർ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം പ്ലാനിംഗ് ആൻഡ് എക്കണോമിക്സ് അഫയേഴ്സ് ഡിപ്പാർട്ടുമെന്റിന്റെ കോ-ഓർഡിനേഷൻ സെൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം നടത്തുകയും സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കർശനമായി പാലിച്ചുകൊണ്ട് കേന്ദ്ര അലോക്കേഷൻ പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള പദ്ധതികൾക്കെല്ലാം തന്നെ സമയബന്ധിതമായി പ്രൊപ്പോസലുകളും ആനുവൽ ആക്ഷൻ പ്ലാനും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY), പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY), സബ്മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി പദ്ധതി (SMAF), വൃഷ്ടി പ്രദേശ വികസന പദ്ധതി (RAD), ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി (NFSM), സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM), പ്രധാനമന്ത്രി ഫസൽ ബീമാ യോജന (PMFBY), സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ (SMAE) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സമയബന്ധിതമായിത്തന്നെ ഭരണാനുമതിയും ഫണ്ട് റിലീസ് ഓർഡറും അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതികളിലെ SCP, TSP കംപോണന്റുകൾക്ക് നിലവിൽ അക്കൗണ്ട് ഹെഡ് ഇല്ലാത്തതിനാൽ അവ പ്രത്യേകമായി ധന പുനർവിനിയോഗം വഴി കണ്ടെത്തി വിനിയോഗിച്ചുവരുന്നു.

**തരിശായി കിടക്കുന്ന ഭൂമി കൃഷിക്ക് ഉപയുക്തമാക്കാൻ പദ്ധതി**

85 (1302) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശായി കിടക്കുന്ന ഭൂമി, ജലസ്രോതസ്സുകൾ എന്നിവ കൃഷിക്ക് ഉപയുക്തമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ആയത് സംബന്ധിച്ച് സർക്കാർ കണക്കെടുപ്പുകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തരിശായി കിടക്കുന്ന ഭൂമിയിൽ നെല്ല്, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തരിശ് നിലത്തിൽ നെൽകൃഷി ചെയ്യുന്നതിന് ഒന്നാം വർഷം 2,500 രൂപ/ഹെക്ടർ, രണ്ടാം വർഷം 5,800 രൂപ/ ഹെക്ടർ, മൂന്നാം വർഷം 3,750 രൂപ ഹെക്ടർ എന്ന നിരക്കിൽ കർഷകർക്ക് ധനസഹായം നൽകുന്നു. 2017-18 വർഷത്തിൽ 5600 ഹെക്ടർ തരിശ് നിലത്തിൽ കൃഷി ചെയ്തു. തരിശ് നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകന് 3,000 രൂപ/ ഹെക്ടർ, ഭൂവുടമയ്ക്ക് 5,000 രൂപ/ ഹെക്ടർ എന്ന നിരക്കിൽ ധനസഹായം നൽകുന്നു. 2017-18-ൽ 1000 ഹെക്ടർ തരിശ് പച്ചക്കറി കൃഷി ചെയ്യാൻ ലക്ഷ്യമിടുന്നു. 725 ഹെക്ടറിൽ ഇതുവരെ കൃഷി ചെയ്തുകഴിഞ്ഞു. കേന്ദ്ര സർക്കാർ പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പ്രകാരം ജലസ്ത്രോതസ്സുകളെ പുനരുജ്ജീവിപ്പിച്ച് കൃഷിക്കുള്ള ജലസേചനത്തിന് ഉപയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാതല പ്ലാനുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ആണ് തരിശ് ഭൂമിയുടെ കണക്കെടുപ്പ് നടത്തുന്നത്. പ്രസ്തുത വകുപ്പിന്റെ 2015-16 വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 55258 ഹെക്ടർ തരിശുഭൂമി നിലവിലുണ്ട്. സംസ്ഥാനത്തെ എല്ലാ ജലസ്രോതസ്സുകളുടെയും കണക്ക് കൃഷി വകുപ്പിൽ ലഭ്യമല്ല.

**കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികൾ**

86 (1303) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) 2016 മേയ് മാസം മുതൽ കാർഷിക പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാർഷിക മേഖലയിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പദ്ധതി (CDB)- ഗുണമേന്മയുള്ള പശ്ചിമതീര നെടിയയിനം തെങ്ങുകളിൽ നിന്നും വിത്തുതേങ്ങകൾ സംഭരിച്ച് കൃഷി വകുപ്പിന്റെ ഫാമുകളിൽ തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കുകയും അതിലൂടെ ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുകയും ചെയ്യുന്നു. നാളികേര വിള ഇൻഷ്വറൻസ് പദ്ധതി (50% കേന്ദ്രാവിഷ്കൃതം) കാർഷിക ഇൻഷ്വറൻസ് കമ്പനിയും നാളികേര വികസന ബോർഡും സംസ്ഥാന സർക്കാരും ചേർന്ന് നടപ്പിലാക്കുന്നു. കുറഞ്ഞത്, ഉൽപ്പാദന ക്ഷമതയുള്ള 10 തെങ്ങുകളെങ്കിലും ഉണ്ടായിരുന്നാൽ മാത്രമേ കർഷകന് ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ.

2. സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ (SMAE)- നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ ആത്മയുടെ വിവിധ ഘടകങ്ങൾ അംഗീകൃത സംസ്ഥാന വിജ്ഞാന വ്യാപന വർക്ക് പ്ലാൻ പ്രകാരമാണ് നടപ്പിലാക്കുന്നത്.

3. മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH)-ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. മാവ്, വാഴ, കൈതച്ചക്ക, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കശുമാവ്, കൊക്കോ, പുഷ്പകൃഷി എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

4. പരമ്പരാഗത കൃഷി വികാസ് യോജന (PKVY) - ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവ ഗ്രാമങ്ങൾ നടപ്പിലാക്കുക, പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം സർട്ടിഫിക്കേഷൻ പ്രാവർത്തികമാക്കുക എന്നീ ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ അനുവദിച്ച പദ്ധതിയാണ് പരമ്പരാഗത കൃഷി വികാസ് യോജന.

5. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)- കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി പ്രൊജക്ട് അടിസ്ഥാനത്തിൽ 2007-08 മുതൽ കേരളത്തിൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് ആർ.കെ.വി.വൈ. കേന്ദ്ര സർക്കാർ അനുശാസിക്കുംവിധം തയ്യാറാക്കപ്പെട്ട പ്രൊജക്ടുകൾ സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അനുവദിക്കപ്പെടുന്നു. തുടർന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

6. ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി (NFSM) - നെല്ലിന്റെയും പയറിന്റെയും ചെറുധാന്യങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണിത്. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ കൃഷി പ്രോത്സാഹനം, പ്രദർശനത്തോട്ടം സ്ഥാപിക്കൽ, വിത്തുൽപ്പാദനം, സംയോജിത കീട നിയന്ത്രണം തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ.

7. നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ്സ് & ഓയിൽ പാം (എണ്ണപ്പന കൃഷി വ്യാപനം) (NMOOP) - തരിശ് നിലങ്ങളിൽ എണ്ണപ്പന കൃഷിയുടെ വ്യാപനം, ഇടവിള കൃഷി, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, കണികാ ജലസേചനം തുടങ്ങിയ ഘടകങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

8. സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM)- നൂതന കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും പ്രവർത്തനം കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക, കാർഷിക ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും വിനിയോഗിക്കുന്നതിനും സാങ്കേതിക പരിശീലനം നൽകുക, കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുക തുടങ്ങിയ വിവിധ പദ്ധതി ഘടകങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

9. നാഷണൽ മിഷൻ ഓൺ സസ്റ്റൈനബിൾ അഗ്രികൾച്ചർ (NMSA)-സംസ്ഥാനത്തെ നിലവിലുള്ള മണ്ണ് പരിശോധനാ ലാബുകളുടെ ശാക്തീകരണം, 152 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് 152 മൃദപരിഷത്ത് സ്ഥാപിക്കൽ, സോയിൽ ഹെൽത്ത് കാർഡുകളുടെ വിതരണം എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

10. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY)-എല്ലാ കൃഷിയിടങ്ങൾക്കും ജലം എന്ന ലക്ഷ്യം പ്രാവർത്തികമാക്കുവാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് (കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്, ഡി.ആർ.ഡി.എ. ജലസേചന വകുപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ) നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി.

11. വൃഷ്ടി പ്രദേശ വികസന പദ്ധതി (RAD)- മഴയെ ആശ്രയിച്ച് മാത്രം കൃഷി അനുബന്ധ മേഖലകളുടെ വികസനം സാദ്ധ്യമാക്കുന്ന പ്രധാന ജില്ലകളായ തൃശ്ശൂർ, കണ്ണൂർ, വയനാട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതി. കൃഷി വകുപ്പ് മുഖാന്തരം ഹോർട്ടികൾച്ചർ അധിഷ്ഠിത കൃഷി രീതികൾക്കും ധാന്യ അധിഷ്ഠിത കൃഷി രീതികൾക്കും മണ്ണിന്റെ അമ്ലത്വം ക്രമീകരിക്കുന്നതിന് കുമ്മായ വസ്തുക്കൾ ലഭ്യമാക്കുന്നതിനും മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിനും പദ്ധതി വിഹിതം വിനിയോഗിക്കാൻ ലക്ഷ്യമിടുന്നു.

12. സബ്മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി പദ്ധതി (SMAF) - വൃക്ഷങ്ങളുടെ നഴ്സറി തയ്യാറാക്കൽ, പ്ലാന്റേഷൻ (ഹൈഡെൻസിറ്റി പ്ലാന്റേഷൻ, ലോഡെൻസിറ്റി പ്ലാന്റേഷൻ, ബൗണ്ടറി പ്ലാന്റേഷൻ) എന്നിവയാണ് സബ്മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി പദ്ധതിയിൽ നിലവിലുള്ളത്.

(ബി) 2016-17 മുതൽ കാർഷിക പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

### കരാർ കൃഷിയുമായി ബന്ധപ്പെട്ട കരട് മാർഗ്ഗ നിർദ്ദേശം

87 (1304) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം പുറത്തിറക്കിയ കരാർ കൃഷിയുമായി ബന്ധപ്പെട്ട കരട് മാർഗ്ഗനിർദ്ദേശം, സംസ്ഥാനത്തിന്റെ അഭിപ്രായം അറിയിക്കുവാനായി ലഭിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പും സർക്കാർ സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്.

(ബി) മാർഗ്ഗനിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. കരാർ കൃഷിയുമായി ബന്ധപ്പെട്ട കരട് മാർഗ്ഗനിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

**കൃഷി വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ്**

88(1305) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

**അഗ്രോ ക്ലിനിക്കും ഇക്കോഷാപ്പും**

89 (1306) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ ആണ് ആഗ്രോ ക്ലിനിക്കും ഇക്കോഷോപ്പും അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; അനുവദിച്ചില്ലെങ്കിൽ ആയത് എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

തലശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പന്ന്യന്നൂർ പഞ്ചായത്തിൽ 2017-18-ലെ കാർഷികവിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം ഒരു പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് അനുവദിച്ചിട്ടുണ്ട്.

തലശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എരഞ്ഞോളി, പന്ന്യന്നൂർ, കതിരൂർ എന്നീ പഞ്ചായത്തുകളിൽ 2017-18-ലെ കാർഷിക വിപണന ശാക്തീകരണം (സ്ട്രെങ്ത്തനിംഗ് ഓഫ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ്) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയും ചൊക്ലി പഞ്ചായത്തിൽ 2017-18-ലെ ഓർഗാനിക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തിയും ഇക്കോ ഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാർഷിക വൈദ്യുതി സബ്സിഡി

90 (1307) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കാർഷിക വൈദ്യുതി സബ്സിഡി ഇനത്തിൽ കേരളത്തിൽ 2015 -16 മുതൽ 2017-18 വരെ വൈദ്യുതി വകുപ്പിന് നൽകിയ തുകയുടെ ജില്ല തിരിച്ച കണക്ക് ലഭ്യമാക്കാമോ ; ഈയിനത്തിൽ ഏതൊക്കെ വിളകൾക്ക് നിലവിൽ സബ്സിഡി ലഭ്യമാക്കുന്നുണ്ട് ;

(ബി) സംസ്ഥാനത്ത് കർഷകർക്കായി സോളാർ പമ്പ് സെറ്റുകൾ സ്ഥാപിച്ച് നല്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഇത്തരത്തിൽ പമ്പുകൾ സ്ഥാപിച്ച് നല്കിയാൽ പ്രതിവർഷം എത്ര രൂപയുടെ വൈദ്യുതി ലാഭിക്കാം എന്നതിന്റെ കണക്കുകൾ അറിയിക്കാമോ ?

ഉത്തരം

(എ) കാർഷിക സൗജന്യ വൈദ്യുതി സബ്സിഡി ഇനത്തിൽ 2015-16 മുതൽ 2017-18 വരെ വൈദ്യുതി വകുപ്പിന് നൽകിയ തുകയുടെ ജില്ല തിരിച്ച കണക്ക് അനുബന്ധമായി* ചേർക്കുന്നു.

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും കരഭൂമിയിലെ ഇതര വിളകളുടെ കൃഷിക്ക് 2 ഹെക്ടർ വരെയും കാർഷിക സൗജന്യ വൈദ്യുതി സർക്കാർ അനുവദിച്ചുവരുന്നു. 25-5-2015-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) നം.945/201/എ.ഡി. പ്രകാരം പോളി ഹൗസ് കൃഷിക്കും കാർഷിക സൗജന്യ പദ്ധതിയുടെ ആനുകൂല്യം 2015-16 വർഷം മുതൽ അനുവദിച്ചുവരുന്നു.

(ബി) കർഷകർക്കായി സോളാർ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിന് 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (എസ്.എം.എ.എം.) നിലവിലുണ്ട്. അതിൻപ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് 2 എച്ച്.പി. വരെയുള്ള പമ്പ് സെറ്റുകൾക്ക് 55,440 രൂപയും 2 മുതൽ 5 എച്ച്.പി. വരെയുള്ള പമ്പ് സെറ്റുകൾക്ക് 47,520 രൂപയും ഒരു എച്ച്.പി.-ക്ക് എന്ന തോതിൽ സബ്സിഡി ലഭ്യമാണ്. സോളാർ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിലൂടെ പ്രതിവർഷം എത്ര രൂപയുടെ വൈദ്യുതി ലാഭിക്കാം എന്നത് സംബന്ധിച്ച വിശദമായ പാഠനം നടത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഓണാട്ടുകര പ്രത്യേക സാമ്പത്തിക മേഖല

91 (1308) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ലെ ബജറ്റിൽ "ഓണാട്ടുകര പ്രത്യേക സാമ്പത്തിക മേഖല" എന്ന പ്രഖ്യാപനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിക്കപ്പെട്ട തുകയുടെ വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) ഓണാട്ടുകരയെ പ്രത്യേക കാർഷിക മേഖല എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2017-18 വർഷത്തിൽ പ്രത്യേക കാർഷിക മേഖലാ വികസനത്തിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ഓണാട്ടുകര പ്രത്യേക കാർഷിക മേഖലയ്ക്കുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഓണാട്ടുകര പ്രത്യേക കാർഷിക മേഖലയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

## ഹൈഡ്രോപോണിക്സ് കൃഷിരീതി

92 (1309) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണില്ല കൃഷി രീതിയായ ഹൈഡ്രോപോണിക്സ് കൃഷിരീതി സംസ്ഥാനത്ത് വ്യാപിപ്പിക്കാൻ നടപടികളുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) തീറ്റപ്പുൽ ഉൾപ്പെടെ കർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ ഈ കൃഷി രീതിക്ക് സഹായങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ ഒരു ഘടകമായ 'പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി' എന്ന ഘടകമനുസരിച്ച് 2 ലക്ഷം രൂപ വരെയും 'ഇന്നൊവേഷൻ ഫണ്ട്' എന്ന ഘടകത്തിൽ ക്ലസ്റ്ററിൽ അംഗങ്ങളായ കർഷകർക്ക് 3 ലക്ഷം രൂപ വരെയും ഹൈഡ്രോപോണിക്സ് കൃഷിക്ക് ധനസഹായം നൽകിവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**മണ്ണ് സംരക്ഷണ പ്രവൃത്തികൾ**

93 (1310) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ നിലവിലെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ;

(ബി) സർക്കാരിന്റെ അനുമതിക്കായി പ്രസ്തുത നിയോജകമണ്ഡലത്തിലെ എത്ര മണ്ണ് സംരക്ഷണ പ്രവൃത്തികൾ സമർപ്പിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ഒല്ലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

പുത്തൂർ പഞ്ചായത്തിലെ പഴവെള്ളം എസ്.ടി. കോളനിയിൽ 12 ലക്ഷം രൂപ അടങ്കലുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും മതികുന്ന് എസ്.സി. കോളനിയിൽ 24.70 ലക്ഷം അടങ്കലായുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. പഴവെള്ളം എസ്.ടി. കോളനിയിൽ 19-1-2018-ന് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും നാളിതുവരെ 0.67 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. മതികുന്ന് എസ്.സി. കോളനിയിൽ 11-10-2017-ന് ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങൾക്ക് നാളിതുവരെ 9.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ട്രൈബൽ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ രണ്ട് പദ്ധതികളിലെയും പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ആർ.ഐ.ഡി.എഫ്.-ന്റെ 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി വിൽവട്ടം, നെട്ടിശ്ശേരി, ഒല്ലൂക്കര, വിയ്യൂർ പാടശേഖരങ്ങളിലെ നീർച്ചാൽ സംരക്ഷണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനായി 250 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ അംഗീകാരത്തിനായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ഒല്ലൂർ നിയോജകമണ്ഡലത്തിലെ 47.34 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

**കാർഷിക സർവ്വകലാശാലയിലെ ഗവേഷണ പരിപാടികൾ**

94 (1311) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ കാർഷിക സർവ്വകലാശാലയിൽ എന്തെല്ലാം ഗവേഷണങ്ങളും പരീക്ഷണങ്ങളും നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേക്കായി പ്രതിവർഷം നീക്കിവച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ചില ഉദ്യോഗസ്ഥർ സർക്കാർ ചെലവിൽ സർവ്വകലാശാലകളിൽ നടത്തിയ പരീക്ഷണങ്ങൾ നടപ്പിലാക്കാതെയും പൂർണ്ണമായി സർക്കാരിന് നല്കാതെയും പിരിഞ്ഞ് പോയതിനുശേഷം അത്തരം പരീക്ഷണങ്ങൾ സ്വകാര്യ കമ്പനികൾക്ക് നല്കി ജോലിയിൽ പ്രവേശിച്ചതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ 5 വർഷക്കാലയളവിൽ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേരിട്ടുള്ള ധനസഹായത്തോടുകൂടിയും ആത്മ പ്രോജക്ട് ഫണ്ടിംഗ്, സംസ്ഥാന പദ്ധതി വിഹിത ധനസഹായത്തോടുകൂടിയും വിവിധ വിളകളുടെ ഇനങ്ങൾ വികസിപ്പിച്ചെടുക്കുവാനും കൃഷിരീതികളെക്കുറിച്ചുള്ള ശിപാർശകൾ ഉരുത്തിരിച്ചെടുക്കാനും വിളകളിലെ കീടരോഗ നിവാരണത്തിനായും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിനും വരൾച്ച നേരിടുവാനുള്ള മാർഗ്ഗങ്ങളെ കുറിച്ചും വിവിധ വിളകളിൽ അവലംബിക്കാവുന്ന യന്ത്രവൽക്കരണത്തെക്കുറിച്ചും വിളവും ഗുണമേന്മയും മെച്ചപ്പെടുത്താൻ ഉതകുന്ന ജൈവസാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുവാനും മണ്ണ് സംരക്ഷണത്തിനും നൂതന ജലസേചന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും കൃത്യതാകൃഷി പോലുള്ള ഹൈടെക് കൃഷിരീതികൾ

പ്രോത്സാഹിപ്പിക്കുവാനും ടിഷ്യുക്കൾച്ചർ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സസ്യ പ്രജനനത്തിനും ഔഷധ സസ്യങ്ങളിൽ നിന്നും രാസഘടകങ്ങൾ വേർതിരിച്ചെടുക്കുന്നതിനും പഴം, പച്ചക്കറികളിലെ അവശിഷ്ട വിഷാംശം കണ്ടെത്തുന്നതിനും നൂതന വിളകളുടെ കൃഷി രീതികൾ വികസിപ്പിച്ചെടുക്കുന്നതിനും സഹായകമായ പദ്ധതികൾ സർവ്വകലാശാല നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം വിവിധ വിളകളെയും മേഖലകളെയും ആസ്പദമാക്കി എട്ടോളം മികവിന്റെ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. ഗവേഷണ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) കേരള കാർഷിക സർവ്വകലാശാലയിൽ ഗവേഷണത്തിനായി കഴിഞ്ഞ അഞ്ച് വർഷം ബജറ്റിൽ നീക്കിവച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| വർഷം | ബജറ്റ് (ലക്ഷം രൂപയിൽ) | ചെലവ് (ലക്ഷം രൂപയിൽ) |
|---|---|---|
| 2012-13 | 7218.846 | 2842.534 |
| 2013-14 | 5872.418 | 3003.672 |
| 2014-15 | 5056.011 | 2994.798 |
| 2015-16 | 4443.384 | 3077.026 |
| 2016-17 | 3951.318 | 2350.479 |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉണ്ടെങ്കിൽ സർക്കാർ ഗൗരവമായി എടുത്ത് അന്വേഷിക്കുന്നതാണ്.

## ഫോർ ദ പീപ്പിൾ പ്രവർത്തനം

95 (1312) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരാതി പരിഹാര സംവിധാനമായ ഫോർ ദ പീപ്പിൾ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരാതി പരിഹാര സംവിധാനം വഴി കോതമംഗലം മണ്ഡലത്തിൽനിന്നും എത്ര പരാതികൾ ലഭ്യമായിട്ടുണ്ടെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതികൾ മുഴുവനും പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഫോർ ദ പീപ്പിൾ പ്രവർത്തനം സർക്കാർ തലത്തിൽ വിലയിരുത്തുന്നുണ്ട്. പഞ്ചായത്ത് വകുപ്പിനെ സംബന്ധിച്ച് അഡീഷണൽ ഡയറക്ടർ ചെയർമാനായി ഒരു ആഭ്യന്തര വിജിലൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി എല്ലാ മാസങ്ങളിലും ഇതിന്റെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(ബി&സി) കോതമംഗലം നിയോജകമണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിൽ രണ്ട് പരാതികൾ ലഭിച്ചു. ആയത് പരിഹരിച്ചിട്ടുണ്ട്. കോതമംഗലം മുൻസിപ്പാലിറ്റിയിൽ പരാതികൾ ലഭ്യമായിട്ടില്ല.

**വള്ളംകളി മത്സരത്തിന് അംഗീകാരം നൽകൽ**

96 (1313) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കൽ ഗ്രാമപഞ്ചായത്ത് നടത്തുന്ന ചെങ്കൽ ജലോത്സവത്തിന് (വള്ളം കളി മത്സരം) 2017-18 സാമ്പത്തിക വർഷത്തിലെ പ്രോജക്ട് അംഗീകാരം നൽകുന്നതിന് പഞ്ചായത്ത് ഭരണ സമിതി നൽകിയ പ്രൊപ്പോസലിന്മേൽ കോർഡിനേഷൻ കമ്മിറ്റി എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) വള്ളം കളി മത്സരങ്ങൾ, ഓണാഘോഷ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതിയോടെ 2016 മുതൽ 2017 വരെ എത്ര പഞ്ചായത്തുകൾക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര രൂപയാണ് ഓരോ പഞ്ചായത്തുകൾക്കും നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) വള്ളം കളി മത്സരം, ഓണാഘോഷം എന്നിവ നടത്തുന്നത് പ്രോജക്ട് ആയി നടപ്പിലാക്കാൻ സംസ്ഥാനത്തിലെ എത്ര പഞ്ചായത്തുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്;

(ഡി) ഓണാഘോഷം, വള്ളം കളി മത്സരം എന്നിവ പഞ്ചായത്തുകൾ നടത്തുന്നതിന് തുക വിനിയോഗിക്കാൻ നിലവിൽ സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ അതിന്റെ വിശദാംശം (ജി.ഒ. നമ്പർ ഉൾപ്പെടെ) നൽകുമോ?

ഉത്തരം

(എ) 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന വലിയകുളം ജലോത്സവം പ്രോജക്ട് നമ്പർ 317/18, തനത് ഫണ്ട് 5 ലക്ഷം രൂപ എന്ന പ്രോജക്ട്

ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകാത്തതിനാൽ പ്രത്യേക അനുമതി നൽകണമെന്ന ആവശ്യം വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23-8-2017-ൽ നടന്ന യോഗം പരിശോധിക്കുകയും ആയത് വകുപ്പുതലത്തിൽ പരിഗണിക്കേണ്ടതാണെന്ന് 3.31 നമ്പരായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വള്ളംകളി മത്സരങ്ങൾ, ഓണാഘോഷ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് പഞ്ചായത്തുകൾക്ക് സർക്കാർ തുക അനുവദിച്ച് നൽകിയിട്ടില്ല. എന്നാൽ സർക്കാർ അനുമതിയോടെ 2016 മുതൽ 2017 വരെ താഴെപ്പറയും പ്രകാരം തനത് ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

<u>തിരുവനന്തപുരം ജില്ല</u>

ചിറയിൻകീഴ് ജലോത്സവം നടത്തിപ്പിന് ചിറയിൻകീഴ്, വർക്കല താലൂക്കുകളിലെ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും 10,000 രൂപയിൽ കവിയാത്ത തുക വിനിയോഗിക്കുന്നതിനും കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഓണം വാരാഘോഷത്തിന് നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽനിന്നും പരമാവധി 10,000 രൂപ ചെലവഴിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

<u>കൊല്ലം ജില്ല</u>

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിലെ 10 ഗ്രാമപഞ്ചായത്തുകൾക്ക് മഹാത്മാ അയ്യങ്കാളി ട്രോഫി വള്ളംകളിയുടെ സംഘാടനാ ചെലവുകൾക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽനിന്നും 10,000 രൂപാവരെ സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്.

<u>പത്തനംതിട്ട ജില്ല</u>

വള്ളംകളി മത്സരം സംഘടിപ്പിക്കുന്നതിന് ആറന്മുള ഗ്രാമപഞ്ചായത്തിന് 1,05,000 രൂപയും അയിരൂർ ഗ്രാമപഞ്ചായത്തിന് 50,000 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>കോട്ടയം ജില്ല</u>

കുമരകം ഗ്രാമപഞ്ചായത്തിന് - 50,000 രൂപയും തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന് 19,750 രൂപയും അനുവദിച്ചിട്ടുണ്ട്.

<u>തൃശ്ശൂർ ജില്ല</u>

തൃശ്ശൂർ ജില്ലയിലെ 3 ഗ്രാമപഞ്ചായത്തുകൾക്ക് വള്ളംകളി മത്സരങ്ങൾക്കായി തനത് ഫണ്ടിൽനിന്ന് 4,60,000 രൂപ നൽകിയിട്ടുണ്ട്. മണലൂർ ഗ്രാമപഞ്ചായത്തിന് 2016-17 വർഷങ്ങളിലായി 4,00,000 രൂപ നൽകിയിട്ടുണ്ട്. ഓണാഘോഷ പരിപാടികൾക്കായി 2 ഗ്രാമപഞ്ചായത്തുകൾ 1,20,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>മലപ്പുറം ജില്ല</u>

| | | |
|---|---|---|
| 1. | ആലംകോട് | 20,000 രൂപ |
| 2. | എടപ്പാൾ | 10,000 " |
| 3. | കാലടി | 10,000 " |
| 4. | മാറഞ്ചേരി | 25,000 " |
| 5. | നിറമരുതൂർ | 25,000 " |
| 6. | പുറത്തൂർ | 1,00,000 " |
| 7. | തവനൂർ | 10,000 " |
| 8. | വട്ടംകുളം | 16,000 " |

(സി) തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ്, പത്തനംതിട്ട ജില്ലയിൽ ആറൻമുള, അയിരൂർ, തൃശ്ശൂർ ജില്ലയിൽ മണലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് പൊതുവായ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**ജീവന് ഭീഷണിയാകുന്ന പരസ്യ ബോർഡുകൾ**

97 (1314) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന വഴിയോരങ്ങളിലും, വലിയ കെട്ടിടങ്ങളിലും മറ്റും ജീവന് ഭീഷണിയാകും വിധം അപകടകരമായി വിവിധതരം പരസ്യ ബോർഡുകൾ നിയമവിരുദ്ധമായി സ്ഥാപിച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് നിയമംമൂലം തടയുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 275-ാം വകുപ്പ് പ്രകാരം മുനിസിപ്പൽ പ്രദേശങ്ങളിൽ അനധികൃതമായി സ്ഥാപിച്ച പരസ്യങ്ങൾ നീക്കം ചെയ്യാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ 1999-ലെ കേരള മുനിസിപ്പൽ (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ പ്രകാരവും നിയമവിരുദ്ധമായി സ്ഥാപിച്ച ബോർഡുകൾ നീക്കം ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കാം. കേരള പഞ്ചായത്ത് രാജ് ആക്ട് 209 സി വകുപ്പ് പ്രകാരം അനധികൃതമായ പരസ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരമുണ്ട്. ടി ചട്ടങ്ങൾ പ്രകാരം അപകടകരമായ പരസ്യ ബോർഡുകൾ നീക്കം ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതാണ്.

**തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകോപനം**

98(1315) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഏകോപനത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഇത് എപ്പോൾ മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 27-12-2016-ലെ സ.ഉ.(കൈ)നമ്പർ 198/2016/തസ്വഭവ. പ്രകാരം പൊതുസർവീസിന് വേണ്ടിയുള്ള കരട് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏകീകൃത കേഡർ രൂപീകരിക്കുന്നതിന്റെ പ്രാരംഭ നടപടിക്രമങ്ങൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. 27-01-2018-ലെ സ.ഉ.(കൈ)നമ്പർ 10/2018/തസ്വഭവ പ്രകാരം തദ്ദേശഭരണ ഏകീകൃത കേഡർ രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ്

കുറ്റമറ്റതാക്കുക, നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ അനുസരിച്ചുള്ള കരട് വിശേഷാൽ ചട്ടത്തിൽ അപാകതയുണ്ടെങ്കിൽ അത് പരിഹരിക്കുക തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് നിർദ്ദിഷ്ട ഏകോപിത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറായി ശ്രീ. എ. അജിത്കുമാർ ഐ.എ.എസ്.-നെ നിയമിച്ചിട്ടുണ്ട്. 27-2-2018-ലെ സ.ഉ.(സാധാ)നം.570/2018/തസ്വഭവ. പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ വകുപ്പുകളിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. വിശേഷാൽ ചട്ടം തയ്യാറാക്കുന്ന മുറയ്ക്ക് ഏകോപനം നടപ്പിലാക്കുന്നതാണ്.

### തദ്ദേശമിത്രം പദ്ധതി - എം.ഐ.എസ്. സോഫ്റ്റ്‌വെയർ

99 (1316) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന തദ്ദേശ മിത്രം പദ്ധതിയിൽ, തദ്ദേശസ്ഥാപനങ്ങളുടെ സോഫ്റ്റ്‌വെയറുകൾ ഏകോപിപ്പിച്ച് പുതിയ എം.ഐ.എസ്. സോഫ്റ്റ്‌വെയർ (മാനേജ്മെന്റ് ഇൻഫൊർമേഷൻ സിസ്റ്റം) തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിനായി കൺസൾട്ടന്റിനെ നിയമിച്ചത് എന്നാണെന്നും കരാർ കാലാവധി എത്ര വർഷത്തേക്കായിരുന്നുവെന്നും എത്ര പ്രാവശ്യം കരാർ കാലാവധി നീട്ടിനല്കിയെന്നും നിലവിൽ കരാർ പ്രാബല്യത്തിലാണോയെന്നും വ്യക്തമാക്കുമോ;

(സി) കരാർ തുക എത്രയായിരുന്നുവെന്നും നാളിതുവരെ എത്ര തുക നല്കിയിട്ടുണ്ടെന്നും അറിയിക്കുമോ;

(ഡി) ഈ പദ്ധതിയെക്കുറിച്ച് ലോകബാങ്കിന്റെ നീരീക്ഷണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;വിശദീകരിക്കുമോ;

(ഇ) ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസൂത്രണവും മോണിട്ടറിങ്ങും കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു എം.ഐ.എസ്. വികസിപ്പിക്കുന്നതിനായി നിലവിലുള്ള ചില സോഫ്റ്റ്‌വെയറുകളെ ഏകോപിപ്പിക്കുവാനും ജി.ഐ.എസ്. മൊബൈൽ ആപ്ലിക്കേഷൻ പോലുള്ള സിസ്റ്റം ഇതിന്റെ ഭാഗമാക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടുകളും അതിന്റെ ചെലവ് വിവരങ്ങളും കൃത്യമായി മോണിട്ടർ ചെയ്യുക, തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന പദ്ധതികൾ അവലോകനം ചെയ്യുക, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിവിധ ഔദ്യോഗിക തലങ്ങളിൽ വിലയിരുത്തുന്നതിനോടൊപ്പം തന്നെ പ്രവർത്തന പുരോഗതി പൊതുജനങ്ങളിൽ എത്തിക്കുക, സാമൂഹിക സാമ്പത്തിക ജനസംഖ്യാപരമായ വിവരങ്ങളും ഒപ്പംതന്നെ സ്ഥലപരമായ ഭൗതിക വിവര ശേഖരണവും ഉൾപ്പെടുത്തുക തുടങ്ങിയ ആശയങ്ങൾ സോഫ്റ്റ്‌വെയർ മുഖേന പ്രാവർത്തികമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ബി) ഈ പ്രവർത്തനത്തിനായി 2015 മാർച്ച് മാസത്തിൽ ലോകബാങ്ക് നിർദ്ദേശിച്ച മാനദണ്ഡ പ്രകാരം കൊൽക്കത്ത ആസ്ഥാനമായുള്ള ഐ.പി.ഇ. ഗ്ലോബൽ എന്ന കൺസൾട്ടന്റിനെ 8 മാസ കാലാവധി അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും ചുമതലപ്പെടുത്തുകയും ഉണ്ടായി. പ്രസ്തുത കാലാവധിക്കുള്ളിൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്തതുമൂലം കാലാവധി മൂന്ന് തവണ ദീർഘിപ്പിച്ച് നൽകുകയുണ്ടായി. ടി കാലാവധി 2017 നവംബർ 30-ന് അവസാനിക്കുകയുണ്ടായി. അതിനുശേഷം കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്തതിനാൽ കരാർ നിലനിൽക്കുന്നില്ല.

(സി) കരാർ തുക മൊത്തത്തിൽ 1,50,52,884 രൂപയാണ്. കരാർ തുക ToR പ്രകാരം 7 വ്യത്യസ്ത ഗഡുക്കളായി കൊടുക്കേണ്ടതാണ്. ഓരോ ഗഡുക്കളും കൊടുക്കുന്നതിനുവേണ്ടി കൺസൾട്ടന്റ് ToR-ൽ നിഷ്കർഷിച്ചിട്ടുള്ള ഘടകങ്ങൾ വിജയകരമായും പ്രവർത്തനക്ഷമമായും സമർപ്പിക്കേണ്ടതാണ്. ഇതിൻപ്രകാരം ഇതിനോടകം നാല് ഗഡുക്കൾ അംഗീകരിക്കുകയും 75,26,440 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഭാവിയിൽ വിലപ്പെട്ട സംഭാവന നൽകാൻ കഴിയുന്ന ഒരു സംവിധാനമെന്നാണ് ലോക ബാങ്ക് ഈ പദ്ധതിയെ വിലയിരുത്തിയിട്ടുള്ളത്.

(ഇ) ഇതുവരെ അംഗീകരിച്ചിട്ടുള്ള ഘടകങ്ങൾ ഐ.കെ.എം.-ന്റെ സാങ്കേതിക അനുമതിയോടെയാണ് സ്വീകരിച്ചിട്ടുള്ളതും പണം നൽകിയിട്ടുള്ളതും. എന്നാൽ അഞ്ചാം ഘടകമായ operational acceptance-ന് ഐ.കെ.എം.ന്റെ സാങ്കേതിക അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. തന്മൂലം ലോകബാങ്കിന്റെ ധനസഹായം നൽകുവാനും കഴിഞ്ഞിട്ടില്ല. പൂർണ്ണമായും ലോകബാങ്ക് സഹായത്തോടെയാണ് ഈ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. ലോക ബാങ്ക് ധനസഹായം 2017 ഡിസംബർ 29-ന് അവസാനിച്ചതുകാരണം ഈ പദ്ധതിയുടെ ഭാവി ചെലവുകൾ തദ്ദേശമിത്രം ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ കഴിയാത്തതിനാൽ പദ്ധതിയുടെ പൂർത്തീകരണത്തിനായി പ്രത്യേക അനുമതി നൽകണമെന്ന് ലോകബാങ്കിനോട് ആവശ്യപ്പെട്ടുവെങ്കിലും ബാങ്ക് ആവശ്യം നിരസിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ പദ്ധതി പൂർത്തീകരണം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ഒരു പ്രൊപ്പോസൽ കെ.എൽ.ജി.എസ്.ഡി.പി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ അത് പരിശോധിച്ചുവരുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ വരുമാനം**

100 (1317) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി എസ് ടി നടപ്പിലാക്കിയതിനുശേഷം 2017-18 സാമ്പത്തിക വർഷത്തിൽ ഇതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വരുമാനത്തിൽ എത്ര ശതമാനം കുറവ് സംഭവിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതോടെ പരസ്യനികുതി, വിനോദ നികുതി ഇനത്തിൽ സംസ്ഥാനത്തൊട്ടാകെയുള്ള പഞ്ചായത്തുകളിൽ 60%-ലധികം കുറവ് സംഭവിച്ചിട്ടുള്ളതായും ആയത് പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 3 ശതമാനത്തോളം കുറവ് വരുന്നതായും കാണുന്നു.

നഗരകാര്യ വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പഞ്ചായത്തുകൾ**

101 (1318) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ത്രിതല പഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫി നൽകാറുണ്ടോ; 2016-17-ൽ ഏതൊക്കെ ത്രിതല പഞ്ചായത്തുകൾക്കാണ് ഈ പുരസ്കാരം ലഭിച്ചത്;

(ബി) 2016-17-ൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തിയ ഗ്രാമപഞ്ചായത്തുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2016-17 സാമ്പത്തിക വർഷം പുരസ്കാരം ലഭിച്ച ത്രിതല പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു:

<u>ഗ്രാമപഞ്ചായത്ത് - സംസ്ഥാനതലം</u>

ഒന്നാം സ്ഥാനം: ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല)

രണ്ടാം സ്ഥാനം: മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല)

മൂന്നാം സ്ഥാനം: പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)

<u>ഗ്രാമപഞ്ചായത്ത് - ജില്ലാ തലം</u>

| | | |
|---|---|---|
| തിരുവനന്തപുരം | 1 | വക്കം |
| | 2 | അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല |
| കൊല്ലം | 1 | കുന്നത്തൂർ |
| | 2 | അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല |
| പത്തനംതിട്ട | 1 | തുമ്പമൺ |
| | 2 | അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല |
| ആലപ്പുഴ | 1 | വീയപുരം |
| | 2 | കുമാരപുരം |
| കോട്ടയം | 1 | തീക്കോയി |
| | 2 | അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല |
| ഇടുക്കി | | അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല |
| എറണാകുളം | 1 | മുളന്തുരുത്തി |
| | 2 | മണീട് |

| | | |
|---|---|---|
| തൃശ്ശൂർ | 1 | വള്ളത്തോൾ നഗർ |
| | 2 | അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല |
| പാലക്കാട് | 1 | ശ്രീകൃഷ്ണപുരം |
| | 2 | പുതുക്കോട് |
| മലപ്പുറം | 1 | പുലാമന്തോൾ |
| | 2 | കോഡൂർ |
| കോഴിക്കോട് | 1 | നാദാപുരം |
| | 2 | അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല |
| വയനാട് | 1 | കണിയാമ്പറ്റ |
| | 2 | അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല |
| കണ്ണൂർ | 1 | പാപ്പിനിശ്ശേരി |
| | 2 | ചെമ്പിലോട് |
| കാസർഗോഡ് | 1 | ചെറുവത്തൂർ |
| | 2 | അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല |

<u>ബ്ലോക്ക് പഞ്ചായത്ത് - സംസ്ഥാനതലം</u>

ഒന്നാം സ്ഥാനം: ളാലം ബ്ലോക്ക് പഞ്ചായത്ത് (കോട്ടയം ജില്ല)

രണ്ടാം സ്ഥാനം: പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് (എറണാകുളം ജില്ല)

മൂന്നാം സ്ഥാനം: പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് (പത്തനംതിട്ട ജില്ല)

<u>ജില്ലാ പഞ്ചായത്ത്</u>

ഒന്നാം സ്ഥാനം: പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

രണ്ടാം സ്ഥാനം: എറണാകുളം ജില്ലാ പഞ്ചായത്ത്

(ബി) 2016-17 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു:

സംസ്ഥാനതലം

ഒന്നാം സ്ഥാനം: ഇടമലക്കുടി ഗ്രാമപഞ്ചായത്ത് (ഇടുക്കി ജില്ല)

രണ്ടാം സ്ഥാനം: അഗളി ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല)

മൂന്നാം സ്ഥാനം: മീനങ്ങാടി ഗ്രാമപഞ്ചായത്ത് (വയനാട് ജില്ല)

ജില്ലാ തലം

| | | |
|---|---|---|
| തിരുവനന്തപുരം | 1<br>2 | കിഴുവിലം<br>മുദാക്കൽ |
| കൊല്ലം | 1<br>2 | നെടുവത്തൂർ<br>കുമ്മിൾ |
| പത്തനംതിട്ട | 1<br>2 | കുറ്റൂർ<br>കോഴഞ്ചേരി |
| ആലപ്പുഴ | 1<br>2 | കോടന്തുരുത്ത്<br>വെൺമണി |
| കോട്ടയം | 1<br>2 | മുണ്ടക്കയം<br>മേലുകാവ് |
| ഇടുക്കി | 1<br>2 | ഇടമലക്കുടി<br>വട്ടവട |
| എറണാകുളം | 1<br>2 | എളങ്കുന്നപ്പുഴ<br>നായരമ്പലം |
| തൃശ്ശൂർ | 1<br>2 | നാട്ടിക<br>അടാട്ട് |
| പാലക്കാട് | 1<br>2 | അഗളി<br>പുതൂർ |
| മലപ്പുറം | 1<br>2 | ആതവനാട്<br>നിറമരുതൂർ |
| കോഴിക്കോട് | 1<br>2 | മാവൂർ<br>മടവൂർ |
| വയനാട് | 1<br>2 | മീനങ്ങാടി<br>നൂൽപ്പുഴ |
| കണ്ണൂർ | 1<br>2 | കതിരൂർ<br>കോളയാട് |
| കാസർഗോഡ് | 1<br>2 | മടിക്കൈ<br>പടന്ന |

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ശ്രദ്ധേയവും നൂതനവുമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക പുരസ്കാരം നൽകിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത് | ജില്ല |
|---|---|
| എറിയാട് | തൃശ്ശൂർ |
| ബുധനൂർ | ആലപ്പുഴ |
| ശാസ്താംകോട്ട | കൊല്ലം |
| വെസ്റ്റ് കല്ലട | കൊല്ലം |
| മൈനാഗപ്പള്ളി | കൊല്ലം |

## ഇറച്ചിക്കോഴി വളർത്തുന്നതിനുള്ള പൗൾട്രിഫാം ലൈസൻസ്

102 (1319) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറച്ചിക്കോഴി വളർത്തുന്നതിന് പൗൾട്രിഫാം ലൈസൻസ് ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പല പഞ്ചായത്തുകളിലും പല നിബന്ധനകൾ ആണ് പിന്തുടരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നിബന്ധനകൾ ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരള മുനിസിപ്പാലിറ്റി നിയമം 447, 449 എന്നീ വകുപ്പുകളിൽ പരാമർശിക്കുന്ന വ്യവസ്ഥകളുടെയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് വിധേയമായി നഗരസഭകൾ തയ്യാറാക്കുന്ന ബൈലോയുടെ അടിസ്ഥാനത്തിലാണ് നഗരസഭാ പ്രദേശത്ത് പൗൾട്രി ഫാമിന് ലൈസൻസ് അനുവദിച്ചുവരുന്നത്. 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പൗൾട്രി ഫാമുകൾക്ക് ലൈസൻസ് അനുവദിക്കുന്നത്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

**തദ്ദേശ സ്വയംഭരണ വകുപ്പ്**

103 (1320) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ . എ. നെല്ലിക്കുന്ന്:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, എൻജിനീയറിംഗ് വിഭാഗം എന്നിവ ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് എന്ന പേരിൽ ഒരു പൊതു സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നേട്ടം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനതലത്തിൽ വിലയിരുത്തിയിട്ടുണ്ട്. ഏകോപനംകൊണ്ട് വിവിധ പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനും കഴിയുന്നതാണ്.

**തദ്ദേശ സ്വയംഭരണ വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി**

104 (1321) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ വകുപ്പിലെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിലെ വികസനപ്രവർത്തനങ്ങളിലെ അഴിമതിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിലെ കുറവ്**

105 (1322) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ സംഭവിച്ചിട്ടുള്ള കുറവ് നികത്താൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 206-ൽ "133 കോടി രൂപ വിനോദ നികുതിയുടെ 2017-18-ലെ നഷ്ടപരിഹാരമായി അനുവദിക്കുന്നു. ഇത് 2015-16-ൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പിരിച്ച വിനോദ നികുതിക്ക് ആനുപാതികമായിട്ടാണ് നൽകുക" എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

**ബാലാവകാശ കമ്മീഷൻ നിർദ്ദേശങ്ങൾ**

106(1323) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട്, ബാലാവകാശ കമ്മീഷൻ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) സുരക്ഷിതത്വമില്ലാത്ത സ്കൂൾ കെട്ടിടങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ബാലാവകാശ കമ്മീഷന്റെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്കൂളുകളുടെ സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഉണ്ട്. സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കാറില്ല. സുരക്ഷിതമല്ലാത്ത സ്കൂൾ കെട്ടിടങ്ങൾ കണ്ടെത്തി ആയത് സുരക്ഷിതമാക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്.

## എസ്.സി.പി./ടി.എസ്.പി. ഫണ്ട്

107(1324) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽനിന്ന് ദളിത് ആദിവാസി വിഭാഗങ്ങൾക്കുള്ള എസ്. സി. പി. / ടി. എസ്. പി. ഫണ്ടിലേക്ക് എത്ര തുക അനുവദിച്ചിരുന്നു; അറിയിക്കാമോ;

(ബി) പ്രസ്തുത ഫണ്ടിൽനിന്ന് 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര ശതമാനം ചെലവാക്കി; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2017-18 സാമ്പത്തിക വർഷം അനുവദിച്ച പദ്ധതി വിഹിതത്തിൽ നിന്ന് ദളിത് ആദിവാസി വിഭാഗങ്ങൾക്കുള്ള എസ്.സി.പി./ടി.എസ്.പി. ഫണ്ടിലേയ്ക്ക് അനുവദിച്ച തുക.

| തദ്ദേശഭരണ സ്ഥാപനം | എസ്.സി.പി. ഫണ്ട് (ലക്ഷം) | ടി.എസ്.പി. ഫണ്ട് (ലക്ഷം) |
|---|---|---|
| ബ്ലോക്ക് പഞ്ചായത്തുകൾ | 20159.25 | 3471.07 |
| ജില്ലാ പഞ്ചായത്തുകൾ | 27504.79 | 4211.34 |
| ഗ്രാമപഞ്ചായത്തുകൾ | 72953.86 | 12713.30 |
| മുനിസിപ്പാലിറ്റികൾ | 108.10 കോടി | 6.59 കോടി |
| കോർപ്പറേഷനുകൾ | 78.10 കോടി | 2 ലക്ഷം രൂപ |

(ബി) 2017-18 സാമ്പത്തിക വർഷം എസ്.സി.പി./ടി.എസ്.പി. ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ ശതമാനം ചുവടെ ചേർക്കുന്നു:

| തദ്ദേശഭരണ സ്ഥാപനം | എസ്.സി.പി. ഫണ്ട് ചെലവ് (%) | ടി.എസ്.പി. ഫണ്ട് ചെലവ് (%) |
|---|---|---|
| ബ്ലോക്ക് പഞ്ചായത്തുകൾ | 55.23% | 50.77% |
| ജില്ലാ പഞ്ചായത്തുകൾ | 25.06% | 36.28% |
| ഗ്രാമ പഞ്ചായത്തുകൾ | 39.19% | 33.11% |
| മുനിസിപ്പാലിറ്റികൾ | 40.67% | 43.74% |
| കോർപ്പറേഷനുകൾ | 34.01% | 12.5 % |

**ആസ്തി വികസന ഫണ്ട്**

108 (1325) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കേണ്ട ഏതെല്ലാം പ്രവൃത്തികൾക്ക് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ ഓഫീസിൽനിന്ന് പൊതുമരാമത്ത് വകുപ്പിന് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയും ഫണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകാത്ത പ്രവർത്തികൾക്ക് എന്നത്തേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് നടപടി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്ന് ആസ്തി വികസനവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തികളുടെ (അഴീക്കോട് മണ്ഡലത്തിലെ) ഫണ്ട് ട്രാൻസ്ഫർ ശിപാർശകളാണ് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) (1) പള്ളിക്കുന്നുമ്പ്രം ശവപ്പറമ്പ് മുതൽ പാലോട്ടായൽ WIP ഗേറ്റുവരെ റോഡ് ടാറിംഗ് - അഴീക്കോട് ഗ്രാമപഞ്ചായത്ത്

(2) അഴീക്കോട് നിയോജകമണ്ഡലം-പാപ്പിനിശ്ശേരി പഞ്ചായത്ത് - മെരളി ചുങ്കം റോഡ് നവീകരണം

(3) (a) പ്രോ. ഐ.ഡി. 1893- പുഴാതി മേഖല ഡിവിഷൻ 10 – കക്കാട് - മമ്മുഹാജി റോഡ് പുനരുദ്ധാരണം - അഴീക്കോട് നിയോജകമണ്ഡലം

(b) പ്രോ. ഐ.ഡി. 1895-പള്ളിക്കുന്ന് പഞ്ചായത്ത് - പൊടിക്കുണ്ട് മിൽമ റോഡ് നവീകരണം - അഴീക്കോട് നിയോജകമണ്ഡലം

(4) തുളിച്ചേരി കരിമ്പിൻതോട്ടം തോട് കവറിംഗ് സ്ലാബ്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക പൂർണ്ണമായും നൽകിക്കഴിഞ്ഞു. ഈ സാമ്പത്തിക വർഷം ടി നിർമ്മാണ പ്രവൃത്തികളുടെ തുക നൽകുന്നതിനായി സർക്കാരിൽനിന്നും അധിക ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികളുടെ ഭരണാനുമതി തുക പി.ഡബ്ല്യൂ.ഡി.ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) അഴീക്കോട് നിയോജകമണ്ഡലത്തിലെ ഫണ്ട് ട്രാൻസ്ഫർ ശിപാർശയുമായി ബന്ധപ്പെട്ട് കണ്ണൂർ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും തദ്ദേശഭരണ ഡിവിഷൻ കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ഇനി റിക്വസിഷൻ ബാക്കിയില്ല.

**അക്ഷയ ഊർജ്ജ സംരക്ഷണ പദ്ധതി**

109 (1326) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന അക്ഷയ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതു വിഭാഗത്തിന് 50 ശതമാനം, പട്ടിക വിഭാഗങ്ങൾക്ക് 90 ശതമാനം എന്നീ നിരക്കിൽ സബ്സിഡി നൽകിക്കൊണ്ട് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി അനെർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഈ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം തദ്ദേശസ്വയം ഭരണ വകുപ്പ് പരിഗണിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന അക്ഷയ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (2017-18) 3-4-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 80/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ 8.9 നമ്പർ ഖണ്ഡിക പ്രകാരം പുറപ്പെടുവിച്ചിരുന്നു. അനെർട്ടിൽ നിന്നുള്ള നിർദ്ദേശങ്ങൾകൂടി പരിഗണിച്ചാണ് ടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) 2018-19 വാർഷിക പദ്ധതിയിലെ ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെ സബ്സിഡി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 14-2-2018-ലെ സ.ഉ.(കൈ)നം.22/18/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ 6.9 നമ്പർ ഖണ്ഡിക പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗം**

110 (1327) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൽപാദനം, സേവനം, അടിസ്ഥാന സൗകര്യങ്ങൾ എന്നീ മേഖലകളിൽ പ്ലാൻ ഫണ്ടിന്റെ എത്ര ശതമാനം വീതമാണ് ചെലവഴിച്ചിരിക്കുന്നത്; ഇനം തിരിച്ച് വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

| തദ്ദേശഭരണ സ്ഥാപനം | ഉൽപ്പാദനം ചെലവ് | സേവനം ചെലവ് | അടിസ്ഥാന സൗകര്യങ്ങൾ |
|---|---|---|---|
| | | 2015-16 | |
| ബ്ലോക്ക് പഞ്ചായത്തുകൾ | 75.46% | 89.42% | 81.01% |
| ജില്ലാ പഞ്ചായത്തുകൾ | 51.85% | 72.11% | 58.74% |
| ഗ്രാമ പഞ്ചായത്തുകൾ | 77.77% | 78.27% | 81.81% |
| മുനിസിപ്പാലിറ്റികൾ | 63.58% | 68.20% | 69.84% |
| കോർപ്പറേഷനുകൾ | 44.64% | 47.50% | 56.35% |
| ആകെ | 69.79% | 74.24% | 73.54% |
| | | 2016-17 | |
| ബ്ലോക്ക് പഞ്ചായത്തുകൾ | 55.46% | 72.77% | 48.80% |
| ജില്ലാ പഞ്ചായത്തുകൾ | 51.47% | 59.20% | 35.60% |
| ഗ്രാമ പഞ്ചായത്തുകൾ | 65.53% | 70.14% | 48.09% |
| മുനിസിപ്പാലിറ്റികൾ | 45.13% | 63.41% | 44.52% |
| കോർപ്പറേഷനുകൾ | 24.21% | 50.25% | 37.73% |
| ആകെ | 56.80% | 65.56% | 44.82% |

## നബാർഡ്, ആർ.ഐ.ഡി.എഫ്. മുഖേന ലഭിക്കുന്ന ഫണ്ട്

111 (1328) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ്, ആർ.ഐ.ഡി.എഫ് മുഖേന കേരളത്തിന് ലഭിക്കുന്ന ഫണ്ട് എല്ലാ നിയോജകമണ്ഡലങ്ങൾക്കും നൽകാറുണ്ടോ;

(ബി) 2015-16 സാമ്പത്തിക വർഷം എത്ര തുക അനുവദിക്കപ്പെട്ടിട്ടുണ്ട്; എല്ലാം വിനിയോഗിച്ചിട്ടുണ്ടോ;

(സി) 2015-16 സാമ്പത്തിക വർഷം ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക അനുവദിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) 2016-17 സാമ്പത്തിക വർഷം എത്ര തുക അനുവദിക്കപ്പെട്ടിട്ടുണ്ട്; ഏതെല്ലാം മണ്ഡലങ്ങളിൽ ഫണ്ട് നൽകിയിട്ടുണ്ട്; ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയാണ്; അറിയിക്കുമോ;

(ഇ) പദ്ധതികൾ സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചോ; എപ്പോഴാണ് സമർപ്പിക്കാനുള്ളത്; വ്യക്തമാക്കുമോ;

(എഫ്) പദ്ധതികൾ സമർപ്പിക്കാനുള്ള വിശദവിവരം എല്ലാ നിയമസഭാ സാമാജികരെയും അറിയിക്കാറുണ്ടോ; ആയതിന്റെ വിശദവിവരം നൽകുമോ?

### ഉത്തരം

(എ) പ്രൊപ്പോസലുകൾ ലഭിക്കുന്നതനുസരിച്ച് നൽകാറുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം ആർ.ഐ.ഡി.എഫ്. XXI-ാം ട്രാഞ്ചെയിൽ ഉൾപ്പെടുത്തി ആകെ 39 പ്രോജക്ടുകൾക്കായി 3275.03 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല.

(സി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

(ഡി) 3789.27 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

മറ്റ് വിശദാംശങ്ങൾ അനുബന്ധം*ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) 2017-18 വർഷത്തിൽ പദ്ധതികൾ സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചു. 2018-19-ലെ 24-ാം ട്രാഞ്ചെയിലേക്കുള്ള പദ്ധതികളുടെ പ്രൊപ്പോസലുകൾ 2018 ഏപ്രിൽ 30-നകം സമർപ്പിക്കാവുന്നതാണ്.

(എഫ്) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രോജക്ടുകൾ സമാഹരിച്ച് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം അതത് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർക്കാണ് നൽകാറുള്ളത്.

**വരൾച്ചയെ പ്രതിരോധിക്കാൻ നടപടി**

112 (1329) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ വരൾച്ചയെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഉപയോഗ ശൂന്യമായ കുഴൽകിണറുകളും, കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും പുനരുദ്ധരിക്കാൻ നടപടിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മലയോരമേഖലയിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവിടങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥിരമായി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജലമലിനീകരണം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇത്തവണത്തെ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പൊതു ജലാശയങ്ങൾ ശുചീകരിക്കുക, ജലസ്രോതസ്സുകൾ സംരക്ഷിക്കുക, ടാങ്കറിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ലോറികൾ സജ്ജമാക്കുക, തടയണകൾ വൃത്തിയാക്കുക, പൊതുകുഴൽ കിണറുകൾ ഉപയോഗപ്രദമാക്കുക, കുടിവെള്ള വിതരണത്തിനായി കിയോസ്കുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) ഹരിത കേരളം മിഷൻ പദ്ധതി, തൊഴിലുറപ്പ് പദ്ധതി, വാർഷിക പദ്ധതി എന്നിവയുടെ ഭാഗമായി കുളങ്ങളും കിണറുകളും പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മലയോര മേഖലയിലെ ഉയർന്ന പ്രദേശങ്ങളിൽ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനും കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ജലമലിനീകരണം തടയുന്നതിനായി ചെക്ക് ഡാമുകളും തടയണകളും വൃത്തിയാക്കുക, പൊതു കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കുക തുടങ്ങിയ പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ പ്രകാരം ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ, ഹരിത കേരളം മിഷൻ മുഖേന കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം**

113 (1330) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം അനുവദിക്കുന്നത് ഏതൊക്കെ വിഭാഗങ്ങളിലായിട്ടാണ്; വിശദമാക്കുമോ;

(ബി) 2018-19-ൽ അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പൊതുവിഭാഗത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പൽ/കോർപ്പറേഷൻ എന്നിവയ്ക്കും ഏത് അനുപാതത്തിലാണ് തുക വകയിരുത്തിയിട്ടുള്ളത്; ഇത് നാലാം ധനകാര്യ കമ്മീഷൻ ശിപാർശ നൽകിയ അതേ അനുപാതമാണോയെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമായി 2018-19-ൽ എന്ത് തുകയാണ് നീക്കി വച്ചിട്ടുള്ളത്; അത് 2017-18-നെക്കാൾ എത്ര ശതമാനം കൂടുതലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക വികസനത്തിന് വകയിരുത്തുന്ന പദ്ധതി വിഹിതം വികസന ഫണ്ട്, ജനറൽ, എസ്.സി.പി, ടി.എസ്.പി. എന്നിവയാണ്.

മെയിന്റനൻസ് ഫണ്ട് - റോഡ് മെയിന്റനൻസ്, നോൺ റോഡ് മെയിന്റനൻസ് എന്നിവ ഇതിനുപുറമേ നൽകുന്നുണ്ട്.

(ബി) 2018-19 വർഷത്തിൽ 5-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പൊതു വിഭാഗത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ/മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് 46.396:16.975:10.538:9.116 എന്ന അനുപാതത്തിലാണ് തുക വകയിരുത്തിയിട്ടുള്ളത്. ഇത് 4-ാം ധനകാര്യ കമ്മീഷൻ കാലഘട്ടത്തിന് സമാനമായാണ്.

(സി) 2018-19 സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുമായി 128018.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 94398.50 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ആയതിൻപ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ 2017-18 വർഷത്തെക്കാൾ 35.61 ശതമാനം അധികമാണ്.

നഗരകാര്യ വകുപ്പിന് കീഴിൽ നഗരസഭകൾ മുഖേന നടപ്പിലാക്കുന്ന വിവിധ സംസ്ഥാന പദ്ധതികൾക്കായി 2018-19-ൽ 10,020 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2,40,262 ലക്ഷം രൂപയും ചേർത്ത് ആകെ 2,50,282 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2017-18-ൽ ആകെ 94,444 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. 2018-19-ലെ ആകെ ബജറ്റ് വിഹിതം 2017-18-നെക്കാൾ 167% കൂടുതലാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമായി 2018-19-ൽ ഗ്രാമപഞ്ചായത്തുകൾക്കായി 13241 ലക്ഷം രൂപയും ജില്ലാപഞ്ചായത്തുകൾക്കായി 1400 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. ഇത് ഗ്രാമപഞ്ചായത്തുകളിൽ 2017-18-നേക്കാൾ 122% കൂടുതലാണ്. ജില്ലാ പഞ്ചായത്തുകളിൽ 2017-18 വർഷത്തെ അതേ തുകയാണ്.

### തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം

114 (1331) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി എത്ര തുകയാണ് 2017-18-ൽ നീക്കിവച്ചിട്ടുള്ളത്; അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്; 2018 മാർച്ച് 31 വരെ എത്രശതമാനം തുക വിനിയോഗിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പദ്ധതി വിഹിതത്തിൽ പരമാവധി വിനിയോഗം സാധ്യമാകാത്തതിന് കാരണമെന്താണ്; 2018 മാർച്ച് 31-നുള്ളിൽ പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ&ബി)

| LB Type | Budget (Lakhs) | Expenditure (Lakhs) | %of Expenditure | Expected% of expenditure on 31st March |
|---|---|---|---|---|
| District Panchayat | 79250.03 | 29697.91 | 37.47 | 75 |
| Block Panchayat | 79250.03 | 44846.85 | 56.59 | 100 |
| Municipality | 88897.32 | 45357.21 | 51.02 | 65 |
| Corporation | 67587.63 | 30747.70 | 45.49 | 60 |
| Grama Panchayat | 304493.65 | 186207.79 | 61.15 | 85 |
| Total | 619478.66 | 336857.47 | 54.38 | |

(സി) പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സംസ്ഥാനതലത്തിൽ പദ്ധതി നിർവ്വഹണ കലണ്ടർ രൂപീകരിക്കുകയും സംസ്ഥാന, ജില്ലാതല, ബ്ലോക്കുതല അവലോകന യോഗങ്ങൾ നടത്തിവരികയും ചെയ്യുന്നു. സംസ്ഥാനതലത്തിൽ ഗ്രാമവികസന കമ്മീഷണറുടെയും ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ ഓരോ ത്രൈമാസത്തിലും അവലോകന യോഗങ്ങൾ (വീഡിയോ കോൺഫറൻസ് ഉൾപ്പെടെ) നടത്തിവരുന്നു. കൂടാതെ അതാത് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാരുടെ നേതൃത്വത്തിൽ ഓരോ മാസവും പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനായുള്ള അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്.

2017 ജൂലൈ 1-ന് GST നിലവിൽ വന്നതിനെ തുടർന്ന് മരാമത്ത് പണികളുടെ ടെണ്ടർ കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യമുണ്ടായി. പലതവണ ടെണ്ടർ ചെയ്തതിന് ശേഷമാണ് വർക്കുകൾ ഏറ്റെടുത്തിട്ടുള്ളത്. GST സംബന്ധിച്ച് 1-11-2017-ലെ സ.ഉ.(അച്ചടി) നം.87/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം നിർദ്ദേശങ്ങൾ നൽകിയതിനുശേഷമാണ് മരാമത്ത് പ്രവൃത്തികളുടെ നിർമ്മാണം പുരോഗമിച്ചിട്ടുള്ളത്. സാമ്പത്തിക വർഷത്തിന്റെ പ്രാരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണ കലണ്ടർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. കൂടാതെ 28-10-2017-ലെ ഡിഎ 1/750/2017/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ മുഖേന പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പദ്ധതി വിഹിതത്തിന്റെ പരമാവധി വിനിയോഗം സാദ്ധ്യമാക്കുന്നതിന് എല്ലാവിധ നടപടികളും സ്വീകരിച്ചുവരുന്നു. ഓരോ ത്രൈമാസാവസാനവും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറിയും വിവിധ വകുപ്പു സെക്രട്ടറിമാരും ഉൾപ്പെട്ട പ്ലാൻ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി യോഗങ്ങൾ കൂടുവാൻ പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങളും ഇടപെടലുകളും നടത്താറുമുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുമായി നടത്തുന്ന പ്രതിമാസ യോഗങ്ങളിൽ പദ്ധതി അവലോകനം പ്രധാന അജണ്ടയാണ്.

### പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിക്കുള്ള പദ്ധതി വിഹിത തുക

115 (1332) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിക്കും നിയോജകമണ്ഡലത്തിലെ മറ്റ് ഗ്രാമപഞ്ചായത്തുകൾക്കും 2017 - 18 ൽ പദ്ധതി വിഹിതമായി എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്; അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്; മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; 2018 മാർച്ച് 31 വരെ എത്ര ശതമാനം തുക ചെലവഴിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പദ്ധതി വിഹിതത്തിന്റെ പരമാവധി വിനിയോഗം സാധ്യമാകുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിക്ക് 2017-18 സാമ്പത്തിക വർഷം 11,20,76,316 രൂപ പദ്ധതി വിഹിതമായി നീക്കിവച്ചിരുന്നു. ആയതിൽ നാളിതുവരെ (28-2-2018) 7,26,92,176 രൂപ ചെലവഴിച്ചിരുന്നു.

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മറ്റ് ഗ്രാമപഞ്ചായത്തുകൾ 2017-18-ൽ പദ്ധതി വിഹിതമായി നീക്കിവച്ച തുകയും ചെലവഴിച്ച തുകയും താഴെ കൊടുക്കുന്നു.

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി വിഹിതം | ചെലവ് |
|---|---|---|
| ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 30855828 | 20056280 |
| ഏലംകുളം ഗ്രാമപഞ്ചായത്ത് | 30259836 | 12906112 |
| മേലാറ്റൂർ ഗ്രാമപഞ്ചായത്ത് | 84382588 | 31667861 |
| പുലാമന്തോൾ ഗ്രാമപഞ്ചായത്ത് | 32689851 | 17360737 |
| താഴെക്കോട് ഗ്രാമപഞ്ചായത്ത് | 89859165 | 32507118 |
| വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് | 33273402 | 18589541 |

(ബി) പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി നാളിതുവരെ 64.86% തുക ചെലവഴിച്ചിട്ടുണ്ട്. 31-3-2018 വരെ 95% തുക ചെലവഴിക്കാൻ കഴിയും

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മറ്റ് ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ച ശതമാനവും 2018 മാർച്ച് 31 വരെ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന ശതമാനവും ചുവടെ ചേർക്കുന്നു:

| തദ്ദേശഭരണ സ്ഥാപനം | ശതമാനം (%) | മാർച്ച് 31 വരെ പ്രതീക്ഷിക്കുന്ന ചെലവ് % |
|---|---|---|
| ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 64.99 | 100 |
| ഏലംകുളം ഗ്രാമപഞ്ചായത്ത് | 42.65 | 100 |
| മേലാറ്റൂർ ഗ്രാമപഞ്ചായത്ത് | 37.52 | 100 |
| പുലാമന്തോൾ ഗ്രാമപഞ്ചായത്ത് | 53.1 | 100 |
| താഴെക്കോട് ഗ്രാമപഞ്ചായത്ത് | 36.29 | 100 |
| വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് | 55.86 | 100 |

(സി) വികേന്ദ്രീകരണത്തിനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം 2017-18 വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് 28-10-2017-ലെ ഡി.എ 1/750/2017/തസ്വഭവ. സർക്കുലർ പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നതാണ്.

പദ്ധതി വിഹിതം പരമാവധി വിനിയോഗിക്കുന്നതിനായി പദ്ധതി പ്രവർത്തനത്തിന്റെ തുടക്കത്തിൽ തന്നെ നിർവ്വഹണ കലണ്ടർ നിശ്ചയിച്ച് നൽകിയിരുന്നു. എല്ലാ ജില്ലകളിലും അവലോകന യോഗങ്ങൾ തദ്ദേശഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തി. ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിലും ബ്ലോക്ക് തലത്തിലും വകുപ്പ് അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിലും പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തിവരുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിക്കാൻ ബാക്കിയുള്ള തുക**

116 (1333) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വർഷം അവസാനിക്കാൻ ആഴ്ചകൾ മാത്രം ബാക്കിനിൽക്കെ തദ്ദേശസ്ഥാപനങ്ങൾ ചെലവഴിക്കാൻ ബാക്കിയുള്ള തുക എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ശതമാനം പദ്ധതികൾ ഈ സാമ്പത്തിക വർഷം ഇതിനകം പൂർത്തിയായി;

(സി) ട്രഷറിയിൽ കെട്ടിക്കിടക്കുന്ന ബില്ലുകൾകൂടി പരിഗണിച്ചാലും പദ്ധതി നിർവ്വഹണം കാര്യമായി വർദ്ധിക്കില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വരുംവർഷങ്ങളിൽ പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തുന്നതിനും ഫണ്ട് വിനിയോഗത്തിന് നിയന്ത്രണമില്ലാതാക്കുന്നതിനും എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുക?

ഉത്തരം

(എ&ബി)

| LB Type | Budget (Lakhs) | Expenditure (Lakhs) | % | Balance |
|---|---|---|---|---|
| District Panchayat | 79250.03 | 29697.91 | 37.47 | 49552.12 |
| Grama Panchayat | 304493.65 | 186207.79 | 61.15 | 118282.87 |
| Block Panchayat | 79250.03 | 44846.85 | 56.59 | 34403.18 |
| Municipality | 88897.32 | 45357.21 | 51.02 | 43540.10 |
| Corporation | 67587.63 | 30747.70 | 45.49 | 36839.93 |
| Total | 619478.66 | 336857.47 | 54.38 | 282621.19 |

(സി) ട്രഷറിയിൽ കെട്ടിക്കിടക്കുന്ന ബില്ലുകൾ കൂടി പരിഗണിച്ചാൽ ജില്ലാ പഞ്ചായത്തുകളുടെ ചെലവ് ശതമാനം-41.34 ആകും.

ഗ്രാമപഞ്ചായത്തുകളുടെ ചെലവ് ശതമാനം -63.79 ആകും.

ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ 28-2-2018-ലെ കണക്കുപ്രകാരം 23.93 കോടി രൂപയുടെ ബില്ലുകൾ ട്രഷറിയിൽ ഉണ്ട്.

ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ള ബില്ലുകൾകൂടി ചേർക്കുമ്പോൾ കോർപ്പറേഷനുകളുടെ പദ്ധതി ചെലവ് 49.56%-ഉം മുനിസിപ്പാലിറ്റികളുടേത് 54.46%-ഉം ആകുന്നതാണ്.

(ഡി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 2-2-2018-ലെ സ.ഉ.(കൈ)നമ്പർ 17/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക പദ്ധതിക്ക് മാർച്ച് 31-ന് മുമ്പ് അംഗീകാരം നേടിക്കൊണ്ട് ഏപ്രിൽ 1-ന് നിർവ്വഹണം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം**

117 (1334) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം എത്രയായിരുന്നു;

(ബി) പ്രസ്തുത തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം

| തദ്ദേശഭരണ സ്ഥാപനം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|
| ബ്ലോക്ക് പഞ്ചായത്തുകൾ | 79250.03 |
| ജില്ലാ പഞ്ചായത്തുകൾ | 79250.03 |
| ഗ്രാമപഞ്ചായത്തുകൾ | 304493.65 |
| മുനിസിപ്പാലിറ്റികൾ | 88897.32 |
| കോർപ്പറേഷനുകൾ | 67587.63 |
| ആകെ | 619478.66 |

(ബി)

| തദ്ദേശഭരണ സ്ഥാപനം | ഇതുവരെ ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|
| ബ്ലോക്ക് പഞ്ചായത്തുകൾ | 56.59% |
| ജില്ലാ പഞ്ചായത്തുകൾ | 37.47% |
| ഗ്രാമപഞ്ചായത്തുകൾ | 61.15% |
| മുനിസിപ്പാലിറ്റികൾ | 51.02% |
| കോർപ്പറേഷനുകൾ | 45.49% |
| ആകെ | 54.38% |

**കൊല്ലം കോർപ്പറേഷനിൽ അമൃത് പദ്ധതി**

118 (1335) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത നഗര പരിഷ്കരണ പദ്ധതിയായ അമൃത് പദ്ധതിയിൻ കീഴിൽ കൊല്ലം കോർപ്പറേഷനിൽ 2014-15, 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; പ്രവൃത്തികളുടെ പേര് അടങ്കൽ തുക സഹിതം വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവർത്തികളിൽ സാങ്കേതികാനുമതി ലഭ്യമായ പ്രവർത്തികൾ ഏതൊക്കെയാണ്; ടെൻഡർ ചെയ്ത പ്രവർത്തികൾ ഏതൊക്കയാണ്; പണി ആരംഭിച്ച പ്രവർത്തികൾ ഏതൊക്കെയാണ് എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് 2015-16 സാമ്പത്തിക വർഷം മുതലാണ് അമൃത് പദ്ധതി നിലവിൽ വന്നത്. കൊല്ലം കോർപ്പറേഷനിലെ അമൃത് പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു *.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ സബ്സിഡി മാർഗ്ഗരേഖ**

119 (1336) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിനും, നിർവ്വഹണത്തിനുമായി സബ്സിഡി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന്, ഗുണഭോക്താവിന്റെ വരുമാനപരിധി ഉയർത്തുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോ. വിശദാംശം നൽകുമോ;

(സി) സഹകരണ സംഘങ്ങൾക്കും, ക്ഷീര സംഘങ്ങൾക്കും, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിനും കൂടുതൽ സഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ. വിശദാംശം നൽകുമോ?

ഉത്തരം

(എ ) ഉണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് ഗുണഭോക്താവിന്റെ വരുമാനപരിധി ഉയർത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുപ്രകാരം പൊതുവിഭാഗത്തിൽ 2 ലക്ഷം രൂപ വരെയും പട്ടികജാതി വിഭാഗത്തിന് 3 ലക്ഷം രൂപവരെയും കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിന് ആനുകൂല്യങ്ങൾ നൽകുന്നതിന് വരുമാനപരിധി ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്. ക്ഷീര സംഘങ്ങൾക്കും മറ്റ് സഹകരണ സംഘങ്ങൾക്കും ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിനും കൂടുതൽ സഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഖാദി ഗ്രാമവ്യവസായ കമ്മീഷനും ഖാദി ഗ്രാമവ്യവസായ ബോർഡും നടത്തുന്ന ഉൽപ്പാദന യൂണിറ്റുകൾക്ക് വിപണന ശാലകൾ സ്ഥാപിക്കുന്നതിനും തറിയും നെയ്ത്ത് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് വയ്ക്കാവുന്നതാണ്.

**ഇരിയണ്ണി - രാജീവ് ദശലക്ഷം കോളനി**

120 (T1337) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മുളിയാർ പഞ്ചായത്തിലെ ഇരിയണ്ണി - രാജീവ് ദശലക്ഷം കോളനിയിൽ നിലവിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത കോളനിയിൽ ഭൂരിഭാഗം വീടുകളും വാസയോഗ്യ മല്ലാത്തതാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലൈഫ് മിഷൻ പദ്ധതിയിൽ പ്രസ്തുത വീടുകൾ പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ ) 37 കുടുംബങ്ങൾ (ജനറൽ 31, എസ്.സി-6)

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

**ലൈഫ് പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കൽ**

121 (1338) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി മാവേലിക്കര മണ്ഡലത്തിൽ ഏറ്റെടുത്ത സ്ഥലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) തഴക്കര പഞ്ചായത്തിൽ ഇതിനായി ഏറ്റെടുത്ത സ്ഥലം ഉപയോഗിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ്എൻജിനീയർ, ഓവർസിയർ എന്നിവരുടെ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി മാവേലിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിലെ 156.8 സെന്റ് സ്ഥലമാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) നിലവിൽ M/s. KITCO Ltd. എന്ന സ്ഥാപനം സൈറ്റ് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. 14 ജില്ലകളിലെ ഭവന സമുച്ചയങ്ങളുടെ നിർമ്മാണം 2 ഘട്ടങ്ങളിലായിട്ടാണ് തുടങ്ങാൻ തീരുമാനം എടുത്തിട്ടുള്ളത്. അതിൽ ആലപ്പുഴ ജില്ലയിൽ തഴക്കര ഗ്രാമപഞ്ചായത്തിൽ രണ്ടാം ഘട്ടത്തിൽ പ്രവൃത്തി തുടങ്ങുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പ്രൊമോഷൻ നടപടിക്രമങ്ങൾ ദ്രുതഗതിയിലാക്കിയും ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഭവന നിർമ്മാണ പദ്ധതി**

122 (1339) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളുടെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നാദാപുരം മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. നിലവിൽ 6 കോർപ്പറേഷനുകളിൽ 2 കോർപ്പറേഷനുകളും 87 നഗരസഭകളിൽ

8 നഗരസഭകളും 941 ഗ്രാമപഞ്ചായത്തുകളിൽ 3 ഗ്രാമപഞ്ചായത്തുകളും ഗുണഭോക്തൃ പട്ടിക അന്തിമമായി അംഗീകരിക്കാനുണ്ട്.

(ബി) നാദാപുരം നിയോജക മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുബന്ധം* ആയി ചേർക്കുന്നു.

**ലൈഫ് ഭവന പദ്ധതി**

123 (1340) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം തുടങ്ങിയതും എന്നാൽ പാതിവഴിയിൽ നിലച്ചതുമായ വീടുകളുടെ പുനർനിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) ലൈഫ് പദ്ധതിക്ക് ആവശ്യമായ തുക തദ്ദേശസ്ഥാപനങ്ങൾക്ക് വായ്പ നൽകുമോ; ഇക്കാര്യത്തിൽ സർക്കാർ സമീപനം വ്യക്തമാക്കുമോ?

(ഡി) റേഷൻ കാർഡില്ലാത്തതിനാൽ പദ്ധതിയിൽ ഉൾപ്പെടാൻ കഴിയാതെപോയ അഗതികളായ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പൂർത്തീകരിക്കാത്ത 66750 ഭവനങ്ങളിൽ 9448 എണ്ണം പൂർത്തീകരിച്ചു. നിലവിൽ ഭൂമിയുള്ള ഭവനരഹിതരായിട്ടുള്ള ഗുണഭോക്തൃ പട്ടികയിലുള്ള എല്ലാവർക്കും അടുത്ത വർഷം ഭവനം നൽകും. 1034 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 1022 സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ട്. 14 ജില്ലകളിൽ ഭൂമിയില്ലാത്ത ഭവനരഹിതർക്കായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നത് കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളെയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൂർത്തീകരിക്കാത്ത ഭവനങ്ങൾ 2018 മാർച്ച് 31-ന് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിനുപുറമേ വായ്പയായി കണ്ടെത്തി നൽകുന്നതാണ്.

(ഡി) ലൈഫ് മിഷന്റെ മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡ് ഇല്ലെന്ന കാരണത്താൽ ഒഴിവാക്കി പോയിട്ടുള്ളവരുമായ അഗതികളെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ഇവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് താലൂക്ക് സപ്ലൈ ഓഫീസുകളെ ചുമതലപ്പെടുത്തുന്നതിനും ഇത്തരം സന്ദർഭങ്ങളിൽ പ്രത്യേക പരിശോധന നടത്തി തദ്ദേശഭരണ സമിതിയുടെ ശിപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടെ അഗതികളായുള്ളവരെ ഗുണഭോക്തൃ പട്ടികയിൽ ചേർക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റ വീട് സംവിധാനം**

124 (1341) ശ്രീ. പി. ഉബൈദുള്ള :
ഡോ. എം. കെ. മുനീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലൂടെ നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതു സംബന്ധിച്ച് നിലനിൽക്കുന്ന നിയമസാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുപരിഹരിക്കുന്നതു് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ലൈഫ് പദ്ധതിയിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഉണ്ടോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഒറ്റ വീട് സംവിധാനം നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ;

(ഡി) പഞ്ചായത്തുകളിൽ ഇതുമായി ബന്ധപ്പെട്ട അപേക്ഷകൾ ഗുണഭോക്താക്കളിൽനിന്നും സ്വീകരിച്ച് തുടർനടപടി നടത്താൻ നിർദ്ദേശം നൽകുമോ?

## ഉത്തരം

(എ&ബി) തദ്ദേശ സ്വയംഭരണ വകുപ്പിലൂടെ നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം നിലവിൽ ഇരട്ട വീടുകൾ നിർമ്മിക്കുന്നില്ല. എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള ഇരട്ട വീടുകൾ പലതും കാലപ്പഴക്കം കൊണ്ട് വാസയോഗ്യമല്ലാതായ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും കേരള സംസ്ഥാന ഹൗസിംഗ് ബോർഡുമായി ചേർന്നും ഇരട്ടവീടുകൾ ഒറ്റ വീടുകളായി നവീകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിരുന്നു.

(സി) ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിനുള്ള നിർദ്ദേശം ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇരട്ട വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ലൈഫ് മിഷൻ മുഖേന ശേഖരിച്ചുവരികയാണ്. വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## ലൈഫ് പദ്ധതി

125 (1342) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ.മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തീകരിച്ചു; എത്ര ഗുണഭോക്താക്കൾക്ക് ആദ്യ ഘട്ടത്തിൽ വിതരണം ചെയ്തു എന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ലൈഫ് പദ്ധതിയിൽ ഓരോ ജില്ലയിലും കളക്ടർമാർ മുഖേന അപേക്ഷകൾ സ്വീകരിച്ചതിൽ എത്രയെണ്ണം തീർപ്പാക്കി; തീർപ്പാക്കിയത് സംബന്ധിച്ചും, തീർപ്പാക്കാത്തതിന്റെ കാരണം ചൂണ്ടിക്കാട്ടിയും അപേക്ഷകർക്ക് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പദ്ധതിക്കാവശ്യമായ തുക സംബന്ധിച്ചുള്ള അനിശ്ചിതത്വം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ ആദ്യഘട്ടത്തിൽ പൂർത്തീകരിക്കുവാനുള്ള 66750 വീടുകൾ 31-3-2018-ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ സംസ്ഥാനത്ത് ആകെ 9448 ഭവനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഭവനങ്ങളുടെ നിർമ്മാണം അതിവേഗം പുരോഗമിച്ചുവരികയാണ്. 51589 ഗുണഭോക്താക്കൾക്ക് നിർമ്മാണത്തിനായുള്ള ആദ്യഗഡു അഡ്വാൻസായി നൽകിക്കഴിഞ്ഞു. ജില്ലാ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) കളക്ടർമാർ മുഖേന സ്വീകരിച്ച അപേക്ഷയിൽ 23663 പേർ അർഹരാണ് എന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഗുണഭോക്തൃ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സമയപരിധിക്കുള്ളിൽ തന്നെ എല്ലാ അപേക്ഷകളും തീർപ്പാക്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽനിന്നും 20% തുക മിഷൻ പ്രവർത്തനത്തിന് നീക്കിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കി ആവശ്യമുള്ള തുക വായ്പയായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു.

**ലൈഫ് പദ്ധതി**

126 (1343) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതർ, ഭവനരഹിതർ എത്രയാണെന്ന് തരം തിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

(ബി) ഭൂരഹിതരായവർക്കുവേണ്ടി പദ്ധതിയിലേക്ക് കോതമംഗലം മണ്ഡലത്തിൽ എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ ഇവർക്കുവേണ്ടി മണ്ഡലത്തിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ ; വിശദീകരിക്കാമോ ;

(ഡി) ഭൂമി ഏറ്റെടുക്കുന്നതിനും, വീട് നിർമ്മിക്കുന്നതിനുംവേണ്ടി നിലവിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതർ-2412-ഉം ഭൂമിയുള്ള ഭവനരഹിതർ - 1636-മാണ്.

(ബി) ഭൂരഹിതർക്ക് ഭവനസമുച്ചയം നിർമ്മിച്ച് ഭവനയൂണിറ്റുകൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിലേയ്ക്കായി 24.12 ഏക്കർ ഭൂമി ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു.

(സി) ഇല്ല. എന്നാൽ കോതമംഗലം താലൂക്കിൽ ഇതിനായി 3.31 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**ലൈഫ് പദ്ധതി**

127 (1344) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഭൂരഹിത-ഭവനരഹിതരായ കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ലൈഫ് പദ്ധതിയുടെ അന്തിമ ഗുണഭോക്തൃപട്ടിക തയ്യാറാക്കിയിട്ടുണ്ടോ; പട്ടിക പ്രകാരമുള്ള ഭൂരഹിത/ഭവനരഹിതരുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ലൈഫ് പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുകയുണ്ടായി; വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(ഡി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എത്ര ഭൂരഹിത- ഭവനരഹിതരായ കുടുംബങ്ങളെയാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ നടത്തിയ സർവ്വേയിൽ സംസ്ഥാനത്ത് 3.37 ലക്ഷം ഭൂരഹിത ഭവനരഹിതരെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇവരുടെ ജില്ലാടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ലൈഫ് പദ്ധതി പ്രകാരം ഇതുവരെ ആർക്കും ഭൂമി അനുവദിച്ചിട്ടില്ല.

(ഡി) 1734 ഭൂരഹിതരെയും 996 ഭവനരഹിതരെയും ആണ് ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ വിശദാംശം അനുബന്ധം* ആയി ചേർക്കുന്നു.

**ലൈഫ് മിഷൻ പദ്ധതി**

128 (T1345) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രഖ്യാപിച്ച എല്ലാവർക്കും സുരക്ഷിതഭവനം എന്ന പദ്ധതി പ്രകാരം ആരംഭിച്ച ലൈഫ് പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) 2018 മാർച്ച് 31-ന് മുമ്പ് നേരത്തെ വിവിധ പദ്ധതികളിലൂടെ അനുവദിച്ച എത്ര പണിതീരാത്ത വീടുകളുടെ പണി പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിരുന്നത്; അതിൽ ഇതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിച്ചു എന്ന് വെളിപ്പെടുത്താമോ;

(സി) ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യഘട്ടം തന്നെ ലക്ഷ്യം നേടുവാൻ കഴിയാതെ പോയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ലൈഫ് പദ്ധതി ആരംഭിച്ചതോടുകൂടി മറ്റ് ഭവന നിർമ്മാണപദ്ധതികൾ തദ്ദേശഭരണ വകുപ്പ് നിർത്തിവച്ചത് സാധാരണക്കാരുടെ വീടെന്ന സ്വപ്നം സഫലീകരിക്കുന്നതിന് വിലങ്ങ്തടിയായിട്ടില്ലേ; വിശദീകരിക്കുമോ;

(ഇ) പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി തുക വകമാറ്റി ചെലവ് ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തദ്ദേശസ്ഥാപനങ്ങളുടെ മറ്റ് പദ്ധതി ചെലവുകളെ ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിടുന്ന 66750 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ 9448 ഭവനങ്ങൾ പൂർത്തീകരിച്ചു. 1034 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 1022 സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ട്. 14 ജില്ലകളിൽ ഭൂമിയില്ലാത്ത ഭവനരഹിതർക്കായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേയ്ക്കായി ആദ്യ ഘട്ടത്തിൽ ഏറ്റെടുക്കുന്നത് കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളെയാണ്.

(ബി) വിവിധ വകുപ്പുകളിലായി ആനുകൂല്യം ലഭിച്ചതും എന്നാൽ പൂർത്തീകരിക്കാത്തതുമായ 66750 ഭവനങ്ങളുടെ പൂർത്തീകരണമാണ് ലൈഫ് മിഷൻ ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിൽ 9448 ഭവനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കി മുഴുവൻ ഭവനങ്ങളുടെയും നിർമ്മാണം പുരോഗമിക്കുകയാണ്.

(സി) ലൈഫിന്റെ ആദ്യ ഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആയത് 2018 മാർച്ച് 31-നകം പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ലൈഫ് പദ്ധതി ആരംഭിച്ചത് സാധാരണക്കാരുടെ ഭവനമെന്ന സ്വപ്നം സഫലീകരിക്കുന്നതിന് വിലങ്ങുതടിയായിട്ടില്ല. മറിച്ച് ഭവനരഹിതരായ എല്ലാവർക്കും ഭവനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(ഇ) പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാൻ കഴിയാത്ത പദ്ധതി തുക വിനിയോഗിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ആകയാൽ ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മറ്റ് പദ്ധതി ചെലവുകളെ ബാധിക്കുകയില്ല.

**ലൈഫ് മിഷൻ പദ്ധതി**

129 (1346) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ ഉൾപ്പെട്ട മൂത്തേടം കരുളായി, വഴിക്കടവ്, പോത്തുകല്ല്, ചുങ്കത്തറ, എടക്കര, അമരമ്പലം എന്നീ പഞ്ചായത്തുകളിലും നിലമ്പൂർ

മുനിസിപ്പാലിറ്റിയിലും ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ അർഹരായി തെരെഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എടുത്ത മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച പഞ്ചായത്തുകളിൽ അർഹതയുണ്ടായിട്ടും പട്ടികയിൽ ഇടം ലഭിച്ചില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചത്; പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് എന്ന് മുതൽ ധനസഹായം ലഭ്യമാകും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ )

| പഞ്ചായത്തിന്റെ പേര് | ലഭിച്ച അപേക്ഷകളുടെ എണ്ണം | അർഹരായവരുടെ എണ്ണം |
|---|---|---|
| മൂത്തേടം | 604 | 290 |
| കരുളായി | 459 | 234 |
| വഴിക്കടവ് | 1976 | 1005 |
| പോത്തുകല്ല് | 563 | 359 |
| എടക്കര | 1074 | 794 |
| അമരമ്പലം | 789 | 342 |
| ചുങ്കത്തറ | 1719 | 521 |

നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ ആകെ 288 പേരെ അർഹരായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ, അഗതികൾ, അംഗവൈകല്യമുള്ളവർ, ഭിന്നലിംഗക്കാർ, ഗുരുതര/ മാരകരോഗമുള്ളവർ, അവിവാഹിതരായ അമ്മമാർ, രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ, വിധവകൾ, എച്ച്.ഐ.വി. ബാധിതർ തുടങ്ങിയവർ അംഗങ്ങളായുള്ള കുടുംബങ്ങൾ എന്നീ ക്ലേശ ഘടകങ്ങളുടെ മുൻഗണനാക്രമം അടിസ്ഥാനമാക്കി ഭവനരഹിത/ഭൂരഹിത ഭവന രഹിതരെ കണ്ടെത്തിയതിന് ശേഷം താഴെപ്പറയുന്ന അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നു.

ഭൂരഹിത ഭവനരഹിതർ

- സ്വന്തമായി/കുടുംബാംഗങ്ങളുടെ പേരിൽ വസ്തു ഇല്ലാത്തവർ/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാൻ സാദ്ധ്യത ഇല്ലാത്തവർ
- റേഷൻ കാർഡ് ഉള്ള കുടുംബം. (ഒരു റേഷൻ കാർഡിന് ഒരു ഭവനം)
- കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെയുള്ളവർ
- സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/ പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല.
- സ്വകാര്യ ആവശ്യത്തിന് നാലുചക്ര വാഹനം ഉണ്ടാകാൻ പാടില്ല.
- അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ അർഹരല്ല.

ഭൂമിയുള്ള ഭവനരഹിതർ

- സ്വന്തമായോ കുടുംബാംഗങ്ങളുടെയോ പേരിൽ ഭവനം ഇല്ലാത്തവർ/പരമ്പരാഗതമായി ഭവനം കൈമാറി കിട്ടാൻ സാദ്ധ്യതയില്ലാത്തവർ
- റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)
- സ്വന്തമായി വസ്തു ഉള്ളവർ (നഗരങ്ങളിൽ 5 സെന്റിൽ താഴെയും ഗ്രാമങ്ങളിൽ 25 സെന്റിൽ താഴെയും ഭൂമി ഉള്ളവർ മാത്രം) പട്ടികവർഗ്ഗക്കാർക്ക് ബാധകമല്ല.
- കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെയുള്ളവർ
- സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാസ്ഥാപനങ്ങളിലെജീവനക്കാർ/ പെൻഷൻ വാങ്ങുന്നവരുള്ള കുടുംബം ആകാൻ പാടില്ല
- സ്വകാര്യ ആവശ്യത്തിന് നാലുചക്രവാഹനം ഉണ്ടാകാൻ പാടില്ല.

(സി) ഇല്ല. 2018 ഏപ്രിൽ 1 മുതൽ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും ഭവനം നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

## ലൈഫ് മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ പാർപ്പിട പദ്ധതി

130 (T1347) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി, വീടില്ലാത്തവരുടെ സർവ്വേ പൂർത്തിയായിട്ടുണ്ടോ;

(ബി) ആറന്മുള നിയോജകമണ്ഡലത്തിലെ വീടില്ലാത്തവരുടെ പട്ടിക പൂർണ്ണമായി ലഭ്യമാണോ;എങ്കിൽ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(സി) ഫ്ലാറ്റ് നിർമ്മാണത്തിന് കുറഞ്ഞത് എത്ര സെന്റ് സ്ഥലമാണ് പദ്ധതി പ്രകാരം ആവശ്യമായിട്ടുള്ളത്; കുറഞ്ഞത് എത്ര കുടുംബങ്ങളെയാണ് ഒരു ഫ്ലാറ്റിൽ താമസിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) ലഭ്യമാണ്. പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(സി) ഫ്ലാറ്റ് നിർമ്മാണത്തിന് കുറഞ്ഞത് 50 സെന്റ് സ്ഥലമാണ് ആവശ്യമായിട്ടുള്ളത്. സ്ഥലത്തിന്റെ അളവിനനുസരിച്ചാണ് കുടുംബങ്ങളുടെ എണ്ണം നിശ്ചയിക്കുന്നത്.

## ലൈഫ് ഭവന പദ്ധതി

131 (1348) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ തുടക്കമിട്ട "ലൈഫ് ഭവനപദ്ധതി"യുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതുപ്രകാരം കേരളത്തിലെ വിവിധ ജില്ലകളിൽ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന മാനദണ്ഡം എന്തെന്ന് വിശദമാക്കുമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇതുപ്രകാരം കേരളത്തിൽ എത്ര ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) ഇങ്ങനെ നിർമ്മിക്കുന്ന വീടുകളുടെ ചെലവ് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ടി പദ്ധതിയിൽ പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 28-9-2016-ലെ സ.ഉ.(പി) നമ്പർ 41/2016/ആ.സാ.വ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകളിൽ ഒന്നാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹ്യ പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹ്യക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പാക്കുക. സ്ഥലമുള്ള എല്ലാവർക്കും സാമ്പത്തിക സഹായം നൽകി ഗുണഭോക്താവ് നേരിട്ടോ ഏജൻസി മുഖേനയോ നിർമ്മാണം നടത്തുകയും ഭൂരഹിതർക്ക് എല്ലാവിധ സാമൂഹിക/പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടും കൂടിയ ഭവന സമുച്ചയം/ക്ലസ്റ്ററുകൾ നിർമ്മിച്ചുനൽകുകയുമാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഹ അദ്ധ്യക്ഷനുമായ സംസ്ഥാനതല ലൈഫ് മിഷൻ രൂപീകരിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനവും പദ്ധതിയുടെ ആകെയുള്ള വിലയിരുത്തലും ലൈഫ് മിഷനാണ് നടത്തുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ മുൻ ഭവന പദ്ധതികളിൽ ഉൾപ്പെട്ട് പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

(ബി) ലൈഫ് മിഷന്റെ ആദ്യഘട്ടത്തിൽ വിവിധ പദ്ധതികളിലായി ആനുകൂല്യം ലഭ്യമാക്കിയിട്ടും പൂർത്തികരിക്കാൻ കഴിയാത്ത 66750 ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടത്. ഇതിൽ നാളിതുവരെ 9448 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി മുഴുവൻ ഭവനങ്ങളും 2018 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

(സി) ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്:

- ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്.
- സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് 5 സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ് (പട്ടികവർഗ്ഗത്തിന് ബാധകമല്ല).
- ഉപജീവനതൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ, അഗതികൾ, അംഗവൈകല്യമുള്ളവർ, ഭിന്നലിംഗക്കാർ, ഗുരുതര/മാരക രോഗമുള്ളവർ, അവിവാഹിതരായ അമ്മമാർ, രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ, വിധവകൾ, എച്ച്.ഐ.വി. ബാധിതർ തുടങ്ങിയവർ അംഗങ്ങളായുള്ള കുടുംബങ്ങൾ എന്നീ ക്ലേശഘടകങ്ങളുടെ മുൻഗണനാക്രമം അടിസ്ഥാനമാക്കി ഭവനരഹിത/ഭൂരഹിത ഭവനരഹിതരുടെ പട്ടിക തയ്യാറാക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഗുണഭോക്താക്കളുടെ പട്ടിക അനുബന്ധം* ആയി ഉള്ളടക്കം ചെയ്യുന്നു.

(ഇ) ജനറൽ, പട്ടികജാതി എന്നീ വിഭാഗങ്ങളുടെ വീടുകൾക്ക് യൂണിറ്റ് കോസ്റ്റായ 4 ലക്ഷം രൂപയുടെ ആനുപാതിക തുകയും പട്ടികവർഗ്ഗ വിഭാഗത്തിന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയുമാണ് പൂർത്തീകരണത്തിനായി അനുവദിച്ചിട്ടുള്ളത്. ചെലവ് വിവരം പൂർത്തീകരണത്തിന് ശേഷം മാത്രമേ ലഭ്യമാകുകയുള്ളു.

(എഫ്) അടുത്ത സാമ്പത്തിക വർഷം ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും വീട് നൽകാനാണ് ഉദ്ദേശിക്കുന്നത്.

## ലൈഫ് മിഷൻ പദ്ധതി

132 (1349) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിലേക്കായി അരൂർ നിയോജക മണ്ഡലത്തിൽ നിന്നും ഏറ്റെടുത്തിട്ടുള്ള ഭൂമി എത്രയാണ്; ടി ഭൂമിയിൽ വീട് വയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ പഞ്ചായത്ത് തിരിച്ച് എത്ര വീടുകൾ നിർമ്മിച്ചു നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത് വ്യക്തമാക്കാമോ?

### <u>ഉത്തരം</u>

(എ) ലൈഫ് മിഷൻ പദ്ധതിക്കായി അരൂർ നിയോജക മണ്ഡലത്തിൽനിന്നും 58 സെന്റ് ഭൂമിയാണ് കണ്ടെത്തിയത്. എന്നാൽ അത് ഭവന സമുച്ചയം നിർമ്മിക്കാൻ പൂർണ്ണമായും അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. മറ്റ് നടപടികൾ ആയിട്ടില്ല.

(ബി) അരൂർ നിയോജക മണ്ഡലത്തിൽ 3993 പേർക്ക് വീട് നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ലൈഫ് മിഷനിലെ ഫ്ലാറ്റ് നിർമ്മാണം**

133 (T1350) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനിൽ ഫ്ലാറ്റുകൾ നിർമ്മിക്കാൻ സർക്കാർ ഏജൻസികൾക്ക് പുറമെ സ്വകാര്യ ഏജൻസികൾക്കും ചുമതല നൽകിയിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്വകാര്യ ഏജൻസികൾക്കാണ് ചുമതല നൽകിയിട്ടുള്ളതെന്നും ഏതെല്ലാം സ്ഥലങ്ങളിലാണ് ഫ്ലാറ്റ് നിർമ്മിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സർക്കാർ ഏജൻസികൾക്കാണ് ചുമതല നൽകിയിട്ടുള്ളതെന്നും എതെല്ലാം സ്ഥലങ്ങളിലാണ് ഫ്ലാറ്റ് നിർമ്മിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ലൈഫ് മിഷൻ മുഖേന ഭവനസമുച്ചയങ്ങൾ/ക്ലസ്റ്ററുകൾ നിർമ്മിക്കുന്നതിന് ജില്ലാ കളക്ടർമാർ കണ്ടെത്തിയ ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നത്.

(സി) ഓപ്പൺ ടെണ്ടർ പ്രകാരം സർക്കാർ/സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ലൈഫ് മിഷൻ മുഖേന ഭവനസമുച്ചയങ്ങൾ/ക്ലസ്റ്ററുകൾ നിർമ്മിക്കുന്നതിന് ജില്ലാ കളക്ടർമാർ കണ്ടെത്തിയ ഭൂമിയെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### കണ്ണൂർ ജില്ലയിൽ ലൈഫ് പദ്ധതി പ്രകാരം വീട്

134 (1351) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര പേരാണ് സർവ്വെ പ്രകാരം കണ്ണൂർ ജില്ലയിൽ ഭവന രഹിതരായിട്ടുള്ളത് ; ഈ വർഷം എത്ര പേർക്ക് വീട് നിർമ്മിച്ചു നൽകും ;

(ബി) എത്ര ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ സർവ്വേ പ്രകാരം ആകെ 13111 ഭവനരഹിതരായ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. 2018-19-ൽ ഭൂമിയുള്ള ഭവനരഹിതരായ 4679 പേർക്ക് വീട് നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ആദ്യഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ളതിൽ 390 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

### നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഭവനരഹിതർ

135 (1352) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് മിഷന്റെ ഭാഗമായി നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര ഭവന രഹിതരുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ആകെ 5958 ഭവനരഹിതരെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 3521 കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരും 2437 കുടുംബങ്ങൾ ഭൂമിയുള്ള ഭവനരഹിതരുമാണ്.

### പ്രധാനമന്ത്രി ആവാസ് യോജന

136 (1353) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര

വീടുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; അതിൽ 2018-19-ൽ എത്ര വീടുകൾ പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഗുണഭോക്താക്കളെ എപ്രകാരമാണ് തെരഞ്ഞെടുക്കുന്നത്;

(സി) ഭിന്നശേഷിക്കാർക്ക് ഈ പദ്ധതിയിൻകീഴിൽ വീടുകൾ സംവരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പി.എം.എ.വൈ.(ജി) പദ്ധതി പ്രകാരം 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാനത്ത് 42431 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയാണ് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത്. 2018-19 വർഷം സംസ്ഥാനത്ത് വീടുകളൊന്നും അനുവദിച്ചിട്ടില്ല.

പ്രധാനമന്ത്രി ആവാസ് യോജന (Urban).

'എല്ലാവർക്കും ഭവനം' പദ്ധതി പ്രകാരം സംസ്ഥാനത്ത് ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണത്തിൽ 80000 ഭവനങ്ങൾക്കും ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിൽ 10000 ഭവനങ്ങൾക്കും അനുവാദം നൽകുന്നതിന് ലക്ഷ്യമിടുന്നു. ഇതിൽ 2018-19 കാലയളവിൽ 30000 വീടുകൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ ഭവനരഹിതരായി ഉൾപ്പെട്ടിട്ടുള്ളവരിൽ താഴെപ്പറയുന്നവരെ ഒഴിവാക്കൽ പ്രക്രിയയിലൂടെ ഒഴിവാക്കിക്കൊണ്ടാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത്.

1. യന്ത്രവൽക്യത രണ്ടുചക്ര/മൂന്നുചക്ര/നാലുചക്ര വാഹനമോ യന്ത്രവൽക്യത മീൻ പിടുത്ത യാനങ്ങളോ ഉള്ളവർ

2. യന്ത്രവൽക്യത മൂന്നുചക്ര/നാലുചക്ര കാർഷിക ഉപകരണങ്ങൾ ഉള്ളവർ

3. 50,000 രൂപയോ അതിൽ കൂടുതലോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡുള്ളവർ

4. സർക്കാർ ജീവനക്കാർ ഉള്ള കുടുംബം

5. സർക്കാർ കാർഷികേതര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ

6. പ്രതിമാസം 10,000 രൂപയിൽ കൂടുതൽ നേടുന്ന ഏതെങ്കിലും അംഗങ്ങളുള്ള കുടുംബങ്ങൾ

7. തൊഴിൽ നികുതി നൽകുന്നവർ ഉള്ള കുടുംബം

8. റെഫ്രിജറേറ്റർ ഉള്ള കുടുംബം

9. ലാൻഡ് ലൈൻ ഫോൺ ഉള്ള കുടുംബം

10. സ്വന്തമായി ഏതെങ്കിലും ജലസേചന ഉപകരണമുള്ള രണ്ടര ഏക്കറോ അതിൽ കൂടുതലോ ജലസേചന സൗകര്യം ഉള്ള ഭൂമിയുള്ള കുടുംബം

11. രണ്ടോ അതിലധികമോ കാലഘട്ടത്തിൽ വിളവെടുക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ജലസേചന ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടുംബം

12. ഏഴര ഏക്കറോ അതിലധികമോ ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടുംബം.

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം ഇപ്പോൾ രണ്ട് ഘടകങ്ങൾ മാത്രമാണ് കേരളത്തിൽ നടപ്പിലാക്കിവരുന്നത്.

1. സ്വന്തമായി നഗരപ്രദേശത്ത് 1 സെന്റ് എങ്കിലും സ്ഥലമുള്ളവർക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്ന ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണം

<u>മാനദണ്ഡങ്ങൾ</u>

1. നഗര പ്രദേശത്ത് സ്ഥിരമായി 3 വർഷക്കാലമായി കുടുംബമായി താമസിക്കുന്നവർ
2. വാർഷിക കുടുംബ വരുമാനം 3 ലക്ഷത്തിന് താഴെയുള്ളവർ
3. സ്വന്തമായി സ്ഥലമുള്ളവർ
4. ഭാരതത്തിൽ ഒരിടത്തും സ്വന്തമായി ഭവനമില്ലാത്തവർ.

ഇതുകൂടാതെ ഭവന വിപുലീകരണത്തിനും നിബന്ധനകൾക്ക് വിധേയമായി പി.എം.എ.വൈ. പദ്ധതി പ്രകാരം ധനസഹായം അനുവദിക്കാവുന്നതാണ്. വാർഡ് സഭ മുഖേന തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

2. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം (സി.എൽ.എസ്.എസ്.)

മാനദണ്ഡങ്ങൾ

1. ഇന്ത്യയിൽ ഒരിടത്തും സ്വന്തമായി ഭവനം ഇല്ലാത്ത കുടുംബം
2. കുറഞ്ഞത് മൂന്നുവർഷമായി നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബമായിരിക്കണം.

ഇത്തരത്തിൽ മാനദണ്ഡം പാലിക്കുന്ന കുടുംബങ്ങൾക്ക് ബാങ്കുകൾ മുഖേന ഭവന നിർമ്മാണത്തിന് പലിശ സബ്സിഡിയോടുകൂടി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി വായ്പ നൽകുന്നു.

| വിഭാഗം | വാർഷിക വരുമാന പരിധി | അനുവദനീയമായ കാർപ്പെറ്റ് ഏരിയ | പലിശ സബ്സിഡി ലഭ്യമാകുന്ന പരമാവധി വായ്പ തുക | പലിശ സബ്സിഡി (%) |
|---|---|---|---|---|
| EWS- സാമ്പത്തിക പിന്നോക്ക വിഭാഗം | 3 ലക്ഷം | 60 ച.മീ | 6 ലക്ഷം | 6.5% |
| LIG താഴ്ന്ന വരുമാന വിഭാഗം | 3-6 ലക്ഷം | 60 ച.മീ | 6 ലക്ഷം | 6.5% |
| MIG-1 ഇടത്തരം വരുമാന വിഭാഗം | 6-12 ലക്ഷം | 120 ച.മീ | 9 ലക്ഷം | 4% |
| MIG-2 ഇടത്തരം വരുമാന വിഭാഗം | 12-18 ലക്ഷം | 150 ച.മീ | 12 ലക്ഷം | 3% |

ഇത്തരത്തിലുള്ള ഗുണഭോക്താക്കളിൽ ബാങ്ക് നിഷ്കർഷിക്കുന്ന രേഖകൾ ഹാജരാക്കാൻ കഴിയുന്ന എല്ലാവർക്കും കുറഞ്ഞ പലിശ നിരക്കിൽ ഭവനം നിർമ്മിക്കുന്നതിനും വാങ്ങിക്കുന്നതിനും ബാങ്കിൽനിന്നും വായ്പ ലഭിക്കുന്നതാണ്. വായ്പകളുടെ തിരിച്ചടവ് കാലാവധി പരമാവധി 20 വർഷമായിരിക്കും. പദ്ധതി ഗുണഭോക്താക്കൾക്ക് പലിശ സബ്സിഡിക്ക് അർഹതയുള്ള തുകയിൽ കൂടുതൽ ബാങ്കിൽനിന്ന് വായ്പയെടുക്കാവുന്നതാണ്. എന്നാൽ കൂടുതലായി എടുക്കുന്ന തുകയ്ക്ക് പലിശ സബ്സിഡി ലഭിക്കുന്നതല്ല.

(സി) പി.എം.എ.വൈ. (ജി) പദ്ധതിയിൽ ഭൗതിക ലക്ഷ്യത്തിന്റെ മൂന്ന് ശതമാനം വീടുകൾ ഭിന്നശേഷിക്കാർക്ക് അനുവദിക്കുന്നു.

പി.എം.എ.വൈ. (നഗരം) പദ്ധതിയിൽ പ്രത്യേകമായി വീടുകൾ സംവരണം ചെയ്തിട്ടില്ല. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ ഭിന്നശേഷിക്കാർ അംഗങ്ങളായിട്ടുള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതിനായി നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന്റെ പ്രവർത്തനം

137 (1354) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ ആരോഗ്യവിഭാഗത്തിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഹോട്ടലുകളിൽ വൃത്തിഹീനമായ അന്തരീക്ഷത്തിൽ പാചകം ചെയ്യുന്നതുമൂലവും പഴകിയ ആഹാരസാധനങ്ങൾ വിൽക്കുന്നതുമൂലവും ഭക്ഷ്യവിഷബാധയുള്ള സാഹചര്യം നിലനിൽക്കുന്നത് തടയുന്നതിന് നഗരസഭ ആരോഗ്യവിഭാഗം നടത്തുന്ന പ്രവർത്തനം വിശദീകരിക്കുമോ; പ്രസ്തുത പ്രവർത്തനം കാര്യക്ഷമമാണോ;

(സി) പല നഗരസഭകളിലും ആവശ്യമായ ഉദ്യോഗസ്ഥരുടെ കുറവ് ഈ പ്രവർത്തനത്തെ പുറകോട്ടടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ശുചീകരണ പ്രവർത്തനങ്ങൾ യഥാസമയം നടക്കാത്തതുമൂലം പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടാനുള്ള സാഹചര്യം പല നഗരസഭകളിലും നിലനിൽക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരോഗ്യ വിഭാഗത്തിന്റെ ഇക്കാര്യത്തിലുള്ള ഇടപെടൽ കൂടുതൽ ഊർജ്ജിതമാക്കുമോ?

ഉത്തരം

(എ) അവലോകനം ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വിഭാഗം ജീവനക്കാരെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്നത് ഒഴിവാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ ആരോഗ്യ വിഭാഗം ജീവനക്കാർക്ക് ആരോഗ്യ വകുപ്പുമായി ചേർന്ന് ആവശ്യമായ പരിശീലനം നൽകുന്നതിനും ജില്ലാ തലത്തിൽ പരിശീലനം ലഭിക്കുന്നവരെ ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിൽ മറ്റ് ആരോഗ്യ വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) നഗരസഭകളിലെ ആരോഗ്യ വിഭാഗം ജീവനക്കാർ ആഹാരസാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ട്. കടയ്ക്ക് ഡി&ഒ ലൈസൻസ് ഉണ്ടോ എന്നും കടയിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഉണ്ടോയെന്നും പരിശോധിക്കാറുണ്ട്. വൃത്തിഹീനമായ ചുറ്റുപാടിലാണോ ആഹാരം പാകം ചെയ്യുന്നത്, പഴയ ആഹാര സാധനങ്ങൾ വിൽപ്പന നടത്താറുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് നഗരസഭാ ആരോഗ്യ വിഭാഗം പ്രധാനമായും പരിശോധിക്കുന്നത്. ടി പരിശോധനയിൽ വീഴ്ചകാണുന്നപക്ഷം കടയുടമസ്ഥന് നോട്ടീസ് നൽകുകയും തുടർന്ന് കേരള മുനിസിപ്പാലിറ്റി ആക്ട് 532, 533, 534 പ്രകാരം പിഴ ഈടാക്കുന്നതിനും കട അടച്ചുപൂട്ടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് 447, 477 എന്നിവ പ്രകാരം കട പരിശോധിക്കുന്നതിനും 479 പ്രകാരം പഴകിയ ആഹാര സാധനങ്ങൾ പിടിച്ചെടുക്കുവാനുള്ള അധികാരവും 481 പ്രകാരം പഴകിയ സാധനങ്ങൾ പിടിച്ചെടുത്തത് നശിപ്പിക്കുവാനുള്ള അധികാരവുമുണ്ട്. കൂടാതെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 334(എ) പ്രകാരം ഉറവിടത്തിൽ മാലിന്യ സംസ്കരണ സംവിധാനം ഉണ്ടോ എന്നും ഉറപ്പുവരുത്താറുണ്ട്.

(സി) നഗരസഭകളുടെ ആരോഗ്യ വിഭാഗം ജീവനക്കാരുടെ അനുവദിച്ചിട്ടുള്ള തസ്തികയിൽ യഥാസമയം ജീവനക്കാരെ നിയമിച്ച് ആരോഗ്യ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി മുന്നോട്ട് കൊണ്ടുപോകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ കാലങ്ങളിൽ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ട സാഹചര്യം പരിഗണിച്ച് പകർച്ചവ്യാധി പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ വിഭാഗം ജീവനക്കാരെയും കുടുംബശ്രീ/സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും സംയുക്തമായി 'ആരോഗ്യ ജാഗ്രത' എന്ന പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഭാഗമായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ശംഖുംമുഖത്തെ തെക്കേ കൊട്ടാരത്തിൽ ആർട്ട് ഗാലറി

138 (1355) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ശംഖുംമുഖത്തെ തെക്കേ കൊട്ടാരത്തിൽ ആർട്ട് ഗാലറി സ്ഥാപിക്കുവാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പദ്ധതിക്ക് എന്ത് ചെലവ് വരുമെന്നും അത് എന്നത്തേക്ക് പ്രാവർത്തികമാക്കുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇരുപത് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2018 ഏപ്രിലിൽ ആർട്ട് ഗ്യാലറി പ്രവർത്തനം ആരംഭിക്കും.

**പയ്യന്നൂർ നഗരസഭയിലെ തസ്തികകൾ**

139 (1356) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ഗ്രേഡ് നഗരസഭയ്ക്ക് ആവശ്യമായ തസ്തികകൾ പയ്യന്നൂർ നഗരസഭയ്ക്ക് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നടപടികൾ ഏത് വരെ ആയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ഷോപ്പിംഗ് കോംപ്ലക്സ്**

140 (1357) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ബ്ലോക്ക് ഓഫീസ് കോംപൗണ്ടിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോംപ്ലക്സിന് പഞ്ചായത്ത് നമ്പർ നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത കോംപ്ലക്സ് ലേലം ചെയ്ത് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് ലേലത്തിൽ എടുത്തത്; ഇവർ എത്ര തുക അടച്ചിട്ടുണ്ട്; വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ലേലത്തിൽ എടുത്തവർക്ക് കെട്ടിടം കരാർ വച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സിവിൽ പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുള്ള ടി കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | മുറികളുടെ എണ്ണം | അടച്ച തുക | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|
| 1 | ശ്രീ. കെ. പി. നാരായണൻ | 2 | 2,41,050 | ആകെ തുകയുടെ 10% |
| 2 | ശ്രീ. സി. ഹസ്സൻ | 2 | 1,84,500 | |
| 3 | ശ്രീ. അലിയ്യി കെ. എം. | 1 | 1,20,500 | |
| 4 | ശ്രീമതി സജിത പി. പി. | 1 | 60,500 | |
| 5 | ശ്രീ. ഉമ്മർ വെള്ളാലശ്ശേരി | 1 | 1,20,500 | |
| 6 | ശ്രീ. വിഷ്ണുകുമാർ | 1 | 50,500 | |
| 7 | ശ്രീ. വേണുഗോപാലൻ എം. കെ. | 1 | 2,87,500 | ആകെ തുകയുടെ 10% |

(ഡി) ലേലം കൊണ്ടിട്ടുള്ളവർക്ക് കരാർ വച്ച് മുറികൾ കൈമാറി നൽകിയിട്ടില്ല. കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച് ലേലക്കാർക്ക് കൈമാറുന്ന സമയത്ത് കരാർ ഉടമ്പടി വയ്ക്കാവുന്നതാണ്.

## ദീൻ ദയാൽ ഉപാദ്ധ്യായ അന്ത്യോദയ യോജന (ദേശീയ ഗ്രാമീണ ഉപജീവൻ മിഷൻ)

141 (1358) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീൻ ദയാൽ ഉപാദ്ധ്യായ അന്ത്യോദയ യോജന മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണ്; വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്കായി 2017-18-ൽ കേന്ദ്രവിഹിതമായി എത്ര തുക ലഭിച്ചു എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉപഘടകങ്ങൾ ഏതൊക്കെയാണ്; ഇതിലൂടെ എത്രപേർക്ക് 2017-18-ൽ സാമ്പത്തിക സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദീൻ ദയാൽ അന്ത്യോദയ യോജന – നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ എന്ന പദ്ധതിയുടെ സംസ്ഥാന നിർവ്വഹണ ഏജൻസി കുടുംബശ്രീയാണ്. പാവപ്പെട്ട സ്ത്രീകളെ കണ്ടെത്തി അവരുടെ സാമൂഹ്യ സംഘടനകൾ സ്ഥാപിച്ച് സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുകയാണ് കുടുംബശ്രീ എൻ.ആർ.എൽ.എം. പദ്ധതിയിലൂടെ ചെയ്യുന്നത്. താഴെപ്പറയുന്ന നാല് തരം പ്രവർത്തനങ്ങളാണ് എൻ.ആർ.എംഎൽ. പദ്ധതിയിൽ നടപ്പിലാക്കുന്നത്.

1. <u>സാമൂഹ്യസംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ</u>: വിവിധ പരിശീലന പരിപാടികൾ അയൽക്കൂട്ടം/എ.ഡി.എസ്./സി.ഡി.എസ്. ഭാരവാഹികൾക്കും അംഗങ്ങൾക്കുമായി ആവിഷ്കരിച്ച് സംഘടനാ സംവിധാനം ശക്തിപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

2. <u>സാമ്പത്തിക ഉൾപ്പെടുത്തൽ</u>: വീട്ടുമുറ്റത്തെ ബാങ്ക് എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങളുടെ വിവിധ സാമ്പത്തിക ആവശ്യങ്ങൾക്ക് സാമൂഹ്യസംവിധാനത്തിൽ നിന്നുതന്നെ പരിഹാരം കണ്ടെത്തുവാൻ സംഘടനയെ ശക്തിപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങൾക്കും എ.ഡി.എസ്.-നും റിവോൾവിംഗ് ഫണ്ട്, വൾനറബിലിറ്റി ഫണ്ട് തുടങ്ങിയ ഫണ്ടുകൾ നൽകുന്നു.

3. <u>ഉപജീവന വികസനം</u>: കാർഷിക-കാർഷികേതര മേഖലകളിൽ സംരംഭകർക്ക് പരിശീലനവും സംരംഭങ്ങൾ ആരംഭിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കുറഞ്ഞ നിരക്കിൽ സാമൂഹ്യ സംവിധാനത്തിൽ നിന്നുതന്നെ ലഘുവായ്പയുമാണ് ഉപജീവന വികസനത്തിന്റെ ഭാഗമായി അംഗങ്ങൾക്ക് നൽകുന്നത്.

4. <u>സാമൂഹ്യ ഉൾപ്പെടുത്തൽ</u>: സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി കുടുംബശ്രീ സാമൂഹ്യ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരികയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

പ്രധാനമായും ദാരിദ്ര്യം ഏറ്റവും അധികം അനുഭവപ്പെടുന്ന സ്ഥലങ്ങൾ കണ്ടെത്തി പ്രസ്തുത പഞ്ചായത്തിന്റെയോ ബ്ലോക്കിന്റെയോ വികസനം (ഉദാ: അട്ടപ്പാടി, ആറളം ഫാം) ഇതിലൂടെ നടപ്പിലാക്കുന്നു. പട്ടികവർഗ്ഗക്കാർ, അംഗവൈകല്യമുള്ളവർ, മുതിർന്നവർ, ഭിന്നലിംഗക്കാർ തുടങ്ങിയവരുടെ ഇടയിലുള്ള പ്രവർത്തനവും എൻ.ആർ.എൽ.എം.-ന്റെ ഭാഗമായി ചെയ്തുവരുന്നു.

(ബി) 2017-18-ൽ 42.22 കോടി രൂപയാണ് കേന്ദ്ര സർക്കാരിൽനിന്ന് എൻ.ആർ.എൽ.എം. പദ്ധതിക്കായി ലഭിച്ചത്.

(സി) സാമൂഹ്യ സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ (Institution and Capacity Building), സാമ്പത്തിക ഉൾപ്പെടുത്തൽ (Financial Inclusion), സാമൂഹ്യ ഉൾപ്പെടുത്തൽ (Social Inclusion), ഉപജീവന വികസനം (Livelihoods) എന്നിവയാണ് ഈ പദ്ധതിയുടെ ഉപഘടകങ്ങൾ.

അയൽക്കൂട്ട അംഗങ്ങൾ മുതൽ പഞ്ചായത്ത് ഭാരവാഹികൾ വരെയുള്ളവർക്ക് പരിശീലനം നൽകി സംഘടനാ സംവിധാനം ശക്തിപ്പെടുത്തുക, സാമ്പത്തിക സാക്ഷരതാ ക്യാമ്പയിൻ സംഘടിപ്പിച്ച് ബാങ്ക് ലിങ്കേജ് ശക്തമാക്കുക, കുടുംബശ്രീ അംഗങ്ങളുടെ സംരംഭക വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനായി വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകുക, പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങൾക്കും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും പ്രത്യേക ഊന്നൽ നൽകി ശാക്തീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നേരിട്ടുള്ള സാമ്പത്തിക സഹായത്തിനുപരിയായി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ മുഖേന നടത്തിവരുന്നത്. ഈ സാമ്പത്തികവർഷം ഒന്നേകാൽ ലക്ഷത്തോളം അയൽക്കൂട്ട അംഗങ്ങൾക്ക് ഇന്ററസ്റ്റ് സബ്‌വെൻഷനായി നാളിതുവരെ 133 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. 1012 സംരംഭകർക്ക് സി.ഡി.എസ്. മുഖാന്തരം വായ്പ അനുവദിച്ചിതിനുപുറമേ 1.8 കോടി രൂപ ചെലവിൽ 5015 സംരംഭകർക്ക് ഈ പദ്ധതി പ്രകാരം തൊഴിൽ പരിശീലനവും നൽകിയിട്ടുണ്ട്.

**നവകേരള മിഷൻ ആസൂത്രണം ചെയ്ത കർമ്മ പദ്ധതികൾ**

142 (1359) ശ്രീ. പി. ഉണ്ണി :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള മിഷൻ ആസൂത്രണം ചെയ്ത വിവിധ കർമ്മപദ്ധതികൾ

നടപ്പാക്കുന്നതിലൂടെ ലഭ്യമാകുന്ന തൊഴിലവസരങ്ങൾ കുടുംബശ്രീ അയൽക്കൂട്ട വനിതകൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിൽ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ജൈവകൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും ലൈഫ് പദ്ധതിയുടെ സർവ്വേ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും കുടുംബശ്രീക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ ) നവകേരളം കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു വികസന മിഷനായ ഹരിത കേരളം മിഷന്റെ ഉപമിഷനായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമായ ഹരിതകർമ്മസേനയായി കുടുംബശ്രീ യൂണിറ്റുകൾക്കുകൂടി പ്രവർത്തിക്കാനും തൊഴിലവസരങ്ങൾ ലഭ്യമാക്കാനും കഴിയുന്ന തരത്തിലാണ് മാർഗ്ഗരേഖയിൽ ഹരിത കർമ്മസേന പ്രവർത്തനം വിഭാവന ചെയ്തിട്ടുള്ളത്.

(ബി) കുടുംബശ്രീയുടെ നേതൃത്വത്തിൽ നിലവിൽ 52000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു. കുടുംബശ്രീ യൂണിറ്റുകൾ പാട്ടത്തിനെടുത്താണ് കൃഷി ചെയ്തുവരുന്നത്. വിഷവിമുക്ത കൃഷിയാണ് പ്രധാനമായും ചെയ്യുന്നത്. വരുന്നവർഷം 10000 ഹെക്ടർ സ്ഥലത്തേയ്ക്കുകൂടി വിഷവിമുക്ത കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കുടുംബശ്രീ ഇതിനകം ഭാഗഭാക്കായിട്ടുണ്ട്. ഹരിത കർമ്മസേന രൂപീകരണം ഇതിനൊരു ഉത്തമ ഉദാഹരണമാണ്. ലൈഫ് പദ്ധതിയുടെ സർവ്വേ കുടുംബശ്രീ വഴിയാണ് നടത്തിയിട്ടുള്ളത്.

**കുടുംബശ്രീ ജനൗഷധി മെഡിക്കൽ സ്റ്റോറുകൾ**

143 (1360) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ ജനൗഷധി മെഡിക്കൽ സ്റ്റോറുകൾ തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതിക്ക് എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധത അറിയിച്ചു; അവ ഏതെല്ലാം;

(ബി) ഈ പദ്ധതി കുടുംബശ്രീ വഴിയാണോ നടപ്പാക്കുന്നത്; ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ചെലവ് ആരാണ് വഹിക്കുന്നത് എന്നറിയിക്കാമോ;

(സി) ജനൗഷധി പദ്ധതി ഔഷധമേഖലയിൽ ബോധവൽക്കരണത്തിന് സഹായകമാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നാളിതുവരെ ഈ പദ്ധതിക്ക് 8 തദ്ദേശഭരണ സ്ഥാപനങ്ങൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. എടവക, ഉഴമലയ്ക്കൽ, കവലങ്ങാട്, പൈങ്ങോട്ടൂർ, ബാലരാമപുരം, പുളിമാത്ത്, കൊച്ചി വെസ്റ്റ്, തൃക്കൊടിത്താനം എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) ജനൗഷധി മെഡിക്കൽ സ്റ്റോറുകൾ കുടുംബശ്രീ മുഖേന മാത്രം തുടങ്ങണമെന്ന് നിഷ്കർഷിച്ചിട്ടില്ല. താൽപ്പര്യമുള്ള ഏതൊരു വ്യക്തിക്കും ജനൗഷധി സ്റ്റോറുകൾ തുടങ്ങാൻ സാധിക്കും. എന്നാൽ കുടുംബശ്രീ മുഖാന്തരം തുടങ്ങുന്ന ജനൗഷധി സ്റ്റോറുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങൾ ഉറപ്പാക്കുവാൻ സാധിക്കും. കുടുംബശ്രീ മുഖേന ആരംഭിക്കുന്ന ജനൗഷധി സ്റ്റോറുകൾക്ക് 120 സ്ക്വ.ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം പഞ്ചായത്താണ് ലഭ്യമാക്കുന്നത്. കൂടാതെ 2.50 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്നതാണ്.

(സി) ജനൗഷധി പദ്ധതി ഔഷധ മേഖലയിൽ ബോധവൽക്കരണത്തിന് സഹായകരമാകും. സ്വകാര്യ മരുന്നുകമ്പനികൾ ലഭ്യമാക്കുന്ന വിലയേറിയ കമ്പനി ബ്രാൻഡിലുള്ള മരുന്നുകൾക്ക് ബദലായി പൊതുജനങ്ങൾക്ക് കുറഞ്ഞനിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കാൻ ജനൗഷധി സ്റ്റോറുകൾവഴി സാധിക്കും.

**കുടുംബശ്രീയുടെ ശാക്തീകരണത്തിനായുള്ള പദ്ധതികൾ**

144 (1361) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ഏതെല്ലാം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) കുടുംബശ്രീ ഇരുപതാം വർഷത്തിലേക്ക് കടക്കുന്ന വേളയിൽ പുതിയ ഇരുപതിന പരിപാടി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീ യൂണിറ്റുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പാർശ്വവൽകൃതർ, അരക്ഷിത സമൂഹങ്ങളിൽ ഉൾപ്പെട്ടവർ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. തീരദേശ പഞ്ചായത്തുകളിലെ തീരദേശ വാർഡുകളിൽ കുടുംബശ്രീ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 81 തീരദേശ വോളണ്ടിയർമാരെ നിയമിക്കുകയും ഇവരുടെ നേതൃത്വത്തിൽ ഈ മേഖലയിൽ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനായി വിപുലമായ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. അയൽക്കൂട്ടങ്ങൾക്ക് സ്വയം വിലയിരുത്തുന്നതിനും അയൽക്കൂട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി ദിശ 2017 എന്ന വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സബ് കമ്മിറ്റി കൺവീനർമാർ, എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നീ സി.ഡി.എസ്., എ.ഡി.എസ്. ഭാരവാഹികൾക്ക് സംഘടനാ സംവിധാന ശാക്തീകരണത്തിനുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള പദ്ധതി സംയോജനം ശക്തിപ്പെടുത്തിയതിലൂടെ 28.4 കോടി രൂപ അധികമായി കുടുംബശ്രീ അംഗങ്ങളുടെ ഉന്നമനത്തിനായി ലഭിച്ചു. കുടുംബശ്രീ സംഘടനാ സംവിധാനവും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി കൂടുതൽ സംയോജന പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ പിന്തുണ നൽകുന്നതിനായി സമന്വയം-2017 പദ്ധതി നടപ്പിലാക്കി. കുടുംബശ്രീ സ്കൂളിന്റെ ഭാഗമായി 43 ലക്ഷം അംഗങ്ങൾ പങ്കെടുത്ത അനൗപചാരിക വിദ്യാഭ്യാസ പരിപാടിക്ക് തുടക്കം കുറിച്ചു.

(ബി) വിപണനവുമയി ബന്ധപ്പെട്ട് കുടുംബശ്രീ ഓൺലൈൻ പോർട്ടലിൽ പരമാവധി കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തുന്നതിനും ആയതിലൂടെ ഉൽപ്പന്നങ്ങളുടെ നിലവാരം ഉയർത്താനും പദ്ധതിയിടുന്നു. ജില്ലകളിൽ നാനോ മാർക്കറ്റുകൾ വഴി കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും ലക്ഷ്യമിടുന്നുണ്ട്. കുടുംബശ്രീ ബസാറുകൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ആരംഭിക്കുക, മാസ-ആഴ്ച ചന്തകൾ കൂടുതൽ കാര്യക്ഷമമാക്കുക, സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള മേളകളിൽ കുടുംബശ്രീ പങ്കാളിത്തം മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമിടുന്നു.

വരുംവർഷം കാർഷിക മേഖലയിൽ ജൈവകൃഷി വ്യാപനത്തിനായി പ്രകൃതി സൗഹൃദ കൃഷി രീതിയിൽ 10,000 ഹെക്ടർ സ്ഥലത്ത് സംഘകൃഷി ഗ്രൂപ്പുകൾ കൃഷി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. നിലവിൽ 5,000 ഹെക്ടർ സ്ഥലത്ത് വരുന്ന ഓണവിപണി ലക്ഷ്യം വച്ച് കൃഷി ആരംഭിച്ചിട്ടുണ്ട്. മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാനസിക ഉല്ലാസത്തിനായി പച്ചക്കറി കൃഷി ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പതിനാല് ജില്ലകളിലുമായി 140 ഫലവൃക്ഷത്തൈകളുടെ നഴ്സറി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ 17 പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടുകൂടി കുടുംബശ്രീ 1000 ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഹാച്ചറി യൂണിറ്റുകളും ഈ സാമ്പത്തിക വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

ലൈഫ് മിഷന്റെ നിർമ്മാണാവസരങ്ങളിൽ കുടുംബശ്രീ കൺസ്ട്രക്ഷൻ യൂണിറ്റുകളുടെ പങ്കാളിത്തം ഉറപ്പാക്കാനും നടപടി സ്വീകരിച്ചു.

(സി) കുടുംബശ്രീയുടെ 20-ാം വാർഷികം 2018 മേയ് മാസത്തിൽ ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി 20 പുതിയ പദ്ധതികൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സംഘടനാ ശാക്തീകരണം, സാമ്പത്തിക ശാക്തീകരണം, സ്ത്രീ ശാക്തീകരണം, സാമൂഹിക ശാക്തീകരണം തുടങ്ങിയ മേഖലകളിലെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കുടുംബശ്രീയുടെ പുതിയ 20 ഇന പരിപാടികൾ ചുവടെ ചേർക്കുന്നു:

1. 2018-19 അയൽക്കൂട്ട വർഷം - മൈക്രോ ഫിനാൻസ് സമ്മിറ്റ്
2. ആയിരം ഇറച്ചിക്കോഴി യൂണിറ്റുകൾ
3. അഞ്ഞൂറ് ചകിരി മില്ലുകൾ
4. സൂക്ഷ്മ സംരംഭ പാർക്കുകൾ
5. സ്റ്റാർട്ട് അപ് വില്ലേജ് എന്റർപ്രണർഷിപ്പ് പദ്ധതി
6. നാനോ മാർക്കറ്റുകൾ
7. വിപണനത്തിന് ഓൺലൈൻ പോർട്ടൽ
8. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ടെക്നോളജി ഹബ്ബ്
9. കെ.എസ്.എഫ്. ഇ.-യുമായി ചേർന്ന് കുടുംബശ്രീ ചിട്ടി

10. ജില്ലാ വനിതാ ലീഗൽ ക്ലിനിക്കുകൾ

11. ജില്ലാ കുടുംബശ്രീ പരിശീലന കേന്ദ്രങ്ങൾ

12. അഗ്രോ സർവ്വീസ് ടീമുകൾ

13. കിണർ റീ-ചാർജിംഗിനായുള്ള സുജലം പദ്ധതി എല്ലാജില്ലകളിലേയ്ക്കും

14. ആലപ്പുഴ മാതൃകയിൽ പട്ടികവർഗ്ഗ സൂക്ഷ്മ പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക്

15. ഇരുന്നൂറ് പുതിയ ബഡ്സ് സ്കൂളുകൾ

16. ആയിരം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ

17. അരക്ഷിത സമൂഹങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി -പ്രത്യാശ

18. റിക്കവറി നേരിടുന്ന സംരംഭങ്ങൾക്ക് കടാശ്വാസം

19. കുടുംബശ്രീ അനുഭവത്തെക്കുറിച്ച് 20 ഓർമ്മ പുസ്തകങ്ങൾ

20. 14 മാതൃകാ സ്ത്രീ സൗഹൃദ ഗ്രാമങ്ങൾ.

(ഡി) മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ ആടുഗ്രാമം, ക്ഷീരസാഗരം, പോത്തുകുട്ടി വളർത്തൽ, അടുക്കളത്തോട്ട-മുട്ടക്കോഴി വളർത്തൽ പദ്ധതി എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവിൽ ചെയ്തുവരുന്ന പ്രവർത്തനങ്ങളോടൊപ്പംതന്നെ ഈ സാമ്പത്തിക വർഷം ഇറച്ചിക്കോഴി വളർത്തൽ പദ്ധതിയും കുടുംബശ്രീ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായിവരുന്ന സാമ്പത്തിക വർഷം കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 1000 ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

**ദേശീയ പെൻഷൻ പദ്ധതികൾക്കായി ചെലവഴിച്ച തുക**

145 (1362) <u>ശ്രീ. അടൂർ പ്രകാശ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി, ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ പദ്ധതി, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി എന്നീ പദ്ധതികൾ ഓരോന്നിനും 2017-18-ൽ ആകെ എന്ത്

തുക ചെലവഴിച്ചു; അതിൽ ഓരോന്നിലും കേന്ദ്രവിഹിതമായി എന്ത് തുക ലഭിച്ചു; സംസ്ഥാന വിഹിതം എത്രയായിരുന്നു;

(ബി) ദേശീയ സാമൂഹ്യസഹായ പദ്ധതിക്കായി 2018-19-ൽ എന്ത് തുക സംസ്ഥാന സർക്കാർ നീക്കിവച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) അനുബന്ധമായി* ചേർക്കുന്നു.

**സാമൂഹ്യ പെൻഷൻ**

146(1363) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജരേഖയുണ്ടാക്കി സാമൂഹ്യ പെൻഷൻ കൈപ്പറ്റുന്നവർ ഉള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) അപ്രകാരം പെൻഷൻ തുക വാങ്ങുന്നവർ എത്രപേരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) 60 വയസ്സ് കഴിഞ്ഞവരിൽ അനർഹർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ & ബി) വ്യാജരേഖയുണ്ടാക്കി സാമൂഹ്യ പെൻഷൻ കൈപ്പറ്റുന്നതായി കണ്ടെത്തിയിട്ടില്ല. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഡ്യൂപ്ലിക്കേഷൻ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ KCS (CCA) Rules പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

**സാമൂഹ്യക്ഷേമ പെൻഷൻ**

147 (T1363) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വ്യക്തിക്ക് രണ്ടിൽ കൂടുതൽ സാമൂഹ്യക്ഷേമ പെൻഷനുകൾ നൽകാൻ പാടില്ലെന്ന ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഒരു വ്യക്തിക്ക് പരമാവധി ലഭിക്കുന്ന സാമൂഹ്യക്ഷേമ പെൻഷൻ തുക എത്രയെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 6-2-2017-ന് മുമ്പ് രണ്ട് സാമൂഹ്യ സുരക്ഷാപെൻഷനുകൾ വാങ്ങിവന്നവർക്ക് മാത്രം ഒരു പെൻഷൻ സാധാരണ നിരക്കിലും രണ്ടാമത്തേത് പ്രതിമാസം 600 രൂപ നിരക്കിലും നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) സാമൂഹ്യസുരക്ഷാ പെൻഷൻ തുക നിലവിൽ പ്രതിമാസം 1,100 രൂപയാണ്. എന്നാൽ 75 വയസ്സ് കഴിഞ്ഞവർക്കുള്ള വാർദ്ധക്യകാല പെൻഷൻ പ്രതിമാസം 1,500 രൂപയും 80 ശതമാനവും അതിൽ കൂടുതലും വൈകല്യമുള്ളവർക്കുള്ള വികലാംഗ പെൻഷൻ പ്രതിമാസം 1,300 രൂപയുമാണ്.

(സി) സാമൂഹ്യസുരക്ഷാ പെൻഷൻ തുക കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് നൽകുന്നുണ്ട്.

**നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ വികലാംഗ പെൻഷൻ**

148 (1365) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ വികലാംഗ പെൻഷന് അപേക്ഷ നൽകിയിട്ടുള്ള ശ്രീ. കെ. വിജയനാശാരിക്ക് (പുതുവൽ വിള വീട്, എസ്.കെ.വി.എച്ച്.എസ്.-ന് സമീപം, വെട്ടിയറ) പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ 18-7-2016-ൽ സ്വീകരിച്ച ശ്രീ. വിജയനാശാരിയുടെ അപേക്ഷയിന്മേൽ (5660 നമ്പർ തപാൽ) സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. വികലാംഗ പെൻഷൻ ലഭിക്കുന്നതിന് വികലാംഗത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. ശ്രീ. കെ. വിജയനാശാരി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ 18-7-2016-ൽ 5660 നമ്പറായി ലഭിച്ച വിജയനാശാരിയുടെ അപേക്ഷ വിശദ അന്വേഷണത്തിനും പരിശോധനയ്ക്കുമായി ഹെൽത്ത് ഇൻസ്പെക്ടർക്ക് കൈമാറിയിരുന്നു. എന്നാൽ മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല എന്ന ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് 28-1-2017-ൽ പഞ്ചായത്തിൽനിന്നും മറുപടി നൽകിയിട്ടുണ്ട്.

## തെരുവുനായ ശല്യം

149 (1366) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന, പേ പിടിച്ചതും അല്ലാത്തതുമായ തെരുവ് പട്ടികളുടെ കടി, മറ്റ് ഉപദ്രവങ്ങൾ എന്നിവമൂലം സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ പിഞ്ചുകുട്ടികളും മുതിർന്നവരും ഉൾപ്പെടെയുള്ളവർ കഷ്ടത്തിലാകുന്നതിനെതിരെ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നായ്ക്കളുടെ കടിയേറ്റും മറ്റും സംസ്ഥാനത്ത് എത്ര പേർ മരിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന അക്രമികളായ നായ്ക്കളെ കൊല്ലുവാൻ നിലവിൽ നിയമം ഉണ്ടോ; വ്യക്തമാക്കുമോ ;

(ഡി) അക്രമികളായ നായ്ക്കളെ കൊന്നതിന്റെ പേരിൽ സംസ്ഥാനത്ത് ആരുടെയെങ്കിലും പേരിൽ കേസ് എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പട്ടികൾക്ക് ഭക്ഷണം ലഭിക്കുന്നത്, ജനങ്ങൾ പൊതുസ്ഥലത്ത് വലിച്ചെറിയുന്ന ഭക്ഷണ പദാർത്ഥങ്ങൾ വഴിയാണെന്ന കാര്യം മനസ്സിലാക്കി ഇതിനെതിരെ എന്തെല്ലാം നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിവരിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തെരുവുനായ വ്യാപനം തടയുന്നതിനായി നടപ്പിലാക്കി വരുന്ന എ.ബി.സി. പ്രോഗ്രാം ജില്ലാ പഞ്ചായത്തിന്റെയും മൃഗസംരക്ഷണ

വകുപ്പിന്റെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്നു. ഇതോടൊപ്പംതന്നെ പേവിഷ നിയന്ത്രണ വാക്സിനേഷൻ എല്ലാ വളർത്തുനായ്ക്കൾക്കും നൽകിവരുന്നു. ഈ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും എ.ബി.സി. റൂൾസിലെ ചട്ടം(4) പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡുകളുടെ വശങ്ങളിലും പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 12 പേർ തെരുവുനായ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 2 |
| ആലപ്പുഴ | 1 |
| മലപ്പുറം | 2 |
| കോഴിക്കോട് | 1 |
| കണ്ണൂർ | 2 |
| കോട്ടയം | 1 |

(സി) ഇല്ല. പാർലമെന്റ് പാസ്സാക്കിയ 1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമത്തിലെ 13-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ മാത്രമേ കൊല്ലാൻ അനുവാദമുള്ളൂ. എ.ബി.സി. റൂൾസിലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായ്ക്കളെ മാത്രമേ കൊല്ലാൻ വ്യവസ്ഥയുള്ളൂ.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ശുചിത്വ മിഷന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികളുടെയും തനതായ ബോധവൽക്കരണ പരിപാടികളുടെയും അടിസ്ഥാനത്തിൽ ഗാർഹിക മാലിന്യങ്ങളും ഹോട്ടൽ ഭക്ഷണ അവശിഷ്ടങ്ങളും പൊതുനിരത്തുകളിലും മറ്റ് പൊതുയിടങ്ങളിലും നിക്ഷേപിക്കുന്നത് തടയുന്നതിനും അവ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനും കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം നഗരത്തിൽ തെരുവുനായ്ക്കളുടെ ശല്യം**

150 (1367) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ തെരുവ് നായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവ് നായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് നഗരസഭ നടപ്പാക്കിയ പദ്ധതികൾ ഫലപ്രദമാകുന്നില്ല എന്നത് വസ്തുതയല്ലേയെന്ന് വിശദമാക്കാമോ;

(സി) തിരുവല്ലം മൃഗാശുപത്രിയിൽ എ.ബി.സി. പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ആയതിന് ആവശ്യമായ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) പ്രഭാത സവാരിക്ക് പോകുന്നവരുൾപ്പെടെയുള്ള നഗരവാസികൾക്ക് തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷമായ സാഹചര്യത്തിൽ എ.ബി.സി. പ്രോഗ്രാം കുറ്റമറ്റരീതിയിൽ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) തെരുവുനായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിന് തിരുവനന്തപുരം സഗരസഭ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുഴുവൻ പട്ടികളെയും വന്ധ്യംകരണം ചെയ്യുന്നതിലൂടെ മാത്രമേ പൂർണ്ണമായ ഫലപ്രാപ്തി ലഭിക്കുകയുള്ളൂ.

(സി) തിരുവല്ലം മൃഗാശുപത്രിയിൽ എ.ബി.സി. പ്രവർത്തനങ്ങൾ നടക്കുന്നില്ല. ആയതിനാൽ ഡോക്ടർമാരെ നിയമിച്ചിട്ടില്ല.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**തെരുവുനായശല്യം നിയന്ത്രിക്കുന്നതിന് നടപടികൾ**

151 (1368) ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ശല്യം വർദ്ധിച്ചുവരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടില്ല എന്നിരിക്കെ സാധാരണക്കാരന്റെ ജീവന് സംരക്ഷണം നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(ഡി) തെരുവനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് ആവശ്യമായ തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല .

(ബി&സി) സംസ്ഥാനത്ത് തെരുവുനായ വ്യാപനം തടയുന്നതിനായി നടപ്പിലാക്കിവരുന്ന എ.ബി.സി. പ്രോഗ്രാം ജില്ലാ പഞ്ചായത്തിന്റെയും മൃഗസംരക്ഷണവകുപ്പിന്റെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്നു. ഇതൊടൊപ്പംതന്നെ പേവിഷ നിയന്ത്രണ വാക്സിനേഷൻ എല്ലാ വളർത്തുനായ്ക്കൾക്കും നൽകിവരുന്നു. ഈ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും എ.ബി.സി. റൂൾസിലെ ചട്ടം (4) പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡുകളുടെ വശങ്ങളിലും പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ബജറ്റിൽ തുക വകയിരുത്തുന്നുണ്ട്.

**തെരുവുനായ്ക്കളുടെ നിയന്ത്രണം**

152 (1369) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനത്ത് തെരുവുനായ വ്യാപനം തടയുന്നതിനായി നടപ്പിലാക്കി വരുന്ന എ.ബി.സി. പ്രോഗ്രാം ജില്ലാ പഞ്ചായത്തിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്നു. ഇതോടൊപ്പംതന്നെ പേവിഷ നിയന്ത്രണ വാക്സിനേഷൻ എല്ലാ വളർത്തുനായ്ക്കൾക്കും നൽകിവരുന്നു. ഈ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും എ.ബി.സി. റൂൾസിലെ ചട്ടം (4) പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡുകളുടെ വശങ്ങളിലും പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## തെരുവുനായ്ക്കളുടെ നിയന്ത്രണവും ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരവും

153 (1370) ശ്രീ. പി. കെ. ബഷീർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവു നായ്ക്കളുടെ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ പരാജയപ്പെടുന്നതും തെരുവ് നായ്ക്കളുടെ ശല്യം കൂടിവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ട്;

(സി) ഇതിനകം എത്ര തെരുവ് നായ്ക്കളെ കുടുംബശ്രീ മുഖേന വന്ധ്യംകരിച്ചുവെന്നും എന്ത് തുക ഇക്കാര്യത്തിനായി ചെലവഴിച്ചുവെന്നും ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ നാളിതുവരെ എത്ര പേർ മരണപ്പെട്ടുവെന്നും, എത്രപേർക്ക് പരിക്കേറ്റുവെന്നും വെളിപ്പെടുത്തുമോ;

(ഇ) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) തെരുവ് നായ്ക്കളുടെ പുനരധിവാസ പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി നിലവിൽ നടപ്പിലാക്കി വരുന്ന നടപടികൾ കൂടാതെ കൂടുതൽ ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കുമോ;

(ജി) തെരുവ് നായ്ക്കളുടെ വന്ധ്യംകരണ പ്രക്രിയയ്ക്ക് കൂടുതൽ പണം അനുവദിക്കുന്നതിനും ഈ ഇനത്തിൽ ഇപ്പോൾ നൽകിവരുന്ന പ്രതിഫലം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല; തെരുവുനായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനുള്ള എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഉണ്ട്. ഇതുവരെ സംസ്ഥാനത്ത് 473 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(സി) കുടുംബശ്രീ തെരുവുനായ നിയന്ത്രണ പദ്ധതി (എ.ബി.സി.)-യിലൂടെ നാളിതുവരെ 10536 തെരുവുനായ്ക്കളെ വന്ധീകരണത്തിനായി പിടികൂടിയിട്ടുണ്ട്. ഇതിനായി 1,74,84,595 രൂപ (ഒരു കോടി എഴുപത്തിനാല് ലക്ഷത്തി എൺപത്തിനാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) 12 പേർ മരണപ്പെട്ടു; പരിക്കേറ്റവരുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ജസ്റ്റിസ് (റിട്ട) സിരിജഗൻ കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് എസ്.എൽ.പി.691/2009 കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-3-2017-ലെ വിധിയുടെ അടിസ്ഥാനത്തിൽ 11-5-2017-ലെ സ.ഉ.(ആർ.റ്റി) 1546/2017/ത.സ്വ.ഭ.വ. പ്രകാരം 19 പേർക്കും 10-7-2017 വിധിപ്രകാരം 3-11-2017-ലെ സ.ഉ.(ആർ.റ്റി)3551/2017/ത.സ്വ.ഭ.വ. പ്രകാരം 104 പേർക്കും നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മരണപ്പെട്ട ശ്രീമതി ഡോളിയുടെ ഭർത്താവ് ഫയൽ ചെയ്ത 944/2017 സി.സി. പെറ്റീഷന്റെ അടിസ്ഥാനത്തിൽ 28-12-2017-ലെ സ.ഉ.(ആർ.റ്റി)4189/2017/ ത.സ്വ.ഭ.വ. പ്രകാരം മുമ്പ് നൽകിയ തുകയ്ക്കു പുറമേ 5,12,500 രൂപാ കൂടി നൽകാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശം അടങ്ങിയ സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്. കൂടാതെ 21-3-2017-ലെ സ.ഉ.(കൈ) നമ്പർ 84/17/റവ. പ്രകാരം തെരുവുനായ ആക്രമണത്തിൽ മരണപ്പെട്ട കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ പന്മന മാവേലി ആയിഷ മൻസിലിൽ സജീവിന്റെ ഭാര്യയായ അമീനയുടെ കുടുംബത്തിന് 5 ലക്ഷം രൂപയും 17-5-2017-ലെ സ.ഉ.(സാധാ)നമ്പർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2294/2017/റവ. പ്രകാരം, തിരുവനന്തപുരം കാട്ടുപുറം ചരുവിള വീട്ടിൽ കുഞ്ഞുകൃഷ്ണന്റെ കുടുംബത്തിന് ഒരു ലക്ഷം രൂപയും 26-5-2017-ലെ സ.ഉ. (സാധാ)നം.168/2017/റവ. പ്രകാരം തിരുവനന്തപുരം കരുംകുളം പുല്ലുവിള പള്ളികെട്ടിയ പുരയിടത്തിൽ ജോസ് ക്ലീനിന്റെ കുടുംബത്തിന് 5 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(എഫ്) ഇക്കാര്യത്തിൽ നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികൾക്ക് പുറമേയുള്ളവ ഇപ്പോൾ പരിഗണനയിലില്ല.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

## ബ്രഹ്മപുരം മാലിന്യ പ്ലാന്റിന്റെ നിർമ്മാണം

154 (1371) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം മാലിന്യ പ്ലാന്റിന്റെ നിർമ്മാണം എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ പ്ലാന്റിന്റെ നിർമ്മാണ നടപടികൾ എവിടെവരെയായി എന്ന് അറിയിക്കാമോ ;

(സി) പ്ലാന്റിന്റെ നിർമ്മാണത്തിന് ടെണ്ടർ നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ബ്രഹ്മപുരത്ത് വേസ്റ്റ് ടു എനർജി പ്ളാന്റ് നിർമ്മിക്കുന്നതിലേയ്ക്കായി സൈറ്റ് അലോക്കേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. ജില്ലാ കളക്ടറെ പദ്ധതിയുടെ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ/ഏജൻസികളുടെ NOC ലഭ്യമാക്കേണ്ടതുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് പ്ലാന്റ് നിർമ്മാണം ആരംഭിക്കുന്നതാണ്.

(ബി) പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തി കോൺട്രാക്ടർക്ക്/concessionaire-ക്ക് നൽകുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പ്ലാന്റ് നിർമ്മാണത്തിനും പ്രവർത്തിപ്പിക്കുന്നതിനും GJ Ecopower Pvt. Ltd. എന്ന സ്ഥാപനത്തിനാണ് ടെണ്ടർ നൽകിയിരിക്കുന്നത്.

## മാലിന്യ സംസ്കരണം

155 (1372) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണം സംബന്ധിച്ച സർക്കാർ നയം വിശദമാക്കുമോ;

(ബി) മാലിന്യ സംസ്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ആയതിനായി ഓരോ ജില്ലയ്ക്കും അല്ലെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക എത്രയാണ്;

(സി) ജൈവ-അജൈവ മാലിന്യ സംസ്കരണത്തിന്റെ മുഖ്യചുമതലക്കാരായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതി നേടാനാകാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) തെരുവോരങ്ങളിൽ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) ജൈവമാലിന്യങ്ങൾ കഴിവതും ഉറവിടത്തിൽത്തന്നെ സംസ്കരിക്കുവാൻ ഓരോ കുടുംബങ്ങളെയും നിർബന്ധിതരാക്കുന്നതിനും പ്ലാസ്റ്റിക്, ഇലക്ട്രോണിക്സ് മാലിന്യങ്ങൾ കുടുംബശ്രീ പോലുള്ളവയുടെ സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് കേന്ദ്രീകൃതമായി സംസ്കരിക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) മാലിന്യ സംസ്കരണം സംബന്ധിച്ച നിയമപരമായ ഉത്തരവാദിത്വം അതാത് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾക്കാണ്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിന് ദീർഘവിക്ഷണത്തോടെയുള്ള പരിഷ്കാരങ്ങൾക്ക് അടിത്തറയിടുന്നതിനും വേണ്ടിയുള്ള ദൗത്യമായാണ് " നവകേരളം കർമ്മ പദ്ധതി" ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത കർമ്മ പദ്ധതിയുടെ ഭാഗമായ ഹരിത കേരളം മിഷന്റെ ഉപദൗത്യം-1 ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ ലക്ഷ്യങ്ങൾ പ്രകാരം വ്യക്തമാക്കപ്പെട്ട സർക്കാർ നയം താഴെപ്പറയുന്നു:

1. 2016-ലെ ഖരമാലിന്യ സംസ്കരണ ചട്ടപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്വവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക.

2. ഉത്തരവാദിത്വ മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും സൃഷ്ടിച്ച് സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക. ഇതിനായി അനുയോജ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ക്യാമ്പയിനും സംഘടിപ്പിക്കുക.

3. സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാദ്ധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.

4. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.

5. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് മുൻഗണന നൽകുകയും കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് പോലുള്ള നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണം പരിഗണിക്കുകയും ചെയ്യുക.

6. അജൈവ മാലിന്യങ്ങൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ തരംതിരിച്ച് വൃത്തിയാക്കി ശേഖരിച്ച് പുനഃചംക്രമണം ഉറപ്പാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുക.

7. ദ്രവമാലിന്യ പരിപാലനത്തിന് അനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ ഉചിതമായ തലങ്ങളിൽ പ്രാവർത്തികമാക്കുക.

8. ചന്തകൾ, അറവുശാലകൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.

9. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കുക.

10. ബയോഗ്യാസ് സംവിധാനങ്ങളും തുമ്പൂർമൂഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കുന്നതിന് ആവശ്യമുള്ള സംവിധാനങ്ങളും വിവിധ തലങ്ങളിൽ ഏർപ്പെടുത്തുക.

11. മാലിന്യം കുറയ്ക്കുക (Reduce), വസ്തുക്കളുടെ പുനരുപയോഗം (Reuse) പ്രോത്സാഹിപ്പിക്കുക, പുനഃചംക്രമണം (Recycle) ഉറപ്പാക്കുക എന്നീ തത്വങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുക.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകൾ നിലവിൽ വന്നു. ഇതിൽ ശുചിത്വ- മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകികൊണ്ടുള്ളതാണ് ഹരിത കേരളം മിഷൻ. ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ മാർഗ്ഗ നിർദ്ദേശങ്ങൾ 15-7-2017-ലെ സ.ഉ.(സാധാ)നമ്പർ 2420/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചുകഴിഞ്ഞു. അതിൻപ്രകാരം സംസ്ഥാനത്തെ 689 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരിച്ചുകഴിഞ്ഞു. മറ്റിടങ്ങളിൽ ഹരിത കർമസേന രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. 153 തദ്ദേശഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ 78 റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും (ആർ.ആർ.എഫ്.) സ്ഥാപിച്ചുകഴിഞ്ഞു. ഇവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

2016-2017 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്ലാൻ ഫണ്ടിന്റെ 10 ശതമാനം തുക മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. 2017-18 വർഷത്തിൽ 3-4-2017-ലെ ജി.ഒ.(എം.എസ്)നം.79/2017/തസ്വഭവ., 29-3-2017-ലെ ജി.ഒ.(എം.എസ്) നമ്പർ 72/2017/തസ്വഭവ. എന്നിവ പ്രകാരം യഥാക്രമം നഗരസഭകൾക്കും ത്രിതല പഞ്ചായത്തുകൾക്കുമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളിൽ പൊതുവിഭാഗം പ്ലാൻ ഫണ്ടിൽനിന്നും നഗരസഭകൾ 15 ശതമാനവും പഞ്ചായത്തുകൾ 10 ശതമാനവും തുക മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി മാറ്റിവയ്ക്കുന്നതിനായും ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു.

മാലിന്യ സംസ്കരണം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതോടൊപ്പം മാലിന്യങ്ങൾ തെരുവോരങ്ങളിലേയ്ക്കും പൊതുസ്ഥലങ്ങളിലേയ്ക്കും വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനും ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുംവേണ്ട അടിയന്തര നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകി. 22-7-2017-ലെ സ.ഉ.(സാധാ) നമ്പർ 2511/2017/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 24-9-2016-ലെ സർക്കുലർ നമ്പർ 576/ഡി.സി1/2016/തസ്വഭവ. പ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സാദ്ധ്യമായ ഇടങ്ങളിൽ പരിമിതമായ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി അത്യന്താധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിപ്പിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഓരോ ജില്ലയ്ക്കും അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി* വച്ചിട്ടുണ്ട്.

(സി) ജൈവ-അജൈവ മാലിന്യ സംസ്കരണത്തിന്റെ മുഖ്യചുമതലക്കാരായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഈ മേഖലയിലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ഡി) വീടുകളിലും സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും ഉൽപ്പാദിപ്പിക്കുന്ന ജൈവ, അജൈവ മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുന്നതിന് ഗാർഹിക, കമ്മ്യൂണിറ്റി പൊതുതലങ്ങളിലെ സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടും മെച്ചപ്പെടുത്തിയുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രോജക്ട് നിർവ്വഹണ നടപടികൾ വേഗതയിലാക്കി തെരുവോരങ്ങളിൽ മാലിന്യമെത്തുന്ന സ്ഥിതി ഒഴിവാക്കപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതോടൊപ്പം സാദ്ധ്യമായ ഇടങ്ങളിൽ പരിമിതമായ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി അത്യന്താധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ ഉൽപ്പാദകന്റെ ഉത്തരവാദിത്വത്തിൽ കിച്ചൻബിൻ, മൺകലം കമ്പോസ്റ്റ്, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് സംസ്കരിക്കപ്പെടുന്നതിനും തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കുന്ന ഹരിത കർമ്മസേന വഴി അജൈവ മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ എത്തിക്കുകയും അവിടെനിന്നും പുനഃചംക്രമണ, പുനരുപയോഗ വിധേയമാക്കാവുന്നവ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ എത്തിച്ച് രണ്ടാംതിരിവ് നടത്തി ക്ലീൻ കേരള കമ്പനിവഴി പുനഃചംക്രമണത്തിന് കൈമാറുന്നതിനും പുനഃചംക്രമണ വിധേയമാക്കാൻ കഴിയാത്തവ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിന് വിധേയമാക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം വിഭാവന ചെയ്തിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മാലിന്യ സംസ്കരണ സംവിധാനങ്ങൾ

156 (1373) ശ്രീ. എസ്. ശർമ്മ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള മാലിന്യസംസ്കരണ സംവിധാനങ്ങൾ ഫലവത്താക്കുന്നതിനുവേണ്ടി രൂപീകരിച്ച ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഏതു തരത്തിലാണ് എന്ന് അറിയിക്കാമോ; എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ;

(ബി) ജൈവ മാലിന്യ സംസ്കരണത്തിനായുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതി, ഉദ്ദേശിച്ച രീതിയിൽ വിജയിക്കാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളുടെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ;

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്ലാസ്റ്റിക് നിരോധന പദ്ധതി, ബദൽ ഉല്പന്നങ്ങളുടെ അഭാവത്തിൽ വേണ്ടത്ര വിജയിക്കാതെ പോയതിനാൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശേഖരിച്ച് പുനരുപയോഗത്തിനായുള്ള പദ്ധതികൾ കാര്യക്ഷമമാക്കാൻ വേണ്ട ഇടപെടൽ നടത്തുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഹരിത കർമ്മസേനയുടെ പ്രവർത്തന രീതി ചുവടെ ചേർക്കുന്നു:

- വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് മേൽനോട്ടം വഹിക്കുക.
- സ്ഥാപിക്കപ്പെട്ട സംവിധാനങ്ങൾ ക്രമപ്രകാരമാണോയെന്ന് പരിശോധിക്കുക.
- നിലവിൽ ചില വീടുകളിലും സ്ഥാപനങ്ങളിലുമുള്ള പ്രവർത്തന ക്ഷമമല്ലാത്ത മാലിന്യ സംസ്കരണ ഉപാധികളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കുക.
- കമ്പോസ്റ്റിംഗ് രീതി സ്വീകരിക്കുന്ന വീടുകളിലും സ്ഥാപനങ്ങളിലും മാസത്തിലൊരിക്കൽ അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിക്കൽ.

- എല്ലാ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും നിശ്ചിത ഇടവേളകളിൽ അജൈവ മാലിന്യശേഖരണം.
- പൊതു മാലിന്യ സംസ്കരണ സംവിധാനത്തിൽ പറഞ്ഞിരിക്കുന്ന സേവനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നുവെങ്കിൽ ഏറ്റെടുത്ത് നടപ്പിലാക്കൽ.
- മലിനജലം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളുടെ ദ്രവ മാലിന്യ സംസ്കരണ സംവിധാനം ശരിയായി പ്രവർത്തിക്കുന്നുവെന്ന് മാസത്തിൽ രണ്ടുതവണ പരിശോധിക്കുകയും ശുദ്ധീകരിക്കാത്ത മലിനജലം പൊതു സ്ഥലത്തേയ്ക്കോ ജലശേഖരങ്ങളിലേയ്ക്കോ ഒഴുകുന്നില്ലെന്നും എവിടെയും തളംകെട്ടി നിർത്തുന്നില്ലെന്നും ഉറപ്പാക്കുന്നതിനുള്ള നടപടികൾ.
- ഇതിൽ വീഴ്ച വരുത്തുന്നവർക്ക് പിഴ ചുമത്തുന്നതിനും പ്രവർത്തനാനുമതി നിഷേധിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകൽ.
- ഗ്രീൻ പ്രോട്ടോകോളുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകൽ.
- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഹരിത കേരള മിഷൻ നിശ്ചയിക്കുന്ന മാതൃകയിലും ഇടവേളകളിലും തദ്ദേശഭരണ സ്ഥാപനത്തിനും ഹരിതസഹായ സ്ഥാപനത്തിനും കൈമാറൽ.
- ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.
- സ്വാപ്പ് ഷോപ്പ്, റിപ്പെയർ ഷോപ്പുകൾ, പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റുകൾ ഇവയുടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മസേന രൂപീകരിച്ചിട്ടില്ല. തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) ജൈവ മാലിന്യ സംസ്കരണത്തിനുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ പ്രവർത്തനവും നിർവ്വഹണ കാര്യങ്ങളും പുരോഗതിയും വിലയിരുത്തിയിട്ടുണ്ട്. നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളുടെ ആവശ്യകത പരിശോധിക്കുകയും ഇതിനായി നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി) ഹരിത കേരളം മിഷന്റെ ഭാഗമായി രൂപീകരിക്കുന്ന ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യം ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളിൽ എത്തിക്കുന്നതിനും അവിടെനിന്ന് ബ്ലോക്കുതല റിസോഴ്സ് റിക്കവറി

ഫെസിലിറ്റികളിൽ എത്തിച്ച് രണ്ടാം തരംതിരിവിനുശേഷം ക്ലീൻ കേരള കമ്പനിയുടെ സഹായത്താൽ പുനഃചംക്രമണത്തിന് കൈമാറുകയും പുനഃചംക്രമണത്തിന് വിധേയമല്ലാത്ത പ്ലാസ്റ്റിക് വസ്തുക്കൾ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിനായി കൈമാറുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

## മാലിന്യ സംസ്കരണം

157(1374) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിരാജ്- നഗരപാലിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തം തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് വ്യവസ്ഥ പ്രകാരമാണ് തുടരുന്നത് എന്നറിയിക്കാമോ;

(ബി) മാലിന്യ സംസ്കരണം നടത്തുന്നതിനായി വിവിധ കോർപ്പറേഷനുകൾ പൊതുജനങ്ങളിൽനിന്നും അമിതമായി ഫീസ് ഈടാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് ഏത് സാഹചര്യത്തിലാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രതിമാസം 800 രൂപ നിരക്കിൽ കോർപ്പറേഷനുകൾ പൊതുജനങ്ങളിൽനിന്നും മാലിന്യസംസ്കരണത്തിന് ഈടാക്കുന്ന തുകയുടെ കാര്യത്തിൽ പുനഃപരിശോധന നടത്തുമോ?

ഉത്തരം

(എ) ഇല്ല; കേരള പഞ്ചായത്തീരാജ് നിയമത്തിലെ 219 എ മുതൽ യു വരെയുള്ള വകുപ്പുകൾ പ്രകാരവും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരവുമാണ് തുടരുന്നത്.

(ബി)ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് 15-7-2017-ലെ സ.ഉ. (സാധാ)2420/2017/തസ്വഭവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഹരിത കർമ്മസേന നടത്തുന്ന പ്രവർത്തനങ്ങൾക്ക് യൂസർ ഫീ ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) 15-7-2017-ലെ സ.ഉ. (സാധാ)2420/2017/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവിലെ അനുബന്ധം 2 പ്രകാരം എല്ലാ ദിവസവും ജൈവ മാലിന്യ ശേഖരണം ആവശ്യപ്പെടുന്ന വീടുകൾ പ്രതിമാസം 800 രൂപ (അജൈവ മാലിന്യ

ശേഖരണത്തിനുൾപ്പെടെ) ഹരിത കർമ്മസേനയ്ക്ക് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത യൂസർ ഫീ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും തീരുമാനിക്കാവുന്ന പരമാവധി തുകയാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

## ശുചിത്വ മാലിന്യ സംസ്കരണ പരിപാടികൾ

158 (1375) ശ്രീ. ആർ. രാജേഷ്:

ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. റ്റി. വി. രാജേഷ്:

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അജൈവ മാലിന്യ സംസ്കരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(സി) അജൈവ മാലിന്യ ശേഖരണത്തിനായി ഏർപ്പെടുത്തിയ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളും റിസോഴ്സ് റിക്കവറി സെന്ററുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) അജൈവ മാലിന്യ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധയും മുൻഗണനയും ആവശ്യമാണെന്നതിനാൽ ഇതിനായി എന്തെല്ലാം നൂതന പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 1) വീടുകളിൽ ഉറവിടതല മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ.

2) കച്ചവട സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉറവിടതല ജൈവമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ.

3) വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവർത്തനം.

4) അജൈവ മാലിന്യ പരിപാലനത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സജ്ജീകരിക്കുന്ന പ്രവർത്തനം.

5) അജൈവ മാലിന്യ പരിപാലനത്തിന് പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനം.

6) അജൈവ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനും പുനരുപയോഗം വർദ്ധിപ്പിക്കുന്നതിനും പുനഃചംക്രമണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

7) സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കൽ, ജനപിന്തുണയും പങ്കാളിത്തവും ഉറപ്പാക്കൽ, പൗരന്മാർ അവരവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കൽ, ജീവിതശൈലിയിലും രീതിയിലും മാറ്റം വരുത്തുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ.

8) ദ്രവ മാലിന്യ പരിപാലനത്തിനനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ പ്രാവർത്തികമാക്കൽ.

9) വലിയ നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പംതന്നെ നൂതന രീതിയിലുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ.

(ബി) വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും നിശ്ചിത ഇടവേളകളിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ എം.സി.എഫ്/ ആർ.ആർ.എഫ്.-ൽ എത്തിക്കുക. അവിടെനിന്ന് തരംതിരിച്ച് പുനഃചംക്രമണം ചെയ്യാവുന്നവ അതിനായി കൈമാറുക, ഷ്രെഡ്ഡ് ചെയ്യാവുന്ന ഇനങ്ങളിലുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിനായി ഉപയോഗിക്കുക, സംസ്കരിക്കുവാൻ കഴിയാത്തവ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ഏജൻസികൾക്ക് കൈമാറുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

(സി) നിലവിൽ സ്ഥാപിക്കപ്പെട്ട എം.സി.എഫ്.-കളുടെയും, ആർ.ആർ.സി.-കളുടെയും പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ.

(ഡി)

- എല്ലാ ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലും എം.സി.എഫ്.
- ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ്, ബെയിലിംഗ്, ഡീഡസ്റ്റർ തുടങ്ങിയ സംവിധാനങ്ങളടക്കമുള്ള ആർ.ആർ.എഫ്.-കൾ.
- റോഡ് ടാറിംഗിനായി ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം.
- സ്വാപ് ഷോപ്പുകൾ (പഴയ സാധനങ്ങൾ വിൽക്കുന്നതിനുള്ള സംവിധാനം)
- പൊതു ഓഫീസ്/സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ, പൊതു, സ്വകാര്യ, മതപരമായ പരിപാടികൾക്ക് ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കൽ.
- മാലിന്യം കുറയ്ക്കുക, വസ്തുക്കൾ പരമാവധി പുനരുപയോഗിക്കുക, പുനഃചംക്രമണ വിധേയമായവ പ്രോത്സാഹിപ്പിക്കുക എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി പ്രത്യേക ക്യാമ്പയിൻ പ്രവർത്തനങ്ങൾ.

**ഹരിത കേരളം മിഷൻ**

159 (T1376) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരള മിഷന്റെ ഭാഗമായി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; പ്രവൃത്തികളുടെ തുകയും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ&ബി) ഹരിത കേരളം മിഷന്റെ ഭാഗമായി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഇതോടൊപ്പം പെരിന്തൽമണ്ണ നഗരസഭയിൽ ഹരിത കേരളം മിഷന്റെ ഭാഗമായി ഉറവിടത്തിൽനിന്നും മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി 'ജീവനം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ കൃഷി സംരക്ഷണത്തിന്റെ ഭാഗമായി പെരിന്തൽമണ്ണ നഗരസഭ മുൻകൈ എടുത്ത് 2017-18 വർഷത്തിൽ 100 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയും 2018-19 വർഷത്തിൽ 120 ഹെക്ടർ സ്ഥലത്തേയ്ക്ക് നെൽകൃഷി വ്യാപിപ്പിക്കുന്നതിന് വിഭാവനം ചെയ്തിട്ടുമുണ്ട്.

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ആയതുപ്രകാരം 19 കുളങ്ങളും 9500 മീറ്റർ തോടുകളും 12200 മീറ്റർ ജലസേചന കനാലുകളും വൃത്തിയാക്കിയിട്ടുണ്ട്.

## പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, കവറുകൾ

160 (1377) <u>ശ്രീ. മഞ്ഞളാംകുഴി അലി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളും കവറുകളും നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇവ ഉപയോഗിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്കെതിരെ സർക്കാർ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നത്;

(ബി) ബദൽ സംവിധാനങ്ങളായ പേപ്പർ ക്യാരിബാഗുകളും തുണിസഞ്ചികളും ആവശ്യത്തിന് ലഭ്യമാക്കാതെ ഇത്തരത്തിൽ നിരോധനം ഏർപ്പെടുത്തിയത് പൊതുജനങ്ങൾക്കും വ്യാപാരികൾക്കും വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിരോധിക്കുന്ന പ്ലാസ്റ്റിക്കിന് ആവശ്യമായ ബദൽ സംവിധാനം ഒരുക്കുന്നതിന് സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് 24-9-2016-ലെ 576/ഡി.സി.1/16/തസ്വഭവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിൽപ്പന നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവു കച്ചവടക്കാരും അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും ഒരു മാസം കുറഞ്ഞത് 4,000 (നാലായിരം) രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 48,000 (നാല്പത്തെണ്ണായിരം) രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽപ്രകാരം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ അടിയന്തരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്നും പ്രസ്തുത സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. നിരോധിത പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിതരണം ചെയ്യുന്നതായി കണ്ടെത്തുന്ന സ്ഥാപനങ്ങളിൽനിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി&സി) 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് മാത്രമാണ് നിരോധനമുള്ളത്. അതിനാൽ പൊതുജനങ്ങൾക്കും വ്യാപാരികൾക്കും നിലവിൽ ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല.

## പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം

161 (1378) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ, മത്സ്യം, മാംസം തുടങ്ങി ജലാംശമുള്ളവ വിൽക്കുന്നതിന് പ്ലാസ്റ്റിക് ബാഗുകൾ വ്യാപകമായി ഉപയോഗിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവ ഒഴിവാക്കുന്നതിന് സഹായകരമായി കേന്ദ്ര സർക്കാരിന്റെ അനുമതിയും സർട്ടിഫിക്കറ്റും ഉള്ള ബയോഡീഗ്രേഡബിൾ ബാഗുകൾ ഉപയോഗിക്കാം എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്ലാസ്റ്റിക്കിനുപകരം പരിസ്ഥിതിക്ക് കോട്ടമില്ലാതെ ഉപയോഗിക്കാൻ കഴിയുന്ന ഈ ബാഗുകൾ വിൽക്കുന്നതിന് സർക്കാർ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്കുള്ള ഒരു ഉത്തമ ബദൽ എന്ന നിലയിൽ ഈ ബയോഡീഗ്രേഡബിൾ ബാഗുകളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ക്യാരി ബാഗുകൾ ഉപയോഗിക്കാം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്ലാസ്റ്റിക്കിനുപകരം നിലവാരമുള്ള പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ബാഗുകൾ വിൽക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ല.

(ഡി) പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

**പ്ലാസ്റ്റിക് മാലിന്യങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും**

162 (1379) ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യങ്ങൾമൂലം സംസ്ഥാനത്ത് സംജാതമായിട്ടുള്ള ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതിലൂടെ ഉണ്ടാകുന്ന ഡയോക്സിൻ, ഫ്യൂറാൻ എന്നീ വിഷവാതകങ്ങൾ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ടോ;

(സി) റോഡുവക്കിൽ പ്ലാസ്റ്റിക് കത്തിക്കുന്നത് കേരള ഹൈക്കോടതി വിലക്കിയിട്ടുള്ള സാഹചര്യത്തിൽ, ഇതുസംബന്ധിച്ച് കർശന നടപടി സ്വീകരിക്കുന്നതിന് നഗരസഭകൾക്ക് കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് റീസൈക്കിൾ ചെയ്യുന്നതിനായി, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ എല്ലാ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും സ്ഥാപിച്ചിട്ടുണ്ടോ; അവയുടെ പ്രവർത്തനം കാര്യക്ഷമമാണോ;

(ഇ) സംസ്ഥാനത്ത് കൂടുതൽ സ്ഥലത്ത് പ്ലാസ്റ്റിക് ഷ്രെഡിംഗ് (plastic shredding) യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. വിവിധ ബോധവൽക്കരണ പരിപാടികൾ തദ്ദേശഭരണ സ്ഥാപനതലങ്ങളിലും ശുചിത്വ മിഷൻ മുഖേനയും സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) റോഡുവക്കിൽ പ്ലാസ്റ്റിക് കത്തിക്കുന്നത് തടയുന്നതിന് നിയമം അനുശാസിക്കും പ്രകാരമുള്ള നടപടികൾ നഗരസഭകൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഇല്ല. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. നിലവിൽ സ്ഥാപിക്കപ്പെട്ട സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സഹകരണത്തോടെ കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. നിലവിൽ 35 നഗരസഭകളിലും 26 ഗ്രാമപഞ്ചായത്തുകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

## പ്ലാസ്റ്റിക് ക്യാരി ബാഗുകൾ

163 (1380) <u>ശ്രീ. എം. സ്വരാജ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി എന്തെല്ലാം ഉപയോഗിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) ഇവയുടെ പരിമിതികൾ എന്തെല്ലാമെന്നും ആയതിനുള്ള പരിഹാര നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പ് 24-9-2016-ലെ 576/ഡി.സി.1/16/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിൽപ്പന നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവുകച്ചവടക്കാരും അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും ഒരു മാസം കുറഞ്ഞത് 4,000 (നാലായിരം) രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 48,000 (നാല്പത്തെണ്ണായിരം) രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽപ്രകാരം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ അടിയന്തരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്നും പ്രസ്തുത സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിലേയ്ക്ക് പ്രത്യേക സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം പരിസ്ഥിതി സൗഹൃദ വസ്തുക്കളായ പേപ്പർ, തുണി തുടങ്ങിയവ ഉപയോഗിച്ച് നിർമ്മിക്കുന്ന ക്യാരി ബാഗുകൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ട്.

(സി) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗംമൂലമുണ്ടാകുന്ന പാരിസ്ഥിതിക/ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് വേണ്ടത്ര അവബോധം ഇല്ലാത്തതും പകരം ഉപയോഗിക്കാൻ കഴിയുന്ന പരിസ്ഥിതി സഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള ക്യാരിബാഗുകളുടെ ലഭ്യതക്കുറവും പരിമിതികളാണ്. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പരിസ്ഥിതി സഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള ക്യാരി ബാഗുകൾ കൂടുതൽ ലഭ്യമാക്കുക എന്നിവ പരിഹാരമാർഗ്ഗങ്ങളാണ്.

## വാൾട്ട് ടൈപ്പ് ശ്മശാനം

164 (1381) <u>ശ്രീ. മുരളി പെരുനെല്ലി :</u> താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ ചിറനെല്ലൂർ സെന്റ് ആന്റണീസ് ചർച്ചിന് വാൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നത് സംബന്ധിച്ച തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പിന്റെ ഫയലിന്മേൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ 1904084/2017 നമ്പർ നിർദ്ദേശപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

ചില സാങ്കേതിക കാരണങ്ങളാൽ നടപടി സ്വീകരിച്ചിട്ടില്ല.

## കാട്ടാക്കട പഞ്ചായത്ത് മുളിയൂർ സ്റ്റേഡിയം

165 (1382) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ കാട്ടാക്കട പഞ്ചായത്ത് മുളിയൂർ സ്റ്റേഡിയം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കേസുകൾ നിലവിലുണ്ടോയെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം കേസ്സുകൾ നിലവിലില്ലെങ്കിൽ കായികപ്രേമികൾക്ക് ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) നെടുമങ്ങാട് മുൻസിഫ് കോടതിയിൽ ഒ.എസ്.നമ്പർ 236/2015, ഒ.എസ്.നം.768/2016 എന്നിവ പ്രകാരം കേസ്സുകൾ നിലവിലുണ്ട്. കൂടാതെ ബഹു. ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് ഒരു പെറ്റീഷൻ പെൻഡിംഗിലുണ്ട്.

## പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന

166 (1383) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജനയിൽ ഉൾപ്പെട്ട, കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികളുടെ ടെൻഡർ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം അടിയന്തരമായി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ടെണ്ടർ നടപടികൾ പൂർത്തീകരിക്കേണ്ട റോഡുകൾ ഒന്നുംതന്നെയില്ല. പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിനും കരാർ കാലാവധിക്കുള്ളിൽതന്നെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്.

## റോഡുകളുടെ പുനരുദ്ധാരണം

167 (1384) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ എത്ര കിലോമീറ്റർ റോഡ് ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കണക്ക് ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ വിവിധ പഞ്ചായത്ത് റോഡുകൾ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നതുമൂലം ജനങ്ങൾ യാത്രാക്ലേശം അനുഭവിക്കുന്നത് വിലയിരുത്തി ഈ റോഡുകൾ പുനരുദ്ധരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ഈ പഞ്ചായത്ത് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏതൊക്കെ ഫണ്ടുകളാണ് ഉപയോഗിച്ചുവരുന്നത്; വിശദമാക്കുമോ;

(ഡി) ഇതിലേയ്ക്കായി കേന്ദ്രഫണ്ട് ലഭിക്കാറുണ്ടോ; വിവരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിവിധ ജില്ലകളിലായി പഞ്ചായത്തുകൾക്ക് കീഴിൽ ആകെ 131497.2 കിലോമീറ്റർ റോഡുകളുണ്ട്. സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിൽ 10158.558 കിലോമീറ്റർ റോഡുകളും മുനിസിപ്പാലിറ്റിയിൽ 20173.692 കിലോമീറ്റർ റോഡുകളും ഉൾപ്പെടെ നഗരകാര്യ വകുപ്പിനുകീഴിൽ ആകെ 30332.25 കിലോമീറ്റർ റോഡുകളുണ്ട്. ജില്ല തിരിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഗ്രാമസഭാ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി പദ്ധതി വിഹിതത്തിനു പുറമെ മെയിന്റനൻസ് ഗ്രാന്റ്, എം.പി./എം.എൽ.എ. ഫണ്ടുകളും വിനിയോഗിക്കുന്നു. കൂടാതെ എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിലുൾപ്പെടുത്തി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് എന്നീ പ്രവൃത്തികളും നടത്തിവരുന്നു. നഗരസഭകൾക്ക് അനുവദിച്ചുനൽകുന്ന മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട് ഉപയോഗിച്ച് നഗരസഭകളുടെ റോഡുകൾ പുനരുദ്ധരിച്ച് സഞ്ചാര യോഗ്യമാക്കിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പദ്ധതി വിഹിതം, വികസന ഫണ്ട് (ജനറൽ, എസ്.സി.പി., ടി.എസ്.പി), മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട്, തനതു ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കെ.എൽ.ജി.എസ്.ഡി.പി, എം.പി./എം.എൽ.എ. ഫണ്ട്, പി.എം.ജി.എസ്.വൈ, ലോക ബാങ്ക് വിഹിതം എന്നീ ഫണ്ടുകളാണ് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പ്രധാനമായും ഗ്രാമപഞ്ചായത്തുകൾ ഉപയോഗിച്ചുവരുന്നത്. നഗരസഭകളുടെ റോഡുകളുടെ പുനരുദ്ധാരണത്തിനായി സർക്കാർ ഗ്രാന്റ് ആയ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട്, 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, നഗരസഭയുടെ തനത് ഫണ്ട് എന്നിവ ഉപയോഗിച്ചുവരുന്നു.

(ഡി) സംസ്ഥാന സർക്കാർ മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ ഫണ്ടുകൾ ലഭിക്കുന്നത്. നബാർഡ്, ബി.ആർ.ജി.എഫ്, വെള്ളപ്പൊക്കം. പ്രകൃതിക്ഷോഭം തുടങ്ങിയ കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ചില പഞ്ചായത്തുകൾക്ക് ലഭിക്കാറുണ്ട്. നഗരസഭകളുടെ റോഡുകൾ പുനരുദ്ധരിക്കാനായി കേന്ദ്ര ഫണ്ടായ 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുവരുന്നുണ്ട്.

## ഗ്രാമപഞ്ചായത്തുകൾക്ക് പുതിയ റോഡ്

168 (1385) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് പുതിയ റോഡ്, നടപ്പാത എന്നിവയുടെ നിർമ്മാണം ഏറ്റെടുക്കാൻ കഴിയില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൻമൂലം ഗ്രാമപഞ്ചായത്തുകൾ പുതിയ റോഡുകളുടെയും, നടപ്പാതകളുടെയും നിർമ്മാണത്തിന് പ്രയാസപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുൻവർഷങ്ങളിൽനിന്ന് വ്യത്യസ്തമായി മെയിന്റനൻസിന് മാത്രമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് പരിമിതപ്പെടുത്താൻ ഉണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള നടപടിമൂലം ഗ്രാമപഞ്ചായത്തുകൾക്ക് പുതിയ റോഡുകൾ ഏറ്റെടുക്കാൻ സാധിക്കാത്തതിന് പകരമായി പ്രത്യേക ഫണ്ടുകളോ, ഗ്രാന്റോ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. 2017-18 സാമ്പത്തികവർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 14-ാം ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് പുതിയ നടപ്പാതകളുടെ നിർമ്മാണത്തിനും റോഡുകളുടെയും നടപ്പാതകളുടെയും സംരക്ഷണത്തിനുമാണ് അനുമതി ഉണ്ടായിരുന്നത്.

(ബി) ഇല്ല.

(സി&ഡി) 2016-17-ലെ മാർഗ്ഗരേഖയിലും ഇതേ രീതിയിലുള്ള നിർദ്ദേശംതന്നെയാണ് നൽകിയിരുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന വികസനഫണ്ടിന്റെ 30 ശതമാനം തുക പുതിയ റോഡ് നിർമ്മാണം ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യ വികസനത്തിന് ഉപയോഗിക്കാവുന്നതാണ്.

## തൊഴിലുറപ്പ് പദ്ധതി

169 (1386) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിവഴി ആളോഹരി തൊഴിൽ ദിനങ്ങൾ എത്ര ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പട്ടികജാതി /പട്ടികവർഗ്ഗക്കാരിൽ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് ശതമാന നിരക്കിൽ വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽദിനങ്ങളുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| ഇനം | 2016-17 | 2017-18(26-2-2018 വരെ) |
|---|---|---|
| ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽദിനങ്ങൾ | 46.97 | 37.78 |
| നൽകിയ ശരാശരി ആളോഹരി തൊഴിൽദിനങ്ങൾ | 41.65 | 34.05 |
| പട്ടികജാതി കുടുംബത്തിന് ശരാശരി നൽകിയ തൊഴിൽനദിനങ്ങൾ (ശതമാനത്തിൽ) | 16.96 | 15.98 |
| പട്ടികവർഗ്ഗ കുടുംബത്തിന് ശരാശരി നൽകിയ തൊഴിൽദിനങ്ങൾ (ശതമാനത്തിൽ) | 4.09 | 4.27 |

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

## തൊഴിലുറപ്പ് പദ്ധതിയിലെ കേന്ദ്ര വിഹിതം

170 (1387) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പു പദ്ധതിയിൽ കേന്ദ്ര സർക്കാർ 2018 ജനുവരി മാസത്തിൽ 100 കോടി രൂപ സംസ്ഥാനത്തിന് അനുവദിക്കുകയുണ്ടായോ;

(ബി) മൂന്നു ദിവസത്തിനകം സംസ്ഥാന സർക്കാർ ആനുപാതിക വിഹിതം നൽകണമെന്ന് പണം അനുവദിക്കുന്ന വേളയിൽ കേന്ദ്രം നിർദ്ദേശിച്ചിരുന്നോ;

(സി) ഇല്ലെങ്കിൽ 12% പലിശ നൽകേണ്ടിവരുമെന്നും കേന്ദ്രം അറിയിക്കുകയുണ്ടായോ;

(ഡി) ആനുപാതിക വിഹിതം അനുവദിക്കുന്നതിലുണ്ടായ താമസം കാരണം ഈ ഇടപാടിൽ എത്ര കോടി രൂപ സംസ്ഥാനം കേന്ദ്രത്തിന് നൽകേണ്ടിവരും; വിശദാംശം നൽകുമോ;

(ഇ) സംസ്ഥാന വിഹിതം അനുവദിക്കുന്നതിലുണ്ടായ താമസം കേന്ദ്ര വിഹിതത്തിന്റെ അടുത്ത ഗഡു ലഭിക്കുന്നതിന് തടസ്സമാകുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അനുവദിച്ചിരുന്നു.

(ബി) നിർദ്ദേശിച്ചിരുന്നു.

(സി) ഉണ്ട്.

(ഡി) കേന്ദ്ര വിഹിതം സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് ലഭ്യമായതിനെത്തുടർന്ന് ആനുപാതിക വിഹിതമായ 19.95 കോടി രൂപ ഉൾപ്പെടെ 22-1-2018-ൽ അനുവദിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പലിശ നൽകണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടില്ല.

(ഇ) ഇല്ല. കേന്ദ്ര വിഹിതത്തിന്റെ അടുത്ത ഗഡുവായ 31.89 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## എയ്യൂകൊണ്ടാൻ കാണി-പാലപ്പള്ളി റോഡിന്റെ നിർമ്മാണം

171 (1388) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള എയ്യൂകൊണ്ടാൻ കാണി - പാലപ്പള്ളി റോഡിന്റെ നിർമ്മാണം പാതി വഴിയിൽ നിലച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(സി) റീ-ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പുനരാരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്

(സി) പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതി പുനരാരംഭിക്കുന്നതാണ്.

## നബാർഡ് ധനസഹായം ലഭിച്ച ഗ്രാമീണ റോഡുകൾ

172 (1389) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ധനസഹായം ലഭിച്ച കോഴിക്കോട് ജില്ലയിലെ ഗ്രാമീണ റോഡുകളുടെ വിശദാംശവും പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥയും വിശദമാക്കുമോ?

ഉത്തരം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിയോജക മണ്ഡലം | ആകെ തുക | RIDF വിഹിതം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1. | ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത്, പടിഞ്ഞാറക്കണ്ടി-കാപ്പുറം റോഡ് പുനരുദ്ധാരണം | ബാലുശ്ശേരി | 75 | 60 | പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല |
| 2. | കോട്ടൂർ ഗ്രാമപഞ്ചായത്ത്, കാട്ടൂലിത്താഴെ-മുല്ലപ്പള്ളി റോഡ് പുനരുദ്ധാരണം | ബാലുശ്ശേരി | 200 | 160 | ,, |
| 3. | കോട്ടൂർ ഗ്രാമപഞ്ചായത്ത്, കോട്ടൂർ-വള്ളൂർ മല റോഡ് പുനരുദ്ധാരണം | ബാലുശ്ശേരി | 100 | 80 | ,, |
| 4. | പനങ്ങാട് ഗ്രാമപഞ്ചായത്ത്, പെരിയമല 26 മൈൽ-ചൂരത്തോട് റോഡ് പുനരുദ്ധാരണം | ബാലുശ്ശേരി | 190.92 | 152.74 | ,, |

## ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക

173 (1390) <u>ശ്രീ. വി. അബ്ദുറഹിമാൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക സമീപത്തെ സ്വകാര്യ കച്ചവട

സ്ഥാപനങ്ങളിലെ വാടകയെക്കാൾ വളരെ കുറവാണെന്നും ഇതുമൂലം വലിയ വരുമാന നഷ്ടം സംഭവിക്കുകയാണെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വാടകയിലെ അന്തരം കുറച്ച് സ്വകാര്യ ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടകയ്ക്ക് തുല്യമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടകൾ കുറഞ്ഞ വാടകയിൽ നിരവധി വർഷങ്ങളായി ഒരേ കച്ചവടക്കാർതന്നെ കയ്യടക്കി വച്ചിരിക്കുന്നത് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) നിയമത്തിലെയും വ്യവസ്ഥകൾക്ക് വിധേയമായി പരസ്യലേലം ചെയ്താണ് അനുവദിക്കുന്നത്. ഇത്തരത്തിൽ പരസ്യ ലേലത്തിലൂടെ നിശ്ചയിക്കുന്നതുമൂലമാണ് ടി മുറികൾക്ക് സ്വകാര്യ കച്ചവട സ്ഥാപനങ്ങളിലെ വടകയെക്കാൾ കുറവ് വരുന്നത് എന്നാണ് ശ്രദ്ധയിൽപ്പെടുന്നത്.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) 1965-ലെ കേരള കെട്ടിട (പാട്ടം വാടക നിയന്ത്രണ ആക്ട്) പ്രകാരമുള്ള വാടക നിശ്ചയിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

**സി.ആർ. സോണിലെ വീടുകൾ**

174 (1391) <u>ശ്രീ. എം. വിൻസെന്റ് :</u> താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ മേഖലയിലെ സി.ആർ. സോണിൽ ഉൾപ്പെട്ടതും യു.എ. നമ്പർ നൽകിയിട്ടുള്ളതുമായ വീടുകൾക്ക് ഉയർന്ന കെട്ടിട നികുതി ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിട നികുതി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. തീരദേശ മേഖലയിൽ വാസഗൃഹം നിർമ്മിക്കുന്ന പാവപ്പെട്ടവരായ ആളുകൾക്കോ അവരുടെ കുടുംബത്തിനോ മറ്റെവിടെയും സ്വന്തമായി ഭൂമിയില്ലെങ്കിൽ താമസാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള വീടുകൾക്ക് വസ്തു നികുതി കുറയ്ക്കുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**വീട്ടുകരം വർദ്ധനവ്**

175 (1392) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വീട്ടുകരം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

തദ്ദേശഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതി എല്ലാ വർഷവും അഞ്ചു ശതമാനം വീതം വർദ്ധിപ്പിക്കുവാൻ 5-ാം ധനകാര്യകമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**നികുതികളും സേവന ഫീസും പരിഷ്കരിക്കൽ**

176 (1393) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളുടെ നികുതികളും സേവന ഫീസുകളും പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും ശിപാർശകൾ സർക്കാരിന് ഇതിനകം ലഭിക്കുകയുണ്ടായോ;

(ബി) മറ്റെന്തെല്ലാം പരിഷ്കരണങ്ങളാണ് തദ്ദേശ സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ വരുത്തുവാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) കെട്ടിട നികുതി വർഷംതോറും അഞ്ച് ശതമാനം കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) പ്രസ്തുത പരിഷ്കരണങ്ങൾ എന്ന് മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്. അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ലഭിക്കുകയും സർക്കാർ അതിന്മേൽ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി-ഡി) സർക്കാർ പരിശോധിച്ചുവരുന്നു.

## കോഴി ഫാമിന് ഈടാക്കുന്ന കെട്ടിട നികുതി

177 (1394) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിഫാമിന് നിലവിൽ ഈടാക്കുന്ന കെട്ടിട നികുതി/നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഫാമിനുവേണ്ടി നിർമ്മിക്കുന്ന താൽക്കാലിക ഷെഡ്ഡുകൾക്ക് ഈടാക്കുന്ന കെട്ടിട നികുതി അമിതമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നികുതി ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിൽ കോഴി ഫാമിന് നിലവിൽ ഈടാക്കുന്ന വസ്തു നികുതി നിരക്ക് ഒരു ച. മീ. തറ വിസ്തീർണ്ണത്തിന് യഥാക്രമം 15 രൂപ മുതൽ 30 രൂപ വരെയും 20 മുതൽ 40 രൂപ വരെയുമാണ്. ഗ്രാമ പഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ച.മീ.-ന് 10 രൂപയും കൂടിയ നിരക്ക് ച.മീ.-ന് 20 രൂപയുമാണ്.

(ബി) പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

(ഡി) ബാധകമല്ല.

## തീരദേശ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എയർപോർട്ട് അതോറിറ്റിയുടെ അനുമതി

178 (1395) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ തീരദേശമേഖല ഉൾപ്പെടുന്ന 20 വാർഡുകളിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും എയർപോർട്ട് അതോറിറ്റിയുടെ അനുമതി വേണമെന്ന ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പ് പുറത്തിറക്കിയിട്ടുണ്ടോ;

(ബി) അനുമതി ലഭിച്ച കെട്ടിടങ്ങൾ പണിയുവാൻ കഴിയാതെയും, പണി പൂർത്തിയായ കെട്ടിടങ്ങൾക്ക് നമ്പർ ലഭിക്കാതെയും ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രധാനമന്ത്രി ആവാസ് യോജനപ്രകാരം പാവപ്പെട്ടവർക്ക് നൽകുന്ന വീടുപോലും ഈ ഉത്തരവുമൂലം പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) രണ്ട് നിലകളിൽ കൂടുതലുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് മാത്രമേ എയർപോർട്ട് അതോറിറ്റിയുടെ അനുമതി ആവശ്യമുള്ളൂ എന്ന രീതിയിൽ ഉത്തരവ് ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നിർദ്ദേശിച്ച കളർ കോഡഡ് സോണിംഗ് മാപ്പിലെ (CCZM) വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ തീരദേശമുൾപ്പെടുന്ന 20 വാർഡുകൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കളർ കോഡഡ് സോണിംഗ് മാപ്പിലെ റെഡ് സോണിൽ ഉൾപ്പെടുന്നവയാണ്. ഈ സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണത്തിന് എയർപോർട്ട് അതോറ്റി ഓഫ് ഇന്ത്യയുടെ എൻ.ഒ.സി. ആവശ്യമാണ്.

(ബി&സി) ഉണ്ട്.

(ഡി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 32(2) പ്രകാരം വിമാനത്താവളങ്ങൾക്ക് സമീപമുള്ള കെട്ടിടങ്ങൾ, ഘടനകൾ, പ്രതിഷ്ഠാനങ്ങൾ എന്നിവയുടെ ഉയരം സംബന്ധിച്ചുള്ള നിബന്ധനകൾ 1934-ലെ വ്യോമയാന ആക്റ്റിന്റെ കീഴിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ഏതൊരു വിജ്ഞാപനത്തിനും വിധേയമായിരിക്കുന്നതാണ്. 1934-ലെ വ്യോമയാന ആക്റ്റ് കേന്ദ്ര നിയമമായതിനാൽ സംസ്ഥാന സർക്കാരും ആയത് പാലിക്കേണ്ടതാണ്.

**അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണം**

179 (1396) <u>ശ്രീ. എൽദോ എബ്രഹാം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചട്ടങ്ങൾ പൂർണ്ണമായും പാലിക്കാതെ നിർമ്മാണം നടത്തിയ കെട്ടിടങ്ങളിൽ ഒരു നിശ്ചിത കാലയളവിന് മുമ്പ് നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക് അനുമതി നൽകി ക്രമവൽക്കരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് 31-7-2017-നോ അതിനുമുൻപോ നിർമ്മിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി പിഴയടച്ച് ക്രമപ്പെടുത്തുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്ട് 407-ാം വകുപ്പും കേരള പഞ്ചായത്ത് രാജ് 235 എബി വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് 15-2-2018-ലെ ജി.ഒ(പി) നമ്പർ 11/2018 തസ്വഭവ, 15-2-2018-ലെ ജി.ഒ(പി) നമ്പർ 12/2018/തസ്വഭവ എന്നീ സർക്കാർ ഉത്തരവുകൾ മുഖേന യഥാക്രമം കേരള മുനിസിപ്പാലിറ്റി ക്രമവൽക്കരണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് ക്രമവൽക്കരണ ചട്ടങ്ങൾ എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം* ചെയ്തിട്ടുണ്ട്.

**അനധികൃത കെട്ടിടങ്ങൾക്ക് പിഴ**

180 (1397) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനധികൃത കെട്ടിടങ്ങൾ പിഴ ഈടാക്കി ക്രമപ്പെടുത്തുന്നതിനുള്ള ഓർഡിനൻസ് നിലവിൽ വന്നിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഇതുപ്രകാരം കേരളത്തിൽ എത്ര കെട്ടിടങ്ങൾ ഫീസ് അടച്ച് ക്രമപ്പെടുത്തിയിട്ടുണ്ട്; ജില്ല തിരിച്ച് ഫീസ് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇങ്ങനെ ക്രമപ്പെടുത്തുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 31-7-2017-നോ അതിനു മുൻപോ നിർമ്മിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി പിഴയടച്ച് ക്രമപ്പെടുത്തുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്ട് 407-ാം വകുപ്പും കേരള പഞ്ചായത്ത് രാജ് 235 എബി വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓർഡിനൻസുകളുടെ കോപ്പികൾ ഉള്ളടക്കം* ചെയ്തിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് 15-2-2018-ലെ ജി.ഒ(പി) നമ്പർ 11/2018 തസ്വഭവ, 15-2-2018-ലെ ജി.ഒ(പി) നമ്പർ 12/2018 തസ്വഭവ. എന്നീ സർക്കാർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരവുകൾ മുഖേന യഥാക്രമം കേരള മുനിസിപ്പാലിറ്റി ക്രമവൽക്കരണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് ക്രമവൽക്കരണ ചട്ടങ്ങൾ എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം കെട്ടിടങ്ങൾ ക്രമപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ പ്രാബല്യത്തിലുള്ള ക്രമവൽക്കരണ ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം 15-5-2018-നുമുൻപ് അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുവാനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**നെന്മാറ നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

181 (1398) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധതികൾക്കാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഓരോ പദ്ധതിയുടെയും സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 6 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങളും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു.

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

182 (1399) <u>ശ്രീ. കെ. രാജൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെട്ടതും തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ചതുമായ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും സാങ്കേതികാനുമതി ലഭിച്ചില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്നും പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2-ഉം മാടക്കത്തറ ഗ്രാമ പഞ്ചായത്തിൽ 4-ഉം ഉൾപ്പെടെ ആകെ 6 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.

(ബി) പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 5 ലക്ഷം രൂപ അടങ്കൽ വരുന്ന തെക്കേക്കുളം ജണ്ടമുക്ക് റോഡ് പ്രവൃത്തി പൂർത്തീകരിച്ചു. 25 ലക്ഷം രൂപ അടങ്കൽ വരുന്ന ചെമ്പൂത്ര ടെമ്പിൾ റോഡ് പ്രവൃത്തി 2018 ജൂൺ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. 50 ലക്ഷം രൂപ അടങ്കൽ വരുന്ന കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ടി പ്രവൃത്തി 2018 മാർച്ചിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

നടത്തറ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ മേൽക്കൂര ഷീറ്റാണ്. ടി കെട്ടിടത്തിന് മുകളിൽ ഫസ്റ്റ് ഫ്ലോർ നിർമ്മിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ സ്ട്രക്ചറൽ ഡിസൈൻ ലഭിക്കുന്നതിനായി കോസ്റ്റ് ഫോർഡിന് അപേക്ഷ നൽകിയിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ ലഭിച്ചതിനുശേഷം മാത്രമേ സാങ്കേതികാനുമതിക്കായി അയയ്ക്കാൻ കഴിയൂ. സാങ്കേതികാനുമതി ലഭിച്ചാൽ ഒരു വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**പത്തിയൂർ ഹോമിയോ ആശുപത്രി കെട്ടിടം**

183 (1400) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ പത്തിയൂർ ഹോമിയോ ആശുപത്രി കെട്ടിടത്തിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ താമസംവിനാ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

ഉണ്ട്. കായംകുളം പത്തിയൂർ ഹോമിയോ ആശുപത്രി കെട്ടിടത്തിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ച് ടി പ്രവൃത്തിയുടെ ഫൗണ്ടേഷൻ പണി ആരംഭിച്ചപ്പോൾ മണ്ണിന് ബലക്കുറവ് കണ്ടതിനാൽ ഫൗണ്ടേഷൻ മാറ്റി ചെയ്യേണ്ടിവന്നു. നിലവിൽ ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ആസ്തി വികസന ഫണ്ട്**

184 (1401) <u>ശ്രീ. പി. വി. അൻവർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്, എസ്.ഡി.എഫ്. എന്നിവ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ വരുന്ന പ്രവൃത്തികളുടെ( (2016-17), (2017-18) വർഷത്തെ) നിലവിലുള്ള അവസ്ഥ എന്തെന്ന് അറിയിക്കാമോ;

(ബി) എം.എൽ.എ.-എ.ഡി.എസ്. പ്രവൃത്തികൾക്കായുള്ള ടി ഫയലുകൾ വളരെ സാവധാനത്തിലാവാനുള്ള കാരണം വിശദമാക്കാമോ; ഏത് ഓഫീസിലാണ് കൂടുതൽ കാലതാമസം നേരിട്ടതെന്ന് വ്യക്തമാക്കാമോ;

(സി) നിലമ്പൂർ ബ്ലോക്ക് ഓഫീസിൽ ഓരോ ഫയലിനും എത്ര കാലതാമസം നേരിട്ടെന്ന് വ്യക്തമാക്കാമോ; കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം; പേര്, തസ്തിക വ്യക്തമാക്കാമോ; കാലതാമസം നേരിട്ടെങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17, 2017-18 വർഷങ്ങളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. Status report അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) മനഃപൂർവ്വമായ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പി.എഫ്. ക്രെഡിറ്റ് കാർഡ് വിതരണം**

185 (1402) <u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. പി. ജെ. ജോസഫ്:</u>
<u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ഡോ. എൻ. ജയരാജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കാർഡ് വിതരണത്തിനുണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത ക്രെഡിറ്റ് കാർഡ് എല്ലാ ജീവനക്കാർക്കും എന്നുമുതൽ കൊടുത്തു തീർക്കും എന്നറിയിക്കാമോ;

(ബി) നഗരസഭാ ജീവനക്കാർക്കുള്ള ക്രഡിറ്റ് കാർഡ് വിതരണത്തിന്റെ ചുമതല ഏത് ഏജൻസിയെയാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും ഈ ഏജൻസി പ്രസ്തുത ചുമതല ഏറ്റെടുത്തിട്ട് എത്രവർഷമായെന്നും അറിയിക്കാമോ;

(സി) ക്രെഡിറ്റ് കാർഡ് വിതരണത്തിൽ എത്ര ശതമാനം പുരോഗതി ഇതുവരെ ഉണ്ടായിട്ടുണ്ട്; പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ ഇനി എത്ര വർഷം വേണമെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ എല്ലാ നഗരസഭകളും ജീവനക്കാരുടെ പി.എഫ്.-ൽ നിന്നും പിടിക്കുന്ന തുക നഗരകാര്യ ഡയറക്ടർ ഓഫീസിൽ ഒടുക്കുന്നുണ്ടോ; പ്രസ്തുത തുക ജീവനക്കാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ അപ്‌ലോഡ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

## ഉത്തരം

(എ) കേരള മുനിസിപ്പൽ കോമൺ സർവീസിൽ റെഗുലർ വിഭാഗം ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ പൂർണ്ണമായും 'സ്ഥാപന' സോഫ്റ്റ്‌വെയറിലൂടെയാണ് നടപ്പാക്കുന്നത്. അതത് നഗരസഭകളാണ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ ഈ സോഫ്റ്റ്‌വെയറിൽ എൻട്രി വരുത്തി അംഗീകാരത്തിനായി നഗരകാര്യ ഡയറക്ടർക്ക് അയയ്ക്കേണ്ടത്. എല്ലാ നഗരസഭകളിൽനിന്നും ഡാറ്റാ എൻട്രി വരുത്തി നഗരകാര്യ ഡയറക്ടർക്ക് യഥാസമയം നൽകിയിട്ടില്ലാത്തതാണ് പി.എഫ്. ക്രെഡിറ്റ് കാർഡിന്റെ വിതരണവുമായി ബന്ധപ്പെട്ട കാലതാമസത്തിനുള്ള കാരണം. ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ എല്ലാ നഗരകഭകളിൽനിന്നും ലഭ്യമാക്കിയാലുടൻതന്നെ ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതാണ്.

(ബി) നഗരസഭാ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡ് തയ്യാറാക്കുന്നതിനുള്ള ചുമതല നഗരകാര്യ വകുപ്പിനാണ്. ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള 'സ്ഥാപന' സോഫറ്റ്‌വെയറാണ് ഈ ആവശ്യത്തിനായി ഉപയോഗിച്ചുവരുന്നത്. ഈ സോഫ്റ്റ്‌വെയർ 2010 മുതൽ നഗരകാര്യ വകുപ്പിൽ ഉപയോഗിച്ചുവരുന്നു.

(സി) കേരള മുൻസിപ്പൽ കോമൺ സർവ്വീസിൽ റെഗുലർ വിഭാഗത്തിൽ 5786 ജീവനക്കാർ നിലവിലുള്ളതിൽ 4317 പേരുടെ ക്രെഡിറ്റ് കാർഡ് തയ്യാറാക്കിയിട്ടുണ്ട്. 31-3-2018-നകം റഗുലർ വിഭാഗം ജീവനക്കാരുടെ ക്രെഡിറ്റ് കാർഡ് തയ്യാറാക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

(ഡി) 2005-ലെ സി.പി.എഫ്. ചട്ടപ്രകാരം ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽനിന്നും ഈടാക്കുന്ന തുക അതാത് മാസം 15-ാം തീയതിക്കകം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്. എന്നാൽ നെയ്യാറ്റിൻകര, വൈക്കം, വടക്കൻ പറവൂർ നഗരസഭകളിൽനിന്ന് തുക അടയ്ക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. നഗരസഭകളിൽ നിന്ന് അടയ്ക്കുന്ന തുക ജീവനക്കാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പി.എഫ്. വരിസംഖ്യ, വായ്പാ തിരിച്ചടവ് എന്നീ ഇനങ്ങളിൽ പിടിക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ 'സ്ഥാപന' സോഫ്റ്റ്‌വെയറിൽ ബന്ധപ്പെട്ട നഗരസഭകൾ എൻട്രി വരുത്തുന്നു.

**കേരള നഗര-ഗ്രാമാസൂത്രണ ആക്ട്**

186 (1403) <u>ശ്രീ. പി. ടി. തോമസ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നഗര-ഗ്രാമാസൂത്രണ ആക്ട് പ്രകാരം വികസന അതോറിറ്റിയുടെ സെക്രട്ടറിക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ജി.സി.ഡി.എ.-യിൽ ഇപ്പോൾ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ യോഗ്യതകൾ വ്യക്തമാക്കാമോ;

(സി) ഈ യോഗ്യത സെക്രട്ടറിയായി തുടരുന്നതിന് പര്യാപ്തമാണോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ ഖണ്ഡിക 54-ൽ വികസന അതോറിറ്റിയിലെ ജനറൽ കൗൺസിലിൽ ഉൾപ്പെട്ട അംഗങ്ങളുടെ വിഷയത്തിൽ ഉപഖണ്ഡിക 1(എഫ്) പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വികസന അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, നഗര-ഗ്രാമാസൂത്രണ വകുപ്പിലെ സീനിയർ ടൗൺ പ്ലാനറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനായിരിക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) നിർദ്ദിഷ്ട യോഗ്യതകളുള്ള സെക്രട്ടറിയെ നിയമിക്കുന്നതുവരെ ജി.സി.ഡി.എ.-യുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് പൂർണ്ണ അധികച്ചുമതലയാണ് നൽകിയിട്ടുള്ളത്. ഇദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യത ബി.എ.(ഇക്കണോമിക്സ്) ബിരുദമാണ്.

**തദ്ദേശസ്വയംഭരണ വകുപ്പിൽ പുതിയ തസ്തികകൾ**

187 (1404) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ആവശ്യത്തിന് തസ്തികകൾ ഉടൻ സൃഷ്ടിക്കുമെന്ന് ഉറപ്പുപറഞ്ഞിരുന്നതിന് വിരുദ്ധമായി ധനകാര്യവകുപ്പ് ടി ഫയൽ മടക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമനങ്ങൾ എത്രയും വേഗത്തിലാക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, തദ്ദേശഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് ഗവണ്മെന്റ് തീരുമാനിക്കുകയും അതുമായി മുന്നോട്ടു പോകുകയും ചെയ്യുന്ന സാഹചര്യത്തിൽ പൊതു സർവ്വീസ് രൂപീകരണത്തിനുശേഷം സാഹചര്യങ്ങൾ വിലയിരുത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ജില്ലാ ദാരിദ്ര്യലഘൂകരണ യൂണിറ്റിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക**

188 (1405) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിശ്ശിക ശമ്പളം വിതരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന ബജറ്റിൽ നിന്നും അഡീഷണൽ ഓതറൈസേഷൻ വഴി 7,92,68,000 (ഏഴ് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അറുപത്തി എട്ടായിരം രൂപ അനുവദിച്ച് കിട്ടുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലിരിക്കുകയാണ്. കൂടാതെ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കാനുള്ള രണ്ടാം ഗഡു അടിയന്തരമായി അനുവദിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

**പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ**

189 (1406) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഞ്ചായത്ത് വകുപ്പിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) വകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുതുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) 2025 വരെ വകുപ്പിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരുടെ വിവരം തസ്തിക, എണ്ണം, വർഷം എന്നിവ തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിൽ 2015-ൽ 37 ഗ്രാമപഞ്ചായത്തുകൾ നഗരസഭകളായി പരിവർത്തനം ചെയ്തപ്പോൾ അധികമായി വന്ന 448 തസ്തികകൾ പുനഃക്രമീകരിച്ച് പഞ്ചായത്ത് വകുപ്പിൽതന്നെ നിലനിർത്തി തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) വിവരം അനുബന്ധമായി* ചേർക്കുന്നു.

**കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക**

190 (1407) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ പെൻഷനും ശമ്പളവും പരിഷ്കരിച്ചതിന്റെ ആനുകൂല്യം വിരമിച്ച ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തിരുവനന്തപുരം നഗരസഭയിൽ പെൻഷൻ കുടിശ്ശിക കൊടുത്ത് തീർത്തിട്ടുണ്ടോ; ഇനി എത്ര ജീവനക്കാർക്ക് ആനുകൂല്യം കൊടുത്ത് തീർക്കുവാനുണ്ട്; അറിയിക്കുമോ;

(സി) ഇവർക്ക് എന്നേക്ക് ആനുകൂല്യങ്ങൾ കൊടുത്തുതീർക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂരിഭാഗം നഗരസഭകളിലെയും കണ്ടിൻജന്റ് വിഭാഗം പെൻഷൻകാർക്ക് പെൻഷൻ പരിഷ്കരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ചില നഗരസഭകളിൽ പെൻഷൻ ഫണ്ടിന്റെ അപര്യാപ്തതമൂലം പെൻഷൻ പരിഷ്കരിച്ച് നൽകിയിട്ടില്ല. ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) തിരുവനന്തപുരം നഗരസഭയിൽ ആകെയുള്ള 911 പെൻഷണേഴ്സിൽ 334 പേർക്ക് പെൻഷൻ കുടിശ്ശിക കൊടുത്തു തീർത്തിട്ടുണ്ട്. ബാക്കിയുള്ള 577 പേർക്ക് പെൻഷൻ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവർക്ക് ജൂൺ 30-ന് മുമ്പായി പെൻഷൻ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കാൻ കഴിയുമെന്ന് കരുതുന്നു.

**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്താൻ നടപടി**

191 (1408) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി, പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 36 ഒഴിവുകൾ.

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിൽ, നിയമന നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കൂടാതെ പ്രൊമോഷൻവഴി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങളും ത്വരിതഗതിയിൽ നടന്നുവരുന്നു.

## ഒഴിഞ്ഞുകിടക്കുന്ന തസ്തിക നികത്താൻ നടപടി

192 (1409) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ എത്ര വാർഡുകൾ ഉണ്ട്; ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്തിന്റെ വിസ്തീർണ്ണം എത്ര എന്ന് പറയാമോ;

(ബി) 2017-18 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് അംഗീകാരം ലഭിച്ച് പൂർത്തീകരിക്കാനുള്ളത്;

(സി) പഞ്ചായത്തിൽ നിലവിൽ അനുവദനീയമായ തസ്തികകൾ ഏതൊക്കെയാണ്; ഇതിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ നികത്താനുണ്ട്;

(ഡി) ഭൂവിസ്തൃതി കൊണ്ടും, വാർഡുകളുടെ എണ്ണം കൊണ്ടും വലിയ പഞ്ചായത്തായ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ 22 വാർഡുകളുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 59.03 ച.കി.മീ. ആണ്.

(ബി) 2017-18 വർഷത്തെ പദ്ധതി അടങ്കൽ 12,41,06,679 രൂപയാണ്. നിലവിൽ 5,47,45,032 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 6,93,61,647 രൂപയുടെ പ്രവൃത്തി കൂടി ഇനിയും പൂർത്തീകരിക്കുവാനുണ്ട്.

(സി) പഴയ്യന്നൂർ ഗ്രാമപഞ്ചായത്തിൽ അനുവദനീയമായ തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| സെക്രട്ടറി | 1 |
| അസിസ്റ്റന്റ് സെക്രട്ടറി | 1 |
| ഹെഡ് ക്ളാർക്ക് | 1 |
| അക്കൗണ്ടന്റ് | 1 |
| സീനിയർ ക്ലാർക്ക് | 4 |
| ക്ലാർക്ക് | 3 |
| ഓഫീസ് അറ്റൻഡന്റ് | 2 |

| | |
|---|---|
| പാർട്ട് ടൈം സ്വീപ്പർ | 1 |
| കാഷ്വൽ സ്വീപ്പർ | 1 |

മേൽ തസ്തികകളിൽ ഒഴിവുകൾ നിലവിലില്ല.

(ഡി) ബാധകമല്ല.

**ഓവർസിയർമാരുടെ തസ്തികകൾ നികത്താൻ നടപടി**

193 (1410) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ വിവിധ ഗ്രേഡുകളിലായി എത്ര ഓവർസിയർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഓവർസിയർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തുതീർക്കുവാൻ കഴിയുന്നില്ല എന്നത് കണക്കിലെടുത്ത് ഓവർസിയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് മുന്തിയ പരിഗണന നൽകി നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)ഒന്നാംതരം ഓവർസിയർ - 173

രണ്ടാംതരം ഓവർസിയർ - 52

മൂന്നാംതരം ഓവർസിയർ -512

(ബി) ഒന്നാംതരം ഓവർസിയറുടെ 161 ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തേണ്ടതാണ്. ആയതിന് നടപടി സ്വീകരിച്ചുവരുന്നു. 12 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ടാംതരം ഓവർസിയറുടെ 17 എൻ.ജെ.ഡി. ഒഴിവുകളും 7 എസ്.ടി. ഒഴിവുകളും റിപ്പോർട്ട് ചെയ്തതിൽ നിയമന ശിപാർശ പി.എസ്.സി.-യിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. പ്രൊമോഷൻവഴി നികത്താനുള്ള (22 ഒഴിവുകൾ) നടപടികൾ പൂർത്തിയായിവരുന്നു. അവശേഷിക്കുന്ന എൽ.ഡബ്ല്യൂ.എ. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്. മൂന്നാംതരം ഓവർസിയർ തസ്തികയിൽ 508 പേർക്ക് പി.എസ്.സി. മുഖേന നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ പലരും ജോയിൻ ചെയ്ത് വരുന്നതേയുള്ളൂ.

## വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ്

194 (1411) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് അമിതമായി വർദ്ധിപ്പിക്കുവാൻ തിരുവനന്തപുരം നഗരസഭ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള നിരക്കിന്റെ എത്ര ശതമാനം വർദ്ധനവാണ് നടപ്പിലാക്കുന്നത്;

(സി) ഇതിനെതിരെ വ്യാപാരി വ്യവസായി ഏകോപന സമിതി ഫെബ്രുവരി 20-ാം തീയതി കടകളടച്ച് പ്രതിഷേധിച്ചിരുന്നോ; എന്തൊക്കെയായിരുന്നു അവരുടെ ആവശ്യങ്ങൾ;

(ഡി) നിലവിലുള്ള ഗൈഡ്‌ലൈനിന് വിരുദ്ധമാണ് ലൈസൻസ് ഫീസ് വർദ്ധന എന്നതിനാൽ ആയത് പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) 2011-ലെ കേരള മുനിസിപ്പാലിറ്റി നിയമം (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) പട്ടിക 1, 2, 3 എന്നിവ പ്രകാരമാണ് പുതുക്കിയ ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടുള്ളത്.

(ബി) വർദ്ധനവ് ശതമാന രീതിയിലല്ല നിശ്ചയിച്ചിട്ടുള്ളത്. ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള (എ), (ബി), (സി) എന്നിങ്ങനെയുള്ള മേഖല തിരിച്ചാണ് പുതുക്കിയ ഫീസ് നിശ്ചയിക്കുന്നത്.

(സി) പ്രതിഷേധിച്ചിരുന്നു. ചട്ടപ്രകാരം പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് ഒഴിവാക്കി പഴയ നിരക്കുതന്നെ തുടരണമെന്ന ആവശ്യം മുൻനിർത്തിയാണ് പ്രതിഷേധിച്ചത്.

(ഡി) ചട്ടവിരുദ്ധമല്ലാത്തതിനാൽ ലൈസൻസ് ഫീ വർദ്ധനവ് പുനഃപരിശോധിക്കാനുള്ള നടപടി ഇപ്പോൾ പരിഗണനയിലില്ല.

## തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ഭൂമി പതിച്ചുകൊടുക്കൽ

195 (1412) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽപ്പെട്ട കുർക്കഞ്ചേരി വില്ലേജിലെ സർവ്വേ നമ്പർ 36/1-ൽപ്പെട്ട ഭൂമി, ഉടമസ്ഥർക്ക് പതിച്ചുകൊടുക്കുന്നതുമായി

ബന്ധപ്പെട്ട് തൃശ്ശൂർ കോർപ്പറേഷന്റെ എൻ.ഒ.സി.-യും റിപ്പോർട്ടും സഹിതം സമർപ്പിച്ച ഫയലിൽ തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ് അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നിർദ്ദേശത്തിന്മേൽ (2211916/2018) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ് സ്വീകരിച്ച നടപടി അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽപ്പെട്ട കൂർക്കഞ്ചേരി വില്ലേജിലെ സർവ്വേ നമ്പർ 36/1-ൽപ്പെട്ട ഭൂമി കൈവശക്കാരായ 22 കുടുംബങ്ങൾക്ക് പതിച്ചു നൽകുന്നത് സംബന്ധിച്ച് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സമർപ്പിച്ച ശിപാർശയിന്മേൽ കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയശേഷം നിയമസാധുത പരിശോധിക്കുന്നതിനായി ടി വിഷയം കൈകാര്യം ചെയ്യുന്ന ആർ.സി4/181/2016/തസ്വഭവ. നമ്പർ ഫയൽ നിയമ വകുപ്പിന് കൈമാറിയിരിക്കുകയാണ്. നിയമവകുപ്പിന്റെ അഭിപ്രായംകൂടി ലഭ്യമായശേഷം ഇതുസംബന്ധിച്ച അന്തിമ തീരുമാനമെടുക്കുന്നതാണ്.

**തുറസ്സായ സ്ഥലങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ**

196 (1413) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ നഗരസഭകളിലും തുറസ്സായ സ്ഥലങ്ങൾ കണ്ടെത്തി അവിടെ വിവിധതരം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന അന്തരീക്ഷമലിനീകരണം തടയുന്നതിനും, ശുദ്ധവായു ലഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) നഗരസഭകളിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട് കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയിലും മറ്റ് പൊതു ഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ചുപിടിപ്പിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

## കൊച്ചി നഗരസഭയുടെ ഭൂമിയിലെ പദ്ധതി

197 (1414) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭയുടെ 16-ാം ഡിവിഷനിൽ വി.എ.ടി. റോഡിന് സമീപം വർഷങ്ങളായി നഗരസഭയുടെ കൈവശമുള്ള ഭൂമി എന്ത് പദ്ധതിക്കായാണ് വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഭൂമിയിൽനിന്നും 10 സെന്റ് സ്ഥലം ഇടക്കൊച്ചിയിൽ അനുവദിച്ചിട്ടുള്ള കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനായി അനുമതി നൽകുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) പ്രസ്തുത സ്ഥലം നഗരസഭ Slaughter House നിർമ്മാണത്തിന് വേണ്ടിയാണ് വാങ്ങിയിരിക്കുന്നത്.

(ബി) ഉണ്ട്.

(സി) National Urban Livelyhood Mission പദ്ധതി പ്രകാരം നിലവിൽ 2 Shelter Home-കൾക്ക് പ്രാഥമിക നടപടിയായി Detailed Project Report തയ്യാറാക്കുന്നതിന് കൗൺസിൽ അംഗീകാരം ലഭ്യമായിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

## കായംകുളം നഗരസഭയിലെ വഴിവിളക്കുകൾ

198 (1415) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭയിൽ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റുകളും സോഡിയം വേപ്പർ ലാമ്പുകളും മാസങ്ങളായി പ്രവർത്തിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ കേടുപാടുകൾ പരിഹരിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവയുടെ കേടുപാടുകൾ പരിഹരിച്ച് പ്രവർത്തിപ്പിക്കുന്നതിനായി 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സിൽക്ക്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ട്.

**പത്തനംതിട്ട മുനിസിപ്പൽ ബസ് സ്റ്റാൻഡിന്റെ ശോച്യാവസ്ഥ**

199 (1416) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം കേരള നിയമസഭയുടെ ആദ്യ സമ്മേളന കാലയളവിൽ ഉന്നയിച്ച സബ്മിഷന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചതനുസരിച്ച് പത്തനംതിട്ട മുനിസിപ്പൽ ബസ് സ്റ്റാന്റിന്റെ ശോച്യാവസ്ഥ സംബന്ധിച്ച് സി.ഇ.-യുടെ നേതൃത്വത്തിൽ അന്വേഷണം പൂർത്തിയാക്കിയിരുന്നോ;

(ബി) മേൽപ്പറഞ്ഞ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ബസ് സ്റ്റാന്റിനുവേണ്ടി മുനിസിപ്പാലിറ്റി എടുത്ത ലോണിന്റെ പിഴപ്പലിശയും മറ്റും ഒഴിവാക്കിക്കൊടുക്കണമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശത്തിൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) പൂർത്തിയാക്കിയിരിക്കുന്നു.

(ബി) റിപ്പോർട്ട് അനുബന്ധമായി* ചേർക്കുന്നു.

(സി&ഡി) നടപടി സ്വീകരിച്ചുവരുന്നു.

**നെന്മാറ നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണം**

200 (1417) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ വേനൽക്കാലത്ത് ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം നടത്തിയ ആളുകൾക്ക് മുഴുവൻ ഫണ്ടും ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ഫണ്ട് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിശോധിച്ചുവരുന്നു.

**പെരുമ്പളം പഞ്ചായത്തിലെ ജങ്കാർ നടത്തിപ്പ്**

201 (1418) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ മുഖേന നിർമ്മിച്ച് പെരുമ്പളം പഞ്ചായത്തിന് കൈമാറിയ ജങ്കാറിന്റെ ഉടമസ്ഥാവകാശം പ്രസ്തുത കോർപ്പറേഷന് നൽകുന്നതിന് തീരുമാനിച്ചിരുന്നതുപ്രകാരം വീണ്ടും പ്രസ്തുത കോർപ്പറേഷന് ഉണ്ടാകുന്ന അധിക ബാധ്യത, തദ്ദേശ സ്വയംഭരണ വകുപ്പ് പെരുമ്പളം പഞ്ചായത്തിന് വേണ്ടി പ്രസ്തുത കോർപ്പറേഷന് ഗ്രാന്റായി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അതു പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ ഫയൽ നമ്പർ 2112674 പ്രകാരം എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പ്രസ്തുത അധിക ബാധ്യത തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുത്ത്, ജങ്കാർ ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് കൈമാറി ദ്വീപ് നിവാസികളുടെ യാത്രാക്ലേശത്തിന് പരിഹാരം കാണുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ& ബി) ഇതുസംബന്ധിച്ച് 23-8-2017-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുവാൻ പെരുമ്പളം ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാവറട്ടി പഞ്ചായത്ത് ഓഫീസ് കെട്ടിടം**

202 (1419) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ 2015-16 വർഷത്തെ ആസ്തി വികസന പദ്ധതിയിലേക്ക് ശിപാർശ ചെയ്തിരുന്ന പാവറട്ടി പഞ്ചായത്ത് ഓഫീസിന് ഷോപ്പിംഗ് കോംപ്ലക്സോടുകൂടി കെട്ടിടം പണിയുന്നതിനുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഭരണാനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) പാവറട്ടി പഞ്ചായത്ത് ഓഫീസിന് ഷോപ്പിംഗ് കോംപ്ലക്സോട് കൂടിയുള്ള കെട്ടിടം എന്ന പേരില്ല; മറിച്ച് പാവറട്ടി ഗ്രാമപഞ്ചായത്തിൽ ബസ്സ് സ്റ്റാൻഡ്-കം-പഞ്ചായത്ത് ഓഫീസ് ബിൽഡിംഗ് (second phase) നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**മാർക്കറ്റുകളുടെ ശാസ്ത്രീയ പുനർനിർമ്മാണം**

203 (1420) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരകേന്ദ്രങ്ങളിലെ മാർക്കറ്റുകൾ ശാസ്ത്രീയമായ രീതിയിൽ പുനർനിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പദ്ധതി തയ്യാറാക്കുമോ;

(ബി) തിരക്കേറിയ മാർക്കറ്റുകളിലെ മാലിന്യ സംസ്കരണവും ഡ്രെയിനേജ് സംവിധാനവും ശാസ്ത്രീയമായി ക്രമീകരിച്ച് മാർക്കറ്റുകളെ ശുചിത്വമുള്ളതാക്കി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ആധുനിക രീതിയിലുള്ള മാർക്കറ്റുകൾ പണിയുന്നതിന് KIIFB ധനസഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ആധുനിക രീതിയിലുള്ള മാർക്കറ്റുകൾ സംസ്കരണ, ഡ്രെയിനേജ് സംവിധാനങ്ങളോടുകൂടി നിർമ്മിക്കുവാനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. KIIFB മാനദണ്ഡങ്ങൾ പ്രകാരമുള്ള DPR-കളാണ് നഗരകാര്യ വകുപ്പ് മുഖേന ക്ഷണിച്ചിട്ടുള്ളത്. ശാസ്ത്രീയമായ മാലിന്യ സംസ്കരണവും ശുചിത്വവും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**എൽ.ഡി.സി. റാങ്ക് ലിസ്റ്റിലുള്ളവരുടെ പരിഗണന**

204 (1421) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ ചോദ്യം 1445-ന് 11-8-2017-ന് നല്കിയ മറുപടിയിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എഞ്ചിനീയറിംഗ് വിഭാഗത്തിന് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കാനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട് എന്നറിയിച്ചിരുന്നു; അതോടൊപ്പം 1720 ക്ലറിക്കൽ തസ്തികളും സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ തയ്യാറായി വരുന്നതായും അറിയിച്ചിരുന്നു; തദ്ദേശഭരണ സ്ഥാപനങ്ങൾ ജോലിഭാരം കൊണ്ട് വീർപ്പുമുട്ടുന്ന സാഹചര്യത്തിൽ പ്രസ്തുത നിർദ്ദേശത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; വിശദമാക്കാമോ;

(ബി) 31-3-2018-ന് കാലാവധി അവസാനിക്കുന്ന വിവിധ വകുപ്പുകളിലെ എൽ.ഡി.സി റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ ഇതിലേക്ക് പരിഗണിക്കാനുള്ള ഉചിതമായ തീരുമാനം ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ 'സ്റ്റാഫ് പാറ്റേൺ' അനുസരിച്ച് തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ, മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് ഗവൺമെന്റ് ഉത്തരവാകുകയും പൊതു സർവ്വീസ് രൂപീകരണവുമായി മുന്നോട്ട് പോകുകയും ചെയ്യുന്ന അവസരത്തിൽ പൊതുസർവ്വീസ് രൂപീകരണത്തിനുശേഷം എഞ്ചിനീയറിംഗ് വിഭാഗത്തിൽ മിനിസ്റ്റീരിയൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം ആവശ്യമുള്ളപക്ഷം പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) തസ്തിക നിലവിൽ സൃഷ്ടിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ്**

205 (1422) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് ക്ഷേമനിധി ബോർഡും അനുബന്ധമായി സൊസൈറ്റിയും രൂപീകരിക്കുന്നത് സംബന്ധിച്ചെടുത്ത തീരുമാനത്തിന്റെ സ്ഥിതി എന്താണെന്നറിയിക്കുമോ;

(ബി) മുൻ അംഗങ്ങൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമെന്ന തീരുമാനത്തിന്മേൽ കൈക്കൊണ്ട നടപടി എന്താണെന്നറിയിക്കുമോ;

(സി) ത്രിതല പഞ്ചായത്തിലെ മുൻഅംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിന് ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഉപസമിതിയുടെ ശിപാർശകളൊന്നും സർക്കാരിലേയ്ക്ക് ലഭിച്ചിട്ടില്ല.

(ബി) സാമൂഹ്യസുരക്ഷാ മിഷനിലേയ്ക്ക് വിഹിതം അടയ്ക്കുന്ന പഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് മാത്രമേ നിലവിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുള്ളൂ.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഷീപാഡ് പദ്ധതി**

206 (1423) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ഗ്രാമപഞ്ചായത്തുകളിൽ/നഗരസഭകളിൽ ഷീപാഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ പഞ്ചായത്തുകളും നഗരസഭകളും വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി കുറ്റമറ്റരീതിയിൽ നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഷീപാഡ് പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 8 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 7 |
| കോട്ടയം | 5 |
| ഇടുക്കി | 13 |
| എറണാകുളം | 6 |
| തൃശ്ശൂർ | 11 |
| പാലക്കാട് | 14 |
| മലപ്പുറം | 12 |
| കോഴിക്കോട് | 5 |
| വയനാട് | 2 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 0 |

സംസ്ഥാനത്തെ 49 നഗരസഭകളിൽ ഷീപാഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി**

207 (1424) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് സെന്റിൽ താഴെ മാത്രം ഭൂമിയുള്ള വ്യക്തികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ഗാർഹിക/വാണിജ്യ ആവശ്യങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 2011-ലെ കെട്ടിട നിർമ്മാണ ചട്ടത്തിൽ എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോ;

(ബി) ഇളവുകൾ നൽകിയിട്ടില്ലെങ്കിൽ വ്യവസ്ഥകൾക്ക് വിധേയമായി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ ചട്ടം 62, 63, 64, 65, 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ചട്ടം 60, 61, 62, 63, 64 എന്നിവ പ്രകാരം ചെറു പ്ലോട്ടുകളിലെ കെട്ടിട നിർമ്മാണത്തിന് ഇളവുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ചെറു പ്ലോട്ടുകളിലെ വാസഗൃഹ കെട്ടിടങ്ങൾക്ക് കെട്ടിട സെറ്റ് ബാക്ക്, തറ വിസ്തീർണ്ണ അനുപാതം, കവറേജ്, റോഡിന്റെ കേന്ദ്ര രേഖയിൽ നിന്നുള്ള അകലം, പ്രവേശനമാർഗ്ഗ വീതി, റോഡിന്റെ വീതിയും റോഡിനോടു ചേർന്നുള്ള പറമ്പിന്റെയും കാര്യത്തിലുള്ള പൊക്കനിയന്ത്രണം, കാർ പാർക്കിംഗ്, കെട്ടിട ഭാഗങ്ങളുടെയും വെളിച്ചത്തിന്റെയും വെന്റിലേഷന്റെയും അളവുകൾ എന്നിവയിൽ ഇളവുകളുണ്ട്.

**വിമൺ കംപോണന്റ് പ്ലാൻ**

208 (1425) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ത്രീകൾക്കായി (വിമൺ കംപോണന്റ് പ്ലാൻ) പ്ലാൻ ഫണ്ടിന്റെ എത്ര ശതമാനമാണ് ചെലവഴിച്ചത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിന്റെ 10% വനിതാ ക്ഷേമ പദ്ധതികൾക്കായി നീക്കിവയ്ക്കണം. ഇതനുസരിച്ച് ചെലവഴിച്ച തുക താഴെപ്പറയും പ്രകാരമാണ്.

| തദ്ദേശഭരണ സ്ഥാപനം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷം) | ശതമാനം (%) |
|---|---|---|---|
| 2015-16 | | | |
| ബ്ലോക്ക് പഞ്ചായത്തുകൾ | 11858.38555 | 10717.9652 | 90.38 |
| ജില്ലാ പഞ്ചായത്തുകൾ | 7899.29 | 4717.99 | 59.72 |
| ഗ്രാമ പഞ്ചായത്തുകൾ | 26674.61 | 19650.31 | 73.66 |

| | | | |
|---|---|---|---|
| മുനിസിപ്പാലിറ്റികൾ | 9344.89 | 6078.09 | 65.04 |
| കോർപ്പറേഷനുകൾ | 4680.04 | 2178.70 | 46.55 |
| 2016-17 | | | |
| ബ്ലോക്ക് പഞ്ചായത്തുകൾ | 9946.917 | 6393.419 | 64.27 |
| ജില്ലാ പഞ്ചായത്തുകൾ | 9686.95 | 5206.10 | 53.74 |
| ഗ്രാമ പഞ്ചായത്തുകൾ | 26711.83 | 17662.15 | 66.12 |
| മുനിസിപ്പാലിറ്റികൾ | 9290.05 | 5393.50 | 58.06 |
| കോർപ്പറേഷനുകൾ | 5408.14 | 1980.25 | 36.62 |

**റിയൽ എസ്റ്റേറ്റ് മേഖലയുമായി ബന്ധപ്പെട്ട തർക്കങ്ങൾ**

209 (1426) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് മേഖലയുമായി ബന്ധപ്പെട്ട തർക്കങ്ങൾക്ക് പരിഹാരം നൽകുന്നത് ഏത് ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണെന്ന് അറിയിക്കാമോ ;

(ബി) കേന്ദ്ര ആക്ട് നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് പാസ്സാക്കിയ ആക്ടിലെ വ്യവസ്ഥകൾ പാലിച്ചുപോരുന്നുണ്ടോ ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ ;

(സി) കേന്ദ്ര ആക്ട് നിലവിൽവന്ന സാഹചര്യത്തിൽ സംസ്ഥാനം പാസ്സാക്കിയ ആക്ട് റദ്ദ് ചെയ്യാൻ കഴിയാത്തതിന്റെ സാഹചര്യം വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ പരസ്പര വിരുദ്ധമായ രണ്ട് ആക്ടുകൾ ഒരേ വിഷയത്തിൽ നിലനിൽക്കുന്നതുമൂലം സർക്കാർ തലത്തിൽ എന്തെങ്കിലും പ്രതിസന്ധികൾ നേരിടുന്നുണ്ടോ?

ഉത്തരം

(എ) 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട്.

(ബി-ഡി) നിലവിലുണ്ടായിരുന്ന 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയിന്ത്രണവും വികസനവും) ആക്ട് (കേന്ദ്ര ആക്ട്) നിലവിൽ വന്നതിനെ തുടർന്ന് 2017 ജൂലൈ 15-ലെ ഓർഡിനൻസ് മുഖേന റദ്ദാക്കപ്പെട്ടു. തുടർന്ന് 2016-ലെ കേന്ദ്ര ആക്ടിനെ അടിസ്ഥാനമാക്കി കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്ഷേമനിധി ബോർഡ്/സൊസൈറ്റി

210 (1427) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്കായി ഒരു ക്ഷേമനിധി ബോർഡ് /സൊസൈറ്റി രൂപീകരിക്കുന്നതിന് വകുപ്പ് തലത്തിൽ 6-2-2017-ന് തീരുമാനമെടുത്തിരുന്നോ;

(ബി) ഈ വിഷയത്തിൽ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(സി) സർക്കാരിന് ചെലവ് വരാത്ത വിധത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതം ഈടാക്കി സൊസൈറ്റി രൂപീകരിക്കുന്നത് പരിഗണിക്കുമോ;

(ഡി) 18-5-2017-ലെ സ.ഉ (സാധാ) നം.1621/2017/തസ്വഭവ. പ്രകാരം എടുത്ത നടപടികൾ വ്യക്തമാക്കാമോ;

(ഇ) ഇതുസംബന്ധിച്ച് ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) തീരുമാനമെടുത്തിരുന്നു.

(ബി) പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടറെ കൺവീനറാക്കി 18-5-2017-ലെ സ.ഉ.(സാധാ)നമ്പർ 1621/17/തസ്വഭവ ഉത്തരവ് പ്രകാരം (അനുബന്ധമായി വച്ചിട്ടുണ്ട്*) ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഉപസമിതി പ്രസ്തുത വിഷയത്തിൽ ശിപാർശകളൊന്നും സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഉപസമിതി ഈ വിഷയത്തിൽ ശിപാർശകളൊന്നും സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(ഇ) മിനിട്സിന്റെ പകർപ്പ് അനുബന്ധം* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പഞ്ചായത്ത് ദിനാഘോഷം**

211 (1428) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷവുമായി ബന്ധപ്പെട്ട് സർക്കാർ ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള ചെലവുകൾ ഏത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്; ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ തുക എത്രയെന്നും സർക്കാർ അനുവദിച്ച തുക എത്രയെന്നും ജീവനക്കാരുടെ വിഹിതമെത്രയെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്ത് ദിനാഘോഷവുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്നും തുക അനുവദിച്ചിട്ടില്ല. ഈ വർഷം ഫെബ്രുവരി 18, 19 തീയതികളിൽ പെരിന്തൽമണ്ണയിൽ വച്ചുനടന്ന പഞ്ചായത്ത് ദിനാഘോഷത്തിന്റെ വരവുചെലവ് കണക്കുകൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഗ്രാമപഞ്ചായത്തുകളുടെ തനതുഫണ്ടിൽ നിന്നുള്ള വിഹിതം വിനിയോഗിച്ചുകൊണ്ടാണ് പഞ്ചായത്ത് ദിനാഘോഷം നടത്തിയത്. പഞ്ചായത്ത് ദിനാഘോഷം നടത്തിപ്പിനും മറ്റ് അനുബന്ധ ക്രമീകരണങ്ങൾക്കുമായി മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നും 20,000 രൂപ വീതവും മറ്റു ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നും 15,000 രൂപ വീതവും ആവശ്യപ്പെട്ടതനുസരിച്ച് 145,12,500 രൂപ ലഭ്യമായിരുന്നു. ഈ ഇനത്തിൽ സർക്കാരിൽനിന്നും തുക അനുവദിച്ചിട്ടില്ല. ജീവനക്കാരിൽ നിന്നും വിഹിതം ഈടാക്കിയിട്ടില്ല.

**പഞ്ചായത്ത് വകുപ്പിൽ അച്ചടക്ക നടപടി**

212 (1429) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്ത് വകുപ്പിൽ എത്ര പേർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) അച്ചടക്ക നടപടിയുടെ പേരിൽ എത്ര ജീവനക്കാരെ സസ്പെന്റ് ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) പഞ്ചായത്തു വകുപ്പിൽ എത്ര ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ഫയലുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഞ്ചായത്ത് വകുപ്പിൽ 186 പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഞ്ചായത്ത് വകുപ്പിൽ വിവിധ അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട് 31 പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(സി) പഞ്ചായത്ത് വകുപ്പിൽ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട് 3337 ഫയലുകൾ നിലവിലുണ്ട്.

**മട്ടാഞ്ചേരി മരക്കടവിലെ അറവുശാല**

213 (1430) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 6-2-2007 മുതൽ അടച്ചിട്ടിരിക്കുന്ന മട്ടാഞ്ചേരി മരക്കടവിലെ അറവുശാല പുതുക്കി പണിയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറവുശാല എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊച്ചി നഗരസഭയുടെ ഉടമസ്ഥതയിലുള്ള മട്ടാഞ്ചേരി മരക്കടവ് അറവുശാല ആധുനിക രീതിയിൽ പുനർ നിർമ്മിക്കുന്നതിനായി പാർട്ണർ കേരള മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയും M/s. വിർഗോ അക്വാ എന്ന സ്ഥാപനം ഇതിനായി പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. പാർട്ണർ കേരള മിഷൻ നിർത്തലാക്കി ആയതിന് പകരമായി ഇംപാക്ട് കേരള ലിമിറ്റഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ചിട്ടുള്ളതാണ്. കൊച്ചി നഗരസഭയുടെ 2017-18 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ടി പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ടി പ്രോജക്ട് നടപ്പിലാക്കുന്നതിനായി സോയിൽ ടെസ്റ്റ് കഴിഞ്ഞിട്ടുള്ളതും ശുചിത്വ മിഷനിൽ നിന്നും 24-11-2017-ൽ നിരാക്ഷേപ

സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതുമാണ്. സ്ട്രക്ചറൽ പ്ലാൻ, ഡിറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ട് ആരും ഏറ്റെടുത്തിട്ടില്ലാത്തതാകുന്നു. ആയതിനാൽ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ വിർഗോ അക്വാ എന്ന സ്ഥാപനത്തെ ഡി.പി.ആർ., സ്ട്രക്ചറൽ പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് ഏൽപ്പിക്കുന്ന വിഷയം കൊച്ചി നഗരസഭാ കൗൺസിലിന്റെ പരിഗണനയിലാണ്.

(ബി) ഭരണാനുമതി ലഭിച്ചാൽ ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കാനാകുന്നതാണ്.

## മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കാൻ നടപടി

214 (1431) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു കാലഘട്ടം മുതലുള്ളവർക്കാണ് അനുവദിക്കുക; എന്നുമുതൽ ലഭിച്ചു തുടങ്ങും; വിശദാംശം നൽകുമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള അംഗങ്ങളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ വർദ്ധിപ്പിക്കാൻ തീരുമാനമുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പെൻഷൻ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 1-7-2016 മുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഹാജർബത്ത 1-1-2018 പ്രാബല്യത്തോടെ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ബയോഡൈവേഴ്സിറ്റി രജിസ്റ്റർ

215 (1432) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ എന്തെല്ലാം തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത ബയോഡൈവേഴ്സിറ്റി രജിസ്റ്റർ നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 885 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥലങ്ങളിൽ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2002-ലെ ജൈവവൈവിദ്ധ്യ നിയമം, 2008-ലെ കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ചട്ടങ്ങൾ എന്നിവ പ്രകാരം, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന്റെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കുന്ന ബയോഡൈവേഴ്സിറ്റി രജിസ്റ്ററിൽ കാർഷിക ജൈവ വൈവിദ്ധ്യം, വീട്ടുവളപ്പിലെ ജൈവവൈവിദ്ധ്യം, വന്യ ജൈവവൈവിദ്ധ്യം, തണ്ണീർത്തട ജൈവവൈവിദ്ധ്യം, നഗര ജൈവവൈവിദ്ധ്യം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി പ്രദേശത്തെ എല്ലാവിധ സസ്യ-ജന്തുജാലങ്ങൾ, ആവാസ വ്യവസ്ഥകൾ, ജൈവ വിഭവങ്ങളുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ, അവയുടെ പ്രാദേശിക ഉപയോഗങ്ങൾ തുടങ്ങിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) തയ്യാറാക്കിക്കഴിഞ്ഞ ബയോഡൈവേഴ്സിറ്റി രജിസ്റ്ററുകളെ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി, തയ്യറാക്കപ്പെട്ട രജിസ്റ്ററുകളിലെ വിവര ശേഖരണത്തിലെ പോരായ്മകൾ പരിഹരിച്ച്, ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനായി അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബയോഡൈവേഴ്സിറ്റി രജിസ്റ്ററുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾക്ക് ജില്ലാതലത്തിൽ ജൈവവൈവിദ്ധ്യ ബോർഡ് തുടക്കംകുറിച്ചിട്ടുണ്ട്.

(സി) ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നത് കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന്റെ നേതൃത്വത്തിലാണ്. ആയതിലേയ്ക്ക് ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ല.

## പൊതു ശൗചാലയങ്ങൾ

216 (1433) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും, പ്രധാനപ്പെട്ടതും തിരക്കേറിയതുമായ സ്ഥലങ്ങളിലും സ്ത്രീകൾക്കും, പുരുഷൻമാർക്കും പ്രത്യേകം പ്രത്യേകം പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മാതൃകാപരമായി ഈ പദ്ധതി നടപ്പിലാക്കുന്നതിനും, ഇവ വൃത്തിയായി പരിപാലിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ) സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പൊതു ശൗചാലയത്തിന്റെ വൃത്തിയായ പരിപാലനം യൂസർഫീ ഈടാക്കി തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ കുടുംബശ്രീ സംരംഭ ഗ്രൂപ്പുകളെ ഉപയോഗിച്ചോ നിലവിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.-കൾ വഴിയോ ഇതര രീതികളിലോ സൗകര്യപ്പെടുത്തുവാൻ കഴിയുന്നതാണ്.

## എം.എൽ.എ. ആസ്തി വികസന ഫണ്ട്

217 (1435) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ മണ്ഡല ആസ്തി വികസന ഫണ്ട് 2016-17 വിനിയോഗിച്ച്, കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളിൽ ഭൂരിഭാഗവും എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുള്ള അപാകതമൂലം, ഭരണാനുമതി ലഭിച്ചതിനുശേഷവും, ഭരണാനുമതി ലഭിച്ച തുകയിൽ നിലനിർത്തി, പ്രവൃത്തികളിൽ ഭേദഗതി വരുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര പ്രവൃത്തികളാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് എന്നും, അവ ഏതൊക്കെയാണ് എന്നും വിശദമാക്കാമോ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഉണ്ടാകുന്ന അപാകതമൂലം പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുകയും പ്രവൃത്തികൾക്ക് പൂർണ്ണത ഉണ്ടാകുന്നില്ല എന്ന വസ്തുതയും കണക്കിലെടുത്ത് കൃത്യമായും, അപാകതകൾ ഉണ്ടാകാത്തതരത്തിലും എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 6 പ്രവൃത്തികൾക്കാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത്.

1. 2016-17 പുത്തൂർ മുക്ക് ഗുരുകൃപ റോഡ്-ചെട്ടിക്കുളങ്ങര പഞ്ചായത്ത്
2. 2016-17 ചക്കാലമുക്ക് മുല്ലശ്ശേരി റോഡ് കാന നിർമ്മാണം-കായംകുളം മുനിസിപ്പാലിറ്റി.
3. 2016-17 ഹോമിയോ ആശുപത്രി നിർമ്മാണം -പത്തിയൂർ പഞ്ചായത്ത്.
4. 2016-17 എരുവപ്പാലം കരിപ്പുഴ കനാൽ ചീർപ്പിൽ നിന്നും കിഴക്കോട്ട് കായലാക്കൽ തോടിന് കോൺക്രീറ്റ് ഫുട്സ്ലാബും സൈഡ് പ്രൊട്ടക്ഷനും-കായംകുളം മുനിസിപ്പാലിറ്റി.
5. 2016-17 പട്ടത്തിൽമുക്ക്-കുറക്കാവ് കരിഞ്ഞാപ്പടിക്കൽ പാറയിൽ മുക്ക് റോഡ് നിർമ്മാണം.
6. തെക്കേക്കര എൽ.പി.എസ്. ജംഗ്ഷൻ-പീഠികത്തറ റോഡ്-ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത്.

(സി) അപാകതകൾ ഉണ്ടാകാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുളങ്ങളുടെ പുനരുദ്ധാരണം**

218 (1436) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 23-ാം ഘട്ടത്തിൽ മണ്ണ് സംരക്ഷണ പ്രോജക്ടുകളിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള ആലത്തൂർ നിയോജക മണ്ഡലത്തിലെ കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതിനായി അനുമതി ലഭ്യമാക്കി തുടർനടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) അനുമതി നൽകിയിട്ടില്ല.

(ബി) സ്വീകരിക്കുന്നതാണ്.

**പ്രധാനമന്ത്രി ഗ്രാമ സഡക് പദ്ധതി**

219 (1437) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിലെ കാട്ടുവിള-നൊച്ചിയൂർ റോഡ് (പ്രധാനമന്ത്രി ഗ്രാമ സഡക് പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന റോഡ്) പണി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത പദ്ധതി തുടങ്ങിയത് ഏതു വർഷത്തിൽ ആണ്; അതിന് അനുവദിച്ച തുക എത്രയാണ്;

(ബി) കാട്ടുവിള-നൊച്ചിയൂർ റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമവികസന കാര്യാലയം തദ്ദേശസ്വയംഭരണ വകുപ്പിൽ DD1-522/17 ഫയൽ നമ്പർ പ്രകാരം എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) പ്രധാനമന്ത്രി ഗ്രാമ സഡക് പദ്ധതിയിലെ കാട്ടുവിള-നൊച്ചിയൂർ റോഡ് പണി പൂർത്തീകരിക്കാത്ത അവസ്ഥയിൽ പ്രസ്തുത റോഡ് ജനങ്ങൾക്ക് ഗതാഗതയോഗ്യമാക്കുന്നതിന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിന് തടസ്സം ഉണ്ടോ;

(ഡി) കാട്ടുവിള-നൊച്ചിയൂർ റോഡിന് അനുവദിച്ച തുക ഉപയോഗിച്ച് ഇപ്പോഴത്തെ എൽ.എസ്.ജി.ഡി. - റേറ്റ് അനുസരിച്ച് റോഡിന്റെ കുറച്ച് ഭാഗം പണിയുന്നതിന് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കരാറുകാരന്റെ ഭാഗത്തെ അനാസ്ഥമൂലം പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

വർഷം - 2012

അടങ്കൽ തുക – 1,65,26,498/- രൂപ.

(ബി) പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

(സി) നിലവിലെ പ്രവൃത്തി കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ റീടെണ്ടർ ചെയ്യുകയും ലഭ്യമായ ഓഫർ പ്രകാരമുള്ള ടെണ്ടർ എക്സസ് പ്രൊപ്പോസൽ പരിശോധിച്ചുവരികയുമാണ്.

(ഡി) നിലവിലെ റോഡ് മുഴുവനായി ചെയ്യുന്നതിനാണ് റീടെണ്ടർ ചെയ്തിരിക്കുന്നത്. ആകയാൽ കുറച്ചുഭാഗം മാത്രമായി ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടതുണ്ട്.

**അഗതിരഹിത കേരളം പദ്ധതി**

220 (1438) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്തൃ സർവ്വേ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതു പ്രകാരം സംസ്ഥാനത്ത് എത്ര അഗതി കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അഗതി കുടുംബങ്ങളെ കണ്ടെത്തുവാനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നുള്ള വിശദവിവരം നൽകുമോ;

(സി) ഇപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അഗതിരഹിത കേരളം പദ്ധതി ഗുണഭോക്തൃ സർവ്വേ കുടുംബശ്രീ തയ്യാറാക്കിയ പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പൂർത്തിയാക്കുകയും കരട് പട്ടിക തദ്ദേശ ഭരണ സ്ഥാപനതലത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ കൈപ്പറ്റിയ അപ്പീലുകൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ പുനഃപരിശോധന നടത്തി വരികയാണ്. അന്തിമ ഗുണഭോക്തൃ പട്ടിക പൂർത്തീകരിച്ചിട്ടില്ല.

(ബി) അഗതിരഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖയിൽ വിവരിക്കുന്ന അഗതി കുടുംബത്തിന് ബാധകമായ ചുവടെ കൊടുത്തിരിക്കുന്ന ക്ലേശഘടകങ്ങളിൽ കുറഞ്ഞത് 7-ഉം അധിക ക്ലേശഘടകങ്ങളിൽ കുറഞ്ഞത് 1-ഉം ബാധകമാകുന്ന കുടുംബങ്ങളെയാണ് അഗതി കുടുംബങ്ങളായി കണക്കാക്കുന്നത്.

ക്ലേശഘടകങ്ങൾ

| ക്രമ നമ്പർ | ഗ്രാമപ്രദേശങ്ങൾ | നഗരപ്രദേശങ്ങൾ |
|---|---|---|
| 1 | ഭൂരഹിതർ/10 സെന്റിൽ താഴെ ഭൂമിയുള്ളവർ | ഭൂരഹിതർ/5 സെന്റിൽ താഴെ ഭൂമിയുള്ളവർ |
| 2 | ഭവനരഹിതർ/ജീർണ്ണിച്ച വീട്ടിൽ താമസിക്കുന്നവർ | ഭവനരഹിതർ/ജീർണ്ണിച്ച വീട്ടിൽ താമസിക്കുന്നവർ |
| 3 | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല. | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല. |
| 4 | ശുചിത്വ കക്കൂസ് ഇല്ല. | ശുചിത്വ കക്കൂസ് ഇല്ല. |
| 5 | ജോലിയുള്ള ഒരാൾപോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി.) | ജോലിയുള്ള ഒരാൾപോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി) |
| 6 | വനിത കുടുംബനാഥയായുള്ള കുടുംബം | വനിത കുടുംബനാഥയായുള്ള കുടുംബം |
| 7 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപ്പെട്ടവരോ ഉള്ള കുടുംബം | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ തീരാവ്യാധികൾ പിടിപ്പെട്ടവരോ ഉള്ള കുടുംബം |
| 8 | പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യ ബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം | പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യ ബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം |
| 9 | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം | പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം |

അധിക ക്ലേശഘടകങ്ങൾ

| ക്രമ നമ്പർ | ഗ്രാമപ്രദേശങ്ങൾ | നഗരപ്രദേശങ്ങൾ |
|---|---|---|
| (1) | (2) | (3) |
| 1 | ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറമ്പോക്ക് ഭൂമി, വനഭൂമി, കനാലുകളുടെയും പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ) | രാത്രികാലം പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ |

| (1) | (2) | (3) |
|---|---|---|
| 2 | രാത്രികാലം പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടതിണ്ണകളിലും അന്തിയുറങ്ങുന്നവർ | സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹ പ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ |
| 3 | അവിവാഹിതരായ അമ്മ/അമ്മയും കുഞ്ഞും മാത്രം/ഭർത്താവ് ഉപേക്ഷിച്ചതും ദുരിതമനുഭവിക്കുന്നവരുമായ വനിതകൾ | ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ |
| 4 | സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹ പ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ | ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരംതന്നെയില്ലാത്ത കുടുംബം |
| 5 | തീരാവ്യാധികൾ/ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങൾ പിടിപെട്ടവരും ശാരീരിക-മാനസികവെല്ലുവിളികൾ നേരിടുന്നവരും | അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ |
| 6 | കുടുംബത്തിൽ ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരുംതന്നെയില്ലാത്ത കുടുംബം | തെരുവുകുട്ടികൾ, ദുർഗുണ പരിഹാര പാഠശാല (Juvenile Home), അഗതി മന്ദിരം (Poor home) എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികളുള്ള കുടുംബം |
| 7 | ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ | കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള കുടുംബം |
| 8 | അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ | ലൈംഗിക തൊഴിലാളികൾ (Commercial sex workers) ഉള്ള കുടുംബം |
| 9 | - | അബല മന്ദിരത്തിൽ താമസിക്കുന്ന വനിത അംഗമായുള്ള കുടുംബം |
| 10 | - | ചേരിപ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബം |

ടി വിവരങ്ങൾ ഉൾക്കൊള്ളിച്ച്, കെൽട്രോണിന്റെ സഹായത്തോടെ കുടുംബശ്രീ തയ്യാറാക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് ഗുണഭോക്തൃ സർവ്വേ സംഘടിപ്പിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന സർവ്വേയിൽ അർഹരായ ആരുംതന്നെ ഒഴിവാക്കപ്പെടാതിരിക്കുവാനായി കുടുംബശ്രീ പരിശീലനം നൽകിയ റിസോഴ്സ് പേഴ്സൺമാരാണ് വിവരശേഖരണം നിർവ്വഹിച്ചിരിക്കുന്നത്.

(സി) പദ്ധതിയിലൂടെ കണ്ടെത്തുന്ന അഗതികുടുംബ ഗുണഭോക്താക്കൾക്ക് ആവശ്യമായ അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യ ആവശ്യങ്ങൾ, വികസനാവശ്യങ്ങൾ, മാനസികാവശ്യങ്ങൾ എന്നിവ നിറവേറ്റുന്നതിനുള്ള സഹായങ്ങളാണ് ലഭ്യമാക്കുന്നത്.

**ഗ്രാമവികസന വകുപ്പ് ജീവനക്കാരുടെ നിയമനം**

221 (1439) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-1-2017-ലെ 166/2017/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ പെർഫോമൻസ് ഓഡിറ്റിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ)യുടെ കീഴിൽ ഗ്രാമവികസന വകുപ്പ് ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശിച്ചതിന്റെ ഭാഗമായി നാളിതുവരെയായി തദ്ദേശസ്വയംഭരണ, ഗ്രാമവികസന വകുപ്പുകൾ സ്വീകരിച്ചനടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ നിർദ്ദേശം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെയായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ആറ്റുകാൽ വികസന പദ്ധതി**

222 (1440) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - ആറ്റുകാൽ വികസന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എന്തൊക്കെ പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും എന്ത് തുകയുള്ള വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ആറ്റുകാൽ ക്ഷേത്ര ട്രസ്റ്റിന്റെ അധീനതയിലുള്ള സ്ഥലത്ത് എത്ര കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്; അതിനായി ട്രസ്റ്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആറ്റുകാൽ വികസന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വികസന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) 10 കോടി രൂപ ചെലവിൽ 1250 പേർക്ക് ഒരേസമയം ഇരുന്ന് ഭക്ഷണം കഴിക്കാൻ കഴിയുന്ന 1666 ച. മീറ്റർ വിസ്തീർണ്ണത്തിലുള്ള അന്നദാനമണ്ഡപം, 26 മീറ്റർ നീളത്തിലും 4.5 മീറ്റർ വീതിയിലും നിർമ്മിക്കുന്ന 3 ഉരുക്കുപാലങ്ങൾ, 600 മീറ്റർ നീളത്തിലും 6 മീറ്റർ വീതിയിലുമുള്ള നടപ്പാത നിർമ്മാണം തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തി ആറ്റുകാൽ മാസ്റ്റർ പ്ലാൻ പദ്ധതി ആറ്റുകാൽ ക്ഷേത്ര ട്രസ്റ്റിന്റെ അനുമതിയോടെ നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

## ശില്പങ്ങളുടെയും പ്രതിമകളുടെയും സ്വാഭാവിക ഭംഗി

223(1441) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരത്തിലെ പാർക്കുകളിൽ സ്ഥാപിച്ചിട്ടുള്ള പ്രതിമകളും ശില്പങ്ങളും നവീകരിക്കുമ്പോൾ അതിന്റെ തനത് ഭംഗി നഷ്ടപ്പെടാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത നവീകരണത്തിന്റെ ഭാഗമായി പലപ്പോഴും ശില്പങ്ങളുടെയും പ്രതിമകളുടെയും സ്വാഭാവിക ഭംഗി നഷ്ടപ്പെടുത്തുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ ; ഇത്തരം സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) നഗരത്തിലെ പാർക്കുകളിൽ സ്ഥാപിച്ചിട്ടുള്ള പ്രതിമകളും ശില്പങ്ങളും നവീകരിക്കുമ്പോൾ അതിന്റെ തനത് ഭംഗി നഷ്ടപ്പെടാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കലൂരിലെ അറവുശാല**

224 (1442) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെട്രോ നഗരമായ കൊച്ചിയിലെ ഏറ്റവും തിരക്കേറിയ പ്രദേശമായ കലൂരിൽ അറവുശാല പ്രവർത്തിക്കുന്നതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അറവുശാല ഇവിടെ നിന്നും മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)ഉണ്ട്.

(ബി) അനുയോജ്യമായ സ്ഥലം കണ്ടെത്തി ആയത് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**പുതുക്കിയ മാസ്റ്റർപ്ലാൻ**

225 (1443) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ പുതുക്കിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പഴയ മാസ്റ്റർ പ്ലാൻ റദ്ദാക്കിയിട്ടുണ്ടോ; പുതിയത് ഏതു വർഷം മുതലാണ് നിലവിൽ വരുന്നത്; അറിയിക്കുമോ;

(സി) പഴയ മാസ്റ്റർ പ്ലാനിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്; ആയത് വിശദമാക്കുമോ;

(ഡി) പുതുക്കിയ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് മുമ്പേ പൊതുജനാഭിപ്രായവും ഈ രംഗത്തെ വിദഗ്ദ്ധ അഭിപ്രായവും തേടിയിട്ടുണ്ടോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തിരുവനന്തപുരം നഗരസഭാ പ്രദേശത്തിനായി പുതുക്കിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കി 2013-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത മാസ്റ്റർപ്ലാനിന്റെ നിർദ്ദിഷ്ട ഭൂവിനിയോഗവും മേഖലാ നിയന്ത്രണ നിർദ്ദേശങ്ങളും പൂർണ്ണമായി ഭേദഗതി ചെയ്തുകൊണ്ട് 11-9-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 180/2017/തസ്വഭവ. പ്രകാരം ഇടക്കാല വികസന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭാ പ്രദേശത്തിനായി 21-6-1971-ലെ G.O. (Rt) No.921/71/LAD പ്രകാരം അംഗീകരിച്ച ഒരു മാസ്റ്റർ പ്ലാൻ നിലവിലുണ്ട്. ഇത് റദ്ദാക്കിയിട്ടില്ല. നഗരാസൂത്രണ നിയമപ്രകാരം ഒരു മാസ്റ്റർ പ്ലാൻ പിന്നീടുള്ള ഒരു മാസ്റ്റർപ്ലാൻ മുഖേന മാത്രമേ റദ്ദാക്കുകയുള്ളൂ. 2013 മുതൽ പ്രാബല്യത്തിൽ ഉള്ള പുതുക്കിയ മാസ്റ്റർ പ്ലാനിലെ മേഖലാ നിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് ഇടക്കാല വികസന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ വ്യവസ്ഥകൾ ഇപ്പോൾ ബാധകമാണ്.

(സി) തിരുവനന്തപുരം മാസ്റ്റർ പ്ലാൻ പുതുക്കി തയ്യാറാക്കി 2013-ൽ പ്രസിദ്ധീകരിച്ച അവസരത്തിൽ ലഭിച്ച പൊതുജന അഭിപ്രായങ്ങൾ പരിഗണിച്ച് പ്രസിദ്ധീകരിച്ച മാസ്റ്റർപ്ലാനിന്റെ നിർദ്ദിഷ്ട ഭൂവിനിയോഗത്തിൽ ചില മാറ്റങ്ങൾ വരുത്താനും മേഖലാ നിയന്ത്രണ ചട്ടങ്ങൾ പൂർണ്ണമായി ഭേദഗതി ചെയ്യാനും തിരുവനന്തപുരം നഗരസഭ തീരുമാനിക്കുകയും താഴെപ്പറയുന്ന പ്രധാന മാറ്റങ്ങൾ വരുത്തി ഇടക്കാല വികസന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്:

- നിർദ്ദിഷ്ട ഭൂവിനിയോഗത്തിൽ നിർദ്ദേശിച്ചിരുന്ന Strategic Importance Zone-നെ Residential, Residential Mixed Use Zone എന്നിവയായും അയിരൂപ്പാറയിൽ Common Medical Institution, Correctional Institution എന്നിവയ്ക്കായി നിർദ്ദേശിച്ച Public and Semi Public Use Zone, Park and Open Space എന്നീ സോണുകൾ Green to Planned Development സോണിലേയ്ക്കും ഹെറിറ്റേജ് സോണായി നിർദ്ദേശിച്ച പൂജപ്പുര ജയിൽ Public and Semi Public സോണിലേയ്ക്കും IT based Enterprises Zone-നെ Residential Use Zone-ലേയ്ക്കും മാറ്റി Green Zone, Run off Green Zone, Water Retention areas എന്നിവയെ അനുയോജ്യമായ മറ്റ് ഉപയോഗങ്ങളിലേയ്ക്കും മാറ്റി. Vizhinjam International Seaport-നായി നിർദ്ദേശിച്ചിരുന്ന Logistic Centre ഒഴിവാക്കി.

- സോണിംഗ് റെഗുലേഷനിൽ താഴെപ്പറയുന്ന കാര്യങ്ങൾ കൂട്ടിച്ചേർത്തു:

  - വൻകിട പദ്ധതികൾ നടപ്പിലാക്കാനുള്ള വ്യവസ്ഥകൾ

  - 21 മീറ്റർ വീതിയുള്ള റോഡിന്റെ ഇരുവശങ്ങളിലും 100 മീറ്റർ വീതിയിൽ mixed development അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ.

  -Heritage Area/Heritage Corridor-നുള്ള വിശദമായ നിയന്ത്രണങ്ങൾ.

- സോണിംഗ് റെഗുലേഷനിൽ താഴെപ്പറയുന്ന മാറ്റം വരുത്തി.

  - വികസന നിയന്ത്രണത്തിൽ ഉൾപ്പെടുത്തിയിരുന്ന സോൺ തിരിച്ചുള്ള വ്യതിചലിക്കുന്ന തറ വിസ്തീർണ്ണ അനുപാത (FAR) ഒഴിവാക്കി.

  - വികസന നിയന്ത്രണത്തിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്ട് നിർവ്വഹണത്തിനുള്ള നൂതന രീതികൾ ഒഴിവാക്കി.

  - ഹരിത ആസൂത്രിത വികസന സോണിനായുള്ള പ്രത്യേക മാർഗ്ഗരേഖയിൽ പ്ലോട്ടിന്റെ വിസ്തീർണ്ണം അനുസരിച്ച് വ്യത്യസ്ത വിസ്തൃതിയിൽ നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിക്കുന്ന രീതിയിൽ വ്യതിയാനം വരുത്തി.

(സി) 2013-ൽ പ്രസിദ്ധീകരിച്ച തിരുവനന്തപുരം മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ അവസരത്തിൽ വിപുലമായ വാർഡുതല/വിദഗ്ദ്ധ ചർച്ചകൾ നടത്തിയില്ല. എന്നാൽ 'അമൃത്' പദ്ധതിയിൻകീഴിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന അവസരത്തിൽ പൊതുജനാഭിപ്രായം അറിയുന്നതിന് വാർഡുതല യോഗങ്ങൾ ഓരോ വികസന മേഖലകൾക്കായി തിരുവനന്തപുരം നഗരസഭ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരുടെ നേതൃത്വത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ, ജനഹിതം മനസ്സിലാക്കുന്നതിനുള്ള Questionnaire സർവ്വേ, പൊതുജന അഭിപ്രായ ശേഖരണത്തിനായി പുതിയ വെബ്സൈറ്റ്, മൊബൈൽ ആപ്പ്, തൽപ്പര കക്ഷികൾ, വിദഗ്ദ്ധർ, ഫോക്കസ്സ് ഗ്രൂപ്പ് എന്നിവരുമായി വിപുലമായ ചർച്ചകൾ, വിവിധ ഏജൻസികൾ/സമാന്തര വകുപ്പുകൾ എന്നിവരുടെ പ്രതിനിധികൾ ഉൾപ്പെടുന്ന അഡ്വൈസറി ഗ്രൂപ്പ് യോഗങ്ങൾ എന്നിവ നടത്താൻ ഉദ്ദേശിക്കുന്നു.

## തിരുവനന്തപുരം നഗരത്തിലെ നിർമ്മാണ പദ്ധതി

226 (1444) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ നിർമ്മാണ പദ്ധതികളുടെ നിർവ്വഹണ ചുമതല സൂപ്രണ്ടിംഗ്/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട് ട്രഷറി ഡയറക്ടർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് തിരുവനന്തപുരം നഗരസഭയുടെ 2017-18-ലെ വികസന പദ്ധതികൾക്ക് തിരിച്ചടിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നഗരസഭയിലെ ജൂനിയർ ഉദ്യോഗസ്ഥർക്ക് നിർവ്വഹണ ചുമതല നൽകണമെന്ന് തിരുവനന്തപുരം നഗരസഭ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) നഗരസഭയുടെ പുതുക്കിയ ജനകീയാസൂത്രണ മാർഗ്ഗരേഖയിൽ ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിരുന്നോ; എങ്കിൽ ഇതിന് വിരുദ്ധമായ ഉത്തരവ് സമയബന്ധിതമായി നഗരസഭയുടെ പദ്ധതികൾ പൂർത്തിയാക്കുന്നതിന് വിഘാതമായതിനാൽ ഇക്കാര്യം പുനഃപരിശോധിക്കുമോ?

### ഉത്തരം

(എ) ട്രഷറി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ആവശ്യപ്പെട്ടിരുന്നു.

(ഡി) മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ ഒന്നിലധികം എഞ്ചിനീയർമാരെ നിർവ്വഹണ ഉദ്യോഗസ്ഥരാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഏതെല്ലാം ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരാക്കണമെന്ന് നഗരസഭാ/കോർപ്പറേഷൻ കൗൺസിലിന് തീരുമാനിക്കാവുന്നതാണ്. ജൂനിയർ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് എഞ്ചിനീയർമാർ മുതലുള്ളവരെ നിർവ്വഹണ ഉദ്യോഗസ്ഥരാക്കിക്കൊണ്ട് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ട്രഷറി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

## ന്യൂനപക്ഷ ക്ഷേമവകുപ്പ് മുഖേനയുള്ള സഹായങ്ങൾ

228 (1445) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഏതൊക്കെ വിഭാഗം ജനങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് എന്തൊക്കെ ആനുകൂല്യം ലഭിച്ചു എന്നതിന്റെ വിശദവിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ?

### ഉത്തരം

(എ) 1. സി.എ./ഐ.സി.ഡബ്ല്യൂ.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.

2. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ/പുനരുദ്ധാരണ പദ്ധതി.

3. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.

4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ-റീ ഇംബേഴ്സ്മെന്റ് സ്കീം.

5. എസ്.എസ്.എൽ.സി./പ്ലസ് ടു/വി.എച്ച്.എസ്.ഇ./ ബിരുദ/ ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.

6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.

7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി.

8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

9. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ് ഹോസ്റ്റൽ സ്റ്റൈപ്പന്റ്.

10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.

11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.

12. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

13. മദ്രസ്സാ ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്കുള്ള ചികിത്സാ ധനസഹായ പദ്ധതി.

14. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി(MSDP).

15. മദ്രസ്സാ ക്ഷേമനിധി അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന ഭവന വായ്പാ പദ്ധതി.

(ബി) അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ

228 (1446) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾവഴി ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ വിഭാഗത്തിലും എത്ര വിദ്യാർത്ഥികളാണ് അപേക്ഷകരായിട്ടുണ്ടായിരുന്നത്;

(സി) സ്കോളർഷിപ്പ് തുക മുഴുവനും വിതരണം ചെയ്തിട്ടുണ്ടോ; കണക്കുകൾ വിശദമാക്കാമോ?

### ഉത്തരം

(എ&ബി)

| ക്രമ നമ്പർ | പദ്ധതികൾ | ലഭിച്ച അപേക്ഷ |
|---|---|---|
| 1 | സി.എ./ഐ.സി.ഡബ്ല്യൂ.എ./സി.എസ്. സ്കോളർഷിപ്പ് | 2818 |
| 2 | സ്വകാര്യ ഐ.റ്റി.ഐ.-ൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം. | 3192 |
| 3 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് | 3649 |
| 4 | സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് | 12401 |
| 5. | സിവിൽ സർവ്വീസ് ഫീ റീഇംബേഴ്സ്മെന്റ് സ്കീം. | 88 |
| 6 | ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എസ്.എസ്.എൽ.സി./ പ്ലസ് ടു തലങ്ങളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ് | 341 |

(സി) പ്ലാൻ ഫണ്ടിൽ ലഭിച്ച മുഴുവൻ തുകയും (650 ലക്ഷം രൂപ) വിതരണം ചെയ്തു. നോൺ പ്ലാനിൽ ലഭിച്ച 800 ലക്ഷം രൂപയിൽ 745.63 ലക്ഷം രൂപ ചെലവഴിച്ചു. 54.37 ലക്ഷം രൂപ ബാക്കിയുണ്ട്.

## ന്യൂനപക്ഷ, പിന്നോക്ക ചേരി പ്രദേശങ്ങളുടെ ഉന്നമനം

229 (1447) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയുടെ ഭാഗമായി ന്യൂനപക്ഷ, പിന്നോക്ക ചേരി പ്രദേശങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത 15 ഇന പരിപാടിയിൽ ഉറുദു ഭാഷാ പ്രോൽസാഹനത്തിനായി നിർദ്ദേശങ്ങളുണ്ടോ; ഇതിനായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പിന്നോക്ക ചേരി പ്രദേശങ്ങളുടെ ഉന്നമനത്തിനായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ പിന്നോക്ക ജില്ലകളായ വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലും പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയുടെ ഭാഗമായി ബഹുമുഖ വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) നിർദ്ദേശങ്ങളുണ്ട്. ഉറുദു ഭാഷാ പ്രോത്സാഹനത്തിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ന്യൂനപക്ഷക്ഷേമ വകുപ്പ് നടത്തുന്ന പി.എസ്.സി. പരിശീലനം

230 (1448) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷയ്ക്ക് തയ്യാറെടുപ്പ് നടത്തുന്നതിന് ഉദ്യോഗാർത്ഥികളെ സഹായിക്കാനായി ന്യൂനപക്ഷക്ഷേമ വകുപ്പ് നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ പി.എസ്.സി. പരിശീലനം എവിടെയൊക്കെ നടത്തുന്നുണ്ടെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അഭ്യസ്തവിദ്യരായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനതയ്ക്ക് യ.പി.എസ്.സി., പി.എസ്.സി. മുതലായവ നടത്തുന്ന മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിൽ ന്യൂനപക്ഷ യുവജനപരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും അനുവദിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തുടനീളം മത്സരപ്പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ 17 എണ്ണവും ഉപകേന്ദ്രങ്ങൾ 21 എണ്ണവും പ്രവർത്തിച്ചുവരുന്നു.

(ബി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഹജ്ജ് തീർത്ഥാടകരെ സഹായിക്കുന്ന ജീവനക്കാരുടെ നിയമനം**

231(1449) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്ന് ഈ വർഷം ഹജ്ജിന് പോകുന്ന തീർത്ഥാടകരെ സഹായിക്കുന്നതിന് വേണ്ടിയുള്ള ജീവനക്കാരുടെ താൽക്കാലിക ഡെപ്യൂട്ടേഷൻ നിയമന നടപടികളുടെ ഇതുവരെയുള്ള പുരോഗതി അറിയിക്കാമോ;

(ബി) അസിസ്റ്റന്റ് ഹജ്ജ് ഓഫീസർ, ഹജ്ജ് അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്ക് താൽക്കാലിക ഡെപ്യൂട്ടേഷൻ നിയമനത്തിന് എത്ര അപേക്ഷകളാണ് കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിച്ചത് എന്നറിയിക്കാമോ;

(സി) ഇത്തരത്തിലുള്ള ജീവനക്കാരുടെ നിയമനങ്ങളിൽ, കേരളത്തിൽ നിന്നുള്ള തീർത്ഥാടകരുടെ എണ്ണത്തിന് ആനുപാതികമായി ജീവനക്കാർ നിയമിക്കപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ഡി) മലയാളി ഹാജിമാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റിന് കീഴിൽ അസിസ്റ്റന്റ് ഹജ്ജ് ഓഫീസർ, ഹജ്ജ് അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് കേന്ദ്ര ന്യൂനപക്ഷകാര്യ വകുപ്പ് നേരിട്ട് ഓൺലൈൻ വഴിയാണ് അപേക്ഷ ക്ഷണിക്കുന്നത്. ഈ വർഷത്തെ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 15-2-2018 ആയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വകുപ്പുതലവന്മാരുടെ ശിപാർശ സഹിതം ആഭ്യന്തര (എഫ്) വകുപ്പിൽ അസിസ്റ്റന്റ് ഹജ്ജ് ഓഫീസറുടെ 14-ഉം ഹജ്ജ് അസിസ്റ്റന്റിന്റെ 156-ഉം അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. അവ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) കേന്ദ്ര ന്യൂപക്ഷകാര്യ വകുപ്പ് നേരിട്ട് ഓൺലൈൻവഴി അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയാണ് തെരഞ്ഞെടുപ്പ് നടത്താറുള്ളത്. സംസ്ഥാനത്തെ ഹാജിമാർക്ക് ആനുപാതികമായി ഡെപ്യൂട്ടേഷൻ നിയമനം ലഭിക്കാറില്ല. ഈ വിഷയം ഡൽഹിയിൽവച്ച് നടക്കാറുള്ള ആൾ ഇന്ത്യ ആന്വൽ ഹജ്ജ് കോൺഫറൻസിൽ ഉന്നയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിനുള്ളിൽ ഹജ്ജ് അപേക്ഷ സമർപ്പണം മുതൽ ഹജ്ജ് പുറപ്പെടുന്നതുവരെയുള്ള എല്ലാവിധ സാങ്കേതിക സഹായങ്ങളും സർക്കാർ ഭാഗത്തുനിന്നും ലഭ്യമാക്കുന്നുണ്ട്.

ഹാജിമാർക്ക് മക്കയിലും മദീനയിലും സേവനം ചെയ്യുന്നതിന് 250 ഹാജിമാർക്ക് ഒരാൾ എന്ന നിലയിൽ ഹജ്ജ് വോളന്റിയേഴ്സിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചുവരുന്നു. വൈദ്യസഹായം ആവശ്യമുള്ളവർക്ക് മക്കയിലും മദീനയിലും കോൺസുലേറ്റിന് കീഴിലുള്ള മെഡിക്കൽ സെന്ററുകളിലെയും ആശുപത്രികളിലെയും സൗകര്യങ്ങൾ ലഭ്യമാണ്. ഹാജിമാർക്ക് വിവിധ ഘട്ടങ്ങളിലായി പരിശീലന ക്ലാസ്സുകൾ നടത്തി ബോധവൽക്കരണം നടത്താറുണ്ട്.

**ഹജ്ജ് തീർത്ഥാടനം**

232 (1450) <u>ശ്രീ.പി. ടി. എ. റഹീം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടനത്തിനായി തെരഞ്ഞെടുക്കപ്പെട്ട പ്രവാസികൾക്ക്, അവരുടെ പാസ്പോർട്ടുകൾ ഏപ്രിൽ 15-നകം ഹജ്ജ് ഹൗസിൽ ലഭ്യമാക്കണമെന്ന നിബന്ധന പ്രയാസം സൃഷ്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി വളരെ നേരത്തെ പാസ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(സി) പ്രവാസികളുടെ പാസ്പോർട്ട് സ്വീകരിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹജ്ജ് ഇലക്ട്രോണിക് (ഇ-പാത്ത്) പാത്തിലൂടെ ഹജ്ജ് വിസ ലഭ്യമാക്കുന്നതിനുള്ള വിവരങ്ങൾ അപ്‌ലോഡ് ചെയ്യാനുള്ള അവസാന തീയതിയായ 15-5-2018 (ഷഹബാൻ അവസാനം)-ന് ഒരു മാസം മുമ്പ് പ്രോസസിംഗിനായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ അപേക്ഷകരും പാസ്പോർട്ടുകൾ സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കണം എന്നത് സൗദി അറേബ്യയിലെ ഹജ്ജ് മന്ത്രാലയത്തിന്റെ ഈ വർഷത്തെ പ്രത്യേക നിർദ്ദേശമാണ്.

(സി) പ്രവാസികൾക്ക് പരമാവധി സമയം ദീർഘിപ്പിച്ച് നൽകണമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റിയോടും കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തോടും നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സമയം ദീർഘിപ്പിക്കാനാവില്ലെന്നും സൗദി അറേബ്യയിലെ ഹജ്ജ് ഉംറ കാര്യാലയം സമയം കൂടുതൽ അനുവദിക്കുകയാണെങ്കിൽ മാത്രമേ അത് സാധ്യമാകുകയുള്ളൂവെന്നും കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

233 (1451) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ കരാർ പ്രകാരം വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങുവാൻ നിശ്ചയിച്ചിട്ടുള്ള കാലയളവ് എത്രയാണെന്ന് അറിയിക്കുമോ; പ്രസ്തുത കാലയളവിനുള്ളിൽ പദ്ധതിയുടെ വാണിജ്യാടി സ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിഴിഞ്ഞം തുറമുഖ കമ്പനി, പദ്ധതി പ്രദേശത്ത് പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ഇതിൽ ഏതൊക്കെ കാര്യങ്ങൾ നാളിതുവരെ നടപ്പിലാക്കിയെന്ന് അറിയിക്കുമോ;

(സി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര സ്ഥലം കൂടി ഏറ്റെടുക്കേണ്ടതുണ്ടെന്നും ഇതിനായുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(ഡി) വിഴിഞ്ഞം പദ്ധതി പ്രവർത്തനം നിരീക്ഷിച്ച് റിപ്പോർട്ട് നൽകുന്നതിനായി ദേശീയ ഹരിത ട്രൈബ്യൂണൽ രൂപം നൽകിയ സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ ശിപാർശകൾ എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) വിഴിഞ്ഞം പദ്ധതി പ്രദേശത്ത് നിരന്തരമുണ്ടാകുന്ന സമരങ്ങൾ പദ്ധതിയുടെ മുന്നോട്ടുള്ള നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സമരങ്ങൾ രമ്യമായ ചർച്ചയിലൂടെ ഒത്തുതീർപ്പാക്കുന്നതിന് സ്ഥിരം സംവിധാനം ഒരുക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി 1460 ദിവസം (4 വർഷം) കൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് 2019 ഡിസംബർ മാസം 5-ാം തീയതി വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുമെന്നാണ് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ നിർമ്മാണം 1000 ദിവസംകൊണ്ട് പൂർത്തീകരിക്കാമെന്ന് കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി (AVPPL) വാഗ്ദാനം ചെയ്തിരുന്നു. അപ്രതീക്ഷിതമായ ചില പ്രയാസങ്ങൾ നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയതുകൊണ്ട് 1000 ദിവസം കൊണ്ട് (കരാർ കാലാവധിക്കുമുമ്പ്) നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യം സംശയമാണ്. അതേസമയം, കരാറിൽ വ്യവസ്ഥ ചെയ്ത സമയത്ത് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക അനുമതി, ഭൂമി ഏറ്റെടുക്കൽ, പുനരധിവാസ പ്രവർത്തനങ്ങൾ, വെള്ളം, വൈദ്യുതി, റെയിൽപ്പാത സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ വിഴിഞ്ഞം തുറമുഖ കമ്പനിയുടെ ചുമതലയാണ്. പദ്ധതിക്കാവശ്യമായ 91.94% (84.9529 ഹെക്ടർ) ഭൂമി ഏറ്റെടുത്ത് കൺസഷണയർക്ക് കൈമാറിയിട്ടുണ്ട്. ഇനി 5.3025 ഹെക്ടർ ഭൂമികൂടി ഏറ്റെടുക്കാനുണ്ട്. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക അനുമതികളെല്ലാം ലഭ്യമായിട്ടുണ്ട്. റെയിൽപ്പാത നിർമ്മാണത്തിനായി റെയിൽ വികാസ് നിഗം ലിമിറ്റഡു (RVNL)-മായി ഏർപ്പെട്ടിരുന്ന കരാർ ടി കമ്പനിയുടെ അസൗകര്യം നിമിത്തം റദ്ദാക്കുകയും പകരം ഈ രംഗത്ത് പ്രാഗൽഭ്യമുള്ള കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡുമായി (KRCL) ധാരണാപത്രത്തിൽ

ഒപ്പിട്ടിട്ടുമുണ്ട്. പ്രോജക്ടിനാവശ്യമായ വെള്ളമെത്തിക്കുന്നതിന് 3.3 MLD ശേഷിയുള്ള പ്രോജക്ട് പൂർത്തിയാക്കി. എന്നാൽ സ്ഥലവാസികൾക്ക് വെള്ളം നൽകുന്നതിന് വാട്ടർ അതോറിറ്റി നടപ്പാക്കുന്ന 25 MLD ശേഷിയുള്ള പ്രോജക്ട് നാഷണൽ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട ചില സാങ്കേതിക കാരണങ്ങളാൽ തടസ്സപ്പെട്ടിരിക്കുകയാണ്. ഉപജീവനാഘാത വിലയിരുത്തൽ സമിതി (എൽ.ഐ.എ.സി.) ജീവനോപാധി നഷ്ടപ്പെട്ടവരുടെ റിപ്പോർട്ട് മത്സ്യഗ്രാമങ്ങളുടെ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായാണ് തയ്യാറാക്കുന്നത്. ജീവനോപാധി നഷ്ടപരിഹാര നിർണ്ണയം സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ആയിട്ടില്ല. ഇതുവരെ തയ്യാറാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ ചിപ്പി/ലോബസ്റ്റർ, കരമടി എന്നീ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 424 പേർക്ക് കോട്ടപ്പുറം, മുല്ലൂർ, ഹാർബർ വാർഡ് തുടങ്ങിയ പ്രദേശങ്ങളിൽ 22.1 കോടി രൂപയും റിസോർട്ടുകളിൽ പണിയെടുത്തിരുന്ന 211 തൊഴിലാളികൾക്കായി 6.08 കോടി രൂപയും വിതരണം ചെയ്തു. പദ്ധതിക്കാവശ്യമായ രണ്ട് 11 കെ.വി. വൈദ്യുതി കേബിളുകൾ പദ്ധതി പ്രദേശത്ത് എത്തിയിട്ടുണ്ട്. പ്രോജക്ടിനായി കാട്ടാക്കട-ബാലരാമപുരം 220 കെ.വി. സബ്സ്റ്റേഷന്റെയും ലൈനിന്റെയും നിർമ്മാണം നടന്നുവരുന്നു. ഇതിനാവശ്യമായ 57 കോടി രൂപ വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. പൂവാർ സബ്സ്റ്റേഷൻ മുതൽ വിഴിഞ്ഞം പ്രദേശം വരെ 11 കെ.വി. ലൈനിന്റെ പണി പൂർത്തിയായി. കാട്ടാക്കട മുതൽ പദ്ധതി പ്രദേശം വരെയുള്ള 220 കെ.വി. ലൈനിന്റെ പണി പുരോഗമിച്ചുവരുന്നു.

(സി) പദ്ധതിക്കാവശ്യമായ 91.94% (84.9529 ഹെക്ടർ) ഭൂമി ഏറ്റെടുത്ത് കൺസഷണയർക്ക് കൈമാറിയിട്ടുണ്ട്. ഇനി 5.3025 ഹെക്ടർ ഭൂമികൂടി ഏറ്റെടുക്കാനുണ്ട്. കോസ്റ്റൽ റഗുലേഷൻ സോൺ മേഖലയിൽപ്പെടുന്ന നിർമ്മിതികൾക്ക് വില നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) വിഴിഞ്ഞം പദ്ധതിക്കുള്ള പാരിസ്ഥിതിക അനുമതി നൽകിയപ്പോൾ ടി പദ്ധതിയുടെ പ്രവർത്തനം നിരീക്ഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ (KCZMA)യുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവായിരുന്നു. അതനുസരിച്ച് ടി കമ്മിറ്റി 3 തവണ യോഗം ചേരുകയും പദ്ധതി പ്രവർത്തനം തുടങ്ങിയതുമുതൽ 6 മാസത്തിലൊരിക്കൽ കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചുവരുന്നുമുണ്ട്.

കൺസഷണയറായ അദാനി വിഴിഞ്ഞം തുറമുഖ കമ്പനി പാരിസ്ഥിതിക അനുമതിയുമായി ബന്ധപ്പെട്ട NGT ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുക, തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം നേടുക, ഡ്രെഡ്ജിംഗ് നടത്തുമ്പോൾ ലഭിക്കുന്ന പദാർത്ഥങ്ങൾ ബെർത്ത് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുക, തീരശോഷണം നിരീക്ഷിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ടി സമിതിയുടെ റിപ്പോർട്ട് പഠിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുക, CSR ഫണ്ട് ഉപയോഗപ്പെടുത്തി തുറമുഖത്തിന്റെ ചുറ്റുമുള്ള പ്രദേശങ്ങളുടെ വികസനം ഉറപ്പാക്കുക, മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷിംഗ് ഹാർബർ, ഫിഷ് ലാൻഡിംഗ് സെന്റർ, സീഫുഡ് പാർക്ക് എന്നിവ ആരംഭിക്കുക, ചുറ്റുമുള്ള പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ഉറപ്പാക്കുക, തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും റിസോർട്ടുകളിലെ തൊഴിലാളികളുടെയും പുനരധിവാസം ഉറപ്പാക്കുക, പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ പ്രകടിപ്പിച്ചിട്ടുള്ള ആശങ്കകൾ പരിഹരിക്കുക, ടൂറിസം വികസനം ഉറപ്പുവരുത്തുക, അപകട സാധ്യതയുള്ള വസ്തുക്കൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ ടി വിദഗ്ദ്ധ സമിതി പരിശോധിച്ച് 6 മാസത്തിലൊരിക്കൽ കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചുവരുന്നു. ഈ നടപടികളെല്ലാം പാരിസ്ഥിതികാനുമതി നൽകിയപ്പോഴുള്ള നിബന്ധനകൾ അനുസരിച്ച് നടത്തിയിട്ടുണ്ടെന്ന് ടി വിദഗ്ദ്ധ സമിതി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇപ്രകാരം സമർപ്പിച്ച വിശദമായ റിപ്പോർട്ടുകൾ www.vizhinjamport.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യവുമാണ്.

(ഇ) വിഴിഞ്ഞം പദ്ധതി പ്രദേശത്ത് 24-10-2017 മുതൽ 3-11-2017 വരെ കോട്ടപ്പുറം ഭാഗത്തെ മത്സ്യത്തൊഴിലാളികൾ സമരം നടത്തിയിരുന്നു. കൂടാതെ 19-10-2017-ന് മുല്ലൂർ ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ഒരു പ്രക്ഷോഭ പരിപാടി സംഘടിപ്പിച്ചിരുന്നു. സമരങ്ങൾ പദ്ധതിയെ ബാധിക്കാതെ ഒത്തുതീർപ്പാക്കാൻ ജില്ലാ ഭരണകൂടത്തിന്റെയും സർക്കാരിന്റെയും ഇടപെടൽമൂലം കഴിഞ്ഞിട്ടുണ്ട്. വിഴിഞ്ഞം പ്രദേശത്തുണ്ടാകുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സർക്കാരും ജില്ലാ ഭരണകൂടവും ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ട്.

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി

234 (1452) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ ജോൺ ഫെർണാണ്ടസ്:
ശ്രീ എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി കരാർ പ്രകാരമുള്ള സമയരേഖ പ്രകാരം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി, പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ;

(ബി) കരാർ പ്രകാരം നിർമ്മാണ വസ്തുക്കൾ കണ്ടെത്തേണ്ടത് കൺസഷണയർ കമ്പനി തന്നെ ആയതിനാൽ നിർമ്മാണ വസ്തുക്കളുടെ അഭാവത്തിന്റെ പേരിൽ കമ്പനി നിർമ്മാണപ്രവർത്തനം മന്ദീഭവിപ്പിക്കാതിരിക്കാൻ വേണ്ട മേൽനോട്ടം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉപജീവനാഘാത വിലയിരുത്തൽ സമിതി (എൽ.ഐ.എ.സി.) അന്തിമ റിപ്പോർട്ട് സമർപ്പിച്ചോ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസത്തിനായി ചെയ്ത പ്രവർത്തനങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. Mines and Minerals (Development & Regulation) Act-ൽ വന്നിട്ടുള്ള ഭേദഗതിമൂലം പാറ ലഭിക്കുന്നതിനുള്ള പ്രയാസം നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തുന്നുണ്ട്. പാറ ലഭിക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം ജില്ലാ കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള നടപടികൾ അദാനി വിഴിഞ്ഞം പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്.

(സി) ഉപജീവനാഘാത വിലയിരുത്തൽ സമിതി (എൽ.ഐ.എ.സി.) ജീവനോപാധി നഷ്ടപ്പെട്ടവരുടെ റിപ്പോർട്ട് മത്സ്യഗ്രാമങ്ങളുടെ അടിസ്ഥാനത്തിൽ

ഘട്ടംഘട്ടമായാണ് തയ്യാറാക്കുന്നത്. ജീവനോപാധി നഷ്ടപരിഹാരം നിർണ്ണയം സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ആയിട്ടില്ല. ഇതുവരെ തയ്യാറാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ ചിപ്പി/ലോബ്സ്റ്റർ, കരമടി എന്നീ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 424 പേർക്ക് കോട്ടപ്പുറം, മുല്ലൂർ, ഹാർബർ വാർഡ് തുടങ്ങിയ പ്രദേശങ്ങളിൽ 22.1 കോടി രൂപയും റിസോർട്ടുകളിൽ പണിയെടുത്തിരുന്ന 211 തൊഴിലാളികൾക്കായി 6.08 കോടി രൂപയും വിതരണം ചെയ്തു. ബാക്കിയുള്ള അർഹരായ അപേക്ഷകരെ കണ്ടെത്തുന്നതിനായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് പ്രവർത്തനം നടത്തിവരുന്നു.

**തീരദേശ കപ്പൽ ഗതാഗതം**

235 (1453) <u>ശ്രീ. വി. ഡി. സതീശൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽ ഗതാഗതത്തെക്കുറിച്ച് പഠിച്ച മെസേഴ്സ് ഡിലോയിറ്റ് സമർപ്പിച്ച രൂപരേഖയുടെ അടിസ്ഥാനത്തിൽ, നിലവിൽ റോഡ്/റെയിൽ മാർഗ്ഗം കൊണ്ടുപോകുന്ന ചരക്കുകളുടെ നാൽപ്പത് ശതമാനം 2020 വർഷത്തോടെ തീരദേശ കപ്പൽ ഗതാഗതംവഴി ആക്കുവാൻ പദ്ധതിയിട്ടിരുന്നോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം തുറമുഖങ്ങളെ ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നത്; ഇതിനായി എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത തുറമുഖങ്ങളിൽ ഒരുക്കിയിട്ടുള്ളത്; ശേഷിക്കുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാകും;

(ഡി) പ്രസ്തുത പദ്ധതിക്കായി 2018-19-ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; കിഫ്ബിവഴി ഇക്കാര്യത്തിനായി നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2020-ഓടെ നിലവിൽ റോഡ് /റെയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ 40%-ഉം 2030-ഓടെ 50%- ഉം തീരദേശ കപ്പൽ

ഗതാഗതം വഴിയാക്കാനാണ് ഉദ്ദേശിക്കുന്നത്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി മെസ്സേഴ്സ് ഡെലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്തുവച്ച് 9-11-2013-ന് നടത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേയ്ക്ക് വ്യാപിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ തുറമുഖത്ത് കണ്ടെയ്നർ ചരക്ക് നീക്കം ആരംഭിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതപദ്ധതിയുടെ നടത്തിപ്പിനായി കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം വർദ്ധിപ്പിക്കുന്നതിനായി 20 കോടി രൂപ മുതൽമുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ 2018-19 സാമ്പത്തികവർഷം ആരംഭിക്കും. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച്സ്റ്റാക്കർ, 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്ട്, വി.ടി.എം.എസ്. മുതലായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേയ്ക്ക് അടുപ്പിക്കുന്നതിനായി ശേഷിയുള്ള ടഗ്ഗുകൾ വളരെ അത്യാവശ്യമാണ്. ഇതിനായി എം.ടി. കേരളം, എം.ടി. മലബാർ തുടങ്ങിയ ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെയാണ് നിലവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനം സജ്ജമാക്കിയിരിക്കുന്നത്. അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ വാർഫ് എന്നിവ ലഭ്യമാണ്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി 2018-19 സാമ്പത്തിക വർഷം പൂർണ്ണ തോതിൽ ആരംഭിക്കുന്നതാണ്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച്സ്റ്റാക്കർ, 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വി.ടി.എം.എസ്. മുതലായ

ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേയ്ക്ക് അടുപ്പിക്കുന്നതിനായി ശേഷിയുള്ള ടഗ്ഗുകൾ വളരെ അത്യാവശ്യമാണ്. ഇതിനായി എം.ടി. കേരളം, എം.ടി. മലബാർ തുടങ്ങിയ ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ക്ലിയറൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലും കസ്റ്റംസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ imigration/Plant Quarantine Clearance-ന് ആവശ്യമായ സ്ഥിരം സൗകര്യം ഏർപ്പാടാക്കുന്നതിനുവേണ്ട അനുമതി കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാക്കാൻ ശ്രമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിക്കായി 5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കിഫ്ബിവഴി ഇക്കാര്യത്തിനായി തുക നീക്കിവച്ചിട്ടില്ല.

**അഴീക്കൽ തുറമുഖ പദ്ധതി**

236 (1454) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുറമുഖത്തിന്റെ വികസനത്തിന് കിഫ്ബിയിൽ നിന്നും തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) തുറമുഖത്തിന്റെ ചാനൽ, ബേസിൻ എന്നിവയുടെ ആഴം കൂട്ടുന്നതിന് പദ്ധതിയുണ്ടോ; അതിനായുള്ള മെക്കാനിക്കൽ ഡ്രഡ്ജിംഗ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അഴീക്കൽ തുറമുഖവികസനം സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തിയാക്കുന്നതിനുവേണ്ടി പ്രത്യേക കമ്പനി (SPV) രൂപീകരണത്തിന് ആവശ്യമായ അപേക്ഷ കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിൽ സമർപ്പിച്ചിരിക്കുകയാണ്. കമ്പനികാര്യ മന്ത്രാലയത്തിന്റെ അംഗീകാരം

ലഭിക്കുന്നതോടെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി മാതൃകയിൽ അഴീക്കൽ തുറമുഖവികസനം മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്രത്യേക കമ്പനിയിൽ നിക്ഷിപ്തമാകുന്നതാണ്.

(ബി) ഉണ്ട്. 8-11-2017-ലെ ജി.ഒ. (ആർ.ടി) നമ്പർ 764/2016/മതുവ പ്രകാരം 496 കോടി രൂപ മുതൽമുടക്കിൽ കിഫ്ബി മുഖാന്തിരം അഴീക്കൽ തുറമുഖ വികസനം നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നിലവിലെ അഴീക്കൽ തുറമുഖ വാർഫിനോടനുബന്ധിച്ചുള്ള ചാനലിന്റെയും ബേസിന്റെയും ആഴം 5 മീറ്റർ മുതൽ 6 മീറ്റർ വരെ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി 2018-19 സാമ്പത്തിക വർഷം ആരംഭിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) തുറമുഖം രണ്ട് ഘട്ടമായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അഴീക്കൽ തുറമുഖ വികസനത്തിന്റെ പരിസ്ഥിതി പഠനത്തിനും വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനും വേണ്ടിയുള്ള ടെക്നിക്കൽ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. മാർച്ച് ആദ്യവാരത്തോടെ തെരഞ്ഞെടുത്ത കൺസൾട്ടന്റുമായി കരാറിൽ ഏർപ്പെടാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**തുറമുഖ വകുപ്പിന്റെ കടവുകളിലെ മണൽ ഖനനം**

237 (1455) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള കടവുകളിൽനിന്നും മണൽ ഖനനവും വിൽപ്പനയും എപ്രകാരമാണ് നടക്കുന്നത് ;

(ബി) പ്രസ്തുത കടവുകളിലെ മണൽ ഖനനത്തിനും വിപണനത്തിനും പുതിയ നയം രൂപീകരിച്ചിട്ടുണ്ടോ, വിശദാംശം വെളിപ്പെടുത്താമോ;

(സി) പുതിയ നയം രൂപീകരിച്ച ശേഷം മണൽ വിൽപ്പനയിൽ നിന്നുള്ള വരുമാനം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) തുറമുഖ പരിധിയിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മണൽ വാരൽ തൊഴിലാളികളെ ഉപയോഗിച്ചാണ് മാന്വൽ ഡ്രഡ്ജിംഗ്

നടത്തുന്നത്. ബന്ധപ്പെട്ട രേഖകൾ സഹിതം തുറമുഖ വകുപ്പിന്റെ ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിൽ മണൽ ബുക്ക് ചെയ്യുന്ന ഉപഭോക്താക്കളുടെ അപേക്ഷ പരിശോധിച്ച് യോഗ്യരായവർക്ക് മണൽ വില ബാങ്കിൽ ഒടുക്കുന്ന മുറയ്ക്ക് മണൽ കൊണ്ടുപോകുന്നതിനുള്ള പാസ്സ് നൽകിവരുന്നു.

(ബി) തുറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗിന് പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ട്. പുതിയ നയം അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾ മുഖേനയാണ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നത്. ഇപ്രകാരം ലഭിക്കുന്ന അസംസ്കൃത മണൽ തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെയാണ് വിൽപ്പന നടത്തുന്നത്. അതുകൊണ്ട് സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) തുറമുഖ ചാനലുകളിൽ ജലയാനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് വിഘാതം സൃഷ്ടിക്കുന്ന പദാർത്ഥങ്ങളെ നീക്കം ചെയ്യാനാണ് മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നത്. ഇത് സാമ്പത്തിക ലാഭം ഉദ്ദേശിച്ച് നടപ്പാക്കുന്നതല്ല. ഇത്തരത്തിൽ നീക്കം ചെയ്യുന്ന മണൽ ശുദ്ധീകരിച്ച് നിർമ്മാണ മേഖലയ്ക്ക് ഉപയുക്തമാക്കുന്നതിനാണ് ശ്രമിക്കുന്നത്. കർശനമായ മാനദണ്ഡങ്ങളുടെയും നാഷണൽ ഗ്രീൻ ട്രിബ്യൂണൽ, വിവിധ കോടതികൾ എന്നിവയുടെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് പുതിയ നയമനുസരിച്ച് മാന്വൽ ഡ്രഡ്ജിംഗ് നടത്തിവരുന്നത്. കൂടാതെ പരമ്പരാഗത മണൽ വാരൽ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്താനും മണൽ വിൽപ്പനയിൽ നിന്നുള്ള വരുമാനം സർക്കാരിന് ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ പുതിയ നയത്തിൽ ഉറപ്പാക്കിയിട്ടുണ്ട്.

## തുറമുഖ വകുപ്പിലെ സർവ്വീസ് റൂൾ

238 (1456) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിലെ സർവ്വീസ് റൂൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) റൂൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇതിൻമേലുള്ള നടപടി ഈ വർഷം പൂർത്തീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പോർട്ട് സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ കരട്* ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.

(സി) ഈ വർഷം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**തുറമുഖ വകുപ്പിന്റെ പദ്ധതികൾ**

239(1457) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തുറമുഖ വകുപ്പിന്റെ ഏതൊക്കെ പദ്ധതികൾ ആണ് 2018-19 വർഷത്തെ ബജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിനായുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

2018-19 സാമ്പത്തിക വർഷത്തിൽ തലശ്ശേരി തുറമുഖത്തിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ തലശ്ശേരി ഉൾപ്പെടുന്ന വിവിധ ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും കാർഗോ, ടൂറിസം എന്നിവയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി ചെറുകിട തുറമുഖ വികസനം എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 319 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**കാസർഗോഡ് പോർട്ട് ഓഫീസിലെ നിയമനങ്ങൾ**

240 (1458) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് പോർട്ട് ഓഫീസിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയതെന്നും നിയമിക്കപ്പെട്ടവരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും അറിയിക്കുമോ;

(സി) ഏതെല്ലാം തസ്തികകളിലേക്ക് എത്ര വീതം അപേക്ഷകളാണ് ഉണ്ടായിരുന്നതെന്ന് അപേക്ഷകരുടെ വിലാസം സഹിതം വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പ്രസ്തുത നിയമനങ്ങൾ നടത്തിയപ്പോൾ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത നിയമനങ്ങൾ നടത്തിയപ്പോൾ യോഗ്യതയും അർഹതയും പരിഗണിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് പോർട്ട് ഓഫീസിൽ നിയമനങ്ങളൊന്നും നടന്നിട്ടില്ല.

**കോന്നിയിലെ പൈതൃക മ്യൂസിയം**

241 (1459) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലെ പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്കായി നാളിതുവരെ എത്ര തുക അനുവദിച്ചുനൽകിയിട്ടുണ്ടെന്നും അത് എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് എന്നാണ്;

(ഡി) ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) നിലവിൽ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) ആയത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിനു വേണ്ട പ്രദർശന വസ്തുക്കളുടെ ശേഖരണം വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(ബി) മ്യൂസിയം സജ്ജീകരിക്കുന്നതിനായി 7-3-2014-ൽ 41,07,972/- രൂപയും 18-2-2017-ൽ 61,61,958/- രൂപയും ഉൾപ്പെടെ ആകെ 1,02,69,930/- രൂപ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

(സി) 25-2-2014-ൽ മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനച്ചടങ്ങുകൾ നടന്നു.

(ഡി) 2018 ആഗസ്റ്റ് മാസത്തോടുകൂടി മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഇ & എഫ്) ഇല്ല.

**പത്തനംതിട്ട ജില്ലയിൽ പൈതൃക മ്യൂസിയങ്ങൾ**

242 (1460) <u>ശ്രീമതി വീണാ ജോർജ്ജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ എവിടെയെല്ലാം പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടെന്നറിയിക്കാമോ;

(ബി) നിലവിൽ ജില്ലയിലെ മ്യൂസിയം പദ്ധതികൾ ഏതൊക്കെയാണ്;

(സി) നിലവിലുള്ള പദ്ധതികൾ ഏതു കാലഘട്ടത്തിൽ തീരുമാനിച്ച് അനുമതി നൽകിയിട്ടുള്ളതാണ്;

(ഡി) പുതിയ മ്യൂസിയങ്ങൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോന്നി ആനത്താവളത്തോടനുബന്ധിച്ചാണ് പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നത്.

(ബി) പത്തനംതിട്ട ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്ന പദ്ധതിക്കുപുറമേ മണ്ണടി വേലുത്തമ്പി ദളവ മ്യൂസിയവും നിലവിലുണ്ട്.

(സി) 20-2-2013-ലെ സ.ഉ. (സാധാ) നമ്പർ 67/2013/സി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരമാണ് എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ഡി) പത്തനംതിട്ട ജില്ലയിൽ പുതിയ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലില്ല.

## കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാർ സ്മാരക മ്യൂസിയത്തിന്റെ വികസനം

243 (1461) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചരിത്രപ്രാധാന്യമുള്ളതും പൈതൃകമായി നിലനിൽക്കുന്നതുമായ സ്ഥാപനങ്ങൾ/വസ്തുക്കൾ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ ;

(ബി) കോഴിക്കോട് ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; കോട്ടയ്ക്കൽ കുഞ്ഞാലിമരക്കാർ സ്മാരക മ്യൂസിയത്തിന്റെ വികസനത്തിനായി സർക്കാരിൽ സമർപ്പിച്ച പദ്ധതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ടൂറിസം വകുപ്പുമായി ചേർന്ന് നടപ്പിലാക്കാൻ കഴിയുന്ന മാരിടൈം ടൂറിസം പദ്ധതിയിന്മേൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പ് നടപ്പാക്കിയിട്ടുള്ള പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ പറയുന്നു:

1. പയ്യന്നൂർ പോലീസ് സ്റ്റേഷൻ, വാഴവേലിൽ തറവാട് എന്നിവയുടെ സംരക്ഷണപ്പണികളും കിളിമാനൂർ കൊട്ടാരം, കണ്ണൂർ കണ്ടോന്താർ ട്രാൻസിറ്റ് ജയിൽ എന്നിവകളുടെ സംരക്ഷണപ്പണികളും ചെയ്തിട്ടുണ്ട്.
2. വകുപ്പിന്റെ നാണയ ശേഖരത്തിന്റെ ശാസ്ത്രീയ പഠനത്തിനും ഡോക്യുമെന്റേഷനുമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.
3. പുരാവസ്തു മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
4. പുരാവസ്തു വകുപ്പിന്റെ സമഗ്രമായ വികസനത്തിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ പഴശ്ശിരാജാ മ്യൂസിയത്തിലെ സംരക്ഷണപ്പണികൾ, കൽപ്പത്തൂർ പരദേവതാ ക്ഷേത്രത്തിലെ സംരക്ഷണപ്പണികൾ എന്നിവ നടത്തിയിട്ടുണ്ട്. കൂടാതെ കുഞ്ഞാലിമരയ്ക്കാർ സ്മാരക മ്യൂസിയത്തിലെ സംരക്ഷണപ്പണികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. വിയ്യൂർ, പന്തലായിനി കൊല്ലം, പൂവമ്പായി ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് എന്നിവിടങ്ങളിൽ എസ്കവേഷൻ നടത്തിയിട്ടുണ്ട്. കുഞ്ഞാലിമരയ്ക്കാർ സ്മാരകത്തിന്റെ വികസനം സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ

പയ്യോളി നഗരസഭാ അധികാരികളുമായി വകുപ്പദ്ധ്യക്ഷൻ പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കി ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) മാരിടൈം ടൂറിസത്തിന്റെ സാധ്യതകൾ ടൂറിസം വകുപ്പുമായി ചർച്ച ചെയ്ത് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

## കൊല്ലം ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ പ്രവർത്തനം

244 (1462) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലോ സംരക്ഷണയിലോ ഉള്ള സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, വസ്തുക്കൾ എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

കൊല്ലം ജില്ലയിലെ പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലോ സംരക്ഷണത്തിലോ ഉള്ള സ്ഥാപനങ്ങൾ, സ്മാരകങ്ങൾ എന്നിവകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കോട്ടുക്കൽ ഗുഹാ ക്ഷേത്രം, ഇട്ടിവ പഞ്ചായത്ത്
2. ചേന്നമത്ത് ശിവക്ഷേത്രം, മീനാട്ട്
3. പുനലൂർ തൂക്കുപാലം, കൊല്ലം
4. മാടൻകാവ്, മങ്ങാട്
5. പന്മന ശ്രീവിദ്യാധിരാജ ചട്ടമ്പി സ്വാമി ഭവനം, കരുനാഗപ്പള്ളി
6. കൊട്ടാരക്കര തമ്പുരാൻ മ്യൂസിയം
7. വേലുത്തമ്പി ദളവ മ്യൂസിയം, കുണ്ടറ നാന്തിരിക്കൽ

## ഗ്രാമീണ മേഖലയിൽ പുതിയ മ്യൂസിയങ്ങൾ

245 (1463) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ പുതിയ മ്യൂസിയങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു മ്യൂസിയം എന്ന രീതിയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

(സി) ഗ്രാമപഞ്ചായത്തുകൾ/സർക്കാർ സ്കൂളുകൾ എന്നിവ മ്യൂസിയം നിർമ്മിക്കാൻ തയ്യാറായാൽ അവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം ചെയ്ത് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള മ്യൂസിയങ്ങൾ ഏതെല്ലാമാണ്; പട്ടിക നൽകാമോ?

<u>ഉത്തരം</u>

(എ&ബി) വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിന് കീഴിൽ കുങ്കിച്ചിറയിൽ ഹെറിറ്റേജ് മ്യൂസിയവും കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ പുതിയ തെയ്യം മ്യൂസിയവും ധർമ്മടം പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ പുതിയ എ.കെ.ജി. സ്മൃതി മ്യൂസിയവും സാംസ്കാരിക സമുച്ചയവും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു മ്യൂസിയം എന്ന രീതിയിൽ പുതിയ മ്യൂസിയങ്ങൾ ആരംഭിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

(സി) മ്യൂസിയങ്ങളുടെ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതിയില്ല. എന്നാൽ സാങ്കേതിക സഹായങ്ങൾ വകുപ്പ് നൽകുന്നതാണ്.

(ഡി) മലപ്പുറം ജില്ലയിൽ മ്യൂസിയങ്ങൾ ഒന്നുംതന്നെയില്ല. തിരൂരങ്ങാടി താലൂക്ക് ആഫീസ് പ്രവർത്തിക്കുന്ന ഹജ്ജൂർ കച്ചേരി കെട്ടിടം പുരാവസ്തു വകുപ്പിന് കൈമാറി ലഭിക്കുന്നമുറയ്ക്ക് മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പുരാവസ്തു വകുപ്പ് സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ**

246 (1464) <u>ശ്രീ. ആർ. രാജേഷ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പ് ആലപ്പുഴ ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങളെയാണ് സംരക്ഷിച്ച് പരിപാലിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ച എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ ആലപ്പുഴ ജില്ലയിലെ സംരക്ഷിത സ്മാരകങ്ങളുടെ വിവരങ്ങൾ ചുവടെ പറയുന്നു:

1. മാവേലിക്കര ബുദ്ധ വിഗ്രഹം
2. ശ്രീകുമാരമംഗലം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം
3. മുതവഴി കരുമാടി ബുദ്ധ വിഗ്രഹം
4. ഭരണിക്കാവ് ബുദ്ധ വിഗ്രഹം
5. ചാത്തൻകുളങ്ങര നരസിംഹ ക്ഷേത്രം
6. കൃഷ്ണപുരം കൊട്ടാരം
7. കടക്കരപ്പള്ളി പായ്ക്കപ്പൽ
8. കുട്ടമ്പേരൂർ ശ്രീകാർത്ത്യായനി ദേവി ക്ഷേത്രം
9. വരനാട് നടുവിലെ കോവിലകം
10. എഴുപുന്ന സെന്റ് റാഫേൽ ചർച്ച്
11. ഇട്ടി അച്യുതൻ വൈദ്യർ കുര്യാലയും ഔഷധ സസ്യക്കാവും
12. തൃക്കരിട്ടി മഹാദേവക്ഷേത്രം

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ 6,90,656/- രൂപയും മാന്നാർ കുട്ടംപേരൂർ കാർത്ത്യായനി ക്ഷേത്രത്തിൽ 26,56,088/- രൂപയും ഉൾപ്പെടെ ആകെ 33,46,744/- രൂപ ചെലവഴിച്ചിട്ടുണ്ട്. വരനാട് നടുവിലെ കോവിലകത്തിന്റെ സംരക്ഷണ പ്പണികൾക്കായി 2-6-2017-ലെ സ.ഉ.(സാധാ) നം.366/2017/ സാം.കാ.വ. പ്രകാരം 40,00,000 രൂപയും മുതവഴി ശ്രീകുമാരമംഗലം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിന്റെ സംരക്ഷണപ്പണികൾക്കായി 60,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. മേൽ സ്മാരകങ്ങളുടെ സംരക്ഷണപ്പണികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

**പള്ളിപ്പുറം കോട്ടയുടെ പുനരുദ്ധാരണം**

247 (1465) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിപ്പുറം കോട്ടയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

ഉത്തരം

പള്ളിപ്പുറം കോട്ടയുടെ പുനരുദ്ധാരണത്തിനായി 4-4-2017-ലെ സ.ഉ. (സാധാ)നമ്പർ 291/2017/സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം 40,00,000/- (നാൽപ്പത് ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പുനരുദ്ധാരണ പ്രവൃത്തികളുടെ 50% ജോലികളും പൂർത്തിയായിട്ടുണ്ട്. സംരക്ഷണ പ്രവൃത്തികൾ 2018 മേയ് മാസത്തോടെ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**അമ്മൂമ്മക്കല്ല് പാലം ഏറ്റെടുക്കുന്നതിന് നടപടി**

248 (1466) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ പാവുമ്പ ക്ഷേത്രത്തിനുസമീപമുള്ള പുരാതനമായ അമ്മൂമ്മക്കല്ല് പാലത്തിന്റെ നിർമ്മാണ വൈദഗ്ദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആറടിയിലധികം നീളമുള്ള പാറകൾ കൊണ്ട് നിർമ്മിച്ചിട്ടുള്ള പ്രസ്തുത പാലം വരുംതലമുറയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് അറ്റകുറ്റപണികൾ നടത്തി സംരക്ഷിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ പാവുമ്പ ക്ഷേത്രത്തിന് സമീപമുള്ള അമ്മൂമ്മക്കല്ല് പാലം പുരാവസ്തു സംരക്ഷണ നിയമപ്രകാരം സംരക്ഷണ യോഗ്യമാണോയെന്ന വിഷയം പരിശോധിച്ചുവരുന്നു.

**പുരാവസ്തു സംരക്ഷണ വകുപ്പിലെ നിയമനങ്ങൾ**

249 (1467) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു സംരക്ഷണ വകുപ്പിന് കീഴിലുള്ള വിവിധ കൊട്ടാരങ്ങളിൽ നിന്നും മറ്റ് പുരാവസ്തു കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന പ്രതിമാസ വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പുരാവസ്തു സംരക്ഷണവകുപ്പിന് കീഴിലുള്ള പ്രധാന കേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും; അവിടെ ജോലി ചെയ്തുവരുന്ന സ്ഥിരംജീവനക്കാരും താൽക്കാലിക ജീവനക്കാരും എത്ര വീതമെന്നും അറിയിക്കാമോ;

(സി) ആവശ്യത്തിൽ കൂടുതൽ താൽക്കാലിക ജീവനക്കാരെ ഏതെങ്കിലും കേന്ദ്രത്തിൽ നിയമിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള വിവിധ കൊട്ടാരങ്ങളിൽ നിന്നും മറ്റ് പുരാവസ്തു കേന്ദ്രങ്ങളിൽ നിന്നുമുള്ള പ്രതിമാസ വരുമാനം ശരാശരി 23,73,800/- (ഇരുപത്തി മൂന്ന് ലക്ഷത്തി എഴുപത്തി മൂവായിരത്തി എണ്ണൂറ് രൂപ) രൂപയാണ്.

(ബി) പുരാവസ്തു വകുപ്പിന്റെ പ്രധാന കേന്ദ്രങ്ങളും അവയിലെ ജീവനക്കാരുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) പുരാവസ്തു വകുപ്പിൽ ആവശ്യത്തിൽ കൂടുതൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചതായി പരാതി ലഭിച്ചിട്ടില്ല.

**പൊതുഗതാഗതം കാര്യക്ഷമമാക്കുന്നതിന് നടപടി**

250 (1468) <u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. വി. ടി. ബൽറാം:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതിലൂടെ തിരുവനന്തപുരം നഗരത്തിലെ ഗതാഗതക്കുരുക്കും ശബ്ദ-വായു മലിനീകരണങ്ങളും കുറയ്ക്കുവാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പൊതുഗതാഗതം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ബസുകൾ നിരത്തിലിറക്കുവാൻ കെ.എസ്.ആർ.ടി.സി.-ക്ക് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(സി) സി.എൻ.ജി. ഉൾപ്പെടെയുള്ള ഹരിത വാതകങ്ങൾ ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ഡി) ഇക്കാര്യത്തിനായി സർക്കാർ ജീവനക്കാരുടെ സിറ്റി കോമ്പൻസേറ്ററി അലവൻസ് കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറണമെന്ന നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) അത്തരത്തിൽ പഠനം നടത്തിയിട്ടില്ല.

(ബി) ഉണ്ട്. 100 പൂർണ്ണ നിർമ്മിത ബസുകൾക്ക് ഓർഡർ നൽകിയതിൽ 20 എണ്ണം നിരത്തിലിറക്കി. ബാക്കിയുള്ള 80 ബസുകൾകൂടി നിരത്തിലിറക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ച് തദ്വാര വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബി മുഖേന 324 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുകവഴി ജനങ്ങളുടെ യാത്രാപ്രശ്നം പരിഹരിക്കുവാനും സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിലൂടെ വാഹനപ്പെരുപ്പം നിയന്ത്രിക്കുവാനും വാഹനപ്പെരുപ്പംമൂലമുള്ള അന്തരീക്ഷ മലിനീകരണം പരമാവധി കുറയ്ക്കുന്നതിനും ഇതുവഴി ലക്ഷ്യമിടുന്നു.

(സി) സി.എൻ.ജി. ഇന്ധനം ഉപയോഗിച്ചോടിക്കാവുന്ന ഒരു ബസ് പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. വാങ്ങിച്ചിട്ടുണ്ടെങ്കിലും അത് ഇതുവരെ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. സി.എൻ.ജി.-യുടെ പരിസ്ഥിതി കാര്യത്തിലുള്ള മേന്മയെക്കുറിച്ച് കെ.എസ്.ആർ.ടി.സി.-ക്ക് ബോധ്യം വരാത്തതിനാലും സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാത്തതുമൂലമുള്ള സി.എൻ.ജി. ഇന്ധനത്തിന്റെ ലഭ്യതക്കുറവ് പരിഗണിച്ചും ഇതിന്റെ സാമ്പത്തികമായ പ്രായോഗികത കണക്കിലെടുത്തുമാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. പോലെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ഥാപനത്തിൽ വലിയ മൂലധന നിക്ഷേപം ആവശ്യമായ ഇത്തരം ബസുകൾ വാങ്ങി പരീക്ഷണം നടത്തുന്നത് അഭികാമ്യമല്ല.

(ഡി) പൊതുഗതാഗത സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരുടെ സി.സി.എ. (സിറ്റി കോംപൻസേറ്ററി അലവൻസ്) കുറവ് ചെയ്ത് കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം ധനകാര്യ വകുപ്പിന് കൈമാറിയിരുന്നു. ഈ നിർദ്ദേശത്തിന്മേൽ ജീവനക്കാരുടെ അഭിപ്രായം തേടാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. ആയതിൻപ്രകാരം ജീവനക്കാരുടെ അഭിപ്രായം തേടിയിട്ടുണ്ട്.

**ബസ്സ് ചാർജ് വർദ്ധന**

251 (1469) ശ്രീ. അനിൽ അക്കര:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഐ. സി.ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് ചാർജ്ജ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വർദ്ധനവ് സംബന്ധിച്ച് പഠിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണോ ബസ് ചാർജ് വർദ്ധനവ് നടപ്പിലാക്കിയത്; വിശദവിവരം നൽകുമോ;

(സി) വിദ്യാർത്ഥികളുടെ യാത്രാനിരക്കിൽ എന്ത് വർദ്ധനവ് വരുത്തണമെന്നാണ് സമിതി ശിപാർശ നൽകിയതെന്നും അതിൽ സർക്കാർ തീരുമാനം എന്തായിരുന്നുവെന്നും വിശദമാക്കുമോ;

(ഡി) മിനിമം ബസ് ചാർജ് പത്ത് രൂപയാക്കണമെന്നും വിദ്യാർത്ഥികളുടെ ബസ് ചാർജ് വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബസ് ഓണേഴ്സ് അസോസിയേഷൻ അഞ്ച് ദിവസം നടത്തിയ സമരം പിൻവലിച്ചത് സർക്കാർ നൽകിയ എന്ത് ഉറപ്പിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) അതെ. കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകളുടെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) വിദ്യാർത്ഥികളുടെ യാത്രാനിരക്ക് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കമ്മിറ്റിയുടെ 16-ാമത് റിപ്പോർട്ടിൽ നൽകിയ ശിപാർശ പരിഗണിക്കാനാണ് ഇപ്പോഴത്തെ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നത്. 16-ാമത് റിപ്പോർട്ടിന്റെ പ്രസക്തഭാഗം താഴെകൊടുക്കുന്നു:

" ..... We recommend that minimum fare, and the fare to be paid by the student community, should be fixed equal to 25% of the normal fare, rounded to the nearest whole rupee. No person should be eligible to claim concession admissible to the student community, who has completed at the age of 24 as on 31st May of the year.

The minimum fare payable by students should be Rs.2" .

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ ചുവടെപ്പറയും പ്രകാരം സർക്കാർ തീരുമാനമുണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളുടെ കാര്യത്തിൽ കൺസഷൻ നിരക്കിൽ നിലവിലുള്ള മിനിമം ചാർജ് നിരക്ക് തന്നെ തുടരുന്നതാണ്. വിദ്യാർത്ഥികളുടെ കൺസഷന്റെ മിനിമം ചാർജ് ദൂരം കഴിഞ്ഞുള്ള തുടർ യാത്രാനിരക്ക് വർദ്ധിപ്പിക്കുന്ന യാത്രാനിരക്കിന്റെ 25 ശതമാനമായി നിശ്ചയിക്കുവാനും തുക നിശ്ചയിക്കുമ്പോൾ 50 പൈസ മുതൽ 99 പൈസ വരെയുള്ളത് 1 രൂപയായും ഒരു പൈസ മുതൽ 49 പൈസ വരെയുള്ളത് ഒഴിവാക്കി റൗണ്ട് ചെയ്യുവാനും തീരുമാനിച്ചു. വിദ്യാർത്ഥികളുടെ കൺസഷന് പ്രായപരിധി നിശ്ചയിക്കാനുള്ള ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ ശിപാർശ തള്ളിക്കളയുവാനും തീരുമാനിച്ചു.

(ഡി) പ്രത്യേക ഉറപ്പുകളൊന്നും നൽകിയിട്ടില്ല.

## ബസ്സുകളുടെ റണ്ണിംഗ് ടൈം

252 (1470) <u>ശ്രീ. രാജു എബ്രഹാം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസുകൾക്ക് ഏതൊക്കെ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയാണ് പെർമിറ്റ് അനുവദിക്കുന്നത്; ഇവയ്ക്ക് ഒരു കിലോ മീറ്റർ ഓടുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുമ്പോൾ ഓരോ വിഭാഗത്തിനും ഒരു കിലോമീറ്റർ ഓടുന്നതിന് അനുവദിച്ചിരിക്കുന്ന സമയം എത്രയാണ്;

(സി) ഒരേ റൂട്ടിൽ സർവ്വീസ് നടത്തുന്ന ഒരേ വിഭാഗത്തിൽപെടുന്ന സ്വകാര്യ ബസിനും കെ.എസ്.ആർ.ടി.സി.-യ്ക്കും രണ്ട് തരത്തിൽ റണ്ണിംഗ് ടൈം നിശ്ചയിച്ചിരിക്കുന്നതിനാൽ റണ്ണിംഗ് ടൈം കുറവുള്ള സ്വകാര്യ ബസ്സുകളെ ആശ്രയിക്കാൻ യാത്രക്കാർ നിർബന്ധിതരാകുകയില്ലേയെന്നത് പരിശോധിക്കുമോ ;

(ഡി) ഇത് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ കുറവുണ്ടാക്കു മെന്നിരിക്കെ ഇത് തിരുത്താൻ ഗതാഗതവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) അനുബന്ധമായി* ചേർക്കുന്നു.

(സി & ഡി) ഒരേ വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങൾക്ക് രണ്ടുതരം റണ്ണിംഗ് ടൈം അനുവദിച്ചിട്ടില്ല.

**കാസർഗോഡ് നഗരത്തിൽ ഗതാഗത വകുപ്പ് പദ്ധതികൾ**

253 (1471) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി - സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരത്തിലെ തിരക്കേറിയ ജംഗ്ഷനുകളിൽ കാൽനട യാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിനായി ഫുട് ഓവർബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാകളക്ടർ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ കാലതാമസമുണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഗതാഗത തിരക്ക് ഒഴിവാക്കുന്നതിനുള്ള പദ്ധതിയിൽ കാസർഗോഡ് നഗരത്തെ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) നാഷണൽ ഹൈവേ നാലുവരിപ്പാത നിർമ്മാണ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നതിനാൽ ഫുട്ട് ഓവർബ്രിഡ്ജ് സ്ഥാപിക്കുന്നത് നിർമ്മാണ പ്രവൃത്തികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതിനാലാണ് പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാലതാമസം നേരിട്ടത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കാസർഗോഡ് പുതിയ ബസ്സ് സ്റ്റാൻഡ് മുതൽ പഴയ ബസ്സ് സ്റ്റാൻഡ് വരെ "പെഡസ്ട്രിയൻ സേഫ്റ്റി ബാരിയർ" സ്ഥാപിക്കുന്നതിനുള്ള 20 ലക്ഷം രൂപയുടെ ശിപാർശ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. 8-11-2017-ൽ ചേർന്ന 33-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം ഇതിന് അംഗീകാരം നൽകിയിട്ടുണ്ട്. മുൻപ് അനുവദിച്ച പദ്ധതികളുടെ ധനവിനിയോഗ പത്രം നൽകാത്തതിനാൽ ടി തുക ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് കൈമാറിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവും പെൻഷനും**

254 (1472) <u>ശ്രീ. എം. രാജഗോപാലൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ ഏത് മാസം വരെയുള്ള പെൻഷൻ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിനായി അതിന്റെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. അതിന്റെ ഭാഗമായി പുറത്തുനിന്നും കെ.എസ്.ആർ.ടി.സി.-യുടെ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളെ നിയമിക്കുകയും കൂടാതെ മെക്കാനിക്കൽ ജീവനക്കാരുടെ ഡ്യൂട്ടി സമയക്രമം ബസുകൾ സർവ്വീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനും തദ്വാര ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾകൂടി വാങ്ങി നൽകിക്കഴിഞ്ഞു. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും തൊഴിൽ മേന്മ

ഉറപ്പാക്കുന്നതിനും മനുഷ്യ പ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്ക്സ് മാനേജർ (മെയിന്റനൻസ്)-മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്ക്സ് മാനേജരെയും ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പുനഃസംഘടന ഫലപ്രദമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി, കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന്റെയും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസുകൾ ഇതിനോടകം സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും

യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ് ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ്സ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) സേവന പുസ്തകത്തിൽ അപാകതയില്ലാത്ത 7/2017 വരെ സേവനത്തിൽനിന്നും വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

### പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട്

255 (1473) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നവീകരണം സംബന്ധിച്ച പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; ആയതിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളുടെ വിശദവിവരം നൽകുമോ;

(ബി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച കരട് റിപ്പോർട്ട് പ്രകാരം കോർപ്പറേഷനെ പുനരുദ്ധരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ മേഖലകളായി തിരിക്കുന്നതിനും മാനേജ്മെന്റിൽ പ്രൊഫഷണലുകളെ ഉൾപ്പെടുത്തുന്നതിനും ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. വർക്ക് ഷോപ്പുകളുടെ പ്രവർത്തനം, ടയർ റീ-ടെഡിംഗ്, വാഹന ഉപയോഗ നിരക്ക്, ബസ്സ് ബോഡി നിർമ്മാണം, ഇന്ധന ഉപയോഗക്ഷമത എന്നിവ ദേശീയ ശരാശരിയിലേയ്ക്ക് ഉയർത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സാമ്പത്തിക

പുനഃക്രമീകരണം നടപ്പാക്കണമെന്നും ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുകയും ബസ്സ് സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയായ 5.5-നേക്കാൾ മെച്ചപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. റിപ്പോർട്ടിലെ ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നോഡൽ ഓഫീസറായി പുതുതായി നിയമിക്കപ്പെട്ട ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ)-നെ ചുമതലപ്പെടുത്തുകയും കോർപ്പറേഷന്റെ സാമ്പത്തിക പുനഃസംഘടനയ്ക്കായി കരാർ അടിസ്ഥാനത്തിൽ ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മുൻഗണനാ ക്രമത്തിൽ കോർപ്പറേഷനിൽ നടപ്പാക്കേണ്ട റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനും ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിലേയ്ക്കായി സമ്പൂർണ്ണ സഹകരണം ലഭ്യമാക്കാൻ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യുകയുമുണ്ടായി.

**സുശീൽ ഖന്ന റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ**

256 (1474) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച് പ്രൊഫസർ സുശീൽ ഖന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) സുശീൽ ഖന്ന റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ;

(ഡി) എങ്കിൽ ഹൈക്കോടതിയെ അറിയിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി

വരികയാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന്റെയും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസുകൾ ഇതിനോടകംതന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ്സ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ചും ബൈപാസ് റോഡുകൾ ഉപയോഗപ്പെടുത്തിയും കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ

സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പുതിയ ഡ്യൂട്ടിക്രമം നിശ്ചയിച്ചതിനുശേഷം ശരാശരി 78% ആയിരുന്ന ഫ്ലീറ്റ് യൂട്ടിലൈസേഷൻ ഇപ്പോൾ 87% ആയി ഉയർത്തിയിട്ടുണ്ട്. ജീവനക്കാരുടെ കുറവുമൂലം idling ആയിരുന്ന ബസ്സുകളുടെ എണ്ണം ആനുപാതികമായി കുറഞ്ഞതുകാരണവും കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കഴിഞ്ഞതുമൂലവും 50 ലക്ഷം രൂപയുടെ വർദ്ധനവ് പ്രതിദിനം ലഭ്യമായിട്ടുണ്ട്. കൂടാതെ മെക്കാനിക്കൽ വിഭാഗത്തിലെ ജോബ് നോംസ് ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തി. ഓഫ്-റോഡ് നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിലേയ്ക്കായി ഫ്ലോട്ട് സംവിധാനത്തിൽ വാഹന ഘടകങ്ങൾ സ്പെയർ ആയി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. ഗ്യാരേജ് നവീകരണത്തിനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ആധുനിക ഉപകരണങ്ങളായ Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

(സി) പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിൽ കൃത്യസമയത്തിന് പെൻഷൻ കൊടുക്കുന്നതിന് എടുത്തിട്ടുള്ള നടപടികളെക്കുറിച്ച് ഒരു സത്യവാങ്മൂലം സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

(ഡി) പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണം സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ പെൻഷനും ശമ്പളവും വിതരണം ചെയ്യുന്നതിനായി സർക്കാർ നൽകിയ ധനസഹായത്തിന്റെ കണക്കുകളും അറിയിച്ചിട്ടുണ്ട്. സാമ്പത്തിക പുനരുദ്ധാരണത്തിനായി പലിശനിരക്ക് കൂടിയ ഹ്രസ്വകാല വായ്പകൾ ബാങ്ക് കൺസോർഷ്യം മുഖേന പലിശനിരക്ക് കുറഞ്ഞ ദീർഘകാല വായ്പകളാക്കി മാറ്റുവാൻ നടപടി സ്വീകരിച്ചുവരുന്ന വിവരം വ്യക്തമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് കൈക്കൊണ്ട നടപടികളും അറിയിച്ചിട്ടുണ്ട്. കൂടാതെ 2018 മാർച്ച് മാസത്തിന് മുമ്പായി കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക തീർക്കുവാനുള്ള നടപടി സ്വീകരിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി 2018-19 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വിവരവും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ പദ്ധതി

257 (1475) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനും പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനും എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം മുഖേന 9% പലിശനിരക്കിലും 20 വർഷത്തെ തിരിച്ചടവിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി സഹകരണ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് അതുവഴി പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുവാനും സാധിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. പെൻഷൻ

258 (1476) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻകാർക്ക് പെൻഷൻ നൽകുവാൻ സഹകരണ ബാങ്കുകളുടെ കൺസോർഷ്യവുമായി ഉണ്ടാക്കിയ കരാർ വിശദമാക്കാമോ;

(ബി) ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് പെൻഷൻ കുടിശ്ശിക തീർക്കുവാൻ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം നൽകേണ്ട തുക എത്രയാണ്; എത്ര ശതമാനം പലിശയാണ് ഇതിന് കെ.എസ്.ആർ.ടി.സി നൽകേണ്ടത്;

(സി) ദേശസാൽകൃത ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള കടത്തിന്റെ പലിശ നിലവിലെത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) മറ്റുള്ളവർ നൽകുന്നതിനെക്കാളും കൂടിയ പലിശയ്ക്ക് വായ്പ എടുക്കുന്നവരാണ് കെ.എസ്.ആർ.ടി.സി.-യെന്നും ഇത് സഹകരണ മേഖലയ്ക്ക് ലാഭകരമായ ബിസിനസ് ആണെന്നും സഹകരണ വകുപ്പ് മന്ത്രി ഫെബ്രുവരി 14ാം തീയതി ദർബാർ ഹാളിൽ ചേർന്ന യോഗത്തിൽ പ്രസ്താവിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പെൻഷൻ നൽകുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, സർക്കാർ, കെ.എസ്.ആർ.ടി.സി. എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. അതിൻപ്രകാരം കുടിശ്ശികയുള്ള അഞ്ച് മാസത്തെ പെൻഷനും തുടർന്ന് 2018 ജൂലൈ വരെയുള്ള പ്രതിമാസ പെൻഷനുമാണ് പ്രസ്തുത ധാരണ അനുസരിച്ച് വിതരണം ചെയ്യുന്നത്.

(ബി) നിലവിലുണ്ടായിരുന്ന കുടിശ്ശിക തീർക്കുവാൻ (അതായത് 2018 ഫെബ്രുവരി വരെ) സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും ഏകദേശം 220 കോടി രൂപയാണ് ആവശ്യമുള്ളത്. കൂടാതെ ജൂലൈ വരെയുള്ള പ്രതിമാസ പെൻഷനും ടി കൺസോർഷ്യംവഴി വിതരണം ചെയ്യുന്നതാണ്. ഇപ്രകാരം സഹകരണ ബാങ്കുകൾ വിതരണം നടത്തിയ പെൻഷൻ തുക സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ ധനസഹായത്തിൽനിന്നും 10% പലിശയുൾപ്പെടെ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്.

(സി) 12% പലിശ നിരക്കിലാണ് വായ്പയെടുത്തിട്ടുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കെ.എസ്.ആർ.ടി.സി. പെൻഷൻ

259 (1477) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.- യിൽ പെൻഷൻ ഇനത്തിൽ പ്രതിവർഷം എത്ര തുക ചെലവാകുമെന്ന് വ്യക്തമാക്കാമോ;

(ബി) പെൻഷൻ കുടിശ്ശികയിനത്തിൽ എത്ര തുക നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലെ കണക്കനുസരിച്ച് പ്രതിവർഷം 720 കോടി രൂപ പെൻഷൻ വിതരണത്തിന് ആവശ്യമാണ്.

(ബി) ഇപ്പോൾ പെൻഷൻ കുടിശ്ശികയില്ല. നിലവിലുണ്ടായിരുന്ന കുടിശ്ശിക തീർക്കുവാൻ (അതായത് 2018 ഫെബ്രുവരി വരെ) സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും ഏകദേശം 220 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 92 ശതമാനത്തോളം കൊടുത്തു തീർത്തുകഴിഞ്ഞു.

**കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം**

260 (1478) ശ്രീ.എം.ഉമ്മർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പുതുക്കിയ ബജറ്റിൽ, പെൻഷൻ യഥാസമയം നൽകുന്നതിന് കെ.എസ്.ആർ.ടി.സി -ക്ക് സർക്കാർ മാസംതോറും ധനസഹായം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എല്ലാ മാസവും പ്രസ്തുത ധനസഹായം സർക്കാരിൽനിന്ന് ലഭ്യമായിട്ടുണ്ടോ;

(ഡി) പെൻഷൻ നൽകുന്നതിനായി ഈ സർക്കാർ നാളിതുവരെ എത്ര രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ മുൻകയ്യെടുത്ത് കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം (PACS) മുഖേന പെൻഷൻ നൽകുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, സർക്കാർ, കെ.എസ്.ആർ.ടി.സി. എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. അതിൻപ്രകാരം കുടിശ്ശികയുള്ള അഞ്ച് മാസത്തെ പെൻഷനും തുടർന്ന് 2018 ജൂലൈ വരെയുള്ള പ്രതിമാസ പെൻഷനുമാണ് പ്രസ്തുത ധാരണ അനുസരിച്ച് വിതരണം ചെയ്യുന്നത്. സഹകരണ ബാങ്കുകൾ വിതരണം നടത്തിയ പെൻഷൻ തുക കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ ധനസഹായത്തിൽനിന്നും പത്ത് ശതമാനം പലിശ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്. പെൻഷൻ വിതരണത്തിന് ചെലവാകുന്ന തുകയുടെ പകുതി എല്ലാ മാസവും കെ.എസ്.ആർ.ടി.സി. ആവശ്യപ്പെടുന്നമുറയ്ക്ക് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനായി ഈ സാമ്പത്തിക വർഷം ഇതുവരെ 810 കോടി രൂപ ഈ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. പെൻഷൻ ധാരണാപത്രം

261(1479) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകളുമായി സർക്കാർ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ വ്യവസ്ഥകൾ എന്തെല്ലാമാണ് എന്നറിയിക്കുമോ;

(ബി) ഇതുവഴി പെൻഷൻ മുടങ്ങാതെ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(സി) പുതിയ ധാരണ പ്രകാരം സർക്കാരിനോ കെ.എസ്.ആർ.ടി.സി.-യ്ക്കോ ഏതെങ്കിലും തരത്തിലുള്ള അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പെൻഷൻ നൽകുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, സർക്കാർ, കെ.എസ്.ആർ.ടി.സി. എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. നിലവിൽ കുടിശ്ശികയുള്ള അഞ്ച് മാസത്തെ പെൻഷൻ വിതരണം നടത്തിക്കഴിഞ്ഞു. തുടർന്ന് 2018 ജൂലൈ വരെയുള്ള പ്രതിമാസ പെൻഷനും പ്രസ്തുത ധാരണ പ്രകാരം വിതരണം ചെയ്യുന്നതാണ്. സഹകരണ ബാങ്കുകൾ വിതരണം നടത്തിയതും നടത്തുന്നതുമായ പെൻഷൻ തുക കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ ധനസഹായത്തിൽനിന്നും പത്ത് ശതമാനം പലിശ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) സഹകരണ ബാങ്ക് കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്ന പെൻഷൻ തുകയുടെ പലിശയിനത്തിൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ട്. ഈ ബാധ്യത സർക്കാർ സഹായത്തോടെ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം**

262 (1480) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ചവർക്ക് പെൻഷൻ വിതരണം നടത്താൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. സേവനം വിപുലീകരിക്കാനും ലാഭകര മാക്കാനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ മുൻകയ്യെടുത്ത് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം (PACS) മുഖേന കുടിശ്ശിക പെൻഷൻ വിതരണം നടത്തിവരികയാണ്. ഈ പ്രക്രിയ 2018 ജൂലൈ വരെ തുടരുന്നതാണ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയിൽനിന്നും പ്രസ്തുത തുക പലിശയടക്കം കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിനായി അതിന്റെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം

പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ ജീവനക്കാർക്കും സിംഗിൾ ഡ്യൂട്ടി പാറ്റേൺ നടപ്പിലാക്കുവാനും ദീർഘദൂര സർവ്വീസുകൾക്ക് നിയമാനുസൃതം ക്രൂ ചെയ്ഞ്ച് സംവിധാനം നടപ്പിലാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ സമയക്രമം ബസുകൾ സർവ്വീസ് കഴിഞ്ഞുവരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും തൊഴിൽ മേന്മ ഉറപ്പാക്കുന്നതിനും തദ്വാര മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ കരട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)-മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പുനഃസംഘടന ഫലപ്രദമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചു നൽകിയിട്ടുണ്ട്.

**സഹകരണ കൺസോർഷ്യം നൽകുന്ന തുകയും പലിശയും**

263(1481) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷനുമായി ബന്ധപ്പെട്ട്, സഹകരണ കൺസോർഷ്യം എത്ര കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.- ക്ക് നൽകുന്നത്; ഈ തുകയ്ക്ക് എത്ര ശതമാനം പലിശയാണ് സഹകരണ ബാങ്കുകൾ ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പലിശ നിരക്ക് ദേശസാൽകൃത ബാങ്കുകളുടേതുമായി താരതമ്യം ചെയ്യുമ്പോൾ കൂടതലാണെന്ന കാര്യം പരിശോധിക്കുകയുണ്ടോയോ;

(സി) എങ്കിൽ പെൻഷനാവശ്യമായ തുക കെ.എസ്.ആർ.ടി.സി.-ക്ക് നേരിട്ട് നൽകിയിരുന്നെങ്കിൽ ഭീമമായ ഒരു തുക കോർപ്പറേഷന് ലഭിക്കുമായിരുന്നു എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം 2018 ഫെബ്രുവരി വരെയുള്ള പെൻഷൻ കുടിശ്ശിക തീർക്കുവാൻ 219 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. പ്രസ്തുത തുകയിൽ 92 ശതമാനത്തോളം വിതരണം നടത്തിക്കഴിഞ്ഞു. സർക്കാർ അനുവദിക്കുന്ന 1000 കോടി രൂപയിൽനിന്നും 10% പലിശയടക്കം ടി തുക കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്.

(ബി) ദേശസാൽകൃത ബാങ്കുകൾ നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് 12% പലിശ നിരക്കിലാണ് വായ്പ അനുവദിച്ചിട്ടുള്ളത്.

(സി) പെൻഷൻ പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ നയപരമായി എടുത്ത തീരുമാനമാണ് സഹകരണ ബാങ്ക് കൺസോർഷ്യം മുഖേനയുള്ള പെൻഷൻ വിതരണം. ഈ തുക പെൻഷൻ വിതരണത്തിനുവേണ്ടിയാണ് വിനിയോഗിക്കുന്നത്.

**കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി**

264 (1482) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. ഡി.സതീശൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും കോർപ്പറേഷൻ എടുത്തിട്ടുള്ള വായ്പാത്തുക, മറ്റ് ബാങ്കുകളുടെ കുറഞ്ഞ പലിശനിരക്കും ദീർഘകാല തിരിച്ചടവ് കാലയളവുമുള്ള വായ്പകളാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇതിലൂടെ പ്രതിമാസം എത്ര രൂപ പലിശയിനത്തിൽ ലാഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റ് തലത്തിൽ നാൽപ്പത് ശതമാനം പേരെ നേരിട്ട് നിയമിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) കോർപ്പറേഷൻ നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ജീവനക്കാരുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ സഹകരണം ലഭിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അതെ. കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സി.-യുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയുമാണ്.

സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം മുഖേന കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പകളാക്കി മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലുമുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം മുഖേന 9% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. പലിശയിനത്തിൽ 3 മുതൽ 5 ശതമാനം വരെ ലാഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ മിച്ചം പിടിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രാവർത്തികമാക്കിയിട്ടുണ്ട്. എ.റ്റി.ഒ. തസ്തികയിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തേണ്ട 40%-ൽ 15% ആയ (by transfer) 8 പേരുടെ നിയമനം നടത്തിയിട്ടുണ്ട്. ശേഷിക്കുന്ന 25% ആയ (നേരിട്ടുള്ള നിയമനം) 12 പേരുടെ നിയമനം അന്തിമ ഘട്ടത്തിലാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. എ.ഒ. തസ്തികയിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തേണ്ട 40%-ൽ 15% (by transfer) ആയ 4 പേരുടെ നിയമനം നടത്തിയിട്ടുണ്ട്. ശേഷിക്കുന്ന 25% ആയ (നേരിട്ടുള്ള നിയമനം) 7 പേരുടെ നിയമനം അന്തിമ ഘട്ടത്തിലാണെന്നും പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

## കെ.എസ്.ആർ.ടി.സി. നടത്തിയ അധിക സർവ്വീസുകൾ

265(1483) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-2-2018 മുതൽ സ്വകാര്യ ബസുകൾ നടത്തിയ അനിശ്ചിതകാല സമരംമൂലം ഉണ്ടായ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സംസ്ഥാനത്താകെ എത്ര അധിക സർവ്വീസുകൾ നടത്തിയിട്ടുണ്ട്;

(ബി) അധിക സർവ്വീസ് നടത്തിയതുമൂലം കെ.എസ്.ആർ.ടി.സി.- ക്ക് ഓരോ ദിവസവും ശരാശരി എത്ര രൂപയുടെ വരുമാന വർദ്ധന ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ ബസുകൾ സമരം നടത്തിയ കാലയളവിൽ പൊതുജനങ്ങൾക്കും യാത്രക്കാർക്കുമുണ്ടായ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ആകെ 1711 അധിക സർവ്വീസുകൾ നടത്തിയിട്ടുണ്ട്.

(ബി) അധിക സർവ്വീസ് നടത്തിയതുമൂലം കെ.എസ്.ആർ.ടി.സി.ക്ക് പ്രതിദിനം ശരാശരി 1,33,93,507/- രൂപയുടെ വരുമാന വർദ്ധനവ് ലഭിച്ചിട്ടുണ്ട്.

## ബസ് ചാർജ് വർദ്ധനമൂലമുള്ള അധികവരുമാനം

266(1484) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മാർച്ച് 1 മുതൽ വർദ്ധിപ്പിച്ച ബസ്ചാർജ് നിലവിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.-ക്ക് ദിനംപ്രതി എത്ര രൂപയുടെ അധികവരുമാനം ഉണ്ടായിട്ടുണ്ട്;

(ബി) ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് ബസ്, ഡീലക്സ് എക്സ്പ്രസ്സ് എന്നീ ബസ്സുകളുടെ ഒരു ദിവസത്തെ ശരാശരി വർദ്ധന എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വരുമാന വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

## കെ.എസ്.ആർ.ടി.സി. സ്റ്റേ സർവ്വീസ്

267 (1485) <u>ശ്രീ. വി. ജോയി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പകൽക്കുറിയിൽ നടത്തി വന്നിരുന്ന കെ.എസ്.ആർ.ടി.സി. സ്റ്റേ ബസ്സ് സർവ്വീസ് പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സർവ്വീസ് അവസാനിപ്പിച്ചത് എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കാമോ;

(സി) ജനങ്ങൾക്ക് പ്രയോജനകരമായിരുന്ന മുൻകാലത്തെ സമയക്രമത്തിലും രീതിയിലും പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യുടെ ഉന്നമനത്തിനും സമഗ്ര പുനരുദ്ധാരണത്തിനുമായി സർവ്വീസുകൾ പുനഃക്രമീകരിക്കുകയും നഷ്ടത്തിൽ ഓടിച്ച് വന്നിരുന്ന നിരവധി സർവ്വീസുകളുടെ ട്രിപ്പുകൾ പുനർ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പുനരുദ്ധാരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടി സർവ്വീസുകൾ പുനരാരംഭിക്കാൻ ഇപ്പോൾ കഴിയുകയില്ല.

## എറണാകുളം-കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ്

268 (1486) <u>ശ്രീ.എസ്. ശർമ്മ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി - സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തുനിന്നും ഗോശ്രീപാലംവഴി കോഴിക്കോട്ടുവരെ ആരംഭിച്ച പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസിന്റെ ശരാശരി പ്രതിദിന കളക്ഷൻ എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സർവ്വീസ് തടസ്സപ്പെട്ടിട്ട് എത്ര നാളായി എന്ന് വെളിപ്പെടുത്തുമോ; എന്നത്തേക്ക് സർവ്വീസ് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളത്തുനിന്നും ഗോശ്രീപാലംവഴി കോഴിക്കോട്ടേയ്ക്ക് പുതുതായി ആരംഭിച്ച സർവീസിന് പ്രതിദിന ശരാശരി വരുമാനം 8488/- രൂപയാണ്.

(ബി) ശബരിമല മണ്ഡലപൂജ മകരവിളക്ക് മഹോൽസവത്തോടനുബന്ധിച്ച പ്രത്യേക സർവ്വീസ് നടത്തിപ്പുമായി ബന്ധപ്പെട്ട് വരുമാനം കുറഞ്ഞ സർവ്വീസുകൾക്ക് ഉപയോഗിച്ചിരുന്ന ബസുകൾ പമ്പയിലേയ്ക്ക് നൽകിയിരുന്നതിനാലാണ് 2017 നവംബർ 9-ാം തീയതി മുതൽ ടി സർവ്വീസ് താൽക്കാലികമായി നിർത്തിവച്ചത്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-ക്ക് നടത്തിപ്പുചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ/ട്രിപ്പുകൾ പുനഃക്രമീകരിച്ച് വരുന്നതിനാൽ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കാൻ ഇപ്പോൾ കഴിയുകയില്ല.

## നിലമ്പൂർ-ബാംഗ്ലൂർ ബസിന് ഫോറസ്റ്റ് പാസ് അനുവദിക്കൽ

269(1487) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽനിന്നും സർവ്വീസ് നടത്തിയിരുന്ന ഏക സൂപ്പർ ഡീലക്സ് ബസ്സ് ആയ നിലമ്പൂർ-ബാംഗ്ലൂർ ബസിന്റെ ഒക്ടോബർ മാസത്തെ കളക്ഷൻ മാത്രം കണക്കിലെടുത്താൽ ഒരു ദിവസത്തെ ശരാശരി കളക്ഷൻ എത്രയായിരുന്നെന്ന് അറിയിക്കാമോ;

(ബി) ഏറ്റവും കൂടുതൽ കളക്ഷൻ ലഭിച്ചിരുന്ന നിലമ്പൂർ-ബാംഗ്ലൂർ ബസിന്, ഫോറസ്റ്റിലൂടെ കടന്ന് പോകാൻ അനുമതി നൽകുന്ന ഫോറസ്റ്റ് പാസ് ഒഴിവാക്കിയ കാര്യം സർക്കാരിന്റെ അറിവോടെയാണോയെന്നും, പ്രസ്തുത പാസ് പാലാ-ബാംഗ്ലൂർ ബസിന് നൽകാനുണ്ടായ കാരണമെന്തെന്നും വിശദമാക്കാമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ആയിരത്തിലധികം പേർ ഒപ്പിട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ; സർക്കാർ നയങ്ങൾക്ക് വിരുദ്ധമായി പ്രസ്തുത ഫയലിൽ ഒപ്പ് വച്ച ഉദ്യോഗസ്ഥൻ ആരാണെന്നും, നിലമ്പൂർ-ബാംഗ്ലൂർ ബസിന് തുടർന്നും ഫോറസ്റ്റ് പാസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ-ബാംഗ്ലൂർ ബസിന്റെ ഒക്ടോബർ മാസത്തെ ശരാശരി പ്രതിദിന വരുമാനം 23,613/- രൂപയാണ്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഈ വിഷയത്തിൽ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായും ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാണെന്ന വസ്തുതയുടെ അടിസ്ഥാനത്തിലുമാണ് 22.00 മണിക്ക് ബാംഗ്ലൂർ-നിലമ്പൂർ സർവീസിനുണ്ടായിരുന്ന പ്രത്യേക അനുമതി ബാംഗ്ലൂർ-പാലാ സർവീസിലേയ്ക്ക് മാറ്റിയിട്ടുള്ളത്.

21.45-ന് ബാംഗ്ലൂരിൽനിന്ന് ആരംഭിച്ച രാത്രികാല യാത്രാനിരോധനം സംബന്ധിച്ച പ്രത്യേക അനുമതി കൂടാതെ പുലർച്ചയ്ക്കുതന്നെ നിലമ്പൂരിൽ എത്തിച്ചേരുന്ന വിധത്തിൽ റൂട്ട് മാറ്റി ടി സർവ്വീസ് പുനഃക്രമീകരിച്ചിട്ടുണ്ട്. ടി നടപടികളിലൂടെ 18.00 മണിക്കുള്ള ബാംഗ്ലൂർ-പാലാ സർവീസിനും 21.45-നുള്ള ബാംഗ്ലൂർ-നിലമ്പൂർ സർവീസിനും മെച്ചപ്പെട്ട വരുമാനം ലഭിച്ച് വരുന്നതിനാൽ ടി ബാംഗ്ലൂർ-നിലമ്പൂർ സർവീസിന് പ്രത്യേക ഫോറസ്റ്റ് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതില്ല.

**കാലഹരണപ്പെട്ട ടിക്കറ്റിംഗ് മെഷീനുകൾ**

270 (1488) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ നിലവിൽ ഉപയോഗിച്ചു വരുന്ന ഇ.ടി.എം. മെഷീനുകൾ കാലഹരണപ്പെട്ടവയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ.ടി.എം. വാങ്ങൽ, പരിപാലനം കൂടാതെ കെ.എസ്.ആർ.ടി.സി. യ്ക്കുണ്ടാകുന്ന നഷ്ടം എന്നിവ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, സോഫ്റ്റ്‌വെയർ മേഖലകളിൽ പ്രാവീണ്യമുള്ള കെ.എസ്.ആർ.ടി.സി. ജീവനക്കാരെ ഉപയോഗിച്ച് ഇ.ടി.എം. സ്വന്തമായി നിർമ്മിക്കാനുള്ള സാധ്യത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലെ ഇ.ടി.എം.-കൾ ഉപയോഗത്തിലാണ്.

(ബി) നിലവിലെ ഇ.ടി.എം.-കൾക്ക് ദാതാവായ കമ്പനിയുമായി Annual Maintenance Contract (AMC)-ൽ ഏർപ്പെടുകയും ഇ.ടി.എം.-കളുടെ പരിപാലനത്തിനായി കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. ഇതിന് പ്രാവീണ്യമുള്ള ജീവനക്കാർ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടോ എന്നതിനെപ്പറ്റി അന്വേഷണം നടത്തിവരുന്നു.

## കെ.എസ്.ആർ.ടി.സി. മിനിസ്റ്റീരിയൽ ജീവനക്കാരുടെ സ്ഥലംമാറ്റം

271 (1489) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.- യിൽ ജോലി ലഭിച്ച നാൾ മുതൽ സ്ഥലംമാറ്റം ലഭിക്കാത്ത എത്ര മിനിസ്റ്റീരിയൽ സ്റ്റാഫംഗങ്ങൾ ഉണ്ട്;

(ബി) കെ.എസ്.ആർ പ്രകാരം സർക്കാരിലും, സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും സ്ഥലംമാറ്റം നടക്കുന്നുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി.-യിൽ മാത്രം സി.എം.ഡി. ഓഫീസിൽ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സ്ഥലംമാറ്റം ഉണ്ടാകാത്തതിനുള്ള കാരണം എന്താണ്;

(സി) സ്ഥലംമാറ്റം നടക്കാത്തതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനോൽപ്പാദന മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായെന്ന് വിശദീകരിക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.- യിലെ കണ്ടക്ടർമാരെയും, ഡ്രൈവർമാരെയും, മെക്കാനിക്കുകളെയും സ്ഥലം മാറ്റുന്നതോടൊപ്പം മിനിസ്റ്റീരിയൽ ജീവനക്കാരുടെയും സ്ഥലംമാറ്റം അനിവാര്യമാക്കുന്നതിനും ഉന്നത ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവരുടെ ഓഫീസുകളിൽ മറ്റ് ജീവനക്കാർക്കും പ്രവർത്തനാവസരം നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 613 മിനിസ്റ്റീരിയൽ സ്റ്റാഫംഗങ്ങളുണ്ട്.

(ബി - ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## കെ.എസ്.ആർ.ടി.സി. അദർ ഡ്യൂട്ടി ജീവനക്കാർ

272 (1490) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ അദർ ഡ്യൂട്ടി എന്ന പേരിൽ നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; പ്രസ്തുത ജീവനക്കാരെ അവരുടെ തസ്തിക പ്രകാരമുള്ള ഡ്യൂട്ടിക്ക് അയക്കുവാൻ മാനേജിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് യൂണിയൻ ഭാരവാഹികൾ മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനം ഉപേക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 52 ജീവനക്കാർ അദർ ഡ്യൂട്ടി എന്ന പേരിൽ ജോലി ചെയ്യുന്നുണ്ട്. അവരുടെ തസ്തിക പ്രകാരമുള്ള ഡ്യൂട്ടിക്ക് അയയ്ക്കാൻ മാനേജിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉപേക്ഷിച്ചിട്ടില്ല.

## സി.എൻ.ജി. ബസ്

273 (1491) ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25 ലക്ഷം രൂപയോളം മുടക്കി കെ.എസ്.ആർ.ടി.സി. വാങ്ങിയ സി.എൻ.ജി. ബസ് ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) തലസ്ഥാനത്ത് പ്രകൃതി വാതക സ്റ്റേഷനുകൾ ഇല്ലാതെ ഉപയോഗിക്കാൻ സാധിക്കില്ല എന്ന് ബോധ്യമുണ്ടായിട്ടും സി.എൻ.ജി. ബസ് വാങ്ങിയതിനെ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള തീരുമാനങ്ങൾ കാരണം കെ.എസ്.ആർ.ടി.സി. കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ട് പോകും എന്നതിനാൽ ഈ പ്രവണത അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ഓയിൽ കമ്പനികളുമായി നടത്തിയ ചർച്ചപ്രകാരം തിരുവനന്തപുരത്ത് 2017 ജൂണിൽ സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷൻ സ്ഥാപിക്കപ്പെടേണ്ടതായിരുന്നു. ഇതിനായി കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം ആനയറയിൽ സ്ഥലം വിട്ടുനൽകുകയും ചെയ്തിരുന്നു. സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായതിനാലാണ് ഫില്ലിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് വൈകാൻ ഇടയായത്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിലാണ് സി.എൻ.ജി. ബസുകൾ ഓടിക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചത്. സി.എൻ.ജി. ബസുകൾ ഓടിക്കുന്നതിന്റെ പ്രായോഗികത കണക്കിലെടുത്താണ് ഒരു ബസ് പരീക്ഷണാടിസ്ഥാനത്തിൽ ഓടിക്കുന്നതിന് തീരുമാനിച്ചത്.

**സി.എൻ.ജി. ബസുകൾ**

274 (1492) <u>ശ്രീ. കെ. വി. വിജയദാസ് :</u> താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പഴയ ബസുകൾക്കുപകരം സി.എൻ.ജി. ബസുകൾ കിഫ്ബി നിക്ഷേപത്തിലൂടെ വാങ്ങുമെന്ന് പറഞ്ഞിരുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് 1000 സി.എൻ.ജി. ബസുകൾ വാങ്ങുന്നതിനായി പ്രത്യേക നിക്ഷേപ നിധിയിൽപ്പെടുത്തി കിഫ്ബിയിൽനിന്നും 300 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് 20-2-2017-ലെ സ.ഉ.(സാധാ)നമ്പർ 72/2017/ഗതാ ഉത്തരവുപ്രകാരം ഇതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പഴയ ബസുകൾക്ക് പകരം സി.എൻ.ജി. ബസുകൾ കിഫ്ബി നിക്ഷേപത്തിലൂടെ വാങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ സി.എൻ.ജി. ലഭ്യതയുടെ പരിമിതി കണക്കിലെടുത്തു കൊണ്ട് കിഫ്ബി ഫണ്ട് ഉപയോഗിച്ച് സി.എൻ.ജി. ബസുകൾ വാങ്ങിയിട്ടില്ല.

## കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഡീസലിന് നികുതിയിളവ്

275 (1493) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇന്ധനം വാങ്ങിയ വകയിൽ എണ്ണക്കമ്പനികൾക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രതിദിനം എത്ര ലിറ്റർ ഡീസലാണ് കെ.എസ്.ആർ.ടി.സി.-ക്ക് ആവശ്യമുള്ളതെന്നും ഇപ്പോഴത്തെ നിരക്കിൽ ഇതിനായി ചെലവാകുന്ന തുകയെത്രയെന്നും അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമാക്കുന്ന ഡീസലിന് ഇന്ധന വിലയിൽ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതിയിൽ ഇളവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) എണ്ണ കമ്പനികളിൽനിന്നും ഡീസൽ വാങ്ങിയതിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കമ്പനിയുടെ പേര് | കടമായി നൽകിയ തുക (കോടി രൂപയിൽ) | ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ Bulk Purchaser എന്ന നിലയിൽ അധികമായി നൽകേണ്ട തുക |
|---|---|---|---|
| 1 | ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ | 120 | 62.60 |
| 2 | ഹിന്ദുസ്ഥാൻ പെട്രോളിയം | 6.32 | 3.80 |
| | ആകെ | 126.32 | 66.40 |
| | മൊത്തം തുക | 192.72 കോടി രൂപ | |

(ബി) പ്രതിദിനം ശരാശരി 475000 ലിറ്റർ ഡീസലാണ് ആവശ്യമായിവരുന്നത്. 28-2-2018-ലെ കണക്കനുസരിച്ച് ശരാശരി 3.8 കോടി രൂപ ദിവസേന ചെലവാകുന്നുണ്ട്.

(സി) ഇല്ല. ഈ ആവശ്യം സർക്കാർ ഇതുവരെയും അംഗീകരിച്ചിട്ടില്ല.

**റാന്നിവഴി കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ**

276 (1494) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനമാരംഭിച്ചത് എന്നാണ്; ഇവിടെ ഇപ്പോൾ നിലവിൽ എത്ര ബസുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്നും അവയുടെ റൂട്ടുകൾ സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) അന്തർ സംസ്ഥാന സർവ്വീസുകൾ ഇവിടെനിന്നും ഉണ്ടോ;

(സി) നിരവധിയാളുകൾ വിദ്യാഭ്യാസത്തിനും ജോലിയ്ക്കും ബിസിനസ് ആവശ്യങ്ങൾക്കും മറ്റ് സംസ്ഥാനങ്ങളിൽ ഇവിടെനിന്നും പോകുന്ന സാഹചര്യത്തിൽ എന്തുകൊണ്ടാണ് അന്തർ സംസ്ഥാന ബസ്സ് സർവ്വീസുകൾ ആരംഭിക്കാത്തത്;

(ഡി) റാന്നിയിൽനിന്നും മംഗലാപുരത്തേയ്ക്കും ബാംഗ്ലൂരിലേക്കും ചെന്നൈയിലേക്കും ബസ്സ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) മറ്റ് സ്ഥലങ്ങളിൽ നിന്നുമുള്ള അന്തർ സംസ്ഥാന സർവ്വീസ് ബസ്സുകളെല്ലാം എം.സി. റോഡിലൂടെയും നാഷണൽ ഹൈവേകളിൽ കൂടിയും സർവ്വീസ് നടത്തുന്ന സാഹചര്യത്തിൽ മലയോര മേഖലയ്ക്കുകൂടി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ചില അന്തർ സംസ്ഥാന സർവ്വീസുകൾ റാന്നിയിലൂടെ റൂട്ടുമാറ്റി വിടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 15-12-2013-ലാണ് റാന്നി ഓപ്പറേറ്റിംഗ് സെന്റർ നിലവിൽ വന്നത്. കെ.എസ്.ആർ.ടി.സി. 18-ഉം കെ.യു.ആർ.ടി.സി. 2-ഉം ഉൾപ്പെടെ 20 ഷെഡ്യൂളുകളാണുള്ളത്. ആകെ 21 ബസുകൾ ഈ ഓപ്പറേറ്റിംഗ് സെന്ററിലുണ്ട്. ഷെഡ്യൂൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഇല്ല.

(സി-ഇ) അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നത്. നിലവിൽ കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ റാന്നി ഡിപ്പോയിൽനിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സുള്ള്യയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്

277 (1495) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര പ്രദേശമായ ബന്തടുക്ക വഴി കർണ്ണാടകത്തിലെ സുള്ള്യയിലേക്ക് കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് തുടങ്ങണമെന്ന ആവശ്യം ഇതുവരെ പരിഗണിച്ചിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ മേൽ റൂട്ട് കൂടി ഉൾപ്പെടുത്തി ബസ് റൂട്ട് ആരംഭിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ & ബി) അന്തർ സംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ കാസർഗോഡുനിന്നും ബന്തടുക്കവഴി സുള്ള്യയിലേയ്ക്ക് വ്യവസ്ഥ ചെയ്യിട്ടില്ലാത്തതിനാൽ ടി റൂട്ടിൽ സർവ്വീസ് ആരംഭിക്കുവാൻ കഴിയുകയില്ല.

## നെയ്യാറ്റിൻകര ഡിപ്പോയിൽനിന്നുള്ള ബസ്സ് ഷെഡ്യൂളുകൾ

278 (1496) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ 2018 ജനുവരി 31 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നുള്ള എത്ര ബസ്സ് ഷെഡ്യൂളുകൾ നിർത്തലാക്കി; അവ എതൊക്കെ ആണെന്നും ഏത് റൂട്ടിൽ ആണെന്നും വ്യക്തമാക്കാമോ; അവയുടെ നമ്പരും പേരും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയിൽനിന്നും 2016 ജൂൺ 1 മുതൽ 2018 ജനുവരി വരെ ഓരോ മാസവും എത്ര ഷെഡ്യൂൾ ഉണ്ടായിരുന്നു; അവയിൽ നിർത്തലാക്കിയ ഷെഡ്യൂളുകളുടെ വിശദവിവരം നൽകാൻ കഴിയുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 2016 ജനുവരി മുതൽ 2016 മേയ് വരെ പ്രസ്തുത ഡിപ്പോയിൽനിന്നും എത്ര ഷെഡ്യൂളുകൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) 2018 ഫെബ്രുവരിയിൽ പ്രസ്തുത ഡിപ്പോയിൽനിന്നും എത്ര ഷെഡ്യൂൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. സ്ഥിരമായി ഒരു ഷെഡ്യൂളും റദ്ദ് ചെയ്തിട്ടില്ല. എന്നാൽ നടത്തിപ്പ് ചെലവുപോലും ലഭ്യമാക്കുവാൻ കഴിയാത്ത തരത്തിലുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് സർവ്വീസ് നടത്തിവരുന്നു. നെയ്യാറ്റിൻകര ഡിപ്പോയിൽനിന്നും 17 ഷെഡ്യൂളുകളാണ് ഇപ്രകാരം പുനഃക്രമീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) 2016 ജൂൺ 1 മുതൽ 2016 ഡിസംബർ വരെ ജൻറം ഉൾപ്പെടെ 99 ഷെഡ്യൂളുകളും 2017 ജനുവരി 1 മുതൽ 2018 ജനുവരി വരെ 109 ഷെഡ്യൂളുകളും പ്രതിദിനം നടത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. സ്ഥിരമായി ഷെഡ്യൂളുകൾ ഒന്നുംതന്നെ റദ്ദ് ചെയ്തിട്ടില്ല. വരുമാനക്കുറവുമൂലം പുനഃക്രമീകരിച്ച ഷെഡ്യൂളുകളുടെ വിവരങ്ങൾ (എ) പിരിവിന് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) 2016 ജനുവരി മുതൽ 2016 മേയ് വരെ പ്രസ്തുത ഡിപ്പോയിൽനിന്നും 105 ഷെഡ്യൂളുകൾ പ്രതിദിനം ഉണ്ടായിരുന്നു.

(ഡി) 2018 ഫെബ്രുവരിയിൽ ടി ഡിപ്പോയിൽനിന്നും ജൻറം ഉൾപ്പെടെ പ്രതിദിനം 105 ഷെഡ്യൂളുകളുണ്ടായിരുന്നു.

**കെ.എസ്.ആർ.ടി.സി. കൊല്ലം ഡിപ്പോ**

279 (1497) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽനിന്നും പുതുതായി ആരംഭിച്ച സർവ്വീസുകൾ ഏതൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ പ്രവർത്തിച്ചു വന്നിരുന്ന എൻക്വയറി കൗണ്ടർ നിർത്തലാക്കിയതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ; യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് എൻക്വയറി കൗണ്ടർ സേവനം പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ജീവനക്കാരെ ഫലപ്രദമായി വിനിയോഗിക്കുന്നതിന്റെയും അതുവഴി കാര്യക്ഷമത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വർദ്ധിപ്പിക്കുന്നതിന്റെയും ഭാഗമായാണ് എൻക്വയറി കൗണ്ടർ നിർത്തലാക്കിയത്. സമഗ്ര പുനരുദ്ധാരണ പ്രവർത്തനങ്ങളും ഡ്യൂട്ടി പരിഷ്കരണങ്ങളും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ എൻക്വയറി കൗണ്ടർ പുനരാരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോ

280 (T 1498) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഡിപ്പോയുമായി ബന്ധപ്പെട്ട റോഡ് ഉൾപ്പെടെയുള്ള ഇതര നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇനി എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്കായി നീക്കിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഡിപ്പോയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്കുവേണ്ടി ഗ്യാരേജിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. യാർഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിന്റെ രൂപരേഖ ഇതുവരെയും പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടില്ല. യാർഡിന്റെയും റോഡിന്റെയും പ്രവൃത്തി ഒരുമിച്ച് മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) ഗ്യാരേജിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏകദേശം 1.67 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) യാർഡ് നിർമ്മാണം, ബന്ധപ്പെട്ട റോഡിന്റെ നിർമ്മാണം എന്നിവയ്ക്കായി ഏകദേശം 1.33 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ഇ) പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം മാത്രമേ ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കുന്ന തീയതി നിശ്ചയിക്കാൻ കഴിയുകയുള്ളൂ.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## വയനാട് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

281 (1499) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലേയ്ക്ക് എത്ര പുതിയ ബസുകൾ അനുവദിച്ചു എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) വയനാട് ജില്ലയിലെ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ നിലവിൽ സർവ്വീസ് നടത്താൻ കഴിയുന്ന ബസ്സുകളുടെ എണ്ണം എത്ര ; ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്കൽ സ്റ്റാഫ് എന്നിവരുടെ നിലവിലുള്ള അംഗസംഖ്യ എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ ഡിപ്പോകൾക്ക് മൂന്ന് നോൺ എ.സി. ജൻറം ബസുകൾ ഉൾപ്പെടെ 51 ബസുകൾ അനുവദിച്ചിട്ടുണ്ട്.

| ഡിപ്പോ | KSRTC | JnNURM |
|---|---|---|
| കൽപ്പറ്റ | 15 | 1 |
| മാനന്തവാടി | 12 | 1 |
| സുൽത്താൻ ബത്തേരി | 21 | 1 |
| **ആകെ** | 48 | 3 |

(ബി) വയനാട് ജില്ലയിലെ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്ക് ജൻറം ഉൾപ്പെടെ 272 ബസുകൾ സർവ്വീസ് നടത്താൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ 9 ബസുകൾ കൂടി താൽക്കാലികമായി മറ്റു ഡിപ്പോകളിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഡിപ്പോ തിരിച്ചുള്ള ബസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

അനുവദിച്ചിട്ടുള്ള ബസ്സുകളുടെ എണ്ണം

| ഡിപ്പോ | KSRTC | JnNURM | Temporary |
|---|---|---|---|
| കൽപ്പറ്റ | 63 | 9 | 4 |
| മാനന്തവാടി | 94 | 4 | 0 |
| സുൽത്താൻ ബത്തേരി | 97 | 5 | 5 |
| **ആകെ** | 254 | 18 | 9 |

1-3-2018-ലെ കണക്കുപ്രകാരം ഇതിൽ 240 കെ.എസ്.ആർ.ടി.സി. ബസ്സുകളും 15 ജൻറം ബസ്സുകളും സർവ്വീസ് നടത്തുവാൻ കഴിയുന്നവയായിരുന്നു. അന്നേ ദിവസം ജൻറം ഉൾപ്പെടെ കൽപ്പറ്റ ഡിപ്പോയിലെ 10 ബസ്സുകളും മാനന്തവാടി ഡിപ്പോയിലെ 6 ബസ്സുകളും സുൽത്താൻ ബത്തേരി ഡിപ്പോയിലെ 10 ബസ്സുകളും വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരുന്നു. ടി ബസുകൾ നിരത്തിലിറക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലായി നിലവിലുള്ള അംഗസംഖ്യ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഡ്രൈവർ | - 615 |
| കണ്ടക്ടർ | - 597 |
| മെക്കാനിക്ക് | - 195 |

**കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണം**

282 (1500) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോതമംഗലം ഡിപ്പോ സ്ഥിതി ചെയ്യുന്നത് എത്രമാത്രം സ്ഥലത്താണ്;

(സി) പ്രസ്തുത സ്ഥലം എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഡിപ്പോയിലെ മുഴുവൻ ബസുകൾക്കും ഡിപ്പോയിൽതന്നെ പാർക്ക് ചെയ്യുന്നതിനു വേണ്ട സൗകര്യം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല.

(ബി) 2 എക്കർ 50 സെന്റ് സ്ഥലത്താണ് ഡിപ്പോ സ്ഥിതി ചെയ്യുന്നത്.

(സി) Service operations, office, garage, parking, public amenity തുടങ്ങിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

(ഡി) സ്ഥലസൗകര്യം കിട്ടുന്ന മുറയ്ക്ക് സൗകര്യം ഏർപ്പെടുത്തുന്നതാണ്.

## മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ

283 (1501) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഡിസംബറിൽ മാനന്തവാടി കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ ശരാശരി ദൈനംദിന വരുമാനം എത്ര രൂപയായിരുന്നു;

(ബി) 2017 ഡിസംബറിൽ മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ശരാശരി ദൈനംദിന വരുമാനം എത്ര രൂപയായിരുന്നു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വരുമാനം വർധിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ആരംഭിച്ച പുതിയ സർവ്വീസുകൾ ഏതെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ) 8,27,407/- രൂപ

(ബി) 9,49,754/- രൂപ

(സി) ഉണ്ട്.

(ഡി)

1. 2230 മാനന്തവാടി - പത്തനംതിട്ട (സൂപ്പർ ഡീലക്സ്)
2. 1900 മാനന്തവാടി - തിരുവനന്തപുരം (മിന്നൽ)
3. 0620 മാനന്തവാടി - മേപ്പാടി വിംസ് (ജൻറം നോൺ എ.സി.)
4. 0650 മാനന്തവാടി – പനവല്ലി - തിരുനെല്ലി ക്ഷേത്രം

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ

284 (1502) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിലവിൽ ആർക്കാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോ സ്ഥിതി ചെയ്യുന്ന സ്ഥലം കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂ പുറമ്പോക്ക്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ പതിച്ചു കിട്ടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. മുനിസിപ്പാലിറ്റിയുടെ NOC ലഭിക്കാത്തതിനാൽ ഫയൽ താലൂക്ക് ആഫീസിൽ നടപടിയിലാണ്.

(സി) കെ.എസ്.ആർ.ടി.സി.-ക്ക് ഉടമസ്ഥാവകാശം ലഭിച്ചിട്ടില്ല.

**മൂവാറ്റുപുഴ ഡിപ്പോയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ**

285 (1503) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിവിവരം അറിയിക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ അനുമതി ലഭിച്ചതും എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതുമായ ജോലികൾ ഏതൊക്കെയാണെന്നും ആയതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മൂവാറ്റുപുഴ വാണിജ്യ സമുച്ചയത്തിന്റെ സിവിൽ പ്രവൃത്തികളുടെയും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും നിർമ്മാണ പ്രവൃത്തികൾ 90% പൂർത്തീകരിച്ചുകഴിഞ്ഞു. അഗ്നി സുരക്ഷാ ജോലികൾക്കായി ടെണ്ടർ ക്ഷണിച്ച് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. വൈദ്യുതീകരണ പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) അനുമതി ലഭിച്ചതും എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതുമായ ജോലികൾ ഒന്നും തന്നെയില്ല.

## ഇരിങ്ങാലക്കുട ഓപ്പറേറ്റിംഗ് സെക്ഷനിലെ സർവ്വീസുകൾ

286 (1504) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ഇരിങ്ങാലക്കുട ഓപ്പറേറ്റിംഗ് സെക്ഷനിൽ എത്ര ഡ്രൈവർ തസ്തിക ഉണ്ട്; ഇപ്പോൾ എത്ര ഡ്രൈവർമാർ ജോലി ചെയ്യുന്നു;

(ബി) കെ.എസ്.ആർ.ടി.സി. ഇരിങ്ങാലക്കുട ഓപ്പറേറ്റിംഗ് സെക്ഷനിലെ സർവ്വീസുകൾ മറ്റ് സെക്ഷനുകളിലേയ്ക്ക് മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇരിങ്ങാലക്കുടയിൽനിന്ന് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ഇരിങ്ങാലക്കുട ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ 45 ഡ്രൈവർ തസ്തികയുണ്ട്. ഇപ്പോൾ 45 ഡ്രൈവർമാർ (38 സ്ഥിരം + 7 താൽക്കാലികം) ജോലി ചെയ്യുന്നു.

(ബി) ഇല്ല.

(സി) കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാലും വരുമാനക്കുറവുള്ള നിലവിലെ സർവ്വീസുകൾ പുനഃക്രമീകരണം നടത്തി വരുന്നതിനാലും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## സ്കാനിയ ബസുകൾ

287 (1505) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതിയതായി എത്ര സ്കാനിയ ബസുകൾക്കാണ് കമ്പനിയുമായി കരാർ ഏർപ്പെട്ടത്; ഏതെല്ലാം റൂട്ടുകളിലാണ് കരാർ ഏർപ്പെടുത്തിയത്; എന്തെങ്കിലും പഠനം നടത്തിയിട്ടാണോ ഈ റൂട്ടുകൾ ആരംഭിച്ചത്;

(ബി) സ്കാനിയ കമ്പനിയുമായുള്ള കരാർ സംബന്ധിച്ച വിവരം വ്യക്തമാക്കുമോ; ലാഭവിഹിതം സംബന്ധിച്ച വിവരം വ്യക്തമാക്കുമോ;

(സി) ലാഭവിഹിതം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടാണോ ഇത്തരത്തിൽ സ്കാനിയ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടത്;

(ഡി) പ്രസ്തുത ബസിലെ കണ്ടക്ടർ, ഡ്രൈവർ എന്നിവരുടെ ശമ്പളം നൽകുന്നത് ആരാണ്; മെയിന്റനൻസിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പുതിയതായി 10 സ്കാനിയ ബസുകൾക്കായി വെറ്റ് ലീസ് (Wet lease) വ്യവസ്ഥയിൽ M/s. SCANIA Commercial Vehicles India Pvt Ltd., M/s. MAHAVOYAGE LLP എന്നിവരുമായുള്ള ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിയിരുന്ന റൂട്ടുകളിലാണ് Wet lease വ്യവസ്ഥയിലെടുത്ത വാഹനങ്ങൾ സർവ്വീസ് നടത്തിവരുന്നത്. ഇതുസംബന്ധിച്ച് പഠനം ഒന്നും നടത്തിയിട്ടില്ല.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പ്രസ്തുത ബസിലെ കണ്ടക്ടറുടെ ശമ്പളം നൽകുന്നത് കെ.എസ്.ആർ.ടി.സി.-യും ഡ്രൈവറുടെ ശമ്പളം നൽകുന്നത് കമ്പനിയുമാണ്. കരാർ പ്രകാരം മെയിന്റനൻസിന്റെ ചുമതല കമ്പനിയിൽ നിക്ഷിപ്തമാണ്.

**കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡ്**

288 (1506) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസ് യാത്രക്കാർക്കായി കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡ് വിതരണം നടത്തി വരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ നിരക്കിലാണ് നൽകുന്നത്; പ്രസ്തുത കാർഡ് പ്രിന്റ് ചെയ്ത് തയ്യാറാക്കുന്നത് ആരാണ്; ഇത് പ്രിന്റ് ചെയ്യുന്നതിന് ചുമതല ഏൽപ്പിച്ചിട്ടുള്ളത് എത്ര കാലത്തേയ്ക്കാണ്;

(ബി) ഈ കാർഡ് പ്രിന്റ് ചെയ്ത് നൽകുന്നതിന് ഇവരെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു; അതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കാർഡ് ധാരാളമായി വ്യാജരൂപത്തിൽ ലഭ്യമാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-3-2018 മുതൽ ബസ് ചാർജ് വർദ്ധന നിലവിൽവന്ന സാഹചര്യത്തിൽ ട്രാവൽ കാർഡ് വിതരണം 28-2-2018 മുതൽ നിർത്തിവച്ചിരിക്കുകയാണ്. 1,000 രൂപ വിലയുള്ള ബ്രോൺസ്, 1,500 രൂപ വിലയുള്ള സിൽവർ, 3,000 രൂപ വിലയുള്ള ഗോൾഡ്, 5,000 രൂപ വിലയുള്ള പ്രീമിയം എന്നീ നാലുതരം ട്രാവൽ കാർഡുകളാണ് നിലവിലുണ്ടായിരുന്നത്. M/s. Uralungal Labour Contract Co-operative Society Ltd., Kozhikode എന്ന സ്ഥാപനത്തെയാണ് ട്രാവൽ കാർഡ് പ്രിന്റ് ചെയ്യുന്നതിന് ഏൽപ്പിച്ചിട്ടുള്ളത്.

(ബി) കേരള സർക്കാരിന്റെ Information Technology (B) Department-ന്റെ 18-1-2015-ലെ ഉത്തരവ് നമ്പർ GO (MS) No. 1/2016/ITD പ്രകാരം M/s.Uralungal Labour Contract Co-operative Society Ltd. എന്ന സ്ഥാപനത്തെ വിവിധ ഗവൺമെന്റ് വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും IT/ITES ജോലികൾ ചെയ്യുന്നതിനുള്ള Total Solution Provider (TSP) ആയി നിയമിച്ചിട്ടുണ്ട്. ട്രാവൽ കാർഡ് വിതരണം ചെയ്യുന്നതിൽ Web based QR code സ്കാനിംഗ് ഉൾപ്പെടെയുള്ള ജോലികൾ ഉള്ളതിനാലാണ് ഈ കാർഡുകൾ പ്രിന്റ് ചെയ്യുന്നതിന് ടി സ്ഥാപനത്തിന് ഉത്തരവ് നൽകിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ.യു.ആർ.ടി.സി. ബസുകൾ**

289 (1507) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കെ.യു.ആർ.ടി.സി. (എ.സി/നോൺ എ.സി) ബസ്സുകളാണ് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.യു.ആർ.ടി.സി.- യുടെ ശരാശരി പ്രതിദിന വരുമാനം എത്രയെന്നും ചെലവ് എത്രയെന്നും വ്യക്തമാക്കുമോ;

(സി) സ്പെയർ പാർട്സ് ലഭ്യമാകാത്തത് കാരണം ലോഫ്ലോർ ബസുകൾക്ക് സർവ്വീസ് നടത്താൻ പറ്റാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കെ.യു.ആർ.ടി.സി.-യുടെ കീഴിൽ 719 ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്. ഇതിൽ 190 എണ്ണം എ.സി. ലോ ഫ്ലോർ വോൾവോ ബസ്സുകളും 529 എണ്ണം നോൺ എ.സി. ബസ്സുകളുമാണ്.

(ബി) 2017 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ കെ.യു.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന വരുമാനം 48.28 ലക്ഷം രൂപയാണ്. കെ.യു.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന ചെലവ് 43.12 ലക്ഷം രൂപയാണ്.

(സി) ഉണ്ട്. സ്പെയർ പാർട്സ് ലഭ്യമാകാത്തത് കാരണം പ്രധാനമായും ലോ ഫ്ലോർ എ.സി. ബസുകൾ സർവ്വീസ് നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. 27-02-2018-ലെ കണക്കനുസരിച്ച് സർവ്വീസ് നടത്താത്ത 90 എ.സി. ബസ്സുകളും 108 നോൺ എ.സി. ബസ്സുകളുമാണ് ഉണ്ടായിരുന്നത്.

## കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡ് പരിസരത്തെ മാലിന്യം

290 (1508) <u>ശ്രീ. ഐ. ബി. സതീഷ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് പരിസരത്തുനിന്നും മാലിന്യ ടാങ്ക് നിരന്തരമായി പൊട്ടി ഒലിയ്ക്കുന്നതിന് സ്ഥായിയായ പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിരവധി ജനങ്ങൾ ഒത്തുകൂടുന്ന സ്ഥലത്തുണ്ടാകുന്ന പ്രസ്തുത പ്രശ്നത്തിന് അടിയന്തര പരിഹാരം ഉണ്ടാകുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാട്ടാക്കട കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയത്തിലെ മലിനജല ടാങ്കിൽനിന്നും മലിനജലം നിറഞ്ഞുകവിഞ്ഞ് ഒഴുകുന്ന പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി മലിന ജല ടാങ്കിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പ്രസ്തുത വാണിജ്യ സമുച്ചയത്തിലെ ലൈസൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വാണിജ്യ സമുച്ചയത്തിൽ പ്രവർത്തിച്ചുവരുന്ന കടകളിൽനിന്നും ഖര മാലിന്യങ്ങൾ മലിനജല സംഭരണിയിലേയ്ക്ക് ഒഴുക്കിവിടുന്നത് നിർത്തലാക്കുന്നതിനുവേണ്ട കർശന നിർദ്ദേശവും ലൈസൻസികൾക്ക് നൽകിയിട്ടുണ്ട്. മലിനജലം റോഡിലേയ്ക്ക് ഒഴുക്കുന്നത് വ്യാപാരസമുച്ചയത്തിലെ ലൈസൻസികളാണ്. ആയതിനാൽ ശാശ്വത പരിഹാരത്തിനായി യൂണിറ്റിൽ Sewage Treatment Plant പണിയുന്നതിനുള്ള ഡിസൈൻ ചെയ്യുന്നതിന് കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് കിട്ടി ഫണ്ട് ലഭിക്കുന്നമുറയ്ക്ക് Sewage Treatment Plant പണിയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## വിദ്യാർത്ഥികൾക്ക് യാത്രാകൺസഷൻ

291 (1509) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ സാങ്കേതികവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾക്ക് യാത്രാകൺസഷൻ നൽകുന്നുണ്ടോ;

(ബി) ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് യാത്രാകൺസഷൻ ലഭിക്കുന്നില്ല എന്ന പരാതി കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സർക്കാർ സ്ഥാപനമായ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാകൺസഷൻ നൽകുന്നതിന് എന്താണ് തടസ്സമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നൽകുന്നുണ്ട്.

(ബി) ഇല്ല. മുൻവർഷങ്ങളിൽ കൺസഷൻ അനുവദിച്ചിട്ടുള്ള സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൺസഷൻ യൂണിറ്റ് തലത്തിൽ അനുവദിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിന് തടസ്സമില്ല.

## പണയപ്പെടുത്തിയ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

292 (1510) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഏതെല്ലാം ഡിപ്പോകൾ പണയപ്പെടുത്തിയാണ് കോർപ്പറേഷന് വേണ്ടി വായ്പയെടുത്തിട്ടുള്ളത്; ഇവയുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ ഡിപ്പോകളും ഏതെല്ലാം ബാങ്ക്/ധനകാര്യ സ്ഥാപനങ്ങളിലാണ് പണയപ്പെടുത്തിയതെന്നും എത്ര രൂപ വീതം വായ്പ ലഭിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ടിപ്പ് മുടക്കിയതിനുള്ള നഷ്ടപരിഹാരം

293 (1511) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ഐ.ടി.യു.-വിന്റെ സംസ്ഥാന നേതാവ് പങ്കെടുത്ത ധർണയിൽ പങ്കെടുത്ത് വിജയിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ജീവനക്കാർ പോയതിനാൽ കഴിഞ്ഞ വർഷം തിരുവനന്തപുരം സിറ്റി ഡിപ്പോയിൽനിന്നും 12 ബസുകൾ സർവ്വീസ് നടത്താതെ നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായോ;

(ബി) പ്രസ്തുത ജീവനക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ;

(സി) ഇവരിൽനിന്നും ടിപ്പ് മുടക്കിയതിനുള്ള നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ഈടാക്കി എന്നറിയിക്കാമോ?

### ഉത്തരം

(എ) 11 സർവ്വീസുകൾ നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്.

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വകുപ്പുതല അച്ചടക്ക നടപടികൾ തീർപ്പാക്കിയിട്ടില്ല.

## നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിലെ കാലതാമസം

294 (1512) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുമൂലം അപകടത്തിൽപ്പെടുകയും തുടർന്ന് മരണപ്പെട്ട് പോകുകയും ചെയ്തവർക്ക് എം.എ.സി.ടി. കേസ്സുകളിൽ ഉത്തരവാകുന്ന നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ; പ്രസ്തുത കാലതാമസം കാരണമായി അധിക തുക പലിശ ഇനത്തിൽ കൊടുക്കേണ്ടി വരുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് അധിക സാമ്പത്തിക ബാധ്യത വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എ.സി.ടി. വിധിച്ച കേസുകളിൽ നഷ്ടപരിഹാരത്തുക അനുവദിക്കുവാൻ ഇനി എത്ര എണ്ണം ബാക്കിയുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) എം.എ.സി.ടി. നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിന് കാലതമസം നേരിടുന്നുണ്ട്. പ്രസ്തുത കാലതാമസം കാരണമായി അധികതുക പലിശയിനത്തിൽ കൊടുക്കേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണമാണ് ഇപ്രകാരം അധിക ബാധ്യത വരുന്നത്.

(ബി) വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**ബസ്സ് സ്റ്റേഷനുകളുടെ അനധികൃത ഉപയോഗം**

295 (1513) <u>ശ്രീ. സി. മമ്മൂട്ടി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെയോ സർക്കാരിന്റേയോ ഉടമസ്ഥതയിലുള്ള ബസ് സ്റ്റേഷനുകൾ ഉപയോഗപ്പെടുത്തുന്നതിന് സംസ്ഥാനത്തെ സ്വകാര്യ ബസ്സുകളെ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സർക്കാർ ഇതിനുള്ള പ്രത്യേകാനുമതി എന്തെങ്കിലും നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇത്തരം ബസ് സ്റ്റേഷനുകൾ സ്വകാര്യ ബസുകൾ ഉപയോഗിക്കുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) തലസ്ഥാനനഗരിയിലെങ്കിലും ഇക്കാര്യത്തിൽ നിയമം നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ഒരു ബസ് സ്റ്റേഷനിലും സ്വകാര്യ ബസുകൾ പ്രവേശിക്കുന്നില്ല. അതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**സ്വകാര്യ ബസ്സ് പണിമുടക്കുവേളയിൽ കെ.എസ്.ആർ.ടി.സി. കൈക്കൊണ്ട നടപടികൾ**

296 (1514) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് ചാർജ്ജ് വർദ്ധന ആവശ്യപ്പെട്ട് സ്വകാര്യ ബസുകൾ പണിമുടക്കിയപ്പോൾ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് കെ.എസ്.ആർ.ടി.സി. കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ദിവസങ്ങളിൽ എത്ര അധിക ട്രിപ്പുകൾ കെ.എസ്.ആർ.ടി.സി. നടത്തി; ഇതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര രൂപയുടെ അധിക വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സുകളിൽ അനുവദിച്ചിട്ടുള്ള കൺസെഷൻ, കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പ്രസ്തുത ദിവസങ്ങളിൽ നൽകിയിരുന്നോ;

(ഡി) സമരം ചെയ്ത സ്വകാര്യബസ്സുകളുടെ പെർമിറ്റ് റദ്ദാക്കുവാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉണ്ടായ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തൊട്ടാകെ ആകെ 1711 അധിക സർവ്വീസുകൾ നടത്തിയിട്ടുണ്ട്.

(ബി) അധിക സർവ്വീസ് നടത്തിയതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ശരാശരി 1,33,93,507/- രൂപയുടെ വരുമാന വർദ്ധനവ് ലഭിച്ചിട്ടുണ്ട്.

(സി) സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്ന സൗജന്യയാത്രയിൽനിന്നും വ്യത്യസ്തമായി പ്ലസ്ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യയാത്രയാണ് കെ.എസ്.ആർ.ടി.സി. അനുവദിച്ചിരിക്കുന്നത്.

(ഡി) നടപടികൾ സ്വീകരിച്ചിരുന്നു. ബസ്സ് ചാർജ് വർദ്ധന ആവശ്യപ്പെട്ട് സമരം ചെയ്ത 913 സ്വകാര്യ ബസ്സുടമകൾക്ക് ബസ്സ് സർവ്വീസ് നിർത്തിവച്ചതിനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

**സ്വകാര്യ ബസ്സ് സമരം**

297 (1515) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത് നടന്ന സ്വകാര്യ ബസ് സമരത്തിന് കാരണമായി ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഏതെങ്കിലും ആവശ്യങ്ങൾ അംഗീകരിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സമരംമൂലം എത്ര ദിവസം സംസ്ഥാനത്ത് പ്രൈവറ്റ് ബസ് ഓടിയില്ല; ഈ ദിവസങ്ങളിൽ കെ.എസ്.ആർ.ടി. സി.- യുടെ പ്രതിദിന വരുമാനം എത്രയെന്ന് അറിയിക്കാമോ;

(ഡി) സാധാരണ ദിവസങ്ങളിൽ നിന്നും എത്ര ശതമാനം കൂടുതൽ തുക പ്രസ്തുത ദിവസങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) സ്വകാര്യ ബസുകൾ ഓടുന്നില്ലെങ്കിൽ കെ.എസ്.ആർ.ടി.സി -യ്ക്ക് പ്രതിദിനം വൻലാഭം ഉണ്ടാകുമെന്ന അവസ്ഥ ശരിയാണോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികളുടേതുൾപ്പെടെ ബസ് ചാർജ് വർദ്ധിപ്പിക്കുകയെന്നതായിരുന്നു പ്രധാന ആവശ്യം.

(ബി) ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ് ചാർജ് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(സി) 16-2-2018 മുതൽ 20-2-2018 വരെ സ്വകാര്യ ബസുകൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സമരം നടത്തിയിരുന്നു. ഈ ദിവസങ്ങളിലെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം താഴെകൊടുക്കുന്നു.

| തീയതി | വരുമാനം (രൂപയിൽ) |
|---|---|
| 16-2-2018 | 72,220,782 |
| 17-2-2018 | 78,523,439 |
| 18-2-2018 | 66,954,281 |
| 19-2-2018 | 85,068,777 |
| 20-2-2018 | 76,504,086 |

(ഡി) സാധാരണ ദിവസങ്ങളിൽ നിന്നും കൂടുതലായി പ്രസ്തുത ദിവസങ്ങളിൽ ലഭിച്ച തുകയുടെ ശതമാനം താഴെക്കൊടുക്കുന്നു.

| തീയതി | ശതമാനം |
|---|---|
| 16-2-2018 | 15 |
| 17-2-2018 | 25 |
| 18-2-2018 | 7 |
| 19-2-2018 | 36 |
| 20-2-2018 | 22 |

(ഇ) സ്വകാര്യ ബസ്സുകളുടെ സമരംമൂലമുണ്ടായ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തൊട്ടാകെ ആകെ 1711 അധിക സർവ്വീസുകൾ നടത്തിയതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് ശരാശരി 1,33,93,507/- രൂപയുടെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്.

## കൊച്ചി നഗരത്തിലെ സ്വകാര്യ ബസ് സർവ്വീസ്

298 (1516) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഭാഗത്തുനിന്നുള്ള സ്വകാര്യ ബസ്സുകൾക്ക്, കൊച്ചി നഗരത്തിൽ സർവ്വീസ് നടത്തുന്നതിന് തടസ്സമായി നിൽക്കുന്നത് എന്തെല്ലാം കാര്യങ്ങളാണെന്ന് വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും കോടതികളിൽ കേസ് നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ ഭാഗത്തുനിന്നുള്ള സ്വകാര്യ ബസുകൾക്ക് കൊച്ചി നഗരത്തിൽ സർവ്വീസ് നടത്തുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ താഴെക്കൊടുക്കുന്നു:

1. വാഹനപ്പെരുപ്പം നിയന്ത്രിക്കണമെന്ന സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശം.
2. ദേശസാൽകൃത റൂട്ടിലൂടെയുള്ള സ്വകാര്യ ബസ്സുകളുടെ യാത്ര അനുവദനീയമല്ല.
3. BTH ജംഗ്ഷനിൽ പാർക്കിംഗിനുള്ള അപര്യാപ്തതയും സുരക്ഷാ പ്രശ്നങ്ങളും സ്വകാര്യ ബസ് യാത്രയ്ക്ക് തടസ്സമായി നിൽക്കുന്നു.

(ബി) ഇല്ല.

## കോഴിക്കോട് നഗരത്തിലെ സ്വകാര്യ ബസ്സുകൾ

299 (1517) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ സർവ്വീസ് നടത്തുന്ന പല സ്വകാര്യ ബസ്സുകളും അവസാന ട്രിപ്പുകൾ കട്ട് ചെയ്യുന്നത് കാരണം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ പരാതി ലഭിക്കുന്നമുറയ്ക്ക് മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിന് വിവരം നൽകി തുടർനടപടികൾ എടുത്തുവരുന്നുണ്ട്. ഇത് ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകാറുണ്ട്.

**ലക്ഷ്വറി ബസ് സർവ്വീസുകളെ നിയന്ത്രിക്കാൻ നടപടി**

300 (1518) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇതരസംസ്ഥാനങ്ങളിലേക്ക് അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ലക്ഷ്വറി ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസുകളെയും വരുമാനത്തെയും ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെയുള്ള സർവ്വീസുകൾ നടത്തുന്നത് സർക്കാർ അനുമതിയോടുകൂടിയാണോ എന്ന് വ്യക്തമാക്കുമോ;

(സി) യാത്രക്കാരിൽനിന്നും അമിത ചാർജ് ഈടാക്കി വരുന്ന ഇത്തരം സർവ്വീസുകളെ നിയന്ത്രിക്കുവാൻ കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് അയൽ സംസ്ഥാനങ്ങളിലെ പ്രധാന പട്ടണങ്ങളിലേയ്ക്ക് ധാരാളം സ്വകാര്യ കോൺട്രാക്ട് ക്യാരേജ് ബസ്സുകൾ അനധികൃതമായി ദൈനംദിന സർവ്വീസ് നടത്തിവരുന്നുണ്ട്. ടി സർവ്വീസുകൾ അന്തർസംസ്ഥാന കരാർ പ്രകാരം നിയമാനുസൃതം സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ വരുമാനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്.

(ബി) നിയമാനുസൃതമായ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിനാണ് അനുമതി നൽകുന്നത്.

(സി) യാത്രക്കാരിൽനിന്നും അമിത ചാർജ് ഈടാക്കുന്ന വാഹനങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം ഉത്സവ സീസണുകളിലും നീണ്ട അവധി വരുന്ന ദിവസങ്ങളിലും രാത്രികാലങ്ങളിലും പ്രത്യേക വാഹന പരിശോധന നടത്തുന്നുണ്ട്. ഇതുമൂലം ഇത്തരം പരാതികൾ താരതമ്യേന കുറഞ്ഞിട്ടുണ്ട്.

## വാഹന പരിശോധനാ സംവിധാനങ്ങൾ

301 (1519) ശ്രീ. കെ. ദാസൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. വി. ജോയി:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃതവും സുതാര്യവുമായ വാഹന പരിശോധനയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ഓരോ കമ്പ്യൂട്ടർവല്കൃത വാഹന പരിശോധനകേന്ദ്രവും ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്വന്തമായി സ്ഥലം ഇല്ലാത്ത പ്രദേശങ്ങളിൽ ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സ്വകാര്യ പങ്കാളിത്തം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഏകീകൃതവും സുതാര്യവുമായ വാഹന പരിശോധനയ്ക്കായി സർക്കാർ കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ (സി.വി.ടി.എസ്.) സംസ്ഥാന വ്യാപകമായി സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം, പാറശ്ശാല എന്നിവിടങ്ങളിൽ സി.വി.ടി.എസ്. മുഖേനയാണ് വാഹന പരിശോധന നടത്തുന്നത്. കൂടാതെ മൂവാറ്റുപുഴ, ഉഴവൂർ എന്നിവിടങ്ങളിൽ സി.വി.ടി.എസ്. പ്രവർത്തനസജ്ജമാണ്. കാസർഗോഡ്, തളിപ്പറമ്പ്, തൃപ്പൂണിത്തുറ, പൊന്നാനി, മട്ടാഞ്ചേരി എന്നിവിടങ്ങളിൽ നിർമ്മാണ കരാർ ഇ-ടെണ്ടർ മുഖേന നൽകിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. നിലവിൽ സ്ഥലം ലഭ്യമായ 11 ആഫീസുകളിൽ പദ്ധതി പൂർത്തീകരിക്കുകയോ കരാർ നൽകുകയോ ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന മുഴുവൻ ആഫീസുകളിലേയ്ക്കും സ്ഥലം ലഭിക്കാത്ത സാഹചര്യത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി (PPP Model) വിഭാവനം ചെയ്ത് പദ്ധതി നടപ്പാക്കുന്നതിനായുള്ള കൺസൾട്ടന്റായി കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇ-ടെണ്ടർ ഡോക്യുമെന്റ് തയ്യാറാക്കുന്ന പ്രക്രിയ അവസാനഘട്ടത്തിലാണ്.

## മോട്ടോർ വാഹന നിയമ ഭേദഗതി

302 (1520) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ മോട്ടോർ വാഹന നിയമ ഭേദഗതി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഇല്ലാതാക്കുന്നതിനും ഫിറ്റ്നസ്സ് ടെസ്റ്റ് ഉൾപ്പെടെയുള്ള സേവനങ്ങൾ വൻകിട ഡീലർമാരുടെ കൈകളിൽ എത്തുന്നതിനും ഈ നിയമഭേദഗതി കാരണമാകുമോ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള എതിർപ്പ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; ഇതിൻമേലുള്ള കേന്ദ്രപ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ)

1. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 9(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 5(iii) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിന് ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിനുണ്ടായിട്ടുള്ള അധികാരം എടുത്തുകളഞ്ഞിട്ടുണ്ട്. റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട അടയാളങ്ങളും നിയന്ത്രണങ്ങളും മനസ്സിലാക്കുവാൻ കുറഞ്ഞൊരു വിദ്യാഭ്യാസ യോഗ്യതയെങ്കിലും ആവശ്യമായതിനാൽ വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കുന്നതിനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 14(2) (ബി) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം (ii) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം നോൺ ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി നിർണ്ണയിക്കുന്നത് ലൈസൻസ് ഹോൾഡറുടെ വയസ്സിന്റെ അടിസ്ഥാനത്തിലായിരിക്കും. ഈ സമ്പ്രദായം വളരെ സങ്കീർണ്ണമായതിനാലും വളരെയധികം ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നതിനാലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനുള്ള സാധ്യതയുണ്ട്. ആയതിനാൽ നിലവിലുള്ള സ്ഥിതി തന്നെ തുടരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

3. നിലവിലെ മോട്ടോർ വാഹന നിയമം അനുസരിച്ച് കാലാവധി കഴിഞ്ഞ ലൈസൻസ്, കാലാവധി തീർന്ന തീയതി മുതൽ 5 വർഷത്തിനുള്ളിൽ പുതുക്കി എടുക്കാമായിരുന്നു. എന്നാൽ 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 15(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 10(iii) (ബി) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം 5 വർഷ കാലാവധി 6 മാസമായി കുറച്ചിരിക്കുകയാണ്. ഇത് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ കാര്യത്തിൽ, കാലാവധി കഴിഞ്ഞ ലൈസൻസ് പുതുക്കി എടുക്കുക എന്നത് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമായിരിക്കും.

4. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 44(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 18 പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം പുതുതായി രജിസ്റ്റർ ചെയ്യുന്നതിനായി വാഹനം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതില്ല.

വാഹന പരിശോധന ഇല്ലാത്തതിനാൽ സാങ്കേതികമായും സുരക്ഷാപരമായും നിലവാരമില്ലാത്ത വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് ആത്യന്തികമായി വാഹന ഉടമയ്ക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും. വാഹന പരിശോധനയുടെ അഭാവം ഫോം 21-ൽ രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്നും വ്യത്യസ്തമായ ചേസ്സിസ് നമ്പർ/എഞ്ചിൻ നമ്പർ ഉള്ള വാഹനങ്ങളുടെ രജിസ്ട്രേഷനിലേയ്ക്ക് വഴിതെളിയിക്കുന്നതിനുള്ള സാധ്യത കൂടുതലാണ്. വാഹനം അപകടത്തിൽപ്പെടുകയാണെങ്കിൽ ചേസ്സിസ് നമ്പർ/എഞ്ചിൻ നമ്പർ വ്യത്യസ്തമായതിനാൽ വാഹന ഉടമയ്ക്ക് നഷ്ടപരിഹാരം കിട്ടുന്നതിനുള്ള സാധ്യത ഇല്ലാതാകും. ആയതിനാൽ വാഹനം രജിസ്റ്റർ ചെയ്യുമ്പോഴുള്ള വാഹന പരിശോധന നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

5. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 22(i) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം 1-10-2018 മുതൽ വാഹനം ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനിൽ ടെസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ അത്തരം വാഹനങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല. ഇത് അപ്രായോഗികമായതിനാൽ കൂടുതൽ സമയം അനുവദിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

6. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 22(iii) (ബി) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതിന് നിർദ്ദിഷ്ട അതോറിറ്റിക്ക് വാഹന ഉടമ തെരഞ്ഞെടുത്തിട്ടുള്ള ഓതറൈസ്ഡ് ടെസ്റ്റിംഗ് സ്റ്റേഷനിൽ നിന്നുമുള്ള കൺഫർമേഷൻ ആവശ്യമാണ്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് റദ്ദാക്കുന്ന അതോറിറ്റി, മറ്റൊരു ടെസ്റ്റിംഗ് സെന്ററിന്റെ അനുമതിക്ക് കാത്തു നിൽക്കുകയാണെങ്കിൽ കബളിപ്പിക്കപ്പെടുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. കൂടാതെ ഫിറ്റ്നസ് റദ്ദാക്കുന്ന അതോറിറ്റി ഒരു വാഹനത്തിന്റെ കാര്യക്ഷമത വിലയിരുത്തുവാൻ പ്രാപ്തനമാണ്. ആയതിനാൽ ഒരു കൺഫർമേഷൻ അതോറിറ്റിക്ക് പകരം വാഹന ഉടമയുടെ പരാതിക്ക് പരിഹാരം കാണുന്നതിനായി ഒരു അപ്പലേറ്റ് അതോറിറ്റിയെ നിയമിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

7. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 164(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 49 പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം വാഹനാപകടത്തിൽ മാരകമായി പരിക്കേറ്റ ഒരു വ്യക്തിക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ നഷ്ടപരിഹാരത്തുക 5 ലക്ഷം രൂപയും വാഹനാപകടത്തിൽ മരണപ്പെട്ട ഒരു വ്യക്തിക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ നഷ്ടപരിഹാരത്തുക 10 ലക്ഷം രൂപയുമാണ്.

എന്നാൽ നിർദ്ദിഷ്ട വകുപ്പ് 164(3), ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ലഭിക്കുന്ന തുകയ്ക്ക് പുറമേ ലഭിക്കുന്ന തുകയിൽ കുറവ് വരുത്താവുന്നതാണെന്ന് വിഭാവന ചെയ്യുന്നു. ഇത് ഇൻഷ്വറൻസ് തുകയ്ക്ക് പുറമേ ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങളെ ബാധിക്കുന്നതാണ്. മാത്രമല്ല, അപകടത്തിൽപ്പെട്ട വ്യക്തിയുടെ അവകാശങ്ങളേയും ഇത് ഹനിക്കും.

8. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 215 എ(1)ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 89 പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം കേന്ദ്ര സർക്കാരിലും സംസ്ഥാന സർക്കാരിലും നിർദ്ദിഷ്ട നിയമപ്രകാരം നിക്ഷിപ്തമായിരിക്കുന്ന ഏത് അധികാരവും സർക്കാർ നിശ്ചയിക്കുന്ന ഏതൊരു വ്യക്തിയേയോ വ്യക്തി സമൂഹത്തിനെയോ ഭാരമേൽപ്പിക്കാവുന്നതാണ്.

ഇത് റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിൽവരുത്തുന്നതിനെ സാരമായി ബാധിക്കും. ആയതിനാൽ നിർദ്ദിഷ്ട ഭേദഗതിയിൽനിന്നും മോട്ടോർ വാഹന നിയമത്തിലെ അധ്യായങ്ങൾ V, VI, VIII, XIII, XIV എന്നിവയെ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കാരണമാകും.

(സി) അറിയിച്ചിട്ടുണ്ട്. കേന്ദ്ര പ്രതികരണം ലഭ്യമായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം

303 (1521) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന പരിശോധനയ്ക്ക് ആവശ്യമായ എൻഫോഴ്സ്മെന്റ് സംവിധാനം മോട്ടോർ വാഹന വകുപ്പിൽ നിലവിൽ ഉണ്ടോ ;

(ബി) മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടഞ്ഞ് റോഡപകടങ്ങൾ കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപകടം കൂടിയ സ്ഥലങ്ങൾ 24 x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ GPS അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കുവാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം വാഹനാ ക്ഷമതാ പരിശോധനാ കേന്ദ്രങ്ങളിലും എല്ലാ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷംതന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത് കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കിയിട്ടുണ്ട്. ഇവ കൂടാതെ ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

## പുതുതലമുറ ഇരുചക്ര വാഹനങ്ങളുടെ ഹെഡ് ലൈറ്റുകൾ

304 (1522) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറ ഇരുചക്ര വാഹനങ്ങളിലെ ഹെഡ്‌ലൈറ്റുകളുടെ ശക്തമായ വിവിധ വർണ്ണങ്ങളിലുള്ള പ്രകാശം എതിർദിശയിൽ നിന്നുവരുന്ന വാഹനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും അപകടങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത്തരം വാഹനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഹെഡ് ലൈറ്റുകളുടെ പ്രകാശ തീവ്രതയും നിറവും പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; പ്രകാശത്തിന്റെ നിറവും തീവ്രതയും അപകട രഹിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) ഇത്തരം ഹെഡ് ലൈറ്റുകളുള്ള വാഹനങ്ങൾക്ക് പിഴ ചുമത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 138 (5) പ്രകാരം P45t Cap ഉള്ള ഹാലജൻ ബൾബുകൾ ഹെഡ് ലൈറ്റായി ഉപയോഗിക്കാൻ പാടില്ല. കൂടാതെ ഹാലജൻ ബൾബിന്റെ വോൾട്ടേജ് 24 വോൾട്ട് സിസ്റ്റത്തിന് 70/75 വാട്സിൽ കൂടുവാനോ 12 വോൾട്ട് സിസ്റ്റത്തിന് 60/65 വാട്സിൽ കൂടുവാനോ പാടില്ല.

(ബി) കേന്ദ്ര സർക്കാർ അംഗീകൃത ടെസ്റ്റിംഗ് ഏജൻസികളായ ARAI, ICAT, VRDE തുടങ്ങിയ സ്ഥാപനങ്ങൾ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വാഹനങ്ങളാണ് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കുന്നത്. പ്രകാശത്തിന്റെ നിറവും തീവ്രതയും അപകടരഹിതമാണ് എന്ന് ടി സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തു നൽകുന്ന വാഹനങ്ങളിൽ പിന്നീട് അനധികൃതമായി ആൾട്ടറേഷൻ നടത്തിയാണ് ഇത്തരം ഹെഡ് ലൈറ്റുകൾ സ്ഥാപിക്കുന്നത്. വാഹനങ്ങളുടെ ഹെഡ് ലൈറ്റുകളുടെ പ്രകാശ തീവ്രത അളക്കുന്നതിന് ലക്സ് മീറ്റർ പോലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്നുണ്ട്.

(സി) അനധികൃതമായി ഹെഡ്‌ലൈറ്റുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ വിഷയത്തിൽ 2017 വർഷത്തിൽ 3718 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 4,91,800/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## സേഫ് സോൺ പദ്ധതി

305 (1523) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് സോൺ എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗതാഗത സംവിധാന നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പാക്കുന്നുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പ് വിജയകരമായി നടത്തിവരുന്ന ഒരു റോഡ് സുരക്ഷാ പദ്ധതിയാണ് ശബരിമല സേഫ് സോൺ. അപകടങ്ങളുടെ എണ്ണം ഗണ്യമായി കുറച്ച് ഗതാഗത തടസ്സം ഒഴിവാക്കി തീർത്ഥാടനം സുഗമമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പരമമായ ലക്ഷ്യം. മറ്റ് വകുപ്പുകളുമായി സഹകരിച്ച് നടത്തുന്ന ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം സ്വദേശീയരും അന്യസംസ്ഥാനക്കാരുമായ തീർത്ഥാടകർക്ക് സുരക്ഷിത യാത്ര ഒരുക്കുകയെന്നതാണ്.

ശബരിമല തീർത്ഥാടന കാലയളവിൽ റോഡപകടങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന "സേഫ് സോൺ" കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയെന്നതാണ് ലക്ഷ്യം.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗതാഗത സംവിധാനം നവീകരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

ശബരിമല തീർത്ഥാടന പാതകളായ പത്തനംതിട്ട-പമ്പ, എരുമേലി-പമ്പ, എരുമേലി-പൊൻകുന്നം, എരുമേലി-കാഞ്ഞിരപ്പള്ളി കെ.കെ. റോഡ് എന്നിവിടങ്ങളിൽ ഹെൽപ് ലൈൻ നമ്പരുകളോടുകൂടിയ ദിശാ സൂചക ബോർഡുകളും മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കുന്നു.

അപകട സാധ്യതയുള്ള കൊട്ടംവളവുകളിൽ പോളിക്രോം കോൺവെക്സ് മിററുകൾ സ്ഥാപിക്കുന്നു. തീർത്ഥാടക പാതയിലെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പി.ഡബ്ല്യൂ.ഡി. മുഖാന്തരം ബാരിക്കേഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നു.

പ്രസ്തുത പാതയിലും ഉണ്ടാകുന്ന അപകടങ്ങൾക്ക് അപ്പപ്പോൾ റസ്ക്യൂ വർക്ക് നടത്തുന്നു. വാഹന നിർമ്മാണ കമ്പനികളുടെ സഹായത്തോടെ ബ്രേക്ക് ഡൗൺ തത്സമയം ശരിയാക്കി വരുന്നു.

## ഇലക്ട്രിക് വാഹനങ്ങൾക്ക് പ്രോത്സാഹനം

306 (1524) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വൈദ്യുത കാറുകൾക്കും മറ്റ് വാഹനങ്ങൾക്കും റോഡുനികുതി ഒഴിവാക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രോത്സാഹനാർത്ഥം ഇത്തരം വാഹനങ്ങൾക്ക് സൗജന്യ പാർക്കിംഗ് ലഭ്യമാക്കുന്നതിനും സൗജന്യ ചാർജിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) അന്തരീക്ഷ മലിനീകരണം കുറയ്ക്കുമെന്നതിനാൽ ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി./സി.എൻ.ജി. ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും നിലവിലെ വാർഷിക നികുതി 500 രൂപയിൽനിന്ന് 450 രൂപയായി കുറയ്ക്കുവാനും പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങൾക്ക് 5 വർഷത്തേയ്ക്ക് 2000 രൂപ എന്ന നിരക്കിൽ നികുതി ഈടാക്കുവാനും 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ നിർദ്ദേശമുണ്ട്. ഇ-റിക്ഷകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഓട്ടോറിക്ഷകളുടെ നികുതി നിരക്ക് ഇത്തരം വാഹനങ്ങൾക്ക് ഏർപ്പെടുത്തുന്നതിനും തീരുമാനമുണ്ട്. മറ്റു കാര്യങ്ങളിൽ തീരുമാനമെടുത്തിട്ടില്ല.

## പൊതു വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ബാഡ്ജ്

307 (1525) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി - സദയം മറുപടി നൽകുമോ:

(എ) ഡ്രൈവർമാർക്ക് പൊതുവാഹനങ്ങൾ ഓടിക്കുന്നതിനുള്ള ബാഡ്ജ് ലഭിക്കുന്നതിന് വിദ്യാഭ്യാസ യോഗ്യത മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഗൾഫ് പ്രതിസന്ധിയും സാമ്പത്തിക രംഗത്തെ പ്രശ്നങ്ങളും കാരണം തൊഴിൽ നഷ്ടപ്പെട്ടതിനാൽ സ്വയം തൊഴിലായി പൊതുവാഹനം ഓടിക്കാൻ ഉദ്ദേശിക്കുന്നവർക്ക് ഇക്കാര്യത്തിൽ ഇളവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വിദ്യാഭ്യാസ യോഗ്യത മാനദണ്ഡമായി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിയത് എന്നാണെന്ന് വിശദമാക്കുമോ;

(ഡി) 1990-ന് മുമ്പ് സ്കൂൾ വിദ്യാഭ്യാസം നിർത്തിപ്പോയവർക്ക് ഇക്കാര്യത്തിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. മിനിമം വിദ്യാഭ്യാസ യോഗ്യത എട്ടാം സ്റ്റാൻഡേർഡ് ജയിച്ചിരിക്കണമെന്ന് 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 8 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര മോട്ടോർ വാഹന നിയമത്തിന്റെ പരിധിയിൽ വരുന്ന വിഷയമായതിനാൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന് ഇളവ് നൽകാൻ കഴിയില്ല.

(സി) കേന്ദ്ര സർക്കാരിന്റെ 10-4-2007-ലെ G.S.R. 276(E) നമ്പർ ഉത്തരവ് പ്രകാരമാണ് വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ഈ വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

**സ്കൂൾ കുട്ടികൾക്ക് സുരക്ഷിത യാത്ര**

308 (1526) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങളുടെ സുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കാറുണ്ടോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളിൽ കുട്ടികളുടെ സുരക്ഷയ്ക്കായി ഡ്രൈവറിനുപുറമെ ഒരു ജീവനക്കാരനെ കൂടി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; സുരക്ഷാ ക്രമീകരണങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സ്കൂൾ കുട്ടികളുടെ യാത്രയ്ക്കായി ഉപയോഗിക്കുന്ന സ്വകാര്യ വാഹനങ്ങളിലെ സുരക്ഷാ ക്രമീകരണങ്ങൾ പതിവായി പരിശോധിക്കാറുണ്ടോ ; എങ്കിൽ ഏതെല്ലാം വകുപ്പുകളാണ് പരിശോധന നടത്തുന്നതെന്നും എപ്പോഴൊക്കെയാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) ഉണ്ട്. ഇത്തരം വാഹനങ്ങളുടെ ഡ്രൈവർമാർക്ക് മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന യോഗ്യതകളുണ്ടെന്ന് വാഹന പരിശോധനാ വേളയിൽ ഉറപ്പ് വരുത്തുകയും ഇത്തരം വാഹനങ്ങളുടെ ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് വഴി ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രത്യേക ചെക്കിംഗ് ആഴ്ചതോറും നടത്തുന്നുണ്ട്.

**മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ**

309 (1527) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾ കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന കാര്യം ഗതാഗത വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുമ്പോൾ ഇവിടെ എന്തെങ്കിലും നികുതി അടയ്ക്കേണ്ടതുണ്ടോ;

(സി) ഇത്തരത്തിൽ റിപ്പോർട്ട് ചെയ്തതും കേസ്സുകൾ എടുത്തിട്ടുള്ളതുമായ വാഹനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതുവഴി സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ സംസ്ഥാനത്ത് സ്ഥിരമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുമ്പോൾ കേരളത്തിലെ ടാക്സേഷൻ നിയമപ്രകാരമുള്ള നികുതി അടയ്ക്കണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത് ടാക്സ് തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ സംശയിക്കപ്പെടുന്ന 2357 വാഹനങ്ങളുടെ ഒരു പട്ടിക മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ സ്ഥിര/താൽക്കാലിക മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയോ കേരളത്തിൽനിന്നും വാഹന വായ്പ കരസ്ഥമാക്കിയിട്ടുള്ളതോ കേരളത്തിലെ വാഹന വിൽപ്പനക്കാരിൽനിന്നും വാങ്ങിയിട്ടുള്ളതോ ആയ വാഹനങ്ങൾ ഉൾക്കൊള്ളിച്ചാണ് പട്ടിക തയ്യാർ ചെയ്തത്. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വാഹന ഉടമകൾക്ക് അതാത് ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. ആഫീസുകളിൽനിന്നും നോട്ടീസ് നൽകി വരുന്നു. നിലവിൽ 877 വാഹന ഉടമകൾക്ക് കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുണ്ട്. പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾക്ക് കേരളത്തിൽ നിശ്ചയിച്ചിരിക്കുന്ന ടാക്സ് അടയ്ക്കുന്നതിനും വാഹനം റീ രജിസ്റ്റർ ചെയ്യുന്നതിനും ഏപ്രിൽ 30 വരെ സർക്കാർ സമയം അനുവദിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. വാഹന ഉടമകൾക്ക് നോട്ടീസ് അയച്ച് ക്ലിപ്തപ്പെടുത്തിയതിനു ശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാകൂ. നിലവിൽ 154 വാഹന ഉടമകളിൽ നിന്നായി 14,10,30,683/- രൂപ ടാക്സ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

**റോഡ് സുരക്ഷാ അതോറിറ്റി**

310 (1528) <u>ശ്രീ. അൻവർ സാദത്ത് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(സി) റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് സ്രോതസ്സ് ഏതൊക്കെയാണ്;

(ഡി) 2007-ലെ കേരള സുരക്ഷാ ആക്ടിന്റെ നിബന്ധന പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള വാഹന സെസ്സ്, അതോറിറ്റിക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ഫണ്ടിന്റെ അപര്യാപ്തത അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി 2007 ഏപ്രിൽ 13-ന് കേരള റോഡ് സുരക്ഷാ അതോറിറ്റി നിലവിൽ വന്നു.

2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിന്റെ വകുപ്പ് 4 അനുസരിച്ച് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലകൾ താഴെപ്പറയുന്നവയാണ്:

1. റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക
2. റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക
3. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക
4. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക
5. റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക
6. ഫണ്ടിന്റെ നടത്തിപ്പ്
7. റോഡ് സുരക്ഷാ പദ്ധതികളും പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക
8. റോഡ് സുരക്ഷാ പ്രോജക്ടുകൾക്കുവേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ഫണ്ട് അനുവദിക്കുക
9. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് തുക അനുവദിക്കുക
10. ട്രോമ കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക
11. അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക
12. റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കായുള്ള ചെലവ് അനുവദിക്കുക

13. അതോറിറ്റിയുടെ നേതൃത്വത്തിൽ അപകട സ്ഥലത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക

14. ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾ പരിഗണിച്ചുകൊണ്ട് നിർണ്ണയിച്ചേക്കാവുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക

കേരള റോഡ് സുരക്ഷാ അതോറിറ്റി, അതിന്റെ അനുബന്ധ വകുപ്പുകളായ മോട്ടോർ വാഹനം, പോലീസ്, പൊതുമരാമത്ത്, ആരോഗ്യം എന്നിവയുടെയും അനുബന്ധ ഏജൻസിയായ നാറ്റ്പാക്കിന്റെയും ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് വിവിധ റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ പുതുതായി നിയമിക്കപ്പെട്ട സാങ്കേതിക വിദഗ്ദ്ധർ ബ്ലാക്ക് സ്പോട്ട് നിർമ്മാർജ്ജനം, കഴക്കൂട്ടം-അടൂർ മോഡൽ സേഫ് കോറിഡോർ പ്രോജക്ട് തുടങ്ങിയവയ്ക്ക് സാങ്കേതിക സഹായം നൽകിവരുന്നു.

(ബി) വാഹനാപകട നിരക്ക് 10% എങ്കിലും കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളോട് എല്ലാ മാസത്തിലെയും രണ്ടാമത്തെ ബുധനാഴ്ച യോഗം ചേരാനും റോഡ് സുരക്ഷാ സംബന്ധമായ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ അറിയിച്ചുവരുന്നു. ഇതിനുപുറമേ റോഡപകട നിരക്ക് കുറയ്ക്കുന്നതിനായി ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് ടാർജറ്റ് നിശ്ചയിച്ച് നിൽകിയിട്ടുണ്ട്. പോലീസ് - മോട്ടോർ വാഹന വകുപ്പുകളോടും റോഡപകട നിരക്ക് കുറയ്ക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേരളത്തിലെ നിരത്തുകളിൽ നാറ്റ്പാക് കണ്ടെത്തിയ 275 ബ്ലാക്ക് സ്പോട്ടുകളിൽ സംസ്ഥാന പാതകൾക്ക് പുറമേയുള്ള പാതകളിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 ബ്ലാക്ക് സ്പോട്ടുകളിൽ സാങ്കേതിക വിദഗ്ദ്ധർ മോട്ടോർ വാഹന-പോലീസ്-പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് പരിഹാര നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് പ്രകാരം റോഡ് സേഫ്റ്റി ഫണ്ടിന്റെ സ്രോതസ്സ് ഇപ്രകാരമാണ്.

1. വാഹനങ്ങളുടെ ഒറ്റത്തവണ സെസ്സിൽനിന്നും ഈടാക്കുന്ന തുക സംസ്ഥാനത്തെ സഞ്ചിതനിധിയിൽ അടച്ചശേഷം സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ചെലവ് കുറച്ചശേഷം ധനവിനിയോഗം വഴി കൈമാറ്റം ചെയ്യപ്പെടുന്ന തുക

2. സർക്കാർ നൽകുന്ന ഗ്രാന്റുകളും വായ്പകളും മുൻകൂറുകളും

3. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽനിന്നോ ഉള്ള സംഭാവനകൾ

4. 1988-ലെ മോട്ടോർ വാഹന ആക്ടിന്റെ 200-ാം വകുപ്പിൻകീഴിൽ മുൻവർഷത്തിൽ ശേഖരിച്ച രാജിയാക്കൽ ഫീസിന്റെ അൻപതു ശതമാനത്തിന് തുല്യമായ തുക

(ഡി) രാജിയാക്കൽ ഫീസിന്റെ 50%, ഒറ്റത്തവണ സെസ്സ് എന്നീയിനങ്ങളിൽ സർക്കാർ വസൂലാക്കിയ തുകയിൽനിന്നും 173.12 കോടി രൂപ റോഡ് സേഫ്റ്റി ഫണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ഈ വകയിൽ 380.62 കോടി രൂപ കൂടി നൽകാനുണ്ട്. 2017-18 സാമ്പത്തികവർഷത്തിൽ റോഡ് സുരക്ഷാ ഫണ്ടിൽനിന്നും 16 കോടി രൂപ സർക്കാരിന്റെ സഞ്ചിതനിധിയിലേയ്ക്ക് ലയിപ്പിച്ചിട്ടുണ്ട്.

(ഇ) ഫണ്ടിന്റെ അപര്യാപ്തത റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് അനുവദിച്ച പദ്ധതികൾക്കായി ഇനിയും 136.12 കോടി രൂപ കൂടി കൊടുത്തുതീർക്കാനുണ്ട്. റോഡ് സുരക്ഷാ ഫണ്ടിൽ അവശേഷിക്കുന്നത് 8.43 കോടി രൂപ മാത്രമാണ്.

**ഗതാഗത സേഫ് സോൺ**

311 (1529) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനമാകെ ഗതാഗത സേഫ് സോൺ ആക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് കൈക്കൊണ്ട നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) സേഫ് സോൺ ആക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും റിപ്പോർട്ടുകളോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്. 8-11-2017-ൽ നടന്ന 33-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിൽ സേഫ് കേരള പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

(ബി) അപകടം കൂടിയ സ്ഥലങ്ങൾ 24 x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാപരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹനക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹനക്ഷമതാ പരിശോധന കേന്ദ്രങ്ങളും എല്ലാ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷംതന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുകൂടാതെ ആധുനിക ഇന്റർസെപറ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽനിന്നും ശക്തമാക്കുന്നതാണ്. ഇവ കൂടാതെ ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കുന്നതുമാണ്.

(സി) ഇതുസംബന്ധിച്ച് കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ട്രാഫിക് സ്റ്റേറ്റി എക്സ്പെർട്ട് ആയിരുന്ന ശ്രീ. പി. ഡി. സുനിൽ ബാബു 30-6-2017-ൽ സേഫ് കേരള എന്ന പേരിൽ ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

### ഇരുചക്ര വാഹനങ്ങളിലെ റിയർവ്യൂ ഗ്ലാസ്

312 (1530) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരത്തുകളിലോടുന്ന ഇരുചക്ര വാഹനങ്ങളിൽ റിയർവ്യൂ ഗ്ലാസ് ഒഴിവാക്കി ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വാഹനങ്ങൾ ഓടിക്കുന്നവരുടെ പേരിൽ പിഴ ചുമത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) മോട്ടോർ വാഹന വകുപ്പിന്റെ വാഹന പരിശോധനകൾ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇത്തരത്തിൽ നിയമലംഘനം നടത്തുന്നവർക്കെതിരെ പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) അപകടം കൂടിയ സ്ഥലങ്ങൾ 24 x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹനക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനവും വാഹനക്ഷമതാ പരിശോധന കേന്ദ്രങ്ങളും എല്ലാ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷംതന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതു കൂടാതെ ആധുനിക ഇന്റർസെപറ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും നടത്തുന്നുണ്ട്. ഇവ കൂടാതെ ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സംസ്ഥാനത്തെ വാഹനാപകടങ്ങൾ**

313 (1531) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ദിവസവും ശരാശരി എത്ര വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്; ഇതിൽ എത്ര ആളുകൾ മരണപ്പെടുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് സംസ്ഥാനത്ത് 2017 വർഷത്തിൽ ഓരോ ദിവസവും ശരാശരി 105 വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ദിവസവും ശരാശരി 11 ആളുകൾ മരണപ്പെട്ടിട്ടുണ്ട്.

(ബി) വാഹനാപകട നിരക്ക് 10% എങ്കിലും കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജില്ലാ കളക്ടർമാർ അദ്ധ്യക്ഷൻമാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളോട് എല്ലാ മാസത്തിലെയും രണ്ടാം ബുധനാഴ്ച യോഗം ചേരാനും റോഡ് സുരക്ഷാ സംബന്ധമായ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ അറിയിച്ചുവരുന്നു. ഇതിനുപുറമേ റോഡപകട നിരക്ക് കുറയ്ക്കുന്നതിനായി ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പോലീസ്-മോട്ടോർ വാഹന വകുപ്പുകളോടും റോഡപകടനിരക്ക് കുറയ്ക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേരളത്തിലെ നിരത്തുകളിൽ നാറ്റ്പാക് കണ്ടെത്തിയ 275 ബ്ലാക്ക് സ്പോട്ടുകളിൽ സംസ്ഥാന പാതകൾക്ക് പുറമേയുള്ള പാതകളിൽ പൊതുമരാമത്ത് മുൻഗണനാക്രമം നൽകിയ 46 ബ്ലാക്ക് സ്പോട്ടുകളിൽ സാങ്കേതിക വിദഗ്ദ്ധർ മോട്ടോർവാഹന-പോലീസ്-പൊതുമരാമത്ത് വകുപ്പുകളുടെ സാഹയത്തോടെ പരിശോധന നടത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് പരിഹാര നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

അപകടം കൂടിയ സ്ഥലങ്ങൾ 24 x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹനക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹനക്ഷമതാ പരിശോധന കേന്ദ്രങ്ങളും എല്ലാ ആർ.ടി.ഒ./സബ് ആർ.ടി.ഒ.-കളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷംതന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുകൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽനിന്നും ശക്തമാക്കുന്നതാണ്. ഇവ കൂടാതെ ബഹുമാനപ്പെട്ട

സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കുന്നതുമാണ്.

## വാഹന രജിസ്ട്രേഷന് രണ്ട് തരം നികുതി

314 (1532) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന രജിസ്ട്രേഷന് രണ്ട് തരം നികുതി ഈടാക്കുന്നത് പരിശോധിക്കുമോ ;

(ബി) ടെമ്പററി രജിസ്ട്രേഷനും പെർമനൻറ് രജിസ്ട്രേഷനും എന്ന പേരിൽ രണ്ടുതരം നികുതി ഈടാക്കുന്നത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) വാഹനം പുറത്തിറക്കുന്ന സമയത്തുതന്നെ വാഹനത്തിന്റെ രജിസ്ട്രേഷനും നടത്തിക്കൊടുക്കുന്നതിനുള്ള ബുദ്ധിമുട്ട് വ്യക്തമാക്കാമോ; മുൻകാലങ്ങളിൽ നടപ്പാക്കിവന്നിരുന്ന ഈ രീതി അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; പുതിയ രീതി ഉപഭോക്താവിനെ കൊള്ളയടിക്കുന്നു എന്ന പരാതി പരിശോധിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വാഹന രജിസ്ട്രേഷന് രണ്ടുതരം നികുതി ഈടാക്കുന്നില്ല.

(ബി) വാഹനം വാങ്ങുന്ന സ്ഥലത്തുനിന്നും രജിസ്റ്റർ ചെയ്യേണ്ട സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിനാണ് താൽക്കാലിക രജിസ്ട്രേഷൻ ആവശ്യമാകുന്നത്. ഒരു മാസമാണ് ആയതിനുള്ള കാലാവധി. എന്നാൽ ബോഡി നിർമ്മിക്കേണ്ട വാഹനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ കാലാവധി തീരുന്നതിനുമുമ്പ് ഫീസടച്ച് രസീത് സഹിതം അപേക്ഷിച്ചാൽ പുതുക്കി നൽകുന്നതാണ്. അപേക്ഷകൻ വാഹനം വാങ്ങുന്ന സ്ഥലവും താമസിക്കുന്ന സ്ഥലവും ഒന്നുതന്നെയാണെങ്കിൽ താൽക്കാലിക രജിസ്ട്രേഷൻ ആവശ്യമില്ല. വാഹനം വാങ്ങുമ്പോൾ ലഭിക്കുന്ന ഫാറം 21-ൽ (സെയിൽസ് സർട്ടിഫിക്കറ്റ്) രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസമാണ് രജിസ്റ്റർ ചെയ്യുമ്പോൾ പരിഗണിക്കുന്നത്.

(സി) കേന്ദ്ര മോട്ടോർ വാഹന ചട്ടം 44 പ്രകാരമാണ് സംസ്ഥാനത്ത് വാഹന രജിസ്ട്രേഷൻ നടത്തുന്നത്. നിർദ്ദിഷ്ട കേന്ദ്ര മോട്ടോർ വാഹന ഭേദഗതി ബില്ലിൽ വാഹനം ഷോറൂമിൽനിന്നും വിൽപ്പന നടത്തി പുറത്തിറക്കുന്ന ദിവസം തന്നെ വാഹനത്തിന്റെ രജിസ്ട്രേഷനും നടത്തിക്കൊടുക്കുന്ന സംവിധാനം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ഡ്രൈവിംഗ് പരിശീലനം കാലോചിതമായി പരിഷ്കരിക്കാൻ നടപടി**

315 (1533) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനം ഓടിച്ചവരുടെ പിഴവുകൊണ്ട് മാത്രം കഴിഞ്ഞ മൂന്ന് വർഷത്തിനിടെ സംസ്ഥാനത്ത് നഷ്ടമായത് 11,018 ജീവനുകളാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രൈവിംഗ് പഠനം, പരിശീലനം എന്നിവയിലെ കുറവിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നതെന്ന് കരുതുന്നുണ്ടോ;

(സി) ഡ്രൈവിംഗ് ലൈസൻസ് ഉണ്ടെങ്കിലും വാഹനമോടിക്കാൻ അറിയാത്തവരും ലൈസൻസ് കിട്ടിയശേഷവും പരിശീലകനെയും കൂട്ടി റോഡിൽ വാഹനമോടിക്കുന്നവരും സംസ്ഥാനത്തുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഡ്രൈവിംഗ് ടെസ്റ്റുകളും വാഹനപരിശോധനാ രീതികളും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഡ്രൈവിംഗ് പഠനം, പരിശീലനം എന്നിവയുടെ പോരായ്മകൾ മാത്രമാണ് റോഡപകടങ്ങൾക്ക് വഴിതെളിക്കുന്നത് എന്ന് കരുതുന്നില്ല. ഡ്രൈവിംഗ് പഠനത്തിനുശേഷം ലൈസൻസ് എടുത്ത് പൊതു നിരത്തിൽ വാഹനമോടിക്കുമ്പോൾ റോഡ് നിയമങ്ങൾ പാലിക്കാതെയും മറ്റ് നിയമലംഘനങ്ങൾ നടത്തിയും മദ്യപിച്ച് വാഹനമോടിക്കുന്നതും റോഡ് അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്.

(സി&ഡി) ഉണ്ട്. റോഡ് സുരക്ഷയ്ക്കായി 'ഒരു ദശകം' എന്ന ലോകാരോഗ്യ

സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റിംഗ് പരിശീലനം, ഡ്രൈവിംഗ് സ്കൂളിലെ പരിശീലകർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി, ഇ.ഐ.ബി. വാഹനങ്ങളുടെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. മോട്ടോർ വെഹിക്കിൾസ് (ഡ്രൈവിംഗ്) റെഗുലേഷൻ 2017 നിയമ പരിഷ്കരണത്തിന്റെ ഭാഗമായി ലേണേഴ്സ് ലൈസൻസ് ടെസ്റ്റിന്റെ ചോദ്യാവലിയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിനായി ഗതാഗത കമ്മീഷണർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

**ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് കുറ്റമറ്റതാക്കാനുള്ള നടപടികൾ**

316 (1534) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടക്കുന്ന റോഡപകടങ്ങളുടെ പ്രധാന കാരണം ഡ്രൈവർമാരുടെ അശ്രദ്ധയും നിയമലംഘനവുമാണെന്നിരിക്കെ, ആയത് പരിഹരിക്കാൻ ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന നടപടി കുറ്റമറ്റതാക്കാനും റോഡ് സുരക്ഷയെക്കുറിച്ചുള്ള പാഠഭാഗങ്ങൾ ലേണിംഗ് ടെസ്റ്റിന്റെ ഭാഗമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് കുറ്റമറ്റതാക്കുവാൻ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ തുടങ്ങുന്നതിനുള്ള നടപടികളും ലേണിംഗ് ടെസ്റ്റിനുള്ള ചോദ്യാവലിയിൽ റോഡ് സുരക്ഷയെക്കുറിച്ചുള്ള പാഠഭാഗങ്ങൾകൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള സ്ഥലം**

317 (1535) <u>ശ്രീ. വി. ടി. ബൽറാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ആർ.ടി. ആഫീസുകളുടെ കീഴിലും ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് സ്ഥിരം സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) സ്ഥല സൗകര്യം ഇല്ലാത്തത് ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സുഗമമായി ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനായി എല്ലാ ജില്ലകളിലും മോട്ടോർ വാഹന വകുപ്പിന് സ്വന്തമായി സ്ഥലം അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നിലവിൽ തിരുവനന്തപുരം, പാറശ്ശാല, ഉഴവൂർ, തൃപ്പൂണിത്തുറ, മട്ടാഞ്ചേരി, മൂവാറ്റുപുഴ, കോഴിക്കോട്, കണ്ണൂർ, തളിപ്പറമ്പ്, കാസർഗോഡ് എന്നീ ആർ.ടി. ഓഫീസുകളുടെ കീഴിലാണ് ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് സ്ഥിരം സംവിധാനമുള്ളത്. റവന്യൂ ഭൂമി ലഭ്യമാകുകയാണെങ്കിൽ മാത്രമേ മറ്റ് ഓഫീസുകളുടെ പരിധിയിലും ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകൾ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ.

**എസ്.ആർ.ടി.ഒ. ആരംഭിക്കുന്നതിന് നടപടി**

318 (1536) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ വർക്കല താലൂക്ക് കേന്ദ്രീകരിച്ച് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആയതിലേയ്ക്ക് ഗതാഗത വകുപ്പ് കമ്മീഷണറിൽനിന്നും റിപ്പോർട്ടുകൾ/ ശിപാർശകൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് വർക്കല ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പുതിയ

സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഗതാഗത കമ്മീഷണറിൽനിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

**ടെസ്റ്റിംഗ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യവികസനം**

319 (1537) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിങ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനത്തിനായും പ്രസ്തുത ഗ്രൗണ്ടിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഗ്രൗണ്ടിൽ സ്ത്രീകൾക്കായി ഒരു വിശ്രമ മന്ദിരവും കുടിവെള്ള വിതരണ സംവിധാനവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് (PWD, Nirmiti Kerndra etc.) എസ്റ്റിമേറ്റ് സ്വീകരിച്ച് വകുപ്പദ്ധ്യക്ഷന്റെ അനുമതിക്കായി സമർപ്പിക്കാൻ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പാറശ്ശാലയ്ക്ക് അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് മോട്ടോർ വാഹന വകുപ്പിന്റെ അനുമതിയോടെ പ്രസ്തുത സൗകര്യങ്ങൾ നിർമ്മിച്ചുതരാം എന്ന സ്ഥലം എം.എൽ.എ.-യുടെ വാഗ്ദാനത്തെ തുടർന്ന് പാറശ്ശാല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ബന്ധപ്പെട്ട് തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കാൻ ഗതാഗത കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വാഹനങ്ങളുടെ കണക്ക്**

320 (1538) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരത്തിൽ ഓടുന്ന വാഹനങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമാണോ; വർഷംതോറും വാഹനങ്ങളുടെ വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് പരിശോധിച്ച് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഓരോ ആർ.ടി. ഓഫീസുകളിൽ നിലവിൽ നിരത്തിൽ ഓടുന്ന വാഹനങ്ങളുടെയും നിരത്തിൽ ഓടാത്ത വാഹനങ്ങളുടെയും കണക്ക് പരിശോധിച്ച് കൃത്യമായ ടാക്സും ഇൻഷ്വറൻസും ഒടുക്കാത്തവയെ നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) റോഡ് സുരക്ഷയുടെ കാര്യത്തിൽ മേട്ടോർവാഹന വകുപ്പ് വ്യക്തമായ പരിപാടികളില്ലാതെയാണ് മുന്നോട്ടുപോകുന്നതെന്നകാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തുന്നത്; വ്യക്തമാക്കുമോ;

(ഇ) നിലവിൽ വകുപ്പ് നടത്തുന്ന റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ പരാജയപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) റോഡുകൾ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നത് പലപ്പോഴും അപകടങ്ങൾക്ക് കാരണമാകുന്ന കാര്യം മോട്ടോർവാഹന വകുപ്പ് പൊതുമരാമത്ത് വകുപ്പിനെ അറിയിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ജി) അമിത വേഗതയിലും കൃത്യമായ ട്രാഫിക് നിയമങ്ങളും പാലിക്കാതെ പോകുന്ന വാഹനങ്ങളുടെ വിവരം ലഭ്യമാണോ; വ്യക്തമാക്കുമോ; ഇത്തരത്തിൽ ഓരോ ആർ.ടി. ഓഫീസുകളിലും 2015 ജനവരി മുതൽ പിടിച്ചെടുത്ത് കേസുകൾ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ വിവരം ലഭ്യമാക്കുമോ; റോഡ് സുരക്ഷാ നിയമം പാലിക്കാത്ത സ്വകാര്യ ബസുകൾ, ഓട്ടോറിക്ഷ, ടിപ്പർ എന്നിവയുടെ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1,13,03,205 വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

78257 വാഹനങ്ങളുടെ വർദ്ധനവാണ് 2016-17 കാലയളവിൽ ഉണ്ടായിട്ടുള്ളത്. വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നിലവിൽ വ്യവസ്ഥകളൊന്നുമില്ല.

(ബി) നിലവിൽ വാഹന പരിശോധനാവേളയിൽ ടാക്സും ഇൻഷ്വറൻസും ഇല്ലാത്ത വാഹനങ്ങൾ കണ്ടെത്തി അവയുടെ ഉടമസ്ഥർക്ക് ടാക്സ് അടയ്ക്കുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ നിർദ്ദേശിക്കാറുണ്ട്. അതോടൊപ്പം പിഴയും ഈടാക്കാറുണ്ട്.

(സി & ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് നിരവധി പരിപാടികൾ ആസൂത്രണം ചെയ്തുനടപ്പാക്കുന്നുണ്ട്. റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി മോട്ടോർ വാഹന വകുപ്പ് പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്ക് ഡ്രൈവിംഗിലും ട്രാഫിക് അവബോധം വളർത്തുന്നതിനുമുദ്ദേശിച്ചുള്ള പരിശീലനം എന്നിവയും ടിപ്പർ ലോറി, സ്കൂൾ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കുള്ള അവബോധന/ പരിശീലന ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ് മേൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നത്. ഇവ കൂടാതെ പ്രത്യേക വാഹന പരിശോധനകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിത മാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാപരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹന ക്ഷമതാ

പരിശോധനാ കേന്ദ്രങ്ങളും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷംതന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുകൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽനിന്നും ശക്തമാക്കിയിട്ടുണ്ട്. ഇവ കൂടാതെ ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികളും കൂടുതൽ കർശനമാക്കിയിട്ടുണ്ട്.

(ഇ) നിലവിൽ പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് വകുപ്പിന് സാധിക്കുന്നുണ്ട്. സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം വാഹനാപകടങ്ങൾ 2016 വർഷത്തെ 39420-ൽനിന്നും 38470 ആയി കുറയ്ക്കാനും അപകട മരണങ്ങൾ 4287-ൽനിന്നും 4131 ആയി കുറയ്ക്കാനും സാധിച്ചിട്ടുണ്ട്.

(എഫ്) ഈ വിഷയം മോട്ടോർ വാഹന വകുപ്പിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ അറിയിക്കാറില്ല.

(ജി) വിവരം ശേഖരിച്ചുവരുന്നു.

## സീ അഷ്ടമുടി ടൂറിസ്റ്റ് ബോട്ട് സർവ്വീസ്

321 (1539) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച സീ അഷ്ടമുടി ടൂറിസ്റ്റ് ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത സർവ്വീസ് എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

2017-18 ബജറ്റിൽ പ്രഖ്യാപിച്ച സീ അഷ്ടമുടി ബോട്ട് സർവീസിന് 5-4-2017-ലെ ജി.ഒ.(എം.എസ്.) നമ്പർ 31/2017/ട്രാൻസ്. സർക്കാർ ഉത്തരവ് പ്രകാരമുള്ള ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ആയതിനുള്ള ടെണ്ടർ ക്ഷണിക്കുകയും പർച്ചേസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 14-11-2017-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 494/2017/ട്രാൻസ് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12-12-2017-ൽ ടി ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചുവരുന്നു. ടി ബോട്ടുകളുടെ നിർമ്മാണ കാലാവധി ഒരു വർഷമാണ്. ഡിസംബർ 2018-ൽ സർവ്വീസ് ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**യാത്രാ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ കാലപ്പഴക്കം**

322 (1540) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ബോട്ട് ജെട്ടിയിൽനിന്നും നടത്തി വരുന്ന യാത്രാ സർവ്വീസുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സർവ്വീസുകൾ നടത്തുന്നതിന് ഉപയോഗിച്ചുവരുന്ന ബോട്ടുകളുടെ കാലപ്പഴക്കം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) കാലപ്പഴക്കം ചെന്ന യാത്രാ ബോട്ടുകൾ അടിക്കടി തകരാറിലാകുന്നതിനാൽ സർവ്വീസ് മുടങ്ങുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടിന് പരിഹാരമായി പുതിയ ബോട്ടുകൾ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1. കൊല്ലം - കരീപ്പുഴ ഫെറി

2. കൊല്ലം - ആലപ്പുഴ

3. കൊല്ലം - സാമ്പ്രാണിക്കോടി

4. കൊല്ലം - പേഴംതുരുത്ത് എന്നിവയാണ് സംസ്ഥാന ജലഗതാഗത വകുപ്പ് കൊല്ലം ജെട്ടിയിൽനിന്നും നടത്തിവരുന്ന യാത്രാ സർവ്വീസുകൾ.

(ബി)

| ബോട്ടുകൾ | കാലപ്പഴക്കം |
|---|---|
| എസ് 18 | 7 വർഷം |
| എസ് 20 | 9 വർഷം |
| എസ് 25 | 9 വർഷം |
| എസ് 55 | 4 വർഷം |

(സി) വകുപ്പിന്റെ കൊല്ലം സ്റ്റേഷനിൽ സർവ്വീസ് നടത്തുന്ന ബോട്ടുകൾ അധികം കാലപ്പഴക്കമുള്ളതല്ല. നിലവിലുള്ള ബോട്ടുകൾ ഉപയോഗിച്ച് കൃത്യമായി സർവ്വീസ് നടത്തി വരുന്നുണ്ട്. തുടർച്ചയായി സർവ്വീസ് നടത്തുന്നതുമൂലം ഉണ്ടാകുന്ന ചെറിയ തകരാറുകൾ അപ്പപ്പോൾത്തന്നെ പരിഹരിച്ച് പരമാവധി സർവ്വീസുകൾ നടത്തിവരുന്നു. ഇതിനാവശ്യമായ സ്പെയർ പാർട്സും ജീവനക്കാരെയും നൽകിവരുന്നു. മേജർ റിപ്പയറിംഗിനായി ബോട്ടുകൾ വകുപ്പിന്റെ ആലപ്പുഴയിലുള്ള ഡോക്ക് ആൻഡ് റിപ്പയർ വിഭാഗത്തിൽ കയറ്റുന്ന അവസരത്തിൽ സ്പെയർ ബോട്ട് നൽകിവരുന്നുണ്ട്. പെട്ടെന്നുണ്ടാകുന്ന സാങ്കേതിക തകരാറുകൾമൂലം ചില അവസരങ്ങളിൽ ട്രിപ്പുകൾ മുടങ്ങാറുണ്ട്. സംസ്ഥാന ജലഗതാഗത വകുപ്പിനുകീഴിലുള്ള കാലപ്പഴക്കമുള്ള 14 ബോട്ടുകൾ മാറ്റി പുതിയ ബോട്ടുകൾ സർവ്വീസിന് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 1434-ാം നമ്പർ ചോദ്യം പിൻവലിച്ചു)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### പൊന്തൻപുഴ വനമേഖലയുടെ ഉടമസ്ഥാവകാശം

മി. സ്പീക്കർ: പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ച് കിടക്കുന്നതും നാളിതുവരെ സർക്കാരിന്റെ ഉടമസ്ഥതയിൽ സംരക്ഷിച്ചു വരുന്നതുമായ പൊന്തൻപുഴ വനമേഖല സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ് സർക്കാർ കൈകാര്യം ചെയ്തതിലെ അനാസ്ഥമൂലം വനത്തിന്മേലുള്ള സർക്കാരിന്റെ ഉടമസ്ഥാവകാശം നഷ്ടപ്പെടുന്ന സാഹചര്യം സംബന്ധിച്ചും കൈവശാവകാശ രേഖയുള്ള കർഷകർ നേരിടുന്ന കുടിയിറക്ക് ഭീഷണിയെ സംബന്ധിച്ചും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം കെ. എം. മാണി റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ചട്ടം 119(സി) പ്രകാരം ഒരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ഒരു പ്രമേയം ഉന്നയിക്കുമ്പോൾ, 'അത് നിയമകോടതിയുടെ വിചാരണയിലിരിക്കുന്ന ഒരു സംഗതിയെ സംബന്ധിക്കുന്നതായിരിക്കരുത്' എന്ന് ചട്ടം 119(സി)-ൽ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് കോടതിയിലിരിക്കുന്ന ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിവിഷൻ പെറ്റീഷൻ കൊടുത്തിരിക്കുന്നതിനാലും കോടതിയുടെ പരിഗണനയിലാണ് ഈ വിഷയമെന്നുള്ളതുകൊണ്ടും അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകരുതെന്ന് ആവശ്യപ്പെടുകയാണ്.......(ബഹളം).....

ശ്രീ. കെ. എം. മാണി: സർ, കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിന്റെ നടത്തിപ്പിൽ ശുഷ്കാന്തി വേണം, സർക്കാർ ഇത് ഗൗരവമായി എടുക്കണം. ഞാൻ ഇക്കാര്യം വിശദീകരിക്കാം. ഇത് ചോദിച്ചത് നല്ല കാര്യമല്ലേ, ഒരു കുഴപ്പവുമില്ല. കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിന്റെ മെരിറ്റിനെ സംബന്ധിച്ച് പരാമർശമില്ല.

മി. സ്പീക്കർ: കോടതിയിലെ വിഷയവുമായി ബന്ധപ്പെട്ടോ കേസിന്റെ മെരിറ്റുമായി ബന്ധപ്പെട്ടോ ഉള്ള ചർച്ച ഇവിടെ അനുവദിക്കുന്നതല്ല. ആ വിഷയത്തിന്റെ ഗൗരവം സഭയിൽ കൊണ്ടുവരണമെന്നുള്ള ഒരംഗത്തിന്റെ

അവകാശം അനുവദിക്കുക എന്ന നിലയിലാണ് ഇതിനെ കണ്ടിരിക്കുന്നത്. ....(ബഹളം)..... കോടതിയിലെ കേസിന്റെ മെരിറ്റും ഡീമെരിറ്റും ഇവിടെ ചർച്ച ചെയ്യില്ല. .....(ബഹളം).... ഞാൻ പറഞ്ഞുകഴിഞ്ഞു, കോടതിയിലെ വിഷയത്തിൽ ഇവിടെ ചർച്ചയില്ല, ഈ വിഷയവുമായി ബന്ധപ്പെട്ട് സമൂഹത്തിൽ ഉയർന്നു വന്നിരിക്കുന്ന ആശങ്കകളെപ്പറ്റി ഒരു അംഗത്തിന് ഉന്നയിക്കാനുള്ള അവകാശം നൽകുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കട്ടെ .....(ബഹളം)..... പ്ലീസ്.. പ്ലീസ്... ഇരിക്കൂ. ഏതംഗത്തിനും ചട്ടങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കാര്യങ്ങൾ അവതരിപ്പിക്കാം. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറയട്ടെ.

ശ്രീ. ഇ. കെ. വിജയൻ: സർ, ഈ പ്രമേയത്തിന് പത്ത് പേരുടെ പിന്തുണയുണ്ടോ?

മി. സ്പീക്കർ: പതിനഞ്ച് പേരുടെ പിന്തുണയാണ് ആവശ്യം. ....(ബഹളം)..... ദയവായി നിങ്ങൾ മനസ്സിലാക്കണം, ആ പിന്തുണയെപ്പറ്റി ചെയറിന് ബോധ്യമുള്ളതുകൊണ്ടാണ് അനുമതി നൽകിയത്. പ്ലീസ്.... പ്ലീസ്...

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, 26-2-2018-ൽ ബഹുമാനപ്പെട്ട രാജു എബ്രഹാം പൊന്തൻപുഴ വനം നിലനിർത്തുന്നതുസംബന്ധിച്ചും അതുപോലെതന്നെ കൈവശ കൃഷിക്കാർക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ടും ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അന്ന് പ്രതിപക്ഷം വാക്കൗട്ട് നടത്തിയതിനാൽ ബഹുമാനപ്പെട്ട ചെയർ പറഞ്ഞതനുസരിച്ച് ഞാൻ ആ സബ്മിഷനുള്ള മറുപടി മേശപ്പുറത്ത് വയ്ക്കുകയാണ് ചെയ്തത്. ഇപ്പോൾ ആ വിഷയം അടിയന്തരപ്രമേയമെന്ന നിലയ്ക്ക് വന്നിരിക്കുന്നുവെന്നേയുള്ളൂ.

1905, 1907, 1917 എന്നീ വർഷങ്ങളിലെ മൂന്ന് റിസർവ് നോട്ടിഫിക്കേഷനുകളിലൂടെ 5960 ഏക്കർ വരുന്ന പ്രദേശം വനമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്, ഇതാണ് അടിസ്ഥാനപരമായ കാര്യം. 1440 ഏക്കർ വരുന്ന വലിയകാവ് റിസർവ്, 2000 ഏക്കർ വരുന്ന ആലിപ്ര റിസർവ്, 2520 ഏക്കർ വരുന്ന കരിക്കാട്ടൂർ റിസർവ് എന്നിവയ്ക്കുവേണ്ടിയുള്ള മൂന്ന് നോട്ടിഫിക്കേഷനുകളാണ് പുറപ്പെടുവിച്ചത്. ആ നോട്ടിഫിക്കേഷൻ വന്ന കാലം മുതൽ തുടങ്ങിയ ലിറ്റിഗേഷനാണ്. ഇപ്പോൾ നൂറുവർഷമായിട്ടും അത് തീർന്നിട്ടില്ല. ശ്രീ. ചിറ്റയം ഗോപകുമാർ ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോഴും കേസ് ഹൈക്കോടതിയിൽ പെൻഡിംഗാണ്, സർക്കാർ റിവിഷൻ പെറ്റീഷൻ കൊടുത്തിട്ടുണ്ട്. നൂറു വർഷത്തെ പഴക്കമുള്ള ഈ സംഭവവുമായി ബന്ധപ്പെടുത്തി ഏറ്റവും അവസാനം വന്നിട്ടുള്ള ഹൈക്കോടതിയുടെ വിധിയിലെ പരാമർശവുമായി

ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട കെ. എം. മാണി ചില ആവശ്യങ്ങൾ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ വിശദീകരണക്കുറിപ്പിൽ പറയുന്നു, "ആയതിനാൽ സർക്കാർ ഈ വിഷയം ഗൗരവമായി എടുത്ത് കേസ് ജയിക്കുവാനുള്ള ക്രിയാത്മക പ്രവർത്തനങ്ങൾ നടത്തണം; കേസ് നടത്തിപ്പിലുണ്ടായിട്ടുള്ള വീഴ്ചകൾ പരിഹരിക്കണം; ആവശ്യമുണ്ടെങ്കിൽ സുപ്രീംകോടതി അഭിഭാഷകരെ നിയോഗിക്കണം; കൂടാതെ കുടിയിറക്ക് ഭീഷണി ഒഴിവാക്കി കർഷകരെ സംരക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം." റിസർവ് ആയി പ്രഖ്യാപിച്ച ഈ സ്ഥലത്ത് കുറച്ച് കർഷകർ വളരെ വർഷങ്ങളായി താമസിക്കുന്നുണ്ട്. 1-1-1977-ന് മുൻപുതന്നെ താമസിക്കുന്നവരും അവിടെയുണ്ട്. അവരുടെ ലിസ്റ്റ് സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. 414 പേരുടെ ലിസ്റ്റാണ് തയ്യാറാക്കിയത്, ചിലപ്പോൾ വിട്ടുപോയവർ കാണുമായിരിക്കാം. ആ ലിസ്റ്റ് നിലവിലുണ്ട്. അവർ ഈ പറയുന്ന കട്ട് ഓഫ് ഡേറ്റിന് മുൻപുതന്നെ താമസിക്കുന്നവരാണ്. സ്വാഭാവികമായും അവർക്ക് നേരത്തെ കൈവശ രേഖയും കിട്ടിയിട്ടുള്ളതാണ്. ഗവൺമെന്റ് ഇവർക്ക് കൈവശ രേഖ ഇഷ്യൂ ചെയ്തിട്ടുണ്ട്. കൈവശ രേഖ ലഭിച്ചിട്ടുള്ള കർഷകരെ സംബന്ധിച്ച് അങ്ങനെയൊരു കുടിയിറക്കലിന്റെ ഭീഷണി നിലനിൽക്കുന്നില്ല. അങ്ങനെയൊരാവശ്യം നിലവിലില്ല, സർക്കാർ അതിന് ശ്രമിക്കില്ല. ദീർഘനാളായി അവിടെ താമസിക്കുന്നവരെ കുടിയിറക്കരുതെന്ന് മാത്രമല്ല, അവർക്ക് പട്ടയം നൽകണമെന്നുള്ളതാണ് സർക്കാർ നിലപാട്. അവിടെയുള്ള കുടിയേറ്റ കർഷകർക്ക് വേണ്ടിയാണ് പറയുന്നതെങ്കിൽ, അക്കാര്യത്തിൽ ഒരാശങ്കയും ശ്രീ. കെ. എം. മാണിക്ക് ആവശ്യമില്ല.

രണ്ടാമത്തെ കാര്യം, ആറ്റിപ്ര, കരിക്കാട്ടൂർ റിസർവ്വുകളെക്കുറിച്ചാണ്. കരിക്കാട്ടൂർ റിസർവ്വാണ് ഇതിൽ ഏറ്റവും കൂടുതൽ വിസ്തൃതിയുള്ളത്, 2520 ഏക്കർ വിസ്തൃതിയുണ്ട്. ഇതിന്റെ അന്തിമ വിജ്ഞാപനം വന്നുകഴിഞ്ഞു. ബാക്കി രണ്ടിനെയും സംബന്ധിച്ച് ഇന്റർ-സേ (inter-se) നോട്ടിഫിക്കേഷൻ മാത്രമാണ് വന്നത്. 2520 ഏക്കർ വിസ്തൃതിയുള്ള കരിക്കാട്ടൂർ റിസർവിന്റെ അന്തിമ വിജ്ഞാപനം വന്നതിനാൽ അതിനകത്ത് യാതൊരു വിധത്തിലുമുള്ള ക്ലെയിമും ആർക്കും അവകാശപ്പെടാൻ സാധിക്കില്ല. ഇതിലെ ക്ലെയിമന്റ്സ് എന്ന് പറയുന്നത് മാധവൻ പിള്ളയും ചെറിയത്ത് ജോസഫ് എന്നയാളുമാണ്. ഇവർ രണ്ടുപേരുമാണ് ക്ലെയിമുമായി വന്നിട്ടുള്ളത്. അവരുടെ ക്ലെയിമുകൾ കേട്ടതിനുശേഷം, 1955-ൽ ക്ലെയിം നമ്പർ 2, ക്ലെയിം നമ്പർ 4 & 14 ഇവയെല്ലാം യഥാർത്ഥത്തിൽ സെറ്റിൽമെന്റ് ഓഫീസർ നിരാകരിച്ചു. അതിനെതിരായി ക്ലെയിമന്റ്സ് ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു, അതിൽ അവർക്കനുകൂലമായി വിധിവന്നു.

അതിനെതിരായി വനം വകുപ്പ് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ സബ്കോടതി വിധി റദ്ദ് ചെയ്തുകൊണ്ട് സർക്കാരിന്റെ സ്റ്റാൻഡ് അംഗീകരിക്കുകയാണുണ്ടായത്. അതിനെത്തുടർന്ന് അവർ വീണ്ടും സുപ്രീംകോടതിയിൽ പോയി. എം.എസ്.എ. 1/1981 എന്ന കേസ് സുപ്രീം കോടതിയിൽ ഫയൽ ചെയ്തു, അതിൽ വാദം കേട്ട സുപ്രീംകോടതി അത് റിമാൻഡ് ചെയ്തു. റിമാൻഡ് ചെയ്ത കേസ് ഹൈക്കോടതിയിലേയ്ക്ക് വീണ്ടും അയച്ചു. ഹൈക്കോടതി വീണ്ടും ദീർഘനാൾ വാദം കേട്ടു. 30 ദിവസമാണ് വാദം നടന്നിരിക്കുന്നത്. ആ മുപ്പത് ദിവസവും സർക്കാർ നിയോഗിച്ച സ്പെഷ്യൽ പ്രോസിക്യൂട്ടർ അവിടെ ഹാജരായിരുന്നു, അദ്ദേഹത്തിന്റെ സാന്നിധ്യത്തിലാണ് വാദം നടന്നത്, അദ്ദേഹവും വാദം പറഞ്ഞു. കൂടാതെ ആർഗ്യുമെന്റ് നോട്ട് നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട കെ. എം. മാണിക്ക് വക്കീലെന്ന നിലയ്ക്ക് ഇക്കാര്യങ്ങൾ അറിയാമല്ലോ, ആർഗ്യുമെന്റ് നോട്ടും ഫയൽ ചെയ്തിട്ടുണ്ട്. യാതൊരുവിധ വീഴ്ചയും ഈ കേസുകൾ നടത്തുന്ന കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

അവിടെ 1977-നുമുമ്പ് താമസിച്ചിരുന്നവർ നോട്ടിഫൈഡ് ഏരിയയ്ക്കകത്ത് വരുമെങ്കിലും 1977-നുമുമ്പുതന്നെ ഭൂമിയുടെ കൈവശക്കാരായതിനാൽ അവർക്ക് പട്ടയം കൊടുക്കണമെന്നതന്നെയാണ് സർക്കാരിന്റെ സ്റ്റാൻഡ്. ബഹുമാനപ്പെട്ട കെ.എം. മാണി റവന്യൂ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ ഭൂരഹിതരായ കർഷകർക്ക് കൈവശരേഖയാണ് കൊടുത്തത്. എന്തുകൊണ്ടാണ് അന്ന് പട്ടയം കൊടുക്കാതിരുന്നത്? അങ്ങേയ്ക്ക് നിയമം അറിയാവുന്നതുകൊണ്ടായിരിക്കണം പട്ടയം കൊടുക്കാത്തത്. ആ കൈവശരേഖ ഇപ്പോഴും നിലവിലുണ്ട്. അവിടെ വസിക്കുന്നവരെ ഒഴിപ്പിക്കേണ്ട കാര്യമില്ല. ക്ലെയിമന്റ്സിന് ടൈറ്റിലുണ്ടെന്ന ഫൈൻഡിംഗ് ഹൈക്കോടതിയിൽനിന്ന് ഉണ്ടായെങ്കിലും 10-1-2018-ലെ ഹൈക്കോടതി വിധിയിൽ സർക്കാരിന് അനുകൂലമായിട്ടുള്ള സംഗതികൂടി ഉൾപ്പെട്ടിട്ടുണ്ട്. അതിൽ പറയുന്നത്, 'The learned district judge has gone beyond the scope of the proceedings and also the subject matter of this... The finding as regards the notification relating Karikkattoor reserve is liable to be set aside and we do so' എന്നാണ്. ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള കരിക്കാട്ടൂർ എന്ന പ്രദേശത്തിനെതിരായി ജില്ലാ കോടതിയുടെ ഫൈൻഡിംഗുണ്ടായിരുന്നു. ഈ വിധി പ്രകാരം ആ ഫൈൻഡിംഗ് കോടതി അസ്ഥിരപ്പെടുത്തിയിരിക്കുകയാണ്. ആ പ്രദേശത്തെ സംബന്ധിച്ച് ഇനി ആർക്കും ക്ലെയിം ചെയ്യാൻ കഴിയില്ല. അതുപോലെ, ആലിപ്ര, വലിയകാവ് പ്രൊപ്പോസ്ഡ് റിസർവുകളുടെ കാര്യത്തിൽ, 1971-ലെ The Kerala Private Forests Vesting and

Assignment Act, 2003-ലെ The Kerala Forest (Vesting and Management of Ecologically Fragile Lands) Act എന്നിവ പ്രകാരം ടി വസ്തുക്കൾ സ്വാഭാവികമായിത്തന്നെ സർക്കാരിൽ നിക്ഷിപ്തമാകുന്നതിനുള്ള വ്യവസ്ഥകൾ ഉള്ളതിനാൽ ഈ സ്ഥലങ്ങൾ ക്ലെയിം ചെയ്തിട്ടുള്ളവർക്ക് തിരിച്ച് നൽകേണ്ടവയല്ല എന്ന് കോടതിതന്നെ പറയുന്നുണ്ട്. ജഡ്ജ്മെന്റിൽ ഇങ്ങനെ പ്രതിപാദിക്കുമ്പോൾ പിന്നെ എന്തിനാണ് ഭയക്കുന്നത്? ഈ വിധിയിലൂടെ വനം സംരക്ഷിക്കപ്പെടുകയാണ്. എങ്കിലും ക്ലെയിമന്റ്സിന് ടൈറ്റിലുണ്ട്. രാജാവ് കൊടുത്ത തീട്ടം മറ്റുമാണ് അവർ ഹാജരാക്കിയതെന്നാണ് പറയുന്നത്. ആ നിലയിലുള്ള ഫൈൻഡിംഗാണ് വന്നിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളത്. റിവിഷൻ പെറ്റീഷൻ നമുക്ക് എതിരായി വന്നാൽ സുപ്രീംകോടതിയിൽ പോകാനും അവസരമുണ്ട്. ഒരിഞ്ച് വനഭൂമിപോലും സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കുന്ന വിഷയമേ വരുന്നില്ല. വിട്ടുകൊടുക്കാൻ ഈ വിധിയിൽ പറയുന്നുമില്ല. അങ്ങയുടെ കയ്യിൽ വിധിയുടെ പകർപ്പ് കാണുമെന്നാണ് എന്റെ ധാരണ. കൃഷിക്കാരുടെ വിഷയത്തിൽ നമുക്കെല്ലാവർക്കും ഒരേ താൽപ്പര്യമാണുള്ളത്. അവർക്ക് പട്ടയം നൽകണമെന്നുതന്നെയാണ് സർക്കാരിന്റെ താൽപ്പര്യം.

ശ്രീ. അടൂർ പ്രകാശ് : സർ, കൊടുത്തതുതന്നെ ക്യാൻസൽ ചെയ്യുകയാണ്.

ശ്രീ. കെ. രാജു : സർ, അത് വേറെ വിഷയമാണ്.

മി. സ്പീക്കർ : ശ്രീ. അടൂർ പ്രകാശ്, അങ്ങ് ഇരിക്കണം. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ.

ശ്രീ. കെ. രാജു: സർ, കാര്യങ്ങളെല്ലാം വളരെ വ്യക്തമാണ്, ഇതിൽ ഫൗൾ പ്ലേയോ മറ്റ് കാര്യങ്ങളോ ഒന്നുമുണ്ടായിട്ടില്ല. അദ്ദേഹം പറയുന്ന രീതിയിലുള്ള ആശങ്ക വേണ്ട, കർഷകരെ ഒഴിപ്പിക്കുകയില്ല. അതോടൊപ്പം വനഭൂമി സംരക്ഷിക്കണമെന്നതും വളരെ പ്രധാനമാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ ഉറച്ച സ്വരത്തിൽ ഒരു കുഴപ്പവുമില്ല എന്നുപറഞ്ഞതിൽ ആശ്വാസമുണ്ട്. പക്ഷേ കാര്യങ്ങൾ അങ്ങനെയല്ല നടക്കുന്നത്. ഇക്കാര്യത്തിൽ വളരെയധികം ആശങ്കയുണ്ട്. കോട്ടയം ജില്ലയിൽ 7000 ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന വനമേഖലയാണ് പൊന്തൻപുഴ. 1905-ൽ മാധവറാവു ദിവാനായിരുന്ന കാലഘട്ടത്തിലാണ് ഈ മേഖല വനമായി നോട്ടിഫൈ ചെയ്തത്. എന്നാൽ വനത്തിന്റെ ഉടമസ്ഥാവകാശം ക്ലെയിം ചെയ്തുകൊണ്ട് സ്വകാര്യ വ്യക്തികൾ കോടതിയെ സമീപിച്ചു. സ്വകാര്യ

വ്യക്തികൾ കോടതിയെ സമീപിച്ചപ്പോൾ ജില്ലാ കോടതി ഇത് സ്വകാര്യ വ്യക്തിയുടേതാണെന്ന് വിധിക്കുകയും ഈ വിധിയെ ചോദ്യം ചെയ്തുകൊണ്ട് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. ഹൈക്കോടതി സിംഗിൾ ബെഞ്ച് 1981-ലും ഫുൾ ബെഞ്ച് 2001-ലും സർക്കാരിന് അനുകൂലമായി വിധി പ്രഖ്യാപിച്ചു. സ്വകാര്യ വ്യക്തികൾ ഇതിനെതിരെ വീണ്ടും സുപ്രീംകോടതിയിൽ അപ്പീൽ നൽകിയെങ്കിലും വസ്തുതകൾ കൃത്യമായി പരിശോധിക്കാനായി കേസ് വീണ്ടും ഹൈക്കോടതിയിലേയ്ക്ക് തിരിച്ചയച്ചു. ഹൈക്കോടതിയിൽ കേസ് കാര്യക്ഷമമായി നടത്തിയില്ല എന്ന ആക്ഷേപം നിലനിൽക്കുന്നു. മുമ്പ് സർക്കാരിന് അനുകൂലമായി ലഭിച്ച കോടതി വിധികൾ വാദത്തിനിടയിൽ ചൂണ്ടിക്കാണിക്കുന്നതിനോ ആവശ്യമായ തെളിവുകൾ കൃത്യസമയത്ത് ഹാജരാക്കുന്നതിനോ സാധിച്ചില്ല. ഇതിലൊക്കെ വീഴ്ച സംഭവിച്ചതായി ആക്ഷേപമുണ്ട്. അതുപോലെ അവകാശം ഉന്നയിച്ച സ്വകാര്യ വ്യക്തിയുടെ ചെമ്പ് പട്ടയത്തിന്റെ ആധികാരികതയെ ചോദ്യം ചെയ്തില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അഡ്വ. സുശീല ഭട്ടിനെ മാറ്റി പകരം നിയമിച്ച സർക്കാർ അഭിഭാഷകൻ പൊന്തൻപുഴ വനത്തെ കുറ്റിക്കാട് എന്ന് വിശേഷിപ്പിച്ചാണ് റിപ്പോർട്ട് നൽകിയത്. ഈ റിപ്പോർട്ട് കാരണമാണ് ഹൈക്കോടതിയിൽ നമുക്കെതിരായി ജഡ്ജ്മെന്റ് വന്നത്. പൊന്തൻപുഴ വനത്തെ കുറ്റിക്കാടെന്ന് റിപ്പോർട്ട് നൽകിയ ഹൈക്കോടതി അഭിഭാഷകനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് സർക്കാർ വ്യക്തമാക്കണം. ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. വനം വകുപ്പ് ഈ റിപ്പോർട്ട് തിരുത്തണമെന്ന് ആവശ്യപ്പെട്ടുമില്ല. അതിൽ വളരെ കൃത്യവിലോപം വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായി. കുറ്റിക്കാട് എന്നുപറഞ്ഞത് ശരിയല്ല എന്ന് പറയേണ്ടതായിരുന്നു. വനം വകുപ്പിന്റെ അനാസ്ഥയുടെ ഫലമായി കഴിഞ്ഞ ജനുവരി 10-ാം തീയതി ഹൈക്കോടതി പൊന്തൻപുഴ വനം സ്വകാര്യ ഭൂമിയായി പ്രഖ്യാപിച്ചു. ഭൂമിയുടെ അവകാശവാദം ഉന്നയിക്കുവാൻ ട്രിബ്യൂണലിനെ സമീപിക്കുവാൻ ഹൈക്കോടതി സ്വകാര്യ വ്യക്തികൾക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഈ വനമേഖലയുടെ ഉടമസ്ഥാവകാശം മിക്കവാറും നഷ്ടപ്പെടാനുള്ള സാഹചര്യമാണുള്ളത്. ഗോദവർമ്മ തിരുമുൽപ്പാടിന്റെ കേസിൽ 1996 ഡിസംബർ 12-ന് സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ, സർക്കാർ രേഖകളിൽ ഒരിക്കലെങ്കിലും വനമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രദേശം എന്നേയ്ക്കും വനമായി തുടരുമെന്നാണ് പറഞ്ഞിട്ടുള്ളത്.ഈ വിധിന്യായം കോടതിയിൽ ചൂണ്ടിക്കാണിക്കാതിരുന്നതിനാൽ സർക്കാർ അഭിഭാഷകന്റെ ഭാഗത്തുനിന്ന് വലിയ വീഴ്ചയാണ് വന്നിരിക്കുന്നത്. ഇതൊക്കെ സർക്കാർ പരിശോധിക്കേണ്ടതാണ്. പൊന്തൻപുഴയുടെ

ഉടമസ്ഥാവകാശം സർക്കാരിന് നഷ്ടപ്പെട്ടാൽ എന്തെല്ലാം പ്രത്യാഘാതങ്ങളാണ് ഉണ്ടാകുന്നതെന്ന് ആലോചിച്ചിട്ടുണ്ടോ? വനം വകുപ്പിന് വലിയകാവ് റിസർവ്വിലെ കരിയം പ്ലാവ് ഗാർഡ് സ്റ്റേഷൻ നഷ്ടപ്പെടും, മണിമലയാറ്റിൽ പതിക്കുന്ന ഉരുളുകുഴി തോടുൾപ്പെടെ രണ്ട് അരുവികൾ സ്വകാര്യ വ്യക്തികളുടേതായി മാറും, കൂടാതെ വനത്തിന് ചുറ്റുമുള്ള ഭാഗങ്ങളിൽ വസിക്കുന്ന കർഷകർക്ക് പട്ടയം ലഭിക്കാതെയുമാകും. 2006-ലെ സർക്കാർ ഭൂരഹിതരായ കർഷകർക്ക് കൈവശരേഖ നൽകിയിരുന്നു. എന്തുകൊണ്ട് പട്ടയം നൽകിയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചത്. കൈവശ രേഖയാണ് ആദ്യത്തെ നടപടി. കൈവശരേഖ നൽകിയശേഷം പട്ടയം നൽകും. സർക്കാരിന്റെ ഉടമസ്ഥാവകാശം നഷ്ടപ്പെട്ടാൽ ഈ കർഷകർ കുടിയിറക്കു ഭീഷണി നേരിടേണ്ടിവരും. ആയതിനാൽ സർക്കാർ ഇക്കാര്യം വളരെ ഗൗരവപൂർവം പരിഗണിച്ചുകൊണ്ട് കേസ് ജയിക്കാനുള്ള ക്രിയാത്മകമായ നടപടികൾ അവലംബിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേസ് നടത്തിപ്പിൽ വീഴ്ചകൾ വരുത്തിയത് സംബന്ധിച്ച് സർക്കാർ അന്വേഷിക്കണം. സുപ്രീംകോടതിയിലെ സീനിയറായ അഭിഭാഷകനെ നിയമിച്ച് കേസ് നല്ല രീതിയിൽ നടത്തണം. കർഷകരെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതുകൊണ്ട് വളരെ സുപ്രധാനവും അടിയന്തരവും സ്ഫോടനാത്മകവുമായ ഈ വിഷയം നിയമസഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: പ്രസ്തുത വനഭൂമി ശ്രീ. രാജു എബ്രഹാമിന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. അദ്ദേഹം മുൻപ് സബ്മിഷനായി എഴുതിത്തന്നെങ്കിലും അന്ന് അവതരിപ്പിക്കാനുള്ള അവസരം ലഭിച്ചില്ല. ..... (ബഹളം)...... അദ്ദേഹം ഒരു വാക്ക് പറയട്ടെ. സഭയിൽ വന്ന അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യ്ക്ക് അവസരം നൽകുന്നത് ആദ്യമായിട്ടാണോ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങനെയാണെങ്കിൽ ഈ വിഷയം ചർച്ച ചെയ്യാം. അപ്പോൾ മറ്റ് പലർക്കും അവസരം ലഭിക്കും.

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ സബ്മിഷനുപോലും എത്രയോ തവണ അവസരം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: ഇതേ വിഷയത്തിൽ ശ്രീ. രാജു എബ്രഹാം സബ്മിഷൻ ഉന്നയിച്ചെങ്കിലും അന്ന് സഭയിൽ അവതരിപ്പിക്കാൻ അവസരം ലഭിച്ചില്ല. അദ്ദേഹത്തിന് ഒരു വാചകം പറയാൻ അനുവാദം നൽകിയതിൽ എന്താണ് തെറ്റ്? ഭരണ-പ്രതിപക്ഷത്തുള്ളവർക്ക് ഇത്തരത്തിൽ അവസരം നൽകിയിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,...

ശ്രീ. രാജു എബ്രഹാം: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എന്റെ നിയോജകമണ്ഡലമാണ്. .....(ബഹളം)......

മി. സ്പീക്കർ: അദ്ദേഹം ഒരു വാചകം പറയുന്നതിൽ എന്താണ് ഇത്ര അസഹിഷ്ണുത. ഇത് ശരിയല്ല.

ശ്രീ. രാജു എബ്രഹാം: സർ, അങ്ങനെയെങ്കിൽ ഈ കീഴ്‌വഴക്കം ഇവിടെ അവസാനിപ്പിക്കണം.

മി. സ്പീക്കർ: കീഴ്‌വഴക്കം അവസാനിപ്പിക്കാൻ ചെയർ ഉദ്ദേശിക്കുന്നില്ല. ശ്രീ. രാജു എബ്രഹാമിന് ഇതുസംബന്ധിച്ച് ഒരു വാചകം പറയാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ പരാമർശിക്കപ്പെട്ട വനഭൂമി ഡോ. എൻ. ജയരാജിന്റെ മണ്ഡലത്തിലും ഉൾപ്പെടുന്നതാണ്.

മി. സ്പീക്കർ: അദ്ദേഹത്തിനും സംസാരിക്കണമെന്ന ആവശ്യം വന്നാൽ തടസ്സമില്ല.

ശ്രീ. രാജു എബ്രഹാം: സർ, ഡോ. എൻ. ജയരാജിന്റെയും എന്റെയും നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ടതാണ് ഈ വനഭൂമി. പൊന്തൻപുഴയിൽ കൈവശ കൃഷിക്കാർ നിരവധി വർഷങ്ങളായി പട്ടയത്തിനുവേണ്ടി കാത്തിരിക്കുകയാണ്. 1-1-1977 എന്നുള്ള ഈ വ്യവസ്ഥയിൽ അവർക്ക് പട്ടയം ന്യായമായി ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ, അവിടത്തെ സ്വകാര്യ വ്യക്തികൾ കുറച്ചു നാളുകളായി വനം കച്ചവടം ചെയ്യാൻ ശ്രമിക്കുകയാണ്. ഇപ്പോൾ വന്നിട്ടുള്ള കോടതി പരാമർശം സംബന്ധിച്ച് തീർച്ചയായും റിവ്യൂ പെറ്റീഷൻ നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതിനെ സ്വാഗതം ചെയ്യുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആ സ്ഥലം സന്ദർശിക്കുകയും അദ്ദേഹത്തിനുമുന്നിൽ നാട്ടുകാർ ഈ വിഷയങ്ങൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു. ഞാൻ അവിടെ പോകുകയും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച കോടതി വിധി ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ജനങ്ങളോട് സൂചിപ്പിക്കുകയും പ്രത്യേകിച്ച് യാതൊരു ആശങ്കയും വേണ്ടെന്ന് പറയുകയും അക്കാര്യം അവർക്ക് ബോദ്ധ്യപ്പെടുകയും ചെയ്തിരുന്നു. ആ കേസിന്റെ നടത്തിപ്പ് കുറച്ചുകൂടി കാര്യക്ഷമമായി നടത്തേണ്ടിയിരിക്കുന്നുവെന്നുള്ളതും അവർക്ക് പട്ടയം കൊടുക്കണമെന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. ഇല്ലാത്ത ആശങ്ക പ്രചരിപ്പിച്ച് വഴിതിരിച്ചുവിടുന്ന രീതി ശരിയല്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇവിടെ

ബഹളം വയ്ക്കുന്ന പ്രിയപ്പെട്ട സ്നേഹിതർ, 5 വർഷം ഭരിച്ചിട്ടും അവർക്ക് പട്ടയം നൽകാൻ കഴിഞ്ഞില്ലെന്നുള്ളത് ഒരു പരാജയം തന്നെയാണ്. പട്ടയം നൽകാൻ വനം വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണ്. പത്തനംതിട്ട ജില്ലയിൽ വനം വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ പട്ടയം നൽകിയതിനാൽ ആ പട്ടയത്തിന് വിലയില്ല. വനം വകുപ്പിന്റെ എൻ.ഒ.സി.-യോടുകൂടി കൃഷിക്കാർക്ക് പട്ടയം നൽകാനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കേണ്ടത്.

ഡോ. എൻ. ജയരാജ്: സർ,.......(ബഹളം)......

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് എഴുതിത്തന്ന അടിയന്തരപ്രമേയം അദ്ദേഹത്തിനുവേണ്ടി ശ്രീ. കെ. എം. മാണി അവതരിപ്പിക്കുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിന് അവസരം നൽകിയത്. എങ്കിലും ഒന്നോ രണ്ടോ വാചകങ്ങൾ പറഞ്ഞോളൂ.

ഡോ. എൻ. ജയരാജ്: സർ, ഇത് 58 വർഷമായി നടക്കുന്ന കേസാണ്. 2001-ൽ ഈ കേസ് സർക്കാരിന് അനുകൂലമായി വന്നതാണ്. 17 വർഷത്തിനുശേഷം എങ്ങനെയാണ് സർക്കാരിന് പ്രതികൂലമായി വന്നതെന്നുള്ളതാണ് പ്രധാനപ്പെട്ട വിഷയം. രണ്ടാമത്തെ കാര്യം പട്ടയം നൽകാൻ കഴിഞ്ഞില്ലെന്നുള്ളതാണ്. ശ്രീ. അടൂർ പ്രകാശ് റവന്യൂ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ എം.പി.-യായ ശ്രീ. ആന്റോ ആന്റണിയും ഞാനും ചേർന്ന് ഒരു പാക്കേജുണ്ടാക്കി, പട്ടയം നൽകാനുള്ള തീരുമാനമെടുത്തപ്പോൾ, ഈ കേസ് കോടതിയിൽ നിലനിൽക്കുന്നതുകൊണ്ട് പട്ടയം നൽകാൻ പാടില്ലെന്നാണ് അന്ന് അഡ്വക്കേറ്റ് ജനറൽ കൊടുത്ത നിയമോപദേശം. അത്രയും ഗൗരവമായി മുന്നോട്ടുകൊണ്ടുപോയ കേസാണ് ഇപ്പോൾ പരാജയപ്പെട്ടിരിക്കുന്നത് എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, അടിയന്തരപ്രമേയ നോട്ടീസിലും ഇവിടെ ശ്രീ. കെ. എം. മാണി സൂചിപ്പിച്ചതിലുമുള്ള കാര്യങ്ങളിൽ ഒന്ന്, ജയിക്കുന്നതിനുവേണ്ടി സർക്കാർ ഗൗരവമായി കേസ് നടത്തണമെന്നുള്ളതാണ്. ഈ വിധിക്കെതിരായി റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മാണി സാർ പറഞ്ഞതുപോലെ ഗൗരവമായിത്തന്നെയാണ് സർക്കാർ ഈ കേസ് നടത്തുന്നത്. കൂടുതൽ ഗൗരവമായി കേസ് നടത്തുന്നതിന് സർക്കാരിന് യാതൊരുവിധ ബുദ്ധിമുട്ടുകളുമില്ല. രണ്ടാമതായി, കുടിയൊഴിപ്പിക്കൽ ഭീഷണി ഒഴിവാക്കി കർഷകരെ സംരക്ഷിക്കണമെന്നുള്ളതാണ്. 1-1-1977-നുമുമ്പ് അവിടെ കുടിയേറി താമസിക്കുന്ന കർഷകരെ കുടിയൊഴിപ്പിക്കുന്ന വിഷയമില്ല. സർക്കാരിന്റെ നയം അതല്ല.

സർക്കാർ നയം ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. അങ്ങനെയുള്ള കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി പട്ടയം നൽകണമെന്നുള്ളതാണ് സർക്കാർ നയം. ഈ കേസിന്റെ വിധി വന്നതിനുശേഷം പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും നല്ലത്. അല്ലെങ്കിൽ പത്തനംതിട്ട ജില്ലയിൽ തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുകൊണ്ട് ശ്രീ. അടൂർ പ്രകാശ് യാതൊരു നിയമവും പാലിക്കാതെ കുറേയേറെ പട്ടയം കൊടുത്തതുപോലെയാകും. അതിന് എന്തെങ്കിലും വില ഉണ്ടായിരുന്നോ? ......(ബഹളം)...... വനഭൂമി വനം വകുപ്പിന്റെ അനുമതിയില്ലാതെ പതിച്ചുകൊടുത്താൽ അതിന് ഒരു കടലാസിന്റെ വിലപോലും ഉണ്ടാകില്ല; അതാണ് റദ്ദാക്കപ്പെട്ടത്. ഇക്കാര്യത്തിൽ അങ്ങനെയല്ല. അവിടെ താമസിക്കുന്ന ആളുകൾ 1977-നുമുമ്പേ താമസിക്കുന്നവരാണെന്നത് എനിക്കും ബോധ്യമുള്ള കാര്യമാണ്. ആ കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടും, അത് ഈ സർക്കാർ ചെയ്തിരിക്കും. കേസ് വളരെ ജാഗ്രതയോടുകൂടി നടത്തും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേസ് നടത്തിപ്പിന്റെ കാര്യത്തിൽ ഒരു വീഴ്ചയും ഉണ്ടായിട്ടില്ലെന്നും 30 ദിവസം കേസ് നടത്തി കേമമായി വാദിച്ചുവെങ്കിലും കേസ് തോറ്റുപോയെന്നുമാണ് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറഞ്ഞത്. Operation success, Patient died എന്നുള്ളതാണ് ഇതിൽ കാണാൻ കഴിയുന്നത്. വനം വകുപ്പിന്റെ കേസ് നടത്തിപ്പിലെ ഏറ്റവും ഗുരുതരമായ വീഴ്ചയുടെ ദൃശ്യമാണ് പൊന്തൻപുഴ വനത്തിന്റെ കാര്യത്തിൽ കാണാൻ കഴിയുന്നത്. കോട്ടയം-പത്തനംതിട്ട ജില്ലകളിലെ 7000-ത്തോളം എക്കർ വരുന്ന നിബിഡവനമാണ് ജനുവരി 10-ാം തീയതി നഷ്ടപ്പെട്ടിരിക്കുന്നത്. വളരെ ഗൗരവമായ ഒരു പ്രശ്നമല്ലേയിത്; സംസ്ഥാന സർക്കാർ ഗൗരവത്തിൽ എടുക്കേണ്ട വിഷയമായിരുന്നില്ലേ ഇത്? ഇത്തരത്തിൽ ഒരു കോടതിവിധി വന്നതിന്റെ ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനല്ലെങ്കിൽ പിന്നെ ആർക്കാണ്? ഹൈക്കോടതിയിൽ ഒരു അഭിഭാഷകൻ കേസ് തോറ്റുകൊടുത്തതുകൊണ്ടുമാത്രം സംഭവിച്ച കാര്യമായി നമുക്കിതിനെ നിസ്സാരവൽക്കരിക്കാൻ കഴിയുമോ? ഇതിന്റെ പിന്നിൽ ഒരു ഗൂഢാലോചന ഉണ്ടെന്നുള്ളത് ഇന്ന് പുറത്തുവന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. 1905-ൽ തിരുവിതാംകൂർ ദിവാനായിരുന്ന മാധവറാവു സംരക്ഷിത വനമായി പ്രഖ്യാപിച്ച മേഖലയാണിത്. ഗസറ്റ് നോട്ടിഫിക്കേഷൻ എന്റെ കയ്യിലുണ്ട്. 1958-ൽ ഫോറസ്റ്റ് കൺസർവേറ്റർ അളന്ന് തിട്ടപ്പെടുത്തി ജണ്ട

ഇടുകയും 1981-ൽ ഹൈക്കോടതി സിംഗിൾ ബഞ്ചും 2000-ൽ ഫുൾ ബഞ്ചും ഈ വനം സർക്കാരിന്റെ അധീനതയിലുള്ളതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 1980-ലെ സെൻട്രൽ ഫോറസ്റ്റ് ആക്ട് അനുസരിച്ച് 1996-ൽ ഗോദവർമ്മ തിരുമുൽപ്പാടിന്റെ കേസിൽ സുപ്രീംകോടതി വിധിയുണ്ട്. അതോടൊപ്പം 2003-ലെ ഇ.എഫ്.എൽ. ആക്ടും 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ് ആക്ടും 1991-ലെ പൊന്തൻപുഴ വനവുമായി ബന്ധപ്പെട്ടും കേരള സർക്കാരിന് അനുകൂലമായ വിധിയുമുണ്ട്.

10.00 AM]

ഈ മൂന്ന് വിധികളും ഇ.എഫ്.എൽ. ആക്ട് ഉൾപ്പെടെയുള്ള ആക്ടുകളും എന്തുകൊണ്ട് ഹൈക്കോടതിയിൽ നമ്മുടെ അഭിഭാഷകൻ വാദിച്ചില്ല? പ്രഗത്ഭനായ അഭിഭാഷകനാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഇതൊന്നും സർക്കാർ ഹൈക്കോടതിയിൽ ചൂണ്ടിക്കാണിച്ചിട്ടില്ല എന്നുള്ളത് ടൈറ്റിൽ ഡീഡ് നഷ്ടപ്പെട്ട വിധിന്യായം വന്നതിന് ഉപോൽബലകമായ കാര്യമാണ്. എന്തുകൊണ്ട് സർക്കാർ ഈ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചില്ല; സർക്കാർ അഭിഭാഷകൻ എന്തുകൊണ്ട് ഈ കാര്യങ്ങൾ പറഞ്ഞില്ല? 1905-ൽ തിരുവിതാംകൂർ മഹാരാജാവിന് തോന്നിയ ദേശസ്നേഹമെങ്കിലും വനം വകുപ്പുമന്ത്രിക്കും ഈ സർക്കാരിനും തോന്നാതിരുന്നത് എന്തുകൊണ്ടാണ്; എത്ര നിസ്സാരമായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യം പറയുന്നത്! പൊന്തൻപുഴയിലെ 7000 ഏക്കർ ഭൂമിയുടെ ടൈറ്റിൽ ഡീഡ് സർക്കാരിന് നഷ്ടപ്പെട്ട കാര്യം അദ്ദേഹം എത്ര ലാഘവത്തോടെയാണ് ഇവിടെ പറഞ്ഞത്! ജൈവ വൈവിദ്ധ്യങ്ങളുടെ കലവറ മാത്രമല്ല, ചരിത്രപരമായ പാരമ്പര്യവുമുള്ള സ്ഥലമാണ് പൊന്തൻപുഴ. മലയരയന്മാർ ആരാധന നടത്തിയ ആനപ്പാറയിൽ 100 ഏക്കർ സ്ഥലമുണ്ട്. കൊടുങ്കാട്ടിലെ വനഗുഹാക്ഷേത്രം, ശംഖുപാതാളം തുടങ്ങി നിരവധിയായ ചരിത്ര വസ്തുതകളുള്ള ഒരു സ്ഥലമാണ് പൊന്തൻപുഴ. ഞാൻ അവിടെ കഴിഞ്ഞ ദിവസം സന്ദർശിച്ചിരുന്നു. മാത്രമല്ല, പരിസ്ഥിതിക്ക് വൻതോതിൽ പ്രാധാന്യമുള്ള സ്ഥലമാണ്. കോട്ടയം-പത്തനംതിട്ട ജില്ലകളിലെ നദികളായ മണിമല, പമ്പ എന്നിവ പൊന്തൻപുഴ വനത്തിൽനിന്നാണ് ഉത്ഭവിക്കുന്നത്. അതായത് ചരിത്രപരവും പാരിസ്ഥിതികവുമായി വൻ പ്രാധാന്യമുള്ള കേരളത്തിലെ നിബിഢ വനങ്ങളിലൊന്നായ ഈ വനത്തിന്റെ ടൈറ്റിൽ ഡീഡ് നഷ്ടപ്പെട്ടിട്ടും ബഹുമാനപ്പെട്ട മന്ത്രി ഇതറിഞ്ഞില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. പത്രക്കാർ അദ്ദേഹത്തോട് ചോദിച്ചപ്പോൾ അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ലെന്നാണ് ആദ്യം പറഞ്ഞത്. കൊല്ലവർഷം 948, എ.ഡി. 1772-ൽ തിരുവിതാംകൂർ മഹാരാജാവിൽനിന്ന് എഴുമറ്റൂർ നെയ്തലത്തുർ കോവിലകത്തുനിന്ന് ലഭിച്ച

ഭൂമിയാണ് ഇതെന്ന് പറഞ്ഞ് 283 ആളുകൾ കോടതിയിൽ പോയി. 1960-ൽ കോട്ടയം ജില്ലാ കോടതി പരിശോധിക്കുകയും കേസ് പിന്നീട് എറണാകുളം ജില്ലാ കോടതിയിൽ എത്തുകയും ചെയ്തു. 1979-ൽ സ്വകാര്യ വ്യക്തികൾക്ക് അനുകൂലമായി വിധി വന്നു. നിരവധി തവണ മാറിമാറി വിധിവന്ന ഒരു കേസാണിത്. ഇതിനെതിരെ വനം വകുപ്പ് ഹൈക്കോടതിയെ സമീപിച്ചു. 1981-ൽ ഹൈക്കോടതി സിംഗിൾ ബെഞ്ചും 2001-ൽ ഫുൾ ബെഞ്ചും ഇത് സർക്കാർ ഭൂമിയാണെന്നും സംരക്ഷിത വനമാണെന്നും പ്രഖ്യാപിച്ചു. ഇതിനെതിരെയാണ് സുപ്രീം കോടതിയിൽ അവർ പോയത്. സുപ്രീംകോടതി ഹൈക്കോടതിയോട് പരിശോധിക്കാൻ പറഞ്ഞു. അങ്ങനെയൊരു കേസ് ഹൈക്കോടതിയിലെത്തിയപ്പോൾ പ്രധാനപ്പെട്ട അഭിഭാഷകരെ ഹാജരാക്കി ഈ കേസ് ഫലപ്രദമായി സുപ്രീംകോടതിയിൽ വാദിക്കുന്ന കാര്യത്തിൽ Mr. Forest Minister, you have completely failed in protecting the reserve forest of Kerala എന്നാണ് എനിക്ക് പറയാനുള്ളത്. അതാണ് ഇവിടത്തെ പ്രശ്നം. മാത്രമല്ല, വനഭൂമിയിൽ സർക്കാരിന് അവകാശം സ്ഥാപിക്കുന്ന ഒരു രേഖയും കോടതിയിൽ ഹാജരാക്കാൻ കഴിഞ്ഞില്ല എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. വിലമതിക്കാനാകാത്ത റിസർവ് ഫോറസ്റ്റുകളിൽ സ്വകാര്യ വ്യക്തിക്ക് ടൈറ്റിൽ ഡീഡ് ഉണ്ടെന്നുള്ള നിലയിലേയ്ക്ക് ഹൈക്കോടതിയിൽനിന്നൊരു വിധിന്യായം വന്നതിനെ എങ്ങനെ നിസ്സാരവൽക്കരിക്കാൻ കഴിയും? പൊന്തൻപുഴ വിധിയുടെ കാര്യത്തിൽ റിവിഷൻ പെറ്റീഷന് പോകാൻ കഴിയുമോ; ബഹുമാന്യനായ മുഖ്യമന്ത്രികൂടി ഇക്കാര്യം ശ്രദ്ധിക്കണം. ഈ സംസ്ഥാനത്തെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഈ വിധിയുടെ കാര്യത്തിൽ റിവിഷൻ പെറ്റീഷന് പോകാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് തെറ്റിദ്ധരിപ്പിക്കുന്നതാണ്. സുപ്രീം കോടതിയിൽനിന്ന് മടങ്ങിവന്ന കേസാണ്. ഇതിൽ റിവിഷൻ പെറ്റീഷൻ നിലനിൽക്കില്ലെന്നാണ് നിയമ പണ്ഡിതർ പറയുന്നത്. ഇത് പരിശോധിക്കണം. സുപ്രീംകോടതിയിൽനിന്ന് റിമാൻഡ് ചെയ്ത കേസായതുകൊണ്ട് ഹൈക്കോടതിയിൽ റിവിഷൻ പെറ്റീഷൻ നിലനിൽക്കുമോ എന്നുള്ള കാര്യത്തിൽ നിയമപണ്ഡിതർ വ്യത്യസ്ത അഭിപ്രായങ്ങളാണ് പറയുന്നത്. ദീർഘകാലമായി ഇതിനുള്ള കരുക്കൾ നീക്കുകയായിരുന്നു. കുറേ സ്വകാര്യ വ്യക്തികൾ വലിയ ഗൂഢാലോചന നടത്തിക്കൊണ്ട് ഇതിന്റെ പിന്നാലെ പോകുകയായിരുന്നു.

<u>ശ്രീ. കെ. രാജു</u>: സർ, വിധി എന്താണെന്ന് വായിച്ച് നോക്കിയിട്ടല്ല അങ്ങ് ഈ കാര്യങ്ങൾ പറയുന്നത്. ഏറ്റവും അവസാനം ഹൈക്കോടതിയിൽ നിന്നുണ്ടായ വിധിയിൽ പറയുന്ന ഒരു ഭാഗം ഞാൻ പ്രത്യേകിച്ച് വായിക്കാം. "ആലിപ്ര, വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിന്റെ കാര്യത്തിലും 1977-ലെ കേരള പ്രൈവറ്റ്

വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ് ആക്ട്, 2003-ലെ കേരള ഫോറസ്റ്റ് വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാൻഡ് ആക്ട് എന്നിവയിൽ ടി വസ്തുവകകൾ സ്വാഭാവികമായിത്തന്നെ സർക്കാരിൽ നിക്ഷിപ്തമാകുന്നതിനുള്ള വ്യവസ്ഥകളുള്ളതിനാൽ ടി. സ്ഥലങ്ങൾ ക്ലെയിം ചെയ്തിട്ടുള്ളവർക്ക് തിരിച്ച് നൽകേണ്ടവയല്ല." എന്ന് ഹൈക്കോടതി ഈ വിധിയിൽ പറയുന്നുണ്ട്. എന്ത് മനസ്സിലാക്കിയിട്ടാണ് താങ്കൾ പറയുന്നത്? രാഷ്ട്രീയ നേട്ടത്തിനുവേണ്ടി ഇപ്പോൾ താങ്കൾ അവിടെ പോയെന്നേയുള്ളൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇത് അദ്ദേഹം പലപ്പോഴായി പറഞ്ഞുകൊണ്ടിരിക്കുന്ന വിധിയുടെ പകർപ്പാണ്. ഇതിനകത്ത് റിവിഷൻ പെറ്റീഷനാണ് അദ്ദേഹം പറയുന്ന പോംവഴി. റിവിഷൻ പെറ്റീഷന് പോയാലും പുതിയ എവിഡൻസ് എടുക്കില്ല. ഇവിടെ ചെമ്പ് പട്ടയത്തിന്റെ ഫോട്ടോകോപ്പിയാണ് നൽകിയത്; 4000 ഏക്കർ ഭൂമി സംബന്ധിച്ച് ചെമ്പ് പട്ടയത്തിന്റെ ഒറിജിനൽ ഡോക്യുമെന്റ് നൽകിയില്ല. ആ ഒറിജിനൽ ഡോക്യുമെന്റ് വരാത്തത് നമ്മൾ ചോദ്യം ചെയ്തില്ല. ഇവിടെ നിയമവിദഗ്ദ്ധർ ധാരാളമുണ്ടല്ലോ; ഇന്ത്യൻ എവിഡൻസ് ആക്ട് അനുസരിച്ച് ചെമ്പ് പട്ടയത്തിന്റെ ഫോട്ടോകോപ്പി ഒരിക്കലും തെളിവായി സ്വീകരിക്കാൻ സാധിക്കില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മന്ത്രി വായിച്ച വിധിന്യായം ഇതാണെങ്കിൽ പിന്നെ എന്തിനാണ് റിവിഷൻ പെറ്റീഷന് പോയത്? റിവിഷൻ പെറ്റീഷന് പോകേണ്ട കാര്യമെന്തായിരുന്നു; ഇവിടെ ഒന്നും നഷ്ടപ്പെട്ടിട്ടില്ലെങ്കിൽ പിന്നെ ബഹുമാന്യനായ വനം വകുപ്പുമന്ത്രി, അങ്ങ് എന്തിനാണ് കഷ്ടപ്പെട്ട് റിവിഷൻ പെറ്റീഷന് പോകുന്നത്? ടൈറ്റിൽ ഡീഡ് നഷ്ടപ്പെട്ടുവെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്; ടൈറ്റിൽ ഡീഡ് നഷ്ടപ്പെട്ട സാഹചര്യം എങ്ങനെയുണ്ടായി? കുറേക്കാലമായി ഇതിൽ ഗൂഢാലോചന നടന്നുകൊണ്ടിരിക്കുകയായിരുന്നു. കുറേ നിക്ഷിപ്ത താൽപ്പര്യക്കാർ ഇതിന്റെ പിന്നാലെയുണ്ട്. ബന്ധപ്പെട്ട രേഖകൾ വനം വകുപ്പിൽനിന്ന് അപ്രത്യക്ഷമായി. 2004-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വനം വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ഈ കേസ് ഏറ്റവും ഫലപ്രദമായി വാദിച്ചത്. അന്ന് പൊന്തൻപുഴ സംരക്ഷിക്കാനുള്ള ഗൗരവമായ നീക്കം അഡ്വ. സുശീല ഭട്ടിനെ ചുമതലപ്പെടുത്തി ആരംഭിച്ചത് അങ്ങനെയാണ്. ഡി.എഫ്.ഒ. ലെവലിൽ നടന്ന കേസ് സർക്കാർ തലത്തിലേയ്ക്ക് കൊണ്ടുവന്നത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വനം വകുപ്പുമന്ത്രിയായിരുന്ന 2004-ൽ ആയിരുന്നുവെന്നുള്ളതാണ് സത്യം. കേസിൽ വനം വകുപ്പിന് അനുകൂലമായ സാഹചര്യമാണ് ഉരുത്തിരിഞ്ഞത്. 2006-ൽ വീണ്ടും ഇടതുമുന്നണി സർക്കാർ അധികാരത്തിൽ വന്നു, സുശീല ഭട്ടിനെ മാറ്റി

പകരം വെങ്ങാന്നൂർ ചന്ദ്രശേഖരനെ ഏൽപ്പിച്ചു. ഇത് നിബിഡ വനമല്ല, കുറ്റിക്കാടാണ് എന്ന് അദ്ദേഹമാണ് പറഞ്ഞത്. നിബിഡ വനമല്ല, കുറ്റിക്കാടാണെന്ന് പറഞ്ഞുകൊണ്ട് വെങ്ങാന്നൂർ ചന്ദ്രശേഖരൻ റിപ്പോർട്ട് നൽകി. അതിനെത്തുടർന്നുണ്ടായ സംഭവമാണ്. ഇതിന്റെ തുടർക്കഥയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഹൈക്കോടതിയിൽ പ്രധാനപ്പെട്ട രേഖകളൊന്നും നൽകിയില്ല. കേസ് തോറ്റുകൊടുത്തത് യാദൃശ്ചികമായി സംഭവിച്ചതല്ല. വനസംരക്ഷണ നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഗോദവർമ്മ തിരുമുൽപ്പാട് കേസിലെ സുപ്രീംകോടതി വിധിപോലും ഈ കേസിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. സർക്കാർ രേഖയിൽ ഒരിക്കലെങ്കിലും വനം എന്ന് നോട്ടിഫൈ ചെയ്താൽ പിന്നീട് അത് വനമല്ലാതാക്കാൻ കഴിയില്ല. ഗോദവർമ്മ തിരുമുൽപ്പാട് കേസിലെ സുപ്രധാന വിധി അതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണമെന്ന് പറഞ്ഞത് അതാണ്. ഈ കേസ് നടത്തിപ്പിൽ ഗുരുതരമായ വീഴ്ചയുണ്ടായിരിക്കുന്നു. ഒരു കൂട്ടം സ്വകാര്യ വ്യക്തികൾ ഈ കേസിന്റെ പിന്നാലെ നടക്കാൻ തുടങ്ങിയിട്ട് കാലങ്ങളായി. അവർ ഈ ഭൂമി തട്ടിയെടുക്കാൻ ബോധപൂർവ്വം ശ്രമിക്കുന്നു. ഈ കേസ് നടത്തിപ്പിന്റെ കാര്യത്തിൽ സർക്കാർ അഭിഭാഷകനായ വെങ്ങാന്നൂർ ചന്ദ്രശേഖരൻ 'കുറ്റിക്കാടാണെന്ന്' പറഞ്ഞത് ബോധപൂർവ്വമാണ്. അതൊടൊപ്പം തന്നെ വളരെ ബോധപൂർവ്വമായി ഈ കേസ് സ്വകാര്യ വ്യക്തികൾക്കായി സർക്കാർ തോറ്റുകൊടുത്തുവെന്നുള്ള ഗുരുതരമായ ആരോപണമാണ് ഇവിടെയുള്ളത്. ഇവിടെ റാന്നി എം.എൽ.എ. പറഞ്ഞത് ശരിയാണ്. ഞാൻ അവിടെ പോയപ്പോൾ ജനങ്ങൾ തടിച്ചുകൂടി, അത് വേറൊരു വിഷയമാണ്. അവരുടെ പട്ടയത്തിന്റെ കാര്യത്തിൽ ആർക്കും തടസ്സമില്ല. 1-1-1977-നുമുമ്പ് കുടിയേറിയിട്ടുള്ള മുഴുവൻ ആളുകൾക്കും പട്ടയം നൽകുക എന്നത് ശ്രീ. എ. കെ. ആന്റണി സർക്കാർ എടുത്ത ഒരു തീരുമാനമാണ്. അവർക്ക് പട്ടയം നൽകുന്നതിൽ ആർക്കും എതിർപ്പില്ല. അതല്ല വിഷയം, ഒരുപിടി വനം സ്വന്തമാക്കാൻ ശ്രമിക്കുന്ന, വനം തട്ടിയെടുക്കാൻ ശ്രമിക്കുന്ന ഭൂമാഫിയയ്ക്കുവേണ്ടി ഗവൺമെന്റ് കേസ് തോറ്റുകൊടുത്തു വെന്നുള്ളതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. അത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം. ഇത് ഗുരുതരമായ ഒരു പ്രശ്നമാണ്. റിവിഷൻ പെറ്റീഷൻ നിലനിൽക്കുമോ എന്നുപോലും സംശയമുള്ള കാര്യമാണ്. അതിൽ ഈ സർക്കാർ ഗുരുതരമായ വീഴ്ച സൃഷ്ടിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ സ്വത്ത് സ്വകാര്യ വ്യക്തികൾക്കും ഭൂമാഫിയകൾക്കും നൽകാനുള്ള അവസരമുണ്ടാക്കിയിരിക്കുന്നു വെന്നുള്ളതാണ് പ്രശ്നം. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മന്ത്രി കോടതി വിധി വായിച്ചപ്പോൾ 'ഈ ഭൂമി അവകാശം ഉന്നയിക്കുന്നവർക്ക് തിരികെ നൽകേണ്ടതില്ലായെന്ന് വിധിയിൽ പറയുന്നു' എന്നു പറഞ്ഞു. അതിന് മുമ്പുള്ളത് മാറ്റിവച്ചിട്ടാണ് ഈ ഭാഗം മാത്രം വായിച്ചത്. അതിന് മുമ്പുള്ളത്, '3400 ഏക്കർ തേർച്ചക്കാരുടെ (പിൻതുടർച്ചക്കാരുടെ) അവകാശ രേഖകൾ കോടതി ശരിവച്ചു' എന്നാണ്. അതായത് ഈ കേസിനുപോയവർക്ക് ടൈറ്റിൽ ഡീഡ് കിട്ടി. പക്ഷെ, അത് തിരികെ നൽകേണ്ടതില്ല എന്ന് കൂട്ടത്തിൽ പറഞ്ഞു എന്നുപറയുന്ന ഒരാശ്വാസം മാത്രമാണ് അദ്ദേഹം ഇതിൽ കണ്ടെത്തിയിരിക്കുന്നത്. ഈ റിസർവ് വനത്തിന്മേൽ സ്വകാര്യ വ്യക്തികൾക്ക് ടൈറ്റിൽ ഡീഡ് കിട്ടിയതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. അതിൽ വന്നിട്ടുള്ള വീഴ്ചകൾ പലരും ഇവിടെ ചൂണ്ടിക്കാണിച്ചു. കോടതിയിൽ നമുക്ക് ഏതൊക്കെ കാര്യം ഉന്നയിക്കാമായിരുന്നു. 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമം, 1996-ലെ ഗോദവർമ്മ തിരുമുൽപ്പാട് കേസിലെ സുപ്രീംകോടതി വിധി, 2003-ലെ വനം പരിസ്ഥിതി പ്രദേശങ്ങൾ നിക്ഷിപ്തമാക്കലും പരിപാലനവും നിയമം, 1971-ലെ സ്വകാര്യ വനങ്ങൾ നിഷിപ്തമാക്കലും പതിച്ചുനൽകലും നിയമം, പൊന്തൻപുഴ വനവുമായി ബന്ധപ്പെട്ട് സർക്കാരിന് അനുകൂലമായ 1991-ലെ ഹൈക്കോടതി വിധി തുടങ്ങിയവയെല്ലാം അവതരിപ്പിച്ച് വളരെ ശക്തമായ രീതിയിൽ വാദിച്ചിരുന്നുവെങ്കിൽ നമുക്ക് കിട്ടാവുന്നതിനെയാണ് കുറ്റിക്കാട് എന്നുപറഞ്ഞ് എങ്ങനെയെങ്കിലും ഇത് സ്വകാര്യ വ്യക്തികൾക്ക് ലഭിക്കുന്നതിനുള്ള നിലപാട് സ്വീകരിച്ച് ഈ അവസ്ഥയിലേയ്ക്കെത്തിയത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഇത് സുപ്രീംകോടതിയിൽനിന്ന് റിമാൻഡ് ചെയ്ത് വന്നിട്ടുള്ളതായതുകൊണ്ട് റിവിഷൻ പെറ്റീഷന്റെ ഭാവി എന്തായിരിക്കുമെന്നുള്ളൊരു ആശങ്കയും നമുക്കുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതേ ഭൂമിക്കുതന്നെ പട്ടയം നൽകണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. നിങ്ങൾ എന്ത് താൽപ്പര്യത്തോടുകൂടിയാണ് പറയുന്നത്? ഒരു ഭാഗത്തു പറയുന്നു, ഇത് ഫോറസ്റ്റായി പ്രൊട്ടക്ട് ചെയ്യണമെന്ന്; മറ്റൊരു ഭാഗത്ത് പറയുന്നു, 1977-ലെ പ്രൊട്ടക്ഷൻ നൽകി പട്ടയം കൊടുക്കണമെന്ന്; എന്താണ് നിങ്ങളുടെ അഭിപ്രായം?

ഡോ. എം. കെ. മുനീർ: സർ, കുടിയേറ്റ കർഷകരാണെങ്കിൽ അവരെ പ്രൊട്ടക്ട് ചെയ്യണം.

ശ്രീ. എ. കെ. ബാലൻ: സർ, ഏത് ഭൂമിക്ക്?

ഡോ. എം. കെ. മുനീർ: സർ, 414 ആളുകൾ ഇപ്പോൾ അവിടെയുണ്ട്. വനം വകുപ്പിനോട് ചോദിക്കാതെ ചെയ്തുകൊണ്ടാണ് ഇങ്ങനെ വന്നത്. വനം വകുപ്പും റവന്യൂ വകുപ്പും ഒരുമിച്ചുനിന്ന് സുപ്രീംകോടതിയിൽ പോയാൽ അവർക്ക് സംരക്ഷണം നൽകാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞ സാഹചര്യത്തിൽ അവരുടെ സംരക്ഷണം ഉറപ്പുവരുത്തണം. അതേസമയം ഇത് റിസർവ് വനമായി നിലനിർത്തുന്നതിനും നമുക്ക് നഷ്ടപ്പെട്ട ടൈറ്റിൽ ഡീഡ് തിരിച്ചുകിട്ടുന്നതിനുമുള്ള നടപടിയിൽ ഞങ്ങൾക്ക് ഇപ്പോഴും വിശ്വാസം വരുന്നില്ല. കാരണം, ഇവിടെ പറഞ്ഞതുപോലെ അഡ്വ. സുശീല ഭട്ട് എടുത്തിട്ടുള്ള നിലപാടിൽനിന്ന് വ്യത്യസ്തമായി ഇത് കുറ്റിക്കാടാണെന്ന് പറഞ്ഞ് നമ്മൾ വളരെ ലാഘവത്തോടെ ഇതിനെ കണ്ടതുകൊണ്ടാണ്. ബഹുമാനപ്പെട്ട മാണിസാർ അവതരിപ്പിച്ച പ്രമേയത്തിൽ, ഇത് കാര്യക്ഷമമായി നോക്കിയില്ലെങ്കിൽ സംസ്ഥാനത്തിന് വലിയ നഷ്ടമുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടുതന്നെ ഇത് വിലയിരുത്തണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അങ്ങയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഇല്ലെങ്കിൽ നമുക്ക് ഇത് നഷ്ടപ്പെട്ടുപോകും. 7000 ഏക്കർ വനം എന്നുപറയുന്നത് ചെറുതല്ല. അവിടെനിന്ന് ഉത്ഭവിക്കുന്ന മണിമല, പമ്പ എന്നീ രണ്ട് പ്രധാനപ്പെട്ട നദികളെക്കുറിച്ച് ഇവിടെ പറഞ്ഞു. കോട്ടയം, പത്തനംതിട്ട എന്നീ രണ്ട് ജില്ലകൾക്ക് ശുദ്ധജലം ലഭിക്കുന്നതിനാവശ്യമായ രണ്ട് പുഴകളും ഈ വനത്തിൽനിന്നാണ് ഉത്ഭവിക്കുന്നത്. അതുപോലെ നാഗപ്പാറപോലെയുള്ള ചരിത്രപ്രാധാന്യമുള്ള പല സംഭവങ്ങളും അതിനകത്തുണ്ട്. അതിന്റെ മുഴുവൻ സംരക്ഷണവും നഷ്ടപ്പെടുന്ന രീതിയിലേയ്ക്ക് ഈ വനം സ്വകാര്യ മേഖലയ്ക്ക് പോകും എന്നുള്ള ഗൗരവം പരിഗണിക്കാതെ, ഈ വിഷയം ചർച്ചയ്ക്കെടുക്കാത്ത സാഹചര്യത്തിൽ ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ. എം. മാണി: സർ, പ്രൈവറ്റ് ഫോറസ്റ്റ് പ്രൊട്ടക്റ്റ് ചെയ്യുന്നതിനുപകരം പ്രൈവറ്റ് ഇന്ററസ്റ്റ് പ്രൊട്ടക്റ്റ് ചെയ്യുന്ന സർക്കാർ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും

അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, കോടതിയിൽ സർക്കാരിന് അനുകൂലമായി ഉന്നയിക്കേണ്ട വാദമുഖങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിൽ ഈ സർക്കാർ സമ്പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. ഇവിടെ 7000 ഏക്കർ വനം സർക്കാരിന് നഷ്ടപ്പെട്ടിരിക്കുന്നുവെന്നത് വാസ്തവമാണ്. ബഹുമാനപ്പെട്ട മന്ത്രി റിവിഷൻ പെറ്റീഷനടക്കം നൽകുന്നുവെന്ന് പറയുകയുണ്ടായി. അതിന്റെ നിയമവശങ്ങൾ സ്വാഭാവികമായും പരിശോധിച്ചാൽ മാത്രമേ നിലനിൽപ്പ് എത്രമാത്രമെന്ന് വരുംദിവസങ്ങളിൽ അറിയാൻ കഴിയുകയുള്ളൂ. എന്തായാലും സർക്കാരിന്റെ ഭാഗത്ത് ഈ കേസ് നടത്തിപ്പിൽ ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കണം. ഇക്കാര്യത്തിൽ ശക്തമായൊരു ഗൂഢാലോചനയുണ്ടെന്നാണ് ഞങ്ങൾ ഉന്നയിക്കുന്നത്. എത് രീതിയിൽ ഇത്തരത്തിലുള്ളൊരു വീഴ്ച സംഭവിച്ചു. ഈ കേസിൽ രണ്ടുപ്രാവശ്യം സർക്കാരിന് അനുകൂലമായ വിധി ഉണ്ടായിട്ടുണ്ട്. അതുപോലും കോടതിയുടെ മുമ്പാകെ അവതരിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്ലീഡറിന് പരാജയം സംഭവിച്ചുവെന്നത് ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്നൊരു വിഷയമാണ്. എന്തായാലും ഈ വിഷയം വളരെ ഗൗരവമേറിയതാണ്. നമ്മുടെ വനഭൂമി നഷ്ടപ്പെടുന്നൊരു സാഹചര്യം ഉണ്ടായിരിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചു ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ കാര്യം ചർച്ചചെയ്യാൻ പാടില്ലെന്ന് പറഞ്ഞ് ആദ്യം മുതലേ തടസ്സമുണ്ടാക്കാനുള്ള ശ്രമം നടത്തിയതുതന്നെ ഇതിൽ എന്തൊക്കെയോ ചില ഒളിച്ചുകളികളും കുഴപ്പങ്ങളുമുണ്ടെന്നുള്ളത് പ്രത്യക്ഷമായി ബോദ്ധ്യം വരുന്ന കാര്യമാണ്. രണ്ടുപ്രാവശ്യം കേസിൽ അനുകൂല വിധിയുണ്ടായിട്ടും വീണ്ടും അന്വേഷണത്തിനു വന്നുവെന്ന് പറഞ്ഞാൽ, ഈ പ്രശ്നം വീണ്ടും തുറന്നുകൊടുത്തിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യം കൈകാര്യം ചെയ്തതിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ട്. സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

(പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

# III ശ്രദ്ധക്ഷണിക്കൽ

## (1) നെല്ല് സംഭരണത്തിലെ പ്രതിസന്ധി

ശ്രീ. കെ. വി. വിജയദാസ്: സർ, പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം കാര്യക്ഷമമാക്കണമെന്നും പ്രതിസന്ധിയിൽനിന്നും കർഷകരെ രക്ഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം ഞാനിവിടെ അവതരിപ്പിക്കുന്നത്. സ്വകാര്യ മില്ലുകാരുടെ നിസ്സഹകരണത്തെത്തുടർന്ന് ഒന്നാംവിള നെല്ല് സംഭരണം വളരെ വൈകിയത് നെൽകർഷകരെ ഏറെ വിഷമിപ്പിച്ചിരുന്നു. ഇപ്പോൾ രണ്ടാംവിള കൊയ്ത്ത് തുടങ്ങി, സംഭരണവും തുടങ്ങി. അതിനുശേഷമാണ് മില്ലുകാർ പിന്മാറുമെന്ന ഭീഷണി മുഴക്കിയത്. സർക്കാർ സംയോജിതമായി ഇടപെട്ടതിന്റെ ഫലമായി മില്ലുകാരെ അതിൽനിന്നും പിന്തിരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അത്രയും ആശ്വാസം. പക്ഷെ കർഷകർക്ക് ആശാവഹമായ രീതിയിൽ നെല്ല് സംഭരിക്കാൻ ഇപ്പോഴും കഴിയുന്നില്ല. ഇത്തവണ മഴയില്ലാത്തതുകാരണം ഈർപ്പക്കൂടുതലില്ലാത്തതും ഗുണനിലവാരവുമുള്ള നല്ല നെല്ലാണ് കർഷകർ നൽകുന്നത്. ചാക്ക് നൽകുന്ന ഉത്തരവാദിത്വം മില്ലുകാർക്കാണെന്ന് സപ്ലൈകോയും സപ്ലൈകോയ്ക്കാണെന്ന് മില്ലുകാരും പറഞ്ഞ് തർക്കം നീട്ടിക്കൊണ്ടുപോയി നെല്ല് സംഭരണം മുടക്കുകയാണ് ഇപ്പോൾ മില്ലുകാർ ചെയ്യുന്നത്. നാളിതുവരെ കർഷകർക്ക് ആവശ്യത്തിന് ചാക്ക് നൽകിയിരുന്നത് മില്ലുകാരാണ്. ഇപ്പോൾ ചാക്ക് സപ്ലൈകോ വിതരണം ചെയ്യണമെന്ന് പറയുന്നത് മില്ലുകാരുടെ പുതിയ ഡിമാന്റാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അതിനുപുറമേ ഒരു ഏക്കറിന് 2200 കി.ഗ്രാം നെല്ലാണ് സപ്ലൈകോ കർഷകരിൽനിന്ന് സംഭരിക്കുന്നത്. പഞ്ചായത്തുകളും സർക്കാരും നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിച്ചിട്ടുണ്ട്. ഏക്കറിന് 2500-2600 കി.ഗ്രാം വരെ ഉൽപ്പാദനം വർദ്ധിക്കുമ്പോൾ ഉൽപ്പാദിപ്പിച്ച നെല്ല് സംഭരിക്കാതെ സപ്ലൈകോ കർഷകരെ വലയ്ക്കുകയാണ്. അതുകൊണ്ട് ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കണമെന്നതാണ് ഞങ്ങളുടെ ആവശ്യം. അതിനുപുറമേ ഒന്നാംവിള നെല്ല് സംഭരിച്ചതിന്റെ വിലയായ 21 കോടി രൂപ നാലായിരത്തോളം കർഷകർക്ക് നൽകാനുണ്ട്. അത് ഇനിയും കൊടുത്തു തീർത്തിട്ടില്ല. 70 വയസ്സിനുമുകളിലുള്ള കർഷകർക്ക് വില നൽകില്ലെന്ന നിലപാടാണ് കൊമേഴ്സ്യൽ ബാങ്കുകളെടുത്തിരിക്കുന്നത്. ഇക്കാര്യത്തിൽ ഉറച്ച നിലപാടെടുത്ത് ഈ തുക കർഷകർക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടി

സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. മറ്റൊരു കാര്യം, പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമായി ബന്ധപ്പെട്ടതാണ്. പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റിന് നാല് പഞ്ചായത്തുകൾക്ക് ഒരാൾ എന്ന നിലയിലാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. 1500-2000 കർഷകർ ഒരു പഞ്ചായത്തിൽതന്നെ പാലക്കാട് ജില്ലയിൽ നെല്ല് സംഭരിക്കാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു പഞ്ചായത്തിലെ സ്ഥിതി ഇതാണെങ്കിൽ നാല് പഞ്ചായത്തിന് ഒരാൾ എന്ന തീരുമാനം അപര്യാപ്തമാണ്. നെല്ല് പരിശോധിക്കുന്നത് വൈകുന്നതുകാരണം കൃഷിക്കാർ നിരാശരാണ്; പരിശോധിച്ചാൽത്തന്നെ ചാക്ക് ലഭിക്കുന്നതിന് രണ്ടോ മൂന്നോ ആഴ്ച കാത്തിരിക്കേണ്ടി വരുന്നു; ചാക്ക് ലഭിച്ചാൽ നെല്ല് സംഭരിച്ച് കൊണ്ടുപോകാൻ ഏതാണ്ട് മൂന്ന് ആഴ്ചവരെയുള്ള കാത്തിരിപ്പ്. ഇതെല്ലാം കർഷകർ സഹിക്കുകയാണ്. ഇതിന് പരിഹാരമുണ്ടാക്കുകയാണ് വേണ്ടത്. മാത്രമല്ല സപ്ലൈകോയും മില്ലുകാരും തമ്മിലുള്ള കരാർ പ്രകാരം മില്ലുകാരുടെ വാഹനം വരുന്ന സ്ഥലത്ത് നെല്ല് എത്തിച്ചു കൊടുക്കണം. അവിടെ നിന്നും ചാക്കിലാക്കി, ചാക്ക് തുന്നി, തൂക്കംനോക്കി വാഹനത്തിൽ കയറ്റിക്കൊണ്ടുപോകുന്നതും മില്ലുകാരുടെ ഉത്തരവാദിത്വമാണ്. അതിന് 49 രൂപ സപ്ലൈകോ മില്ലുകാർക്ക് കൊടുക്കുന്നുണ്ട്. എന്നാൽ മില്ലുകാർ ചെയ്യേണ്ട ഈ പണി മുഴുവൻ കർഷകരാണ് ചെയ്തുകൊണ്ടിരിക്കുന്നത്. 12 രൂപ മാത്രമാണ് കയറ്റുകൂലിയിനത്തിൽ മില്ലുകാർ കർഷകർക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. ബാക്കി 37 രൂപയും മില്ലുകാർ തട്ടിയെടുക്കുകയാണ്. ഈ തുക കർഷകർക്ക് ലഭ്യമാക്കണം. ഇങ്ങനെ കർഷകരെ വലിയ തരത്തിൽ ദ്രോഹിക്കുകയും നെല്ല് സംഭരണം വൈകിപ്പിക്കുകയും 16-17 രൂപയ്ക്ക് നെല്ല് ഇതേ സ്വകാര്യ മില്ലുകാർക്ക് നൽകുന്ന സ്ഥിതിയുമാണ് ഇപ്പോൾ പാലക്കാട് ജില്ലയിലുള്ളത്. തൃശ്ശൂർ ജില്ലയിലും അതാണ് സംഭവിക്കുന്നത്. ഇത്തരം ദുരവസ്ഥയിൽനിന്ന് പാവപ്പെട്ട കർഷകരെ രക്ഷിക്കണം. നെല്ല് സംഭരണം ഊർജ്ജിതമായി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സപ്ലൈകോ നേതൃത്വം നൽകണമെന്നാണ് എനിക്ക് ഇവിടെ ആവശ്യപ്പെടാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി പ്രകാരം കേരളത്തിലെ നെൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്നും ഏറ്റെടുത്ത് കേരളത്തിലെ ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതിയുടെ നോഡൽ ഏജൻസിയായി കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് പ്രവർത്തിക്കുന്നത്. പാലക്കാട് ജില്ലയിലെ സപ്ലൈകോയിലേയ്ക്ക് നെല്ല് സംഭരണത്തിന് രജിസ്റ്റർ ചെയ്ത

കർഷകരിൽ പട്ടാമ്പി, മണ്ണാർക്കാട്, ഒറ്റപ്പാലം, പാലക്കാട് താലൂക്കുകളിൽ കൊയ്ത്ത 75% നെല്ലിൽ 60%-ന്റെയും ആലത്തൂർ താലൂക്കിൽ കൊയ്ത്ത 40%-ൽ 35%-ന്റെയും ചിറ്റൂർ താലൂക്കിൽ കൊയ്ത്ത 15%-ൽ 10%-ന്റെയും സംഭരണം പൂർത്തിയാക്കിയിട്ടുണ്ട്. ജില്ലയിലെ നെല്ല് സംഭരണം സുഗമമായി നടപ്പാക്കുന്നതിന് കൃഷി വകുപ്പ് 16 കൃഷി അസിസ്റ്റന്റുമാരുടെ സേവനം സപ്ലൈകോയ്ക്ക് വിട്ടുനൽകിയിട്ടുണ്ട്. കൂടാതെ സപ്ലൈകോ ദിവസ വേതനക്കാരെയും നിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിൽ പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം കൊയ്ത്തിനനുസരിച്ച് യാതൊരു മുടക്കവുംകൂടാതെ സുഗമമായി നടത്തുവാനാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. കർഷകർ പി.ആർ.എസ്. (Paddy Receipt Sheet) ബാങ്കുകളിൽ ഹാജരാക്കിയാൽ കൃഷിക്കാരുടെ അക്കൗണ്ടിലേയ്ക്ക് നെല്ലിന്റെ വില ലഭ്യമാക്കുന്ന പദ്ധതിയിൽ സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. 2017-18-ലെ രണ്ടാംവിള നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പി.ആർ.എസ്. ഹാജരാക്കിയ 1200 കർഷകർക്ക് പി.ആർ.എസ്. ലോൺ മുഖാന്തരം നെല്ല് അളന്നതിന്റെ തുക നൽകിയിട്ടുണ്ട്. എന്നാൽ അതിനുമുമ്പ് 15800 പേരാണ് സപ്ലൈകോയ്ക്ക് നെല്ല് നൽകിയത്. അതിൽ 3600 പേർക്ക് ഇനിയും പണം നൽകാനുണ്ട്. ബാങ്കുകളുടെ കൺസോർഷ്യവുമായുണ്ടാക്കിയ ധാരണയിൽ 70 വയസ്സിനുമുകളിൽ പ്രായമുള്ള കൃഷിക്കാർക്ക് ആ സ്കീം നൽകുന്നതിന് ബാങ്ക് ചില തടസ്സങ്ങൾ പറയുന്നുണ്ട്. അതോടൊപ്പം ഗൾഫിലും മറ്റുമായതിനാൽ സ്ഥലത്തില്ലാത്തവരുടെ പണം നൽകുന്ന കാര്യത്തിലും ചില തടസ്സങ്ങൾ പറയുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളുള്ള 3600-ൽപ്പരം കൃഷിക്കാർക്ക് പണം വേഗം നൽകുന്നതിനായി പാലക്കാട് ജില്ലാ സഹകരണ ബാങ്കുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ വിഷയത്തിൽ തീർപ്പുണ്ടാക്കാൻ കഴിയുമെന്ന കാര്യം ഉറപ്പാണ്. സംസ്ഥാനത്ത് ഈ സീസണിൽ പ്രശ്നങ്ങളൊന്നുമില്ലാതെ വേഗത്തിൽ സുഗമമായി നെല്ല് സംഭരിക്കാനാവശ്യമായ മുന്നൊരുക്കങ്ങൾ സർക്കാർ കാലേക്കൂട്ടിത്തന്നെ നടത്തിയിരുന്നു. ഒട്ടേറെ യോഗങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വിളിച്ചുകൂട്ടി തീരുമാനമെടുത്തത്. സഹകരണ മേഖലയെക്കൂടി ഇതിലുൾപ്പെടുത്താനുള്ള ആലോചന നടന്നുവരികയാണ്. കുട്ടനാട്ടിലും പാലക്കാട്ടും കോട്ടയത്തും നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് യോഗം വിളിക്കുകയും അതിൽ ഞാൻ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. കരിനിലം മേഖലയിലുൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നം നിലനിൽക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം കോട്ടയം ജില്ലയാണ്. കോട്ടയം ജില്ലയിലെ കല്ലറയിലെ കരിനിലത്തിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന്റെ ഗുണമേന്മയുമായി ബന്ധപ്പെട്ട തർക്കമാണ്

അവശേഷിക്കുന്നത്. ആ വിഷയത്തിലും പരിഹാരമുണ്ടാക്കാൻ ഞങ്ങൾ രണ്ട് യോഗങ്ങൾ കൂടി വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നെല്ല് സംഭരിക്കാൻ തീരുമാനിച്ചു. എന്നാൽ ആ തീരുമാനം നടപ്പാക്കുന്നതിൽ മിൽ ഉടമകൾ തയ്യാറാകുന്നില്ലെന്ന വിഷയമുണ്ട്. ആ വിഷയത്തിൽ വീണ്ടും അടിയന്തരമായി ഇടപെട്ട് പരിഹാരമുണ്ടാക്കും. പൊതുവിൽ ഇത്തവണത്തെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സാധാരണയുണ്ടാകുന്ന പ്രശ്നങ്ങൾ കുറേയേറെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അവശേഷിക്കുന്ന പ്രശ്നങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ ആ വിഷയത്തിലിടപെട്ട് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാം.

തൃശ്ശൂരിലെ കൃഷിക്കാരുൾപ്പെടെ ഉന്നയിക്കുന്ന പ്രധാനപ്പെട്ട കാര്യം നെല്ല് കയറ്റിയിറക്കുന്നതിന് കാലങ്ങളായി നൽകുന്ന 12 രൂപ വർദ്ധിപ്പിച്ചു നൽകണമെന്നതാണ്. ആ വിഷയത്തിലും എങ്ങനെ മാറ്റമുണ്ടാക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ഞങ്ങൾ ഗൗരവമായി ആലോചിക്കുന്നുണ്ട്. അതിനും തീരുമാനമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതായാലും നെല്ല് പ്രോസസ് ചെയ്യുന്നതിന് കേന്ദ്ര സർക്കാർ നമുക്ക് നൽകിയിരുന്ന ഫീസിൽ രണ്ടു രൂപയുടെ കുറവ് ഇപ്പോൾ വീണ്ടും വരുത്തിയിരിക്കുകയാണ്. ആ പ്രശ്നംകൂടി മനസ്സിലാക്കിക്കൊണ്ടുവേണം ഇക്കാര്യത്തിൽ തീർപ്പുണ്ടാക്കാനെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയുവാനുള്ളത്. സഹകരണ സംഘങ്ങളെക്കൂടി പി.ആർ.എസ്. ലോണിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ചർച്ചകൾ ഒട്ടേറെ നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് ആ വിഷയം ചർച്ച ചെയ്തിരുന്നു. അതിന്മേൽ തീർപ്പുണ്ടാക്കാൻ തീരുമാനമായിട്ടുണ്ട്. അതിന്റെ കരട് ജി.ഒ. ധനകാര്യ വകുപ്പിനുമുന്നിലാണ്. വൈകാതെ ജി.ഒ. പുറപ്പെടുവിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെയാണെങ്കിൽ ബാങ്കുകളുടെ കൺസോർഷ്യം പാനലിന്റെ പട്ടികയിൽ സഹകരണ ബാങ്കുകൾകൂടി വരുമെന്ന കാര്യമാണ് സൂചിപ്പിക്കുവാനുള്ളത്. അതുപോലെതന്നെ സഹകരണമേഖലയെ പാലക്കാട് ജില്ലയിലെ നെല്ല് സംഭരണത്തിൽ ബന്ധപ്പെടുത്താൻ, നെല്ല് സംഭരിച്ച് പ്രത്യേക ബ്രാൻഡായി സപ്ലൈകോ വഴി വിറ്റഴിക്കാൻ വേണ്ടിയുള്ള ധാരണയാണ് സർക്കാരിന്റെ മുന്നിലുള്ളത്. ആ വിഷയത്തെക്കുറിച്ച് പഠിക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത മീറ്റിംഗിൽ പ്രത്യേക കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാൽ അക്കാര്യത്തിൽ തീരുമാനമുണ്ടാകും. എന്തായാലും നെല്ല് സംഭരണം സംബന്ധിച്ച് കാലേക്കൂട്ടിയുള്ള ഒരുക്കങ്ങൾ നടത്തിക്കൊണ്ടുമാത്രമേ അതിന്മേൽ ഒരു മാറ്റം വരുത്താൻ കഴിയൂവെന്ന് പ്രായോഗികമായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത്തവണ ഈ

രൂപത്തിലുള്ള സംവിധാനത്തിലേയ്ക്ക് പോകേണ്ടിവന്നത്. ഏതായാലും സംസ്ഥാനമൊട്ടാകെ നെല്ല് സംഭരിക്കുന്ന കാര്യത്തിൽ പൊതുവിൽ മെച്ചപ്പെട്ട സ്ഥിതിയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കോട്ടയത്താണ് പ്രശ്നമുള്ളത്. ആ വിഷയത്തിലും പരിഹാരമുണ്ടാക്കും.

ശ്രീ. കെ. വി. വിജയദാസ്: സർ, പാലക്കാട് ജില്ലയിൽ സഹകരണ സംഘങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് നെല്ല് സംഭരിക്കാമെന്നാണ് സഭയിൽ ബഹുമാന്യനായ മുഖ്യമന്ത്രിയടക്കം പ്രസ്താവിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷത്തെ നെല്ല് സംഭരണം ഒരു ടെസ്റ്റ് കേസ് എന്ന നിലയ്ക്ക് സഹകരണ സംഘങ്ങളെ ഏൽപ്പിക്കാൻ തയ്യാറാകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. പി. തിലോത്തമൻ:സർ, സഹകരണ മേഖലയെ നെല്ല് സംഭരണത്തിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ മറ്റ് പ്രശ്നങ്ങളൊന്നുമില്ല. അത് പഠിക്കാനായി കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾക്ക് നെല്ല് സംഭരണം ഏറ്റെടുക്കണമെങ്കിൽ മുൻകൂട്ടി നല്ല തയ്യാറെടുപ്പ് നടത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ടാണ് ഇത്തവണ വായ്പയുമായി ബന്ധപ്പെട്ട വിഷയത്തിൽമാത്രം സഹകരണമേഖലയെക്കൂടി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചത്. നെല്ല് സംഭരിക്കുമ്പോൾ സ്റ്റോക്ക് ചെയ്യാനും പ്രോസസ് ചെയ്യാനുമുള്ള സൗകര്യം വേണം. അതുമായി ബന്ധപ്പെട്ടുവരുന്ന അധികച്ചെലവിന് തീർപ്പുണ്ടാക്കണം. ആ വിഷയത്തെ സംബന്ധിച്ച് മുൻകൂട്ടി തീരുമാനമെടുത്തുകൊണ്ടുമാത്രമേ അതിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളൂ.

(2) കരട് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിലെ അപാകത

ശ്രീ. എം. വിൻസെന്റ്: സർ, 2011-ലെ തീരദേശ പരിപാലന നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ ഇപ്പോൾ തയ്യാറായിവരികയാണ്. ഗുരുതരമായ ക്രമക്കേടുകളോടെയും തീരദേശവാസികളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുമാണ് പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. അതിൽ ഏറ്റവും അപകടകരമായ സി.ആർ.ഇസഡ് 3 കാറ്റഗറിയിലാണ് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തിയിരിക്കുന്നത്. അങ്ങനെ വരുമ്പോൾ 200 മീറ്ററിനകത്തുള്ള പ്രദേശങ്ങൾ നോ ഡെവലപ്മെന്റ് സോണായി മാറും. നിർമ്മാണ പ്രവർത്തനങ്ങൾക്കോ വീട് വയ്ക്കാനോ വീട് പുനരുദ്ധരിക്കാനോ കഴിയില്ല. 200 മീറ്ററിൽ ശുചിമുറികൾപോലും നിർമ്മിക്കാനാകാത്ത തരത്തിൽ മാറും. അതിനപ്പുറത്തുള്ള 300 മീറ്റർ പ്രദേശത്ത്

കണ്ടീഷണലായി മാത്രമേ നിർമ്മാണ പ്രവർത്തനം അനുവദിക്കുകയുള്ളൂ. തീരദേശവാസികളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ സി.ആർ.ഇസഡ്.3 കാറ്റഗറിയിലാണ് ഇവരെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ നോട്ടിഫിക്കേഷനിൽ സി.ആർ.ഇസഡ്.2 കാറ്റഗറിയിൽ നല്ല ഇളവുകളുണ്ട്. അതിൽ പറയുന്നത് - തീര രേഖവരെയോ അതിനുവളരെ അടുത്തുവരെയോ വികസനം നടന്നിട്ടുള്ള പ്രദേശങ്ങൾ എന്നാണ്. അതായത് മുനിസിപ്പൽ പരിധിയിൽ വരുന്ന പ്രദേശങ്ങൾ അല്ലെങ്കിൽ നിലവിൽ നിയമപരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും നല്ല നിലയിൽ രൂപീകരിച്ചിട്ടുള്ളതും അപ്രോച്ച് റോഡുകൾ, മലിനജല നിർഗ്ഗമന സംവിധാനങ്ങൾ എന്നിവയുള്ളതും ജലവിതരണം, ഓടകൾ തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങളുള്ളതുമായ പ്രദേശങ്ങളെയാണ് വികസന പ്രദേശങ്ങളെന്ന് നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്നത്. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും തീരദേശങ്ങളിൽ റോഡുകളുണ്ട്, കുടിവെള്ള സംവിധാനങ്ങളുണ്ട്, ഓടകളുണ്ട്. ഈ പറഞ്ഞ വികസനമെല്ലാം എത്തിയിട്ടുള്ള പ്രദേശങ്ങളാണ് ഇവ. മാത്രമല്ല പല കേസുകളിലും സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള സത്യവാങ്മൂലങ്ങളിൽ പറഞ്ഞിട്ടുള്ളത് - കേരളത്തിലെ ഗ്രാമപ്രദേശങ്ങളെയും നഗരപ്രദേശങ്ങളെയും വേർതിരിച്ചുകാണാൻ കഴിയില്ലെന്നും രണ്ടും സമാനതകളുള്ള പ്രദേശങ്ങളാണെന്നുമാണ്. മാത്രമല്ല, കഠിനംകുളത്തെ ഒരു സ്വദേശി ഗ്രീൻ ട്രിബ്യൂണലിൽ ഇതുസംബന്ധിച്ച് കേസുമായി പോയപ്പോൾ, ഗ്രാമപഞ്ചായത്തിൽപ്പെട്ടുവെന്നതിന്റെ പേരിൽ മാത്രം ഒരു പ്രദേശത്തെ സി.ആർ.ഇസഡ്. 3 കാറ്റഗറിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് ഗ്രീൻ ട്രിബ്യൂണൽ നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷെ ചെന്നൈയിലെ ഹരിത ട്രിബ്യൂണലിന്റെ വിധി വളരെ പെട്ടെന്ന് നടപ്പാക്കാൻ ഇവർ ശ്രമിക്കുകയാണ്. ഒറ്റയടിക്ക് കണ്ണടച്ച് എല്ലാ ഗ്രാമപഞ്ചായത്തുകളെയും സി.ആർ.ഇസഡ്.3-യിൽ ഉൾപ്പെടുത്തി തീരദേശവാസികൾക്ക് ഭാവിയിൽ വളരെ ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കുന്ന തരത്തിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. നിബന്ധനകൾക്കും നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കും വിരുദ്ധമായാണ് പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കരട് പ്ലാൻ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും പ്ലാനിന്റെ കോപ്പി എത്തിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത് എത്തിയിട്ടില്ല. ബാധിക്കപ്പെടുന്ന പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ലഭ്യമാക്കണമെന്ന് മാത്രമല്ല,

തദ്ദേശവാസികളുടെ അഭിപ്രായം തേടിയശേഷം മാത്രമേ കരട് പ്ലാൻ തയ്യാറാക്കാവൂവെന്നും മാധ്യമങ്ങൾവഴിയോ വാർഡുതലങ്ങളിലെ ബോധവൽക്കരണ ക്യാമ്പുകൾ മുഖേനയോ ഈ പ്ലാൻ മുഖാന്തരം നേരിടുന്ന നിയന്ത്രണങ്ങളെപ്പറ്റി തദ്ദേശവാസികളെ ബോധവൽക്കരിക്കണമെന്നുമുള്ള നിർദ്ദേശവും നടപ്പാക്കിയിട്ടില്ല. ഈ നിയമത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന തീരദേശങ്ങളുടെ പ്ലാൻ പ്രത്യേകം പ്രത്യേകം തയ്യാറാക്കണമെന്നും പറഞ്ഞിട്ടുണ്ട്. അതും ഇവിടെ നടന്നിട്ടില്ല. ഇങ്ങനെ നിബന്ധനകൾ പാലിക്കാതെ തയ്യാറാക്കിയിട്ടുള്ള ഈ പ്ലാൻ ഭാവിയിൽ ഗുരുതരമായ പ്രതിസന്ധി തീരദേശവാസികൾക്കുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിന്റെ അടിസ്ഥാനത്തിൽ മൂന്ന് ജില്ലകളിൽ നാളെയും മറ്റന്നാളും ഒമ്പതാം തീയതിയുമായി പബ്ലിക് ഹിയറിംഗ് നടക്കുകയാണ്. പബ്ലിക് ഹിയറിംഗ് നടക്കുന്നതോടുകൂടി ഇത് പൂർണ്ണമായും അംഗീകരിക്കപ്പെടും. അതുകൊണ്ട് ഇപ്പോൾ നടക്കാനിരിക്കുന്ന പബ്ലിക് ഹിയറിംഗ് മാറ്റിവയ്ക്കാനും കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ സി.ആർ.ഇസഡ്.3 കാറ്റഗറി പുനഃക്രമീകരിച്ചുകൊണ്ട്; സർക്കാർ ഇക്കാര്യങ്ങളിൽ അടിയന്തരമായി ഇടപെട്ട് ഒരു തീരുമാനമുണ്ടാക്കി തീരദേശങ്ങളിൽ താമസിക്കുന്ന ലക്ഷക്കണക്കിന് ആളുകളെ രക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമുള്ളതാണ്. സി.ആർ.ഇസഡ്. നിയമത്തിന്റെ കാര്യം പറയുമ്പോൾ എപ്പോൾ വന്നു, എങ്ങനെ നടപ്പായി തുടങ്ങിയ കാര്യങ്ങളിലേയ്ക്കൊക്കെ പോയാൽ ചില തർക്കങ്ങൾ വരും. ആ തർക്കമൊന്നുമല്ല ഇപ്പോഴുള്ള പ്രധാന പ്രശ്നം. യഥാർത്ഥത്തിൽ സി.ആർ.ഇസഡ്. നിയമത്തിലൂടെ നമ്മുടെ നാടിന്റെ സ്വഭാവം മാറ്റാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. കേരളത്തിന്റെ ഒരു ഭാഗം തീരപ്രദേശവും വേറൊരു ഭാഗം മലയോരവും പിന്നെ തണ്ണീർത്തടങ്ങളും എല്ലാം കൂടിയാകുമ്പോൾ കേരളത്തിൽ എവിടെയും തൊടാൻ കഴിയില്ല എന്നുള്ള രീതിയാണുള്ളത്. ഈ രാജ്യത്ത് മറ്റേതെങ്കിലും ഒരു സംസ്ഥാനം ഈ നിലയിലുണ്ടോ? കാരണം മറ്റുള്ളവരെല്ലാം അതത് സംസ്ഥാനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ മഞ്ചേശ്വരം മുതൽ പാറശ്ശാല വരെയെടുത്താൽ യഥാർത്ഥത്തിൽ എല്ലാം നഗരപ്രദേശങ്ങളല്ലേ; എന്തെങ്കിലും വേർതിരിവുണ്ടോ? ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്തെ ഒരു ഗ്രാമത്തിൽ ചെന്നുനോക്കിയാൽ

ഒഴിഞ്ഞുകിടക്കുന്ന ധാരാളം പ്രദേശം, പിന്നെ ഒരു ചെറിയ സ്ഥലം, അതാണ് ഒരു ഗ്രാമം. ഇങ്ങനെയുള്ള ഒരു ഗ്രാമമാണോ കേരളത്തിലുള്ളത്? ഇവിടെ വരിവരിയായി തൊട്ടുതൊട്ടുകിടക്കുകയാണ്. എവിടെയെങ്കിലും ഒഴിവുണ്ടോ? ഈ നാടിന്റെ പ്രത്യേകത ഉൾക്കൊള്ളാൻ മറ്റാളുകൾക്ക് സാധിക്കുമോ? അതാണ് നമ്മുടെ ഏറ്റവും വലിയ പ്രയാസം. അതുകൊണ്ട് ഈ പറഞ്ഞ വികാരത്തെ സർക്കാർ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടുള്ള നടപടി തന്നെയായിരിക്കും ഇക്കാര്യത്തിൽ സ്വീകരിക്കുക. സി.ആർ.ഇസഡ്. നിയമത്തിന്റെ ഭാഗമായി വന്നുചേർന്നിട്ടുള്ള പ്രയാസങ്ങൾ ചെറുതല്ല. തീരദേശമായാലും മറ്റ് നദീതീരങ്ങളായാലും, ഇവിടെയെല്ലാം ഈ പറയുന്ന പ്രശ്നങ്ങൾ വരികയാണല്ലോ. അതുമായി ബന്ധപ്പെട്ട് ഈ പറഞ്ഞ വികാരത്തോട് പൂർണ്ണമായി യോജിക്കുകയാണ്. ഭരണപക്ഷം, പ്രതിപക്ഷം എന്നുള്ള നിലയ്ക്കൊന്നുമല്ല ഇതിനെ കാണേണ്ടത്, ഇത് നമ്മുടെ നാടിന്റെ ഭാവിയെ ബാധിക്കുകയാണ്. നാട്ടിൽ ഒരു കാര്യവും നടത്താൻ കഴിയില്ല എന്നുള്ള അവസ്ഥയാണ് വരുന്നത്. അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകും. സോൺ 3 കാറ്റഗറിയിൽപ്പെടുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ, കാറ്റഗറി 2 ആയാലുള്ള പ്രശ്നങ്ങൾ എന്നിവ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നമുക്ക് പരിശോധിക്കാം. പബ്ലിക് ഹിയറിംഗിന്റെ ഭാഗമായി ഉടനെ തീരുമാനമെടുക്കുകയല്ല ചെയ്യുക, പബ്ലിക് ഹിയറിംഗിന്റെ ഭാഗമായി ആളുകൾ ആക്ഷേപങ്ങൾ കൊടുത്തതിനുശേഷം സാവകാശം കാര്യങ്ങൾ ആലോചിച്ച് തീരുമാനിക്കാം. അതിന്റെ ഭാഗമായേ നടപടികളിലേയ്ക്ക് കടക്കുകയുള്ളൂ.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പബ്ലിക് ഹിയറിംഗിലേയ്ക്ക് ആക്ഷേപങ്ങൾ കൊടുക്കണമെങ്കിൽ ഈ പ്ലാനിനെ സംബന്ധിച്ച് തീരദേശവാസികൾക്ക് അറിവുണ്ടാകണം. ഈ പ്ലാൻ യഥാർത്ഥത്തിൽ പഞ്ചായത്തുകളിലോ മുനിസിപ്പാലിറ്റികളിലോ ലഭ്യമാക്കിയിട്ടില്ല. ഒരു സ്ഥലത്തും പ്രചരണവും നടത്തിയിട്ടില്ല. പിന്നെ പബ്ലിക് ഹിയറിംഗിന് പോയി എന്തുപറയും? ഇതുവഴിയുണ്ടാകുന്ന ദോഷങ്ങളെക്കുറിച്ച് തദ്ദേശവാസികൾ ഒന്നും മനസ്സിലാക്കിയിട്ടില്ല. ഇത് മറച്ചുവച്ചുകൊണ്ടാണ് മുന്നോട്ടുകൊണ്ടുപോകുന്നത്. ഇത് എവിടെയെങ്കിലും പ്രസിദ്ധീകരിച്ചതായി അറിവില്ല. ഇലക്ട്രോണിക് മാധ്യമങ്ങളിലോ പ്രിന്റഡ് മാധ്യമങ്ങളിലോ ഈ പ്ലാനിനെ സംബന്ധിച്ച് ഒരു വിവരവും നൽകിയിട്ടില്ല. ഒരു വിവരവും നൽകാതെ ഇരുട്ടിൽ നിന്നുകൊണ്ട് പബ്ലിക് ഹിയറിംഗിൽ പോയി മറുപടി പറയാനും അവർക്കുണ്ടാകുന്ന ദോഷങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകാനും ജനങ്ങൾക്ക് എങ്ങനെ സാധിക്കും? ഇങ്ങനെയായാൽ ഇതൊരു പ്രഹസനമായി മാറും. അതുകൊണ്ട് അത് നിർത്തിവയ്ക്കണം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

ഈ പ്ലാൻ ലഭ്യമായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അങ്ങനെ ലഭ്യമായിട്ടില്ലെങ്കിൽ അതുമായി ബന്ധപ്പെട്ട തുടർനടപടികളെല്ലാം നിർത്തിവയ്ക്കാം.

## IV സബ്മിഷൻ

### (1) ഹൈമവതിയെ ആക്രമിച്ച സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആലപ്പുഴ ജില്ലയിലെ അരൂർ നിയോജകമണ്ഡലത്തിലെ എഴുപുന്ന പഞ്ചായത്തിലെ പതിനാറാം വാർഡിലെ ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ച യു.ഡി.എഫ്. സ്ഥാനാർത്ഥിയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതയുമായ ഹൈമവതിയെ സി.പി.ഐ.(എം) പ്രവർത്തകർ വീടുകയറി ഗുരുതരമായി ആക്രമിച്ച് പരിക്കേൽപ്പിക്കുകയുണ്ടായി. 28-ാം തീയതി നടന്ന ഉപതെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം) സ്ഥാനാർത്ഥിയും ലോക്കൽ കമ്മിറ്റി സെക്രട്ടറിയുമായ ശ്രീ. സി. എസ്. ജീവൻ 34 വോട്ടിന് ജയിക്കുകയും തുടർന്നുനടന്ന ആഹ്ലാദപ്രകടനത്തിൽ ഹൈമവതിയുടെ വീടിന് മുമ്പിലെത്തിയപ്പോൾ അവരുടെ വീട്ടിലേയ്ക്ക് അതിക്രമിച്ചുകടക്കുകയും അവരെ മാരകായുധങ്ങൾ ഉപയോഗിച്ച് തലയ്ക്ക് മാരകമായി പരിക്കേൽപ്പിക്കുകയും ചെയ്തു. ഹൈമവതിയുടെ സഹോദരിയുടെ 3 വയസ്സുള്ള കുഞ്ഞിനെ എടുത്ത് പുറത്തേയ്ക്ക് എറിഞ്ഞ് ഗുരുതരമായി പരിക്കേൽപ്പിക്കുകയും ഇവരെ ആശുപത്രിയിലെത്തിക്കാൻ ശ്രമിച്ച നാട്ടുകാരിൽ ചിലരെ സി.പി.ഐ.(എം) സംഘം ഭീഷണിപ്പെടുത്തി ഓടിക്കുകയും ചെയ്തു. ഹൈമവതി ഇപ്പോൾ ആലപ്പുഴ മെഡിക്കൽ കോളേജിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. ഞാൻ അവിടെ പോയി അവരെ കണ്ടതാണ്. ഇതിൽ അഞ്ചുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും ഈ കേസിലെ പ്രധാന പ്രതിയായ ലോക്കൽ കമ്മിറ്റി സെക്രട്ടറി ശ്രീ. സി. എസ്. ജീവനെ ഇതുവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. മാത്രമല്ല, ഇതിൽ എസ്.സി./എസ്.ടി. അട്രോസിറ്റീസ് ആക്ട് മാത്രമുപയോഗിച്ച് കേസെടുക്കുകയും വധശ്രമത്തിന് കേസെടുക്കാതിരിക്കുകയും ചെയ്ത് പ്രതിയെ രക്ഷപ്പെടുത്താൻ വേണ്ടിയുള്ള ശ്രമം നടക്കുകയാണ്. അതുകൊണ്ട് ഈ കേസിലെ മുഴുവൻ പ്രതികളെയും അടിയന്തരമായി നിയമത്തിനുമുമ്പിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എ. എം. ആരിഫും ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. എ. എം. ആരിഫ്: സർ, ഇക്കാര്യത്തിൽ അങ്ങ് പറഞ്ഞതല്ല വസ്തുത. ആറ് മാസം മുമ്പ് ഉപതെരഞ്ഞെടുപ്പ് നടന്നിരുന്നു. പ്രസ്തുത തെരഞ്ഞെടുപ്പിൽ

സ്വതന്ത്രയായി മത്സരിച്ച് 273 വോട്ട് നേടിയ സ്ഥാനാർത്ഥിയെ ഇത്തവണ യു.ഡി.എഫ്. പിന്തുണയ്ക്കുകയാണ് ചെയ്തത്. അന്ന് എൽ.ഡി.എഫ്.-ന് 307-ഉം യു.ഡി.എഫ്.-ന് 238-ഉം ബി.ജെ.പി.-ക്ക് 156 വോട്ടുമാണ് ലഭിച്ചത്. അത്രയും വോട്ട് കിട്ടിയ സ്ഥലത്ത് ആറ് മാസം മുമ്പ് നടന്ന ഉപതെരഞ്ഞെടുപ്പിൽ സ്വതന്ത്രയായി മത്സരിച്ച് 273 വോട്ട് നേടിയ സ്ഥാനാർത്ഥിയെയാണ് യു.ഡി.എഫ്. പിന്തുണച്ചത്. അവരുടെ വോട്ട് എല്ലാംകൂടി ചേർന്ന് വരികയാണെങ്കിൽ 260 വോട്ടിന്റെ ഭൂരിപക്ഷത്തിലെങ്കിലും ജയിക്കേണ്ടതായിരുന്നു. അവിടെ എൽ.ഡി.എഫ്. 492 വോട്ട് നേടുകയുണ്ടായി. ആറ് മാസം മുമ്പ് ബി.ജെ.പി.-ക്ക് 156 വോട്ട് കിട്ടിയത് 38 ആയി ചുരുങ്ങുകയും ചെയ്തു. 300-ഓളം വോട്ടിന്റെ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്. ജയിക്കേണ്ട വാർഡിൽ എൽ.ഡി.എഫ്. 34 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ചു. തെരഞ്ഞെടുപ്പിൽ ജയിച്ചതിന്റെ വിജയാഹ്ലാദ പ്രകടനം നടത്തിവരുമ്പോഴാണ് എൽ.ഡി.എഫ്. പ്രവർത്തകർക്കുനേരെ സ്ഥാനാർത്ഥിയും സ്ഥാനാർത്ഥിയുടെ സഹോദരിയുടെ ഭർത്താവുമെല്ലാം ചേർന്ന് ആക്രമണം നടത്തിയത്. .....(ബഹളം)..... എന്റെ നിയോജകമണ്ഡലത്തിൽ നടന്ന കാര്യം ഞാൻ പറയണ്ടേ; ആറ് വയസ്സുകാരിയായ ദർശനയുടെ ദേഹത്ത് ആസിഡ്, ടിന്നർ, പെട്രോൾ എന്നിവ ചേർത്ത് ഒഴിക്കുകയാണ് ചെയ്തത്. പഞ്ചായത്ത് അംഗം ജയപ്രകാശ്, സി.പി.ഐ. (എം) ലോക്കൽ കമ്മിറ്റി അംഗം ഭുവിരാജൻ, സുമേഷ്, ശശി, സൂരജ് എന്നിവരെ ആക്രമിച്ച് എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.... (ബഹളം).... ഇതുസംബന്ധിച്ച് പോലീസ് യഥാസമയം കേസ് എടുക്കുന്നതിൽ കാലതാമസം നേരിട്ടു. ഈ സംഭവത്തിൽ പോലീസ് കേസ് എടുത്തെങ്കിലും എൽ.ഡി.എഫ്. പ്രവർത്തകർക്കുണ്ടായ പരിക്കിനനുസൃതമായി ഗൗരവമേറിയ കേസ് എടുത്തിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ ചേർന്ന് സഖാവ് സി. എസ്. ജീവനെ സത്യപ്രതിജ്ഞ ചെയ്യിക്കാതിരിക്കാനുള്ള വഴിയാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. സത്യപ്രതിജ്ഞ ചെയ്യിക്കാതിരിക്കാനായി കള്ളക്കേസിൽ കുടുക്കുകയാണ് ചെയ്യുന്നത്. ഇതാണ് യഥാർത്ഥത്തിലുണ്ടായത്. എൽ.ഡി.എഫ്. പ്രവർത്തകർക്കുണ്ടായ പരിക്കിനനുസരിച്ചുള്ള ഗൗരവമേറിയ കേസ് എടുക്കാൻ ആവശ്യമായ നിർദ്ദേശം നൽകണമെന്നതാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യരായ രണ്ട് അംഗങ്ങളും ഒരു സംഭവത്തിന്റെ ചിത്രങ്ങളാണ് ഇവിടെ അവതരിപ്പിച്ചത്. എന്റെ കയ്യിലുള്ള വിവരം ഞാൻ പറയാം. ആലപ്പുഴ എഴുപുന്ന പഞ്ചായത്തിലെ 16-ാം വാർഡിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥി സി. എസ്.

ജീവൻ വിജയിച്ചതിനെത്തുടർന്ന് 1-3-2018-ന് വൈകുന്നേരം ആഹ്ലാദപ്രകടനം നടന്നിരുന്നു. പ്രകടനത്തിൽ പങ്കെടുത്തവർ എതിർ സ്ഥാനാർത്ഥിയായിരുന്ന ശ്രീമതി ഹൈമവതിയുടെ വീട്ടിൽ അതിക്രമിച്ചുകയറി ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുകയും കല്ലുകൊണ്ട് ഇടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നാലുപേരെ പ്രതികളാക്കി IPC 143, 147, 149, 452, 294 (b), 354, 324 SC/ST (PA) Act 3(2)(v) a 3(1) s എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 331/18 ആയി കേസ് അരൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ശ്രീമതി ഹൈമവതി വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുള്ളതാണ്. ഈ കേസിന്റെ അന്വേഷണം ചേർത്തല ഡിവൈ.എസ്.പി. നടത്തിവരുന്നു. അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുള്ളതാണ്. ആഹ്ലാദപ്രകടനം നടത്തിയ പ്രവർത്തകർ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട സ്ഥാനാർത്ഥിയുടെ വീടിന് സമീപത്ത് എത്തിയപ്പോൾ ശ്രീമതി ഹൈമവതിയുടെ കയ്യിലെ പാത്രത്തിലുണ്ടായിരുന്ന ചൂടുവെള്ളവും അവരുടെ ഭർത്താവ് ടിന്നിൽ കരുതിയിരുന്ന ടിന്നറും പ്രകടനക്കാർക്ക് നേരെ ഒഴിച്ചതിൽ എട്ട് പ്രവർത്തകർക്ക് കണ്ണിന് നീറ്റൽ അനുഭവപ്പെട്ട് എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. എൽ.ഡി.എഫ്. പ്രവർത്തകനായ സൂരജിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ഹൈമവതി, കണ്ണൻ, ലൈജു, മുഹമ്മദ്, ഹനീഫ് മറ്റ് കണ്ടാലറിയാവുന്ന നാല് പേർ എന്നിവരെ പ്രതികളാക്കി അരൂർ പോലീസ് സ്റ്റേഷനിൽ IPC 143, 147, 148, 149, 341, 506 (1), 324 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 332/18 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് സബ് ഇൻസ്പെക്ടർ അന്വേഷിച്ചുവരുന്നു. കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് സ്ഥലത്ത് ശക്തമായ പോലീസ് പട്രോളിംഗും പിക്കറ്റിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

## (2) കോസ്റ്റ് ഗാർഡ് അക്കാദമി

ശ്രീ. റ്റി. വി. രാജേഷ്: സർ, തീരദേശസംരക്ഷണത്തിനുവേണ്ടി കേന്ദ്ര സർക്കാർ കണ്ണൂർ ജില്ലയിലെ ഇരിണാവിൽ അനുവദിച്ച കോസ്റ്റ് ഗാർഡ് അക്കാദമിയുടെ നിർമ്മാണം പൂർണ്ണമായും നിലച്ചിരിക്കുകയാണ്. 600 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കാൻ ശ്രമിച്ച പദ്ധതിക്ക് ഇതിനകം 50 കോടി രൂപ ചെലവായിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ വാട്ടർ അതോറിറ്റിയുടെയും ചില പ്രവർത്തനങ്ങളും ഇതിനകം പൂർത്തിയായിട്ടുണ്ട്. എന്നാൽ അടങ്കൽ തുക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത ഏജൻസികൾ കോസ്റ്റ് ഗാർഡ് അക്കാദമിക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ഇത്തരം പ്രവൃത്തികളുമായി മുന്നോട്ട്

പോകേണ്ടതില്ലെന്നാണ് കോസ്റ്റ് ഗാർഡ് അക്കാദമി അവരെ അറിയിച്ചിരിക്കുന്നത്. കോസ്റ്റ് ഗാർഡ് അക്കാദമിയുടെ പടിഞ്ഞാറൻ മേഖലാ ആസ്ഥാനമായ ന്യൂ ഡൽഹിയിലെ ഹെഡ്ക്വാർട്ടേഴ്സിൽ അയച്ചിട്ടുള്ള റിപ്പോർട്ടിന്റെ ഭാഗങ്ങൾ മാധ്യമങ്ങളിൽ വന്നിരിക്കുകയാണ്. 2011 മേയ് 28-നാണ് അന്നത്തെ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിയായിരുന്ന ബഹുമാന്യനായ എ. കെ. ആന്റണി ഈ പദ്ധതിക്ക് തറക്കല്ലിട്ടത്. എന്നാൽ യു.പി.എ. സർക്കാരിന്റെ മെല്ലെപ്പോക്ക് ഈ പദ്ധതിക്ക് തുടക്കത്തിൽ തിരിച്ചടിയായിരുന്നു. ഇപ്പോൾ പ്രസ്തുത അക്കാദമി മാംഗ്ലൂരിനടുത്ത് ബൈക്കംപാടിയിലേക്ക് മാറ്റി എന്ന വാർത്തയാണ് പുറത്തുവന്നിരിക്കുന്നത്. കർണ്ണാടക ഇലക്ഷൻ പ്രമാണിച്ച് കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ അത് സ്ഥിരീകരിച്ചതായുള്ള വാർത്തയും വന്നുകഴിഞ്ഞിട്ടുണ്ട്. അവിടെ 160 ഏക്കർ ഭൂമി കോസ്റ്റ് ഗാർഡിന്റെ പരിശീലന കേന്ദ്രത്തിനുവേണ്ടി കണ്ടെത്തുകയും അതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയതായുമുള്ള വാർത്തകൾ പുറത്തുവന്നിരിക്കുകയാണ്. അക്കാദമിക്ക് ഏറ്റവും യോജിച്ച മേഖലയാണ് ഇരിണാവിലേത്. സമുദ്രതീരവും അഴിമുഖവും ചേർന്നതും നേവൽ അക്കാദമിയുടെ സാമീപ്യവുമെല്ലാം ഇരിണാവിന്റെ അനുകൂല ഘടകങ്ങളാണ്. രാജ്യത്തിന്റെ സുരക്ഷയ്ക്ക് ശക്തിപകരേണ്ട വലിയ പരിശീലന കേന്ദ്രം ചില സാങ്കേതികവും ബാലിശവുമായ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് ഉപേക്ഷിക്കുന്നതായാണ് അറിയാൻ കഴിയുന്നത്. ഓഖി ദുരന്തംപോലെ കാലാവസ്ഥാ വ്യതിയാനം മുൻകൂട്ടി കാണാൻ കഴിയാത്ത വൻ ദുരന്തങ്ങൾ നമ്മുടെ മുന്നിൽ വെല്ലുവിളിയായിരിക്കുന്ന ഘട്ടത്തിൽ തീരദേശത്തെ റെസ്ക്യൂ പ്രവർത്തനത്തിനും പ്രസ്തുത അക്കാദമി മുതൽക്കൂട്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ വിഷയത്തെ സംബന്ധിച്ച ആശങ്ക കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. ഈ പദ്ധതി നമുക്ക് നഷ്ടമാകാതിരിക്കാൻ ബഹുമാന്യനായ മുഖ്യമന്ത്രി മുൻകൈ എടുക്കണം. ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേന്ദ്ര സർക്കാർ 2009-ൽ കേരളത്തിൽ ഒരു കോസ്റ്റ് ഗാർഡ് അക്കാദമി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. ഇതിനെത്തുടർന്ന് കണ്ണൂർ അഴീക്കലിലെ 164 ഏക്കർ സ്ഥലം അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി കൈമാറുകയും 2011 മേയ് 28-ന് അന്നത്തെ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി തറക്കല്ലിടുകയും ചെയ്തു. അക്കാദമിയുടെ നിർമ്മിതിക്കായി കോസ്റ്റ് ഗാർഡ് ഏകദേശം 65.56 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. കണ്ടൽക്കാടുകൂടി ഉൾപ്പെടുന്ന പ്രദേശമായതിനാൽ അവ ഉൾപ്പെടാത്ത സ്ഥലത്ത്

നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് വനം- പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ഇതിന്റെ അനുമതിക്കു വേണ്ടി പ്രസ്തുത മന്ത്രാലയത്തെ സമീപിക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി കോസ്റ്റ് ഗാർഡിന് അനുകൂലമായ ശിപാർശയും നൽകിയിരുന്നു. അതനുസരിച്ച് കോസ്റ്റ് ഗാർഡ് പ്രസ്തുത മന്ത്രാലയത്തിന് ശിപാർശ സമർപ്പിച്ചുവെങ്കിലും നാളിതുവരെ അനുകൂല തീരുമാനം ലഭിച്ചിട്ടില്ല. അതോടൊപ്പം ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ അക്കാദമി കർണ്ണാടക സംസ്ഥാനത്തിലെ മംഗലാപുരത്തിനടുത്തുള്ള ബൈക്കംപാടി എന്ന സ്ഥലത്തേയ്ക്ക് മാറ്റുന്നതിനുള്ള നീക്കം മാധ്യമങ്ങളിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ സാഹചര്യത്തിൽ കോസ്റ്റ് ഗാർഡ് അക്കാദമി അഴീക്കലിൽ നിന്ന് മാറ്റുന്നതിനുള്ള നീക്കം ഉപേക്ഷിക്കണമെന്നും തന്ത്രപ്രധാനമായ ഈ സ്ഥലത്തുതന്നെ എത്രയുംവേഗം നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കണമെന്നും ആവശ്യപ്പെട്ട് 2018 ജനവരി 6-ന് പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്. ഇത് കേരളത്തിൽത്തന്നെ നിലനിർത്തുന്നതിന് ശക്തമായ ഇടപെടലാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്.

### (3) ജപ്തി നടപടി

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കേരളത്തിൽ അന്യായമായ ജപ്തി നടപടികൾ നേരിടുന്ന ആയിരക്കണക്കിന് സാധാരണക്കാരായ ആളുകളുടെ പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 24 വർഷം ബാങ്കിനാൽ വേട്ടയാടപ്പെട്ട, വായ്പ തുക തിരിച്ചടയ്ക്കാമെന്ന് പറഞ്ഞിട്ടും അധികാരികളാൽ അവഗണിക്കപ്പെട്ട് ജീവിതം വഴിമുട്ടിയ കളമശ്ശേരി കുനംതൈ മാനാത്തുപാടം ഷാജിയുടെ ഭാര്യ പ്രീത എന്ന വീട്ടമ്മ അന്യായമായി ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് 17-2-2018 മുതൽ നിരാഹാര വ്രതത്തിലാണ്. പ്രസ്തുത നിരാഹാരം 17 ദിവസം പിന്നിട്ടിരിക്കുകയാണ്. റിയൽ എസ്റ്റേറ്റ് ഏജൻസികളും ബാങ്കും ഡി.ആർ.ടി. (Debt Recovery Tribunal) ഉദ്യോഗസ്ഥരും ചേർന്നുള്ള രഹസ്യധാരണ, രാജ്യത്തൊട്ടാകെയുണ്ടാകുന്ന പ്രശ്നങ്ങളുടെ ഒരു ഭാഗമായാണ് ഇത് നമ്മുടെ സംസ്ഥാനത്തും സംഭവിക്കുന്നത്. സർക്കാർ ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രീത എന്ന വീട്ടമ്മയുടെ നിരാഹാര സമരം അവസാനിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബന്ധുവിന്റെ വായ്പയ്ക്ക് ജാമ്യം നിന്നതിന്റെ പേരിൽ കിടപ്പാടം ജപ്തി ചെയ്യപ്പെട്ടതിനെതിരെ കളമശ്ശേരി കൂനംതൈ മാനാത്തുപാടം ഷാജിയുടെ ഭാര്യ പ്രീത 17-02-2018 മുതൽ അനിശ്ചിതകാല നിരാഹാര സമരത്തിലാണ്. 1993-ൽ ലോർഡ് കൃഷ്ണ ബാങ്കിൽനിന്നും ഇവരുടെ വസ്തു ഈട് നൽകി മൂന്ന് ലക്ഷം രൂപ വായ്പയെടുത്ത വ്യക്തിക്ക് തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്ന് ബാങ്ക് പലതവണ നോട്ടീസ് അയച്ചിരുന്നു. 1997-ൽ ഒരു ലക്ഷം രൂപ തിരിച്ചടച്ചു. വീണ്ടും തിരിച്ചടവുകൾ മുടങ്ങിയപ്പോൾ ബാങ്ക് ഡെബ്റ്റ് റിക്കവറി ട്രിബ്യൂണലിന് കേസ് കൈമാറി. ഡെബ്റ്റ് റിക്കവറി ട്രിബ്യൂണലിന്റെ നടപടിക്രമങ്ങൾ പാലിച്ച് 2015-ൽ വസ്തു ഓൺലൈൻ ലേലം വഴി 38 ലക്ഷം രൂപയ്ക്ക് വിറ്റു. സമരത്തെത്തുടർന്ന് എറണാകുളം ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് 21-2-2018-ന് ബന്ധപ്പെട്ട കക്ഷികളുമായി ചർച്ച നടത്തിയിരുന്നു. കേസ് ഡെബ്റ്റ് റിക്കവറി ട്രൈബ്യൂണൽ വഴി തീർപ്പാക്കിയതിനാൽ ബാങ്കിന് ഇക്കാര്യത്തിൽ ഇളവുകൾ നൽകാൻ കഴിയില്ലെന്ന് അറിയിക്കുകയുണ്ടായി. ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ വഴി ലേലത്തിൽ വസ്തു വാങ്ങിയവർക്ക് മുടക്കിയ തുകയും ന്യായമായ പലിശയും നൽകാൻ തയ്യാറാണെന്ന് ജപ്തി നേരിടുന്ന ഷാജി അറിയിച്ചു. എന്നാൽ ഈ വ്യവസ്ഥ വസ്തു ലേലത്തിൽപ്പിടിച്ച വ്യക്തിക്ക് സ്വീകാര്യമല്ലാത്തതിനാൽ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കപ്പെടാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ കോടതി മുഖാന്തരം തീർപ്പ് കൽപ്പിക്കണമെന്ന് ബന്ധപ്പെട്ട കക്ഷികൾക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകുകയുണ്ടായി. ചെറിയ തുക ബാങ്കുകളിൽനിന്നും ലോൺ എടുത്ത് തിരിച്ചടവിൽ വീഴ്ച വരുത്തിയ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും വീടും സ്ഥലവും ജപ്തി ചെയ്യുന്ന ഒരു സാഹചര്യം എറണാകുളം ജില്ലയിൽ നിലനിൽക്കുന്നുണ്ട്. സർഫാസി നിയമത്തിന്റെ മറവിൽ നടക്കുന്ന ഇത്തരം വായ്പാ തട്ടിപ്പ് കേസുകൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2017 നവംബർ 9-ന് ഒരു യോഗം ചേർന്നിരുന്നു. അന്ന് ശ്രദ്ധയിൽപ്പെട്ട കേസുകൾ എസ്.എൽ.ബി.സി.-യുടെ (State Level Bankers' Committee) അനുകൂല പരിഗണനയ്ക്ക് വിട്ടിരുന്നു. അതിനുപുറമെ പോലീസ് അന്വേഷണവും നിയമ നടപടികളും ശക്തിപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഈ കേസ് അന്ന് പരിഗണനയ്ക്ക് വന്നിരുന്നില്ല. കൂടാതെ 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോഴുണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ സർഫാസി ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് 2017 ആഗസ്റ്റ് 21-ന് ഈ സഭ ഐകകണ്ഠ്യേന

പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. ഇതോടൊപ്പം ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ ഈ പ്രശ്നം ഒരിക്കൽക്കൂടി ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരമുണ്ടാക്കുന്നതിന് ശ്രമിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യാം.

### (4) ജാഷിം എന്ന വിദ്യാർത്ഥിയുടെ മരണം

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഉദുമ പഞ്ചായത്തിലെ മാങ്ങാട് മുക്കുന്നത്ത് ജാഫറിന്റെ മകനും ചട്ടഞ്ചാൽ ഹയർ സെക്കണ്ടറി സ്കൂളിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിയുമായ ജാഷിമിനെ 01-03-2018 മുതൽ കാണാതായതുസംബന്ധിച്ച് ബേക്കൽ പോലീസും നാട്ടുകാരും ചേർന്ന് അന്വേഷണം നടത്തിയെങ്കിലും കണ്ടെത്താൻ കഴിയാതെ കൂടെ പഠിക്കുന്ന വിദ്യാർത്ഥികളെയും മറ്റും പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ കുട്ടി കളനാട് റെയിൽവേ ട്രാക്കിൽ മരിച്ച നിലയിൽ കണ്ടെത്തിയതായി മനസ്സിലാക്കുന്നു. ഭ്രമാഫിയകളുടെയും കഞ്ചാവ് മാഫിയകളുടെയും വലയത്തിൽപ്പെട്ട് ആ പ്രദേശത്തെ ജനങ്ങളാകെ ഭീതിയിലാണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തരമായി അന്വേഷണം നടത്തി ബന്ധപ്പെട്ട കുറ്റവാളികളെ കണ്ടെത്താനും അവരുടെ പിന്നിൽ പ്രവർത്തിക്കുന്നവർ ആരാണെന്ന് മനസ്സിലാക്കി ആ നാട്ടിലെ ജനങ്ങൾക്ക് സുരക്ഷിതമായി ജീവിക്കാൻ അവസരമുണ്ടാക്കിക്കൊടുക്കാനും നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാങ്ങാട് പ്രദേശത്ത് കുറേക്കാലമായി മയക്കുമരുന്ന് വിൽപ്പനയും മറ്റ് പ്രവർത്തനങ്ങളും നടത്തിയതിന്റെ ഫലമായി ധാരാളം രാഷ്ട്രീയ സംഘട്ടനങ്ങളും പ്രശ്നങ്ങളും നടന്നുവരികയാണ്. സി.പി.ഐ.(എം)-ന്റെ പ്രധാന പ്രവർത്തകനായ ബാലകൃഷ്ണൻ മരിക്കാനിടയായതും ഈ പ്രദേശത്താണ്. അന്നുമുതൽ ഈ പ്രദേശത്ത് കഞ്ചാവ് മാഫിയകൾ സ്വൈരവിഹാരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട വകുപ്പിനും പോലീസിനും അപേക്ഷ നൽകിയിരുന്നുവെങ്കിലും കാര്യമായ പ്രതികരണമില്ലാത്തതിന്റെ ഫലമായി കഞ്ചാവ് മാഫിയകൾ ആ പ്രദേശത്ത് വളർന്നുവരികയാണ്. ഇതിനെതിരെ ആ പ്രദേശത്തെ പോലീസിനെക്കൊണ്ട് നടപടിയെടുപ്പിച്ച് ജനങ്ങളുടെ സ്വത്തിനും ജീവനും രക്ഷ നൽകുന്ന നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണമെന്നും മരണപ്പെട്ട ജാഷിമിന്റെ കുടുംബത്തെ സഹായിക്കാൻ തയ്യാറാകണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 01-03-2018-ന് കാസർഗോഡ് ബേക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ബാര ഗ്രാമത്തിലെ മാങ്ങാട്

ജസി മൻസിലിൽ ജാഫർ മുഹമ്മദിന്റെ മകൻ 15 വയസ്സുള്ള മുഹമ്മദ് ജാഷിം സുഹൃത്തിന്റെ വീട്ടിലേയ്ക്ക് പോകുന്നുവെന്ന് പറഞ്ഞ് പുറത്തുപോയ ശേഷം വീട്ടിൽ തിരികെയെത്തിയില്ല. പിതാവ് പോലീസിൽ നൽകിയ പരാതിയെത്തുടർന്ന് ബേക്കൽ പോലീസ് സ്റ്റേഷനിൽ കെ.പി. ആക്ട് 57-ാം വകുപ്പ് പ്രകാരം ക്രൈം 125/2018 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. 5-3-2018-ന് പുലർച്ചെ 1.30-ഓടെ കളനാട് റെയിൽവേ ഓവർ ബ്രിഡ്ജിനടുത്ത് ഈ കുട്ടി മരിച്ച് കിടക്കുന്നതായി കാണപ്പെട്ടിട്ടുണ്ട്. സംഭവസ്ഥലം ഡോഗ് സ്ക്വാഡും ഫോറൻസിക് വിദഗ്ദ്ധരും പരിശോധിക്കുകയുണ്ടായി. കേസ് ശാസ്ത്രീയമായി അന്വേഷിച്ചുവരികയാണ്. മരണത്തിന് കഞ്ചാവ്, മയക്കുമരുന്ന് മാഫിയകളുമായി ബന്ധമുണ്ടോയെന്ന കാര്യവും പോലീസ് അന്വേഷിക്കുന്നുണ്ട്. ഈ സംഭവുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ അബ്ദുൾഖാദർ, ജാഷിമിന്റെ കൂടെയുണ്ടായിരുന്ന പരിചയക്കാരും സുഹൃത്തുക്കളുമായ വിനീഷ് ബി. പി., ജാബീർ അലി എന്നിവരെ 05-03-2018-ന് പുലർച്ചെ കസ്റ്റഡിയിലെടുത്ത് അബ്ദുൾ ഖാദറിനെ ജുവനൈൽ കോടതി മുമ്പാകെ ഹാജരാക്കിയശേഷം ഒബ്സർവേഷൻ ഹോമിൽ അയയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. മറ്റ് രണ്ടുപേരെ വിശദമായി ചോദ്യം ചെയ്തുവരുന്നു.

## (5) ആദിവാസി നയം

ശ്രീ. പി. ടി. തോമസ്: സർ, നിയമനിർമ്മാണത്തിലും സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളിലും വിദ്യാഭ്യാസ പുരോഗതിയിലും ഇന്ത്യക്ക് മാതൃകയായ കേരളം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഒരു പട്ടികവർഗ്ഗ നയത്തിന് രൂപം കൊടുക്കാത്തത് വലിയൊരു പോരായ്മയായി അവശേഷിക്കുകയാണ്. കോടാനുകോടി രൂപ ചെലവഴിച്ചിട്ടും പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസി സമൂഹത്തിന്റെ സമഗ്രമായ പുരോഗതി ഇന്നും ജലരേഖയായിരിക്കുകയാണ്. 'The index of tribal development should be the quality of their life and not the money spent' ഇതാണ് പട്ടികവർഗ്ഗത്തെ സംബന്ധിച്ചുള്ള നെഹ്രുവിയൻ പഞ്ചശീല (Nehruvian Panchasheel) സിദ്ധാന്തം എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിവുള്ളതാണ്. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, കൃഷി, സ്ത്രീ ശാക്തീകരണം, വയോജന പരിപാലനം, കുട്ടികളുടെ സംരക്ഷണം, ഭൂമി സംരക്ഷണം, കലാ-സാംസ്കാരിക തനിമ നിലനിർത്തൽ, നിയമ സഹായം, പോഷകാഹാരം തുടങ്ങി എല്ലാ മേഖലകളെയും സ്പർശിക്കുന്ന സമഗ്രമായ ഒരു പട്ടികവർഗ്ഗ നയത്തിന് കേരളം ഉടൻ രൂപം നൽകണം. ആദിവാസി മേഖലയ്ക്കായി ചെലവഴിക്കപ്പെടുന്ന ഫണ്ടിന്റെ മോണിറ്ററിംഗ് സമ്പ്രദായം കർശനമാക്കുക തുടങ്ങിയ എല്ലാ വശങ്ങളും ഈ നയത്തിലടങ്ങണം. അട്ടപ്പാടിയിൽ വിശപ്പിന്റെ

ബലിയാടായ മധുവിന്റെ അനുഭവം ഈ മേഖലയിലെ അവസാനത്തേതാകണമെന്ന് കേരളം പ്രഖ്യാപിക്കാൻ തയ്യാറാകണം. കേരളത്തിൽ പട്ടികവർഗ്ഗക്കാരായി 37 സമുദായങ്ങളുണ്ട്. അതിൽ 5 സമുദായങ്ങളെ പ്രത്യേക ദുർബ്ബല വിഭാഗമായി 1980-ൽ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 2011-ലെ സെൻസസ് അനുസരിച്ച് 484839 പട്ടിക വർഗ്ഗക്കാരാണ് കേരളത്തിലുള്ളത്; ഏകദേശം മൊത്തം ജനസംഖ്യയുടെ 1.45 ശതമാനം. ഇന്ത്യയിലെ പട്ടികവർഗ്ഗ ജനസംഖ്യ 10.5 കോടിയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഊരുതല വികസന നയമാണ് ആദിവാസി മേഖലയ്ക്ക് കൂടുതൽ ഗുണകരമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭൂ പരിഷ്കരണത്തിന്റെ ഫലം ലഭിക്കാതെ പോയ വിഭാഗമാണ് കേരളത്തിലെ ആദിവാസികൾ. ആറളം ഫാം ഭവന പദ്ധതിയുടെ പരാജയം ആദിവാസി മേഖലയുടെ ഫണ്ട് ദുർവിനിയോഗത്തിന്റെ നല്ല ഉദാഹരണമായി എടുത്തുകാണിക്കാൻ കഴിയും. 2002-ൽ ആദിവാസികൾക്കായി 30000 ഏക്കർ വനഭൂമി വിട്ടുനൽകണമെന്ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിരുന്നു. സുപ്രീം കോടതി അനുമതി നൽകിയ 19000 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ 3537 ഏക്കർ മാത്രമാണ് ഏറ്റെടുക്കാൻ കഴിഞ്ഞത്. ഈ സാഹചര്യത്തിൽ സമഗ്രമായ ഒരു പട്ടികവർഗ്ഗ നയം നമ്മുടെ നാട്ടിലുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി അതിനുവേണ്ടി പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ആദിവാസി മേഖലയ്ക്ക് ഒരു നയം പ്രഖ്യാപിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി വളരെ പ്രസക്തിയുള്ള കാര്യങ്ങളാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചത്. കേരളത്തിലെ ആകെ ആദിവാസികളുടെ അംഗസംഖ്യ 484839 ആണ്. ഒരു ലക്ഷത്തിൽപ്പരം കുടുംബങ്ങളുണ്ട്. 37 ആദിവാസി വിഭാഗങ്ങളുള്ളതിൽ 5 വിഭാഗങ്ങൾ പ്രത്യേക ദുർബ്ബല വിഭാഗങ്ങളാണ്. ഈ 37 ആദിവാസി സമൂഹവും വിഭിന്നമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ജീവിതരീതികളും പുലർത്തുന്നു എന്നതാണ് മറ്റിതര സമൂഹവുമായി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വ്യത്യാസം. ഓരോ ആദിവാസി വിഭാഗത്തിന്റെയും പ്രശ്നങ്ങളും വികസന ആവശ്യങ്ങളും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ ഏകീകൃതമായ ഒരു പട്ടികവർഗ്ഗ നയം ആവിഷ്കരിക്കുന്നത് അശാസ്ത്രീയമാണെന്നുള്ളതുകൊണ്ടാണ് കേന്ദ്ര സർക്കാർ ഇതുവരെ ഒരു നയം

പ്രഖ്യാപിക്കാതിരുന്നത്. എന്നാൽ ഓരോ വിഭാഗത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രത്യേക മൈക്രോ പ്ലാനിംഗ് രീതികളും പൊതുവികസന അജണ്ടയും നടപ്പാക്കുക എന്നത് പ്രായോഗികമാണ്. അതിനനുസൃതമായാണ് പട്ടികവർഗ്ഗ വികസനം, തദ്ദേശ സ്വയംഭരണം, സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കിവരുന്നത്.

11.00 AM]

ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് 1.45 ശതമാനം വരുന്ന കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ഇതിനായി സംസ്ഥാന സർക്കാർ 2.83 ശതമാനം ഫണ്ട് വിനിയോഗിക്കുന്നു. വീട്, കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം എന്നീ അടിസ്ഥാനാവശ്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പദ്ധതി നിർവ്വഹണത്തിനാണ് വകുപ്പ് ഊന്നൽ നൽകുന്നത്. പട്ടികവർഗ്ഗ വിഭാഗങ്ങളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിന് നാളിതുവരെയായി നടപ്പിലാക്കിയ പദ്ധതികൾക്ക് ഏറെ മുന്നോട്ട് പോകാൻ സാധിച്ചിട്ടുണ്ട്. എന്നാൽ കുറച്ച് കുറവുകളും ഇതിന്റെ ഭാഗമായി സംഭവിച്ചിട്ടുണ്ട്. വനാന്തരങ്ങളിൽ ഒറ്റപ്പെട്ടു കഴിയുന്ന പ്രത്യേക ദുർബല വിഭാഗങ്ങളായ കാടർ, കുറുമ്പർ, കൊറഗർ, ചോലനായ്ക്കർ, കാട്ടുനായ്ക്കർ (പർട്ടിക്കുലർലി വൾനറബിൾ കമ്മ്യൂണിറ്റി) എന്നിവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നത് ശ്രമകരമായ ഒരു ജോലിയാണ്. ആ ഭാഗത്താണ് സർക്കാർ പ്രത്യേകമായി ശ്രദ്ധിക്കുന്നത്. സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും സമഗ്ര വികസനം കൊണ്ടുവരുന്നതിനും ആവശ്യമായ കുറെയേറെ പദ്ധതികൾ ഈ സർക്കാർ പുതിയതായി പ്രഖ്യാപിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ 20 എം.ആർ.എസ്.-കളും 106 പ്രീ-മെട്രിക് ഹോസ്റ്റലുകളും 4 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നടത്തിവരുന്നുണ്ട്. എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും യാതൊരു മുടക്കവുമില്ലാതെ നൽകുന്നുണ്ട്. മെച്ചപ്പെട്ട വിദ്യാഭ്യാസവും നല്ല ഭക്ഷണവും താമസസൗകര്യവുമാണ് വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച 'ഗോത്രബന്ധു' പദ്ധതിയിലൂടെ വിദ്യാഭ്യാസ മേഖലയിൽ നവീന മാറ്റത്തിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും അവരുടെ ഭാഷയിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും ആരംഭിച്ച ഈ

പദ്ധതി ഇന്ത്യയിൽ ആദ്യമായാണ് നടപ്പിലാക്കിയത്. വയനാട് ജില്ലയിലെ 241 വിദ്യാലയങ്ങളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചുകൊണ്ട് സർക്കാർ ഇതിന് തുടക്കം കുറിച്ചു. കേരളത്തിൽ എല്ലാ സ്ഥലത്തുമുള്ള ടി.ടി.സി./ബി.എഡ്. പാസ്സായ അഭ്യസ്തവിദ്യരായ ആദിവാസികൾക്ക് തൊഴിൽ നൽകുന്ന ഒരു പദ്ധതിയാണിത്. ഒരേസമയം മെച്ചപ്പെട്ട വിദ്യാഭ്യാസവും അതുപോലെതന്നെ അഭ്യസ്തവിദ്യരായ ആദിവാസി യുവാക്കൾക്ക് തൊഴിലും ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. ഈ സാമ്പത്തിക വർഷം അട്ടപ്പാടിയിലും 'ഗോത്രബന്ധു' പദ്ധതി നടപ്പിലാക്കും. കഴിഞ്ഞ വർഷം വയനാട്ടിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. വളരെ നല്ല അംഗീകരാമാണ് ഈ പദ്ധതിക്ക് പൊതുവെ ലഭിച്ചത്. കേരളത്തിലെ 100 ആദിവാസി ഊരുകളിൽ 'സാമൂഹ്യ പഠന മുറി' ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. 48 ഊരുകളിൽ പഠനമുറികൾ പൂർത്തിയായിക്കഴിഞ്ഞു. വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് സംവിധാനമുള്ള കമ്പ്യൂട്ടർ, മേശ, കസേര, ടെലിവിഷൻ തുടങ്ങിയ ആധുനിക സൗകര്യങ്ങളൊരുക്കുന്ന സാമൂഹ്യ പഠനമുറിയിൽ ഒരു ട്യൂട്ടറെ നിയമിക്കാനും തീരുമാനിച്ചുകഴിഞ്ഞു. നിലവിലുള്ള വിദ്യാഭ്യാസ പദ്ധതികളെ നവീകരിക്കാനും വിദ്യാർത്ഥികൾക്ക് ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കാനും ഈ സർക്കാർ നടപടി സ്വീകരിക്കും. ഇത്തരത്തിൽ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരത്തിൽ സമഗ്രമായ മാറ്റമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതുപോലെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യവും ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തുന്നതിന് വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന പോഷകാഹാരക്കുറവ് പരിഹരിക്കാൻ പരിപൂർണ്ണമായും സാധിച്ചു. ആരോഗ്യ പ്രശ്നങ്ങളിൽ സമഗ്രമായ ഇടപെടലുകളാണ് നടത്തിവരുന്നത്. ഭക്ഷ്യ സഹായ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൺ, ന്യൂട്രീഷ്യൻ റീഹാബിലേറ്റഷൻ തുടങ്ങിയ പദ്ധതികളെല്ലാം കൃത്യമായി നടപ്പിലാക്കുകയാണ്. കോട്ടത്തറ ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി നവീകരിച്ചുകഴിഞ്ഞു. അത്യാവശ്യ സന്ദർഭങ്ങളിൽ ഊരുകളിലേയ്ക്ക് എത്തിക്കുന്നതിന് കേരളത്തിൽ 7 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളാണുള്ളത്. അതിലൊന്ന് അട്ടപ്പാടിയിലാണ്. അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പ്രത്യേക സംരക്ഷണത്തിനായി നിലകൊള്ളുന്ന 'ജനനി ജന്മരക്ഷാ' പദ്ധതി പ്രകാരം ഗർഭിണിയായി മൂന്നുമാസം മുതൽ പ്രസവിച്ച് ആറ് മാസം കഴിയുന്നതുവരെ കൃത്യമായി ആയിരം രൂപ അമ്മയ്ക്ക് നൽകും. പരമ്പരാഗത പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലുള്ള കാർഷിക സംസ്കാരം വലിയൊരു പ്രശ്നമാണ്. കാരണം നമ്മൾ കൊടുക്കുന്ന ഭക്ഷണം രുചികരമായി ആസ്വദിച്ച് ഭക്ഷിക്കാൻ അവർക്ക് കഴിയുന്നില്ല. അതുകൊണ്ടുതന്നെ അവർക്കാവശ്യമായിട്ടുള്ള പാരമ്പര്യ ഭക്ഷണം

സംരക്ഷിക്കുന്നതിന്റെ ഭാഗമെന്ന നിലയിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് 'മില്ലറ്റ് വില്ലേജ് ' എന്ന ഒരു പദ്ധതി നടപ്പിലാക്കി. ചോളം, ചാമ, തിന എന്നിവ കൃഷി ചെയ്ത് അവർക്കുതന്നെ ലഭ്യമാക്കുന്നതിന് ഏതാണ്ട് ആയിരത്തോളം ഏക്കർ ഭൂമിയാണ് എടുത്തിട്ടുള്ളത്. അതിന്റെ ആദ്യ വിളവ് ഇപ്പോൾ എടുത്തുകഴിഞ്ഞു. അടുത്ത വർഷം ആയിരം ഏക്കറിലേയ്ക്കുകൂടി ഇത് വ്യാപിപ്പിക്കുകയാണ്. അഭ്യസ്തവിദ്യരായ പട്ടിവർഗ്ഗ യുവതീ-യുവാക്കൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് നിർമ്മാണ മേഖലയടക്കമുള്ള വിവിധ മേഖലകളിൽ പരിശീലനം നടത്തിവരികയാണ്. ഇതിന്റെ ഭാഗമായി 'ഗോത്ര ജീവിക' എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചുകഴിഞ്ഞിട്ടുണ്ട്. ജനറ്റിക്കലായിട്ടുള്ള ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾ ഈ വിഭാഗത്തിലുണ്ട്. അതുമായി ബന്ധപ്പെട്ട് ഒരു പഠനവും ഇതുവരെ നടത്തിയിട്ടില്ല. ഇതിന്റെ ഭാഗമായി ആന്ത്രോപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഒരു മേഖലാ ഓഫീസ് കേരളത്തിൽ തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചു. ഫിസിക്കൽ ആന്ത്രോപ്പോളജി ഇവിടെയില്ല. ഫിസിക്കൽ ആന്ത്രോപ്പോളജിയുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ഇവിടെ ഒരു പ്രത്യേക മേഖലാ ഓഫീസുകൂടി തുടങ്ങുകയാണ്. ഇതിന്റെ ഭാഗമായി ഡി.എൻ.എ. പ്രൊഫൈൽ മാപ്പിംഗ് അടക്കം ഇപ്പോൾ റെഡിയാക്കാൻ സാധിക്കും. പാരമ്പര്യമായ രോഗാവസ്ഥ കണ്ടുപിടിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള നടപടിയാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. ഇന്നേവരെ ആ മേഖലയിലേയ്ക്ക് നമ്മൾ കടന്നിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത് നന്നായി, പൊതുവായിട്ടുള്ള ഒരു നയമില്ലെങ്കിൽപ്പോലും മൊത്തത്തിൽ ഒരു ഏകീകൃത നയം ഇതിനകത്ത് കൊണ്ടുവരാൻ കഴിഞ്ഞു. ഇന്ത്യയിൽ ഏതാണ്ട് എഴുന്നൂറോളം വിഭാഗങ്ങളുണ്ട്. എല്ലാ വിഭാഗത്തിനും വ്യത്യസ്ത സംസ്കാരവും ഭാഷാരീതിയും ഭക്ഷണരീതിയും ജീവിതശൈലിയുമുണ്ട്. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റിന് ഏകീകൃത നയം കൊണ്ടുവരാൻ കഴിയാത്തത്. എന്നാൽ പ്രോജക്ട്‌വൈസായിട്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. അതിൽ കുറച്ചുകൂടി നല്ല കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടാണ് സംസ്ഥാന ഗവൺമെന്റ് കുറെ പദ്ധതികൾ ഇപ്പോൾ ആവിഷ്കരിച്ചിരിക്കുന്നത്.

## (6) തുകയുടെ വിനിയോഗം

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന കേട്ടപ്പോൾ നമുക്കൊക്കെ സന്തോഷമായി. എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്യുന്നു. ഇത്രയും നല്ല കാര്യങ്ങൾ ചെയ്തിട്ടും അഗളിയിലെ ആദിവാസിയായ പാവപ്പെട്ട മധു വിശപ്പടക്കാൻ വേണ്ടി റോഡിലിറങ്ങി അരി മോഷ്ടിക്കുന്നു. അതിന്റെ പേരിൽ കൊല ചെയ്യപ്പെടുന്നു. ഇത് ചർച്ച ചെയ്യപ്പെടേണ്ടേ? ആദിവാസികളുടെ നയം

അവിടെ നിൽക്കട്ടെ, ഇപ്പോൾ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്ന നല്ല കാര്യങ്ങളെക്കുറിച്ച് പറഞ്ഞു, ഞാൻ അതെല്ലാം സന്തോഷത്തോടെ സ്വീകരിക്കുകയാണ്. എന്നിട്ടും എന്തുകൊണ്ട് ആദിവാസികൾ പട്ടിണി കിടക്കുന്നു, അരി മോഷ്ടിക്കുന്നു, കൊല ചെയ്യപ്പെടുന്നു; ഇത് അനുവദിക്കാൻ സാധിക്കുമോ; ഞാനും അഗളിയിൽ പോയി കണ്ടയാളാണ്. ബഹുമാനപ്പെട്ട മന്ത്രി ആദിവാസി ക്ഷേമത്തിനുവേണ്ടി 1956-മുതൽ ചെലവഴിച്ചിട്ടുള്ള പണത്തിന്റെ കണക്കെടുക്കണം. അങ്ങയെ ഒരു വിധത്തിലും കുറ്റപ്പെടുത്തുന്നില്ല; അങ്ങേയ്ക്ക് ചെയ്യാൻ സാധിക്കുന്ന മുഴുവൻ കാര്യങ്ങളും ചെയ്യുന്നുണ്ട്; ഞാൻ അംഗീകരിക്കുകയാണ്. പക്ഷെ അങ്ങ് ഒരു കാര്യം ചെയ്യണം. ഇവിടെ കഴിഞ്ഞ 17 വർഷക്കാലംകൊണ്ട് ആദിവാസി ക്ഷേമത്തിനുവേണ്ടി മാത്രം 7888.79 കോടി രൂപയാണ് ചെലവഴിച്ചത്; ഇത് ആർക്ക് പോയി; പട്ടികജാതികാർക്ക് കഴിഞ്ഞ 17 വർഷംകൊണ്ട് ചെലവഴിച്ചത് 20,906.89 കോടി രൂപയാണ്; ഇത് ആർക്കുപോയി; അത് അറിയേണ്ടേ? എന്തുകൊണ്ട് ഈ പണം എവിടെപ്പോയി എന്ന് അന്വേഷിക്കാൻ ഒരു സർക്കാരും തയ്യാറാകുന്നില്ല എന്നതാണ് എന്റെ പരാതി. കേരളത്തിലെ ചില രാഷ്ട്രീയ നേതൃത്വങ്ങൾക്കും ഉദ്യോഗസ്ഥ പ്രമാണികൾക്കും കരാറുകാർക്കും ഇടത്തട്ടുകാരായ ആളുകൾക്കും വേഗത്തിൽ പണം സമ്പാദിക്കാനുള്ള ബിസിനസ്സ് മൂലധനം മാത്രമാണ് ഇന്ന് പാവപ്പെട്ട ആദിവാസി/പട്ടികജാതി വിഭാഗങ്ങൾ. ഇത് അംഗീകരിക്കാൻ കഴിയുമോ; ഇതിന് മാറ്റം വേണ്ടേ? ഒരു ചെറിയ ഉദാഹരണം, അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ 193 ഊരുകളിലായി 8589 ആദിവാസി കുടുംബങ്ങളുണ്ട്. ഈ സാമ്പത്തിക വർഷം സർക്കാർ ചെലവിടുന്നത് 111.26 കോടി രൂപയാണ്. അതായത് ഒരു കുടുംബത്തിന്റെ വിഹിതം 1,29,540/- രൂപ. ഈ മാർച്ച് 31-നകം ഈ തുക ചെലവഴിക്കാനുള്ള തിരക്കിട്ട പ്രവർത്തനം നടക്കുകയാണ്. അനുവദിച്ച തുകയിൽ 80 ശതമാനവും രാഷ്ട്രീയ നേതൃത്വങ്ങളും ഉദ്യോഗസ്ഥ വിഭാഗങ്ങളും അവരുടെ പിണിയാളുകളും തട്ടിക്കൊണ്ടു പോകുകയാണെന്ന ആരോപണമാണ് എനിക്ക് പറയാനുള്ളത്. സബ്മിഷനായതുകൊണ്ട് കൂടുതൽ സമയമെടുക്കാൻ കഴിയില്ലെന്ന് എനിക്കറിയാം. ഞാൻ ചുരുക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ചെയ്യേണ്ടത് 17 വർഷക്കാലത്തെ ഈ കണക്ക് ശരിയാണോ? വെറുതെ എഴുതി പറഞ്ഞതല്ല, വിവരാവകാശ നിയമപ്രകാരം കിട്ടിയ കണക്കാണിത്. ഈ പണം എവിടെപ്പോയി എന്ന് പരിശോധിക്കണം. ഇത് പരിശോധിക്കാൻ ഒരു എൻക്വയറി കമ്മീഷനെ നിയമിക്കണം. ആ എൻക്വയറി സി.ബി.ഐ.-യെത്തന്നെ ഏൽപ്പിക്കണം. ഏത് വമ്പനാണെങ്കിലും കുറ്റവാളിയെ പിടിക്കണം. പിടിച്ചവന്റെ സ്വത്ത് കണ്ടുകെട്ടി ആ പണം ആദിവാസികൾക്ക്, പാവപ്പെട്ടവർക്ക് നൽകാനുള്ള നടപടി സ്വീകരിക്കണം.

അതിനുള്ള ഉത്തരവാദിത്വം ബഹുമാനപ്പെട്ട മന്ത്രി ഏറ്റെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ആദിവാസി കോളനിയിൽ പോയപ്പോൾ ഞാൻ അവിടെ ഉണ്ടായിരുന്നു. അങ്ങ് മധുവിന്റെ വീട്ടിൽ പോയിരുന്നു. വളരെ സന്തോഷം. പക്ഷേ ഞാൻപോലും ഭയപ്പെട്ടുപോയി. സ്റ്റെൺ ഗണ്ണുമായി ആയിരത്തിൽ കൂടുതൽ പോലീസുകാർ, കരിമ്പൂച്ചകൾ. മുഖ്യമന്ത്രിയുടെ ജീവന് സംരക്ഷണം നൽകാൻ ആയിരമല്ല രണ്ടായിരം പോലീസുകാരെ കൂട്ടിയാലും എനിക്കെതിരില്ല. പക്ഷേ, അങ്ങ് അവിടെ നിന്നും ഇറങ്ങിയപ്പോൾ ആരോഗ്യ വകുപ്പുമന്ത്രി അവിടെ ഇരിപ്പുണ്ടായിരുന്നു. ആരോഗ്യ വകുപ്പുമന്ത്രിയുടെ ജീവന് സംരക്ഷണം വേണ്ടേ; പോലീസുകാരും തണ്ടർ ബോൾട്ടും ബ്ലാക്ക് ക്യാറ്റ്സുമെല്ലാം അങ്ങയുടെ പുറകെ സ്ഥലം വിട്ടു. ഞാൻ വരുമ്പോൾ ആരോഗ്യ വകുപ്പുമന്ത്രിയുടെ കൂട്ടത്തിൽ 10-22 പോലീസുകാർ മാത്രമേയുള്ളൂ. ഞാൻ ഭയപ്പെട്ടുപോയി. കാരണം അവിടെ മാവോയിസ്റ്റുകൾ ഉണ്ടെന്നാണ് ഞാൻ കേട്ടിട്ടുള്ളത്. ഞാൻ ആദിവാസി ഊര് മൂപ്പനോട് സംസാരിച്ചപ്പോൾ അവിടെ മാവോയിസ്റ്റ് ബന്ധമുണ്ടെന്ന് അദ്ദേഹം പറയുകയും ചെയ്തു. ആ നിലയ്ക്ക് അവിടെ പോലീസ് പോയതിനെയൊന്നും ഞാൻ എതിർക്കുന്നില്ല. പക്ഷേ ആദിവാസികൾക്ക് അനുവദിച്ച പണം എങ്ങനെ ചെലവഴിക്കപ്പെട്ടുവെന്നുള്ള കാര്യം ചർച്ച ചെയ്യാനും അതിന്മേൽ ഒരന്വേഷണ ഉത്തരവ് പുറപ്പെടുവിക്കാനും സർക്കാർ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇത് പല ഭാഗങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ്. അതുകൊണ്ട് മറുപടി പറയാതിരിക്കാൻ കഴിയില്ല. തെറ്റായിട്ടുള്ള ധാരണ ഈ സഭയിലുണ്ടാകാൻ പാടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്നാണ് പ്രധാനമായും പട്ടികജാതി/പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിനുപുറമെ വിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ്, ഫോറസ്റ്റ്, റവന്യൂ, സിവിൽ സപ്ലൈസ്, സാമൂഹ്യനീതി എന്നീ വകുപ്പുകളുമായി ചേർന്നാണ് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതും. പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കുമുള്ള വികസന പ്രവർത്തനങ്ങൾക്ക് പദ്ധതി വിഹിതത്തിൽനിന്ന് ജനസംഖ്യാനുപാതികമായ തുകയേക്കാൾ കൂടുതൽ തുക വകയിരുത്തുന്ന സംസ്ഥാനമാണ് നമ്മുടെ കൊച്ചു കേരളം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ 12.66 ശതമാനവും 2017-18-ൽ 12.62 ശതമാനവും പദ്ധതി വിഹിതം നീക്കിവച്ചു. പൊതു വികസന പ്രവർത്തനങ്ങൾ സംസ്ഥാന

സർക്കാർ നേരിട്ടും പ്രാദേശിക വികസന പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളോടുകൂടി ചേർന്നുമാണ് നടപ്പിലാക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പട്ടികജാതി ഉപ പദ്ധതിയുടെ 45 ശതമാനം തുകയും പട്ടികവർഗ്ഗ ഉപ പദ്ധതിയുടെ 25 ശതമാനം തുകയും നൽകുന്നു. അതായത്, നമ്മുടെ വിഹിതത്തിന്റെ 45 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. അതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 25 ശതമാനവും ഗ്രാന്റായി നൽകുകയാണ്. വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രാധാന്യം നൽകുന്നത് വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾക്കാണ്. നമുക്ക് ലഭിക്കുന്ന ഫണ്ടിന്റെ 60 ശതമാനവും വിദ്യാഭ്യാസത്തിനു വേണ്ടിയാണ് വിനിയോഗിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ നമ്മൾ ചെലവഴിക്കുന്ന തുകയുടെ ഗുണംകൊണ്ടാണ് പട്ടികജാതി/പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ വിദ്യാഭ്യാസപരമായിട്ടുള്ള കാര്യങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞത്. അത് നമ്മൾ മറക്കരുത്. എം.ആർ.എസ്.-കളിൽ നൂറുശതമാനം പാസ്സാണ്. എം.ആർ.എസ്.ൽ ചേരുന്ന കുട്ടി മറ്റേതൊരു കുട്ടിയെക്കാളും ഒരടി മുന്നിലാണെന്നുള്ള കാര്യം നമ്മൾ മറക്കരുത്. അതിനുവേണ്ടി നല്ലൊരു തുക ചെലവഴിക്കുന്നുണ്ട്. 29 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, 21 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 193 പ്രീ-മെട്രിക് ഹോസ്റ്റലുകൾ, 44 ഐ.ടി.ഐ.-കൾ, ഒരു മെഡിക്കൽ കോളേജ്, ഒരു പോളിടെക്നിക്, ഒരു സിവിൽ സർവീസ് പരിശീലന കേന്ദ്രം, നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ, പരിശീലന സ്ഥാപനമായ CREST (Centre for Research & Education for Social Transformation) എന്നിങ്ങനെ നിരവധി സ്ഥാപനങ്ങൾ പൊതുവിദ്യാഭ്യാസ സംവിധാനത്തിന് പുറമെ എസ്.സി./എസ്.ടി. വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഇതിന് സ്ഥാപനങ്ങൾ വഴിയാണ് പണം ചെലവഴിക്കുന്നത്. അത് വേറെയാർക്കും തട്ടിയെടുക്കാൻ സാധിക്കുകയില്ല. അങ്ങനെയുള്ള ആക്ഷേപം ഇന്നുവരെ വന്നിട്ടുമില്ല. വിദ്യാഭ്യാസ നിലവാരവും റിസൾട്ടും വളരെയേറെ മെച്ചപ്പെടുത്തുന്നതിന് ഈ സ്ഥാപനങ്ങൾ വഴി സാധിക്കുന്നുണ്ട്. പട്ടികജാതി ഉപപദ്ധതിയിൽ നിന്നും 450 കോടി രൂപയും പട്ടികവർഗ്ഗ ഉപപദ്ധതിയിൽനിന്നും 108 കോടി രൂപയുമാണ് വിദ്യാഭ്യാസത്തിനുവേണ്ടി മാത്രം നീക്കിവയ്ക്കുന്നത്. ബാക്കിയുള്ളത് കുറച്ച് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും റിപ്പെയർ നടത്തുന്നതിനും മറ്റ് ക്ഷേമ പദ്ധതികൾക്കുമാണ് നീക്കിവയ്ക്കുന്നത്. 4,66,305 പ്രീമെട്രിക് വിദ്യാർത്ഥികളും 1,60,730 പോസ്റ്റ് മെട്രിക് വിദ്യാർത്ഥികളുമുൾപ്പെടെ 6,27,035 പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് വ്യത്യസ്ത നിരക്കിലും വ്യാപ്തിയിലുമുള്ള

ധനസഹായം നൽകുന്നത്. ഓരോ സർക്കാർ മാറിവരുമ്പോഴും 50 ശതമാനം, 100 ശതമാനം എന്ന നിലയിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നുണ്ട്. ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്ന ഒന്നരലക്ഷം വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ സവിശേഷമായ കാരണം മനസ്സിലാക്കി ഗോത്രഭാഷാ ജ്ഞാനമുള്ള, അദ്ധ്യാപക യോഗ്യത നേടിയ 241 പേരെയാണ് പ്രാഥമിക വിദ്യാലയങ്ങളിൽ ഗോത്രബന്ധു പദ്ധതിയുടെ ഭാഗമായി ഇപ്പോൾ നിയമിച്ചിട്ടുള്ളത്. കേരളത്തിലാകെ ഇത് വ്യാപിപ്പിക്കാൻ പോകുകയാണ്. അതായത്, ഈ വിഭാഗത്തിൽ നിന്നും ഗോത്രഭാഷ അറിയാവുന്നതും ടി.ടി.സി.-യും ബി.എഡ്.-ഉം പാസ്സായതുമായ ഒരൊറ്റ ആദിവാസിയും തൊഴിൽ രഹിതനായിട്ടുണ്ടാകില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേതൃത്വം കൊടുത്തുകൊണ്ട് അഭ്യസ്തവിദ്യരായ 100 ആദിവാസികളെ വീതം പോലീസിലും എക്സൈസിലും നിയമിക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതേ രൂപത്തിൽ മറ്റ് വകുപ്പുകളും ശ്രദ്ധിക്കുകയാണ്. പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി ഊരുകളിൽ സാമൂഹ്യ പഠനമുറികൾ ആരംഭിച്ചുകഴിഞ്ഞു. ഇത് ഇന്ത്യയ്ക്കൊരു മാതൃകയാണ്. പട്ടികജാതി വിഭാഗങ്ങളിൽ വീടിനോടനുബന്ധിച്ചാണ് പഠനമുറി. രണ്ടുലക്ഷം രൂപ ചെലവഴിച്ചാണ് ഒരു പഠനമുറി നിർമ്മിക്കുന്നത്. അതുപോലെ ഊരുകളെ അടിസ്ഥാനപ്പെടുത്തിയാണ് കമ്മ്യൂണിറ്റി പഠനമുറി. ഇതിലൂടെ വിദ്യാഭ്യാസ നിലവാരത്തിൽ വലിയ മാറ്റമുണ്ടാക്കാൻ പോകുകയാണ്. ഇതിന്റെ പണികളെല്ലാം ആരംഭിച്ചുകഴിഞ്ഞു. ഏഴ് ലക്ഷത്തോളം വരുന്ന പട്ടികജാതി കുടുംബങ്ങൾക്ക് ഇതുവരെ സർക്കാർ ഇടപെടൽമൂലം ഭവനനിർമ്മാണ ആനുകൂല്യം ലഭിച്ചതിനുപുറമെ ഭൂരഹിതരായി നാൽപ്പത്തിരണ്ടായിരവും ഭവനരഹിതരായി പതിനയ്യായിരവും കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ലൈഫ് പദ്ധതിയുടെ ഭാഗമായി ഭൂപ്രശ്നം, വീടിന്റെ പ്രശ്നം എന്നിവ പരിഹരിക്കുന്നതിനുള്ള ശക്തമായ നടപടി സർക്കാർ സ്വീകരിച്ചുകഴിഞ്ഞു. ഈ വിഭാഗവുമായി ബന്ധപ്പെട്ടുകൊണ്ട് സർക്കാരിന് ചെയ്യാവുന്നതിന്റെ പരമാവധി ചെയ്യും. ബഹുമാനപ്പെട്ട എം.എൽ.എ.17 കൊല്ലത്തെ കണക്കാണ് പറഞ്ഞത്. 7 വർഷമായി ഞാൻ ഈ വകുപ്പ് കൈകാര്യം ചെയ്യുന്നു. ഇന്നുവരെ പ്രതിപക്ഷത്തുനിന്നോ പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയോ ഒരു ആരോപണവും ഈ വകുപ്പുമായി ബന്ധപ്പെട്ടുണ്ടായിട്ടില്ല. ഓഡിറ്റ് ഒബ്ജക്ഷനുമുണ്ടായിട്ടില്ല. മറ്റ് കാലഘട്ടങ്ങളിലെ ചെലവുമായി ബന്ധപ്പെട്ടുകൊണ്ടും ഇതുതന്നെയാണ് സ്ഥിതി. കഴിഞ്ഞ 17 വർഷമായി അനുവദിച്ച പണം

എവിടെപ്പോയി എന്നത് അന്വേഷിക്കാൻ പ്രായോഗികമായി എനിക്ക് സാധിക്കുന്ന ഒരു കാര്യമല്ല. മധുവിന്റെ മരണവുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിച്ചു; ഭക്ഷണം ലഭിക്കാത്ത പ്രശ്നം അതിലില്ല, അത് ആദ്യം മനസ്സിലാക്കണം. സാമ്പത്തിക ശേഷിയുള്ള ഒരു കുടുംബമാണത്. വീട്ടിലെ അംഗങ്ങൾക്ക് ജോലിയുണ്ട്. 8 വർഷം മുമ്പ് പല കാരണങ്ങളാൽ വനാന്തരങ്ങളിലേയ്ക്ക് പോയതാണ്. യഥാർത്ഥത്തിൽ ഭക്ഷണം കട്ടെടുത്ത് ഭക്ഷിക്കേണ്ട പ്രശ്നം ആ വീട്ടിലില്ലെന്ന് എല്ലാവർക്കുമറിയാം. പക്ഷേ ഒരു ഗവൺമെന്റിനെ സംബന്ധിച്ച് രണ്ട് കാര്യങ്ങളാണ് ചെയ്യാൻ സാധിക്കുന്നത്. പൊതുസമൂഹത്തിന് അംഗീകരിക്കാൻ കഴിയാത്ത ഒരു കൃത്യം, ഉത്തരേന്ത്യയിൽ കാണുന്ന കുറേ പ്രേതങ്ങൾ ഇവിടെയുണ്ട് എന്നുള്ളതിന്റെ തെളിവാണത്. മരണപ്പെട്ടു കഴിഞ്ഞാൽ പ്രതികളെ പിടിക്കുക എന്നുള്ളതാണ് ഒന്നാമത്തേത്. 22-ാം തീയതി കൊലപാതകം നടന്നതിനുശേഷം 23-ാം തീയതി മൂന്നുമണിക്കൂർ കൊണ്ട് 16 പ്രതികളെയാണ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പോലീസ് പിടികൂടിയത്. അത് ഒരത്ഭുതമായി എനിക്ക് തോന്നുകയാണ്. പോലീസ് ശക്തമായി ഇടപെട്ടതിന്റെ ഭാഗമായി 3-4 മണിക്കൂർ കൊണ്ട് പ്രതികളെ പിടിക്കാൻ കഴിഞ്ഞു. ആ കുടുംബത്തെ സംരക്ഷിക്കുക എന്നുള്ളതാണ് ഗവൺമെന്റിന് രണ്ടാമത് ചെയ്യാൻ കഴിയുന്ന കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 10 ലക്ഷം രൂപയും എസ്.സി./എസ്.ടി. അട്രോസിറ്റീസ് ആക്ട് പ്രകാരം 8 ¼ ലക്ഷം രൂപയുമുൾപ്പെടെ 18 ¼ ലക്ഷം രൂപ ആ വീട്ടിലേയ്ക്ക് എത്തിക്കുകയാണ്. ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം ഈ രണ്ട് കാര്യങ്ങളാണ് ആദ്യമായി ചെയ്യാൻ കഴിയുന്നത്. ഒന്നാമത്, പ്രതികളെ പിടികൂടുക. രണ്ടാമത്, കുടുംബത്തെ രക്ഷിക്കുക. മേലിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള ശക്തമായ നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ആരോഗ്യ വകുപ്പുമന്ത്രി, പ്രതിപക്ഷനേതാവ് എന്നിവരും അവിടെ പോയിരുന്നു. അട്ടപ്പാടിയിലെ ഏത് വീട്ടിൽ പോയാലും, മൂന്നോ നാലോ ദിവസത്തേയ്ക്കുള്ള പലവ്യഞ്ജനങ്ങളും ഭക്ഷണ സാധനങ്ങളുമില്ലാത്ത ഒറ്റ കുടുംബവുമുണ്ടാകില്ല. ഒരു രൂപത്തിലും പട്ടിണി കിടന്നു മരിക്കേണ്ട സ്ഥിതി അവിടെയുണ്ടാകില്ല. ഇതൊരു ഒറ്റപ്പെട്ട സംഭവമാണ്. മേലിൽ കേരളത്തിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള ശക്തമായ നിലപാട് സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകും. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട. എന്തായാലും ഈ മേഖലയുമായി ബന്ധപ്പെട്ട് രണ്ട് സബ്മിഷൻ ഇവിടെ വന്നു. അതിന്റെ ഭാഗമായി ചില കാര്യങ്ങൾ വിശദീകരിച്ചുപറയാൻ നിർബന്ധിക്കപ്പെട്ടുവെന്ന് മാത്രം.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ....(മൈക്ക് ഓഫ്)......

മി. ഡെപ്യൂട്ടി സ്പീക്കർ:...പ്ലീസ്...പ്ലീസ്...

ശ്രീ. എ. കെ. ബാലൻ: സർ, ഐ.ജി.-യുടെ നേതൃത്വത്തിലുള്ള ഒരു സ്പെഷ്യൽ ടീം, മണ്ണാർക്കാട് ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിന്റെ നേതൃത്വത്തിലുള്ള മജിസ്റ്റീരിയൽ എൻക്വയറി എന്നിങ്ങനെ രണ്ട് എൻക്വയറികൾ ഇപ്പോൾ നടക്കുകയാണ്. ഒരു രൂപത്തിലും ഒരു സംശയവും വേണ്ട, മരിച്ചതിന്റെ ഒരു ദിവസം മുമ്പല്ല, രണ്ടുദിവസം മുമ്പല്ല, എപ്പോഴെങ്കിലും തല്ലുകിട്ടിയിട്ടുണ്ടെങ്കിൽ അതടക്കം ഇതിന്റെ ഭാഗമായി വരും. ഒരു പ്രതിയും ഇതിൽ നിന്നും രക്ഷപ്പെടാൻ പോകുന്നില്ല.

## (7) മുദ്രപ്പത്രങ്ങളുടെ ലഭ്യത

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിലെ ജനസമൂഹം അനുഭവിക്കുന്ന വലിയൊരു പ്രശ്നമാണ് ഞാൻ ഈ സഭയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. സംസ്ഥാനത്ത് ഇന്ന് 200 രൂപ, 100 രൂപ, 50 രൂപ, 20 രൂപ തുടങ്ങിയ കുറഞ്ഞ മൂല്യമുള്ള മുദ്രപ്പത്രങ്ങളുടെ രൂക്ഷമായ ക്ഷാമമാണ് അനുഭവപ്പെടുന്നത്. 20 രൂപയുടെ മുദ്രപ്പത്രങ്ങൾ ലഭിക്കാത്തതുമൂലം പഞ്ചായത്തുകളിൽനിന്നും ജനന-മരണ സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ 500 രൂപയുടെയും 1,000 രൂപയുടെയും മുദ്രപ്പത്രം വാങ്ങേണ്ട ഗതികേടാണ് ഇന്ന് പൊതുസമൂഹത്തിനുള്ളത്. വ്യക്തിഗത ആനുകൂല്യങ്ങൾക്കും വാടക കരാറുകൾക്കും 50 രൂപയുടെയും 100 രൂപയുടെയും മുദ്രപ്പത്രങ്ങളാണ് ആവശ്യം. പി.എം.എ.വൈ.-യുടെ (Pradhan Mantri Awas Yojana) കരാറുകൾ വയ്ക്കുന്നതിനും 200 രൂപയുടെ മുദ്രപ്പത്രമാണ് വാങ്ങേണ്ടത്. എന്നാൽ 500 രൂപയുടെ മുദ്രപ്പത്രം മാത്രമാണ് ഇപ്പോൾ ലഭ്യമാകുന്നവെന്നുള്ളതുകൊണ്ട് അവിടെയും 500 രൂപയുടെയും 1000 രൂപയുടെയും മുദ്രപ്പത്രം വാങ്ങിക്കേണ്ട ഒരവസ്ഥയാണുള്ളത്. അതുപോലെതന്നെ മാർച്ച് മാസമായതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളിൽ എഗ്രിമെന്റുകൾ വയ്ക്കുന്നതിനായി, കുറഞ്ഞ തുകയ്ക്ക് വർക്കെടുക്കുന്ന കോൺട്രാക്ടർമാർ ഉയർന്ന തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ വാങ്ങി എഗ്രിമെന്റ് വയ്ക്കാൻ സ്വാഭാവികമായും വൈമനസ്യം കാണിക്കുന്നുണ്ട്. അതൊക്കെ വലിയ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. റവന്യൂ സ്റ്റാമ്പ്, കോർട്ട് ഫീ സ്റ്റാമ്പ്, നോട്ടറി പബ്ലിക് അറ്റസ്റ്റ് ചെയ്യേണ്ട സ്റ്റാമ്പ് എന്നിവയും ലഭിക്കുന്നില്ല. ഇതുമൂലം പൊതുജനങ്ങൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ 20 രൂപയുടെയും 50 രൂപയുടെയും 100 രൂപയുടെയും 200 രൂപയുടെയും മുദ്രപ്പത്രമില്ലാത്തതുകൊണ്ട് സ്വാഭാവികമായും ജനങ്ങൾ 500 രൂപയുടെയും 1,000 രൂപയുടെയും മുദ്രപ്പത്രങ്ങൾ വാങ്ങേണ്ട ഒരവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഇതിലൂടെ സർക്കാർ ജനങ്ങളിൽനിന്നും സ്വാഭാവികമായും നിയമപരമായ, നിർബന്ധിതമായ ഒരു കൊള്ളയാണ് നടത്തുന്നത്. അതിൽ വ്യാപകമായ

പ്രതിഷേധം പൊതുസമൂഹത്തിനിടയിലുണ്ടെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. ആയതിനാൽ അടിയന്തരമായി മുദ്രപ്പത്രങ്ങളുടെയും റവന്യൂ സ്റ്റാമ്പ്, കോർട്ട് ഫീ സ്റ്റാമ്പ് തുടങ്ങിയവയുടെയും ക്ഷാമം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഉടൻതന്നെ നടപടി സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ ഈ സബ്മിഷൻ അങ്ങയുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 50, 100 രൂപയുടെള്ള മുദ്രപ്പത്രങ്ങളുടെ ദൗർലഭ്യം ജനങ്ങൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

അധികമായി സ്റ്റോക്കുള്ള ഒരു രൂപ മുതൽ അഞ്ച് രൂപ വരെയുള്ള നോൺ ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പർ 50 രൂപ മൂല്യമുള്ളവയായും 7 രൂപ മുതൽ 10 രൂപ വരെ മൂല്യമുള്ളവയെ 100 രൂപയുടെ സ്റ്റാമ്പ് പേപ്പറായും പുനർമൂല്യനിർണ്ണയം ചെയ്ത് 14-2-2018-ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവനുസരിച്ച് പുനർമൂല്യ നിർണ്ണയം നടത്തിയ സ്റ്റാമ്പ് പേപ്പറുകൾ പൊതുജനങ്ങൾക്ക് ലഭ്യമായി തുടങ്ങിയിട്ടുണ്ട്. നിലവിൽ 50 രൂപ, 100 രൂപ വിലയുള്ള മുദ്രപ്പത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികളിൽനിന്ന് സ്റ്റോക്കില്ലാത്ത ട്രഷറികളിലേയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിച്ച് ദൗർലഭ്യം പരിഹരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി തിരുവനന്തപുരത്ത് എല്ലാ ട്രഷറി ഓഫീസർമാരുടെയും പ്രത്യേക യോഗം വിളിച്ചുചേർത്തിരുന്നു. ടി ഇനം മുദ്രപ്പത്രങ്ങൾക്ക് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് തടയാനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 31-03-2018 വരെ ആവശ്യം വരുന്ന മുദ്രപ്പത്രങ്ങൾ അച്ചടിക്കുന്നതിനുള്ള ഇൻഡന്റ് നാസിക് പ്രസ്സ് അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ 30-09-2017 വരെയുള്ള ഇൻഡന്റിന്റെ 30 ശതമാനം തുക മുൻകൂറായി പ്രസ്സിന് നൽകിയിട്ടുണ്ട്. 01-04-2017 മുതൽ 30-09-2017 വരെയുള്ള കാലയളവിലേയ്ക്ക് ഇൻഡന്റ് നൽകിയതും അച്ചടി പൂർത്തിയാക്കിയതുമായ മുദ്രപ്പത്രങ്ങൾ നാസിക്കിൽനിന്നും കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഹൈദ്രാബാദ് സെക്യൂരിറ്റി പ്രസ്സിൽനിന്നും അച്ചടി പൂർത്തിയായ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും കൈപ്പറ്റിക്കൊണ്ടുവരുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ 22-02-2018-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് മേധാവികളുടെ അവലോകന യോഗം കൂടി നടപടി ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (8) വള്ളക്കടവ് പാലം നിർമ്മാണം

ശ്രീ. വി. എസ്. ശിവകുമാർ: സർ, തിരുവനന്തപുരം നഗരത്തെ തീരദേശവുമായി ബന്ധിപ്പിക്കുന്ന പാർവ്വതീപുത്തനാറിന് കുറുകെയുള്ള വളരെ പ്രധാനപ്പെട്ട പാലമാണ് വള്ളക്കടവ് പാലം. നൂറുകണക്കിന് ബസുകളും മറ്റ് ഭാരം കയറ്റിയ വാഹനങ്ങളും ഉൾപ്പെടെ ആയിരക്കണക്കിന് വാഹനങ്ങളാണ് ഓരോ ദിവസവും ഈ പാലത്തിലൂടെ കടന്നുപോകുന്നത്. ഏത് നിമിഷവും അപകടം സംഭവിക്കാവുന്ന ഗുരുതരമായ സാഹചര്യമാണ് ഈ പാലത്തിനുള്ളത്. ഈ സാഹചര്യം മനസ്സിലാക്കി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തുതന്നെ ഇത് പുനർനിർമ്മിക്കുന്നതിന് 6 കോടിയോളം രൂപയുടെ ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുവേണ്ടി ഒരു കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. പക്ഷെ അതിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൊതുമരാമത്ത് വകുപ്പും റവന്യൂ വകുപ്പും പൂർത്തിയാക്കാത്തതുകൊണ്ട് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. കൂടാതെ, സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ ഭാഗത്തുനിന്നും ചില തർക്കങ്ങളുമുണ്ടായി. അത് എം.എൽ.എ. എന്നുള്ള രീതിയിൽ ഞാൻ തന്നെ പരിഹരിക്കുകയുണ്ടായി. ഈ പാലം അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി പല പ്രാവശ്യം ടി വിഷയം ഈ നിയമസഭയിൽ അവതരിപ്പിക്കുകയും അതുപോലെ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അതിന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചതായി അറിയുന്നുണ്ട്. പക്ഷെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി നീണ്ടുപോകുകയാണ്. അടിയന്തര പ്രാധാന്യത്തോടുകൂടി പാലം നിർമ്മിക്കണം. പാലം ഏതുനിമിഷവും തകർന്നു വീഴാവുന്ന ഒരു സാഹചര്യത്തിൽ നിൽക്കുകയാണ്. സ്ഥലം ഏറ്റെടുക്കുന്നതിന് കുറഞ്ഞത് ഒരു വർഷമെങ്കിലും സമയം വേണ്ടിവരുമെന്നുള്ള ഒരു വലിയ പ്രശ്നം മുന്നിൽ നിൽക്കുന്നതിന് എന്താണ് പരിഹാരമെന്നുള്ളതിനെക്കുറിച്ച് അങ്ങ് ആലോചിക്കണം. ആയിരക്കണക്കിന് ആളുകൾ താമസിക്കുന്ന ഒരു പ്രദേശത്തെ ഈ പാലത്തിന്റെ നിർമ്മാണവുമായി മുന്നോട്ടുപോകുമ്പോൾ ആ പാലത്തിലൂടെ പോകുന്നവർക്ക് അതിന് പകരമൊരു സംവിധാനം ഉണ്ടാകണമെന്നുള്ളതാണ് പ്രത്യേകമായി എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പംതന്നെ തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ട് കടന്നുപോകുന്നത് ഈ പാലത്തിലൂടെയാണ്. പാലം നിർമ്മാണം ആരംഭിക്കുമ്പോൾ അവിടത്തെ ഗതാഗതം തടസ്സപ്പെടും. എയർപോർട്ടിലെ

വിമാനങ്ങളുടെ സമയംതന്നെ ക്രമീകരിച്ചാണ് ആറാട്ട് കടന്നുപോകുന്നത്; ആ മാർഗ്ഗത്തിലൂടെ മാത്രമേ കടന്നുപോകാൻ കഴിയുകയുള്ളൂ. ആ പ്രദേശത്ത് താമസിക്കുന്ന ആയിരക്കണക്കിന് ആളുകളും ആറാട്ട് പോലുള്ള ഉത്സവങ്ങളും ഈ പ്രശ്നത്തിന് വളരെ ഗുരുതരമായ ഒരു മുഖം നൽകുന്നുണ്ട്. ഈ പാലം നിർമ്മാണം തുടങ്ങുന്നതിനുമുമ്പ് അടിയന്തരമായി ഒരു ബെയ്‌ലി ബ്രിഡ്ജ് പോലുള്ള പകരം സംവിധാനംകൂടി ഏർപ്പെടുത്തുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. അതോടൊപ്പംതന്നെ ഈ പാലത്തിന്റെ ഗുരുതരമായ അപകടാവസ്ഥ മനസ്സിലാക്കി മനുഷ്യാവകാശ കമ്മീഷൻതന്നെ ഇപ്പോൾ ഇടപെട്ട് അടിയന്തരമായി നിർമ്മാണം പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി യുദ്ധകാലാടിസ്ഥാനത്തിൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. വി. എസ്. ശിവകുമാറിന്റെ നിയോജകമണ്ഡലത്തിലെ വള്ളക്കടവ് പാലം പുതുക്കിപ്പണിയുന്നതിനായി 2009 ജൂലൈ 14-ന് വി. എസ്. അച്യുതാനന്ദൻ സർക്കാരിന്റെ ഭരണകാലത്താണ് ഉത്തരവിറങ്ങിയിട്ടുള്ളത്. അന്ന് 5 കോടി രൂപയുടെ ഭരണാനുമതിയും നൽകി. തുടർന്ന് ആ സർക്കാർ 2011 ഫെബ്രുവരി 3-ന് 5,37,50,000/- രൂപയുടെ സാങ്കേതികാനുമതിയും നൽകുകയുണ്ടായി. സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ അന്തിമഘട്ടത്തിൽ നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യുകയും അടുത്ത സർക്കാരിന്റെ ഭരണകാലത്ത് ശ്രീ. എ. കിഷോർ എന്നയാൾ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ റവന്യൂ വകുപ്പിന് സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കാൻ കഴിഞ്ഞില്ല. അതുകാരണം കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത്, 2015 ഒക്ടോബർ 10-ന് കോൺട്രാക്ടറെ പിരിച്ചുവിട്ട് റിസ്ക് ആൻഡ് കോസ്റ്റിൽ ആ പണി അവസാനിപ്പിക്കുകയും ചെയ്തു. 1894-ലെ എൽ.എ. ആക്ട് പ്രകാരം നടന്ന നടപടിക്രമങ്ങൾ മാറി പാർലമെന്റ് പുതിയ എൽ.എ. ആക്ട് പാസ്സാക്കിയപ്പോൾ 2013-ലെ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ പുതിയ സർക്കാരിൽ വന്നു. അത് 2016 ആഗസ്റ്റ് 29-ന് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചു. കൂടാതെ പുതിയ എൽ.എ. നിയമപ്രകാരം സോഷ്യൽ ഇംപാക്ട് അസസ്മെന്റ് സ്റ്റഡി നടത്താനുള്ള ഏജൻസിയെ റവന്യൂ വകുപ്പ് കണ്ടെത്തുകയും അതിനുള്ള ഫണ്ട് പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്. അടിയന്തര

പ്രാധാന്യം നൽകി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എല്ലാ നടപടികളും ഇരു വകുപ്പുകളും ചേർന്ന് സ്വീകരിച്ചുവരികയാണ്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് വള്ളക്കടവ് പാലം പുനർനിർമ്മിക്കുന്ന നടപടി ആരംഭിക്കാൻ കഴിയും. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് റവന്യൂ വകുപ്പിന് ഭൂമി മുഴുവൻ ഏറ്റെടുത്തു നൽകാൻ കഴിയാതെ വന്നതാണ് പ്രശ്നം. ഭൂമി ഏറ്റെടുക്കാതെ പണി തുടങ്ങുന്നത് ശരിയല്ല. ഇപ്പോൾ അങ്ങനെ ചെയ്യുന്നില്ല; ഭൂമി ലഭിച്ചതിനുശേഷം മാത്രമേ പണി തുടങ്ങുകയുള്ളൂ. ...(ബഹളം)... അതൊക്കെ ദീർഘകാലമായി നിലനിന്നുവന്ന അപാകതയാണ്. അതിന്റെ ഫലമായാണ് അങ്ങനെ സംഭവിച്ചത്. ഇപ്പോൾ അത് വളരെ വേഗം മുന്നോട്ടുപോകുകയാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ ഈ പാലം നിർമ്മിക്കാൻ പൊതുമരാമത്തു വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. അത് നിർമ്മിക്കുകതന്നെ ചെയ്യും. ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ ഡയറക്ട് നെഗോഷ്യേഷന് ബഹുമാനപ്പെട്ട എം.എൽ.എ.-യും ബന്ധപ്പെട്ട ജനപ്രതിനിധികളും ചേർന്ന് ആളുകളോട് സംസാരിച്ച് വേഗം കൂട്ടിയാൽ മാത്രം മതിയാകും. അല്ലാതെ നിർബന്ധിത ഏറ്റെടുക്കൽ ആകുമ്പോൾ വളരെ വൈകും. ബെയ്‌ലി പാലം പോലുള്ള കാര്യം നമുക്ക് അങ്ങനെ പറയാനാകില്ല. കാരണം, അവർ അങ്ങനെ വരത്തില്ല, അതിനെപ്പറ്റി ആലോചിക്കേണ്ട. വേറെ എന്തെങ്കിലും ഗതാഗത മാർഗ്ഗമുണ്ടോയെന്ന് ആലോചിക്കാം. വലിയൊരു പാലം അപകടത്തിൽപ്പെട്ട് വീഴുന്നിടത്താണ് അവർ വരുന്നത്. അതാണ് പറയാനുള്ളത്. ഇതാണ് അതിന്റെ സ്ഥിതി. പാലം നിർബന്ധമായും പണിയും. അതിനുള്ള നടപടി നീങ്ങിവരികയാണ്. വേണമെങ്കിൽ ഒരു റിവ്യൂ മീറ്റിംഗ് അടിയന്തരമായി വിളിക്കാം.

## (9) ഇ.എസ്.ഐ. ഡിസ്പെൻസറി

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അടൂർ കേന്ദ്രീകരിച്ച് ഒരു പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറി അനുവദിക്കണമെന്നതാണ് സബ്മിഷൻ. കഴിഞ്ഞ കുറെ വർഷങ്ങളായി ഇ.എസ്.ഐ. സ്കീം പരിധിയിൽപ്പെടുന്ന ജീവനക്കാരുടെ എണ്ണം അടൂർ മേഖലയിൽ ഗണ്യമായി വർദ്ധിച്ചുവരികയാണ്. അടൂർ നിയോജക മണ്ഡലത്തിൽ മാത്രം ഏകദേശം നാൽപ്പത്തിരണ്ടോളം കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മറ്റ് നിരവധി സ്ഥാപനങ്ങളെയും തൊഴിലാളികളെയും ഇ.എസ്.ഐ.-യുടെ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സൗകര്യപ്രദമായി ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി അടൂരിൽ ഇല്ലാത്തതുകൊണ്ട് തൊഴിലാളികൾക്ക് ചികിത്സാ സൗകര്യം ലഭ്യമാകാത്ത സ്ഥിതിയാണുള്ളത്. ഇപ്പോൾ കുന്നത്തൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കടമ്പനാട് ഏഴാം മൈലിലും പത്തനാപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന

ഏനാത്തുമാണ് ഇ.എസ്.ഐ. ഡിസ്പെൻസറിയുള്ളത്. പന്തളം, അടൂർ, ഏനാദിമംഗലം അടക്കമുള്ള അടൂർ താലൂക്കിലെ ഏതാണ്ട് അയ്യായിരത്തിലധികം വരുന്ന തൊഴിലാളികൾക്ക് സൗകര്യപ്രദമായ ചികിത്സാ സൗകര്യം ക്രമീകരിക്കുന്നതിനായി അടൂർ കേന്ദ്രീകരിച്ച് ഒരു പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറി അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, കേരള സംസ്ഥാനമാകെ നിലവിൽ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ മാനദണ്ഡങ്ങൾ പ്രകാരം ഇ.എസ്.ഐ. സ്ഥാപനങ്ങളുടെ ക്യാച്മെന്റ് ഏരിയ 8 കിലോമീറ്റർ എന്നത് 20 കിലോമീറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്. അടൂരിന് 20 കിലോമീറ്റർ ചുറ്റളവിൽ ഏനാത്ത്, കടമ്പനാട് എന്നീ ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. 18-09-2017-ൽ പ്രവർത്തനം ആരംഭിച്ച പത്തനംതിട്ട ഇ.എസ്.ഐ. ഡിസ്പെൻസറിയും അടൂരിൽനിന്ന് 18 കിലോമീറ്റർ അകലെയാണ്. ഈ സാഹചര്യത്തിൽ ഇ.എസ്.ഐ. കോർപ്പറേഷൻ മാനദണ്ഡപ്രകാരം അടൂർ കേന്ദ്രീകരിച്ച് പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറി ഇപ്പോൾ തുടങ്ങാൻ സാധ്യതയില്ല. എങ്കിലും ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം ഇ.എസ്.ഐ. കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതാണ്.

## (10) കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

ശ്രീ. എം. നൗഷാദ്: സർ, കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിലെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) അന്തർദ്ദേശീയ നിലവാരത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കേരളത്തിന്റെ അഭിമാനമായ ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനമായിരുന്നു. സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ശിപാർശപ്രകാരം 2008-ൽ അന്നത്തെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. ഗുരുദാസൻ മുൻകയ്യെടുത്ത് സ്ഥാപിച്ചതാണ് കെ.എസ്.ഐ.ഡി. പരമ്പരാഗത തൊഴിൽ മേഖലയിലെയും കരകൗശല മേഖലയിലെയും പ്രതിഭാശാലികളെ കണ്ടെത്തുന്നതിനും അവരുടെ നൈപുണ്യം ലോകനിലവാരത്തിൽ വികസിപ്പിക്കുന്നതിനും വേണ്ടിയാണ് National Institute of Designs-ന്റെ കരിക്കുലവും സിലബസും അടിസ്ഥാനപ്പെടുത്തി ഈ സ്ഥാപനം രൂപീകരിച്ചത്. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിസൈൻ കോഴ്സുകൾ പഠിപ്പിക്കുന്ന ഈ മഹത്തായ സ്ഥാപനം ഇന്ന് വലിയ പ്രതിസന്ധിയെ നേരിടുകയാണ്. ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് സ്ഥാപിതമായ ഈ സ്ഥാപനം ഒരു സ്വതന്ത്ര സ്ഥാപനമായിട്ടാണ് വിഭാവനം ചെയ്തത്. തൊഴിൽ വകുപ്പുമന്ത്രി അദ്ധ്യക്ഷനും ഡിസൈൻ രംഗത്തെ

പ്രമുഖർ അംഗങ്ങളുമായിട്ടുള്ള ഒരു സ്വതന്ത്ര ഗവേണിംഗ് ബോഡിയായിരുന്നു ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണസമിതി. KSID-ക്ക് എല്ലാ വർഷവും സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതം അനുവദിക്കുകയും Employment and Training Director വഴി ഈ സ്ഥാപനത്തിന് 2013 വരെ ലഭ്യമാക്കുകയും ചെയ്തുകൊണ്ടിരുന്നു. 2013-ലെ യു.ഡി.എഫ്. സർക്കാർ ഈ സ്ഥാപനത്തിന്റെ കഴുത്തിന് കത്തിവച്ചു. ഒരു സ്വതന്ത്ര സ്ഥാപനമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ സ്ഥാപനത്തെ Kerala Academy for Skills Excellence (KASE)-ൽ ലയിപ്പിച്ചു. ഇതോടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കഷ്ടകാലം തുടങ്ങി. എല്ലാ സ്വാതന്ത്ര്യവും നഷ്ടപ്പെട്ട് KASE-ന്റെ അനുബന്ധ സ്ഥാപനമായി ഇത് മാറി. സ്വതന്ത്രമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു സ്ഥാപനത്തെ ഒരു അനുബന്ധ സ്ഥാപനമാക്കി മാറ്റി. ഇപ്പോൾ KASE-ന്റെ എം.ഡി.-യാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരമാധികാരി. അദ്ദേഹം ഓരോ ദിവസവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓരോ തൂവലുകൾ അരിഞ്ഞുകൊണ്ടിരിക്കുകയാണ്, ജീവനക്കാരെ പിരിച്ചു വിട്ടുകൊണ്ടിരിക്കുകയാണ്. അക്കാദമിക്/ഹോസ്റ്റൽ ബ്ലോക്കുകളുടെ നിർമ്മാണം നിലച്ചിരിക്കുകയാണ്. ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചിട്ടുള്ള നിരവധി പ്രോജക്ടുകൾ അംഗീകാരത്തിനായി എം.ഡി.-യുടെ മുന്നിൽ കെട്ടിക്കിടക്കുകയാണ്. ഒന്നിനും സമയബന്ധിതമായി അംഗീകാരം ലഭിക്കുന്നില്ല. അതുമൂലം പ്രോജക്ടുകൾ ഓരോന്നായി നഷ്ടപ്പെടുന്ന സ്ഥിതിയാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ നടത്തുന്നത് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകളാണ്. KASE-ന്റെ പിടിയിൽനിന്നും ഇതിനെ മോചിപ്പിച്ച് 2013-ൽ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഉത്തരവ് റദ്ദ് ചെയ്ത് പഴയ സ്ഥിതിയിലേയ്ക്ക് ഈ സ്ഥാപനത്തെ മാറ്റണം. ചന്ദനത്തോപ്പ് ഐ.ടി.ഐ.-യിലെ 4 ഏക്കർ സ്ഥലം പാട്ടത്തിനെടുത്താണ് ഈ സ്ഥാപനം നടത്തിക്കൊണ്ടിരിക്കുന്നത്. ആ സ്ഥിതിയിലേയ്ക്ക് ഈ സ്ഥാപനത്തെ എത്തിച്ചു. ആ സ്ഥാപനത്തിന് വളരാനാവശ്യമായ സാഹചര്യം സൃഷ്ടിക്കണമെന്നാണ് സർക്കാരിനോട് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, കരകൗശല മേഖലയുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ട് കൊച്ചിൻ ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ്, 1955 പ്രകാരം രൂപീകരിച്ച് കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID). 2008-ൽ രൂപീകരിച്ചെങ്കിലും 2013 വരെ ചെറുകിട വ്യവസായ മേഖലയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ മാത്രമാണ് ഈ സ്ഥാപനത്തിൽ നടത്തിയിരുന്നത്. KSID-യെ കൂടുതൽ പ്രവർത്തനക്ഷമമായ ഒരു വിദ്യാഭ്യാസ സ്ഥാപനമാക്കി മാറ്റുന്നതിനായി KSID ബോർഡിന്റെ ശിപാർശ പ്രകാരം 18-02-2014-ലെ KASE ബോർഡ് യോഗത്തിൽവച്ച് KSID-യെ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിൽ ലയിപ്പിക്കുകയുണ്ടായി. കെ.എസ്.ഐ.ഡി.യെ ഒരു പരിപൂർണ്ണ ഡിസൈൻ വിദ്യാഭ്യാസ സ്ഥാപനമാക്കി ഉയർത്തുന്നതിന് KASE-ന്റെ

നേതൃത്വത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനെ സമീപിക്കുകയും തുടർന്ന് 2015-16 അധ്യയന വർഷം മുതൽ പുതിയ ഡിസൈൻ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. നിലവിൽ മൂന്ന് ബാച്ചുകളിലായി 51 വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരിക്കുന്നു. KSID-യുടെ ഭരണച്ചുമതല KASE-ന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണെങ്കിലും അക്കാദമിക് പ്രവർത്തനങ്ങൾ KSID എക്സിക്യൂട്ടീവ് ഡയറക്ടറുടെ മേൽനോട്ടത്തിലാണ്. KASE-യെ സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുള്ളതിനാൽ നൈപുണ്യ വികസനത്തിനായി KASE-ന് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ ഒരു ഭാഗം KSID-യുടെ വികസനത്തിനായി ഉപയോഗിക്കുന്നുണ്ട്. കേരളത്തിലെ നൈപുണ്യ വികസന പദ്ധതികൾ ഏകോപ്പിപ്പിക്കുന്നതിനായി KASE-നെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ നടപടിയെടുക്കുന്ന ഈ അവസരത്തിൽ KASE-ന്റെ Subsidiary unit ആയി പ്രവർത്തിക്കുന്നതാണ് KSID-യെ മികവിന്റെ കേന്ദ്രമായി നിലനിർത്തുന്നതിനും അഭിവൃദ്ധിക്കും ഭാവി പ്രവർത്തനങ്ങൾക്കും അഭികാമ്യം. ഇതെല്ലാം പരിഗണിച്ചുകൊണ്ടുതന്നെ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ ഈ സ്ഥാപനത്തിന്റെ പ്രവർത്തന അനുഭവങ്ങളിലൂടെ പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കുന്നതിനെക്കുറിച്ച് നമുക്ക് ഭാവിയിൽ ആലോചിക്കാവുന്നതാണ്.

## (11) വഴിയോര കച്ചവടക്കാരുടെ സംരക്ഷണം

ശ്രീ. എസ്. ശർമ്മ: സർ, നമ്മുടെ സംസ്ഥാനത്ത് ജീവിക്കാൻ നിവൃത്തിയില്ലാതെ വഴിയോര കച്ചവടത്തെ ആശ്രയിച്ചു കഴിയുന്ന ധാരാളം പാവപ്പെട്ടവരുണ്ട്. അവരുടെ സംഘടനയുടെ നേതൃത്വത്തിൽ ഇന്ന് നിയമസഭയുടെ മുമ്പിലേയ്ക്ക് മാർച്ച് നടത്തുകയാണ്. കേരളത്തിൽ അഞ്ചര ലക്ഷത്തോളം പേർ വഴിയോരക്കച്ചവടത്തെ ആശ്രയിച്ച് ഉപജീവനം നടത്തുന്നു. മറ്റൊരു തൊഴിലും ലഭിക്കാതെ വരുമ്പോൾ സ്വയം തൊഴിൽ എന്ന നിലയിൽ തെരഞ്ഞെടുക്കുന്നതാണ് വഴിയോരക്കച്ചവടം. ആർട്ടിക്കിൾ 19 (1) പ്രകാരം തൊഴിലെടുത്ത് ജീവിക്കാനുള്ള അവകാശം തെരുവിൽ തൊഴിലെടുക്കുന്നവർക്കുണ്ടെന്ന 1984-ലെ സുപ്രീംകോടതി വിധിന്യായം നിലവിലുണ്ട്. 2011-ലെ എൽ.ഡി.എഫ്. സർക്കാർ വഴിയോരക്കച്ചവട തൊഴിലാളികളുടെ സംരക്ഷണത്തിനായി കേരള സംസ്ഥാന നയം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2014-ൽ പാർലമെന്റ് വഴിയോരക്കച്ചവട (ഉപജീവന സംരക്ഷണ) നിയന്ത്രണ നിയമവും പാസ്സാക്കിയിട്ടുണ്ട്. വഴിയോരക്കച്ചവട (ഉപജീവന സംരക്ഷണ) നിയന്ത്രണ നിയമം, 2014 അടിസ്ഥാനമാക്കി ചട്ടമിറക്കുന്ന നടപടികൾ പൂർത്തിയാക്കി. ചട്ടം നിലവിൽ വരുന്നതിന് നിയമത്തെ അടിസ്ഥാനമാക്കിയുള്ള സ്കീം ഇതുവരെ രൂപപ്പെടുത്തിയിട്ടില്ല. സ്കീം

പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നും ഗ്രാമപഞ്ചായത്തുകളെക്കൂടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നും വഴിയോരക്കച്ചവടക്കാരുടെ സർവ്വേ നടപടികൾ പൂർത്തിയാക്കണമെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾവഴി കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന നടപടി പൂർത്തീകരിക്കണമെന്നും ലൈസൻസ് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും വഴിയോരക്കച്ചവടക്കാരുടെ ക്ഷേമത്തിന് ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് നയപരമായ പ്രശ്നമായതുകൊണ്ട് സർക്കാർ ചർച്ച ചെയ്ത് ബോർഡ് രൂപീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ദേശീയ തെരുവുകച്ചവട നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. 21649 പേർ തെരുവുകച്ചവടക്കാരായുണ്ടെന്നാണ് സർവ്വേയിൽ കണ്ടെത്തിയിരിക്കുന്നത്. ഇതിൽ 8718 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കരട് ചട്ടം നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും തെളിവെടുപ്പ് പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. ദേശീയ തെരുവുകച്ചവട സംരക്ഷണ നിയമം അടിസ്ഥാനമാക്കി സ്കീം സമർപ്പിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. അത് ലഭിച്ചാലുടൻ തിരിച്ചറിയൽ കാർഡ് ലഭിച്ച തെരുവുകച്ചവടക്കാർക്ക് ലൈസൻസ് നൽകാൻ നടപടികൾ ആരംഭിക്കും. ഇവർക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനായി ഉയർന്നുവന്നിട്ടുള്ള നിർദ്ദേശം സർക്കാർ ഭാവിയിൽ പരിശോധിക്കുന്നതാണ്.

## V ധനകാര്യം

### 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI -ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു:

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2018-19 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| V | ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 353,44,22,000 | .... | 353,44,22,000 |
| VI | ഭൂനികുതി | 725,38,62,000 | .... | 725,38,62,000 |
| XI | ജില്ലാ ഭരണവും പലവകയും | 674,04,43,000 | ..... | 674,04,43,000 |
| XXI | ഭവനനിർമ്മാണം | 125,79,26,000 | 69,01,01,000 | 194,80,27,000 |
| XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | 443,99,98,000 | ..... | 443,99,98,000 |

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ

ധനാഭ്യർത്ഥനയെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ- V - ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 353,44,22,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന് നികുതിയിനത്തിൽ ചില ഘടകങ്ങളും വീഴ്ചകളും വലിയ തോതിലുള്ള വരുമാനനഷ്ടം ഉണ്ടാക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 353,44,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നികുതി വരുമാനത്തിലെ പ്രഖ്യാപിത ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 353,44,22,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് നികുതിപിരിവ് 25% വർദ്ധനവ് ലക്ഷ്യമിട്ടിട്ടും വെറും 10%-ൽ താഴെ മാത്രം നികുതി വർദ്ധനവ് നേടാൻ സാധിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 353,44,22,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിലവിലുള്ള വാറ്റ് സമ്പ്രദായത്തിൽ അന്തർ സംസ്ഥാന വ്യാപാരത്തിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന ചരക്കുകളുടെ മേൽ അവിടെ നൽകിയ നികുതിക്ക് സംസ്ഥാനത്ത് കിഴിവ് നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 353,44,22,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാന അവകാശങ്ങളെ സംരക്ഷിക്കുന്നതിനും കൂടുതൽ നീതിപൂർവ്വമായ നികുതി ഘടനയ്ക്കും വേണ്ടി ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഇടപെടൽ നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 353,44,22,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (യാതൊരു മുന്നൊരുക്കവുമില്ലാതെ ജി.എസ്.ടി നടപ്പിലാക്കിയതുകാരണം സംസ്ഥാനത്തെ നികുതി വരുമാനത്തിൽ ഇടിവ് സംഭവിച്ചതയായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 353,44,22,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജി.എസ്.ടി. പരിധിയിൽ വരാത്ത സ്ഥാപനങ്ങൾ നികുതി പിരിക്കുന്നതായി പറയപ്പെടുന്നത് പരിശോധിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 353,44,22,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്ന സാഹചര്യത്തിൽ ഹോട്ടൽ വ്യാപാരികൾ ഭക്ഷണത്തിന് യഥേഷ്ടം നികുതി ഏർപ്പെടുത്തുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 353,44,22,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പെട്രോൾ-ഡീസൽ വില വർദ്ധനവ് കാരണം ജനങ്ങൾ ദുരിതമനുഭവിക്കുമ്പോഴും സംസ്ഥാനത്തിന് ലഭിക്കുന്ന അധിക നികുതി വേണ്ടെന്നു വയ്ക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 353,44,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മത്സ്യബന്ധന യാനങ്ങളിൽ ഉപയോഗിക്കുന്ന ഇന്ധനങ്ങൾക്കുമേൽ അധിക വിൽപ്പന നികുതി ചുമത്തിയതുമൂലം പ്രതിസന്ധി ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI – ഭൂനികുതി

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. മുരളീധരൻ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മുൻ സർക്കാർ 2014-ലെ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ ഭൂനികുതി വർദ്ധനവിനെതിരെ പ്രതിഷേധം സംഘടിപ്പിച്ച് പിൻവലിപ്പിക്കുകയും എന്നാൽ അധികാരത്തിൽ എത്തിയതിനുശേഷം അതേ നിരക്കിൽ ഭൂനികുതി വീണ്ടും കൊണ്ടുവരികയും ചെയ്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അമിതമായി വർദ്ധിപ്പിച്ചതായി പറയപ്പെടുന്ന ഭൂനികുതി കുറയ്ക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റീസർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ ഭൂനികുതി സ്വീകരിക്കുന്നതിൽ വില്ലേജ് ഓഫീസർമാർ വിമുഖത കാണിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം

ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മന്ത്രിയായിരുന്ന വ്യക്തി ഭൂമി കയ്യേറിയെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എം.പി.-മാരും മന്ത്രിയുടെ ബന്ധുക്കളും ഭരണകക്ഷിയിലെ നേതാക്കളും നൂറിൽപ്പരം ഏക്കർ ഭൂമി മൂന്നാറിൽ കയ്യേറിയിട്ടും കയ്യേറ്റക്കാരെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ വിസ്തീർണ്ണം കുറയ്ക്കാൻ ശ്രമിക്കുകയും ഭൂമി കയ്യേറുന്നവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂരേഖകൾ ശരിയായ രീതിയിൽ പരിപാലിക്കപ്പെടാത്തതിനെ തുടർന്നുണ്ടാകുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂരേഖകൾ പൂർണ്ണമായി ഡിജിറ്റൈസ് ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോക്കുവരവ് നടപടിക്രമങ്ങളിൽ ഉള്ളതായി പറയപ്പെടുന്ന കാലതാമസം ഒഴിവാക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റവന്യൂ സംബന്ധിച്ച് വിവിധ പ്രശ്നങ്ങൾ തീർപ്പാക്കാൻ മുൻ സർക്കാർ വിജയകരമായി നടപ്പിലാക്കിയിരുന്ന റവന്യൂ അദാലത്തുകൾ അട്ടിമറിച്ചതുമൂലം ജനങ്ങൾക്ക് ഉണ്ടായതായി പറയപ്പെടുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുക യഥാസമയം വിതരണം ചെയ്യാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 725,38,62,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജീവനക്കാരുടെ കുറവുമൂലം വില്ലേജുകളിൽ ഭൂനികുതി പിരിവുകൾ ഊർജ്ജിതപ്പെടുത്താൻ സാധിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,43,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജില്ലാ ഭരണകാര്യാലയങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുംവിധം കാര്യക്ഷമമാക്കുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,43,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കളക്ടർമാരുടെ ഓഫീസുകളിൽ എകോപനമില്ലായ്മകാരണം ഫയലുകളിൽ തീരുമാനം എടുക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,43,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജില്ലാ കളക്ടറേറ്റുകളിലെ പൊതുജന പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,43,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആസ്തി വികസന ഫണ്ടിന് അനുമതി നൽകുന്ന ജില്ലാ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,43,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജില്ലയിലെ വകുപ്പ് മേധാവികളെ പങ്കെടുപ്പിച്ച് ജില്ലാതല വികസന സമിതി യോഗങ്ങൾ കാര്യക്ഷമമായി വിളിച്ചു ചേർക്കാത്തതുമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രയാസങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,43,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജില്ലാ ഭരണകൂട പരിസരത്ത് പിടിച്ചെടുത്ത വാഹനങ്ങളെക്കൊണ്ട് പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,43,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 674,04,43,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മലപ്പുറത്ത് അലിഗഢ് സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് തുടങ്ങുന്നതിനുള്ള സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXI - ഭവന നിർമ്മാണം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,80,27,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ ബോർഡിന്റെ ആഭിമുഖ്യത്തിൽ പുതിയ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,80,27,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വീട് ഇല്ലാത്തവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,80,27,000/- രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇടത്തരം വരുമാനക്കാർക്കായി ഹൗസിംഗ് ബോർഡ് മുഖാന്തിരം പലിശ സബ്സിഡിയുള്ള വായ്പാ പദ്ധതിയിലൂടെ ഭവന നിർമ്മാണ സഹായം നൽകുന്ന പദ്ധതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,80,27,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ

നിന്നുള്ള വിഹിതം യഥാസമയം നേടിയെടുക്കുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,80,27,000/- രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റംമൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതു സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,80,27,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗൃഹശ്രീ പദ്ധതിയിൽ അനർഹരായവർക്ക് ആനുകൂല്യം നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,80,27,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ജീവനക്കാരുടെ ആവശ്യത്തിനായി വേണ്ടത്ര ക്വാർട്ടേഴ്സുകൾ പണിത് നൽകണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,80,27,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ നടപ്പിലാക്കുന്ന ലൈഫ് പദ്ധതിയിൽ നിന്നും സംസ്ഥാന ഹൗസിംഗ് ബോർഡിനെ പൂർണ്ണമായും ഒഴിവാക്കിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 194,80,27,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലൈഫ് പാർപ്പിട പദ്ധതിയിൽ അർഹരായവരെ തഴഞ്ഞെന്നും അനർഹർക്ക് സഹായം നൽകിയെന്നും പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVI – പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. ടി. തോമസ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 443,99,98,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് കാണാതായവർക്കും വീട് നഷ്ടപ്പെട്ടവർക്കും സഹായം ലഭ്യമാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 443,99,98,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓഖി ചുഴലിക്കാറ്റിന് മുന്നോടിയായി മുന്നറിയിപ്പ് നൽകുന്നതിന് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 443,99,98,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓഖി ദുരിതബാധിതർക്കുള്ള ധനസഹായം കൃത്യസമയത്ത് വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 443,99,98,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓഖി പോലുള്ള ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിനും ദുരന്തനിവാരണം ഫലപ്രദമാക്കുന്നതിനും ക്രിയാത്മകമായി നടപടി സ്വീകരിക്കുന്നതിൽ പരാജയം ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 443,99,98,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓഖി പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 443,99,98,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓഖി ചുഴലിക്കാറ്റുകാരണം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായവും മറ്റ് ആനുകൂല്യങ്ങളും അടിയന്തിരമായി ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 443,99,98,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടവർക്കെല്ലാം വീട് പുതുക്കിപ്പണിയുന്നതിന് ആവശ്യമായ ധനസഹായം നൽകണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 443,99,98,000/- രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരിജ്ഞാനമുള്ളവരെ ദുരന്തനിവാരണ അതോറിറ്റിയിൽ ഉൾപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 443,99,98,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ പ്രതിസന്ധി സൃഷ്ടിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ.കെ.എൻ.എ. ഖാദർ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 443,99,98,000/- രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിന്റെ ഭാസുരമായ ഭാവിയെക്കരുതി അവധാനതയോടുകൂടി അവതരിപ്പിക്കപ്പെട്ട ഈ ബഡ്ജറ്റിന്റെ സാധ്യതകളും പരിമിതികളും ബോദ്ധ്യപ്പെട്ട് മുന്നോട്ടുവയ്ക്കുന്ന എല്ലാ ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. ശ്രീ. പ്രിയനന്ദനൻ സംവിധാനം ചെയ്ത 'പാതിരാക്കാലം' എന്നൊരു സിനിമ ഇപ്പോൾ പ്രദർശനത്തിനെത്തിയിട്ടുണ്ട്. അതിന്റെ അവസാന ഭാഗത്ത് പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ ഭീതിജനകമായ ഒറ്റപ്പെടൽ ചിത്രീകരിക്കുന്നുണ്ട്. ഭൂമിയും വീടും നഷ്ടപ്പെട്ടവരുടെയും ജീവജലംപോലും തട്ടിയെടുക്കപ്പെട്ടവരുടെയും ജീവൻ നിലനിർത്താൻ ചത്ത എലികളെപ്പോലും കഴിക്കേണ്ടി വരുന്നവരുടെയും കഥയാണ് അതിൽ ചിത്രീകരിച്ചിരിക്കുന്നത്. പൂർവ്വകാലത്ത് കേരളവും കേന്ദ്രവും ഭരിച്ച കോൺഗ്രസ്സിന്റെ നവലിബറൽ സാമ്പത്തിക നയത്തിന്റെ ദുരന്തങ്ങൾ ഏറ്റുവാങ്ങിയ സമൂഹത്തിന്റെ, ആ പാതിരാക്കാലത്തിന്റെ കഥയാണ് സിനിമ പറയുന്നത്. ഇന്ത്യയെയും കേരളത്തെയും കോർപ്പറേറ്റ് ലോബികൾക്ക് ഒറ്റുകൊടുത്ത പ്രസ്ഥാനമാണ് കോൺഗ്രസ്സ്. ആ കോൺഗ്രസ്സ് തകർത്ത് തരിപ്പണമാക്കിയ കേരളീയ ജീവിതത്തെ വീണ്ടെടുക്കാനുള്ള പരിശ്രമത്തിലാണ് എൽ.ഡി.എഫ്. വരണ്ടുണങ്ങിയ ജീവിതങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പാൽനിലാവുപോലെ പെയ്തിറങ്ങുന്ന ഈ സർക്കാരിന്റെ വികസന നിർദ്ദേശങ്ങളെ പിന്താങ്ങാൻ കഴിയാത്തവർ എന്ത് മനുഷ്യരാണ്? ഇന്ത്യയുടെ രാഷ്ട്രീയ ഭ്രമണ്ഡലത്തിൽ അധമ സംസ്കാരത്തിന്റെ ശിൽപ്പികൾ താണ്ഡവമാടുന്ന പാതിരാക്കാലമാണ് ഇതെന്ന് അവർ ഓർക്കുന്നത് നന്നായിരിക്കും. ഈ പാതിരാക്കാലത്ത് സാമൂഹിക വിഹായസ്സിൽ രൂപപ്പെടുന്ന എല്ലാ കരിമേഘങ്ങളെയും വകഞ്ഞുമാറ്റി കേരളീയ സമൂഹത്തിലേയ്ക്ക് കടന്നുവരുന്ന വെള്ളിവെളിച്ചമാണ് എൽ.ഡി.എഫ്.-ന്റെ വികസന നിർദ്ദേശങ്ങൾ എന്ന് ഞാൻ അവരെ ഓർമ്മിപ്പിക്കുകയാണ്. സമീപ ഭൂതകാലംവരെ ഇന്ത്യ ഭരിച്ച കോൺഗ്രസ്സ് കോർപ്പറേറ്റ് മൂലധന താൽപ്പര്യമല്ലേ കൊണ്ടുനടന്നത്; അതിന്റെ ഭാഗമായല്ലേ ജി.എസ്.ടി. നിർദ്ദേശങ്ങൾ രൂപപ്പെടുത്തിയത്; ആ നിർദ്ദേശങ്ങൾ തന്നെയല്ലേ ബി.ജെ.പി.-യുടെ സർക്കാർ ഇപ്പോൾ അടിച്ചേൽപ്പിക്കുന്നത്? അതിന്റെയെല്ലാം കുറ്റം ഞങ്ങളുടെ പിടലിക്ക് വയ്ക്കുന്നതിൽ എന്ത് നീതിയാണുള്ളത്? ഈ കോൺഗ്രസ്സ് എന്നാണ് നന്നാകുക; ഇനി നന്നാകാൻ കോൺഗ്രസ്സ് ബാക്കിയുണ്ടോ എന്നതാണ് ഇവിടുത്തെ ചോദ്യം. പണ്ട് ഏതോ കോൺഗ്രസ്സ് നേതാവ് പറഞ്ഞതുപോലെ ഈ ചത്ത കുതിരയുമായി ഏതെങ്കിലും അങ്കം ജയിക്കാൻ ആർക്കെങ്കിലും കഴിയുമോ? ഇവർ ചെയ്ത കർമ്മഫലമല്ലേ ഇവർ അനുഭവിക്കുന്നത്. മഹാത്മാഗാന്ധിയുടെ ചിന്തകളെ

ചന്തയിൽ കൊണ്ടുവിറ്റ് പണവും അധികാരവും ഉപയോഗിച്ച് ഈ നാടിന്റെ സ്വസ്ഥത തകർത്തത് ഈ കോൺഗ്രസ്സല്ലേ? രാഷ്ട്രപിതാവിന്റെ ഘാതകരുടെ സംഘത്തിന് നാട് നൽകിയ നിരോധനംപോലും പിൻവലിച്ചതും ഇതേ കോൺഗ്രസ്സ് ഭരണകാലത്താണ്. ബാബറി മസ്ജിദിന്റെ നെഞ്ച് പിളർന്ന് കരിങ്കല്ല് സ്ഥാപിച്ച്, ഇത് രാമന്റെ ശിലയെന്ന് അട്ടഹസിച്ചതും കോൺഗ്രസ്സ് ഭരണകാലത്തല്ലേ? അതേ ബാബറി മസ്ജിദിന്റെ തകർച്ചയ്ക്ക് കാവൽ നിന്നതും ഈ തകർന്ന കോൺഗ്രസ്സല്ലേ. അവർ തന്നെയല്ലേ പുത്തൻ സാമ്പത്തിക നയം ചെപ്പിലൊളിപ്പിച്ച് സാമ്രാജ്യത്വ സാമ്പത്തിക ആധിപത്യം ഇന്ത്യയിലെത്തിച്ചത്? ഇന്നലത്തെ ഇതേ കോൺഗ്രസ്സല്ലേ ഇന്നത്തെ ബി.ജെ.പി.? ഖദർ മാറി കാവിയുടുത്തു, കൈപ്പത്തികൾ ചേർത്ത് താമര വിടർത്തി. കൂടുവിട്ട് കൂടുമാറിയ കോൺഗ്രസ്സുകാരുടെ എണ്ണം പറഞ്ഞാൽ ഇന്ന് ഈ സഭ പിരിയുവാൻ കഴിയുമോ? അറുപതംഗ അരുണാചൽപ്രദേശ് നിയമസഭയിൽ 2014-ൽ 42 സീറ്റ് നേടിയ കോൺഗ്രസ്സ് മന്ത്രിസഭയുണ്ടാക്കി, മുഖ്യമന്ത്രിയായി ഒരു നബാം തുകി (Nabam Tuki)-യെ നിയമിച്ചു. തുകി tukiയതാണോയെന്നറിയില്ല, ഇപ്പോൾ അവിടെ എന്താണ് സ്ഥിതി? ബി.ജെ.പി.-യുടെ ഭരണമാണ്, മുഖ്യമന്ത്രിയൊഴികെയുള്ള എല്ലാ കോൺഗ്രസ്സ് എം.എൽ.എ.-മാരും ബി.ജെ.പി.-യുടെ കൂടെയായി. മണിപ്പൂരിലെ കോൺഗ്രസ്സ് മുഖ്യമന്ത്രി ശ്രീ. എൻ. ബിരേൻ സിംഗ് (Biren Singh) ഇപ്പോൾ ബി.ജെ.പി.-യിലാണ്. ഉത്തർപ്രദേശിലും ഉത്തരാഖണ്ഡിലും മുഖ്യമന്ത്രിയായിരുന്ന എൻ. ഡി. തിവാരി തൊണ്ണൂറ്റിയൊന്നാം വയസ്സിലും ക്ഷമനശിച്ച് കോൺഗ്രസ്സ് വിട്ടില്ലേ? ഉത്തർ പ്രദേശിലെ കോൺഗ്രസ്സിന്റെ അവസാന മുഖ്യമന്ത്രി ജഗദംബിക പാൽ ഇപ്പോൾ ബി.ജെ.പി. എം.പി.-യാണ്. യു.പി.-യിലെ തന്നെ റീത്താ ബഹുഗുണയും ബി.ജെ.പി.-യായി. ഉത്തരാഖണ്ഡിലെ കോൺഗ്രസ്സ് മുഖ്യമന്ത്രിയായിരുന്ന വിജയ ബഹുഗുണയും ബി.ജെ.പി.-യായി. മുൻ കേന്ദ്രമന്ത്രിയും കർണ്ണാടക മുഖ്യമന്ത്രിയുമായിരുന്ന എസ്. എം. കൃഷ്ണ, വീരശൂര പരാക്രമിയായ അദ്ദേഹം എവിടേയ്ക്കാണ് പോയത്; അതും ബി.ജെ.പി.-യിലേയ്ക്കല്ലേ? ഇപ്പോഴിതാ ത്രിപുരയിലെ കോൺഗ്രസ്സ് എം.എൽ.എ.-മാർ മാത്രമല്ല, നാലണ മെമ്പർഷിപ്പ് എടുത്ത എല്ലാ കോൺഗ്രസ്സുകാരും ഒന്നിച്ച് ഒലിച്ചുപോയത് നമ്മൾ കണ്ടതല്ലേ. ഇക്കൂട്ടരുടെ എല്ലാ തിന്മകൾക്കുമെതിരായ ബദൽ നേടുകയാണ് കേരളം. സംസ്ഥാനങ്ങളുടെ സമ്പത്തും അധികാരവും കവരാൻ എക്കാലത്തും കോൺഗ്രസ്സിന്റെയും ബി.ജെ.പി.-യുടെയും കേന്ദ്ര സർക്കാരുകൾ ശ്രമിച്ചിട്ടുണ്ട്. കോൺഗ്രസ്സ് തയ്യാറാക്കിയ ജി.എസ്.ടി. നിബന്ധനകൾ ശരവേഗതയിലാണല്ലോ ബി.ജെ.പി.-ക്കാർ ഇപ്പോൾ നടപ്പിലാക്കുന്നത്. ഇവർ തമ്മിൽ എന്തൊരു പൊരുത്തമാണ്. ഒറ്റ രാജ്യം, ഒറ്റ നികുതി, എന്തൊരു സുന്ദരവാഗ്ദാനമായിരുന്നു.

നൂറ്റിയെട്ട് തരം നികുതി നൽകി മടിഞ്ഞ ജനത സ്വാഭാവികമായും ജി.എസ്.ടി.-ക്ക് സിന്ദാബാദ് വിളിച്ചു. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? നികുതികളുടെ എണ്ണം കുറഞ്ഞു, നാട്ടുകാരുടെ ചെലവ് കൂടി, കോർപ്പറേറ്റുകളുടെ കൊള്ളലാഭം കൂടി. ഇതാണ് ഇപ്പോൾ സംഭവിച്ചത്. ജി.എസ്.ടി. മാത്രമല്ല, അതിന് മുന്നൊരുക്കം നടത്തിയ വാറ്റും അതിലേയ്ക്ക് നാടിനെ എത്തിച്ച നവ ഉദാരവൽക്കരണ സാമ്പത്തിക നയങ്ങളുമെല്ലാം ഇന്ത്യൻ ഫെഡറലിസത്തെ തകർക്കാനുള്ള തന്ത്രങ്ങളുടെ ബാക്കിപത്രമായിരുന്നില്ലേ? കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളെല്ലാം നോക്കിയാൽ നമുക്ക് മനസ്സിലാകും, ഏതാണ്ട് തവളസൂപ്പ് ഉണ്ടാക്കുന്നതുപോലെയാണ് കോൺഗ്രസ്സും ബി.ജെ.പി.-യുമെല്ലാം ജനവിരുദ്ധ നിയമങ്ങൾ എല്ലാ കാലത്തും ഈ രാജ്യത്ത് അടിച്ചേൽപ്പിച്ചിട്ടുള്ളത്. തവളസൂപ്പ് എങ്ങനെയാണുണ്ടാക്കുക? സൂപ്പുണ്ടാക്കുന്നതിന് തവളയെപ്പിടിച്ച് ചൂടുവെള്ളത്തിലിട്ടാൽ അത് ജീവനുംകൊണ്ട് ചാടിപ്പോകും. എന്നാൽ അതേ തവളയെ പിടിച്ച് പച്ചവെള്ളത്തിലിട്ട് സാവധാനം വെള്ളം ചൂടാക്കിയാലോ? തവള അതിൽ നീന്തിനടന്ന് ഒടുവിൽ വെന്ത് സൂപ്പായിത്തീരും. ഈ സൂത്രമാണ് കോൺഗ്രസ്സും ബി.ജെ.പി.-യും ചേർന്ന് ഈ നാട്ടിലെമ്പാടും നടപ്പാക്കിക്കൊണ്ടിരുന്നത്. നോട്ടു നിരോധനംമൂലം പ്രതിസന്ധിയിലായ ചെറുകിട വ്യവസായ മേഖലയ്ക്ക് ജി.എസ്.ടി. ചുമത്തിയത് ഇരുട്ടടിയേറ്റതുപോലെയായില്ലേ? ഒന്നരക്കോടിയോളം വിറ്റുവരവ് ഉണ്ടായിരുന്നവർക്ക് എക്സൈസ് നികുതി ബാധകമല്ലായിരുന്നു. ഇപ്പോൾ ജി.എസ്.ടി. വന്നപ്പോൾ ചായക്കടയിൽപ്പോലും വിലക്കയറ്റം രൂക്ഷമായി. വിലക്കയറ്റത്തിന്റെയും സാമ്പത്തിക മാന്ദ്യത്തിന്റെയും കത്രികപ്പൂട്ടിലേയ്ക്ക് സമ്പദ്ഘടന കൂപ്പുകുത്തി. ഇതെല്ലാം അനുഭവിച്ചാണ് കേരളം ഇപ്പോൾ നീങ്ങുന്നത്. ഏതാണ്ട് ഒരു ലക്ഷം കോടി രൂപയുടെ കേന്ദ്ര-സംസ്ഥാന പരോക്ഷ നികുതികളാണ് ജി.എസ്.ടി.-യിൽ ലയിപ്പിച്ചത്. കഴിഞ്ഞ ജനുവരിയിൽ നമുക്ക് പിരിഞ്ഞു കിട്ടിയത് 5407 കോടി രൂപ മാത്രമാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. എന്താണിവിടെ സംഭവിച്ചത്? 'വന്ന വെള്ളം നിന്ന വെള്ളത്തെയും കൊണ്ടുപോയി' എന്നൊരു ചൊല്ല് ഞങ്ങളുടെ നാട്ടിലുണ്ട്. കൃഷി ആരംഭിക്കുന്നതിനുമുമ്പുതന്നെ കർഷകർ പാടത്ത് വെള്ളം ശേഖരിച്ചുവയ്ക്കും. പക്ഷേ പുതുമഴക്കാലത്തുവരുന്ന വെള്ളം പാടവരമ്പുകൾപോലും തകർത്ത് ശേഖരിച്ചുവച്ച വെള്ളത്തെയും കൊണ്ട് കടലിലേയ്ക്ക് കുതിച്ചുപോകും. ഇതുകണ്ട് പണ്ട് കാരണവൻമാർ പറയുന്ന ചൊല്ലാണ് 'വന്ന വെള്ളം നിന്ന വെള്ളത്തെയും കൊണ്ടുപോയി' എന്ന്. അതുപോലെയായി ജി.എസ്.ടി.-യുടെ വരവ്. അല്ലറചില്ലറ നികുതിയൊക്കെ പിരിച്ചിരുന്ന ചെക്ക്പോസ്റ്റുകളെല്ലാം വിലങ്ങനെയായിരുന്നു കിടന്നത്. ജി.എസ്.ടി. വന്നപ്പോൾ അത് കുത്തനെ നിവർത്തിവച്ചു. ഇതര സംസ്ഥാനത്തുനിന്നും ബിൽ ഇല്ലാതെവന്ന എല്ലാ ചരക്കുകളും ഒരു ബില്ലുമെഴുതാതെ

അടുക്കളയിലും അരങ്ങത്തുമെല്ലാം എത്തിത്തുടങ്ങി. എവിടെനിന്നാണ് നികുതി ലഭിക്കുന്നത്; എവിടെനിന്നാണ് വരുമാനം ലഭിക്കുന്നത്; ഇങ്ങനെ ഒരു അന്തവും കുന്തവുമില്ലാതെ കേന്ദ്ര നിയമം വന്നതിനെതിരെ കോൺഗ്രസ്സ് ഒന്നും പറയാത്തത് എന്താണ്? ഒരു പ്രതിഷേധവും അവർ കാണിക്കുന്നില്ലല്ലോ. മകൻ മരിച്ചാലും സാരമില്ല, മരുമകളുടെ കരച്ചിൽ കണ്ടാൽ മതിയെന്ന് ചിന്തിക്കുന്ന ചില അമ്മായിയമ്മമാരുടെ മനോഭാവമാണ് കോൺഗ്രസ്സ് തുടരുന്നത്. അവരെ പിന്തുണയ്ക്കുന്ന ഘടക കക്ഷികളെ കാണുമ്പോൾ ഹാ, കഷ്ടം! എന്നല്ലാതെ എന്താണ് പറയുക. യു.ഡി.എഫ്. കേരളം ഭരിക്കുമ്പോൾ എല്ലാ നികുതിച്ചീട്ടും പണപ്പിരിവിനുള്ള സ്വകാര്യ ഏർപ്പാടാക്കിയിരുന്നു. അക്കാലത്ത് നികുതി പിരിവിൽ അഞ്ച് ശതമാനത്തിന്റെ കുറവുണ്ടായി എന്നാണ് കണക്കുകൾ പറയുന്നത്. എൽ.ഡി.എഫ്. മുമ്പ് ഭരിച്ചിരുന്നപ്പോൾ 17 ശതമാനമുണ്ടായിരുന്ന നികുതിപിരിവ് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 12 ശതമാനമായി. വൻകിടക്കാർക്ക് നൽകിയ നികുതിയിളവ് കണ്ടാൽ ഇരുട്ടടി കൊടുക്കാൻ തോന്നിപ്പോകുമെന്നാണ് അക്കാലത്ത് എന്റെ നാട്ടിലെ ഒരു സാധാരണ നികുതിദായകൻ പറഞ്ഞത്. ടെന്നീസ് ക്ലബ്ബിന്റെ 11 കോടി രൂപയുടെ പാട്ടക്കുടിശ്ശിക എഴുതിത്തള്ളിയതും കഴിഞ്ഞ ഭരണക്കാരല്ലേ? ഭൂനികുതി മാത്രമല്ല ഭൂമി തന്നെ തൊണ്ടയിൽ തട്ടാതെ വിഴുങ്ങിയതും അക്കാലത്താണ്. അവരാണ് ഇന്നൊരു അടിയന്തര വർത്തമാനവുമായി ഈ സഭയിൽ വന്നതെന്ന് നമ്മൾ ഓർക്കണം. അടിയന്തരപ്രമേയത്തിലൂടെ പറഞ്ഞത് ഭൂമിയെല്ലാം ആർക്കോ കൊടുക്കാൻ ഈ സർക്കാർ കൂട്ടുനിൽക്കുന്നുവെന്നാണ്. ആരെ നോക്കിയാണ് നിങ്ങൾ പറയുന്നത്; ആരാണ് ഈ വർത്തമാനം പറയുന്നത്; മെത്രാൻ കായലിൽ 378 ഏക്കറും കടമക്കുടിയിൽ 47 ഏക്കറും വയൽ നികത്താൻ യു.ഡി.എഫ്. നടത്തിയ ശ്രമം അന്ന് കോടതിയല്ലേ തടഞ്ഞത്; വൈക്കത്ത് ചെമ്പിൽ 150 ഏക്കർ നിലം ഷാഫി മേത്തറിന് പതിച്ചുനൽകിയത് കോൺഗ്രസ്സ് ഭരിക്കുമ്പോഴല്ലേ; കോന്നിയിൽ ജാതിമത സംഘടനകൾക്ക് 18 ഏക്കർ സർക്കാർ ഭൂമി നൽകിയതും യു.ഡി.എഫ്. സർക്കാർ അല്ലേ; നെല്ലിയാമ്പതിയിൽ 900 ഏക്കർ ഭൂമി പോബ്സ് ഗ്രൂപ്പിന് ലഭിക്കാൻ കൂട്ടുനിന്നതും മുൻ സർക്കാരല്ലേ? അന്നത്തെ പത്രവാർത്തകൾ എന്റെ കൈവശമുണ്ട് - കരുണ എസ്റ്റേറ്റ് സർക്കാർ ഭൂമിയല്ലെന്ന് മുഖ്യമന്ത്രി അഫിഡവിറ്റ് കൊടുത്തു; ശ്രീ. അടൂർ പ്രകാശിന്റെ നടപടികൾ പരിശോധിക്കുമെന്ന് ശ്രീ. വി. എം. സുധീരന് പറയേണ്ടിവന്നു; കരുണ, പോബ്സ് ഗ്രൂപ്പിന് വനഭൂമി കൊടുക്കാൻ അഫിഡവിറ്റ് കൊടുത്തപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി ഇഷ്ടക്കാർക്ക് പതിച്ചുനൽകിയത് 2200 ഏക്കർ; സന്തോഷ് മാധവന് 128 ഏക്കർ സർക്കാർ ഭൂമി; മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പ്രതിക്കൂട്ടിൽ; റവന്യൂ

വകുപ്പിന്റെ കള്ളക്കളി വീണ്ടും - കായലോരവും തീറെഴുതുന്നു; ടെന്നീസ് ക്ലബ്ബിന്റെ 11 കോടി പാട്ടക്കുടിശ്ശിക എഴുതിത്തള്ളി - ഇങ്ങനെ എത്രയെത്ര പത്രവാർത്തകൾ നമുക്ക് കാണേണ്ടിവന്നു. എന്റെ നിയോജക മണ്ഡലത്തിൽ ഒരു ഡാമിനെ വിഴുങ്ങിയതും യു.ഡി.എഫ്. ഭരിച്ച 2012-ലാണ്. 100 ഏക്കറുള്ള ഡാമിന്റെ 60 ഏക്കർ ഒരു കുടുംബത്തിന്റെ പേരിൽ ചാർത്തിക്കൊടുത്തതിന്റെ പുതിയ തെളിവുകളുമായി ഞങ്ങൾ വരുന്നുണ്ട്, കണക്ക് പറയിക്കാൻ പോകുകയാണ്. സർക്കാരിന് കിട്ടാനുള്ളതൊന്നും പിരിക്കാതിരുന്ന യു.ഡി.എഫ്., ഖജനാവിലുള്ള ചില്ലിക്കാശെല്ലാം വേണ്ടപ്പെട്ടവർക്ക് വാരിക്കോരി കൊടുത്തതും അവരുടെ ഭരണകാലത്തല്ലേ? കഴിഞ്ഞ ഭരണകാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി കാലിയാക്കിയതെങ്ങനെയാണ്; ആർക്കാണ് നൽകിയത്? അപേക്ഷകനും പരിശോധകനും ശിപാർശകനും ഒരേ കയ്യക്ഷരം, ഒരേ പേന കൊണ്ട് ഒപ്പ്. ഇങ്ങനെയൊരു കാലമുണ്ടായിട്ടുണ്ടോ? കോൺഗ്രസ്സിലെ 'എ' ഗ്രൂപ്പ് എം.എൽ.എ.-മാരുടെ നിയോജക മണ്ഡലങ്ങളിൽ മനുഷ്യരുടെ പേരിൽ എത്ര കോടി രൂപയാണ് അക്കാലത്ത് എഴുതിക്കൊടുത്തത്. ഇപ്പോഴോ, എൽ.ഡി.എഫ്. അധികാരത്തിൽവന്ന് എല്ലാം ശരിയാവുകയല്ലേ? മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി റവന്യൂ വകുപ്പ് എത്ര മനുഷ്യത്വപൂർണ്ണമായാണ് വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. കേരള മുഖ്യമന്ത്രിയുടെ ഫോട്ടോ വച്ച് പാലഭിഷേകവും നെയ്യഭിഷേകവും അയൽ സംസ്ഥാനത്ത് നടത്തുന്നു. എന്താണ് അതിന് കാരണം; അവരുടെ പ്രാർത്ഥന നിങ്ങൾ കേൾക്കുന്നുണ്ടോ? ഓഖി ദുരന്ത പശ്ചാത്തലത്തിൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ നടത്തിയ പ്രവർത്തനങ്ങളാണ് രാജ്യശ്രദ്ധ പിടിച്ചുപറ്റിയത്. അത് ഞങ്ങളുടെ നാട്ടിൽ നടപ്പാക്കണമെന്നാണ് അവരുടെ പ്രാർത്ഥന. യു.ഡി.എഫ്. അത് കേൾക്കണ്ടേ? ഓഖി ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് 25 ലക്ഷം രൂപ, ഒരാൾക്ക് ജോലി, കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം, ഭക്ഷണവും വസ്ത്രവും, പരീക്ഷാകാലത്ത് പ്രത്യേക പരിശീലനം, ബോർഡിംഗ് സൗകര്യം, സ്ത്രീ സുരക്ഷാ പാക്കേജ്, ഐ.എസ്.ആർ.ഒ.യുടെ സഹായത്തോടെ കടലിന്റെ മക്കൾക്ക് പ്രത്യേക സുരക്ഷാ പദ്ധതി, എല്ലാ മത്സ്യബന്ധന ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ എന്നിവയെല്ലാം ഈ ഭരണകാലത്ത് നമ്മൾ കണ്ടതല്ലേ. എന്നിട്ടും ഈ ഭരണത്തെ അവഹേളിക്കുന്ന പ്രതിപക്ഷം ഈ സഭയിലെ പ്രതിപക്ഷമല്ല, ഇന്ന് കേരള ജനതയുടെ പ്രതിപക്ഷമായി അവർ മാറിക്കൊണ്ടിരിക്കുകയാണ് എന്ന് നിങ്ങൾ തിരിച്ചറിയണം. ഇന്ത്യയിലെമ്പാടും ദുരിത ഭീകരത തളംകെട്ടി നിൽക്കുന്ന ഈ പാതിരാക്കാലത്ത് ഒറ്റപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും മതനിരപേക്ഷ സമൂഹത്തിന്റെയും പ്രതീക്ഷകൾക്ക് നിറം നൽകുന്ന ഞങ്ങളെ എന്തിനാണ് എല്ലാവരും ചേർന്ന് ആക്രമിക്കുന്നത്. എല്ലാ

ജനവിരുദ്ധരുടെയും കൊലക്കത്തികൾ കമ്മ്യൂണിസ്റ്റുകാർക്കെതിരെ, പ്രത്യേകിച്ച് ഇടതുപക്ഷത്തിനെതിരെ പൊതുവായി ഉയർന്നുവരുന്നത് നമ്മൾ തിരിച്ചറിയണം. കോൺഗ്രസ്സും ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം മറ്റ് വർഗ്ഗീയ കക്ഷികളും ഞങ്ങളുടെ സഖാക്കളുടെ ജീവനെടുക്കുന്നത് എന്തിനാണ്? എല്ലാ രാജ്യദ്രോഹികളും വിഘടനവാദികളും ഇടതുപക്ഷ ശക്തികേന്ദ്രങ്ങളെയാണ് തകർക്കാൻ ശ്രമിക്കുന്നത്. അതുകൊണ്ടു തന്നെയാണ് എല്ലാ കാപാലികരും കൊലക്കത്തികളുമായി കണ്ണൂരിലെ കമ്മ്യൂണിസ്റ്റുകാരെ തേടിവരുന്നതെന്ന് നിങ്ങൾ അറിയണം. ഈ കൊലവിളികൾ കണ്ടു ഭയന്ന് നിലപാടുകൾ മാറ്റുന്നവരല്ല ഞങ്ങൾ ഇടതുപക്ഷക്കാർ. ഞങ്ങൾ വർഗ്ഗീയ ഭ്രാന്തൻമാർക്കെതിരാണ്, മതനിരപേക്ഷതയുടെ പതാക വാഹകരാണ്, പാർശ്വവൽകൃത സമൂഹത്തിന്റെ സാന്ത്വനമാണ്, അദ്ധ്വാനവർഗ്ഗത്തിന്റെ ആത്മവിശ്വാസമാണ്, കേരളീയ സമൂഹത്തെ കണ്ടെത്തിയവരും മുന്നോട്ട് നയിച്ചവരുമാണ്, നവകേരളത്തിനായി പോരാടുന്നവരാണ്, ഈ നാടിന്റെ കാവൽക്കാരാണ്. ആ ഞങ്ങളെ മനുഷ്യവിരുദ്ധർക്ക് കൊല്ലാൻ കഴിഞ്ഞെന്നുവരും. പക്ഷേ നിങ്ങൾക്കൊരിക്കലും തോൽപ്പിക്കാൻ കഴിയാത്ത പ്രത്യയശാസ്ത്രത്തിന്റെ കരുത്തുമായി ഞങ്ങൾ മുന്നേറുകയാണ് എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ സമ്പൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

12.00 PM]

ശ്രീ. അനിൽ അക്കര: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സത്യത്തിൽ ശ്രീ. കെ. ഡി. പ്രസേനൻ നിയമസഭയിലെ ഏറ്റവും സുന്ദരമായ മുഖമുള്ളതും ഏറ്റവും സൗമ്യനമായ വ്യക്തിയാണ്. ഇന്ന് മാർച്ച് 6-ാം തീയതിയാണ്. അദ്ദേഹം ഈ പ്രസംഗം തയ്യാറാക്കിയത് മാർച്ച് 2-ാം തീയതിയായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. കാരണം മാർച്ച് 3-ാം തീയതിയാണല്ലോ ത്രിപുര തെരഞ്ഞെടുപ്പ് വന്നത്. അദ്ദേഹത്തിനത് മനസ്സിലായില്ല. അതുകൊണ്ട് അദ്ദേഹം 2-ാം തീയതി തയ്യാറാക്കിയ പ്രസംഗം അതുപോലെ വായിക്കുകയാണ് ചെയ്തത്. ഇവരെ പറഞ്ഞിട്ട് കാര്യമില്ല. ഒരു സി.പി.ഐ.(എം) കാരൻ മരിച്ച് ഭാഗ്യത്തിന് സ്വർഗ്ഗത്തിൽ ചെന്നാലും അവിടെ നരകം പണിയാനായിരിക്കും അയാൾ ശ്രമിക്കുന്നത്. അതാണ് സി.പി.ഐ.(എം)-കാരുടെ ശീലം. അത് ഇവർ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇവർക്കിതൊന്നും മനസ്സിലായിട്ടില്ല. ത്രിപുര നഷ്ടപ്പെട്ടിട്ടും അവർ കോൺഗ്രസ്സിനെ കുറ്റം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഞാൻ ധനാഭ്യർത്ഥന ചർച്ചയ്ക്കിടയിൽ പ്രധാനപ്പെട്ട ധാരാളം നിർദ്ദേശങ്ങൾ പറയണമെന്ന് വിചാരിച്ചതാണ്. പക്ഷേ ശ്രീ. കെ. ഡി.

പ്രസേനന്റെ പ്രസംഗം കേട്ടപ്പോൾ ഇനി അതൊന്നും പറഞ്ഞിട്ട് കാര്യമില്ലെന്നു മനസ്സിലായി. ഇന്നത്തെ മലയാള മനോരമ പത്രത്തിലെ വാർത്ത - 'ബാർ കോഴക്കേസിൽ വിജിലൻസ് അന്തിമ റിപ്പോർട്ട് - മാണിയിൽ കുറ്റമില്ല'. കഴിഞ്ഞ നിയമസഭാ കാലത്ത് ബഡ്ജറ്റ് അവതരിപ്പിക്കാൻ അനുവദിക്കാതെ ഇവിടെ കാട്ടിക്കൂട്ടിയ കോപ്രായങ്ങളൊക്കെ കേരളം കണ്ടതല്ലേ? ബഡ്ജറ്റ് വിറ്റു എന്നുപറഞ്ഞ് ശ്രീ. കെ. എം. മാണിയെ വളരെ മോശമായി ചിത്രീകരിച്ചു കൊണ്ടുള്ള കാര്യങ്ങളാണ് ഇവിടെ നടന്നത്. ആ കേസ് പിൻവലിക്കാനുള്ള ശ്രമവും അവർ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ ശ്രീ. കെ. എം. മാണി വലിയ അഴിമതിക്കാരനാണെന്ന് പറഞ്ഞു. ഇവിടെ വിജിലൻസ് അത് എഴുതിത്തള്ളാൻ ശ്രമം നടത്തുകയാണ്. അന്നുണ്ടായിരുന്ന ആളുകളോ ഇന്നുള്ള ആളുകളോ അതുസംബന്ധിച്ച് ഒരക്ഷരംപോലും പറയുന്നില്ല എന്നറിയുമ്പോൾ ഇടതുപക്ഷത്തിന്റെ ധാർമ്മികത സംബന്ധിച്ച് ഇവിടെ പറയേണ്ടതാണ്. അതിനുപകരം ലോകത്തുണ്ടായ കാര്യങ്ങളെക്കുറിച്ചും കോൺഗ്രസ്സ്, ബി.ജെ.പി. എന്നുമൊക്കെയാണ് പറയുന്നത്. ഈ നിയമസഭയിൽ രണ്ട് ആർ.എസ്.എസ്. അംഗങ്ങളെ എം.എൽ.എ.-മാരാക്കുകയും അതിലൊരാളെ മന്ത്രിയാക്കുകയും ചെയ്ത പാർട്ടിയല്ലേ നിങ്ങൾ? ............(ബഹളം)...... അത് കൂട്ടത്തിൽ നോക്കിയാൽ മനസ്സിലാകും. പട്ടാമ്പി സംസ്കൃത കോളേജിൽ സെയ്താലി എന്ന എസ്.എഫ്.ഐ.-യുടെ ആദ്യത്തെ രക്തസാക്ഷിയെ അരിഞ്ഞുവീഴ്ത്തിയ ശങ്കരനാരായണൻ എന്ന ബാബു. എം. പാലിശ്ശേരിയെ എം.എൽ.എ. ആക്കിയ പാർട്ടിയല്ലേ നിങ്ങൾ. സെന്റ് തോമസ് കോളേജിൽ എൻ. രവീന്ദ്രൻ എന്ന എസ്.എഫ്.ഐ.യുടെ സ്ഥാനാർത്ഥിക്കെതിരെ നോമിനേഷൻ കൊടുത്ത സെക്കൻഡ് എം.എസ്സി ബാച്ചിലെ വിദ്യാർത്ഥി ഈ നിയമസഭയിൽ എം.എൽ.എ.യും മന്ത്രിയുമല്ലേ? ഇവരാരൊക്കെയാണെന്ന് അടുത്തുവന്ന് തൊട്ടുകാണിക്കേണ്ടതുണ്ടോ? അങ്ങനെയുള്ള രണ്ട് ആളുകളെ എം.എൽ.എ.-യും മന്ത്രിയുമാക്കിയ ആളുകളാണ് കോൺഗ്രസ്സിനെക്കുറിച്ച് പറയുന്നത്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ത്യയിൽ നിങ്ങളുടെ കൊടി ഇനി കുത്തരുതെന്ന് പറഞ്ഞത് നിങ്ങൾക്ക് മനസ്സിലായില്ലേ? സി.പി.ഐ.-യുടെയും എ.വൈ.എഫ്.ഐ.യുടെയും കൊടി ഭൂലോകത്ത് ഇനി കണ്ടുപോകരുതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടും അവർക്ക് മനസ്സിലായിട്ടില്ല. സത്യത്തിൽ നാണമാകുകയാണ്. ഇന്ത്യൻ പാർലമെന്റിൽ തൃശ്ശൂരിൽ നിന്നുമാത്രമാണ് ഒരു എം.പി.യുള്ളത്. അതുകൂടി കാണില്ലെന്ന സിഗ്നലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ആ ആളുകളാണ് ഇപ്പോൾ വാശിപിടിക്കുന്നത്. നിങ്ങളുടെ കൊടി ഇനി ഇന്ത്യയിൽ

കുത്തരുതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇന്നത്തെ മലയാള മനോരമ പത്രത്തിന്റെ ആറാമത്തെ പേജിൽ "അന്ന് വെട്ടി നിരത്തിയ ഭൂമി; ഇന്ന് 50 ഏക്കറിലെ പച്ചപ്പ്" എന്നൊരു വാർത്തയുണ്ട്. അന്ന് കേരളത്തിലെ പാവപ്പെട്ട കർഷകർ നെൽകൃഷി നഷ്ടമായപ്പോൾ മറ്റ് കൃഷികളിലേയ്ക്ക് പോയി. അന്ന് വെട്ടിനിരത്തിയ ഭൂമിയിൽ ഇന്ന് തെങ്ങും മീനും ഒക്കെ പിടിക്കുകയാണ്. 25 വർഷം കഴിഞ്ഞാണ് ഇവർക്ക് ബോധമുദിക്കുന്നത്. ത്രിപുരയിൽ കോൺഗ്രസ്സിന്റെ 10 സീറ്റിലാണ് നിങ്ങൾ ജയിച്ചത്. അത് മനസ്സിലാക്കാതെ ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആദിവാസി യുവാവ് മധു മരിച്ചതുമായി ബന്ധപ്പെട്ട് പറയുകയുണ്ടായി. വീണ്ടും ദുരൂഹ സാഹചര്യത്തിൽ ആദിവാസി മരിച്ചിരിക്കുകയാണ്. അട്ടപ്പാടിയിലെ ആദിവാസി യുവാവ് മധു മരിച്ചത് എങ്ങനെയാണെന്ന് എല്ലാവർക്കുമറിയാം; ബഹുമാനപ്പെട്ട മന്ത്രിക്കുമാത്രം മനസ്സിലായിട്ടില്ല. 100 എണ്ണത്തിന് ജോലി കൊടുക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇന്ന് പറഞ്ഞത്. ആദിവാസികളെക്കുറിച്ച് എണ്ണം വച്ച് പറയുന്നത് ശരിയാണോ? ഒരു തവണ മന്ത്രി എണ്ണം വച്ച് പറഞ്ഞതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അങ്ങനെ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. നമ്പറിൽ പറയുമ്പോഴാണ് എണ്ണം പറയുന്നത്. അല്ലാതെ അപമാനിക്കാൻ വേണ്ടിയല്ല പറയുന്നത്. പണ്ടൊരിക്കൽ ഇതുപോലെ ദുർവ്യാഖ്യാനം നടത്തിയിരുന്നു. അതിനുശേഷം മണ്ണാർക്കാട് എം.എൽ.എ.-യും എണ്ണം പറഞ്ഞാണ് സംസാരിച്ചത്. 1000-ൽ 46 പ്രസവം എന്നുപറഞ്ഞാൽ എണ്ണത്തിലാണ് പറയുന്നത്. ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധരിപ്പിക്കരുത്. ബഹുമാനപ്പെട്ട അംഗം അത് ഒഴിവാക്കണം.

ശ്രീ. അനിൽ അക്കര: സർ, ഞാൻ തെറ്റിദ്ധരിപ്പിക്കാൻ പറഞ്ഞതല്ല. ഇത് സാധാരണ ഒരാളാണ് പറയുന്നതെങ്കിൽ ശരി. ഞാൻ ഇപ്പോൾ പറയുന്നതുപോലെ ബഹുമാനപ്പെട്ട സ്പീക്കറുടെ കസേരയിൽ ഇരുന്ന് പറയാമോ? ഒരു സ്ഥാനത്ത് ഇരിക്കുമ്പോൾ അതിന്റെ ഔന്നത്യത്തിലേയ്ക്ക് പോകണം. ബഹുമാനപ്പെട്ട മന്ത്രി 100 പേർക്ക് ജോലി കൊടുത്തുവെന്ന് പറഞ്ഞാൽ നമുക്ക് മനസ്സിലാകും. നേരത്തെ മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ചന്തയിൽ പറയുന്നതുപോലെ ഇവിടെ പറയരുത്. 100 പേർക്ക് ജോലി കൊടുത്തുവെന്ന് പറയുന്നത് മാന്യമായ ഭാഷയാണ്. ആദിവാസികളെ ശ്രദ്ധിക്കാത്തതുമായി ബന്ധപ്പെട്ട വിഷയമാണിത്. കേരളത്തിലെ പഞ്ചായത്തുകൾ വലിയ സംഭവമാണെന്ന രീതിയിൽ ഇന്ന് രാവിലെ

ബഹുമാനൃനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറയുകയുണ്ടായി. ഞാൻ കുറച്ചുകാലം പഞ്ചായത്ത് പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. ഭരണകാലത്ത് 2006, 2007 വർഷങ്ങളിൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ എനിക്ക് സ്വരാജ് ട്രോഫി നൽകിയിട്ടുണ്ട്. അത് തെറ്റാണെന്ന് നിങ്ങൾക്ക് വേണമെങ്കിൽ പറയാം. കടുത്ത മത്സരത്തിലൂടെയാണ് അന്ന് ഞാൻ ആ ട്രോഫി നേടിയത്. ഇത്തവണ സ്വരാജ് ട്രോഫിക്കുവേണ്ടി എത്ര അപേക്ഷകൾ നിങ്ങൾക്ക് ലഭിച്ചുവെന്ന് ഡോ. കെ. ടി. ജലീലിന് പറയാൻ കഴിയുമോ? കേരളത്തിൽ 800-ൽപ്പരം പഞ്ചായത്തുകളുണ്ട്. അതിൽ അപേക്ഷിക്കാൻ ക്വാളിഫൈഡ് ആയിട്ടുള്ളത് 19 പഞ്ചായത്തുകൾ മാത്രമാണ്. ഇത് ബഹുമാനൃനായ ധനകാര്യ വകുപ്പുമന്ത്രി വിലയിരുത്തേണ്ട കാര്യമാണ്. ഞാൻ രാഷ്ട്രീയമല്ല പറയുന്നത്. കേരളത്തിലെ പഞ്ചായത്തുകളിലെ അധികാര വികേന്ദ്രീകരണം ലോകത്തിന് മാതൃകയാണ്. അത്തരത്തിൽ ലോകത്തിന് മാതൃകയായി പോകുമ്പോൾ, 19-ാം വർഷത്തിൽ കൗമാരത്തിൽ എത്തിനിൽക്കുന്നുവെന്ന് നാം അവകാശപ്പെടുമ്പോൾ, ഇന്ന് 20-ൽ താഴെയുള്ള പഞ്ചായത്തുകൾ മാത്രമാണ് അപേക്ഷ നൽകാൻ ക്വാളിഫൈഡ് ആയിട്ടുള്ളതെന്ന് പറയുമ്പോൾ പഞ്ചായത്തുകളുടെ അവസ്ഥ എന്താണ്? 25 ലക്ഷം രൂപ നിസ്സാര തുകയല്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പ്ലാൻ ഫണ്ട് എക്സ്പെൻഡിച്ചറിനെക്കുറിച്ച് ഇവിടെ പറഞ്ഞു. 35-40 ശതമാനം എക്സ്പെൻഡിച്ചർ ആയിട്ടുള്ളത് കഴിഞ്ഞ വർഷത്തെ സ്പിൽ ഓവർ പദ്ധതികളാണ്. അങ്ങനെ വന്നപ്പോഴാണ് എക്സ്പെൻഡിച്ചർ 70 ശതമാനത്തിലേയ്ക്ക് പോയത്. എന്റെ പഞ്ചായത്തായ അടാട്ട് പഞ്ചായത്തിൽ സ്പിൽ ഓവർ പദ്ധതികൾക്കുവേണ്ടി ഒരു തുകയും തന്നിട്ടില്ല. അവിടെ ബില്ലുകൾ ട്രഷറിയിലേയ്ക്ക് പോകാതെ കെട്ടിക്കിടക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീട് റിപ്പയറിംഗിനാവശ്യമായ തുകയുടെയും റോഡുകളുമായി ബന്ധപ്പെട്ട തുകയുടെയും ബില്ലുകൾ കെട്ടിക്കിടക്കുകയാണ്. 100 ശതമാനം എക്സ്പെൻഡിച്ചറിൽ എത്തിനിൽക്കുകയാണ്. കഴിഞ്ഞ വർഷത്തെ സ്പിൽ ഓവറിന്റെ തുക ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ ചെലവഴിച്ചതുകൊണ്ട് സംഭവിച്ചതാണ്. മാർച്ച് 31-നകം 15 ശതമാനം അധികരിച്ച തുക ജി.എസ്.ടി.യിലൂടെയും പരസ്യ നികുതിയിലൂടെയും ലഭിച്ചില്ലെങ്കിൽ തിരുവനന്തപുരം കോർപ്പറേഷനുപോലും മുന്നോട്ട് പോകാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇവിടെ കടുത്ത സാമ്പത്തിക വിഷയങ്ങളുണ്ട്. കഴിഞ്ഞ കാലങ്ങളിൽ പറഞ്ഞ കാര്യങ്ങൾ മറന്നുകൊണ്ട് വലിയ രീതിയിലുള്ള മാറ്റങ്ങളിലേയ്ക്ക് പോകുകയാണ്. ഇത് ചെയ്തില്ലെങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ത്രിപുര ആവർത്തിക്കുന്ന ഘട്ടത്തിലേയ്ക്ക് പോകും.

കഴിഞ്ഞ ഭരണകാലത്ത് നിങ്ങൾ പല കാര്യങ്ങളും എതിർത്തിരുന്നു. ഭൂനികുതി അടയ്ക്കരുതെന്ന് പറഞ്ഞ ആളുകൾ ഇപ്പോൾ കൂട്ടിവാങ്ങുകയാണ്. പഞ്ചായത്തുകളിൽ 2013-14 വർഷത്തെ വീട്ടുകരം അടയ്ക്കരുതെന്ന് നിങ്ങൾ അന്ന് പറഞ്ഞു. ഇപ്പോൾ അത് കുടിശ്ശികയായി നിൽക്കുകയാണ്; ഒരാൾക്കും അടയ്ക്കാൻ കഴിയുന്നില്ല. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുണ്ട്. കഴിഞ്ഞ തവണ നിങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ അന്നത്തെ സർക്കാരിനെ അട്ടിമറിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾമൂലമാണ് അതുണ്ടായത്. അതിൽ നിന്ന് മാറി ക്രിയാത്മകമായ രീതിയിൽ പോയില്ലെങ്കിൽ എല്ലാവരും ഒരുമിച്ചിരുന്ന് കെട്ടിപ്പിടിച്ച് കരയേണ്ടിവരുമെന്ന നഗ്നമായ സത്യം ഓർമ്മപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജെയിംസ് മാത്യു]

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് എട്ടാമത് ബഡ്ജറ്റാണ് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ എട്ട് ബഡ്ജറ്റുകളും വിൽക്കപ്പെടാതെയും ചോർച്ച സംഭവിക്കാതെയും നിയമസഭയുടെ എല്ലാ അന്തസ്സത്തയും കാത്തുസൂക്ഷിച്ചുകൊണ്ട് അവതരിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളത് ചിലർക്ക് അസൗകര്യങ്ങൾ ഉണ്ടാക്കുന്ന കാര്യമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ശ്രീ. അനിൽ അക്കര വളരെ ആവേശത്തോടെ ത്രിപുരയിലെ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പരാജയപ്പെട്ടത് സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. ത്രിപുര നഷ്ടപ്പെട്ടതിലാണ് അദ്ദേഹത്തിന് സന്തോഷം. ആ സന്തോഷം ഇവിടെ പ്രകടിപ്പിക്കുമ്പോൾ അദ്ദേഹം തീർച്ചയായും തന്റെ ഉള്ളിലേയ്ക്ക് ടോർച്ച് തെളിക്കാൻ സന്നദ്ധനാകാത്തത് എന്താണെന്നാണ് എന്റെ സംശയം. രാജ്യം സ്വാതന്ത്ര്യം നേടിയതിനുശേഷം ഈ രാജ്യത്തെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളുടെയും ഭരണം കയ്യാളിയിരുന്നത് കോൺഗ്രസ്സ് തന്നെയാണെന്ന് നമുക്കെല്ലാമറിയാം. കേന്ദ്രത്തിൽ മൂന്നിൽ രണ്ടിലധികം ഭൂരിപക്ഷം, സംസ്ഥാനങ്ങളുടെയാകെ ഭരണനിയന്ത്രണം എല്ലാമുണ്ടായിരുന്ന കോൺഗ്രസ്സ് എന്തുകൊണ്ടാണ് ഇന്നത്തെ അവസ്ഥയിലെത്തിയത്. അതിനെക്കുറിച്ച് ആലോചിക്കാനും വേവലാതിപ്പെടാനും അതിൽനിന്ന് മറികടക്കാനുള്ള സാധ്യതകൾ എന്തെന്ന് ആരായാനും ഇവരിൽ ആരെങ്കിലും ഒരു നിമിഷം ചെലവഴിക്കുന്നുണ്ടോ; ഇന്ന് കോൺഗ്രസ്സ് ഭരിക്കുന്ന എത്ര സംസ്ഥാനങ്ങളാണ് ഇന്ത്യയിലുള്ളത്; ഉള്ള സംസ്ഥാനങ്ങൾതന്നെ സംരക്ഷിക്കാൻ

സാധ്യതയുണ്ടോ? ഞാൻ മുമ്പൊരു സന്ദർഭത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ, ജനങ്ങൾ സാമാന്യമായ പിന്തുണ നൽകി അധികാരത്തിൽ ഏറിക്കോളൂവെന്ന് വഴി കാട്ടിയാൽ, ആ വഴിയേ നടന്ന് അധികാരത്തിൽ എത്താൻപോലും സന്നദ്ധത ഇല്ലാത്ത വളരെ ഗുരുതരമായ അവസ്ഥയിൽപ്പെട്ടിരിക്കുന്ന കോൺഗ്രസ്സിൽനിന്ന് പടലയായാണ് ആളുകൾ ബി.ജി.പി.-യിലേയ്ക്ക് ചേക്കേറുന്നത്. അങ്ങനെ ചേക്കേറാനുള്ള അവസരം പാർത്തിരിക്കുന്നവരാണ് അവശേഷിക്കുന്ന കോൺഗ്രസ്സുകാർ. ഇന്ത്യയിലെ ഏത് സംസ്ഥാനത്താണ് കോൺഗ്രസ്സ് ബി.ജെ.പി.-ക്ക് എതിരായി ജനങ്ങളെ അണിനിരത്തി സമരമുഖത്ത് വരുന്നത്? നമ്മുടെ രാജ്യം അതീവ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് നീങ്ങി കൊണ്ടിരിക്കുകയാണ്. ഈ പ്രതിസന്ധിഘട്ടത്തിൽ രാജ്യത്തെ ജനാധിപത്യം അപകടപ്പെടുന്നു; മതേതരത്വം വെല്ലുവിളിക്കപ്പെടുന്നു; വർഗ്ഗീയത താണ്ഡവ നൃത്തമാടുന്നു; ഇവിടെ ജനാധിപത്യത്തെ എന്നെന്നേയ്ക്കുമായി കുഴിച്ചുമൂടാൻ ഇടയാക്കുന്ന വിധത്തിലുള്ള നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. എന്തുകൊണ്ടാണ് ഇന്ത്യയിലെ പ്രധാന പ്രതിപക്ഷമെന്ന് അവകാശപ്പെടുന്ന കോൺഗ്രസ്സിന് പ്രതികരണശേഷി നഷ്ടപ്പെട്ടുപോയത്? ഇവരുടെ പ്രതികരണമെല്ലാം ഇപ്പോൾ അവശേഷിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ മാത്രമാണ്. അതിനപ്പുറത്ത് ഈ രാജ്യത്തിന്റെ മുഖ്യ ശത്രുവായ, അപകടകരമായ രീതിയിൽ രാജ്യത്തെ നയിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര ഭരണത്തിനെതിരായോ ആ ഭരണത്തിന്റെ തണലുപറ്റി ജനജീവിതം താറുമാറാക്കിക്കൊണ്ടിരിക്കുന്ന, വർഗ്ഗീയത ആളിക്കത്തിച്ചുകൊണ്ടിരിക്കുന്ന സംഘപരിവാർ ശക്തികൾക്കെതിരായോ ചെറുവിരൽ അനക്കാൻ കഴിയാത്തവർ ഇവിടെ വന്നുനിന്നുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുനേരെ മുഷ്ടി ചുരുട്ടരുത്. അത് ഈ കാലഘട്ടത്തിന്റെ പ്രസക്തമായ ഘടകമല്ല എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളം വീണ്ടുമൊരു വരൾച്ചയിലേയ്ക്ക് പോകാനുള്ള സാധ്യതകൾ കണ്ടുതുടങ്ങിയിരിക്കുന്നു. അതുകൊണ്ട് വരൾച്ചയെ മുന്നിൽക്കണ്ട് വരൾച്ച നിവാരണത്തിനാവശ്യമായ, കുടിവെള്ളം സുഗമമായി എത്തിച്ചുകൊടുക്കാൻ കഴിയുന്ന സമഗ്രമായ പദ്ധതികൾ കാലേക്കൂട്ടി ആവിഷ്കരിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. അതിന് സത്വര നടപടികൾ സർക്കാർ കൈക്കൊള്ളണമെന്നതാണ് ഇത്തരുണത്തിൽ എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ളത്. വരൾച്ചാ നിവാരണ പ്രവർത്തനങ്ങളിൽ സർക്കാരിന്റെ ശക്തമായ ഇടപെടലുണ്ടാകണം. കേരളം കണ്ട ഏറ്റവും രൂക്ഷമായ ഒരു ദുരന്തമായിരുന്നു ഓഖി ദുരന്തം. ആ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ അഭിനന്ദനീയമായ നിലയിൽ പ്രതികരിക്കാനും ഇടപെടാനും സാധ്യമായ

സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എന്ന കാര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. എന്നാൽ അതിന്റെ തുടർനടപടികൾ കുറച്ചുകൂടി ശ്രദ്ധാപൂർവ്വം മുന്നോട്ടുകൊണ്ടുപോകാനും തീരദേശ മേഖലയെ വല്ലാതെ പ്രതിസന്ധിയിലാക്കിയ ഓഖി ദുരന്തത്തിന്റെ പരിഹാരക്രിയകൾ എത്രയും വേഗത്തിൽ പ്രാവർത്തികമാക്കാൻ കഴിയണമെന്നുള്ളതുമാണ് ഇത്തരുണത്തിൽ എനിക്ക് നിർദ്ദേശിക്കാനുള്ളത്.

'ദൈവത്തിന്റെ സ്വന്തം നാടെ'ന്ന് വിശേഷിപ്പിക്കുന്ന കേരളം ഇതര സംസ്ഥാനങ്ങളിൽനിന്ന് ഏറെ വ്യത്യസ്തമാണ്. കേരളത്തിലെ ജനങ്ങൾക്ക് കൈവന്ന സാമൂഹിക-സാമ്പത്തിക-സാംസ്കാരിക-വിദ്യാഭ്യാസ പുരോഗതികൾക്ക് എല്ലാം ആധാരമായി മാറിയത് 1957-ൽ ആദ്യമായി അധികാരത്തിലേറിയ കമ്മ്യൂണിസ്റ്റ് സർക്കാർ നടപ്പിലാക്കിയ ഭൂപരിഷ്കരണ നിയമം തന്നെയാണെന്നതിൽ യാതൊരു സംശയവുമില്ല. ഇന്ന് കേരളത്തിലെ ഭൂവിതരണത്തിൽ പുരോഗമനപരമായ മാറ്റങ്ങളുണ്ടായിക്കഴിഞ്ഞിരിക്കുന്നു. 60 വർഷംമുമ്പ് കേരളത്തിലെ 90% ഭൂമിയും ജന്മിമാരുടെ കൈവശത്തായിരുന്നുവെന്നതിൽ യാതൊരു സംശയവുമില്ല. ഇവരുടെ പുറമ്പോക്കുകളിൽ താമസിച്ചിരുന്ന, തെരുവോരങ്ങളിൽ അന്തിയുറങ്ങിയിരുന്ന ലക്ഷക്കണക്കിന് ജനങ്ങളെ മനുഷ്യരായിപ്പോലും കാണാൻ അന്ന് കഴിഞ്ഞിരുന്നില്ല. കേരളത്തിൽ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതോടെ സ്വന്തമായി ഭൂമി എന്നത് സ്വപ്നംപോലും കാണാതിരുന്നവർക്ക് സ്വന്തമായി ഭൂമിയുണ്ടായി. ഇത് ഇടതുപക്ഷത്തിന്റെയല്ല, സാധാരണ ജനങ്ങളുടെ ഹൃദയപക്ഷത്തിന്റെ വിജയമായി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ വിപ്ലവകരമായ മാറ്റം അന്നും ഇന്നുമുള്ള ജന്മിത്വ മാടമ്പി സംസ്കാരത്തിന്റെ പാരമ്പര്യം ഉൾക്കൊള്ളുന്ന ശക്തികൾക്ക് അംഗീകരിക്കാൻ കഴിയുമായിരുന്നില്ല. അന്ന് വിമോചന സമരം നടത്തി ഭൂപരിഷ്കരണത്തിന്റെ പൂർണ്ണ ഫലപ്രാപ്തിയിൽ എത്തുന്നതിനുമുമ്പായി അന്നത്തെ സർക്കാരിനെ കേന്ദ്രത്തിന്റെ സഹായത്തോടെ പിരിച്ചുവിട്ടത് നാം ഓർക്കുന്നുണ്ട്. എങ്കിലും ഭൂപരിഷ്കരണം ഒരു വിപ്ലവകരമായ മാറ്റത്തെയാണ് സൃഷ്ടിച്ചിട്ടുള്ളതെന്നതിൽ സംശയമില്ല. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്രയേറെ ജനങ്ങൾക്ക് ഭൂമിയിന്മേൽ അവകാശമില്ല. മറ്റ് സംസ്ഥാനങ്ങളിൽ ഇപ്പോഴും ജന്മി-കുടിയാൻ സമ്പ്രദായം തന്നെയാണ് നിലനിൽക്കുന്നത്. കോൺഗ്രസ്സ് ഭരിച്ചിരുന്ന വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നുംതന്നെ ഇത്തരത്തിലൊരു പരിഷ്കരണം നടത്തിയിട്ടില്ല. അതുകൊണ്ടു തന്നെയായിരിക്കും ഇന്ന് അവിടെയെല്ലാം ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം ചേർന്ന് നിങ്ങളെ നിഷ്കാസിതരാക്കിയതെന്ന് കാണാൻ കഴിയും. നിങ്ങൾ

സാധാരണ ജനങ്ങളുടെ അവകാശങ്ങളെ നിഷേധിച്ചു, അവരുടെ പൗരാവകാശങ്ങളെ നിരാകരിച്ച് അജ്ഞതയിലേയ്ക്ക് അവരെ നയിച്ചു. ഇന്ന് ആ അജ്ഞരായ ജനങ്ങളെ നയിക്കാൻ വർഗ്ഗീയതയുടെ ദംഷ്ട്രങ്ങൾ ഉയർത്തി ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം മുന്നോട്ടുവരികയാണ്. പ്രിയ സുഹൃത്തുക്കളെ, നിങ്ങൾ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പിന്തുടർന്ന മൃദുവർഗ്ഗീയതയും ജാതീയതയുമല്ലേ ഇന്ന് ഇന്ത്യയുടെ മേൽ ഏറ്റവും വലിയ ഭീഷണിയായി നിൽക്കുന്ന നരേന്ദ്ര മോദിയെ സൃഷ്ടിച്ചത്. നിങ്ങൾക്ക് ഇന്ത്യയിലെവിടെയെങ്കിലും ഒരു പ്രക്ഷോഭമുണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടുണ്ടോ? ഇന്ത്യയിലെ കർഷക ആത്മഹത്യകൾ ഇന്ന് ഏറ്റവും ഭയാനകമായ നിലയിലാണ്. നമ്മുടെ രാജ്യത്തിന്റെ അടിസ്ഥാനം കാർഷിക മേഖലയാണ്. 60 ശതമാനം ജനങ്ങൾ ഉപജീവനം നടത്തുന്നത് കാർഷികവൃത്തിയിലൂടെയാണ്. കൃഷിയുടെയും കർഷകന്റെയും തകർച്ച രാജ്യത്തിന്റെ തകർച്ചയായിരിക്കുമെന്നതിന് യാതൊരു സംശയവുമില്ല. പ്രതിപക്ഷ സുഹൃത്തുക്കൾ, ഈ സാഹചര്യത്തിൽ ഇടതുപക്ഷത്തോടൊപ്പം ചേർന്ന് ഫാസിസ്റ്റ് ശക്തികൾക്കെതിരായി പോരാടേണ്ട കാലമാണെന്ന് ഓർക്കേണ്ടതുണ്ട്.

നമ്മുടെ രാജ്യത്ത് നാല് ലക്ഷത്തോളം കുടുംബങ്ങൾ ഭൂരഹിതരാണ്. ഇവർക്ക് അന്തിയുറങ്ങാനുള്ള ഭൂമി കണ്ടെത്തുക എന്ന ശ്രമകരമായ ദൗത്യത്തിലാണ് ഈ സർക്കാർ. ഒപ്പംതന്നെ വിവിധ വികസന പ്രവർത്തനങ്ങൾക്കും പൊതു ആവശ്യങ്ങൾക്കും ഭൂമി കണ്ടെത്തുക എന്ന വെല്ലുവിളിയും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഏറ്റെടുത്ത് കഴിഞ്ഞിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഓരോ വ്യക്തിക്കും കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിക്കുകയും മിച്ചഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുക എന്ന ഏറ്റവും ശ്രമകരമായ ദൗത്യത്തിലുമാണ് നമ്മുടെ സർക്കാർ. ഭൂമി സംബന്ധമായ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് വകുപ്പുതലത്തിൽ പ്രത്യേക പദ്ധതിതന്നെ തയ്യാറാക്കികഴിഞ്ഞിരിക്കുന്നു. 40488.67 ഹെക്ടർ ഭൂമി ഇതിനോടകംതന്നെ ഏറ്റെടുക്കുന്നതിന് താലൂക്ക് ലാൻഡ് ബോർഡുകൾക്ക് കഴിഞ്ഞുവെന്നത് നമ്മുടെ സർക്കാരിന്റെ വിജയം തന്നെയാണ്. അതുപോലെതന്നെ സർവ്വേ വകുപ്പ് ഏതാണ്ട് 1664 വില്ലേജുകളിൽ 901 എണ്ണം റീസർവ്വേ പൂർത്തീകരിച്ച് റവന്യൂ വകുപ്പിന് കൈമാറിക്കഴിഞ്ഞിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റീസർവ്വേ പ്രവർത്തനം പുനരാരംഭിച്ചത് 2017 ജനുവരി മാസത്തിലാണ്. അതിനുശേഷം 25 വില്ലേജുകളുടെ റീസർവ്വേ പൂർണ്ണമായും 4 വില്ലേജുകളുടെ റീസർവ്വേ ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. റീസർവ്വേ പ്രവർത്തനം പൂർത്തീകരിച്ച 901 വില്ലേജുകൾ കൈമാറിയതിൽ 659 എണ്ണം ഡിജിറ്റൈസേഷൻ പൂർത്തീകരിച്ച് ഇ-രേഖ വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ടി 659 വില്ലേജുകളിൽ 576 എണ്ണവും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഡിജിറ്റൈസേഷൻ പൂർത്തീകരിച്ച് ഇ-രേഖ വെബ് പോർട്ടലിൽ അപ്‌ലോഡ്

ചെയ്തിട്ടുള്ളത്. വിവിധ ജില്ലകളിലായി 32 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനം പുരോഗതിയിലാണ്. നിലവിൽ ശബരിമല സർവ്വേ എന്ന ദൗത്യം മിഷൻ മുഖാന്തരം നിർവ്വഹിച്ചുവരികയാണ്. ഇതിലേയ്ക്കായി 16 ജി.പി.എസ്. സ്റ്റേഷനുകൾ മിഷനുമുമ്പുതന്നെ സന്നിധാനത്ത് സ്ഥാപിച്ചിട്ടുണ്ട്. 19-02-2018 മുതൽ 21-02-2018 വരെ ബഹുമാനപ്പെട്ട ഹൈക്കോടതി നിയമിച്ച അഡ്വക്കേറ്റ് കമ്മീഷണറുടെ സാന്നിധ്യത്തിൽ റവന്യൂ, ദേവസ്വം, ഫോറസ്റ്റ്, സർവ്വേ എന്നീ വകുപ്പുകളുമായിച്ചേർന്ന് തർക്കമുള്ള ഇടങ്ങളിൽ സംയുക്ത വെരിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് വിതരണം ചെയ്യേണ്ട 10000 ഹെക്ടർ സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. കേന്ദ്ര വനം പരിസ്ഥിതി വകുപ്പുകളുടെ അനുമതി ഇതിനായി ലഭിച്ചിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ടി മനോഹരമായ അനേകം പേരുകൾ കേട്ടുവെങ്കിലും മറ്റൊന്നും സംഭവിച്ചതായി നമുക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കഴിഞ്ഞ 20 മാസത്തെ ഭരണകാലയളവിൽ 54859 പട്ടയങ്ങൾ വിവിധ ലാൻഡ് ട്രിബ്യൂണലുകൾ വഴി നൽകുന്നതിന് കഴിഞ്ഞുവെന്നുള്ളത് ഈ സർക്കാരിന്റെ ഏറ്റവും മെച്ചപ്പെട്ട ഒരനുഭവമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ശ്രമിക്കുകയാണ്. 2812 ദേവസ്വം പട്ടയങ്ങളും 6616 കാണം പട്ടയങ്ങളും വിതരണം ചെയ്യുക മാത്രമല്ല, ഇത്തരത്തിൽ ഭൂമി പതിച്ചുകിട്ടിയവർക്ക് അത് കൈമാറ്റം ചെയ്യുവാനുള്ള കാലപരിധി പന്ത്രണ്ട് വർഷമായി കുറയ്ക്കുകയും ചെയ്തതോടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രവർത്തനങ്ങളുടെ പ്രായോഗിക മുഖം വ്യക്തമാകുകയാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പട്ടയം ലഭ്യമാണെങ്കിലും ഭൂമി ലഭ്യമായിരുന്നില്ല. ലഭ്യമായ പട്ടയം യാതൊരു വിലയുമില്ലാത്ത, പട്ടയങ്ങളായി, കടലാസിന്റെ വിലപോലും കൽപ്പിക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നു എന്നുള്ളത് ഇതിനകംതന്നെ ബോദ്ധ്യപ്പെടുകയും അവയെല്ലാം ജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ മാറ്റി നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് കൈക്കൊള്ളുന്നു എന്നതും ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. ഭൂരഹിതരായ സാധാരണക്കാരോട് ഭൂമി കൈമാറ്റത്തിലും ആധികാരിക രേഖകളുടെ കൈമാറ്റത്തിലും വളരെ ഉദാരമായ സമീപനം നടത്തുമ്പോഴും കയ്യേറ്റക്കാരോട് ദയാരഹിതമായ നിലപാടുകൾതന്നെയാണ് ഇടതുമുന്നണി സർക്കാരിനുള്ളത് എന്നകാര്യം ഇതിനകം വ്യക്തമാക്കപ്പെട്ടതാണ്. തല ചായ്ക്കാൻ ഇടമില്ലാതെ ലക്ഷങ്ങൾ അലയുമ്പോൾ കയ്യൂക്കുകൊണ്ടും സ്വാധീനംകൊണ്ടും സർക്കാർ ഭൂമിയിൽ കയ്യേറ്റം നടത്തിയവർ എത്ര ശക്തരായാലും അവരെ അവിടെനിന്ന് ഒഴിപ്പിക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന കാര്യം ഇതിനകംതന്നെ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അത്തരം നടപടികൾ ശക്തമായിത്തന്നെ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട് എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. വിൽപ്പന നികുതിയാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ വരുമാനം. ജി.എസ്.ടി. വന്നതോടുകൂടി വരുമാനം കൂടുമെന്ന് പ്രതീക്ഷിച്ചെങ്കിലും അത് നേരത്തേയുള്ളതിൽനിന്നും കുറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന വ്യക്തമാക്കുന്നത്. മാത്രമല്ല, ജി.എസ്.ടി. വന്നതിനുശേഷം തോന്നിയതുപോലെ വിലകൂട്ടുന്നൊരു സമീപനമാണ് കാണാൻ കഴിയുന്നത്. ഇപ്പോഴും അതിനൊരു അറുതി വന്നിട്ടില്ല. നമ്മുടെ സംസ്ഥാനത്തേയ്ക്ക് അന്യസംസ്ഥാനത്തുനിന്നും ഉൽപ്പന്നങ്ങളുമായി ധാരാളം വാഹനങ്ങൾ വരുന്നുണ്ട്. ഇ-വേ ബിൽ പൂർണ്ണമായും വരാത്തിടത്തോളം ഇതൊരിക്കലും നിയന്ത്രിക്കാൻ കഴിയില്ല. ഇ-വേ ബിൽ വന്നാൽപ്പോലും ഇക്കാര്യത്തിലൊരു ഫിസിക്കൽ വെരിഫിക്കേഷൻ നിർബന്ധമാണ്. സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തിയാൽ മാത്രമേ ഇതിന് പരിഹാരം കാണാൻ കഴിയൂ. ഇപ്പോൾ ചെക്ക്പോസ്റ്റുകളൊക്കെ ഒഴിഞ്ഞ് കിടക്കുന്നു. ഉൽപ്പന്നങ്ങളൊക്കെ ഇഷ്ടംപോലെ വരുന്നു. പക്ഷെ, നിയന്ത്രിക്കാൻ കഴിയുന്നില്ല. ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ടെങ്കിലും അത് വേണ്ടത്ര പ്രായോഗികമായി നടപ്പാക്കണമെങ്കിൽ ഇന്റലിജൻസ് വിഭാഗം കർക്കശമായി ശക്തിപ്പെടുത്തണം. ഒഴിഞ്ഞുകിടക്കുന്ന ചെക്ക്പോസ്റ്റുകൾ ഇന്റലിജൻസ് ഓഫീസുകളായി പ്രവർത്തിച്ചാൽ നമുക്കതിൽ ശ്രദ്ധയൂന്നി എല്ലാ കാര്യങ്ങളും നിയന്ത്രിക്കാൻ കഴിയും. ചെക്ക് പോസ്റ്റില്ലാത്തതുകാരണം സുഗമമായി വരുന്ന വാഹനങ്ങളെ നിയന്ത്രിക്കാൻ അതത് സ്ഥലങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നത് വരുമാനം വർദ്ധിക്കുന്നതിന് സഹായകരമാകും. സെൻട്രൽ ഏജൻസി നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ടെങ്കിലും ജനങ്ങൾ കൂടുതൽ ഉപയോഗിക്കുന്ന മരുന്നുകൾക്ക് വമ്പിച്ച രീതിയിൽ വില കൂട്ടുകയാണ്. അതേസമയം ആവശ്യമില്ലാത്ത മരുന്നുകൾക്ക് വില കുറയുകയും ചെയ്യും. മാർക്കറ്റിൽനിന്നും കിട്ടുന്നതിന്റെ പകുതി വിലയ്ക്ക് മെഡിക്കൽ കോളേജിലെ കാരുണ്യയുടെ ഷോപ്പിൽ നിന്നും മരുന്നുകൾ ലഭ്യമാകും എന്നുപറഞ്ഞാൽ ഈ അന്തരം വളരെ ഭയാനകമാണ്. ഇതിനർത്ഥം കൊള്ളലാഭം എടുക്കുന്നുവെന്നാണ്. ഇതിനെക്കുറിച്ച് ജനങ്ങൾക്കറിയില്ല. രോഗി ആശുപത്രിയിൽനിന്ന് ലഭിക്കുന്ന ചീട്ടുമായി ഓടിച്ചെന്ന് പറയുന്ന പണം നൽകി മരുന്ന് വാങ്ങും. ഇതിൽ വലിയ പരിശോധനയൊന്നും നടക്കുന്നില്ല. ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രി ഇത് വളരെ ഗൗരവമായി പരിഗണിക്കുകയും ഇക്കാര്യം വിലയിരുത്തുന്നതിന് ഒരു സ്ക്വാഡ് സംവിധാനമുണ്ടാക്കാനുള്ള സമീപനം സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഇ-വേ ബിൽ ശക്തമായി പ്രായോഗികമാക്കിയാൽ മാത്രമേ ക്രിയാത്മകമായി ഇത് നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. അതോടൊപ്പംതന്നെ ഫിസിക്കൽ വെരിഫിക്കേഷനും വേണം. ഈ രണ്ട് കാര്യവും പ്രത്യേകമായി ശ്രദ്ധിക്കണം. ഫ്ലയിംഗ് സ്ക്വാഡും ഒരു പ്രധാനപ്പെട്ട വിഷയമാണ്. അതിലും വർദ്ധനവുണ്ടാകണം. ഇപ്പോൾ മരുന്നുകളുടെ പ്രൊഡക്ഷൻതന്നെ നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഒരേ

നമ്പരിൽ രണ്ട് സ്ഥലങ്ങളിൽ പ്രൊഡക്ഷൻ കാണിച്ച് സെയിൽസ് നടത്തുന്ന ധാരാളം ഏജൻസികളെ എനിക്കറിയാം. അത്തരം കാര്യങ്ങളൊക്കെ ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റിന് കണ്ടുപിടിക്കാൻ കഴിഞ്ഞാൽ നമുക്ക് ധാരാളം മാറ്റങ്ങൾ വരുത്താൻ കഴിയും. എങ്കിൽ മാത്രമേ ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ.

റവന്യൂ വകുപ്പിനെ സംബന്ധിച്ചിടത്തോളം, ഭൂമി കയ്യേറ്റവും കായൽ കയ്യേറ്റവുമൊക്കെ വ്യാപകമായി നടക്കുന്നുണ്ട്. അതിൽ മുഖം നോക്കാതെ നടപടിയെടുക്കുക എന്നുള്ളതാണ് ഏത് സർക്കാരായാലും ചെയ്യേണ്ടത്. കയ്യേറ്റം ചെയ്തവർ ആരാണെന്ന് നോക്കാതെ നടപടിയെടുത്തുകഴിഞ്ഞാൽ ആ സമ്പത്ത് നമുക്ക് പിടിച്ചെടുക്കാൻ കഴിഞ്ഞുവെന്ന് സന്തോഷിക്കാനും സമാധാനിക്കാനും കഴിയും. അതിനുള്ള ശക്തമായ സമീപനം അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. കയ്യേറിയവർ ആരാണെന്ന് നോക്കാതെ മെരിറ്റ് നോക്കി കൈകാര്യം ചെയ്യാൻ മുന്നോട്ടുവന്നാൽ മാത്രമേ അനധികൃത കയ്യേറ്റങ്ങളൊഴിവാക്കാൻ കഴിയൂ. വെറുതെ കിടക്കുന്ന ഭൂമിയൊക്കെ തന്റേതാണെന്നു പറഞ്ഞ് ഉടമസ്ഥത സ്ഥാപിക്കുന്ന കാര്യങ്ങളിൽ കോടതിയിൽ പോയാൽ കേസ് കുറേക്കാലം നീണ്ടുപോകും. എന്തെങ്കിലും പ്രശ്നമുണ്ടായി കോടതിയിൽ കയറിയാൽ പിന്നെ പത്തോ ഇരുപത്തഞ്ചോ വർഷം ഒന്നുമാകാതെ പോകുന്ന സമീപനമുണ്ടാകും. അതുവരെ ഇത് കോടതിയിലാണ്, സബ്ജ്യൂഡീസാണ്, ഉദ്യോഗസ്ഥർ ഇടപെടില്ല. അപ്പോൾ സ്വാഭാവികമായും ഇവർ അനുഭവിക്കുന്നത് തുടർന്നുകൊണ്ടേയിരിക്കും. കോടതി തീരുമാനം വരുന്നതുവരെ ഒരു സ്റ്റേ കൊടുത്താൽ അത് എത്രയോ കാലം നീളും. അത്രയും കാലം ഈ ഭൂമി കയ്യേറിയ വ്യക്തിയും അദ്ദേഹത്തിന്റെ മക്കളും അനുഭവിച്ചുകഴിഞ്ഞതിനുശേഷമേ വിധി വരികയുള്ളൂ. അത്രയും കാലം ഈ ഭൂമി ഉപയോഗിച്ചതിന് തുല്യമായിത്തീരും. അതുകൊണ്ടുതന്നെ അത്തരം കാര്യങ്ങളിൽ കർശനമായ സമീപനമുണ്ടാകണം. അതുപോലെ സാധാരണക്കാരന്റെ പ്രശ്നങ്ങളിൽ പ്രായോഗിമായ സമീപനം വേണം. ഇവിടെ ഭൂരഹിതരായവർക്ക് നൽകുന്നതിനായി ഭൂമി കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഉള്ള ഭൂമിതന്നെ ഉപയോഗിക്കാൻ തടസ്സമുള്ള ധാരാളം വിഷയങ്ങളുണ്ട്. പത്ത് സെന്റുകാരനെയും പത്ത് ഹെക്ടറുള്ളവനെയും ഒരുപോലെ കാണാൻ കഴിയില്ല. പത്ത് സെന്റുകാരൻ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടമാണ് നടത്തുന്നത്. പത്ത് ഹെക്ടറുള്ളവൻ കൂടുതൽ സമ്പാദിക്കുന്നതിനുള്ള നീക്കമാണ് നടത്തുന്നത്. ആദിവാസി പട്ടിണി കിടന്നപ്പോൾ അരി മോഷ്ടിച്ചുവെന്ന കാരണത്താൽ കൊലപ്പെടുത്തിയെന്ന് പറഞ്ഞു. അത് ഭക്ഷണം കഴിക്കാൻവേണ്ടിയാണ് ചെയ്തത്. അതൊരു കളവായി കാണാൻ കഴിയില്ല. തിരൂർ നിയോജക മണ്ഡലത്തിലെ

തിരുനാവായിലെ അനന്താവൂർ വില്ലേജിൽ കൊടയ്ക്കൽ എന്നുപറയുന്ന സ്ഥലത്ത് അമ്പത് വർഷത്തിലേറെയായി പത്തും ഇരുപതും സെന്റ് ഭൂമി വീതം കൈവശം വച്ച് അനുഭവിക്കുന്ന സാധാരണക്കാർ ധാരാളമുണ്ട്. അവരെ കൊടയ്ക്കൽ ടൈൽ ഫാക്ടറിയുടെ വിഷയം പറഞ്ഞ് ഒഴിപ്പിക്കാനുള്ള ശ്രമത്തിലാണ്. ഒരിക്കലും അവരെ ഒഴിപ്പിക്കാൻ കഴിയില്ല. കാരണം അത് അവരുടെ നിലനിൽപ്പാണ്. പത്തുനാൽപ്പതുവർഷമായി പത്തും ഇരുപതും സെന്റ് ഭൂമിയിൽ ജീവിക്കുന്നവരെ പിടിച്ചിറക്കാൻ കഴിയുമോ? ഇവിടെ വീടില്ലാത്തവർക്ക് വീട് നൽകുന്നു; ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നു. അപ്പോൾ ഇവരെപ്പോലുള്ളവരെ കുടിയിറക്കാൻ ഒരിക്കലും കഴിയില്ല. അതുകൊണ്ട് അത്തരം ആളുകളുടെ കാര്യങ്ങളിൽ 7 (ഇ) ബാധകമാക്കണം. അവർക്ക് വേറെ ഭൂമിയുണ്ടോയെന്ന് പരിശോധന നടത്തുകയും ഭൂമിയില്ലാത്ത സാധാരണക്കാരെ സംബന്ധിച്ച് ഇക്കാര്യത്തിലൊരു തീരുമാനമുണ്ടാക്കുകയും ചെയ്യണം. അവിടെ പത്തറുപത് കുടുംബങ്ങളുണ്ട്. അവർ വച്ചനുഭവിക്കുന്നത് തുണ്ടുതുണ്ട് ഭൂമികളാണ്. പരിശോധന നടത്തി, മെരിറ്റനുസരിച്ച് ആ ഭൂമി അവർക്ക് കൊടുക്കണം.

അതുപോലെതന്നെ CRZ (Coastal Regulation Zone) മേഖലയിൽ ഒരു പ്രശ്നമുണ്ട്. കോസ്റ്റൽ കരട് രേഖയെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ പോസിറ്റീവായി ഇവിടെ മറുപടി പറഞ്ഞു. കടലോര മേഖലയിലുള്ള ധാരാളം ആളുകൾ അവിടെ പട്ടയം കിട്ടാതെ കഷ്ടപ്പെടുകയാണ്. അത് നൽകേണ്ടത് ന്യായമായ ആവശ്യമാണ്. അക്കാര്യത്തിലും പ്രത്യേക നടപടിയുണ്ടാകണം. നഞ്ചാ കമ്മിറ്റിയും നീർത്തട കമ്മിറ്റിയും രണ്ട് രൂപത്തിലുള്ളതാണ്. നഞ്ചാ കമ്മിറ്റിക്ക് നൽകേണ്ട അപേക്ഷ നീർത്തട കമ്മിറ്റിക്കും നീർത്തട കമ്മിറ്റിക്ക് നൽകേണ്ട അപേക്ഷ നഞ്ചാ കമ്മിറ്റിക്കും തെറ്റായി കൊടുക്കുമ്പോൾ, ഇത് ഇന്ന സമിതിക്ക് കൊടുക്കേണ്ടതാണെന്ന് ഉദ്യോഗസ്ഥർ ശരിയായി പറഞ്ഞുകൊടുക്കുകയില്ല. അങ്ങനെ മാസങ്ങളും വർഷങ്ങളും കഴിഞ്ഞ് അവസാനം ഒരു പ്രശ്നം വരുമ്പോഴാണ് ഈ അപേക്ഷ ഇവിടെയല്ല അവിടെയായിരുന്നു കൊടുക്കേണ്ടിയിരുന്നതെന്ന് പറയുന്നത്. ഇത്തരം കാര്യങ്ങളിൽ മാന്യമായൊരു സമീപനം സ്വീകരിക്കണമെന്ന് ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകണം. ഒരു അപേക്ഷ തെറ്റിവരുമ്പോൾ അത് ഇവിടെയല്ല തരേണ്ടത്, ഇന്ന ഇടത്താണ് കൊടുക്കേണ്ടതെന്ന് പറയാനുള്ള സാമാന്യ മര്യാദയെങ്കിലും പാലിക്കണമെന്ന് കളക്ടർമാർക്ക് നിർദ്ദേശം നൽകണം. സാധാരണക്കാർക്ക് ഈ കമ്മിറ്റികളെക്കുറിച്ചൊന്നും വലിയ അറിവുണ്ടാകില്ല. അതുപോലെ പ്ലാന്റേഷൻ ആക്ട്, പ്രത്യേകിച്ച് ഇടുക്കി, വയനാട് പോലുള്ള മലയോര മേഖലകളിൽ എക്സംപ്റ്റഡ് ലാൻഡ് എന്നുപറയുന്നത് കൈമാറ്റം പാടില്ല, തരം മാറ്റം പാടില്ല, അത് നിയമവിധേയമാണ്. പക്ഷെ ഇവിടെയൊക്കെ ഒരു

നോട്ടീസ് അയച്ച് കൃഷി നടത്തുന്നവർ ധൃതവാട്ടം വന്ന് കുരുമുളക് ഉണങ്ങുമ്പോൾ കാപ്പി കൃഷി ചെയ്യും. ഇതൊരു തരംമാറ്റമല്ല, കാപ്പിയും കുരുമുളകും ഒരുപോലെ കൃഷി ചെയ്യുകയാണ്. വയനാട്ടിൽത്തന്നെ ധാരാളം ആളുകൾക്ക് നോട്ടീസ് അയച്ച് പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ട് അങ്ങോട്ടുമിങ്ങോട്ടും കൈമാറ്റം നടത്താനോ ഓഹരി വയ്ക്കാനോ തണ്ടപ്പേർ സർട്ടിഫിക്കറ്റ് കൊടുക്കാനോപോലും കഴിയാത്ത അവസ്ഥയാണ്. അതിന് ലാൻഡ് ബോർഡിന്റെ അനുമതി വേണം. ലാൻഡ് ബോർഡിൽ അപേക്ഷ നൽകി വർഷങ്ങളായി നടപടി ഇല്ലാത്തതിന്റെ പേരിൽ എത്രയോ കർഷകർ ബുദ്ധിമുട്ടുകയാണ്. അതോടൊപ്പം ഒരു ഏക്കറോ പത്ത് സെന്റോ കൃഷി ഭൂമി മകളുടെ വിവാഹത്തിനുവേണ്ടി വിൽക്കുന്നതിനും തടസ്സമുണ്ട്. അത്തരം കാര്യങ്ങളിലും ശ്രദ്ധവേണം. വയനാടിലും ഇടുക്കിയിലുമൊക്കെ കളക്ടറേറ്റ് സ്ഥിതി ചെയ്യുന്നത് പ്ലാന്റേഷനിലാണ്. പ്ലാന്റേഷൻ ഡെഫനിഷനിൽ പറയുന്ന മൊത്തം ഭൂമിയും പ്ലാന്റേഷൻ ആക്ടിൽ വരും. നിർമ്മാണം പാടില്ലെന്ന് പറഞ്ഞാലും അനിവാര്യമായത് ചെയ്യേണ്ടിവരും. അക്കാര്യങ്ങളിലൊക്കെ അവരുടെ കൈവശമുള്ള ഭൂമി പരിശോധിച്ചശേഷം മിനിമം ലിമിറ്റിൽ നിൽക്കുന്നതാണെങ്കിൽ പട്ടയം നൽകുകയോ അല്ലെങ്കിൽ പ്രത്യേകം കാലയളവ് നിശ്ചയിച്ചുകൊണ്ട് ഇത്രവർഷം വരെ കൈമാറ്റമുള്ളവർക്ക് 7-ഇ ബാധകമാക്കാനുള്ള തീരുമാനമോ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. എങ്കിൽ മാത്രമേ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ കഴിയൂ. കൃഷിനഷ്ടം സംഭവിക്കുന്ന കർഷകരോടുള്ള സമീപനം വളരെ പോസിറ്റീവായിരിക്കണം. അവരുടെ വരുമാനവും ചെലവുംകൂടി താരതമ്യം ചെയ്യുമ്പോൾ അവർക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ്. അവരെ പ്രത്യേകമായി കണ്ടുകൊണ്ട് കാര്യങ്ങൾ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ പ്രകൃതി ദുരന്ത നഷ്ടപരിഹാരത്തിനുള്ള ചെക്ക് കളക്ടർക്ക് നൽകിയാൽ തുക ലഭിക്കുന്നതിന് മാസങ്ങളെടുക്കും. അതിനുപകരം ബെനിഫിഷ്യറിയുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടുകൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. മലപ്പുറം ജില്ലയിൽ മാത്രം പിടിച്ചെടുത്തിട്ടുള്ള മണൽ ലോറികൾ 18000-ത്തോളമുണ്ട്. സ്ഥലപരിമിതി പ്രശ്നമാണ്. ഇപ്പോഴത്തെ നിയമമനുസരിച്ച് ലേലം ചെയ്യാൻ ഗസറ്റിൽ വിജ്ഞാപനം ചെയ്യണം. ഗസറ്റിൽ വിജ്ഞാപനം വരുന്നതിന് ആറ് മാസം സമയമെടുക്കും. പത്രത്തിൽ പരസ്യം നൽകി ലേലം ചെയ്യാൻ കളക്ടർക്ക് അധികാരം കൊടുക്കുന്നതിനുള്ള സംവിധാനം വേണം. അതുപോലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ (RMF) ഉണ്ടായിരുന്ന 54 കോടി രൂപ സർക്കാരിന് പണമില്ലെന്ന് പറഞ്ഞ് എടുത്തിരുന്നു. ആ പണം ഭാരതപ്പുഴയുടെ സംരക്ഷണത്തിനുവേണ്ടി വിനിയോഗിക്കാൻ ശ്രദ്ധിക്കണം. പ്രസ്തുത ഫണ്ടുപയോഗിച്ച് കുടിവെള്ള പദ്ധതിയോ തടയണയോ നിർമ്മിക്കാൻ നിയമപ്രശ്നം

കാരണം കഴിയില്ല. തടയണ നിർമ്മിച്ചാലേ നദി സംരക്ഷിക്കാൻ കഴിയൂ; സംരക്ഷിച്ചാലേ നിലനിർത്താൻ കഴിയൂ. ഇത് നിയമത്തിന്റെ വൈരുദ്ധ്യമാണ്. അത് പരിഹരിക്കാനുള്ള സംവിധാനമുണ്ടാകണം. ഭാരതപ്പുഴയോട് ചേർന്നുള്ള നാവാമുകുന്ദ ക്ഷേത്രത്തിൽ ഓരോ കർക്കിടക വാവിനും ബലിയർപ്പിക്കാൻ പതിനായിരക്കണക്കിനാളുകൾ എത്തുന്നുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ടിലെ 99 ലക്ഷം രൂപ ഉപയോഗിച്ച് ബലിതർപ്പണ പടവുകളുണ്ടാക്കിയിട്ടുണ്ട്. അതിന് 99 ലക്ഷം രൂപ മൂന്നുഘട്ടമായി നൽകാമെന്ന് പറഞ്ഞിരുന്നു. രണ്ടാംഘട്ടത്തിനും 99 ലക്ഷം രൂപ അനുവദിക്കണം. ഗവൺമെന്റ് ലാൻഡിന് പെർമിസീവ് സാംഗ്ഷൻ നൽകാനുള്ള അധികാരം കളക്ടർക്കുണ്ടായിരുന്നു. ഇപ്പോൾ അതില്ലാത്തത് വലിയ പ്രശ്നമാണ്. ഗവൺമെന്റ് പ്രോജക്ട് നടപ്പാക്കാൻ ധാരാളം ലാൻഡുണ്ട്. എന്നാൽ വർഷങ്ങൾ കഴിഞ്ഞാലും നടപ്പാക്കാൻ കഴിയാത്തതുകൊണ്ട് ഗവൺമെന്റ് പ്രോജക്ടുകൾ നിലച്ചുപോവുകയാണ്. സാങ്കേതികത്വം പറഞ്ഞ് നീട്ടിക്കൊണ്ടുപോകാതെ അക്കാര്യത്തിൽ സംവിധാനമുണ്ടാകണം. പത്ത് ലക്ഷം പട്ടയം ഡിജിറ്റൈസ് ചെയ്യാതെ നഷ്ടപ്പെട്ടുപോകുകയാണ്. റവന്യൂ വകുപ്പിലെ മോഡേണൈസേഷന്റെ ഭാഗമായി പട്ടയം ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നാഷണൽ ഫണ്ട് നമുക്ക് ലഭിക്കാനുണ്ട്. കാലഹരണപ്പെട്ടുപോകുന്ന പട്ടയങ്ങൾ ഡിജിറ്റൈസ് ചെയ്യാനുള്ള സംവിധാനമുണ്ടാകണം.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കാരണം ഇന്ന് ഇന്ത്യയ്ക്കാകെ മാതൃകയായ ധനകാര്യ മാനേജ്മെന്റാണ് കേരള ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന് ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തി, അഴിമതിരഹിത ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ച്, നികുതിപിരിവ് ഊർജ്ജിതപ്പെടുത്തി, നികുതി ചോർച്ച തടഞ്ഞ് മഹത്തായ ധനകാര്യ മാനേജ്മെന്റുമായി മുന്നോട്ടുപോകുമ്പോഴാണ് ജി.എസ്.ടി. വന്നത്. ജി.എസ്.ടി വന്നപ്പോൾ ചെക്ക്പോസ്റ്റുകൾക്ക് പ്രസക്തിയില്ലാതായി. ജി.എസ്.ടി. കൗൺസിലിൽ ആദ്യത്തേതിൽ നിന്ന് വ്യത്യസ്തമായി നിരവധി പ്രഖ്യാപനങ്ങൾ പുതുതായി ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. കുറേയധികം പോരായ്മകൾ മാറ്റിയെടുക്കാൻ കഴിഞ്ഞു. മാറ്റിയെടുത്ത പോരായ്മകളുടെയെല്ലാം ക്രെഡിറ്റ് അവകാശപ്പെടാൻ കഴിയുന്നത് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിക്കാണ് എന്നുള്ളത് വസ്തുതയാണ്. കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയുടെ നിർദ്ദേശങ്ങൾ സൂക്ഷ്മതയോടുകൂടി കേൾക്കുകയും അതിനെ പിന്തുണയ്ക്കുകയും ചെയ്യുന്ന അവസ്ഥയായിരുന്നു തുടക്കത്തിൽ ജി.എസ്.ടി. കൗൺസിലിൽ ഉണ്ടായിരുന്നതെങ്കിൽ രാഷ്ട്രീയ ഇടപെടൽ വന്നതിനുശേഷം അത് ദുർബ്ബലപ്പെട്ടു.

ജി.എസ്.ടി. വന്നതെങ്ങനെയാണ്? ജി.എസ്.ടി.-യെ കുറ്റപ്പെടുത്തുമ്പോൾ ആരാണ് ഇതിന്റെ ഉപജ്ഞാതാവ്? യു.പി.എ. സർക്കാർ, കോൺഗ്രസ്സാണ് ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുൻകയ്യെടുത്തത്. അതുമാത്രമല്ല പാർലമെന്റിൽ ജി.എസ്.ടി. കൗൺസിലിന്റെ ചർച്ച വന്നപ്പോൾ അതിൽ ഭേദഗതി അവതരിപ്പിച്ചത് കോൺഗ്രസ്സാണ്. പെട്രോളുംകൂടി ഉൾപ്പെടുത്തണമെന്നതായിരുന്നു ഭേദഗതി. പെട്രോൾ ഉൾപ്പെടുത്തിയിരുന്നെങ്കിൽ കേരളത്തിന്റെ അവസ്ഥ എന്താകുമായിരുന്നു? ഇതെല്ലാം മറന്നിട്ട് കോൺഗ്രസ്സിന്റെ അജണ്ട അന്ധമായ ഇടതുപക്ഷ വിരോധം മാത്രമാണ്. ധനകാര്യ മാനേജ്മെന്റിന് ഏറ്റവും വലിയ ഉദാഹരണമാണ് കിഫ്ബി. ഇവിടെ ധാരാളംപേർ കുറ്റപ്പെടുത്തി, എന്തെല്ലാം ആക്ഷേപങ്ങൾ പറഞ്ഞു. പക്ഷെ ഇന്നലെ ബഹുമാന്യനായ വി. ഡി. സതീശൻ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത് 'കിഫ്ബിയിൽ കാശുണ്ടെന്ന് പറഞ്ഞ് ഇങ്ങനെ എഞ്ചിനീയറിംഗ് കോളേജിന് പൈസ കൊടുക്കാമോ' എന്നാണ്. കിഫ്ബി പറ്റിപ്പല്ല, കാശില്ലെന്ന് പറഞ്ഞത് ശരിയല്ലായെന്നുള്ളത് അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നതുകൊണ്ടാണല്ലോ ഈ സർട്ടിഫിക്കറ്റ് നൽകേണ്ടിവന്നത്. കിഫ്ബിയിൽ കാശുണ്ടെന്ന് പറഞ്ഞ ശ്രീ. വി. ഡി. സതീശന്റെ അംഗീകാരം ഈ സർക്കാരിനുള്ള പൊൻതൂവലാണ്. കിഫ്ബി നടപ്പാക്കുന്നത് ശരിയായ രീതിയിലാണെന്നുള്ളതിന്റെ തെളിവാണത്.

റവന്യൂ മേഖലയിൽ, സാധാരണ ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യം പട്ടയമാണ്. 54000 പേർക്കാണ് വിവിധ ജില്ലകളിലായി പട്ടയം നൽകാൻ കഴിഞ്ഞത്. പട്ടയം നൽകാനും അവരുടെ ജീവിതാഭിലാഷം പൂർത്തീകരിക്കാനും മുൻകയ്യെടുത്ത് പ്രവർത്തിച്ച സർക്കാരാണിത്. 54000 പേർക്ക് പട്ടയം കൊടുത്തപ്പോൾ കഴിഞ്ഞ സർക്കാർ നൽകിയ 1843 പട്ടയങ്ങൾ റദ്ദ് ചെയ്യേണ്ടിവന്നു. എന്തുകൊണ്ടാണ് റദ്ദ് ചെയ്യേണ്ടി വന്നത്? അനധികൃതമായ പട്ടയമാണ് കഴിഞ്ഞ കാലങ്ങളിൽ യു.ഡി.എഫ്. സർക്കാർ നൽകിക്കൊണ്ടിരുന്നത്. അർഹരായവരെ മാറ്റി നിർത്തി അർഹതയില്ലാത്തവർക്ക് പട്ടയം കൊടുത്തു. ഇവിടെ പലരും സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിന്റെ വിശദാംശത്തിലേയ്ക്ക് പോകുന്നില്ല. മെത്രാൻ കായലും സന്തോഷ് മാധവനുമൊക്കെയായിരുന്നല്ലോ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് റവന്യൂ വകുപ്പിനെ നയിച്ചതും ഭരിച്ചതും. അവരുടെ പിണിയാളുകളായി മാത്രം മന്ത്രിമാർ മാറിയിരുന്നുവെന്നതാണ് ചരിത്രം ബോധ്യപ്പെടുത്തുന്നത്. റവന്യൂ മേഖലയിൽ പട്ടയ വിതരണം മാത്രമല്ല കഴിഞ്ഞ തവണ വരൾച്ചയുമുണ്ടായല്ലോ? കഴിഞ്ഞ വർഷത്തേത് ഇതുവരെ ഉണ്ടായിരുന്നതിൽ ഏറ്റവും വലിയ വരൾച്ചയായിരുന്നു. ജനങ്ങൾക്ക്

ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ ഫലപ്രദമായി, സമയബന്ധിതമായി ഇടപെട്ടുകൊണ്ട് വരൾച്ചയെ നേരിടാൻ സർക്കാരിന് കഴിഞ്ഞു. ഒരാൾക്കും വരൾച്ചയെ നേരിട്ടതിൽ അപാകത കണ്ടെത്താനോ ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്താനോ കഴിഞ്ഞില്ല. അതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത. ജനങ്ങളുടെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കിയാണ് പ്രവർത്തനം നടത്തുന്നത്. ഈ വർഷവും വരൾച്ച വരാൻ പോകുകയാണ്. അത് മനസ്സിലാക്കിക്കൊണ്ടുതന്നെ അതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. അതുപോലെ വില്ലേജ് ആഫീസുകളിലെ സേവനങ്ങൾ, നിരവധി അധികാരങ്ങൾ സാധാരണക്കാരന് സമീപിക്കാൻ കഴിയുന്ന വില്ലേജ് ആഫീസുകളിലേയ്ക്ക് മാറ്റിക്കൊടുത്തു. സ്മാർട്ട് വില്ലേജുകൾ കേരളത്തിന്റെ ചരിത്രത്തിലാദ്യമായി രൂപവൽക്കരിക്കപ്പെട്ടു. അതോടൊപ്പം കോർപ്പറേഷനുകളിലും പഞ്ചായത്ത് ഓഫീസുകളിലുമുള്ളതുപോലെ ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം വില്ലേജ് ഓഫീസുകളിൽ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ത്രിപുരയാണ് എല്ലാവർക്കും വലിയ പ്രശ്നം. സി.പി.ഐ.(എം) തകർന്നുവെന്നാണ് പറയുന്നത്. 1977-നുശേഷമാണ് ത്രിപുരയിലും ബംഗാളിലും ഇടതുപക്ഷ സർക്കാരുണ്ടായത്. 1988-ൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ത്രിപുര ഉപജാതി ജുബ സമിതിയുമായി കൂട്ടുചേർന്ന് സർക്കാരുണ്ടായില്ലേ? 1988 മുതൽ 1993 വരെ ത്രിപുര ഭരിച്ചത് കോൺഗ്രസ്സും ത്രിപുര ഉപജാതി ജുബ സമിതിയുംകൂടി ചേർന്നല്ലേ; ആ അനുഭവത്തിന്റെ അടിസ്ഥാനത്തിലല്ലേ ഞങ്ങൾ തിരിച്ചുപിടിച്ചത്?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

ഇപ്പോൾ 25 വർഷം കഴിഞ്ഞു. ധാരാളം പുതിയ വോട്ടർമാർ വന്നു. അവർക്ക് പഴയകാല കെടുതികളൊന്നും അനുഭവിക്കേണ്ടി വന്നിട്ടില്ല. സെക്യൂരിറ്റിയില്ലാതെ ലക്ഷക്കണക്കിന് രൂപ ലോൺ, ഏഴാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശയനുസരിച്ചുള്ള ശമ്പളം എന്നിങ്ങനെയുള്ള വാഗ്ദാനങ്ങൾ നൽകുമ്പോൾ സ്വാഭാവികമായി അവർ അതിൽ വീഴും. ബി.ജെ.പി. അത് ഉന്നയിച്ചപ്പോൾ കോൺഗ്രസ്സ് അതിനോടൊപ്പം പോയി. 59 സീറ്റുകളുള്ള ത്രിപുരയിൽ ത്രിപുര ഉപജാതി സമിതിയുടെ സീറ്റുകൾ മാറ്റിയാൽ കോൺഗ്രസ്സ് എത്ര സീറ്റിലാണ് മത്സരിച്ചത്? ബി.ജെ.പി.-യുടെ 36 സ്ഥാനാർത്ഥികൾ കഴിഞ്ഞ തവണ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥികളായി മത്സരിച്ചിരുന്നവരാണ്, ആ ഗതികേടാണ് കോൺഗ്രസ്സിന്. നിങ്ങളെന്താണ് ഈ രാജ്യത്ത് ചെയ്തു കൊണ്ടിരിക്കുന്നത്? ബി.ജെ.പി.-യുടെ റിക്രൂട്ടിംഗ് ഏജൻസിയായി ഇന്ന് ഇന്ത്യയിലെ കോൺഗ്രസ്സ് മാറി. അവർക്ക് അന്തമായ മാർക്സിസ്റ്റ് വിരോധമാണ്.

എന്തുകൊണ്ടാണ് കോൺഗ്രസ്സിനോടൊപ്പം നിന്ന ത്രിപുരയിലെ ജനങ്ങൾ ബി.ജെ.പി.-യിലേയ്ക്ക് പോയത്? കാരണം അവരുടെ മനസ്സിലേയ്ക്ക് സി.പി.ഐ.(എം) വിരോധവും ഇടതുപക്ഷ വിരോധവുമാണ് പമ്പ് ചെയ്ത് കയറ്റിക്കൊടുത്തുകൊണ്ടേയിരുന്നത്. ബി.ജെ.പി.-ക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കുവാൻ കോൺഗ്രസ്സ് ഒരിക്കലും തയ്യാറായിട്ടില്ല. കോൺഗ്രസ്സുകാർക്ക് ട്രെയിനിംഗ് കൊടുത്തുകൊണ്ടിരുന്നതെല്ലാം സി.പി.ഐ.(എം) വിരോധമാണ്. അത് തലയ്ക്കുപിടിച്ചപ്പോൾ കോൺഗ്രസ്സിന് രക്ഷയില്ലെന്ന് മനസ്സിലാക്കിയവർ സി.പി.ഐ.(എം)-നെ എതിർക്കാൻ കഴിയുന്നത് ബി.ജെ.പി.യാണെന്ന തരത്തിൽ അവിടേയ്ക്കുപോയി; കോൺഗ്രസ്സ് അവിടെ എത്തിച്ചുകൊടുത്തു. അവർക്ക് 10 സീറ്റുണ്ടായിരുന്നതിൽ ഒന്നുപോലുമില്ല. സീറ്റിന്റെ എണ്ണം കുറയുന്നതു മനസ്സിലാക്കാം, പക്ഷേ അവർക്കുണ്ടായിരുന്ന വോട്ട് എവിടെ പോയി? ഇടതുപക്ഷത്തിന് എത്ര ശതമാനം വോട്ടാണ് കുറഞ്ഞത്? 25 വർഷം ഭരിച്ചിട്ടും ഭരണവിരുദ്ധ വികാരമൊന്നും അതിനെ ഏശിയില്ല. പക്ഷെ എതിരാളികളെല്ലാം ഒരുമിച്ചുകൂടി അവർക്ക് ചെറിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് വസ്തുത. അതിന്റെ ഏറ്റവും വലിയ പങ്ക് കോൺഗ്രസ്സിനാണ്. ഇവിടെ ശ്രീ. അനിൽ അക്കര പ്രസംഗിച്ചപ്പോൾ പറഞ്ഞത്, ഇങ്ങനെ പോയാൽ ഇവിടെയും ത്രിപുര ആവർത്തിക്കുമെന്നാണ്. ആ പറഞ്ഞതിന്റെ അർത്ഥമെന്താണ്? ഞങ്ങളും ബി.ജെ.പി.യിലേയ്ക്ക് പോകുമെന്ന തന്നെയല്ലേ. അതെ, അവരുടെ മനസ്സിലിരുപ്പ് അതുതന്നെയാണ്. രാത്രി ആർ.എസ്.എസ്.-ഉം പകൽ കോൺഗ്രസ്സുമായിട്ടുള്ള ഏർപ്പാട് ഇനി കോൺഗ്രസ്സിൽ നടക്കില്ലെന്ന് ഇവിടെ ഞങ്ങളല്ല ശ്രീ. എ. കെ. ആന്റണിയാണ് പറഞ്ഞത്. അതിനർത്ഥം ഇതുവരെ അങ്ങനെ നടന്നുകൊണ്ടിരുന്ന എന്നുള്ളതാണല്ലോ. അത് അംഗീകരിക്കാൻ, തിരുത്താൻ, അന്ധമായ മാർക്സിസ്റ്റ് വിരോധം വിട്ട് ബി.ജെ.പി.-ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? നിങ്ങൾ നയങ്ങൾ മാറ്റൂ - നവലിബറൽ നയങ്ങൾ, ഉദാരവൽക്കരണ നയങ്ങൾ, കോർപ്പറേറ്റുകളുടെ സംരക്ഷണം. കാർഷിക കടങ്ങൾ എഴുതിത്തള്ളുമെന്ന് പറഞ്ഞുകൊണ്ട് ബി.ജെ.പി. ഇവിടെ അധികാരത്തിൽ വന്നു. 80000 കോടി രൂപയുണ്ടെങ്കിൽ ഇന്ത്യയിലെ മുഴുവൻ കാർഷിക കടങ്ങളും എഴുതിത്തള്ളാം. പക്ഷെ 80000 കോടി രൂപ എഴുതിത്തള്ളേണ്ട സ്ഥലത്ത് ഇവിടത്തെ കോർപ്പറേറ്റുകൾക്ക് 11.5 ലക്ഷം കോടി രൂപയുടെ ആനുകൂല്യം നൽകിയപ്പോഴും നോട്ടുനിരോധനം ഏർപ്പെടുത്തിയപ്പോഴും അതിനെതിരായി ഒരു ചെറുവിരൽ അനക്കാൻ ഇവിടത്തെ പ്രതിപക്ഷമെന്നു പറയുന്ന ഇന്ത്യയാകെ

പടർന്ന പന്തലിച്ചുകിടക്കുന്ന കോൺഗ്രസ്സ് എവിടെയായിരുന്നു? മൂന്ന് സംസ്ഥാനങ്ങളിൽ നിർണ്ണായകമായ തെരഞ്ഞെടുപ്പ് നടന്നപ്പോൾ കോൺഗ്രസ്സിന്റെ പ്രസിഡന്റ് എവിടെയായിരുന്നു? ഇവിടെ കാണാനേയില്ലായിരുന്നു. മൂന്നു ദിവസം കഴിഞ്ഞിട്ടാണ് അദ്ദേഹം പ്രതികരിച്ചതുപോലും. അങ്ങനെ പറഞ്ഞത് ഞാനല്ല, കോൺഗ്രസ്സിന്റെ മുഖപത്രമായ വീക്ഷണമാണ്. ഗോവയിൽ ഒന്നാം കക്ഷി ആരായിരുന്നു, സർക്കാർ രൂപീകരിച്ചതാരാണ്? ഒന്നാം കക്ഷി കോൺഗ്രസ്സ്, സർക്കാർ രൂപീകരിച്ചത് ബി.ജെ.പി.; മേഘാലയയിൽ ഒന്നാം കക്ഷി കോൺഗ്രസ്സ്, സർക്കാർ രൂപീകരിച്ചത് ബി.ജെ.പി. യു.എ.പി.എ. (Unlawful Activities (Prevention) Act) നിയമത്തെ കോൺഗ്രസ്സ് പാർലമെന്റിൽ എതിർത്തതാണ്. പക്ഷെ കേരളത്തിൽ നടപ്പിലാക്കി. സഖാവ് പി. ജയരാജനെതിരായി യു.എ.പി.എ. ചുമത്തിയപ്പോൾ അതിരൂക്ഷമായ എതിർപ്പുണ്ടായി.

<u>ശ്രീ. കെ. രാജൻ</u>: സർ, അധികാരം നഷ്ടപ്പെട്ട മണിപ്പൂരിൽ കോൺഗ്രസ്സിന്റെ ചാർജ് ശ്രീ. രമേശ് ചെന്നിത്തലയ്ക്കായിരുന്നുവെന്ന് അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. എം. നൗഷാദ്</u>: സർ, ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് ചുമതല കൊടുത്തിട്ട് കാര്യമില്ലല്ലോ. ഇവിടെ ഗുരുവായൂർ ദേവസ്വത്തിൽ വെള്ളം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ശക്തമായ നിലപാട് സ്വീകരിച്ച ശ്രീ. കെ. വി. അബ്ദുൾ ഖാദറിനെതിരെ അദ്ദേഹം പറഞ്ഞ വർത്തമാനത്തിൽ നിന്ന് അവരുടെ ഉള്ളിലിരുപ്പെന്താണെന്ന് നമുക്കറിഞ്ഞുകൂടേ. അതിൽ അവർക്ക് സന്തോഷമാണ്. സി.പി.ഐ.(എം)-കാരായ സഖാവ് വിനോദും സഖാവ് പ്രേമനും കൊല ചെയ്യപ്പെട്ട കേസിൽ യു.എ.പി.എ. ചുമത്തി. പക്ഷേ മനവും മനവും അറിഞ്ഞില്ല. ആ കേസ് പിൻവലിക്കപ്പെട്ടു. ആർ.എസ്.എസ്.-കാർ പ്രതികളായ കേസിലെ യു.എ.പി.എ. ഇവർ പിൻവലിച്ചു. പക്ഷെ മനോജ് വധക്കേസിൽ യു.എ.പി.എ. പിൻവലിച്ചില്ല. അപ്പോൾ ഇവർ ആരോടൊപ്പമാണ്? ഇവർക്ക് ലഭിക്കുന്ന അധികാരങ്ങളെല്ലാം ആർക്കുവേണ്ടി ഉപയോഗിക്കുകയാണ്? ഇത് കേരളം തിരിച്ചറിയുന്നുണ്ട്, മനസ്സിലാക്കുന്നുണ്ട്. നിങ്ങൾക്ക് ഇതിനെല്ലാം മറുപടി പറയേണ്ടി വരും. നവ-ലിബറൽ നയങ്ങൾ വഴി ഉദാരവത്കരണ സാമ്പത്തിക നയങ്ങളും അതുപോലെ വർഗ്ഗീയതയും വളർത്തി; ബി.ജെ.പി.-ക്ക് ഇവിടെ രണ്ടാം ജന്മം നൽകിയതും ബാബറി മസ്ജിദ് ഉൾപ്പെടെയുള്ള കാര്യങ്ങളും ജനങ്ങൾക്ക് നന്നായി അറിയാം. അതുകൊണ്ട് കോൺഗ്രസ്സിന്റെ ഈ നിലപാടുകൾ തിരുത്തിയില്ലെങ്കിൽ നിങ്ങൾക്ക് തന്നെയായിരിക്കും നഷ്ടം. ഇടതുപക്ഷത്തിന് ഒരു നഷ്ടവും സംഭവിച്ചിട്ടില്ല. കൂടുതൽ കരുത്തോടുകൂടി ഞങ്ങൾ മുന്നോട്ടുപോകും. ജനപക്ഷത്തുനിന്ന് പ്രവർത്തിക്കുമ്പോൾ ജനങ്ങൾക്ക് തെറ്റിദ്ധാരണകളുണ്ടായിട്ടുണ്ടെങ്കിൽ അത് തിരുത്തി

മുന്നോട്ടുപോകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. എം. മാണി: സർ, ഭൂനികുതി വർദ്ധനവിന് യാതൊരു നീതീകരണവുമില്ലെന്നാണ് സർക്കാരിനോട് ആദ്യമായി എനിക്ക് പറയാനുള്ളത്. ഭൂനികുതി വർദ്ധനവ് വാസ്തവത്തിൽ പിൻവലിക്കേണ്ടതാണ്. 2014-ലെ ടാക്സേഷൻ ലാ അമെന്റ്മെന്റ് ബില്ലിൽ ഭൂനികുതി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സർക്കാർ ആദ്യം കൊണ്ടുവന്നിരുന്നെങ്കിലും ജനങ്ങളുടെ എതിർപ്പും അത് ശരിയല്ലായെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടും പിന്നീട് അത് വേണ്ടെന്ന് വയ്ക്കുകയാണുണ്ടായത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നപ്പോൾ ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഡിസന്റിംഗ് നോട്ട് ഞാൻ പരിശോധിച്ചിരുന്നു. അതിൽ, റബ്ബർ കൃഷി നഷ്ടത്തിലാണെന്നും ഭൂനികുതി, പ്ലാന്റേഷൻ നികുതി വർദ്ധനവ് അവരെ ദുരിതത്തിലാക്കുമെന്നും അഭിപ്രായ പ്രകടനം നടത്തിയ ഡോ. ടി. എം. തോമസ് ഐസക് തന്നെ അതിന് കടകവിരുദ്ധമായി ഇപ്പോൾ ഭൂനികുതി വർദ്ധിപ്പിക്കാനെടുത്ത നടപടി ശരിയാണോ? അന്ന് അഭിപ്രായം പറഞ്ഞതുപോലെ ഇപ്പോൾ നിൽക്കാൻ പാടില്ലേ; അഭിപ്രായം ഇരുമ്പുലക്കയല്ലെന്ന് പറയാറുണ്ട്. അത് ഇത്രവേഗം മാറ്റാൻ പാടില്ല. അത് പ്രതിഷേധാർഹമാണ്. We also disagree with the government in crossing hardships to the farmers in the plantation sector, who are in great distress due to the fall in prices of rubber and other commercial crops. റബ്ബർ കൃഷിക്കാരുടെയും മറ്റ് കർഷകരുടെയും അവസ്ഥ ഇന്ന് വളരെ ദുരിതത്തിലാണ്. അവർക്ക് ജീവിക്കാൻപോലും നിവൃത്തിയില്ല. അശാസ്ത്രീയമായ രീതിയിൽ നികുതി കൊണ്ടുവന്നാൽ അത് സമ്പദ്ഘടനയെ തകർക്കും. നികുതി ഏത് നിലയിലായാലും തെറ്റാണ്. കഴിഞ്ഞ കാലങ്ങളിൽ റബ്ബറിന്റെ ഇമ്പോർട്ട് ഡ്യൂട്ടിയിനത്തിൽ വലിയ തുക കേന്ദ്ര സർക്കാരിന് ലഭിച്ചിട്ടുണ്ട്. വാസ്തവത്തിൽ ഇമ്പോർട്ട് ഡ്യൂട്ടിയായി കിട്ടിയ തുക സഹായ പദ്ധതികളായി കേന്ദ്രത്തിൽ നിന്ന് കേരളത്തിലെ കർഷകർക്ക് തിരിച്ച് നൽകണമെന്ന വ്യക്തിപരമായ അഭിപ്രായമാണ് എനിക്ക് പ്രകടിപ്പിക്കാനുള്ളത്. കുടുംബാംഗങ്ങൾ തമ്മിലുള്ള കരണങ്ങൾക്ക് ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് വെറും ആയിരം രൂപയാണ് നിശ്ചയിച്ചിരുന്നത്. കാരണം, കുടുംബാംഗങ്ങൾ തമ്മിലാണ് ട്രാൻസാക്ഷൻ നടക്കുന്നത്, അവിടെ കച്ചവടമൊന്നുമില്ല. അതുകൊണ്ടാണ് ആയിരം രൂപ വച്ചത്. അതിപ്പോൾ വർദ്ധിപ്പിച്ചിരിക്കുകയാണ്. കുറഞ്ഞത് ആയിരം രൂപയോ വിൽപ്പന വിലയുടെ 0.2 ശതമാനമോ ഏതാണ് കൂടുതൽ അത് നൽകണമെന്നാണ് പുതിയ വ്യവസ്ഥ. അത് കേട്ടാൽ തോന്നും ഇത് വളരെ ചെറിയ തുകയാണെന്ന്. ഗ്രാമപ്രദേശത്ത് ഒരേക്കർ ഭൂമിക്ക് റിയൽ വാല്യൂ ഒരു ലക്ഷം രൂപയൊക്കെ മതിക്കാം, അത് കുറവാണ്.

മുദ്രവില വരുമ്പോൾ 20,000/- രൂപയാണ്. ഇത് നിലവിലുള്ളതിന്റെ ഇരുപത് ഇരട്ടിയാണ്. അതുകൊണ്ട് തീർച്ചയായും ഇത് പിൻവലിക്കേണ്ടതാണ്; യാഥാർത്ഥ്യബോധത്തോടുകൂടി പുനഃപരിശോധിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഞാൻ ധനകാര്യ വകുപ്പുമന്ത്രി ആയിരിക്കെ പെട്രോൾ, ഡീസൽ വില വർദ്ധനവിൽ നിന്ന് ലഭിക്കുന്ന 57 കോടി രൂപ വേണ്ടെന്ന് വച്ചുകൊണ്ട് നഷ്ടം സർക്കാർ സഹിച്ചു. അതേ മാതൃകയിൽ ആശ്വാസ നടപടി ഡോ. ടി. എം. തോമസ് ഐസക് കൊണ്ടുവരുമെന്നാണ് ഞങ്ങളൊക്കെ വിചാരിച്ചിരിക്കുന്നത്. അതുകൊണ്ട് അതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കുടുംബാംഗങ്ങൾ തമ്മിൽ സ്ഥാവരവസ്തു കൈമാറ്റത്തിന് മുക്ത്യാർക്കുള്ള മുദ്രവില 300 രൂപയിൽ നിന്ന് 600 രൂപയാക്കി വർദ്ധിപ്പിച്ചു. അതൊക്കെ ആവശ്യമില്ലാത്ത കാര്യങ്ങളാണ്. സാധാരണക്കാരെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. അതെല്ലാം വേണ്ടെന്ന് വയ്ക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ഇങ്ങനെ പല തിരുത്തലുകളും നമുക്ക് ആവശ്യമായുണ്ട്. ഇന്ന് നികുതിയെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന ദിവസമാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ പരിശോധിച്ച് അവയ്ക്കൊക്കെ നീക്കുപോക്ക് ഉണ്ടാക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

1.00 PM]

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുഖ്യമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, പ്രിയപ്പെട്ട മണി സഖാവ് ഉൾപ്പെടെയുള്ളവർ പ്രത്യേകമായി താൽപ്പര്യം എടുത്തതുകൊണ്ട് ജില്ലയിൽ രണ്ട് വർഷം മുമ്പുണ്ടായിരുന്ന സങ്കീർണ്ണമായ ഒട്ടുമിക്ക പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. 27-03-2017, 07-04-2017, 01-07-2017 എന്നീ തീയതികളിൽ നടത്തിയ യോഗങ്ങളിൽ ഫലപ്രദമായ പല തീരുമാനങ്ങളും കൈകൊള്ളുകയും നടപടി സ്വീകരിക്കുകയും ചെയ്തതിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ ഏതാണ്ട് പതിനായിരം പട്ടയങ്ങൾ കൊടുക്കാമെന്ന് പറഞ്ഞിടത്ത് പതിനാറായിരം പട്ടയം കൊടുക്കാൻ സാധിച്ചത് വളരെ പ്രധാനപ്പെട്ട വിഷയം തന്നെയാണ്. അതോടൊപ്പം സംസ്ഥാനത്ത് സർവ്വേ നമ്പർ മാറിപ്പോയവരുടെ പ്രയാസങ്ങൾ പരിഹരിക്കാൻ ഉത്തരവ് നൽകി. അതും സങ്കീർണ്ണമായ പ്രശ്നം തന്നെയായിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി. ആശുപത്രി, റോഡ് ഉൾപ്പെടെയുള്ള വികസനം, കാർഷിക പാക്കേജ്, ഹൗസിംഗ് സ്കീമുകൾ തുടങ്ങി ജനങ്ങൾക്ക് വളരെയേറെ ഉപയോഗപ്രദമായ പദ്ധതികൾ നടപ്പിലാക്കി. അതിന്റെ ഭാഗമായി കുറച്ച് പ്രശ്നങ്ങൾ അവിടെ നിലനിൽക്കുന്നുണ്ട്. 25 വർഷത്തിന് ശേഷമാണ്

ദേവികുളം –താലൂക്കിൽ 600 പേർക്കെങ്കിലും പട്ടയം കൊടുക്കാൻ സാധിച്ചത്. അതിന് തുടക്കം കുറിക്കാൻ സാധിച്ചത് വളരെ നല്ല കാര്യമാണ്. ബാക്കിയുള്ളവർക്കും പട്ടയം നൽകുമെന്ന പ്രതീക്ഷ ഞങ്ങൾക്കുണ്ട്. അവിടെ ഒരു ആശങ്കയുള്ളത്, 1996-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് പട്ടയം കൊടുത്തു, അതിന് പല തരത്തിലുള്ള പേരുകളുണ്ടാക്കി. ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. പലരുടെയും റിപ്പോർട്ടുകളുണ്ടായി, ഒരാളുടെയും പേര് പറയാൻ ആഗ്രഹിക്കുന്നില്ല. വൺ ഹെൽത്ത് വൺ ലൈഫ് ഉൾപ്പെടെയുള്ള ചില സമിതികൾ ഹൈക്കോടതിയിൽ കേസ് കൊടുത്തു. വാദിയും പ്രതിയും അവരായിത്തന്നെ നിന്നു, ഒട്ടനവധി വിധികളുണ്ടായി. ഉദ്യോഗസ്ഥർ ജനോപകാരപ്രദമായ നടപടികളിലേയ്ക്ക് കടന്നില്ലെന്ന ആക്ഷേപം നിലനിൽക്കുകയാണ്. നിലവിൽ നൽകിയിട്ടുള്ള പട്ടയങ്ങൾക്കും ഈ ഗതിയുണ്ടാകുമെന്ന ആശങ്കയാണ് ഇപ്പോൾ അവിടെയുള്ളത്. എൻ.ഒ.സി. നൽകണമെന്ന നിലയിൽ WP(c) 15416-ന്റെ അടിസ്ഥാനത്തിൽ 2010-ൽ ഒരു കോടതി വിധി വന്നു. ശ്രീമൂലം ക്ലബ് 1915-ൽ സ്ഥാപിക്കപ്പെട്ടതും ദേവികുളം താലൂക്കിൽ തണ്ടപ്പേരിൽ നമ്പർ ഒന്നാമതായി കരം ഒടുക്കിവരുന്നതുമാണ്. അവർക്ക് എൻ.ഒ.സി. നൽകാൻ കോടതി വിധിച്ചെങ്കിലും നാളിതുവരെ കളക്ടർ കൊടുത്തിട്ടില്ല. അതുപോലെ ദേവികുളത്ത് താമസിക്കുന്ന അമ്മിണി w/o പുരുഷോത്തമൻ, അവർക്ക് ഐ.എ.വൈ. പദ്ധതി പ്രകാരം 2007-ൽ വീട് കൊടുത്തു. പ്രകൃതിക്ഷോഭത്തിൽ മരം വീണ് വീട് നഷ്ടപ്പെട്ടതിനാൽ അത് പണിയാൻ അനുവാദം ചോദിച്ചെങ്കിലും ഇന്നുവരെയും കളക്ടർ അനുവാദം നൽകിയിട്ടില്ല. 1956-മുതൽ പ്രവർത്തനം ആരംഭിച്ച മൂന്നാർ ഗ്രാമപഞ്ചായത്തിന് വാടകയ്ക്ക് കൊടുത്ത കെട്ടിടത്തിന്റെ ഉടമ കോടതിയിൽ പോയിട്ടും എൻ.ഒ.സി. ലഭിച്ചിട്ടില്ല. എൻ.ഒ.സി. വേണമോ എന്ന് ചോദിച്ചതിന്, അതിന്റെ ആവശ്യമില്ലെന്ന് ഹൈക്കോടതി വളരെ വ്യക്തമായി നിലപാട് സ്വീകരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് അഞ്ച് കോടതി വിധികളുണ്ട്. അതിൽ WP(c) 34095/2007-ന്റെ റിട്ട് പെറ്റീഷനാണ് 714/2014, 31268/2007, 5739/2016 എന്നിവ. ഇതിൽ ഹൈക്കോടതിയുടെ ഫുൾബെഞ്ച് ചീഫ് ജസ്റ്റിസ് ഡോ. മഞ്ജുള ചെല്ലൂർ ഉൾപ്പെടെ, ഇന്ന് സുപ്രീംകോടതിയിലെ ഡിവിഷൻ ബെഞ്ച് വിധിച്ചത് കളക്ടറുടെ എൻ.ഒ.സി. വാങ്ങിക്കേണ്ട ആവശ്യമില്ലെന്നാണ്. എൻ.ഒ.സി.യുടെ ആവശ്യമില്ലെന്ന നിലയിലാണ് അവരുടെ പരാമർശങ്ങളും വിധികളും ഉള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ മുഴുവൻ കാര്യങ്ങളും ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ, ഏത് സന്ദർഭത്തിലാണെങ്കിലും ഇക്കാര്യങ്ങൾ വ്യക്തതയോടുകൂടി പറയാൻ കഴിയുന്നതാണ്. ഇക്കാര്യത്തിൽ കോടതിയുടെ

പരാമർശം, There is no prohibition for building construction എന്ന രീതിയിലാണ്. അങ്ങനെ കെട്ടിട നിർമ്മാണത്തിന് യാതൊരു തടസ്സവുമില്ലാത്ത സാഹചര്യത്തിൽ എൻ.ഒ.സി. ആവശ്യമില്ലെന്ന് പറഞ്ഞതിനുശേഷവും കളക്ടറാണ് നൽകേണ്ടതെന്ന് പറയുന്നതിനോട് യോജിക്കുന്നില്ല. എന്റെയും സഖാവ് എം. എം. മണിയുടെയും നിയോജക മണ്ഡലങ്ങൾ ഉൾപ്പെടുന്ന പ്രദേശത്തുള്ള എട്ട് പഞ്ചായത്തുകളിൽ മാത്രമാണ് പൗരാവകാശം നിഷേധിക്കപ്പെട്ടത്. അവിടെ ഏഴ് വില്ലേജുകളിൽ ശ്രീമതി നിവേദിത പി. ഹരനുമായി ബന്ധപ്പെട്ട റിപ്പോർട്ട് വന്നു. അത് നേരത്തെ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പിൻവലിക്കപ്പെടേണ്ടതാണ്. മൂന്നാർ ട്രിബ്യൂണൽ നല്ല ഉദ്ദേശ്യത്തോടെ കൊണ്ടുവന്നതാണ്. 2007-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് വ്യവഹാരങ്ങൾ പരിശോധിക്കുകയും ഭൂമിയുടെ അവകാശം ആരുടേതാണെന്ന് സ്ഥാപിക്കാൻ ഒരു ട്രൈബ്യൂണൽ സ്ഥാപിക്കുകയും ചെയ്തു. യാതൊരു ഉപയോഗവുമില്ലാത്ത ട്രിബ്യൂണലിനെ പിൻവലിക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അങ്ങനെ തീരുമാനം എടുക്കേണ്ടതായുണ്ട്. ഒരു വർഷം മൂന്ന് കോടി രൂപ വെറുതെ വാഹനം ഓടിക്കുവാനും ജഡ്ജിമാർക്ക് ശമ്പളം കൊടുക്കുവാനും മാത്രം ഉപയോഗിക്കുന്ന എന്നല്ലാതെ ട്രൈബ്യൂണൽകൊണ്ട് കർഷകർക്കോ സാധാരണക്കാർക്കോ നാളിതുവരെ ഒരു ഉപയോഗവും ലഭിച്ചിട്ടില്ല. അതിന് അടിസ്ഥാനമായി പറഞ്ഞിട്ടുള്ളത്, ശ്രീമതി നിവേദിത പി. ഹരന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഭരണകാലത്ത് ട്രിബ്യൂണൽ കൊണ്ടുവന്നതുമായ ഉദ്ദേശ്യം തർക്കപ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയാണെന്നാണ്. സെൻസിറ്റീവ് ഏരിയ എന്ന് പറയുന്നത് വനത്തിന്റെകൂടെ കൂട്ടാനല്ല; സെൻസിറ്റീവ് ഏരിയ കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന സാഹചര്യം ബോദ്ധ്യപ്പെടുത്താനാണ്. പക്ഷെ, വിധി വായിച്ചവർ ഇതിനെ വനമായി കൂട്ടണമെന്ന രൂപത്തിലേയ്ക്ക് ചിന്തിച്ചതുകൊണ്ട് ആവശ്യമില്ലാത്ത ഇത്തരം പ്രശ്നങ്ങൾ ഉയർത്തികൊണ്ട് ഇപ്പോഴും മുന്നോട്ട് പോകുന്നുവെന്നതാണ് പ്രശ്നം.

കാർഷിക മേഖലയിൽ വിലയിടിവുകൊണ്ട് ജീവിക്കാൻ വകയില്ല; തോട്ടം മേഖലയിൽ ജീവിക്കാൻ വകയില്ല; പ്ലാന്റേഷൻ മേഖലയിൽ അതിന്റെ ക്രൈസിസ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഇപ്പോൾ ജീവിക്കാൻ ടൂറിസം അല്ലാതെ മറ്റെന്താണ് മാർഗ്ഗം? എൽ.എ. പട്ടയത്തിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ വരുത്താം. വൺ പ്ലസ് വൺ വേണമെങ്കിൽ അനുമതി. ബിൽഡിംഗ് റൂൾ വരട്ടെ; അമെന്റ്മെന്റ് ചെയ്യട്ടെ; രണ്ടു കൊല്ലമായി. കോൺഗ്രസ്സിന്റെ കാലഘട്ടത്തിലും ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല,

സങ്കീർണ്ണമായതേയുള്ളൂ. അതുകൊണ്ട് ബിൽഡിംഗ് റൂളിൽ മാറ്റം വരുത്തണമെങ്കിൽ, പഞ്ചായത്ത് അമെന്റ്മെന്റ് വരുത്തേണ്ടതുണ്ടെങ്കിൽ ആ രൂപത്തിലേയ്ക്ക് നടപടിക്രമങ്ങൾ കൊണ്ടുപോകണം. ജനജീവിതം സ്തംഭനത്തിലേയ്ക്ക് കൊണ്ടുപോകുന്ന സാഹചര്യങ്ങളാണ് ഉദ്യോഗസ്ഥർ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്. കാലവർഷം തുടങ്ങുന്ന ഘട്ടത്തിൽ കൂര മാറ്റാൻ, അല്ലെങ്കിൽ വീടിന്റെ ഏതെങ്കിലും ഭിത്തിയുടെ ഭാഗം പൊളിഞ്ഞുപോയത് നന്നാക്കാനുള്ള അനുവാദം കോടതി പറഞ്ഞതിനുശേഷവും നൽകുന്നില്ല. പ്രകൃതിക്ഷോഭത്തിലൂടെ നഷ്ടപ്പെട്ട വീടുകളുടെ അറ്റകുറ്റപ്പണി ചെയ്യാൻ സമ്മതിക്കുന്നില്ല. ഇവിടെ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കണമെന്ന ക്യാബിനറ്റ് തീരുമാനത്തിന് പുറത്ത് എൻ.ഒ.സി. കിട്ടിയതിനുശേഷമേ വൈദ്യുതി കൊടുക്കാവൂ എന്ന് സബ് കളക്ടർ പുതിയതായി ഒരു ഉത്തരവിറക്കി. ഇരുന്നൂറോളം കേസുകൾ ഇപ്പോഴും കെട്ടിക്കിടക്കുകയാണ്. ട്രിബ്യൂണലിനെക്കൊണ്ടോ കളക്ടറെക്കൊണ്ടോ സബ് കളക്ടറെക്കൊണ്ടോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെക്കൊണ്ടോ ഉപയോഗമില്ല. അവിടെ ജീവിക്കുന്നവർ എങ്ങോട്ട് പോകണം? 1-1-1977-നുശേഷമുള്ള ആളുകൾക്ക് പട്ടയം ലഭിക്കണമെങ്കിൽ അവർ 1-1-1977-ൽ പ്രായപൂർത്തിയാകണമെന്നാണ് മറ്റൊരു വ്യാഖ്യാനം. 1-1-1977-ൽ പ്രായപൂർത്തിയായ ആളുകൾക്ക് പട്ടയം നൽകണമെങ്കിൽ പിൻതലമുറക്കാരുടെ വ്യാഖ്യാനം എന്താണ്? നിയമവും നിയമത്തിന്റെ വ്യാഖ്യാനവും ഇവർ എങ്ങനെയാണ് മനസ്സിലാക്കുന്നത്. അതുകൊണ്ടുതന്നെ എൽ.എ. പട്ടയത്തിൽ മാറ്റം വരുത്തണമെങ്കിൽ വരുത്താം. അതിനെന്തിനാണ് കാലതാമസം; അവിടെ വീട് വയ്ക്കണ്ടേ; മക്കളുടെ വിവാഹം നടത്തണ്ടേ; വിദ്യാഭ്യാസ ആവശ്യത്തിനുള്ള പ്രയാസങ്ങൾ പരിഹരിക്കപ്പെടണ്ടേ? ഇത്തരം പ്രശ്നങ്ങളെല്ലാം ഈ സർക്കാർ പരിഹരിക്കും. സങ്കീർണ്ണതയുടെ അവിശിഷ്ടങ്ങളായ ചില പ്രശ്നങ്ങളുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഭരണകാലത്താണ് മൂന്നാറിലെ ടൗൺഷിപ്പിനെ സംബന്ധിച്ച മറ്റൊരു ഓർഡിനൻസുണ്ടായത്. ആ ടൗൺഷിപ്പിൽ 1200 ഏക്കർ സ്ഥലം ഏറ്റെടുത്തു. ഇപ്പോഴും മൂന്നാർ ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമാണ്. സ്വതന്ത്ര ഇന്ത്യയായി മാറിയിട്ടില്ല. മൂന്നാർ സ്വതന്ത്ര ഇന്ത്യയുടെ ഭാഗമായി മാറണമെന്ന ആവശ്യമാണ് നിലവിലുള്ളത്.

കെ.ഡി.എച്ച്. വില്ലേജുകളെ സംബന്ധിച്ച് മനസ്സിലാകാതെ പലരും ഇപ്പോഴും വായിച്ചുകൊണ്ടിരിക്കുകയാണ്. 1971-ലെ കെ.ഡി.എച്ച്. ആക്ട് വരുന്നതിനുമുമ്പ് സർക്കാരിലേയ്ക്കുള്ള ഭൂമി വളരെ വ്യക്തതയോടെ നിലനിൽക്കുന്നു. അതിന് കളക്ടർ പട്ടയം നൽകേണ്ട കാര്യമില്ല. തഹസിൽദാർക്ക് പട്ടയം

നൽകാം. അവിടെ വ്യക്തികൾക്കോ മറ്റാർക്കുമോ ഭൂമിയില്ല. ആ നിലയിൽ അത് വായിച്ച് മനസ്സിലാക്കാനോ കോടതി ആവർത്തിച്ച് പറഞ്ഞത് മനസ്സിലാക്കാനോ നിയമം മനസ്സിലാക്കാനോ ആ വ്യാഖ്യാനത്തിലേയ്ക്ക് എത്തുവാനോ അവർക്ക് സാധിക്കുന്നില്ല. പകരം ഏറ്റെടുത്ത ഭൂമിയെന്നുള്ള നിലയിൽ, കെ.ഡി.എച്ച്.-ന്റെ മേഖല മാത്രമല്ല നേരത്തെ പറഞ്ഞ എട്ട് വില്ലേജുകളുടെ കാര്യമെടുക്കാം, രാഷ്ട്രീയത്തിനതീതമായി മരംവെട്ട് ഉൾപ്പെടെയുള്ള എൻ.ഒ.സി. പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വെള്ളത്തുവൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും ഒരു സമരം നടക്കുകയാണ്. നാളെ പള്ളിവാസൽ പഞ്ചായത്തിലെ ആളുകൾ സമരം നടത്തുകയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം കെ.ഡി.എച്ച്. വില്ലേജിനെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. 1971-ൽ ഒരു നിയമം കൊണ്ടുവന്ന് അത് ഏറ്റെടുക്കാനുള്ള തീരുമാനമെടുത്തു. അങ്ങയുടെ ആ അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. ബ്രിട്ടീഷുകാർ വിട്ടിട്ട് പോയ ഭൂമി, അതായത് ഇപ്പോൾ ഹാരിസൺസ് മലയാളം പ്ലാന്റേഷൻ കൈവശം വച്ചിരിക്കുന്ന ഭൂമി നിയമാനുസൃതമായി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിക്കുന്നതിനോട് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങ് പറഞ്ഞ രണ്ട് കാര്യങ്ങളിൽ അവസാനം പറഞ്ഞത് എനിക്ക് മനസ്സിലായില്ല. 1971-ലാണ് കെ.ഡി.എച്ച്. ആക്ട് വന്നത്. എന്റെ സമയം കുറവായതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. മൂന്നാറിന്റെ ഭൂമിശാസ്ത്രവും ജീവിത സാഹചര്യവും അവിടെ വന്നിട്ടുള്ള ആളുകളെ സംബന്ധിച്ചുള്ള കാര്യങ്ങളാണ്. അങ്ങയോട് സ്നേഹവും ബഹുമാനവുമുണ്ട്, മറ്റ് വിവാദപരമായ പ്രശ്നങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

കുറ്റിയാർ വാലിയിൽ നൽകിയ ഭൂമിക്ക് ഈ സർക്കാർ പട്ടയം കൊടുക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. അത് ലഭിക്കണം. മരം വെട്ടുമായി ബന്ധപ്പെട്ട കാര്യങ്ങളും നിലനിൽക്കുകയാണ്. സി.എച്ച്.ആർ. (Cardamom Hill Reserve) ഭൂമി, ദേശീയ തലത്തിലുള്ള എൻ.എച്ച്. റോഡ് എന്നിവ പണ്ടെന്നോ ഉണ്ടായതാണ്. ആ റോഡ് എന്നാണ് ഫോറസ്റ്റായി മാറിയത്; ദേശീയപാത എങ്ങനെയാണ് ഫോറസ്റ്റായി നോട്ടിഫിക്കേഷനായത്? ആ വാദഗതി പറഞ്ഞുകൊണ്ട് 380 കോടി രൂപയുടെ പുതിയ പദ്ധതി, നെടുമ്പാശ്ശേരി മുതൽ ധനുഷ്കോടി വരെ പോകുന്ന റോഡ്, തടസ്സപ്പെടുത്തിയിട്ടിരിക്കുകയാണ്. മരംവെട്ടിനെ സംബന്ധിച്ച 2007-ലെ ആക്ട് 19 പ്രകാരം ലഭിക്കേണ്ട അവകാശത്തിന്റെ അടിസ്ഥാനത്തിൽ മരംവെട്ട് നിഷേധിച്ചിരിക്കുകയാണ്. വന്യജീവികളുടെ എണ്ണം വൻതോതിൽ വർദ്ധിക്കുന്നതിനാൽ തൊഴിലില്ല,

ജീവിതമില്ല, കൃഷി ചെയ്യാനും കഴിയുന്നില്ല. വന്യജീവികളുടെ വർദ്ധനവുകാരണം നാടുവിട്ട് പോകണമോയെന്ന് ചിന്തിക്കേണ്ട സാഹചര്യത്തിലേയ്ക്കാണ് ജനങ്ങളെ കൊണ്ടെത്തിച്ചിരിക്കുന്നത്. ഈ സർക്കാരിൽ ജനങ്ങൾക്ക് പ്രതീക്ഷയുണ്ട്. ഈ സർക്കാർ ഒട്ടനവധി പ്രശ്നങ്ങൾ പരിഹരിച്ച സാഹചര്യത്തിൽ ഇത്തരം പ്രശ്നങ്ങൾക്കുകൂടി പരിഹാരം കാണണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്. ത്രിപുരയിൽ നടന്ന തെരഞ്ഞെടുപ്പിൽ ജനങ്ങൾ പൊരുതി എൽ.ഡി.എഫ്. നോടൊപ്പം ഉറച്ചുനിന്ന നിലപാടിന് എല്ലാവിധ അഭിനന്ദനങ്ങളും അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, മുഖം മനസ്സിന്റെ കണ്ണാടിയെന്നാണ് പറയുക. ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക്കിന്റെ മുഖം കാണുമ്പോൾ അറിയാം അദ്ദേഹത്തിന്റെ മനസ്സ് എങ്ങനെയാണെന്ന്. ഏറ്റവുമധികം സമ്മർദ്ദം അനുഭവിക്കുന്ന ഒരു മന്ത്രി ഡോ. ടി. എം. തോമസ് ഐസക് ആണെന്ന അഭിപ്രായക്കാരനാണ് ഞാൻ. ജി.എസ്.ടി.-യും കേന്ദ്ര സർക്കാരിന്റെ നയവും ട്രഷറി നിയന്ത്രണവും നോട്ട് നിയന്ത്രണവുമൊക്കെ വന്നു. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് എങ്ങനെ നടപ്പാക്കുമെന്ന് അറിയാതെ അദ്ദേഹം അനുഭവിക്കുന്ന മാനസിക വിഷമം എനിക്ക് മനസ്സിലാകുന്നുണ്ട്. അതുകൊണ്ട് വിമർശനത്തിലേയ്ക്ക് ഞാൻ പോകുന്നില്ല.

ഇവിടത്തെ സ്വർണ്ണക്കടക്കാർ വലിയ സമ്പന്നരാണെന്ന ഒരു തോന്നലുണ്ട്. വലിയ സമ്പന്നരായ സ്വർണ്ണക്കടക്കാർ മാർക്കറ്റ് റേറ്റ് കുറച്ചാണ് സ്വർണ്ണം വിൽക്കുന്നത്. ആരംഭകാലത്ത് വെറും 1000 സ്വർണ്ണ കച്ചവടക്കാരായിരുന്നു ഉണ്ടായിരുന്നതെങ്കിൽ നിയമപരമായ മാറ്റം സർക്കാർ പ്രഖ്യാപിച്ചതോടുകൂടി ചെറുകിടക്കാരും കച്ചവട രംഗത്തേയ്ക്ക് വന്നതോടെ ഇന്ന് 10000 സ്വർണ്ണ കച്ചവടക്കാരുണ്ട്. അവർക്ക് ഏർപ്പെടുത്തുന്ന നികുതി പുനഃസംഘടിപ്പിക്കുന്നതിനെ കുറിച്ച് അങ്ങ് പ്രത്യേകം ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇവിടെ 530000 ഉദ്യോഗസ്ഥരുണ്ട്. ഈ ഉദ്യോഗസ്ഥരെ തീറ്റിപ്പോറ്റുന്ന ജോലിയാണ് പാവപ്പെട്ട കർഷകനുള്ളത്. റവന്യൂ വരുമാനത്തിന്റെ 70 ശതമാനം ഈ 5 ലക്ഷം വരുന്ന ആളുകൾ പുട്ടടിക്കുകയാണ്. അടിച്ചോട്ടെ, അതിൽ ഒരു വിരോധവുമില്ല. അവർക്ക് വഴങ്ങി ജീവിക്കുകയല്ലേ? ഇവിടെ ശ്രീ. കെ. എം. മാണി പറഞ്ഞ കാര്യം നിഷേധിക്കാൻ കഴിയുമോ? കർഷകന്റെ പ്രശ്നം എവിടെ നിൽക്കുന്നു? കർഷകരുടെ പേരിൽ വീണ്ടും നികുതി ഏർപ്പെടുത്താൻ ഡോ. ടി. എം. തോമസ് ഐസക് തുനിയരുത്. അത് തെറ്റാണ്, പാതകമാണ്. അത് പിൻവലിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഉമ്മൻ ചാണ്ടി സർക്കാർ

പ്രഖ്യാപിച്ച് പിൻവലിച്ചതിനെ വീണ്ടും കൊണ്ടുവരാൻ അങ്ങ് നടത്തുന്ന നീക്കത്തോട് യോജിക്കാൻ കഴിയില്ല. ഒരു കാരണവശാലും അത് കൊണ്ടുവരരുതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കർഷകൻ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് വിലയില്ല. റബ്ബറിന്റെ വില എത്രയാണ്? സൗകര്യംപോലെ നിശ്ചയിക്കുകയാണ്. കാപ്പി, കുരുമുളക്, ഏലം തുടങ്ങിയ എല്ലാ സാധനങ്ങളുടെയും വില തകർന്നു. ഉദ്യോഗസ്ഥരുടെ പത്ത് വർഷം മുമ്പുള്ള ശമ്പളവും ഇപ്പോഴത്തെ ശമ്പളവും വച്ചുനോക്കിയാൽ ഇരട്ടിയായി. എന്നാൽ പത്ത് വർഷംമുമ്പ് ഏലത്തിന്റെ വില 800-900 രൂപയായിരുന്നത് ഇപ്പോൾ 900 - 1000 രൂപയാണ്. കൃഷിക്കാർക്ക് മാത്രം ഒരു ഗുണവുമില്ല. ഇങ്ങനെപോയാൽ മതിയോ? ഇവിടെയുള്ള മൂന്ന് കോടി 29 ലക്ഷം ജനങ്ങളെയും തീറ്റിപ്പോറ്റുന്നത് ഈ കൃഷിക്കാരാണ്. അവരോട് ഒരു ദീനാനുകമ്പയും മര്യാദയും കാണിക്കാൻ ഭരണാധികാരിയെന്ന നിലയിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും നീക്കമുണ്ടാകണമെന്ന് സൂചിപ്പിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. പരോക്ഷ നികുതി പിരിവ് സമ്പ്രദായത്തിൽ നിന്നും അടിമുടി മാറ്റംവരുത്തി ചരക്കുസേവന നികുതി ഇന്ത്യയിൽ നടപ്പിൽ വരുത്തിയിട്ട് ഏതാനും മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. പുതിയ നികുതി സമ്പ്രദായം സാധാരണക്കാരുടെ ജീവിതത്തിൽ മാറ്റം വരാനുള്ള നേട്ടം കൈവരിക്കുമെന്ന് നാം പ്രതീക്ഷിച്ചു. ഒന്നുംതന്നെ ഇക്കാലയളവുകൊണ്ട് നേടാനായില്ലെന്നതാണ് യാഥാർത്ഥ്യം. കുറയുമെന്ന് കരുതിയ അവശ്യ വസ്തുക്കളിൽ പലതിന്റെയും വില കൂടുകയാണ്. ഉപഭോക്തൃ സംസ്ഥാനത്തിന് ചരക്കുസേവന നികുതി നേട്ടം കൈവരുത്തുമെന്ന് നാം പ്രതീക്ഷിച്ചു. ജി.എസ്.ടി. ഏറ്റവും വലിയ ആഘാതം ഏൽപ്പിച്ചത് ഇന്ത്യൻ ഫെഡറൽ സംവിധാനത്തെയാണ്. സംസ്ഥാനങ്ങൾ നടപ്പിലാക്കുന്ന നികുതി നിയമങ്ങൾ അതത് സംസ്ഥാനങ്ങൾതന്നെ തയ്യാറാക്കുന്നവയാണ്. അത് നിയമസഭകൾ പാസ്സാക്കി നടപ്പിലാക്കിവരുന്ന പതിവാണുണ്ടായിരുന്നത്. ഏകീകൃത നിയമമെന്ന കാരണം പറഞ്ഞ് ജി.എസ്.ടി. നിയമങ്ങൾ കേന്ദ്രം എഴുതി തയ്യാറാക്കി സംസ്ഥാന നിയമസഭകളെക്കൊണ്ട് അംഗീകരിപ്പിക്കുകയാണ് ചെയ്തത്. സംസ്ഥാനങ്ങളുടെ ഭരണനിർവ്വഹണ ചുമതലകളും വികസന ഉത്തരവാദിത്തങ്ങളും നിറവേറ്റാനുള്ള നികുതി പിരിവിനുള്ള സംസ്ഥാനത്തിന്റെ സ്വാതന്ത്ര്യമാണ് കേന്ദ്ര സർക്കാർ കവർന്നെടുത്തത്. ഇതോടുകൂടി കേന്ദ്ര സർക്കാർ തീരുമാനിക്കുന്ന നികുതി നയങ്ങൾ നടപ്പിലാക്കുന്ന പണ്ടത്തെ നാട്ടുരാജ്യങ്ങളുടെ കീഴിലുള്ള സാമന്ത രാജ്യങ്ങളായി സംസ്ഥാനങ്ങൾ തരംതാഴ്ത്തപ്പെടുകയാണ്

ചെയ്തത്. ഈ നയങ്ങൾ ഉദാര മുതലാളിത്തത്തെ ഊർജ്ജിതപ്പെടുത്തുമെന്നും ചെറുകിട/പരമ്പരാഗത ഉൽപ്പാദന മേഖലകളെ തകർത്തെറിയുമെന്നും ഇടതുപക്ഷം ഈ രാജ്യത്തെ ജനങ്ങളോട് ആദ്യംതന്നെ പറഞ്ഞിരുന്നു. കേന്ദ്ര സർക്കാരിന്റെ കുത്തക മുതലാളിത്ത ആഗോളവൽക്കരണ നയങ്ങൾക്കനുകൂലമായ സമവായം സൃഷ്ടിക്കുന്ന മുഖ്യ ഏജൻസിയായി ജി.എസ്.ടി. കൗൺസിൽ മാറുമെന്നും ഇടതുപക്ഷം ഈ രാജ്യത്തെ ജനങ്ങളോട് പറഞ്ഞിരുന്നു. ജി.എസ്.ടി.കൊണ്ട് നികുതി ഏകീകരണമല്ല വിപണി ഏകീകരണമാണ്, കമ്പോള ഏകീകരണമാണ് നടന്നതെന്ന് നമുക്ക് മനസ്സിലാകും. ലോക സമ്പദ്ഘടന തുടർച്ചയായി താഴ്ന്ന വളർച്ചാ നിരക്ക് രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആഗോള സമ്പദ്ഘടനയുടെ ഈ പ്രത്യേകതകളാൽ നമ്മൾ ഭൗതിക പശ്ചാത്തല സൗകര്യത്തിനും പൊതുനിക്ഷേപം വ്യാപകമാക്കുന്നതിനും പ്രാധാന്യം നൽകേണ്ടത് അത്യാവശ്യമാണ്. അത് മൊത്തത്തിൽ ഡിമാൻഡ് കൂട്ടുകയും നിക്ഷേപത്തിൽ വർദ്ധനവുണ്ടാക്കുകയും ചെയ്യും.

സംസ്ഥാനങ്ങളുടെ വിഭവ സമാഹരണത്തിനുള്ള ഇടം കുറഞ്ഞുവെങ്കിലും ആസൂത്രണത്തെ ദുർബ്ബലപ്പെടുത്തുന്നതിനുപകരം ശക്തിപ്പെടുത്തുന്ന സമീപനങ്ങളാണ് ഇടതുപക്ഷത്തിന്റേതെന്നാണ് ബഡ്ജറ്റും സാമ്പത്തിക നയവും വ്യക്തമാക്കുന്നത്. തൊഴിലാളികൾ, സാമൂഹ്യമായി പുറംതള്ളപ്പെട്ട ജനവിഭാഗങ്ങൾ, വരുമാനം കുറഞ്ഞവർ എന്നിവരെ സംസ്ഥാനത്തിന്റെ വികസന പാതയുടെ പ്രവർത്തനകേന്ദ്രത്തിൽ എത്തിക്കുകയെന്ന സർക്കാരിന്റെ ലക്ഷ്യം പ്രാപ്തമാക്കാനുള്ള നീക്കങ്ങളാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. സർക്കാരിന്റെ നൂതന ആശയമായ കിഫ്ബി വരുംവർഷങ്ങളിലും സംസ്ഥാനത്തിന്റെ വികസനത്തിൽ വലിയ പങ്ക് വഹിക്കുമെന്ന് വ്യക്തമാക്കി. 54000 കോടി രൂപ കിഫ്ബി അനുവദിച്ചു. 10000 കോടി രൂപകൂടി അനുവദിക്കുമെന്ന് പ്രഖ്യാപിച്ചു. കുടിവെള്ളം, തീരദേശ വികസനം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ കിഫ്ബി വഴി പണം നിക്ഷേപിക്കുമെന്ന് വ്യക്തമാക്കി. പിണറായി സർക്കാർ ഒരു മതനിരപേക്ഷ ജനാധിപത്യ വികസിത സംസ്ഥാനം ജനങ്ങൾക്ക് വാഗ്ദാനം ചെയ്യുകയാണ്. 2018-19 ബഡ്ജറ്റും പൊതു നിക്ഷേപം വർദ്ധിപ്പിക്കൽ, എല്ലാവർക്കും സാമൂഹ്യനീതി, ലിംഗനീതി, ഉൽപ്പാദന ശക്തികളുടെ വളർച്ച എന്നീ സർക്കാരിന്റെ പ്രഖ്യാപിത നയം തുടരുന്നതാണെന്ന് വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക മേഖല തകർച്ചയിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ലഭിക്കുന്ന വിവരങ്ങൾ പരിശോധിച്ചാൽ നമുക്ക് ബോദ്ധ്യമാകും. നരേന്ദ്ര മോദി

സർക്കാർ അധികാരമേറ്റശേഷം ഇന്ത്യയുടെ സാമ്പത്തിക വളർച്ച കുത്തനെ ഇടിയുകയാണ്.

2017-18 സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിലെ വളർച്ച 5.6 ശതമാനവും 2014-ൽ 7.6 ശതമാനമായിരുന്നു. അടുത്ത രണ്ട് സാമ്പത്തിക വർഷത്തിൽ സാമ്പത്തിക വളർച്ച മെച്ചപ്പെടില്ലെന്നാണ് ഐ.എം.എഫ്.-ന്റെയും ലോക ബാങ്കിന്റെയും റിപ്പോർട്ടുകൾ പറയുന്നത്. ഇന്ത്യ മുരടിക്കുമ്പോൾ ആഗോള സാമ്പത്തിക രംഗം വളരുന്നു. ഇന്ത്യയിലേയ്ക്ക് വരേണ്ട വിദേശ മൂലധനവും നിക്ഷേപവും മറ്റു രാജ്യങ്ങളിലേയ്ക്ക് ഒഴുകി പോകുകയാണ്. സാമ്പത്തിക മുരടിപ്പിനോടൊപ്പം വിലക്കയറ്റവും ദാരിദ്ര്യവും തൊഴിലില്ലായ്മയും ഭാവിയിൽ രാജ്യത്ത് വർദ്ധിക്കുമെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇന്നത്തെ സാമ്പത്തിക മുരടിപ്പിനുകാരണം നോട്ട് റദ്ദാക്കലും ജി.എസ്.ടി.-യുമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഉദാരവൽക്കരണ നയങ്ങൾ നിയന്ത്രണം കൂടാതെ നടപ്പിലാക്കിയതിലൂടെയും ഇറക്കുമതി വർദ്ധിപ്പിച്ചതിലൂടെയും ഇന്ത്യയുടെ ആഭ്യന്തര വിപണി തകർന്നതാണ് ഇന്നത്തെ അവസ്ഥയ്ക്ക് കാരണമെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. കുറഞ്ഞ ദിവസങ്ങളിലേക്ക് പണിയെടുക്കുന്ന അസംഘടിത മേഖലകളിലെ തൊഴിലാളികളെയാണ് സാമ്പത്തിക മാന്ദ്യം രൂക്ഷമായി ബാധിക്കുന്നത്. അടുത്ത കാലത്ത് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഉയർന്നുവരുന്ന കാർഷിക പ്രക്ഷോഭങ്ങളും വിവിധ രൂപത്തിലുള്ള സമരങ്ങളുമെല്ലാം സാമ്പത്തിക തകർച്ചയ്ക്കെതിരെയുള്ള ജനങ്ങളുടെ പ്രതിഷേധമാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഇന്ത്യയുടെ ദേശീയ വരുമാനത്തിന്റെ 17 ശതമാനവും സംഭാവന ചെയ്യുന്നത് കാർഷികമേഖലയാണ്. ജനങ്ങളിൽ 52 ശതമാനം പേരും കൃഷിയെയും അനുബന്ധ മേഖലയെയും ആശ്രയിച്ചു ജീവിക്കുന്നവരാണ്. കർഷകരുടെ ഉൽപ്പന്നങ്ങൾക്കുള്ള ന്യായ വില ഇടിച്ചുതാഴ്ത്തുകയാണ്. അതേസമയം വൻതോതിൽ കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതിയും ചെയ്യുന്നു. സാമ്പത്തിക പരിഷ്കാരങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കർഷകരുടെ ജീവിതം താറുമാറാകുകയാണ്. ബി.ജെ.പി. ഇത് കണ്ടില്ലെന്ന് നടിക്കുകയാണ്. കോൺഗ്രസ്സ് കണ്ടില്ലെന്ന് നടിക്കുകയാണ്. റബ്ബറിന് താഴ്ന്ന വില ലഭിച്ച 2015-16-ൽ മാത്രം ഇറക്കുമതി ചെയ്ത റബ്ബർ നാലര ലക്ഷം ടൺ ആയിരുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇന്ത്യയിൽ ഉൽപ്പാദിപ്പിച്ച റബ്ബറിന്റെ 81 ശതമാനം വരും ഇത്. കഴിഞ്ഞ 10 വർഷമായി റബ്ബർ ഇറക്കുമതി ചെയ്യുന്നു. തൽഫലമായി റബ്ബർ കൃഷിക്കാർ ദുരിതത്തിലാകുകയാണ്. 2022-ഓടെ കാർഷിക മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം പകുതിയാക്കി മാറ്റുകയാണ് ശ്രീ. നരേന്ദ്ര

മോഡിയുടെ ലക്ഷ്യം. പഞ്ചവൽസര പദ്ധതി കേന്ദ്ര സർക്കാർ ഉപേക്ഷിച്ച മട്ടിലാണ്. അത് അംഗീകരിക്കാനാകില്ലെന്ന് വ്യക്തമാക്കുന്ന നിലപാടാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

കേരളത്തിന്റെ വളർച്ച ഉന്നതങ്ങളിലേയ്ക്ക് എത്തിക്കുന്നതിനോടൊപ്പം സാമൂഹ്യനീതിയുടെയും പരിസ്ഥിതി സുരക്ഷയുടെയും മാതൃകയായി മാറ്റാനുള്ള ദൃഢനിശ്ചയത്തിലാണ് പിണറായി സർക്കാർ. ഈ പദ്ധതിക്കാലത്ത് രണ്ട് ലക്ഷം കോടി രൂപയാണ് ചെലവിനത്തിൽ വിഭാവനം ചെയ്തത്. അതിൽ അറുപതിനായിരം കോടി രൂപയിലധികം പ്രാദേശിക സർക്കാരുകൾക്കാണ്. സംസ്ഥാനത്തിന് തുടർ വികസന വഴികളിലേയ്ക്കുള്ള ഒരു രേഖയാണ് ബഡ്ജറ്റെന്ന രൂപത്തിലാണ് നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുക, സാമൂഹ്യനീതി, സാമ്പത്തിക വളർച്ച എന്നിവ സുസ്ഥിരമാക്കുക, സമുദായ സൗഹൃദം, സമാധാന അന്തരീക്ഷം, ഉയർന്ന നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, മെച്ചപ്പെട്ട മനുഷ്യ വിഭവശേഷി, പരിസ്ഥിതി വൈവിദ്ധ്യം എന്നിവ ഉയർത്തിക്കാട്ടി നിക്ഷേപം വർദ്ധിപ്പിക്കുകയും പൊതു നിക്ഷേപം ഉയർത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്. ജീവിതത്തിന്റെ മൗലികാവശ്യവും അടിസ്ഥാന മനുഷ്യാവകാശവുമാണ് കെട്ടുറപ്പും സുരക്ഷിതത്വവുമുള്ള അനുയോജ്യമായ വാസസ്ഥലമെന്നത്. ഇന്ത്യയൊട്ടാകെ പ്രത്യേകിച്ച് കേരളത്തിൽ ദ്രുതഗതിയിലുള്ള നഗരവളർച്ചയുടെ ഫലമായി വാസയോഗ്യമായ നഗരപ്രദേശങ്ങൾ സൃഷ്ടിക്കുകയെന്നത് ഈ നൂറ്റാണ്ടിന്റെ ഒരു വലിയ വെല്ലുവിളിയാണ്. കേരളത്തിലെ ജനസംഖ്യയിൽ പകുതിയിലേറെയും നഗരങ്ങളിലാണ് പാർക്കുന്നത്. നഗരങ്ങളെയും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളെയും സുരക്ഷിതവും മാലിന്യവിമുക്തവുമായ നിലയിൽ മാറ്റുന്നതിനായിരുന്നു sustainable development goals ഊന്നൽ നൽകിയത്. 2001-നും 2011-നും ഇടയിലുള്ള കാലയളവിൽ കേരളം പ്രകടമായിത്തന്നെ നഗരവൽക്കരിക്കപ്പെടുകയും ഇന്ത്യൻ സംസ്ഥാനങ്ങളിൽ 47.72 ശതമാനമായി നഗര ജനസംഖ്യയുടെ അനുപാതത്തിൽ ഏറ്റവും മുന്നിലായി തീരുകയും ചെയ്തുവെന്ന കണക്കാണ് നമ്മുടെ മുന്നിലുള്ളത്. 2016-ന്റെ അവസാനത്തിൽ കേരളം ആരംഭിച്ച ആശാവഹമായ ഭവന നിർമ്മാണ പദ്ധതിയായ ലൈഫ്-ജീവനോപാധി, സാമ്പത്തിക ശാക്തീകരണം എന്നിവ വികസനത്തിന്റെ സ്ഥായിയായ മാതൃകയെന്ന നിലയിൽ ഉയർന്നുവരുന്നത് നമുക്ക് കാണാൻ കഴിയും. വാസസ്ഥലമില്ലായ്മ കുറയ്ക്കുന്നതിലും ഗുണമേന്മയുള്ള ഭവന നിർമ്മാണത്തിലും കേരളം മറ്റുള്ള ഇന്ത്യൻ സംസ്ഥാനങ്ങളേക്കാൾ വളരെയധികം മുന്നിലാണ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഭവനമില്ലായ്മ നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ

കേരള സർക്കാർ ആരംഭിച്ച ലൈഫ് മിഷൻ വരും കാലങ്ങളിൽ മുഖ്യ ശ്രദ്ധാകേന്ദ്രമാകുകയാണ്. ഏകദേശം രണ്ട് ലക്ഷം പാർപ്പിടങ്ങൾ നിർമ്മിക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. ഒരു വർഷത്തിനുള്ളിൽ ലക്ഷം പേർക്ക് പട്ടയം നൽകുന്ന പദ്ധതിക്ക് റവന്യൂ വകുപ്പ് രൂപം നൽകിയിരിക്കുകയാണ്. വർഷങ്ങളായി ലാൻഡ് ട്രിബ്യൂണലിൽ കെട്ടിക്കിടക്കുന്ന കേസുകൾ ആദ്യഘട്ടത്തിൽ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന വായിച്ചു. കാണം, കുഴിക്കാണം, വെറുംപാട്ടം, കാരായ്മ തുടങ്ങിയ ഇനങ്ങളിൽപ്പെട്ട ഭൂമിയുടെ കൈവശക്കാർക്ക് നടപടിക്രമങ്ങളുടെ വേഗത വർദ്ധിപ്പിക്കുമെന്നും സങ്കീർണ്ണതകൾ ഒഴിവാക്കുമെന്നും സർക്കാർ പ്രഖ്യാപിച്ചു. 964, 95 എന്നീ ചട്ടങ്ങൾ പ്രകാരം ഗ്രാമ-നഗര പ്രദേശങ്ങളിലെ കൈവശക്കാർക്കും പട്ടയം നൽകേണ്ടതാണ്. പൊതുജനാരോഗ്യവും പൊതു വിദ്യാഭ്യാസ സൗകര്യങ്ങളും ലോകോത്തരമാക്കും. ഉന്നത വിദ്യാഭ്യാസം, തൊഴിൽ നൈപുണ്യ വിദ്യാഭ്യാസം എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകി മനുഷ്യവിഭവശേഷി ഉയർത്തും. പുതിയ കാലത്ത് പുതിയ നിർമ്മാണങ്ങൾ പൊതുമരാമത്ത് രംഗത്തുണ്ടാകും. മണ്ണും ജലവും ഇതര പ്രകൃതി വിഭവങ്ങളും ഉൾപ്പെടുത്തിയുള്ള കൃഷിയെ സംരക്ഷിക്കുമെന്ന് ഹരിത കേരളം പദ്ധതി വിഭാവനം ചെയ്യുന്നു. ഈ കാലയളവിൽ ഭൂരഹിതരും ഭവനരഹിതരും അഗതികളുമില്ലാത്ത ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്ന് ബഡ്ജറ്റ് വ്യക്തമാക്കുന്നു. കേവല ദാരിദ്ര്യ നിർമ്മാർജ്ജന സംസ്ഥാനമായി ഈ കേരളം മാറാൻ പോകുകയാണ്. ഇവിടെ പല വകുപ്പുകളുടെ അധീനതയിലുള്ള സർക്കാർ ഭൂമിയിൽ കൈവശക്കാരായിട്ടുള്ളവർക്ക് നിലവിലെ ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടി വേഗത്തിലാക്കണം. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സ്വീകരിച്ച നടപടികൾ ആവർത്തിച്ചുകൂടാ. മുൻ റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് അപ്പുറത്തിരിപ്പുണ്ട്; അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട ഒരു കാര്യമുണ്ട്. കഴിഞ്ഞ സർക്കാർ തെരഞ്ഞെടുപ്പിനെ നേരിടുന്നതിന് നാലുമാസം മുമ്പ് എന്റെ നിയോജകമണ്ഡലമായ പാറശ്ശാലയിലെ കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകളിൽ വളരെ വർഷങ്ങളായി താമസിക്കുന്നവരുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. യാതൊരു നടപടിക്രമങ്ങളും പൂർത്തിയാക്കാതെ 'പ്രൊവിഷണൽ പട്ട' എന്ന പേരിൽ ഒരു കള്ളരേഖ കൊടുത്ത് അവരെ പറ്റിച്ചിരിക്കുകയാണ്. ആയിരത്തിലേറെ വരുന്ന പാവപ്പെട്ടവരായ ആളുകൾ ഈ പട്ടയവുംകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. വില്ലേജ് ഓഫീസിൽ പോയാൽ അവർക്കറിയില്ല, താലൂക്കാഫീസിൽ പോയാൽ അവർക്കറിയില്ല. ഇത് എങ്ങനെയാണ് നൽകിയതെന്ന് ആർക്കും അറിയില്ല. പട്ടയം വിതരണം ചെയ്യുന്ന കാര്യത്തിൽ

അത്തരം രീതി ഇടതുപക്ഷ സർക്കാരിന് ഒരിക്കലും ഉണ്ടായിക്കൂടാ. എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചുകൊണ്ട് അഞ്ചും പത്തും പതിനഞ്ചും ഇരുപതും ഇരുപത്തഞ്ചും സെന്റ് കൈവശമുള്ള പാവപ്പെട്ടവർക്ക് പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിയുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ദേവസ്വവുമായി ബന്ധപ്പെട്ട ഒരു വിഷയം കൂടി അവതരിപ്പിക്കണമായിരുന്നു. 'അബ്രാഹ്മണ ശാന്തി നിയമനം, കേരളത്തിന് വമ്പിച്ച അഭിനന്ദനം' കേരളം സന്ദർശിച്ച മുൻ ലോക്സഭാ സ്പീക്കർ ശ്രീമതി മീരാ കുമാർ പറഞ്ഞു. ശ്രീ. വി. എസ്. ശിവകുമാർ ഉണ്ടെങ്കിൽ അദ്ദേഹത്തിനറിയാം. ശ്രീ. വി. എസ്. ശിവകുമാറും ഞാനുമൊക്കെ പങ്കെടുത്ത യോഗത്തിലാണ് അവർ ഇങ്ങനെ പറഞ്ഞത്. 'സന്ദർശന വേളകളിൽ കേരളം സന്തോഷകരമായ വാർത്തകൾ നൽകിയിട്ടുണ്ട്. ഇത്തവണ ദളിത് വിഭാഗത്തിൽ നിന്നുള്ള യുവാക്കളെ ക്ഷേത്രശാന്തിക്കാരായി നിയമിക്കണമെന്ന ദേവസ്വം ബോർഡിന്റെ തീരുമാനം എനിക്ക് സന്തോഷം നൽകി' എന്ന് അവർ പറയുകയുണ്ടായി. സാക്ഷരതയിലും ഉയർന്ന ബൗദ്ധിക ചിന്തയിലും രാജ്യത്തിന് മാതൃകയാണ് കേരളം. കേരളം താരതമ്യമില്ലാത്ത മാതൃകാ സംസ്ഥാനമാണെന്ന് അവർ പറയുകയുണ്ടായി. മരത്തണലുകളിൽ സ്കൂളുകൾ പ്രവർത്തിക്കുന്ന രാജ്യത്താണ് കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതെന്നും അവർ പറയുകയുണ്ടായി. കേരളത്തെക്കുറിച്ച് ലോകം ശ്രദ്ധിക്കുന്നുണ്ട്, ഇന്ത്യ ശ്രദ്ധിക്കുന്നുണ്ട്, ഇന്ത്യയിലെ വിവിധ മേഖലകളിലെ ധിഷണാശാലികൾ ശ്രദ്ധിക്കുന്നുണ്ട്. പക്ഷേ പ്രതിപക്ഷം ഇത് ശ്രദ്ധിക്കുന്നില്ല എന്ന കാര്യമാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എന്റെ വിഷയത്തിലേയ്ക്ക് വരുന്നതിന് മുമ്പ് ഇന്ന് രാവിലെ ബഹുമാനപ്പെട്ട എ. കെ. ബാലൻ ഇവിടെ പറഞ്ഞ ഒരു പരാമർശമുണ്ട്. 'മധു കൊല്ലപ്പെട്ടത്, ഭക്ഷണ സാധനങ്ങൾ എടുത്തുകൊണ്ട് പോയത് ഭക്ഷണം ലഭിക്കാത്തതുകൊണ്ടല്ല'. ഇതേ വാദഗതി തന്നെയാണ് അദ്ദേഹത്തെ തല്ലിക്കൊന്നവർ ഉന്നയിച്ചിട്ടുള്ളതും. അദ്ദേഹത്തിന്റെ കൊലയാളികൾ ഉന്നയിച്ച അതേ വാദം ബഹുമാനപ്പെട്ട മന്ത്രി ഉപയോഗിച്ചത് തെറ്റായിപ്പോയി. അത് അദ്ദേഹം പിൻവലിച്ച് മാപ്പുപറയണമെന്നാണ് എനിക്ക് പറയാനുള്ളത്.

കേരളത്തിലെ ഡിസാസ്റ്റർ മാനേജ്മെന്റ് പരാധീനതകളുടെ കേളീനിലവും ഇന്നെഫക്റ്റീവും ആയിട്ടുള്ള ഒരു സിസ്റ്റമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. കേരളം ഒരു മൾട്ടി ഹസാർഡ് സോൺ സ്റ്റേറ്റാണ്. ഏതെല്ലാം ദുരന്തങ്ങളുണ്ടോ

അതിന്റെയെല്ലാം ദുരന്തം നമ്മുടെ സംസ്ഥാനത്തും ഏറ്റക്കുറച്ചിലിലൂടെ ഉണ്ടാകുന്നു. കേരളത്തിൽ 14½ ശതമാനം വെള്ളപ്പൊക്കം ഉണ്ടാകുന്ന പ്രദേശങ്ങളാണുള്ളത്. 14 ശതമാനത്തോളം ഉരുൾപൊട്ടലുണ്ടാകുന്ന പ്രദേശങ്ങളാണ്. 55 ശതമാനം കടലാക്രമണങ്ങളുണ്ടാകുന്നു. വേനൽക്കാലത്ത് കള്ളക്കടൽ എന്ന കടൽകയറ്റം ഉണ്ടാകുന്ന പ്രദേശമാണ്. അതുപോലെതന്നെ ചുഴലിക്കാറ്റ്; തൃശ്ശൂർ, കോട്ടയം, ഇടുക്കി ജില്ലകളിൽ ചെറിയ തോതിലെങ്കിലും ഉണ്ടാകുന്ന ഭൂചലനങ്ങൾ; അതുപോലെ ഇടിമിന്നലുകൾ, ഒരു വർഷം 40-50 പേർ ഇടിമിന്നലേറ്റ് കേരളത്തിൽ മരണപ്പെടുകയാണ്; ദേശീയ ശരാശരിയേക്കാൾ 50 ശതമാനം അധികരിച്ചതാണ് നമ്മുടെ സംസ്ഥാനത്തെ റോഡ് അപകടങ്ങൾ, ദേശീയ ശരാശരി 42 ആണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് അത് 65 ആണ്; അതുപോലെതന്നെ വെടിക്കെട്ട് അപകടങ്ങൾ; ബോട്ട് അപകടങ്ങൾ; കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന വരൾച്ച; കൃഷിനാശം അങ്ങനെ എല്ലാത്തരത്തിലുമുള്ള ദുരന്തങ്ങൾ ചെറിയ തോതിലെങ്കിലുമുണ്ടാകുന്ന സംസ്ഥാനത്ത് ഈ വിഷയങ്ങൾ അഡ്രസ് ചെയ്യാൻ പര്യാപ്തമായ ഒരു ദുരന്ത നിവാരണ അതോറിറ്റി സംവിധാനമില്ല എന്നുള്ളത് ഏറെ ദൗർഭാഗ്യകരമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ദുരന്തമുണ്ടായതിനുശേഷമുള്ള പ്രവർത്തനങ്ങളാണ് നടത്തി കൊണ്ടിരിക്കുന്നത്. കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിലേയ്ക്ക് നോക്കിക്കൊണ്ടിരിക്കുകയാണ്. നമുക്കുതന്നെ ഇത് കണ്ടെത്താനുള്ള സംവിധാനങ്ങളുണ്ടല്ലോ; നമുക്കുതന്നെ ഇത് കണ്ടെത്താൻ കഴിയണ്ടേ? ഒരു പ്രീ-ഡിസാസ്റ്റർ പ്രിപ്പറേഷന് നമ്മുടെ സംസ്ഥാനത്ത് സംവിധാനങ്ങളില്ല; അത് പര്യാപ്തമല്ല. ഏർളി വാണിംഗ് സിസ്റ്റം നമ്മുടെ സംസ്ഥാനത്തില്ല. അതുപോലെതന്നെ കാലാവസ്ഥാ വ്യതിയാന സാഹചര്യങ്ങൾ മനസ്സിലാക്കിയെടുക്കാൻ, അനലൈസ് ചെയ്യാൻ, പ്രീ-അനലൈസ് നടത്തുന്നതിനുള്ള വിദഗ്ദ്ധരുടെ അഭാവം ഡിസാസ്റ്റർ മാനേജുമെന്റിലെ വലിയൊരു അഭാവമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ചുഴലിക്കാറ്റ് മനസ്സിലാക്കാൻ സാധിക്കുന്ന ഡോപ്ലർ റഡാർ സിസ്റ്റം ഏറ്റവും കുറഞ്ഞത് മൂന്നെണ്ണമെങ്കിലും വേണം. ഇപ്പോൾ തിരുവനന്തപുരത്ത് മാത്രമാണുള്ളത്. അത് വി.എസ്.എസ്.സി.-ക്കുള്ളിൽ ഇരിക്കുകയാണ്. ആവശ്യം വരുന്ന സമയങ്ങളിൽ മാത്രമേ അത് പ്രവർത്തിക്കുകയുള്ളൂ. 24 മണിക്കൂറും പ്രവർത്തിക്കേണ്ടത് ചില സന്ദർഭങ്ങളിൽ മാത്രം പ്രവർത്തിക്കുന്നു. കൊച്ചിക്ക് ഡോപ്ലർ റഡാർ സിസ്റ്റമുണ്ട്. പക്ഷേ ഇതുവരെയും അത് കമ്മീഷൻ ചെയ്തിട്ടില്ല. അതുപോലെ തന്നെ വയനാട്, കോഴിക്കോട് ജില്ലകളെ കേന്ദ്രീകരിച്ച് ഡോപ്ലർ റഡാർ സിസ്റ്റം ഉണ്ടാകണം. ചുഴലിക്കാറ്റ് നേരത്തേതന്നെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകണം. കേരളത്തിലെ 9 തീരദേശ ജില്ലകളിലെ 256 ഫിഷ്

ലാൻഡിംഗ് സെന്ററുകളിൽ ഒരിടത്തുപോലും സൈക്ലോൺ ഡിസ്സിമിനേഷൻ സിസ്റ്റമില്ല എന്നത് ഈ അവസരത്തിൽ നമ്മൾ കാണേണ്ടതാണ്. കാലാവസ്ഥാ മാറ്റങ്ങൾ തൽസമയം അറിയാൻ കഴിയുന്ന GPRS Enabled Weather Station നമ്മുടെ സംസ്ഥാനത്തില്ല. മഴ പെയ്യുമ്പോൾ തിരുവനന്തപുരം, കൊച്ചി നഗരങ്ങൾ പല സന്ദർഭങ്ങളിലും വെള്ളത്തിനടിയിലായിപ്പോകുകയാണ്. ഒരു ഫ്ലഡ് മാനേജ്മെന്റ് സിസ്റ്റം നമ്മുടെ ദുരന്ത നിവാരണ അതോറിറ്റിക്കില്ല എന്നുള്ളത് കെടുകാര്യസ്ഥതയാണ്. 2015-ൽ കേന്ദ്ര ഗവൺമെന്റ് സൈക്ലോൺ റിസ്ക് മിറ്റിഗേഷനുവേണ്ടി അനുവദിച്ച 125 കോടി രൂപ ഇതുവരെയും വാങ്ങിയെടുക്കാൻ നമ്മുടെ സർക്കാരിന് സാധിച്ചിട്ടില്ല. 2012-ലാണ് കൊച്ചുകുട്ടികൾ മരണപ്പെട്ട തിരുവന്തപുരത്തെ കരിക്കകം റോഡപകടം നടന്നത്. കുട്ടികൾ മരണപ്പെട്ട സാഹചര്യത്തിൽ അന്നത്തെ യു.ഡി.എഫ്. സർക്കാർ Disaster Response Force രൂപീകരിച്ചു. മുന്നൂറോളം പേർക്ക് പരിശീലനം നൽകുകയും 100 പേർക്ക് നിയമനം നൽകുകയും ചെയ്തു. പക്ഷേ ഇന്ന് ആ ഫോഴ്സിൽ ആകെ 36 പേർ മാത്രമാണുള്ളത്. ആ 36 പേരും ഐ.പി.എസ്. ഓഫീസർമാരുടെ പെട്ടി ചുമന്ന് നടക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. പല സംസ്ഥാനങ്ങളിലും പ്രത്യേകമായി റിക്രൂട്ട് ചെയ്തിട്ടുണ്ട്. നമുക്കും ഡിഫെൻസിൽ നൽകുന്നതുപോലുള്ള പരിശീലനം നൽകി ഇത്തരമൊരു ഫോഴ്സ് നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. 2016-ലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ നമ്മൾ അപ്രൂവ് ചെയ്തത്. ഇത് അപ്രൂവ് ചെയ്യുകയും ഡിസാസ്റ്റർ കൺട്രോൾ ആൻഡ് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തു. പക്ഷേ ആകെ 5 വകുപ്പുകളാണ് പ്ലാൻ നൽകിയിട്ടുള്ളത്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പറയുമ്പോൾ, ഫിഷറീസ് ഡിപ്പാർട്ടുമെന്റ് കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിലുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് നിർദ്ദേശം നൽകിയിട്ടും രണ്ട് തവണ അഡീഷണൽ ചീഫ് സെക്രട്ടറി റിമൈൻഡർ അയച്ചിട്ടും ഇവരൊന്നും ചെയ്തില്ല. എന്തെല്ലാം ചെയ്യണമെന്ന് ഫിഷറീസ് ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത്, Create a mass messaging facility for dissemination of warnings issued by KSDMA, INCOIS, IMD etc. to all sea fishermen. Prepare contingency plans for sea accidents of fishermen in consultation with the Land Revenue, Coastal Police, Coast Guard, Navy and Police. Ensure that wind, cyclone and heavy rainfall, early warnings reach all the fishermen through SMS and popularise the use of ocean state forecast from INCOIS by setting

up display boards in all fishing hamlets in the state. Develop trained civil defence volunteers from the fishermen community to assist in deep diving, search and rescue with equipments provided by the department.

ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി 2016-ൽ പറഞ്ഞ കാര്യം ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നടപ്പിലാക്കിയിരുന്നുവെങ്കിൽ, അഡീഷണൽ ചീഫ് സെക്രട്ടറി രണ്ട് തവണ റിമൈൻഡർ അയച്ചിട്ടും നടപ്പിലാക്കാതിരുന്നത് ആ വകുപ്പ് നടപ്പിലാക്കിയിരുന്നുവെങ്കിൽ നമ്മളെല്ലാവരും ഇന്നും ദുഃഖത്തോടുകൂടി കാണുന്ന ഓഖി ദുരന്തം നാലിലൊന്നായി കുറയ്ക്കാൻ സാധിക്കുമായിരുന്നു. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ച ഇത്രയും കുറ്റകരമായ സമീപനമാണ് ഇതിനെ അഗ്രവേറ്റഡായി മാറ്റിയിട്ടുള്ളതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ ദീർഘമായി കടന്നുപോകുന്നില്ല. ത്രിപുര തെരഞ്ഞെടുപ്പ് കഴിഞ്ഞു. ഒരു അത്ഭുതകരമായ സാഹചര്യം, കോൺഗ്രസ്സ് ഒരു സ്റ്റേറ്റിൽ പരാജയപ്പെട്ടാൽ കോൺഗ്രസ്സിനെ ഇവർ പഴി പറയും; ഇവർ പരാജയപ്പെട്ടാലും കോൺഗ്രസ്സിനെത്തന്നെ പഴി പറയും. ഇതെന്ത് ന്യായമാണ്? ഞങ്ങൾ തോറ്റാലും ഞങ്ങളെ പഴി പറയും, നിങ്ങൾ തോറ്റാലും ഞങ്ങളെത്തന്നെയാണ് പഴി പറയുന്നത്. ഇത് എവിടത്തെ ന്യായമാണ്? ത്രിപുരയിൽ ശ്രീ. സീതാറാം യെച്ചൂരിയുടെ രാഷ്ട്രീയ നിലപാട് വോട്ടിനിട്ട് പരാജയപ്പെടുത്തിയവരാണ് കേരള ഘടകം. ശ്രീ. സീതാറാം യെച്ചൂരിയുടെ നിലപാട് നിങ്ങൾ സ്വീകരിച്ചിരുന്നെങ്കിൽ ത്രിപുരയിലെ തെരഞ്ഞെടുപ്പ് ഫലം മറ്റൊന്നായിരിക്കുമായിരുന്നു. ത്രിപുരയിൽ ബി.ജെ.പി.-ക്ക് വിജയം ഒരുക്കിക്കൊടുത്തത് കേരളത്തിലെ സി.പി.ഐ.(എം.) ഘടകമാണ്. ബി.ജെ.പി.-ക്ക് നൽകിയ സമ്മാനമാണ് ത്രിപുര തെരഞ്ഞെടുപ്പ് വിജയമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>മി. ചെയർമാൻ:</u> യെസ്...... സമയം കഴിഞ്ഞു, അവസാനിപ്പിക്കണം.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, കോൺഗ്രസ്സിലുള്ള വിശ്വാസം എല്ലാവർക്കും നഷ്ടപ്പെട്ടുവെന്ന്. അദ്ദേഹം അത് പറഞ്ഞ് രണ്ടുദിവസം കഴിഞ്ഞപ്പോൾ രാജസ്ഥാനിലെ ആൽവാറിൽ രണ്ടര ലക്ഷം വോട്ടിന് നേരത്തെ പരാജയപ്പെട്ട കോൺഗ്രസ്സ് ഒന്നര ലക്ഷം വോട്ടുകൾക്ക് വിജയിച്ചു. അജ്മീറിൽ ഒന്നര ലക്ഷത്തിന് പരാജയപ്പെട്ട സ്ഥലത്ത് 85000 വോട്ടുകൾക്ക് വിജയിച്ചു. മധ്യപ്രദേശിൽ നടന്ന രണ്ട് ഉപതെരഞ്ഞെടുപ്പുകളിൽ വിജയിച്ചു. ഇന്ത്യയിലെ ഏതെങ്കിലും ഒരു തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യെ സി.പി.ഐ.(എം.) നേരിട്ട് പരാജയപ്പെടുത്തിയതായി നിങ്ങൾക്ക് കാണിച്ചുതരാൻ സാധിക്കുമോ; ഞങ്ങൾ പരാജയപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ശ്രീ. സീതാറാം യെച്ചൂരിയുടെ രാഷ്ട്രീയ ലൈൻ, അദ്ദേഹം ഇവിടെ സംസ്ഥാന സമ്മേളനത്തിന് വന്ന് ഇക്കാര്യം

പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ക്ലച്ച് ഊരിവിട്ടവരാണ് ഈ സി.പി.ഐ.(എം.)-കാരെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇനിയെങ്കിലും ഈ മാറ്റം കാണാൻ നിങ്ങൾ തയ്യാറാകണം. കേന്ദ്രത്തിലെ ബി.ജെ.പി.-യുടെ ബി ടീമായാണ് സംസ്ഥാനത്തെ സി.പി.ഐ.(എം.) പ്രവർത്തിക്കുന്നത്. അത് നിങ്ങളുടെ സർവ്വനാശത്തിനായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഭൂമി എല്ലാ അർത്ഥത്തിലുമുള്ള എല്ലാ സംവിധാനങ്ങളുടെയും കേന്ദ്രമായി മാറുകയാണ്. അതിൽ കേരളം ഇന്ത്യക്ക് മാതൃകയാണ്. കേരളം കേരളമായി നിൽക്കുന്നതും കേരളത്തിന്റെ ഓർമ്മകളിലുള്ള ഏറ്റവും വലിയ മിത്തും ഓണമാണ്. ഓണം ചതിയിലൂടെ ഭൂമി നഷ്ടപ്പെട്ട മാവേലിയുടെ കഥയാണ്. സത്യത്തിൽ മാവേലിക്ക് നഷ്ടപ്പെട്ട ഭൂമി വാമനന്മാരിൽനിന്ന് തിരിച്ചെടുക്കാൻവേണ്ടിയാണ് 1957-ൽ കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വന്നത്. ആ ഗവൺമെന്റിന്റെ കാലത്ത് 1957 ഡിസംബർ മാസം 21-ന് സഖാവ് കെ. ആർ. ഗൗരിയമ്മ മന്ത്രിയായിരുന്നപ്പോൾ അവതരിപ്പിച്ച ഭൂസംബന്ധമായ ബില്ല് പാസ്സാക്കിയതിന്റെ പിറ്റേന്നാണ് വിമോചനസമരം ആരംഭിക്കുന്നത്. വിമോചനസമരം ഒരർത്ഥത്തിൽ വാമനന്മാർക്കുവേണ്ടി ഭൂമി നഷ്ടപ്പെട്ട ജന്മിമാരുടെ പിന്തുണയോടെ ആരാണ് കേരളത്തിൽ നടത്തിയതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ആ നഷ്ടപ്പെട്ട ഭൂമി മറ്റെല്ലാവർക്കും മാതൃകയായി മാവേലിമാർക്കുവേണ്ടി കൊടുത്ത സംസ്ഥാനം ഇന്ത്യയിൽ ഈ കേരളമാണ്. ഇപ്പോഴും അത് പൂർത്തിയായെന്ന് പറയാൻ സാധിക്കില്ല. മണ്ണ് ഇല്ലാത്തവർ ഇപ്പോഴും കേരളത്തിലുണ്ട്. പലവിധ കാരണങ്ങളാൽ ഉള്ള മണ്ണ് നഷ്ടപ്പെട്ടവരുണ്ട്. മണ്ണും വീടും ഇല്ലാത്തവരുണ്ട്. പല തരത്തിൽ വിഷമം അനുഭവിക്കുന്നവർ ഇവിടെയുണ്ട്. 5 വർഷംകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി 4 മിഷനുകളിലൂടെ കേരളത്തിലെ ജനങ്ങളുടെ കൈകോർത്തുകൊണ്ട് അതെല്ലാം പരിഹരിക്കും. അത് തീർച്ചയായും വലിയൊരു ലക്ഷ്യമാണ്. ഒപ്പം വലിയൊരു ഉത്തരവാദിത്വവുമാണ്. ആ ഉത്തരവാദിത്വം നിർവ്വഹിക്കാൻ ശ്രമിക്കുമ്പോൾ, ഈ രണ്ട് വർഷംകൊണ്ട് റവന്യൂ വകുപ്പ് 55,000-ത്തോളം പേർക്ക് പട്ടയം നൽകി. അതിൽ കൂടുതൽ ലക്ഷ്യം വയ്ക്കുന്നു. എണ്ണായിരത്തോളം പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് തയ്യാറായിട്ടുണ്ട്. വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കാൻ ശ്രമിക്കുകയാണ്. നമ്മുടെ കമ്പോളം നിശ്ചലമാകുമ്പോൾ ഇന്ത്യയിലെ പണം സാധാരണക്കാരന്റെ കയ്യിൽനിന്നും മാറുകയും അത് അംബാനിയുടെയും അദാനിയുടെയും കോർപ്പറേറ്റുകളുടെയും കൈകളിലെത്തുന്ന ഒരു സംവിധാനമാണ് ജി.എസ്.ടി.-

യിലൂടെ സംജാതമായത്. ഇവിടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിലെ സാധാരണക്കാരന്റെ കയ്യിൽ ക്ഷേമ പദ്ധതികളായി, പ്രവർത്തനങ്ങളുമായി, കിഫ്ബി ആണെങ്കിൽ കിഫ്ബി, വേറെ ഏതെങ്കിലും വഴിക്കാണെങ്കിൽ ആ വഴിക്ക്, കമ്പോളത്തിൽ സാധാരണക്കാരന്റെ സാന്നിധ്യം ഉറപ്പിക്കാൻ വേണ്ടിയുള്ള പണമിടപാട് സംവിധാനത്തിലെ കേന്ദ്ര സർക്കാരിന്റെ വലതുപക്ഷ നയത്തിൽനിന്ന് ഒരു ബദൽപക്ഷ, ജനപക്ഷ നയം സാമ്പത്തികമായി സ്വീകരിക്കാൻ ശ്രമിക്കുന്നത്. ഇത് സത്യത്തിൽ അപ്പുറത്തിരിക്കുന്നവരും മനസ്സിലാക്കണം. ഇത് വിജയിച്ചാൽ ഇന്ത്യയിലെ ഒരു ജനപക്ഷ സാമ്പത്തിക നയം വികസിക്കുകയാണ്, അത് വിശ്വസിക്കാവുന്ന തരത്തിൽ, ബദലാകാവുന്ന തരത്തിൽ വളരുകയാണ്. അത് കേരളത്തിന് മാത്രമല്ല, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കുകൂടി മാതൃകയാകും. ഷേക്സ്പിയർ നമ്മുടെ പ്രകൃതിയെക്കുറിച്ച്, ഭൂമിയെക്കുറിച്ച് പറഞ്ഞ ഒരു വാചകമുണ്ട്. അത് 'പ്രകൃതിയുടെ ഉപ്പായ ഭൂമി അവരുടെ ശവക്കല്ലറയുമാണ്' എന്നാണ്. നമ്മുടെ ദുരന്തങ്ങൾ ഇപ്പോൾ ദൂരെയല്ല. മുൻകാലങ്ങളിൽ നമ്മുടെ ധാരണ അറബിക്കടൽ സുരക്ഷിതമെന്നാണ്; ബംഗാൾ ഉൾക്കടൽ അത്ര സുരക്ഷിതമല്ലെന്നാണ്. പക്ഷെ ഇപ്പോൾ ഇവിടെയും സുരക്ഷിതമല്ലെന്നായി. നമ്മൾ ഇതിനൊന്നും വിധേയമാകാത്ത തരത്തിൽ സുരക്ഷിതമായ ഒരു അറയിൽ അല്ലെന്നായി. ഓഖി ദുരന്തത്തിൽപ്പെട്ട നമ്മുടെ സഹോദരങ്ങളെ രക്ഷിച്ചെടുക്കാൻ, വീട് നൽകാൻ, ജോലി നൽകാൻ, അവരുടെ സൗകര്യങ്ങളിൽ തീർച്ചയായും അനുതാപത്തോടെ ഇടപെടാനുള്ള ഒരു വലിയ പങ്കാണ് ഈ ബജറ്റിലൂടെ സർക്കാർ നിർവ്വഹിക്കാൻ ശ്രമിക്കുന്നത്. ഇതിനെ എല്ലാവരും പിന്തുണയ്ക്കണം. കേരളത്തിലെ വിഷമം എല്ലാവർക്കും അറിയാം. നമ്മുടെ കമ്പോളം സജീവമാകുമ്പോൾ സർക്കാരിന്റെ ഖജനാവിലേയ്ക്കുള്ള വരവ് കുറയും; അതൊരു സത്യമാണ്. ആ വരവ് കുറയുമ്പോഴും അവർക്ക് നൽകാനുള്ളത് എങ്ങനെ കുറയാതെ നോക്കാമെന്നത് നമ്മുടെ ഒരു വെല്ലുവിളിയാണെങ്കിലും ആ വെല്ലുവിളി നമുക്ക് അതിജീവിച്ചേ മതിയാകൂ. അങ്ങനെ ചെയ്യുന്ന ഒരു സംവിധാനത്തിലേയ്ക്ക് എത്തിച്ചേരാൻ ശ്രമിക്കുമ്പോൾ നാം നമ്മെത്തന്നെ ആദ്യം മനസ്സിലാക്കണം. നമ്മെ മനസ്സിലാക്കാൻ ശ്രമിക്കുന്ന കാലത്ത് നമ്മുടെ ഭൂമിയുമായി ബന്ധപ്പെട്ട് വിവിധതരം പ്രശ്നങ്ങളുണ്ട്, ആ പ്രശ്നങ്ങളിൽ, നമ്മുടെ വികസനത്തിൽ തീർച്ചയായും വ്യവസായവും വ്യാവസായിക വികസനവും കാർഷിക വികസനവും തമ്മിൽ ചേർന്ന് നിൽക്കണം. പക്ഷെ, ആരാണ് അമ്മ എന്ന ചോദ്യത്തിന് - അമ്മ കാർഷിക മേഖലയാണ്; മകൾ വ്യവസായവും. അങ്ങനെയേ നിൽക്കാവൂ. ഒന്ന് ഒന്നിനെ തോൽപ്പിക്കാനല്ല. അമ്മയും മകളും ചേർന്ന് നിൽക്കുകയാണ്. മകളെ പ്രസവിച്ചത് അമ്മയാണ്. നമിക്കേണ്ടത് അമ്മയെയാണ്. അതുകൊണ്ട് പ്രകൃതിയെയും കൃഷിയെയും വണങ്ങി, അതിനോട്

ഇണങ്ങി വേണം മറ്റെല്ലാം വളരാൻ. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയം അതാണ്, മുഖം അതാണ്. അത് ഇന്ത്യയ്ക്കുകൂടി മാതൃകയാകേണ്ടതാണ്. തീർച്ചയായും അങ്ങനെ വളരുന്ന ഒരു സംവിധാനത്തിൽ ഇവിടെ റവന്യൂ വകുപ്പ് ഒരു ബിൽ നിർമ്മിക്കാൻ ശ്രമിക്കുകയാണ്. ആ ബിൽ കേരള ഭൂപരിഷ്കരണ ഭേദഗതി ബില്ലാണ്. നമ്മുടെ അനുഗ്രഹിക്കപ്പെട്ട ഭൂമിയിലെ ഓരോ ഇഞ്ച് സ്ഥലവും, ഉപയോഗിക്കാൻ കഴിയാവുന്ന തരത്തിൽ ഉപയോഗിക്കണമെന്ന് ഇന്ന് പലർക്കും ആഗ്രഹമില്ല. അതിൽ തരിശായിക്കിടക്കുന്നവയും വെറുതെ ഇട്ടേയ്ക്കുന്നവയും വീട് വച്ച് താമസമില്ലാതെ ചിലന്തിവല കെട്ടിക്കിടക്കുന്നവയുമുണ്ട്. തീർച്ചയായും നമ്മുടെ ഭൂമിയിൽ മനുഷ്യന് മാത്രമല്ല ഓരോ ജീവിക്കും, ചെടിക്ക് ഉൾപ്പടെ വളരാൻ അവകാശമുണ്ട്. ഒരു പക്ഷിക്ക് പറക്കാൻ അവകാശമുണ്ട്. ഒരു ജീവിക്ക് ജീവിക്കാൻ അവകാശമുണ്ട്. ആ അവകാശങ്ങളെല്ലാം സംരക്ഷിക്കുന്ന തരത്തിലുള്ള ഒരു ബിൽ എത്രയും വേഗം സഭയിൽ അവതരിപ്പിച്ച് പാസ്സാക്കണമെന്ന്, ആ ബില്ലിന്റെ കരട് തയ്യാറായിട്ടുണ്ട്, റവന്യൂ വകുപ്പുമന്ത്രിയോടും സർക്കാരിനോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

നമുക്ക് സാഹചര്യങ്ങളെ കുറച്ചുകൂടി വിശാലമായ തരത്തിൽ വിലയിരുത്തേണ്ടതുണ്ട്. ഞാൻ സംസാരിച്ചതിനുശേഷം മുൻ റവന്യൂ വകുപ്പുമന്ത്രി സംസാരിക്കുന്നുണ്ട്. കലാമിറ്റി രണ്ട് തരത്തിലുണ്ട്. ഒന്ന് നാച്വറൽ കലാമിറ്റിയാണ്. ഓഖി പോലെയുള്ള ചില ദുരന്തങ്ങൾ നാച്വറൽ കലാമിറ്റിയാണ്. പക്ഷെ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കേരളത്തിൽ റവന്യൂ വകുപ്പ് ഒരു അഡ്മിനിസ്ട്രേറ്റീവ് കലാമിറ്റി സൃഷ്ടിച്ചിരുന്നു. അത് സത്യത്തിൽ ഒരു കലാമിറ്റിയാണ്. ഞാൻ വെറുതെ പറഞ്ഞുപോകുകയല്ല, യു.ഡി.എഫ്. ഭരണ കാലത്ത് ശ്രീ. ശ്രീറാം വെങ്കിട്ടരാമൻ സബ് കളക്ടറായി രണ്ട് വർഷക്കാലം ഇടുക്കിയിലുണ്ടായിരുന്നു. എന്നാൽ അദ്ദേഹം അവിടെ ഉണ്ടായിരുന്നു എന്നതുപോലും ആരും അറിഞ്ഞില്ല. പക്ഷെ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോൾ വേറൊരു ശ്രീറാം വെങ്കിട്ടരാമനെ കണ്ടു. കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്ന ശ്രീറാം വെങ്കിട്ടരാമനെ കണ്ടു. അവിടെ കയ്യേറ്റക്കാരും അപകടകാരികളായ ഭൂമാഫിയയും ഭയപ്പെടുന്ന ഒന്ന് കണ്ടു. ശ്രീ. ശ്രീറാം വെങ്കിട്ടരാമൻ മാറി പുതിയ സബ് കളക്ടർ വന്നിട്ട് അവരും ഇടപെട്ടു. ഇടപെടുന്നതിന് ഒരു ഉദ്യോഗസ്ഥന് കരുത്ത് ലഭിക്കുന്നത് അതിന് പിന്നിൽ നന്മ നടപ്പാക്കുന്ന ഒരു സർക്കാർ ഉണ്ടെന്ന് തോന്നുമ്പോഴാണ്. നന്മ നടപ്പാക്കുന്ന, ജനപക്ഷത്ത് നിൽക്കുന്ന, ജനാധിപത്യത്തെ ബഹുമാനിക്കുന്ന ഒരു സർക്കാരുണ്ടെന്ന ധാരണയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിൽ സൃഷ്ടിച്ചത്. ഭൂവിനിയോഗത്തെ സംബന്ധിച്ച് നമുക്കൊരു

ധാരണയുണ്ട്; ഒരു ഓർഡറുണ്ട്. പക്ഷേ കേരളത്തിൽ ഭൂമി കുറവാണ്. ഭൂവിനിയോഗവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ സുസ്ഥിരമായ ഭാവിയിലേയ്ക്കുള്ള, അടുത്ത തലമുറയ്ക്കുംകൂടിയുള്ള ഒരു നിയമം നിർമ്മിക്കേണ്ടതുണ്ട്. കേരളത്തിൽ ഏത് വയലും കൃഷിയും നികത്താവുന്ന അവസ്ഥ നെൽവയൽ നീർത്തട സംരക്ഷണ നിയമം വന്നപ്പോൾ മാറി. എന്നാലും ഞായറാഴ്ചയും ക്രിസ്തുമസിനും തിരുവോണത്തിനുമൊക്കെ നികത്തുന്നുണ്ട്. ഭൂവിനിയോഗവുമായി ബന്ധപ്പെട്ട കാര്യത്തിൽ കൃത്യമായൊരു നിയമമില്ലെങ്കിൽ കാലാവസ്ഥാ ദുരന്തംകൊണ്ടും മറ്റു പലതുകൊണ്ടും ഒരുപക്ഷേ നമുക്കുശേഷം വരുന്ന തലമുറയ്ക്ക് കേരളത്തിൽ ജീവിക്കാൻ കഴിയാതാകും. ഏതൊക്കെ കൃഷി എവിടെ ചെയ്യണമെന്ന് മനസ്സിലാക്കേണ്ടതുണ്ട്. വയലിൽ എന്താണ് കൃഷി ചെയ്യേണ്ടത്, കരയിൽത്തന്നെ ചരിഞ്ഞ ഇടങ്ങളിൽ എന്താണ് കൃഷി ചെയ്യേണ്ടത്; മലയിൽ എന്താണ് കൃഷി ചെയ്യേണ്ടത് എന്നുള്ളതെല്ലാം മനസ്സിലാക്കണം. നമ്മുടെ വിഭവങ്ങൾ, അത് പാറയാകട്ടെ, മണലാകട്ടെ അവ തീർന്നുപോകാതെ നോക്കണം. ആ വിഭവങ്ങൾകൊണ്ട് കേരളത്തിൽ നിർമ്മിക്കപ്പെട്ട 14 ലക്ഷത്തോളം വലിയ വീടുകൾ അൾപ്പാർപ്പില്ലാതെ കിടക്കുകയാണ്. അത്തരത്തിൽ ആ വിഭവങ്ങളെ വിനിയോഗിക്കേണ്ടതുണ്ടോ; അങ്ങനെയാണോ അവ വിനിയോഗിക്കുന്നത്? തീർച്ചയായിട്ടും കേരളം അതിനെക്കുറിച്ചെല്ലാം ദീർഘവീക്ഷണത്തോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും നിയമം നിർമ്മിക്കുകയും വേണം. ആവശ്യത്തിന് എല്ലാം ഉപയോഗിക്കണം. എന്നാൽ അത് ആർഭാടത്തിനാകരുത്. ആർഭാടത്തിന് ഉപയോഗിച്ചാൽ നാളെ ആവശ്യത്തിന് ഉപയോഗിക്കാനില്ലാതെ വരും. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ നമ്മൾ നന്നായി ശ്രദ്ധിക്കണം.

ത്രിപുരയുമായി ബന്ധപ്പെട്ട് ഇവിടെ ധാരാളം ചർച്ചകൾ നടന്നു. അപ്പുറത്തും ഇപ്പുറത്തുമൊക്കെയുള്ളവർ ചർച്ച ചെയ്യേണ്ട ഗൗരവമായൊരു വിഷയമുണ്ട്. അത് പറഞ്ഞത് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയാണ്. അത് കോൺഗ്രസ്സുകാർ ശ്രദ്ധിക്കണം. കോൺഗ്രസ്സ് തോറ്റപ്പോഴൊന്നും ശ്രീ. നരേന്ദ്ര മോദി ആ വാചകം പറഞ്ഞിരുന്നില്ല. പക്ഷേ ത്രിപുരയിൽ ഇടതുപക്ഷം തോറ്റപ്പോൾ "ഇതൊരു പുതുയുഗപ്പിറവിയാണ്" എന്നാണ് ശ്രീ. നരേന്ദ്ര മോദി പറഞ്ഞത്. കോൺഗ്രസ്സ് തോൽക്കുന്നതു പോലെയല്ല ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും ഒരു കൊച്ചു സംസ്ഥാനമായ ത്രിപുര തോറ്റതിനെ കണ്ടത്. നമ്മുടെ ആദ്യത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ഒരു വാചകത്തിലേയ്ക്ക് ഞാൻ പോകുകയാണ്. 1947-ലെ കാവൽ സർക്കാരിന്റെ പ്രധാനമന്ത്രിയായിരിക്കുമ്പോൾ അദ്ദേഹത്തോട് ഫ്രഞ്ച് പത്രപ്രവർത്തകനും എഴുത്തുകാരനുമായ ആന്ദ്രേ മൺറോ ചോദിച്ചു, അങ്ങ് നേരിടുന്ന ഏറ്റവും ബുദ്ധിമുട്ടുള്ള പ്രശ്നമെന്താണ്? അപ്പോൾ

ജവഹർലാൽ നെഹ്റു പറഞ്ഞു, 'നീതിപൂർവ്വമായ ഒരു വഴിയിലൂടെ നീതിനിഷ്ഠമായ ഒരു സർക്കാരിനെ സൃഷ്ടിക്കുക എന്നതാണ്'. എന്നിട്ട് അദ്ദേഹം പറഞ്ഞു, 'അതിനേക്കാൾ പ്രധാനം ഈ മതാത്മക രാജ്യത്ത് ഒരു മതേതര ഭരണകൂടം സൃഷ്ടിക്കുക എന്നതാണ്'. ജവഹർലാൽ നെഹ്റുവിനോടുള്ള ബഹുമാനവും അതാണ്. അദ്ദേഹം ഒരു മതാത്മക രാജ്യത്ത് ഒരു മതേതര ഭരണകൂടം എങ്ങനെ സൃഷ്ടിക്കാമെന്ന് കാണിച്ചുതന്ന മനുഷ്യനാണ്. ആ മതേതര ഭരണകൂടത്തെയാണ് ശ്രീ. നരേന്ദ്ര മോദിയും ബി.ജെ.പി.-യും കൂടി മതാത്മക ഭരണകൂടമായി മാറ്റുന്നത്. അതിനായി ജാതിയെയും മതത്തെയും പണത്തെയും കോർപ്പറേറ്റുകളെയും ക്രിമിനലുകളെയുമെല്ലാം ഉപയോഗിച്ച് ഓരോയിടത്തും തോൽപ്പിക്കുകയാണ്. കോൺഗ്രസ്സിനെ തോൽപ്പിക്കുന്നതുപോലെയല്ല അവർ ത്രിപുരയിൽ തോൽപ്പിച്ചപ്പോൾ കണ്ടത്. കാരണം ത്രിപുരയിൽ തോൽപ്പിക്കപ്പെട്ടിട്ടും തോൽക്കാതെ നിൽക്കുന്നൊരു ഇടതുപക്ഷമുണ്ട്. തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടിട്ടും പരാജയപ്പെടാതെ നിൽക്കുകയാണ്. ത്രിപുരയിൽ ഒരു ഭരണം മാറി വേറൊരു ഭരണം വന്നതല്ല കാണേണ്ടത്. മതേതരത്വ ഭരണം പോയി ഒരു വർഗ്ഗീയ ഭരണകൂടം വന്നതാണ്. കേരളത്തിൽ എൽ.ഡി.എഫ്. മാറി യു.ഡി.എഫ്. വരുന്നതുപോലെയല്ല ത്രിപുരയിലുണ്ടായത്. അവിടെ പോയത് ഒരു മതേതരത്വ ജനാധിപത്യ ഭരണകൂടവും,വന്നത് ഒരു വർഗ്ഗീയ ഭരണകൂടവുമാണ്. അതിനെ നമ്മൾ തിരിച്ചറിയണം. ആ വർഗ്ഗീയ ഭരണകൂടം വന്നപ്പോൾ നെഹ്റുവിനെയോ മഹാത്മാ ഗാന്ധിയെയോ ഓർമ്മയുണ്ടായിരുന്നുവെങ്കിൽ കോൺഗ്രസ്സുകാർ ഒരുപക്ഷേ തോറ്റാലും തോൽക്കാതെ നിൽക്കുമായിരുന്നു. പക്ഷേ കോൺഗ്രസ്സ് അവിടെ തീർന്നുപോയി. അതെന്താണെന്ന് കോൺഗ്രസ്സുകാർ ആലോചിക്കണം. കോൺഗ്രസ്സിൽ മതേതരത്വ, ജനാധിപത്യ സംവിധാനത്തോട് ബഹുമാനമുള്ള കുറച്ചുപേർ ഉണ്ടെന്നൊക്കെ എനിക്കറിയാം. പക്ഷേ കോൺഗ്രസ്സിലെ മഹാഭൂരിപക്ഷം, വലതുപക്ഷ സാമ്പത്തിക നയം സ്വീകരിച്ച ഒരു രാജ്യത്ത്, ആർത്തികൊണ്ട് ഏതെങ്കിലും തരത്തിലുള്ള അധികാരബന്ധത്തിന്റെ അടുത്ത് നിൽക്കാൻ, കയ്യാട്ടി വിളിച്ചാൽ പോകുന്നവരായി മാറുകയാണ്. അവർ മറക്കുന്നത് എൽ.ഡി.എഫ്.-നെയോ ഇടതുപക്ഷത്തെയോ അല്ല. അവർ കാറൽ മാർക്സിനെ ഓർക്കണമെന്നൊന്നും ഞാൻ പറയില്ല, പക്ഷേ മഹാത്മാ ഗാന്ധിയെയും ജവഹർലാൽ നെഹ്റുവിനെയും ഓർക്കണം. അവർ പറഞ്ഞ കാര്യങ്ങളെയും അവർ കൊണ്ടുവന്ന രാഷ്ട്രീയത്തെയും ഓർക്കണം. അതിനുവേണ്ടി ജവഹർലാൽ നെഹ്റുവും മറ്റുള്ളവരുമൊക്കെ ചിന്തിച്ചതിനെ ഓർക്കണം. ബി.ജെ.പി. ഇപ്പോൾ സർദാർ വല്ലഭായി പട്ടേലിനെ എടുക്കുകയാണ്. പട്ടേലും നെഹ്റുവും തമ്മിൽ ഒരു വലിയ തർക്കമുണ്ടായിരുന്നതിന്റെ രേഖകൾ വേണമെങ്കിൽ വിവരാവകാശ

നിയമമനുസരിച്ച് ലഭിക്കും. അവർ തമ്മിലുള്ള ഏറ്റവും വലിയ തർക്കം ആർ.എസ്.എസ്.-ഉം കമ്മ്യൂണിസ്റ്റുമായുള്ള ബന്ധത്തെക്കുറിച്ചാണ്. ജവഹർലാൽ നെഹ്റു അക്കാലത്ത് ഇന്ത്യയുടെ ഏറ്റവും വലിയ ശത്രുവായി ഭാവിയിൽ കണ്ടത് ആർ.എസ്.എസ്.-നെയാണ്. എന്നാൽ സർദാർ വല്ലഭായി പട്ടേൽ രാജ്യത്തെ ഏറ്റവും വലിയ ശത്രുവായി കണ്ടത് കമ്മ്യൂണിസ്റ്റിനെയും. സത്യത്തിൽ സർദാർ വല്ലഭായി പട്ടേലിന്റെ കട്ടിലിലാണ് ശ്രീ. നരേന്ദ്ര മോദി കിടക്കുന്നത്. ആ കട്ടിലിൽ കൂടെ കിടക്കാൻ മോഹിക്കരുത്. അങ്ങനെ മോഹിച്ചാൽ നിങ്ങൾ സർദാർ വല്ലഭായി പട്ടേലുമായി അടുക്കുകയുമില്ല, നെഹ്റുവുമായി അകന്നുപോവുകയും ചെയ്യും. നെഹ്റുവുമായി അകന്നുപോകാതിരുന്നാൽ മാത്രമേ നമുക്ക് ഇതുമായി ബന്ധപ്പെട്ട് പോകാൻ സാധിക്കുകയുള്ളൂ.

മഹാഭാരതത്തിൽ ഒരു കഥയുണ്ട്. പാണ്ഡവർ കാട്ടിൽ പാർക്കുന്ന കാലത്ത് അവരുടെ ദൈന്യത കാണാനുള്ള കൊതികൊണ്ട് കൗരവർ അവിടെയെത്തി. അഹങ്കാരംകൊണ്ട് ഗന്ധർവ്വൻമാരുമായി ഏറ്റുമുട്ടി. ചിത്രാംഗദൻ എന്ന ഗന്ധർവ്വൻ ദുര്യോധനനെയും ദുശ്ശാസനനെയും കെട്ടിവലിച്ചുകൊണ്ട് രഥത്തിൽ പോകുമ്പോൾ നിലവിളി കേട്ട് ഭീമനും അർജ്ജുനനും പറഞ്ഞു, 'അവർക്ക് കിട്ടിയത് കിട്ടണം'. പക്ഷേ ധർമ്മപുത്രർ പറഞ്ഞത്, 'ഞാനും നിങ്ങളും സഹോദരൻമാരാണ്. നമ്മളും അവരും സഹോദരൻമാരാണ്. ഗന്ധർവ്വൻമാർ രണ്ടുപേർക്കും എതിരാണ്. അതുകൊണ്ട് അർജ്ജുനാ പോയി അവരെ തിരിച്ചുകൊണ്ടുവരണം' എന്നാണ്. അർജ്ജുനൻ പോയി ചിത്രാംഗദനോട് ഏറ്റുമുട്ടി അവരെ തിരിച്ചുകൊണ്ടുവന്നു. പക്ഷേ കോൺഗ്രസ്സുകാർ മനസ്സിലാക്കണം, തിരിച്ചുകൊണ്ടുവരണമെങ്കിൽ നിങ്ങൾ കൗരവ മനസ് മാറ്റണം. നിങ്ങളുടെ മനസ്സിലെ കമ്മ്യൂണിസ്റ്റ് വിരോധം തീർക്കണം. ചിത്രാംഗദനിൽനിന്നും ദുര്യോധനനെ വിടുവിച്ചുകൊണ്ടുവന്നത് അയാളോടുള്ള ഇഷ്ടംകൊണ്ടല്ല. ദുര്യോധനനും അർജ്ജുനനും തമ്മിൽ ഒരു യുദ്ധമുണ്ടെന്നും ദുര്യോധനന്റെ തുട അവസാനം ഭീമൻ അടിച്ചുപൊട്ടിക്കുമെന്നും, ദുശ്ശാസനന്റെ നെഞ്ചു പിളർന്ന് ചോര പാഞ്ചാലിയുടെ മുടിയിൽ പുരട്ടുമെന്നുമൊക്കെ അറിയാം. പക്ഷേ രണ്ടുപേർക്കും ശത്രുവായ ഒരാൾ അവിടെ ജയിക്കുമ്പോൾ കോൺഗ്രസ്സുകാരോട് പറയാനുള്ളത്, സി.പി.ഐ.(എം.) തോറ്റതിന്റെ പേരിൽ ചിരിക്കരുത്. നിങ്ങൾ ഇല്ലാതായതിന്റെ പേരിൽ കരയുകയും ചെയ്യരുത്. പക്ഷേ ആ രാഷ്ട്രീയം മനസ്സിലാക്കണം. അത് മനസ്സിലാക്കണമെന്ന് നിങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

2.00 PM]

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ബഹുമാന്യനായ മുല്ലക്കര രത്നാകരൻ ഇതെല്ലാം വളരെ ഗംഭീരമായി അവതരിപ്പിച്ചപ്പോൾ ഇതൊന്നും ഞങ്ങളോടല്ല അപ്പുറത്ത് സി.പി.ഐ (എം)-നോടാണെന്നുള്ളത് ഞങ്ങൾക്കെല്ലാവർക്കും വളരെ പെട്ടെന്ന് പിടികിട്ടി. ഇനി കൊടി കുത്തരുത്, ഇത് അവസാനിപ്പിക്കണമെന്ന് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന് തിരിച്ചടി നൽകുകയാണെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഏതായാലും ഇരിക്കട്ടെ, നല്ലകാര്യം. സി.പി.ഐ. ഭരിക്കുന്ന റവന്യൂ വകുപ്പിനെ അദ്ദേഹം വളരെ കാവ്യാത്മകമായി കഥാവതരണ സമാനമായി അവതരിപ്പിച്ചത് കേട്ടപ്പോൾ ഞങ്ങൾക്കൊക്കെ അത്ഭുതം തോന്നി. കായൽ കയ്യേറ്റവും മൂന്നാറിലെ ഭൂമി കയ്യേറ്റവും നീലക്കുറിഞ്ഞി ഉദ്യാന കയ്യേറ്റവുമൊക്കെ വന്നപ്പോൾ റവന്യൂ വകുപ്പ് അതിനെതിരെ ഇത്ര ധീരമായ നടപടികൾ സ്വീകരിക്കുന്നുണ്ടല്ലോ എന്നുവിചാരിച്ച് കേരളത്തിലെ ജനം മൊത്തം ആവേശപുളകിതരായി നിന്നതാണ്. പക്ഷെ അങ്ങനെ നിന്നയാൾ അവസാനം ശ്രീ. ശ്രീറാം വെങ്കിട്ടരാമനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തെ എടുത്തെറിയപ്പെട്ടത് എവിടേയ്ക്കാണെന്നുപോലും അറിയാത്ത വിധത്തിൽ വളരെ സഹതാപമർഹിക്കുന്ന രീതിയിലേക്കാണ് സി.പി.ഐ.-യുടെ ഈ വകുപ്പ് പോയതെന്നാണ് ഞങ്ങൾക്കൊക്കെ തോന്നിയത്. 'പിടിച്ചു ഞാൻ അവനെന്നെ കെട്ടി, കൊട്ടുത്തു ഞാൻ അവനെനിക്കു രണ്ട്' എന്നുപറയുന്ന ഒരു പഴമൊഴിയുണ്ട്. അവനെ പിടിച്ചത് ഞാനാണ്, പക്ഷെ കെട്ടിയത് അവൻ എന്നെയാണ്, അതുപോലെതന്നെ അവന് കൊട്ടുക്കാൻവേണ്ടി ഓങ്ങിയപ്പോൾ തിരിച്ച് രണ്ട് ഇങ്ങോട്ടുതന്നു എന്ന രീതിയിലായി റവന്യൂ വകുപ്പിനും മറ്റുമൊക്കെ സി.പി.ഐ(എം)-ന്റെ വകുപ്പ് നൽകിയ മറുപടി എന്നുള്ളതാണ്. ഞങ്ങൾക്ക് എന്തായാലും സഹതാപമുണ്ട്. സി.പി.ഐ.(എം) ഞങ്ങളുടെ പഴയ ചങ്ങാതിയാണെന്ന നിലയ്ക്ക് ഭൂപരിഷ്കരണം നടപ്പിലാക്കുന്ന കാര്യമെല്ലാം ഇനിയും നടക്കട്ടെ എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഇവിടെ വിൽപ്പനനികുതിയുടെ കാര്യം പറഞ്ഞു, ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ഞങ്ങളൊക്കെ വലിയ ആവേശത്തിലാണ് ഡോ. തോമസ് ഐസക്കിന്റെ പ്രസംഗങ്ങളൊക്കെ കേട്ടത്. ഞങ്ങൾക്കൊക്കെ ക്ലാസ്സുകൾ എടുത്തു. അദ്ദേഹം മനോഹരമായി കയ്യടിച്ചാണ് ഇത് അവതരിപ്പിച്ചത്. അദ്ദേഹത്തിന് ഇത്രമാത്രം സ്വാധീനം മാർക്സിസ്റ്റ് പാർട്ടിയുടെ സെൻട്രൽ കമ്മിറ്റിയിൽ ഉണ്ടായിട്ടുപോലും ഒരു പാർട്ടിയുടെ നയം അദ്ദേഹത്തിന്റെ നയത്തിനനുകൂലമാക്കി മാറ്റാൻ മാത്രം സ്വാധീനശക്തിയുള്ള ഒരാളായി അദ്ദേഹം മാറി എന്നുള്ളത്, അത് യെച്ചൂരിയുടെ നിലപാടിന്റെ കാര്യത്തിൽ അദ്ദേഹത്തെ ഞങ്ങൾ കാണാതെ പോയത് ദുഃഖിപ്പിക്കുന്നുവെങ്കിലും,

ഞങ്ങൾ ആവേശത്തോടെയാണ് സ്വീകരിച്ചത്. അന്ന് മനോഹരമായി ചിരിച്ചുകൊണ്ട് അവതരിപ്പിച്ച കാര്യങ്ങളൊക്കെ ഇപ്പോൾ ഒന്നും കിട്ടിയില്ല, നേട്ടമില്ല, വരുമാനമില്ല, റവന്യൂ കമ്മിയായി, നികുതി വേണ്ടത്ര വന്നു എന്നൊക്കെ അവതരിപ്പിക്കുന്ന മന്ത്രി, 'ചിരി മാഞ്ഞുപോയ നിൻ ചുണ്ടിന്റെ കോണിലൊരു പരിഹാസമുദ്ര ഞാൻ കണ്ടു' എന്ന് വയലാർ രാമവർമ്മ പാടിയതുപോലുള്ള രീതിയിലേയ്ക്ക് മാറിയിട്ടുണ്ട്. ജി.എസ്.ടി. വന്നു, കേരളത്തിന് ഗുണം ചെയ്യുന്നതാണ് എന്നാണ് നമ്മളെയൊക്കെ ആദ്യം പഠിപ്പിച്ചത്. പക്ഷെ ജി.എസ്.ടി. വന്നപ്പോഴെന്താ? ആർക്കും ഗുണം കിട്ടിയില്ല. ജനങ്ങൾ ആകെ ബുദ്ധിമുട്ടിലായി. ജനങ്ങൾക്ക് എല്ലാത്തിനും നികുതി കൂടി, എല്ലായിടത്തും വില വർദ്ധനവ് വന്നു. എന്നാൽ സർക്കാരിന് കാശ് കിട്ടുമോ? സർക്കാരിനും കാശ് കിട്ടിയില്ല, സർക്കാരിന്റെ കാശും കുറഞ്ഞുപോയി. പിന്നെ ആർക്കാണ് ഇതിന്റെ ഗുണം കിട്ടിയത് എന്നുള്ളത് കേരള ജനത ഇപ്പോഴും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആർക്കും ഗുണം കിട്ടിയിട്ടില്ല, എന്നാൽ ജനങ്ങളാകെ ബുദ്ധിമുട്ടിലായ അവസ്ഥയാണ് ഇപ്പോഴുള്ളത്. ഈ രീതിയിൽ പോകുമ്പോൾ പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം ജി.എസ്.ടി.യുടെ നികുതിയടയ്ക്കലിനും മറ്റു കാര്യങ്ങൾക്കും അവബോധം സൃഷ്ടിക്കുന്ന രീതിയിലുള്ള പരിപാടികൾ സർക്കാർ സംഘടിപ്പിക്കണമെന്നുള്ളതാണ് എനിക്ക് അതുമായി ബന്ധപ്പെട്ട ഒരു നിർദ്ദേശമായി പറയാനുള്ളത്. ഭൂനികുതിയുടെ കാര്യം ഇവിടെ പറഞ്ഞു, പിരിച്ചെടുത്ത നികുതികൾ അതാത് ദിവസം തന്നെ ട്രഷറിയിലടയ്ക്കണമെന്നുള്ള നിർദ്ദേശമാണ് വില്ലേജ് ഓഫീസർമാർക്കൊക്കെ റവന്യൂ വകുപ്പും ധനകാര്യവകുപ്പും നൽകിയിട്ടുള്ളത്. സാധാരണക്കാർക്കാണ് ഇതിന്റെ ബുദ്ധിമുട്ട് വരുന്നത്. സാധാരണക്കാരായ ആളുകൾ കൂലിപ്പണിക്കൊക്കെ പോയിട്ട് ഉച്ചയ്ക്കുശേഷം വില്ലേജ് ഓഫീസിൽ നികുതി അടയ്ക്കാൻ പോയാൽ അവിടെ നികുതി സ്വീകരിക്കുന്നില്ല, കാരണം ഇന്നത്തെ രജിസ്റ്ററിൽ ചേർത്തുകഴിഞ്ഞാൽ ഇന്നുതന്നെ അടയ്ക്കണം, അതുകൊണ്ട് നാളെ വരാൻ പറയും. സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന രീതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ആഴ്ചയിൽ ഒരു പ്രാവശ്യം നികുതി ട്രഷറിയിലടച്ചാൽ മതിയെന്ന് വരികയാണെങ്കിൽ അത് ജനങ്ങൾക്ക് ഗുണമാകുമായിരുന്നു. ഇപ്പോൾ സാധാരണക്കാർക്കും കൂലിപ്പണിക്കു പോകുന്നവർക്കും ഇത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. ഉച്ചയ്ക്കുശേഷം വില്ലേജ് ഓഫീസുകളിൽ നികുതി അടയ്ക്കാൻ കഴിയാതെ വരുന്നു. ഇ-പേമെന്റിന്റെ കാര്യം പറഞ്ഞാൽ, അക്ഷയ സെന്ററുകളിൽ പോയി കാത്തുനിൽക്കേണ്ടിവരുന്നത് ഇവരെ സംബന്ധിച്ചിടത്തോളം അതിലേറെ ബുദ്ധിമുട്ടാണ്. വില്ലേജ് ഓഫീസിന്റെ കാര്യം പറയാതിരിക്കുകയാണ് നല്ലത്; വില്ലേജ് ഓഫീസിൽ പോയാൽ അവിടെ ഇരിക്കാൻ ഒരു സീറ്റുപോലും കാണില്ല. അവിടെ ചെല്ലുന്നവർക്ക് മാന്യമായി

ഒന്നിരിന്നു സംസാരിക്കാൻപോലും കഴിയാത്തവിധം വില്ലേജ് ഓഫീസുകളുടെ സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഇങ്ങനെ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ് സർക്കാരിന്റെ നിലപാടുകളെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. മറ്റു പല സർക്കാരാഫീസുകളിലും ഉള്ളതുപോലെ വില്ലേജ് ഓഫീസിലും നികുതിയടയ്ക്കാൻ ചെല്ലുന്നവർക്ക് ഇരിക്കാനും നിൽക്കാനുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന് അപേക്ഷിക്കുകയാണ്. വില്ലേജ് ഓഫീസർമാർ ഇ-ഡിസ്ട്രിക്ട്, ഓൺലൈൻ നാൾവഴി, സി.എം.ഡി.ആർ.എഫ്., ആർ.ആർ. സ്യൂട്ട്, ഇ-ട്രഷറി ഇങ്ങനെ നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. കൂടാതെ 24 സർട്ടിഫിക്കറ്റുകൾ ഓൺലൈൻവഴി കൊടുക്കാമെന്നാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. അതുപോലെ നോൺക്രീമിലെയർ സർട്ടിഫിക്കറ്റിനുവേണ്ടി വില്ലേജ് ഓഫീസുകളിൽ ചെന്നാൽ വലിയ ബുദ്ധിമുട്ടാണ്. നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്ന അതേ സമയത്തുതന്നെ വില്ലേജ് ഓഫീസർമാർക്ക് വേറെയും കുറെ സർട്ടിഫിക്കറ്റുകൾ കൊടുക്കേണ്ടതുണ്ട്. ജനങ്ങൾക്കാണ് ഇതിന്റെയൊക്കെ ആത്യന്തികമായ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്. എല്ലാ മേഖലയിലും പോസ്റ്റ് ക്രിയേഷൻ നടന്നിട്ടുണ്ട്. പക്ഷെ വില്ലേജ് ഓഫീസുകളിൽ ഇപ്പോഴും ആദ്യമുണ്ടായിരുന്ന 5 തസ്തികകളുള്ള പഴയ സ്റ്റാഫ് പാറ്റേണല്ലാതെ പുതിയ സ്റ്റാഫ് പാറ്റേൺ വന്നിട്ടില്ല. താഴേക്കിടയിലെ എല്ലാ ആളുകളും സമീപിക്കുന്ന രണ്ട് ഓഫീസുകളാണ് ഒന്ന് പഞ്ചായത്ത് ഓഫീസും മറ്റൊന്ന് വില്ലേജ് ഓഫീസും. പഞ്ചായത്ത് ഓഫീസിൽ ജനപ്രതിനിധികൾക്കെല്ലാവർക്കും കൂടി പേരിന് ഒരു വാഹനമുണ്ട്. എന്നാൽ വില്ലേജ് ഓഫീസിൽ ജീവനക്കാർക്ക് ഫീൽഡിൽ പോകുന്നതിനോ ആളുകളുടെ പ്രശ്നം നോക്കുന്നതിനോ സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നതിന് പരിശോധന നടത്തുന്നതിനോ ആവശ്യമായ ഒരു വാഹനം പോലുമില്ല, കെട്ടിടങ്ങളുമില്ല. വില്ലേജ് ഓഫീസുകളെ സ്ട്രെംഗ്തൺ ചെയ്തുകൊണ്ട് ജനങ്ങളുടെ ബുദ്ധിമുട്ട് അകറ്റണം. ഈ അസൗകര്യങ്ങളൊക്കെ ഉണ്ടാകുമ്പോൾ അതിന്റെ ആത്യന്തികമായ ഇരകളെന്നു പറയുന്നത് ഇവിടെയുള്ള ജനങ്ങളാണ്. ജനങ്ങൾ വന്നാൽ വില്ലേജ് ഓഫീസർ പറയുന്നത് ഫീൽഡിൽ പോയി നോക്കണം, അതിന് വാഹനം പിടിച്ചുകൊണ്ടുവരണമെന്നാണ്. വാഹനം പിടിച്ചുകൊണ്ടു ചെല്ലുമ്പോൾ ആ സമയത്ത് ഒഴിവുണ്ടാകുകയില്ല. ഇതിന്റെയെല്ലാം കെടുതികൾ അവസാനം അനുഭവിക്കുന്നത് ഈ നാട്ടിലെ സാധാരണക്കാരാണെന്നുള്ളതുകൊണ്ട് വില്ലേജ് ഓഫീസുകളിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് ഞാൻ ഇവിടെ ആവശ്യപ്പെടുകയാണ്. വില്ലേജ് ഓഫീസുകളിൽനിന്ന് ഭൂനികുതിക്ക് ഒരു റെസീപ്റ്റ് മാത്രമേ തരികയുള്ളൂ. ഏത് സർട്ടിഫിക്കറ്റുകൾ കിട്ടണമെങ്കിലും അതായത്, പൊസഷൻ സർട്ടിഫിക്കറ്റ്,

നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് തുടങ്ങിയവ കിട്ടണമെങ്കിലും ബാങ്കിൽ നിന്ന് വായ്പ കിട്ടണമെങ്കിലും ഭൂനികുതി അടച്ച രസീത് ചോദിക്കും. ഒരു വർഷത്തിൽ ഒരു രസീത് മാത്രമേ നൽകാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ട് ഈ സർട്ടിഫിക്കറ്റിന്റെ കോപ്പി എല്ലായിടത്തും സ്വീകരിക്കുന്ന രീതിയിലേയ്ക്ക് ഒരു സർക്കുലർ അയയ്ക്കണമെന്നുള്ളതാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് പഴയ നോംസിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ കാര്യങ്ങൾ ചെയ്യുന്നത്. ഫ്ലഡ് റിലീഫിന്റെ ഫണ്ട് വന്നാൽ അത് വിനിയോഗിക്കുന്ന കാര്യത്തിൽപോലും പഴയ നോംസാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കോ മറ്റുള്ളവർക്കോ ഇത് തിരുത്താൻ കഴിയുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ ഒരു അനുഭവമുണ്ടായി, കഴിഞ്ഞ കാലവർഷക്കെടുതിയിൽ ഒരു റോഡ് തകർന്നുപോയി. തകർന്ന റോഡിന്റെ സൈഡ് കെട്ടുന്നതിനുവേണ്ടി ഫ്ലഡ് റിലീഫിൽ നിന്ന് 10 ലക്ഷം രൂപ റവന്യൂ വകുപ്പുമന്ത്രി തരാമെന്ന് പറഞ്ഞു. ഉപരിതലം ചെയ്യാൻ മാത്രമേ ഇതിന്റെ നോംസ് അനുവദിക്കൂ എന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ആ ഫണ്ട് ഉപയോഗിക്കാൻ കഴിഞ്ഞില്ല. സൈഡ് കെട്ടാതെ റോഡിന്റെ ഉപരിതലം ചെയ്യാൻ കഴിയില്ലല്ലോ? അതുകൊണ്ട് ഇങ്ങനെയുള്ള നോംസൊക്കെ തിരുത്തണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. കാർഷികാദായ നികുതിയുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ, ഒരേക്കർ നെൽകൃഷി ചെയ്യണമെങ്കിൽ ചെലവ് ഏകദേശം 25,500 രൂപ വരും, അതിൽ നിന്ന് നെല്ല് കിട്ടി വയ്ക്കോൽ അടക്കം വിറ്റുകഴിഞ്ഞാൽ ആകെ ലഭിക്കുന്നത് 20,000 രൂപയാണെന്നാണ് ഒരു കർഷകൻ എന്നോട് വേദനയോടുകൂടി പറഞ്ഞത്. അതുകൊണ്ട് ഈ മേഖലയിൽ തൊഴിലുറപ്പ് പദ്ധതിയിലുള്ള തൊഴിലാളികളുടെ സേവനം വിനിയോഗിക്കുന്ന കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ഇവിടെ ഇന്ന് രാവിലെ ചർച്ച തുടങ്ങിവച്ച ശ്രീ. കെ. ഡി. പ്രസേനൻ മുതൽ ശ്രീ. എം. നൗഷാദ് വരെയുള്ളവരൊക്കെ പറഞ്ഞത് ബി.ജെ.പി.-യും കോൺഗ്രസ്സും ഒരുപോലെയാണെന്നാണ്. ഇന്ത്യയുടെ ചരിത്രം പറയാതിരിക്കുകയാണ് നല്ലത്. 1977-ലാണെങ്കിലും 1989-ലാണെങ്കിലും ബി.ജെ.പി.-യെ എല്ലാക്കാലത്തും സഹായിച്ചതിലും ശ്രീ. എ. ബി. വാജ്പേയിയെയും ശ്രീ. എൽ. കെ. അദ്വാനിയെയും മന്ത്രിമാരാക്കിയതിലും 1989-ൽ വി. പി. സിംഗിനെ താങ്ങിനിർത്തിയതിലുമെല്ലാം ഇടതുപക്ഷത്തിനും ബി.ജെ.പി.-ക്കും തുല്യ പങ്കാണുള്ളത്. ഏറ്റവും അവസാനമായി, കേരളത്തിലെ ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം, മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം ബി.ജെ.പി. ഭരണത്തിന്റേതുപോലെയുള്ള സമീപനംതന്നെയാണ് ഇവിടത്തെ എൽ.ഡി.എഫ്.-ന്റെ ഭരണവും എന്നുള്ളതാണ്. അത് ഒരുപക്ഷെ നിങ്ങൾക്ക് ഹിന്ദു വർഗ്ഗീയതയെ പിടിച്ചുനിർത്താൻ

വേണ്ടിയാണോ എന്ന് എനിക്കറിഞ്ഞുകൂടാ. ഇപ്പോൾ അവസാനമായി പീസ് സ്കൂളിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് ബഹുസ്വരതയെ നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള സിലബസുള്ള എല്ലാ സ്കൂളുകളും അടച്ചുപൂട്ടും എന്നാണ്. ആകട്ടെ, ഒരു പ്രശ്നവുമില്ല. അതുസംബന്ധിച്ച് അറസ്റ്റും നടന്നു. പക്ഷെ ഇവിടെ വിദ്യാഭാരതി, വിദ്യാനികേതൻ പോലെയുള്ള ആർ.എസ്.എസ്.-ഉം സംഘപരിവാറും നേതൃത്വം നൽകുന്ന സ്കൂളുകളുണ്ട്. അവർ തനി വർഗ്ഗീയത പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കൊടിഞ്ഞിയിലെ ഫൈസലിന്റെ വധവുമായി ബന്ധപ്പെട്ട ഗൂഢാലോചന നടന്നത് പരപ്പനങ്ങാടിയിലെ വിദ്യാനികേതൻ സ്കൂളിൽ വച്ചാണെന്ന് പറഞ്ഞിട്ടുപോലും ആ സ്കൂളുകളുടെ സിലബസ് പരിശോധിക്കാനോ ശശികല ടീച്ചർമാരുടെ പ്രസംഗം നിയന്ത്രിക്കാനോ അവർക്കെതിരെ കേസെടുക്കാനോ ഒന്നിനും ഈ സർക്കാർ തയ്യാറാകാതിരിക്കുമ്പോൾ കേരളത്തിലെ ഈ ന്യൂനപക്ഷങ്ങൾ അരക്ഷിത ബോധത്തോടുകൂടി ഇതിനെ കാണുകയാണ്. ഈ ഭരണവും ബി.ജെ.പി.-യുടെ ഭരണവും കേരളത്തിലെ ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഒരുപോലെയുള്ള ആശങ്ക പരത്തിക്കൊണ്ടാണ് നിലനിൽക്കുന്നത്. ഇങ്ങനെയുള്ള ഘട്ടത്തിൽ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ യാതൊരു നിർവ്വാഹവുമില്ല.

<u>ശ്രീ. ജോർജ് എം. തോമസ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. നമ്മുടെ രാജ്യത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി സംജാതമായിരിക്കുന്നുവെന്ന് വിശദീകരിച്ചുകൊണ്ട് സംസാരിച്ചിട്ടുള്ളത് മുൻ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. യശ്വന്ത് സിൻഹയും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപദേഷ്ടാവായ ശ്രീ. അരവിന്ദ് സുബ്രഹ്മണ്യനും ഉൾപ്പെടെയുള്ളവരാണ്. ആവശ്യമായ ഗൃഹപാഠം ചെയ്യാതെയും മുന്നൊരുക്കങ്ങൾ നടത്താതെയും ജി.എസ്.ടി. അടിച്ചേൽപ്പിച്ചതിലൂടെയും നോട്ട് നിരോധനം നടപ്പിലാക്കിയതിലൂടെയുമാണ് ഈ പുതിയ സാമ്പത്തിക പ്രതിസന്ധി വന്നുചേർന്നിരിക്കുന്നത്. അതിന്റെ ഫലമായി ഗുരുതരമായ തൊഴിലില്ലായ്മ, ജി.ഡി.പി.-യിലെ കുറവ് തുടങ്ങിയ സർവ്വതല സ്പർശിയായ പ്രതിസന്ധി സംജാതമായിരിക്കുകയാണ്. ഇതിന് പരിഹാരം കാണാൻ വ്യത്യസ്തമായ മാർഗ്ഗങ്ങൾ സ്വീകരിച്ചേ മതിയാകൂ. ബി.ജെ.പി.-യുടെ ഇത്തരം സാമ്പത്തിക അരാഷ്ട്രീയ നയങ്ങൾക്ക് ജനകീയ ബദൽ ഉയർത്തിപ്പിടിക്കാനാണ് ഇവിടെ കേരള സർക്കാർ ശ്രമിക്കുന്നത്. ഇത്തരം ഇടതുപക്ഷ ജനകീയ ബദലുകൾ ഉയർത്താതെ ബി.ജെ.പി. എന്നുപറയുന്ന പാർട്ടിയെയും അവർ നയിക്കുന്ന മുന്നണിയെയും നേരിടാനാവില്ല എന്നത് പ്രായോഗികമായ അറിവ് മാത്രമാണ്. ലോകത്തെമ്പാടുമുള്ള രാജ്യങ്ങളിൽ പലതിലും നവഉദാരവൽക്കരണ സാമ്പത്തിക നയങ്ങളുടെ തുടർച്ചയായി ഗുരുതരമായ ജനകീയ അസംതൃപ്തി

വളർന്നുവന്നിരിക്കുകയാണ്. ഇത്തരം ജനകീയ അസംതൃപ്തി വളർന്നുവന്ന രാജ്യങ്ങളിൽ, ശരിയായ ബദലുകളില്ലാത്തിടത്തെല്ലാം, വലതുപക്ഷ തീവ്രവാദ പ്രസ്ഥാനങ്ങൾ, തീവ്ര നവഫാസിസ്റ്റ് ശക്തികൾ അധികാരത്തിൽ വന്നു കൊണ്ടേയിരിക്കുകയാണ്. അങ്ങനെ അധികാരത്തിൽ വരാൻ അവർ പ്രലോഭനകരമായ വ്യാമോഹങ്ങൾ സമൂഹത്തിൽ പടർത്തുകയാണ്. ഇന്ത്യയിലും കോൺഗ്രസ്സ് തുടർന്നുവന്ന സാമ്പത്തിക നയങ്ങളുടെ കെടുതി അനുഭവിച്ച ജനങ്ങളുടെയിടയിൽ പുതിയ പ്രതീക്ഷകൾ വാരിവിതറിയാണ് ബി.ജെ.പി. അധികാരത്തിൽ വന്നത്. ബി.ജെ.പി. അന്നത്തെ തെരഞ്ഞെടുപ്പിനുമുൻപ് പറഞ്ഞിരുന്നത്, 'ഇന്ത്യയുടെ നല്ല ദിനങ്ങൾ വരവായി; അച്ഛാ ദിൻ ആനെ വാലാ ഹെ' എന്നാണ്. അതുപോലെ ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നാൽ വിദേശ രാജ്യങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള കള്ളപ്പണം പിടിച്ചെടുത്ത് ഓരോ ഇന്ത്യക്കാരന്റെയും അക്കൗണ്ടിലേയ്ക്ക് പതിനഞ്ച് ലക്ഷം രൂപ വീതം നിക്ഷേപിക്കും, പ്രതിവർഷം രണ്ട് കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കും, കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉൽപ്പാദനച്ചെലവിന്റെ 150 ശതമാനം കണക്കാക്കി തറവില നിശ്ചയിക്കും തുടങ്ങിയ ഒട്ടനവധി മോഹനവാഗ്ദാനങ്ങൾ വിതറിയിരുന്നു. കോൺഗ്രസ്സ് ഭരണത്തിന്റെ അസംതൃപ്തിയുടെ ഫലമായി കെടുതിയനുഭവിച്ചു കൊണ്ടിരുന്ന ജനങ്ങളെയാണ് ബി.ജെ.പി.-ക്ക് വരുതിയിലാക്കാൻ കഴിഞ്ഞത്. അധികാരത്തിൽ വന്നതിന് ശേഷമാകട്ടെ, ബി.ജെ.പി. കോർപ്പറേറ്റുകളെ സഹായിക്കുന്ന, ഇന്ത്യൻ കുത്തകകളെ സഹായിക്കുന്ന നിലപാടുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്.വിദേശ രാജ്യങ്ങളിലെ കള്ളപ്പണം പിടിച്ചെടുത്തില്ല എന്നുമാത്രമല്ല നമ്മുടെ രാജ്യത്തെ വൻകിട കുത്തകകൾക്ക് ഏതാണ്ട് എട്ട് ലക്ഷം കോടിയിലധികം രൂപ വരുന്ന അവരുടെ ബാങ്ക് വായ്പ എഴുതിത്തള്ളാനും വലിയ തോതിൽ സാമ്പത്തിക ക്രമക്കേട് നടത്തുന്ന കോർപ്പറേറ്റുകൾക്ക് രാജ്യം വിട്ടുപോകാനുമുള്ള ഒത്താശ ഉൾപ്പെടെ എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ട് കോർപ്പറേറ്റുകളെ സഹായിക്കുന്ന സമീപനമാണ് ബി.ജെ.പി. സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഈ പ്രശ്നത്തിൽ ഇന്ത്യൻ ജനത യഥാർത്ഥത്തിൽ അസ്വസ്ഥരാണ്. ഏറ്റവും വലിയ ആശങ്കയുണ്ടാക്കുന്ന സമീപനങ്ങളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി നമ്മുടെ രാജ്യത്ത് നിരവധി സംസ്ഥാനങ്ങളിൽ കാർഷിക കലാപങ്ങൾ പൊടുന്നനെ പൊട്ടിപ്പുറപ്പെടുകയാണ്. ഈ കാർഷിക കലാപങ്ങളെ അടിച്ചമർത്താൻവേണ്ടിയുള്ള എല്ലാ ശ്രമങ്ങളും ബി.ജെ.പി. നടത്തിക്കൊണ്ടിരിക്കുകയാണ്. മദ്ധ്യ പ്രദേശിലെ മൻസൂർ എന്ന സ്ഥലത്ത് നടന്ന കർഷക സമരത്തിനു നേരെയുള്ള പോലീസ് വെടിവയ്പിൽ 6 കർഷകർ കൊല്ലപ്പെട്ടു. കാർഷിക കലാപം കെട്ടടങ്ങുകയല്ല, ഹരിയാനയിലേയ്ക്കും രാജസ്ഥാനിലേയ്ക്കും മഹാരാഷ്ട്രയിലേയ്ക്കും ഉത്തർപ്രദേശിന്റെ പല മേഖലകളിലേയ്ക്കും

കലാപങ്ങൾ വളരുകയാണുണ്ടായത്. ഇത്തരം കാർഷിക കലാപങ്ങൾക്കൊപ്പം തന്നെയാണ് സംഘടിത തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള സമരങ്ങളും വളർന്നുവരുന്നത്. ഈ സമരങ്ങളും പ്രക്ഷോഭങ്ങളും ബി.ജെ.പി.-യുടെ മുന്നണിയെത്തന്നെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. പ്രതികൂലമായി ബാധിച്ചതിന്റെ ഫലമായാണ് മഹാരാഷ്ട്രയിലെ ശിവസേന ബി.ജെ.പി.-യുമായുള്ള ബന്ധം ഒഴിവാക്കുന്നുവെന്ന് പരസ്യമായി പ്രഖ്യാപിച്ചത്. പല സ്ഥലങ്ങളിലും തെരഞ്ഞെടുപ്പ് നടക്കുന്നിടത്ത് ബി.ജെ.പി.-ക്ക് മുൻപുണ്ടായിരുന്ന സ്വാധീനം നഷ്ടപ്പെടുന്നതിന്റെ ഫലമായി മഹാരാഷ്ട്രയിലും പഞ്ചാബിലും ഗുജറാത്തിലുമെല്ലാം ബി.ജെ.പി.-യുടെ സ്വാധീനം ഗണ്യമായ തോതിൽ കുറഞ്ഞിരിക്കുകയാണ്. ഇതിനെ മറികടക്കാൻ ബി.ജെ.പി. കൂടുതൽ കൂടുതൽ ഫാസിസ്റ്റ് പ്രവണതകൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വർഗ്ഗീയതയെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ടാണ് അത്തരം സമീപനങ്ങൾ അവർ സ്വീകരിക്കുന്നത്. ശരിയായ ഇടതുപക്ഷ ബദൽ മാതൃകകൾ സൃഷ്ടിച്ച്, അവ പ്രായോഗികമായി അവതരിപ്പിച്ചുകൊണ്ടുമാത്രമേ നമുക്ക് ഈ പ്രതിസന്ധിയെ മറികടക്കാൻ കഴിയുകയുള്ളൂ. അത്തരമൊരു പ്രായോഗിക ബദലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ഇവിടെ സാമ്പത്തികമായി ജി.എസ്.ടി., നോട്ടുനിരോധനം ഉൾപ്പെടെയുള്ളവ പ്രതിസന്ധികളുണ്ടാക്കുമ്പോൾ ബദൽ മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് ഇടതുപക്ഷമുന്നണി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അഴിമതിരഹിതവും മതനിരപേക്ഷവുമായ വികസിത കേരളം എന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിന് ആവശ്യമായ നടപടികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായാണ് കിഫ്ബിയെന്ന പുതിയ സങ്കൽപ്പം വളർത്തിയെടുത്തത്. കിഫ്ബി വന്നപ്പോൾ യു.ഡി.എഫ്.-ലെ ഒരു പണ്ഡിതനാണെന്നും ഭാവിയിൽ ഒരുപക്ഷേ യു.ഡി.എഫ്.-ന് ഭരണം കിട്ടിയാൽ ധനകാര്യ വകുപ്പുമന്ത്രി വരെയാകുമെന്നും ഭാവിക്കുന്ന, അല്ലെങ്കിൽ അങ്ങനെ കരുതപ്പെടുന്ന ഒരാളുണ്ട്, പേരുപറയാൻ കഴിയില്ല, ഒരു ക്ലൂ തരാം, അദ്ദേഹം കെ.പി.സി.സി.-യുടെ പ്രസിഡന്റിനെക്കാൾ തൊട്ടുതാഴെയാണെന്നാണ് വയ്പ്. ഹൈക്കോടതിയിലെ വക്കീലാണെന്ന് പറയപ്പെടുന്നു, കാഴ്ചയ്ക്ക് ആൾ വളരെ സുമുഖനാണ്, മുരളിയേട്ടനുമായി നല്ല ബന്ധത്തിലാണ്, ഇങ്ങനെയൊക്കെയാണ്. സമീപകാലത്ത് അദ്ദേഹത്തിന്റെ സുഹൃത്ത് എന്നോട് പറഞ്ഞത് ഭാവി ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയ്ക്ക് രാത്രിയിലൊക്കെ ഇടയ്ക്കിടയ്ക്ക് സ്വപ്നം കാണുമ്പോഴും ഈ കടം എങ്ങനെ വീട്ടുമെന്നാണ് അദ്ദേഹത്തിന്റെ ആശങ്ക എന്നാണ്. കിഫ്ബിക്ക് ഡോ. ടി. എം. തോമസ് ഐസക് വാങ്ങിവയ്ക്കുന്ന പണമെല്ലാം വീട്ടേണ്ടി വരുന്നത്

താനാണല്ലോയെന്ന് ചിന്തിച്ച് ഇടയ്ക്കിടയ്ക്ക് അദ്ദേഹത്തിന് ഉറക്കം കിട്ടുന്നില്ല. അങ്ങനെയുള്ള മനുഷ്യൻ കിഫ്ബിയെക്കുറിച്ച് ഇങ്ങനെയെല്ലാമുള്ള വാചകങ്ങളടിക്കുമ്പോൾ എനിക്ക് അദ്ദേഹത്തിനോടും യു.ഡി.എഫ്.നോടും പൊതുവിൽ പറയാനുള്ളത് നിങ്ങൾ ബേജാറാകേണ്ടി വരികയേയില്ല എന്നാണ്. കാരണം നിങ്ങൾ ഒരുകാലത്തും ഒരുകാരണവശാലും കേരളത്തിൽ അധികാരത്തിൽ വരികയോ ഈ ബാധ്യത വീട്ടേണ്ടി വരികയോ ചെയ്യില്ല. ഇത് പണ്ടുകാലത്ത് ശ്രീ. എ. കെ. ആന്റണി ഞങ്ങളെക്കുറിച്ച് പറഞ്ഞതു പോലെയല്ല. ഇതിന്റെ അടിസ്ഥാനം എന്തെന്നു പറഞ്ഞാൽ, കേരളത്തിലെ കലാശാലകളിലും സ്കൂളുകളിലുമെല്ലാം തെരഞ്ഞെടുപ്പ് നടക്കുകയാണ്, മുൻപ് കെ.എസ്.യു. എന്നുപറഞ്ഞാൽ ഏഷ്യയിലെ ഏറ്റവും വലിയ വിദ്യാർത്ഥി പ്രസ്ഥാനമായിരുന്നു, ഇപ്പോൾ 'പൊടിപോലുമില്ല കണ്ടുപിടിക്കാൻ' എന്ന അനിക്സ്പ്രേ പരസ്യം പോലെയാണ്, സ്കൂളുകളിലോ കോളേജുകളിലോ കെ.എസ്.യു. എന്ന സാധനത്തിനെ കാണാനേയില്ല. ഇപ്പോൾ 79 ഐ.ടി.ഐ.-കളിൽ തെരഞ്ഞെടുപ്പ് നടന്നു, അതിൽ 76-ലും എസ്.എഫ്.ഐ.യാണ്; 3 എണ്ണം മാത്രമാണ് മറ്റുള്ളവർ. ഇത് വളരെ റീസന്റായുള്ള കാര്യമാണ്. വേങ്ങരയിലും മലപ്പുറത്തും ഉപതെരഞ്ഞെടുപ്പ് നടന്നപ്പോൾ യു.ഡി.എഫ്.-ന്റെ വോട്ട് കുറയുകയും എൽ.ഡി.എഫ്.-ന്റെ വോട്ട് വർദ്ധിക്കുകയുമാണ് ചെയ്തത്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം സീറ്റുകളിൽ എൽ.ഡി.എഫ്. ജയിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കൈവശമുണ്ടായിരുന്ന സീറ്റുകൾപോലും എൽ.ഡി.എഫ്. പിടിക്കുകയാണ്. ഇത് ഈ ബദൽ സാമ്പത്തിക നയം ജനങ്ങൾ എങ്ങനെയാണ് സ്വീകരിക്കുന്നത് എന്നതിന്റെ തെളിവാണ്. നിങ്ങളിപ്പോൾ ത്രിപുരയെക്കുറിച്ച് പറയുന്നത് കേട്ടു, യെച്ചൂരി ലൈനെന്നൊക്കെ ചിലരിങ്ങനെ വ്യാഖ്യാനിക്കുന്നത് കേട്ടാൽ 'കണ്ണുപൊട്ടൻ ആനയെ കണ്ടതുപോലെ' എന്ന ഉദാഹരണംപോലും പഴഞ്ചനായിപ്പോകും. യെച്ചൂരി ലൈൻ, മറ്റേ ലൈൻ എന്നുപറയുന്ന രണ്ടുലൈൻ ഈ പാർട്ടിയിലില്ല, നിങ്ങൾ അത് മനസ്സിലാക്കണം. ഞങ്ങളുടെ പാർട്ടിയുടെ അടുത്ത മൂന്ന് വർഷത്തെ ടാക്ടിക്കൽ ലൈനിനെക്കുറിച്ചാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അതിന്റെ ഡ്രാഫ്റ്റ് മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. അതുമായി ബന്ധപ്പെട്ട് നിങ്ങൾക്കും ഞങ്ങൾക്കും ലോകത്തെമ്പാടുമുള്ള ആളുകൾക്കും അഭിപ്രായം പറയാം. ഞങ്ങളുടെ പാർട്ടി കോൺഗ്രസ്സ് ചർച്ച ചെയ്ത് അംഗീകരിക്കുന്നതുവരെ അത് കരട് മാത്രമാണ്. ആ കരടിൽ ഒരു അഭിപ്രായവ്യത്യാസവും ഞങ്ങൾക്കില്ല. എല്ലാവർക്കുമുള്ള ഏക അഭിപ്രായം ബി.ജെ.പി.-യെ പരാജയപ്പെടുത്തുക എന്നതാണ്. ബി.ജെ.പി.-യെ പരാജയപ്പെടുത്താൻ നിങ്ങളുമായി കൂട്ടുകൂടിയാലുണ്ടാകുന്ന അനുഭവം, ഉത്തർ പ്രദേശിൽ ശ്രീ. അഖിലേഷ് യാദവ് നിങ്ങളുമായി കൂട്ടുകൂടിയപ്പോഴുണ്ടായത്

തന്നെയായിരിക്കും. ശ്രീ. അഖിലേഷ് യാദവ് ഉത്തർ പ്രദേശിൽ സാമാന്യേന ജനശക്തിയും സ്വാധീനവുമുള്ള വ്യക്തിയായിരുന്നു. അദ്ദേഹം നിങ്ങളുമായി കൂട്ടുകൂടി റോഡ് ഷോ നടത്തി, അദ്ദേഹത്തിനുണ്ടായിരുന്ന സീറ്റും നഷ്ടപ്പെട്ടു, നിങ്ങളുമില്ല. 'ചന്ദനം ചാരിയാൽ ചന്ദനം മണക്കും, ചാണകം ചാരിയാൽ ചാണകം മണക്കും' എന്നുള്ള നാടൻ ചൊല്ലുപോലെ നിങ്ങളുടെ കൂടെ കൂടിയാൽ ഞങ്ങളുടെ കാര്യവും കട്ടപ്പുകയായിപ്പോകും. അതുകൊണ്ട് നിങ്ങളുമായി കൂട്ടുകൂടുന്ന പ്രശ്നമില്ല. ബി.ജെ.പി.-യെ തോൽപ്പിക്കണമെങ്കിൽ ജനകീയ ബദൽ ഉയർത്തുക. അതാണ് കേരള സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ആ സമീപനവുമായി ഞങ്ങൾ മുന്നോട്ടുപോകുമ്പോൾ താൽക്കാലികമായ തിരിച്ചടികൾ ഞങ്ങൾക്കുണ്ടായി എന്നുവരാം. സഖാവ് ഇ.എം.എസ്. പ്രവാചകതുല്യമായ കാഴ്ചപ്പാടോടുകൂടി ഞങ്ങളോട് പറഞ്ഞിട്ടുള്ളത്, "സഖാക്കളെ, ഇനി ക്യൂബയും കൊറിയയും ചൈനയും ഉൾപ്പെടെയുള്ള രാജ്യങ്ങൾ സോഷ്യലിസ്റ്റ് പാത വിട്ടാലും നിങ്ങൾ ഭയപ്പെടരുത്, ചാഞ്ചാടരുത്. അത് താൽക്കാലികമായ തിരിച്ചടി മാത്രമായിരിക്കും. ലോക തൊഴിലാളിവർഗ്ഗ പ്രസ്ഥാനം ഈ താൽക്കാലികമായ പിന്നോട്ടടികളെ അതിജീവിച്ചുകൊണ്ട് മുന്നോട്ടുവരുന്ന കാലം അതിവിദൂരമല്ല. അതുകൊണ്ട് നിങ്ങൾ ഭയപ്പെടേണ്ട" എന്നാണ്. പ്രവാചകസമാനമായ ഈ വാചകങ്ങൾ 1991-ൽ സഖാവ് ഇ.എം.എസ്. ഞങ്ങളുടെ പാർട്ടി റിപ്പോർട്ടിംഗിൽ പറഞ്ഞത് ഞാൻ ഓർക്കുകയാണ്. ത്രിപുരയിൽ മുമ്പും ഞങ്ങൾ പരാജയപ്പെട്ടിട്ടുണ്ട്. 1988-ൽ സന്തോഷ് മോഹൻ ദേവ് ഉൾപ്പെടെ അന്നത്തെ കേന്ദ്ര ഉരുക്കുമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വിഘടനവാദികളെയും ദേശവിരുദ്ധരെയും കൂട്ടിയോജിപ്പിച്ച് കടുത്ത അക്രമങ്ങൾ അഴിച്ചുവിട്ട് ഞങ്ങളെ പരാജയപ്പെടുത്തിയ കാര്യം നിങ്ങൾക്കും ഓർമ്മയുണ്ടാകും. അതിനെ അതിജീവിച്ച പ്രസ്ഥാനമാണ് ഇത്.

1972-ൽ അടിയന്തരാവസ്ഥയുടെ മുന്നോടിയായി പശ്ചിമ ബംഗാളിൽ സിദ്ധാർത്ഥ ശങ്കർ റേയുടെ നേതൃത്വത്തിൽ സഖാവ് ജ്യോതി ബസുവിന്റെ തെരെഞ്ഞെടുപ്പ് ബൂത്തുപോലും പിടിച്ചടക്കിയ നിങ്ങൾ പ്രതീക്ഷിച്ചത് അതോടുകൂടി കമ്മ്യൂണിസ്റ്റ് പാർട്ടിയും സി.പി.ഐ(എം)-ഉം ഇടതുപക്ഷ പ്രസ്ഥാനങ്ങളും തകർന്നു തരിപ്പണമാകുമെന്നാണ്. പക്ഷേ 5 വർഷം കഴിഞ്ഞ് 1977-ൽ ഒരു ഫീനിക്സ് പക്ഷിയെപ്പോലെ പശ്ചിമബംഗാളിൽ സി.പി.ഐ(എം)-ന്റെ നേതൃത്വത്തിലുള്ള സർക്കാർ വന്നത് നിങ്ങൾക്ക് കാണേണ്ടിവന്നു. അതുകൊണ്ട് എത്രകണ്ട് അടിച്ചമർത്തുന്നുവോ അതിനനുസരിച്ച് ഉയർന്നുപൊന്തുന്ന ഫീനിക്സ് പക്ഷിക്ക് സമാനമായ വളർച്ച കൈവരിക്കുന്ന പ്രസ്ഥാനമാണ് ഇതെന്ന് നിങ്ങൾ തിരിച്ചറിയണം. കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഞങ്ങളുടെ പാർട്ടി കോൺഗ്രസ്സ് കഴിയുന്നതോടുകൂടി തീർച്ചയായും ഇന്ത്യയിൽ

കോൺഗ്രസ്സല്ലാത്ത, ബി.ജെ.പി. വിരുദ്ധരായ എല്ലാവരെയും കൂട്ടിയോജിപ്പിച്ചു കൊണ്ട് എന്തുവില കൊടുത്തും ബി.ജെ.പി.-യെ തോൽപ്പിക്കുക എന്ന രാഷ്ട്രീയ കടമ പൂർത്തിയാക്കാൻ കഴിയുമെന്നുതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. നല്ലവരായ കോൺഗ്രസ്സുകാർ തീർച്ചയായും ഇവിടെയുണ്ട്. കോൺഗ്രസ്സിൽ ഇപ്പോൾ ആരൊക്കെയാണ് നല്ലതെന്നൊന്നും ഞാനിവിടെ വിശദീകരിക്കുന്നില്ല. പക്ഷേ കേരളത്തിലെ കോൺഗ്രസ്സിൽ വരാൻ പോകുന്ന ഒരു അപകടത്തെക്കുറിച്ച് പത്രങ്ങളിൽ ഇപ്പോൾ വാർത്ത വന്നിട്ടുണ്ട്. നിങ്ങളെ അവർ ചൂണ്ടയിട്ടു കൊണ്ടിരിക്കുകയാണ്. പതിനഞ്ചോളം കോൺഗ്രസ്സ് നേതാക്കൾ ആ ചൂണ്ടയിൽ കൊത്തിയെന്നാണ് കേൾക്കുന്നത്. എന്തെല്ലാം ദോഷങ്ങൾ പറഞ്ഞാലും ശ്രീ. ഉമ്മൻ ചാണ്ടിയുടെ പേര് അതിൽ പറഞ്ഞുകേൾക്കുന്നില്ല. എന്നാൽ ശ്രീ. രമേശ് ചെന്നിത്തല ഉൾപ്പെടെയുള്ള കോൺഗ്രസ്സ് നേതാക്കളെക്കുറിച്ച് സംശയ ദൃഷ്ടിയോടെയാണ് ഈ പത്രവാർത്തകൾ വന്നുകൊണ്ടിരിക്കുന്നതെന്ന് നിങ്ങൾ തിരിച്ചറിയണം. ഞങ്ങൾ ബി.ജെ.പി.-യോടൊപ്പം പോകില്ല എന്ന് ഉറപ്പിച്ചു പറയാൻ നിങ്ങൾക്ക് കഴിയുന്നില്ല. സാൻഡ്‌വിച്ച് മോഡലിൽ, സാൻഡ്‌വിച്ച് മോഡൽ എന്നതുകൊണ്ട് ഞാൻ ഉദ്ദേശിച്ചത് എന്താണെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് മനസ്സിലായിട്ടുണ്ടാകും, ജീവിതശൈലി ക്രമീകരിച്ച കോൺഗ്രസ്സിലെ എൻ. ഡി. തിവാരി, റീത്ത ബഹുഗുണ എന്നിങ്ങനെ കോൺഗ്രസിന്റെ നീണ്ടനിരതന്നെ ബി.ജെ.പി.-യിലേയ്ക്ക് പോയി കൊണ്ടിരിക്കുമ്പോൾ നിങ്ങളിൽ ആരൊക്കെയായിരിക്കാം ബി.ജെ.പി.-യിലേയ്ക്ക് പോകുന്നത്? പണ്ട് യേശുവിനെ ഒറ്റുകൊടുത്ത യൂദാസിനെപ്പോലെ കോൺഗ്രസ്സിനെ ഒറ്റുകൊടുത്തുകൊണ്ട് കേരളത്തിൽനിന്ന് ആരായിരിക്കും ബി.ജെ.പി.-യിലേയ്ക്ക് പോകുക എന്ന കാര്യത്തിലേ സംശയമുള്ളൂ, ചിലർ പോകുമെന്ന കാര്യത്തിൽ തർക്കമില്ല. ബി.ജെ.പി.-യിൽ മുമ്പ് മിസ്ഡ് കോൾ ചെയ്ത് മെമ്പർഷിപ്പ് നൽകുമായിരുന്നു. ഇപ്പോൾ മിസ്ഡ് കോൾ ചെയ്ത് മെമ്പർഷിപ്പെടുക്കാൻ ആളുകൾ വരുന്നില്ല. അതുകൊണ്ട് കോടിക്കണക്കിനു രൂപ കൊടുത്താണ് ആളുകളെ ബി.ജെ.പി.-യിലേയ്ക്ക് ചേർത്തുകൊണ്ടിരിക്കുന്നത്. ഞങ്ങൾ മനസ്സിലാക്കുന്നത് കേരളത്തിലും ഇതിനോടകം 1200 കോടി രൂപ എത്തിച്ച് ബി.ജെ.പി. ചെലവഴിച്ചു കൊണ്ടിരിക്കുകയാണെന്നാണ്. അതിഭീകരമായ സാമ്പത്തിക പ്രതിസന്ധി, കേന്ദ്ര സർക്കാരിലെ ഭരണം ഇതെല്ലാം ഉപയോഗപ്പെടുത്തി കേരളത്തിലെ കോൺഗ്രസ്സിനെയും ബി.ജെ.പി. വിഴുങ്ങാതിരിക്കാൻ ശ്രദ്ധിക്കുകയാണ് വേണ്ടത്. അതിന് സി.പി.ഐ(എം)-നെയും ഇടതുപക്ഷ പ്രസ്ഥാനങ്ങളെയും ചെളി വാരി എറിയുകയല്ല, ഈ സർക്കാർ ചെയ്യുന്ന നല്ല കാര്യങ്ങളെ പിന്തുണച്ചുകൊണ്ട് ബി.ജെ.പി.യെ തോൽപ്പിക്കാൻ നിങ്ങൾകൂടി പങ്കെടുക്കുകയാണ് വേണ്ടത് എന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ജോർജ് എം. തോമസ് പറഞ്ഞത് ഞങ്ങൾ ആരെയൊക്കെയോ ക്ഷണിച്ചെന്നും എന്നാൽ അവർക്ക് ഇങ്ങോട്ട് വരാൻ മനസ്സില്ല എന്നുമുള്ള രീതിയിലാണ്. ഞങ്ങൾ ആരെയും ക്ഷണിച്ചിട്ടില്ല. നിങ്ങൾ അവിടെത്തന്നെ ഇരുന്നാൽ മതി; ഞങ്ങളെ ഉപദ്രവിക്കാതിരുന്നാൽ മതി. ഇപ്പോൾ ശ്രീ. സീതാറാം യെച്ചൂരി പറയുന്നത് കോൺഗ്രസ്സുമായി യോജിക്കണമെന്നാണ്. ശ്രീ. സീതാറാം യെച്ചൂരി മാത്രമല്ല, 9 സംസ്ഥാനങ്ങളിലെ സംസ്ഥാന സെക്രട്ടറിമാർ പറഞ്ഞിരിക്കുന്നത് കോൺഗ്രസ്സുമായി യോജിക്കണമെന്നാണ്. ഇപ്പോൾ സഖാവ് എം. എ. ബേബി പറഞ്ഞതായ ഒരു വാർത്തയും വന്നിട്ടുണ്ട്. 25 വർഷമായി ത്രിപുരയിൽ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ അവിടെ ചെയ്യേണ്ട കാര്യങ്ങൾ ചെയ്തില്ലെന്നും അവിടെ വികസന പ്രവർത്തനങ്ങൾ യാതൊന്നും നടന്നില്ലെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവിടെ ഉണ്ടായില്ലെന്നും അങ്ങനെ വ്യവസായ സംരംഭങ്ങളൊന്നുമുണ്ടാക്കാൻ കഴിഞ്ഞില്ലെന്നും അതുകൊണ്ട് ചെറുപ്പക്കാരെല്ലാം ബി.ജെ.പി.യിലേയ്ക്ക് ഒഴുകിപ്പോയിരിക്കുന്നുവെന്നും പറഞ്ഞത് ഞങ്ങളാരുമല്ല പോളിറ്റ് ബ്യൂറോ അംഗം ശ്രീ. എം. എ. ബേബിയാണ്. ഇത് ഇപ്പോൾ വന്ന വാർത്തയാണ്. അത് നിങ്ങൾ പരിശോധിക്കാൻവേണ്ടി ഞാൻ പറഞ്ഞുവെന്നേയുള്ളൂ. .....(ബഹളം)..... ശ്രീ. സി. ദിവാകരന് അല്ലെങ്കിലും സന്തോഷമാണ്. ഈ പറയുന്ന കാര്യങ്ങളിൽ അദ്ദേഹത്തിന് എന്തായാലും സന്തോഷം വരുമെന്നുള്ളത് ഞങ്ങൾക്കൊക്കെ അറിയാം.

കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ഭൂരഹിതരില്ലാത്ത കേരളം പടുത്തുയർത്തുന്നതിനുവേണ്ടി ഒരു നടപടിയെടുത്തു. അത് പരിശോധിച്ച് 243922 കുടുംബങ്ങൾക്ക് ഒരിഞ്ചുഭൂമിപോലും ഇല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജില്ലയായ കണ്ണൂർ, റവന്യൂ വകുപ്പുമന്ത്രിയുടെ ജില്ലയായ കാസർഗോഡ്, ഇടുക്കി എന്നീ മൂന്ന് ജില്ലകളിൽ അപേക്ഷ നൽകിയ എല്ലാവർക്കും ഭൂമി നൽകാൻ കഴിഞ്ഞു. ഭൂമി വിതരണത്തിൽ ഒരു മുൻഗണനാ ലിസ്റ്റ് ഞങ്ങൾ തയ്യാറാക്കി. ആ ലിസ്റ്റിൽ അഗതികൾ, വിധവകൾ, വികലാംഗർ, മാരകമായ രോഗം പിടിപെട്ടവർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ എന്നിങ്ങനെ പ്രയോറിറ്റി നൽകി. അതിന്റെ ചുമതല C-DIT-നെ ഏൽപ്പിച്ച് ആധുനിക സാങ്കേതിവിദ്യയുടെ സഹായത്തോടെ നടപ്പാക്കി. യാതൊരു വിധത്തിലുള്ള പരാതിയും ഇക്കാര്യത്തിലുണ്ടായില്ല. വൻകിട വ്യവസായ സ്ഥാപനങ്ങൾ കേരളത്തിൽ

വരുന്നതിന് ഞങ്ങളാരും എതിരല്ല. ലുലു ഗ്രൂപ്പ് കേരളത്തിൽ നിരവധി സ്ഥാപനങ്ങൾ ആരംഭിച്ചു. പുതിയ സ്ഥാപനങ്ങൾ തുടങ്ങാനും പോകുന്നുണ്ട്. ലുലു കൺവെൻഷൻ സെന്ററിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിനകത്തായി സ്ഥിതിചെയ്യുന്നതും കോഴിക്കോട് നഗരസഭയിൽ നിക്ഷിപ്തമായിട്ടുള്ളതും ടി.എസ്. 288-ൽ ഉൾപ്പെട്ട 13 സെന്റ് ഭൂമിയും ചെറിയ തോടിന്റെ ഭാഗവും ടി.എസ്. 280-84-ൽ ഉൾപ്പെട്ട 6 സെന്റ് വഴിയും ചേർത്ത് 19 സെന്റ് ലുലു കൺവെൻഷൻ സെന്ററിന് വിട്ടുകൊടുക്കാൻ നിങ്ങൾ തീരുമാനിച്ചു. ഈ തീരുമാനം ശരിയാണോയെന്നും നിങ്ങളത് നൽകിയോയെന്നും ഇവിടെ പറയണം. പകരമായി ലുലു കൺവെൻഷൻ സെന്ററിന്റെ എം.ഡി. എന്ന നിലയിൽ അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന 26.19 സെന്റ് ഭൂമിയും അതിലുള്ള കെട്ടിടവും പരസ്പരധാരണയോടുകൂടി കൈമാറ്റം നടത്താൻ തീരുമാനിച്ചിരിക്കുന്നു.

യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തും ഇതുപോലെ ചെയ്തിരുന്നു. അതിന് ചില നിബന്ധനകളും മാനദണ്ഡങ്ങളും കൊണ്ടുവന്നിരുന്നു. അന്നത്തെ റവന്യൂ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാൻ ഈ സഭയിൽ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. അതിന് ഉദാഹരണമെന്നുള്ള നിലയിൽ അമല ക്യാൻസർ ഹോസ്പിറ്റൽ കൈവശം വച്ചിരുന്ന 4.7 ഏക്കർ ഭൂമി പതിച്ചുതരണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2.12 ഏക്കർ ഭൂമി വിട്ടുകിട്ടുന്നതിനുപകരമായി കിട്ടിയ 41 ഏക്കർ ഭൂമി ഭൂരഹിത പദ്ധതിക്കുവേണ്ടി വിട്ടുതരാനുള്ള തീരുമാനമെടുക്കുകയും അതിന് അവർ ഭൂമി കണ്ടെത്തുകയും ചെയ്തു. ലുലു ഗ്രൂപ്പിന് എന്തെങ്കിലും പ്രത്യേകതയുണ്ടോയെന്ന് അങ്ങ് വ്യക്തമാക്കണം. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നിർത്തിവച്ചോയെന്ന് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി മറുപടി പ്രസംഗത്തിൽ പറയുമെന്ന് ഞാൻ കരുതുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് രണ്ട് വർഷമാകുകയാണ്. ഭൂരഹിതായിട്ടുള്ള പാവങ്ങൾക്ക് ഭൂമി നൽകുന്ന കാര്യത്തിൽ എന്നെങ്കിലും ഒരു ലൈഫ് ഉണ്ടാകുമോയെന്ന് വ്യക്തമാക്കിയാൽ നന്നായിരുന്നു. ഹാരിസൺസ് മലയാളം പ്ലാന്റേഷനുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇന്നും ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ഞങ്ങളുടെ കാലഘട്ടത്തിലും കേസ്സുകൾ നടത്തിയിരുന്നു. ഭംഗിയായി വിട്ടുവീഴ്ചയില്ലാതെ കേസ്സുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ, ഈ ഭൂമി നിങ്ങൾക്ക് അവകാശപ്പെട്ടതാണെങ്കിൽ ലാൻഡ് കൺസർവൻസി ആക്ടനുസരിച്ച് നടപടിയെടുക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു. ലാൻഡ് കൺസർവൻസി ആക്ടനുസരിച്ച് നടപടിയെടുക്കുന്നതിന്റെ ഭാഗമായി, അന്നത്തെ എറണാകുളം ജില്ലാ കളക്ടർ ആയിരുന്ന ശ്രീ. രാജമാണിക്യത്തെ കാര്യങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തി. ആ റിപ്പോർട്ട്

ലഭിച്ചത് നിങ്ങളുടെ ഭരണകാലത്താണ്. കോടതി പറഞ്ഞിട്ടുള്ളതനുസരിച്ച് ആ റിപ്പോർട്ടിലെ കാര്യങ്ങളെക്കുറിച്ച് റവന്യൂ വകുപ്പിൽനിന്നും എന്ത് നടപടി സ്വീകരിക്കുന്നുവെന്ന് ഈ സഭയിൽ പറയുമെന്ന് ഞാൻ കരുതുകയാണ്. ഞാൻ ഈ സഭയിൽ മുൻപ് പറഞ്ഞ കാര്യങ്ങൾ അങ്ങ് ഓർക്കുന്നുണ്ടാകുമെന്ന് കരുതുന്നു. ഹാരിസൺസ് പ്ലാന്റേഷനുമായി ബന്ധപ്പെട്ട കേസ് കോടതിയിൽ വന്നപ്പോൾ അഡീഷണൽ എ.ജി.-യെ കാണുന്നില്ല, അദ്ദേഹം അവിടെ പോയതുമില്ല. ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്, Legislation is necessary to bring the illegal plantations holding under state control. The true spirit of The Kannan Devan Hlls (Resumption of Lands) Act, 1971 may be followed to takeover the entire Government land occupied by the Plantation Companies എന്നാണ്. എന്നുവച്ചാൽ ഹാരിസൺസ് പ്ലാന്റേഷന്റെ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചെടുക്കണമെന്നുള്ളതാണ്. അദ്ദേഹം നാല് ജില്ലകളിൽ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 38170.92 ഏക്കർ ഭൂമി ഹാരിസൺസ് പ്ലാന്റേഷന് അവകാശപ്പെട്ടതല്ലെന്ന് കണ്ടെത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തീരുമാനം എടുക്കുമോയെന്ന് അറിഞ്ഞാൽ കൊള്ളാമായിരുന്നു; അതുസംബന്ധിച്ച് നിങ്ങളാണ് തീരുമാനമെടുക്കേണ്ടത്. ഇന്ന് അതുസംബന്ധിച്ച് പല വാർത്തകളും വരുന്നുണ്ട്. ഹാരിസൺസ് പ്ലാന്റേഷനുമായി എന്തൊക്കെയോ ധാരണകളുണ്ടാക്കാൻ പോകുന്നതായി ചിലയാളുകൾ പറയുന്നുവെന്ന് ആക്ഷേപ രൂപത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും അങ്ങ് മനസ്സിലാക്കാൻ വേണ്ടി മാത്രം പറയുകയാണ്.

നെൽവയൽ തണ്ണീർത്തട നിയമം കൊണ്ടുവന്നത് 12-08-2008-ലാണ്. 2008-ന് മുമ്പ് മണ്ണിട്ട് നികത്തിയ ഭൂമി ക്രമവൽക്കരിക്കുന്നതിന് യാതൊരു ഓപ്ഷനും ആ നിയമത്തിലുണ്ടായിരുന്നില്ല. അതുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ സെക്ഷൻ 3A കൂട്ടിച്ചേർക്കാൻ തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ട ആളുകൾക്കുകൂടി സഹായം ലഭിക്കട്ടെയെന്നു മാത്രമാണ് ഞങ്ങളുദ്ദേശിച്ചത്. വൻകിടക്കാർക്ക് സഹായങ്ങൾ ലഭിക്കുന്നുണ്ട്. വൻകിടക്കാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്താൽ കെ.എൽ.യു. ഓർഡർ അനുസരിച്ച് അവർക്ക് നികത്തിയ ഭൂമി ക്രമവൽക്കരിക്കുവാനുള്ള ഏർപ്പാടുകൾ ഉണ്ടാകുന്നുണ്ട്. പാവപ്പെട്ടവർക്ക് ഹൈക്കോടതി കയറിയിറങ്ങാൻ കഴിയില്ലെന്നുള്ളതുകൊണ്ട് അവരെ വിസ്മരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഞങ്ങൾ കൊണ്ടുവന്ന സെക്ഷൻ 3A പിൻവലിച്ചു. ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞ് ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നു. അതിനെക്കുറിച്ച്

എല്ലാവരും സംസാരിക്കുകയുണ്ടായി. ഒരു നിയമംതന്നെ മാറ്റിമറിച്ച് കേരളമാകെ മാറ്റിയെടുക്കുന്ന തരത്തിൽ മറ്റൊരു നിയമം–കൊണ്ടുവരുന്നത് നല്ലതാണെന്നാണ് ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞത്. ഞാൻ നിയമം കൊണ്ടുവരുന്നതിന് എതിരല്ല. ആ നിയമത്തിൽ സെക്ഷൻ 3A അനുസരിച്ച് അപേക്ഷ നൽകുന്നവർക്ക് ന്യായവിലയുടെ 25 ശതമാനം ഈടാക്കിക്കൊണ്ട് ക്രമവൽക്കരിച്ച് നൽകാൻ തീരുമാനമെടുത്തു. അന്ന് നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്തി. ഇപ്പോൾ 50 ശതമാനം ഈടാക്കി ക്രമവൽക്കരിച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കാൻ പോകുകയാണ്. കോന്നിയിൽ 182,000-ലധികം പട്ടയങ്ങൾ ഞങ്ങൾ കൊടുത്തു. കള്ളപ്പട്ടയമാണ് കൊടുത്തതെന്ന് ഇവിടെ ശ്രീ. ചിറ്റയം ഗോപകുമാറും ശ്രീ. കോവൂർ കുഞ്ഞുമോനും മറ്റ് ചിലരും പറയുകയുണ്ടായി. ജില്ലാ കളക്ടർ കമ്മീഷണർക്ക് നൽകിയ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്, ചിറ്റാർ, സീതത്തോട്, തണ്ണിത്തോട്, കോന്നിത്താഴം, അരുവാപ്പലം, കലഞ്ഞൂർ വില്ലേജുകളിലായി ഫുഡ് പ്രോഡക്ട്സ് ഏര്യയിൽപ്പെട്ടതും ഏകദേശം 60 വർഷത്തിലധികമായി കൈവശം വച്ച്, വീടുവച്ച് കൃഷി ചെയ്തുവരുന്നവരുടെ അപേക്ഷകളിന്മേൽ അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ ഏകദേശം 60 വർഷത്തിലധികമായി ടി സ്ഥലത്ത് വീടുവച്ചും കൃഷി ചെയ്തും താമസിച്ചുവരുന്നതായി അറിവായിട്ടുള്ളതുമാണ് എന്നാണ് . ഈ സ്ഥലം പാവപ്പെട്ടവർക്ക് നൽകാനുള്ള നടപടി സ്വീകരിച്ചു. 4216 ആളുകളാണ് അപേക്ഷ നൽകിയത്. ആ അപേക്ഷകൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് നിങ്ങൾക്ക് ലഭിച്ചു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1840-ലധികം പട്ടയം തയ്യാറാക്കിവച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ, കർഷകർക്ക് നൽകാനുള്ള ആ പട്ടയം നിർദാക്ഷിണ്യം റദ്ദുചെയ്തുകൊണ്ട് നിങ്ങൾ ഇത്തരം നടപടികളും പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. തെരഞ്ഞെടുപ്പ് വന്നതുകൊണ്ട് ശ്രീ. അടൂർ പ്രകാശ് പട്ടയം കൊടുത്തുവെന്ന് നിങ്ങൾ പറഞ്ഞല്ലോ. ശ്രീ. അടൂർ പ്രകാശിന് തെരഞ്ഞെടുപ്പ് വന്നതുകൊണ്ട് പട്ടയം കൊടുത്ത് വോട്ട് വാങ്ങേണ്ട ഗതികേട് ഉണ്ടായിട്ടില്ലെന്ന് നിങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ സർക്കാർ ചെയ്തിട്ടുള്ള തെറ്റായ നയങ്ങൾ നിങ്ങൾ വിലയിരുത്തി അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്; നിർത്തുന്നു.

മി. സ്പീക്കർ: ഇന്നത്തെ ധനാഭ്യർത്ഥന ചർച്ചകൾക്ക് മറുപടി ആരംഭിക്കുന്നതിന് മുമ്പായി ഇന്നലെ നടന്ന ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ ഉയർന്നുവന്ന വിഷയം സംബന്ധിച്ച് വിശദീകരിക്കുന്നതിന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി കത്ത് നൽകിയിട്ടുണ്ട്.

## VI വിശദീകരണം

### ശ്രീമതി ഇ. എസ്. ബിജിമോളുടെ ശ്രദ്ധക്ഷണിക്കലിനുള്ള വിശദീകരണം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇന്നലെ ശ്രീമതി ഇ. എസ്. ബിജിമോൾ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചപ്പോൾ പൊതുമരാമത്ത് ഫണ്ടുകൾ മന്ത്രിമാർക്ക് വീതം വയ്ക്കുകയാണെന്ന പരാമർശം നടത്തുകയും അത് ഇന്നത്തെ മാധ്യമങ്ങളിൽ വരികയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം അങ്ങനെയായിരിക്കില്ല പറഞ്ഞത്; ചിലപ്പോൾ ആശയക്കുഴപ്പം ഉണ്ടായതാകാം. അതുമാറ്റാൻ വേണ്ടി ഞാൻ പറയുകയാണ്. കഴിഞ്ഞ 21 മാസത്തിനിടയിൽ രണ്ട് ബഡ്ജറ്റുകൾ അവതരിപ്പിച്ചതിൽ കിഫ്ബി ഫണ്ട് ഒഴിവാക്കിയാൽ ബഡ്ജറ്റ് ഫണ്ട് വളരെ കുറവാണ്. ഭരണാനുമതി, സ്പെഷ്യൽ സാംഗ്ഷൻ എല്ലാംകൂടി നോക്കിയാൽ അറ്റകുറ്റപ്പണികൾക്ക് ധനകാര്യ വകുപ്പുമന്ത്രിക്ക് 10 കോടി രൂപയും എന്റെ നിയോജകമണ്ഡലത്തിന് 9.83 കോടി രൂപയും ഉടുമ്പൻചോല മണ്ഡലത്തിന് 17.30 കോടി രൂപയും പീരുമേട് മണ്ഡലത്തിന് 15 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. മന്ത്രിമാർക്ക് വീതം വച്ചിട്ടില്ലെന്ന് വ്യക്തമാണ്. അറ്റകുറ്റപ്പണികൾക്ക് ഈ വർഷത്തേത് മാത്രമെടുത്താൽ ആലപ്പുഴ നിയോജകമണ്ഡലത്തിന് 5 കോടി രൂപയും അമ്പലപ്പുഴ നിയോജകമണ്ഡലത്തിന് 5.10 കോടി രൂപയും പീരുമേട് നിയോജകമണ്ഡലത്തിന് 6.28 കോടി രൂപയും ഉടുമ്പൻചോല നിയോജകമണ്ഡലത്തിന് 7 കോടി രൂപയും തൊടുപുഴ നിയോജകമണ്ഡലത്തിന് 6.5 കോടി രൂപയും ഇടുക്കി നിയോജക മണ്ഡലത്തിന് 7 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. യാതൊരു വിവേചനവും കാണിച്ചിട്ടില്ല. ഇന്നലെ പറഞ്ഞതിൽ തെറ്റ് സംഭവിച്ചതായിരിക്കും; ഇത് രേഖയിൽ ഉണ്ടാകേണ്ടതുകൊണ്ട് ഞാൻ പറഞ്ഞതാണ്.

**ധനകാര്യം** (തുടർച്ച)

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇന്നത്തെ ചർച്ചയിൽ വളരെ സമയമെടുത്ത് പ്രതികരിക്കേണ്ട കാര്യങ്ങൾ അധികം വന്നിട്ടില്ല. ശ്രീ. സി. മമ്മൂട്ടി നൽകിയ നിർദ്ദേശങ്ങളോടടക്കം എനിക്ക് പൂർണ്ണമായ യോജിപ്പാണ്. ഏതാണ്ട് അതേ കാര്യങ്ങളാണ് ഞങ്ങൾ ചെയ്യാൻ ശ്രമിക്കുന്നത്. ഇ-വേ ബിൽ മാർച്ച് ഒന്നുമുതൽ നടപ്പാക്കണമെന്നാണ് ഇപ്പോൾ തീരുമാനമെടുത്തിരിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ ഇ-വേ ബിൽ വരാതെ നമുക്ക് നികുതി ചോർച്ച തടയാനാകില്ല. നമ്മുടെ ചരക്കുകളുടെ 80 ശതമാനത്തോളം പുറത്തുനിന്നു വരികയാണ്. പുറത്തുനിന്നു വരുമ്പോൾ അത് വിൽക്കുന്ന സംസ്ഥാനത്തുള്ളവർക്ക് ബിൽ എഴുതിക്കണമെന്ന് വലിയ താൽപ്പര്യമില്ല.

കാരണം, അതിന്റെ നികുതി അവർക്ക് ലഭിക്കുകയില്ല. എവിടെയാണോ ഉപയോഗിക്കുന്നത് ആ സംസ്ഥാനത്തിനാണ് നികുതി ലഭിക്കുന്നത്. അവിടെ ബിൽ എഴുതണമെന്ന് ഉറപ്പുവരുത്താനുള്ള ഏക മാർഗ്ഗം ഇ-വേ ബിൽ ഉണ്ടെന്ന് ഉറപ്പുവരുത്തലാണ്. ഇ-വേ ബിൽ ഇല്ലെങ്കിൽ അവർ ചരക്കുമായി വന്ന് ഇവിടെ കൊടുത്തശേഷം ബിൽ കീറിക്കഴിഞ്ഞാൽ അത് തീർന്നു. ഇതാണ് ഇപ്പോഴത്തെ സ്ഥിതിവിശേഷം. ഇ-വേ ബിൽ വന്നുകഴിഞ്ഞാൽ, ചെക്ക് പോസ്റ്റില്ലാത്തതുകൊണ്ട് വാഹനങ്ങൾ നിർത്തി ഇ-വേ ബിൽ ഉണ്ടോ ഇല്ലയോ എന്ന് ചോദിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ക്യാമറ സ്ഥാപിച്ച് വാഹനങ്ങളുടെ നമ്പർ പ്ലേറ്റുകൾ ക്യാപ്ചർ ചെയ്ത് സോഫ്റ്റ്‌വെയർ മുഖേന ജി.എസ്.ടി. അക്സസ് ചെയ്ത് ഈ നമ്പരിലുള്ളതിന് ഇ-വേ ബിൽ ഉണ്ടോയെന്ന് പരിശോധിക്കും. ഉണ്ടെങ്കിൽ പിന്നെ വേറെ പരിശോധനകളില്ല. ഇല്ലെങ്കിൽ സ്ക്വാഡുകൾ വാഹനം നിർത്തി പരിശോധിക്കും. പൈലറ്റ് പ്രോജക്ടായി വാളയാറിൽ ക്യാമറ സ്ഥാപിച്ചുകഴിഞ്ഞു; പാലക്കാട് മുഴുവൻ സ്ഥാപിക്കാൻ പോകുകയാണ്. അപ്പോഴും ഒരു പ്രശ്നമുണ്ട്, നിലവിൽ ഇ-വേ ബിൽ ഉണ്ടോയെന്ന് മാത്രമേ നോക്കുന്നുള്ളൂ, അതിന്റെ ഉള്ളിൽ ബില്ലിൽ പറഞ്ഞിരിക്കുന്ന ചരക്കുകൾ ആണോ അല്ലയോ എന്നുള്ള ഒരു പരിശോധന പ്രയാസമാണ്. അതുകൊണ്ട് ആൽഗരിതം എഴുതിയുണ്ടാക്കിയതിന് ശേഷം ഇന്ന വസ്തു ഇത്ര ടൺ എന്നുപറഞ്ഞാൽ വണ്ടിയിൽ പകുതിയാണോ മുഴുവനാണോ എന്ന് നോക്കാം. സംശയാസ്പദമായി എന്തെങ്കിലുമുണ്ടെങ്കിൽ അതുമാത്രം പരിശോധിക്കാനുള്ള ഏർപ്പാട് ചെയ്യാം.

ശ്രീ. ഹൈബി ഈഡൻ: സർ, ഇ-വേ ബിൽ യാഥാർത്ഥ്യമാകുമ്പോൾ ഇതിന്റെ പ്രോസസ് അനുസരിച്ച് ഓർഡർ കൊടുത്തുകഴിഞ്ഞാൽ 24 മണിക്കൂറിനകം ഗുഡ്സ് 100 കിലോമീറ്റർ പരിധിയിലെത്തിക്കണമെന്നാണ് നിയമമുള്ളത്. അതുപ്രകാരം ഒരു കൺസൈൻമെന്റ് വച്ചാൽ അത് വാഹനങ്ങളിൽ ലോഡ് ചെയ്ത് അടുത്ത ദിവസമാണ് എത്തിക്കുന്നത്. ശനിയാഴ്ചയാണ് ഓർഡർ റിസീവ് ചെയ്യുന്നതെങ്കിൽ അവധി ദിവസമായ ഞായറാഴ്ച അത് എത്തിക്കാൻ സാധിക്കുകയില്ല. പൊതു അവധി ദിവസം വരുന്ന സന്ദർഭത്തിലും ഇത് സാധിക്കാറില്ല. കേരളത്തിന്റെ ഒരു പ്രത്യേക സാഹചര്യമനുസരിച്ച് എന്നുവേണമെങ്കിലും ഹർത്താൽ ഉണ്ടാകാം. അപ്പോഴും ഇത് യാഥാർത്ഥ്യമാകില്ല. ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് ആവശ്യപ്പെടുന്ന, വ്യാപാരികൾ പങ്കുവയ്ക്കുന്ന ഒരു ആശങ്കയാണിത്. അതിനൊരു പരിഹാരം കാണണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, നമുക്ക് ചർച്ച ചെയ്ത് അതിനൊരു പരിഹാരം കണ്ടെത്താം. ഇതുപോലുള്ള പല പ്രശ്നങ്ങളും പരിശോധിച്ച് വേണ്ട രീതിയിൽ, ഈ ആക്ഷേപങ്ങൾക്കൊക്കെ പരിഹാരം കണ്ടാൽ മാത്രമേ നമുക്ക്

മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഇപ്പോൾ 50,000 രൂപയേക്കാൾ കൂടുതലുള്ള സാധനങ്ങൾക്ക് ഇ-വേ ബിൽ വേണം. കടയിൽനിന്ന് സാധനം 50,000 രൂപയ്ക്ക് വാങ്ങിക്കൊണ്ടുപോയാൽ ഇ-വേ ബിൽ കൊണ്ടുപോകാൻ സാധിക്കുമോ; 10 കിലോമീറ്ററിനപ്പുറത്ത് വാങ്ങിക്കൊണ്ടുപോകുന്നത് എക്സംപ്റ്റ് ചെയ്യാൻ സാധിക്കണം എന്നതൊക്കെ പരിശോധിക്കണം. റബർ പാല് വാങ്ങി അത് ഫാക്ടറിയിലെത്തിച്ചാലേ അതിന്റെ വിലയറിയാൻ സാധിക്കുകയുള്ളൂ, അതുമാത്രമല്ല കൃഷിക്കാരന് ഇ-വേ ബിൽ എടുക്കുക എന്നൊക്കെ പറഞ്ഞാൽ വലിയ ബുദ്ധിമുട്ടാണ്. അങ്ങനെയുള്ള സെക്ടറുകളെ ഒഴിവാക്കേണ്ടിവരും. ഭാഗ്യവശാൽ ഇൻട്രാ സ്റ്റേറ്റ് ഇ-വേ ബില്ലിന് സംസ്ഥാന സർക്കാരിന് സാവകാശം കിട്ടിയിട്ടുണ്ട്. അതുപയോഗപ്പെടുത്തിയാൽ ഇതിനൊക്കെ പരിഹാരം കാണാൻ സാധിക്കും. ഇനി ഇതായില്ലെങ്കിലും, ഇ-വേ ബില്ലുള്ളതിൽതന്നെ കമ്പ്യൂട്ടർ ജനറേറ്റഡ് ആയി വാഹനങ്ങൾ സംസ്ഥാനത്തെ ഏതെങ്കിലും സ്ഥലത്തുവച്ച് റാൻഡം ആയി പരിശോധിക്കേണ്ടിവരും. അങ്ങനെ ചെയ്യണമെങ്കിൽ ശ്രീ. സി. മമ്മൂട്ടി പറഞ്ഞതുപോലെ നമ്മുടെ സ്ക്വാഡുകളുടെ എണ്ണം വളരെയധികം വർദ്ധിപ്പിക്കേണ്ടി വരും. ചെക്ക് പോസ്റ്റുകൾ പിൻവലിച്ചെങ്കിലും അവരെ സ്ക്വാഡുകളായി രൂപാന്തരപ്പെടുത്തേണ്ടിവരും. അത്തരത്തിലുള്ള മാറ്റം വരും. എന്നുമാത്രമല്ല ഇന്റലിജൻസ് വളരെ പ്രധാനപ്പെട്ട ഒന്നാകും. ആ പറഞ്ഞ അഭിപ്രായങ്ങളോടൊക്കെ ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ശ്രീ. പി. സി. ജോർജ് സ്വർണ്ണ വ്യാപാരികളുടെ പ്രശ്നം പറയുകയുണ്ടായി. വളരെ നിശിതമായ വിമർശനം ഇന്നുണ്ടായില്ലെങ്കിലും നേരത്തെ ശ്രീ. വി. ഡി. സതീശനൊക്കെ ഉന്നയിച്ചിട്ടുള്ളതാണ്. VAT-ന്റെ നികുതി ചോർച്ച പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് തുടങ്ങിയ കാര്യങ്ങൾ ഉന്നയിച്ചിരുന്നു. കാരണം 5, 8 ശതമാനംവച്ച് നാമമാത്രമായ വർദ്ധനവ് മാത്രമേ VAT-ൽ ഉണ്ടായിക്കൊണ്ടിരുന്നുള്ളൂ. അതുകൊണ്ട് ടാക്സ് ഇവേഷനുള്ള സെക്ടറുകളിൽ ആകെ കണക്കുകൂട്ടുന്നതിന് ചില സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കിയിട്ടുണ്ട്. അസെസ്മെന്റ് നടത്തിയതുതന്നെ ശരിയാണോ അല്ലയോ എന്നുള്ളത് ഏത് കോടതികളിലും നിലനിൽക്കാൻ കഴിയുന്നത്ര കൃത്യമായ സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് സ്വർണ്ണത്തിന്റെ പരിശോധന ഇപ്പോൾ നടക്കുന്നത്. ഒരു കാര്യം ശ്രീ. പി. സി. ജോർജ് ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഉറപ്പുതരാൻ ഞാനാഗ്രഹിക്കുകയാണ്. കോമ്പൗണ്ട് ചെയ്തിട്ടുള്ള വ്യാപാരികളുടെ കണക്കിനുള്ളിലേയ്ക്ക് കടന്നിട്ടുള്ള പരിശോധന ഇല്ല, അങ്ങനെ ഉണ്ടാകുകയില്ലെന്ന് അവരോട് പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. കോമ്പൗണ്ടിംഗ് രീതിയിൽ കഴിഞ്ഞ അഞ്ചാറ് വർഷക്കാലത്തിനിടയിൽ ധാരാളം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ആദ്യം

ലളിതമായിരുന്നുവെങ്കിലും പിന്നീട് കോംപ്ലിക്കേറ്റഡായി തീർന്നു. അപ്പോൾ കണക്ക് കൂട്ടിയത് ശരിയോ തെറ്റോ എന്നുള്ളത് മാത്രമേ നോക്കുന്നുള്ളൂ. അതിന് ഉദ്യോഗസ്ഥരുടെ സബ്ജക്ടീവായ ഒരു ഘടകവും വരികയില്ല. കാരണം പൂർണ്ണമായും കമ്പ്യൂട്ടറൈസ്ഡ് എക്സർസൈസാണ് ചെയ്യുന്നത്.

ഭൂനികുതിയുടെ കാര്യം ഇവിടെ വീണ്ടും ഉന്നയിച്ചു. ഭൂനികുതിയുടേത് പൂർണ്ണമായും കൃഷിക്കാർക്കും കർഷക തൊഴിലാളികൾക്കും ഉള്ളതാണ്. വേറെ ഒന്നിനും വേണ്ടി ഉപയോഗിക്കുന്നില്ല. എന്നുമാത്രമല്ല നേരത്തെ പിരിച്ചിരുന്ന ഭൂനികുതി അടക്കം ഈ രണ്ട് വിഭാഗങ്ങളുടെയും ക്ഷേമത്തിനും ക്ഷേമ ബോർഡുകൾക്കും വേണ്ടിയാണ് നമ്മൾ വിനിയോഗിക്കാനുദ്ദേശിക്കുന്നത്. പ്രീ-ബഡ്ജറ്റഡ് ചർച്ചാവേളയിൽ എല്ലാ പാർട്ടികളുടെയും സംഘടനകൾ ഉണ്ടായിരുന്നു. അവരുമായി സംസാരിക്കുകയും അവരൊക്കെ യോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. ഇനി അതിനപ്പുറത്ത് എന്തെങ്കിലും പറയാനുണ്ടെങ്കിൽ ഫിനാൻസ് ആക്ട് എടുക്കുമ്പോൾ ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് വിളിച്ചുചേർത്ത കമ്മിറ്റി തൊഴിലാളി സംഘടനയുടേതാണ്. തൊഴിലാളികൾക്ക് എവിടെനിന്നെങ്കിലും ആനുകൂല്യം ലഭിച്ചാൽ നല്ലതാണെന്ന് എല്ലാ സംഘടനകളും പറഞ്ഞു. ഇത് അതല്ല, കർഷകരുടെ മേലാണ് ഇതുമുഴുവൻ വരുന്നത്. ആ നിലയ്ക്ക് അത് അങ്ങ് പുനഃപരിശോധിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് ബഹുമാനപ്പെട്ട മെമ്പറുടെ തെറ്റിദ്ധാരണയാണ്. അന്ന് വിളിച്ചിരുന്നത് കർഷക സംഘടനകളെയാണ്. കർഷക സംഘടനകളുടെ യോഗത്തിൽ വച്ച് ഇപ്പോൾ ഒരു സെന്റ് ഭൂമിക്ക് ഇത്ര നികുതിയാണുള്ളത്, ഇത് വർദ്ധിപ്പിച്ചാൽ അതിന്റെ ഗുണം പൂർണ്ണമായും അവരുടെ ക്ഷേമത്തിനുവേണ്ടി കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് വിനിയോഗിക്കുമെന്ന് ഉറപ്പുനൽകാമെന്ന് പറഞ്ഞപ്പോൾ കർഷക സംഘടനകളടക്കം ഇത് സമ്മതിക്കുകയുണ്ടായി. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ ഡിമാന്റുകൾ പാസ്സാക്കിത്തരണമെന്ന് ബഹുമാനപ്പെട്ട സഭയോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇരുവശത്തുനിന്നുമുള്ള ബഹുമാന്യരായ 14 എം.എൽ.എ.-മാരാണ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇവിടെ കാര്യങ്ങൾ അവതരിപ്പിച്ചത്. ചില വിലപ്പെട്ട നിർദ്ദേശങ്ങളും എം.എൽ.എ.-മാരുടെ പ്രസംഗത്തിലൂടെ അവർ

ഉന്നയിക്കുകയുണ്ടായി. തീർച്ചയായും വളരെ ന്യായമായ നിർദ്ദേശങ്ങൾ സ്വീകരിക്കുമെന്നതിൽ തർക്കമില്ല. അതേസമയം തികച്ചും അടിസ്ഥാനരഹിതമായ ചില കാര്യങ്ങളും ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ആ കാര്യങ്ങളെക്കുറിച്ചൊരു വിശദീകരണം മാത്രമാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽവന്ന് 21 മാസത്തിനിടയിൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നേരത്തെ നിശ്ചയിച്ചതനുസരിച്ച് പ്രകടനപത്രികയിലടക്കം പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി നടപ്പാക്കിവരികയാണ്. ഇരുപത്തിയൊന്ന് മാസക്കാലത്തിനിടെ നടപ്പാക്കിയ കാര്യങ്ങൾ ഇവിടെ വിശദീകരിക്കണമെങ്കിൽ ധാരാളം സമയമെടുക്കുമെന്നതുകൊണ്ട് എല്ലാ കാര്യങ്ങളിലേയ്ക്കും ഞാൻ പോകുന്നില്ല. ആദ്യമായി സംസ്ഥാനത്തെ 1664 വില്ലേജ് ഓഫീസർമാരെ മൂന്ന് മേഖലകളായി തിരിച്ച് അവരുടെ യോഗങ്ങൾ വിളിച്ച് അവർക്ക് പറയാനുള്ളത് കേൾക്കാനുള്ള സൗകര്യമാണൊരുക്കിയത്. ഈ വകുപ്പിലെ ഏറ്റവും പ്രധാനപ്പെട്ടതും ദൈനംദിനം ജനങ്ങളുമായി ബന്ധപ്പെടുന്ന ഓഫീസ് എന്ന നിലയിലും അവർക്ക് പറയാനുള്ളത് കേൾക്കുകയും അതിന് പരിഹാരമുണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുകയുമാണ് ആദ്യം ചെയ്തത്. മൂന്നു മേഖലകളിലായി വിളിച്ച യോഗത്തിന്റെ പൊതുവായ ചർച്ചയിൽനിന്നും ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികളുമായി മുന്നോട്ടുപോകുകയാണ് ചെയ്യുന്നത്. പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാതിരുന്ന ചില വില്ലേജ് ഓഫീസുകളുടെ ദയനീയാവസ്ഥയും ജീവനക്കാരുടെ അപര്യാപ്തതയും സേവന മേഖലയിൽ അവർക്ക് അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങളുമുൾപ്പെടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വളരെ പെട്ടെന്ന് നിർവ്വഹിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ ഒന്നൊന്നായി ഏറ്റെടുത്ത് നടപ്പാക്കുന്നതിനാണ് സർക്കാർ ശ്രമിച്ചത്. കുടിവെള്ളംപോലും ലഭ്യമല്ലാതിരുന്ന വില്ലേജ് ഓഫീസുകളിലെല്ലാം അതിനുള്ള സൗകര്യം ലഭ്യമാക്കുന്ന നടപടിയാണ് ആദ്യമായി സ്വീകരിച്ചത്. അതുപോലെ വനിതാ ജീവനക്കാരുൾപ്പെടെ ജോലി ചെയ്യുന്ന ഓഫീസുകളിൽപ്പോലും ശുചിമുറി സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ഈ സമയപരിധിക്കകത്ത് ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാധ്യമായിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു ജനസൗഹൃദ കേന്ദ്രമെന്ന രീതിയിൽ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി മുന്നോട്ടുകൊണ്ടുവരാൻ ഇതിന്റെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. വില്ലേജ് ഓഫീസുകളിലെ ജോലിഭാരം കുറയ്ക്കുന്നതിന് ആധുനികവൽക്കരണം വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. വിവര സാങ്കേതിക വിനിമയ

സംവിധാനം ഉപയോഗപ്പെടുത്തി 1500 വില്ലേജ് ഓഫീസുകൾ ഇപ്പോൾത്തന്നെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ഇ-പേമെന്റ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്. സമയബന്ധിതമായി ഈ കാര്യങ്ങളിലൊക്കെത്തന്നെ നടപടികൾ സ്വീകരിച്ച് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. കൂടാതെ കഴിഞ്ഞ സർക്കാർ തുടങ്ങിവച്ചിരുന്ന ചില പദ്ധതികളുണ്ട്; അതിലൊന്നാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി. അതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ 39 വില്ലേജ് ഓഫീസുകൾ ആധുനിക രീതിയിലാക്കി നവീകരിച്ചുകഴിഞ്ഞു. 2018-19-ൽ 60 വില്ലേജ് ഓഫീസുകളെക്കൂടി സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിനുള്ള ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മറ്റ് വില്ലേജ് ഓഫീസുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ചില പ്രത്യേക സ്ഥലങ്ങളിലെ വില്ലേജ് ഓഫീസുകളിൽ വളരെ ദൂരെനിന്നും വരുന്ന ഉദ്യോഗസ്ഥർക്ക് താമസ സൗകര്യമില്ലാത്ത സാഹചര്യമുണ്ട്. അത്തരം കേന്ദ്രങ്ങളിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി മൂന്നുകോടി രൂപ വകയിരുത്തുകയും പന്ത്രണ്ട് വില്ലേജുകളിൽ ആദ്യഘട്ടത്തിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികളെടുക്കുകയും ചെയ്തു. അതുപോലെതന്നെ വില്ലേജ് ഓഫീസുകളിൽനിന്ന് മറ്റ് റവന്യൂ ഓഫീസുകൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകളുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള തീരുമാനവും ഈ കാലയളവിൽ നടപ്പാക്കി.

സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും വിവിധ ഇനങ്ങളിലായി 54,859 പട്ടയങ്ങൾ ഈ സമയത്തിനകം വിതരണം ചെയ്തുകഴിഞ്ഞു. എണ്ണായിരത്തോളം പട്ടയങ്ങൾ ഇപ്പോൾ പൂർത്തിയാക്കി വച്ചിട്ടുണ്ട്. അത് വിതരണം നടത്തുന്നതിനുള്ള തയ്യാറെടുപ്പിലാണ്. തീർച്ചയായും നിയമസഭാ സമ്മേളനം കഴിയുന്ന മുറയ്ക്ക് അതുകൂടി നടപ്പാക്കാൻ കഴിയും. അങ്ങനെവന്നാൽ ഏതാണ്ട് അറുപത്തിരണ്ടായിരത്തിൽപ്പരം പട്ടയം 21 മാസക്കാലത്തിനിടയിൽ പൂർത്തീകരിക്കാൻ കഴിയും. ലാൻഡ് ട്രിബ്യൂണലുകളിലെ കേസ്സുകൾ തീർപ്പാക്കാൻ വിവിധ നടപടികളാണ് സ്വീകരിച്ചത്. തീർച്ചയായും അതിന്റെ ഭാഗമായിട്ടാണ് കൂടുതൽ പട്ടയങ്ങൾ നൽകാൻ കഴിഞ്ഞതെന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. നിലവിലുണ്ടായിരുന്ന ലാൻഡ് ട്രിബ്യൂണലുകൾക്ക് പുറമെ വിവിധ ജില്ലകളിലായി 29 സ്പെഷ്യൽ ട്രിബ്യൂണലുകൾകൂടി രൂപീകരിച്ചു. അതിന്റെ ഭാഗമായി ഓരോ മാസത്തിലും കൂടുതൽ കേസുകൾ തീർപ്പ് കൽപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥലപരിശോധന ഉൾപ്പെടെ റവന്യൂ ഇൻസ്പെക്ടർമാർ ചെയ്തിരുന്ന ജോലി വില്ലേജ് ഓഫീസർമാർ നേരിട്ട് ചെയ്ത് റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് അതുമായി ബന്ധപ്പെട്ട

കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ തീരുമാനിച്ചിരിക്കുകയാണ്. ലാൻഡ് ട്രിബ്യൂണലുകളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതിനുണ്ടായിരുന്ന നടപടിക്രമങ്ങൾ ലളിതമാക്കുകയും അവ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടിയുമാണ് ഇതിന്റെ ഭാഗമായി വന്നിട്ടുള്ളത്. ലാൻഡ് ട്രിബ്യൂണൽ വഴി തീർപ്പാക്കുന്ന Kanam Tenancy Abolition Act മുഖേന കുടിയാന്മാർക്ക് ലഭിക്കുന്ന കാണം പട്ടയങ്ങൾ സംബന്ധിച്ച് എല്ലാ കുടിയാന്മാർക്കും ജന്മാവകാശവും പൂർണ്ണമായ ഉടമസ്ഥാവകാശവുമുണ്ടെന്നും ഇത്തരക്കാർക്ക് പ്രത്യേക ക്രയ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്നും കാണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശമെല്ലാം നൽകിയിരിക്കുകയാണ്. അതിന്റെ ഭാഗമായി കാണം, കുഴിക്കാണം തുടങ്ങിയ വിവിധ പേരുകളിൽ വർഷങ്ങളായി കൈവശം വച്ചുപോരുന്ന ഭൂമിയുടെ പൂർണ്ണമായ ഉടമസ്ഥാവകാശം ലഭ്യമാകുന്നതിനുള്ള നടപടി ദ്രുതഗതിയിൽ നടക്കുകയാണ്. അത്തരം കേന്ദ്രങ്ങളിൽ ഉടമസ്ഥാവകാശം ലഭിക്കേണ്ട പതിനായിരക്കണക്കിന് ആളുകൾ ചില ജില്ലകളിൽ, പ്രത്യേകിച്ച് തൃശ്ശൂർ, പാലക്കാട് ജില്ലകളിലൊക്കെയുണ്ട്. ലാൻഡ് ട്രിബ്യൂണലുകൾ നിലവിലുണ്ടായിരുന്നതിൽ ഇതുവരെ 56,000 ഫയലുകൾ തീർപ്പ് കൽപ്പിച്ചു. 20,000 പട്ടയങ്ങൾ ഈ മേഖലയിൽ ട്രിബ്യൂണൽ വഴി വിതരണം ചെയ്യാൻ കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെയും സുപ്രീംകോടതിയുടെയും അനുമതി ലഭിച്ച വനഭൂമിയിൽ ശേഷിക്കുന്നവർക്ക് ഉടൻ പട്ടയം നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതാണ്. നേരത്തെ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടുള്ളിടത്ത് പട്ടയവിതരണം പൂർണ്ണമായും നടത്തിക്കൊണ്ടിരിക്കുകയാണ്. അവശേഷിച്ച സ്ഥലങ്ങളിൽ ലാൻഡ് വെരിഫിക്കേഷൻ നടത്തി ഉടൻതന്നെ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിരിക്കുകയാണ്. ഉപാധിരഹിത പട്ടയമെന്ന ദീർഘകാലമായ ആവശ്യത്തിന് അംഗീകാരം നൽകുകയും അത് നടപ്പാക്കുകയും ചെയ്യുവെന്നതാണ് ഈ സന്ദർഭത്തിൽ പറയാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം. 1964-ലെ ചട്ടങ്ങൾ അതിനുവേണ്ടി ഭേദഗതി ചെയ്തു. 1964-ലെ ഭൂനികുതി ചട്ടങ്ങൾ ഭേദഗതി വരുത്തി പട്ടയം ലഭിക്കുന്നതിനുണ്ടായിരുന്ന വരുമാന പരിധിതന്നെ ഒഴിവാക്കി. അല്ലെങ്കിൽ 1993-ൽ വനാവകാശവുമായി ബന്ധപ്പെട്ട് കുടിയേറ്റ മേഖലയിലുണ്ടായിരുന്നവർക്ക് 4 ഏക്കർ ഭൂമിയൊക്കെ പട്ടയം നൽകുമ്പോൾ അവരുടെ വരുമാനം ഒരു ലക്ഷത്തിലധികമാണെന്ന സാങ്കേതിക കാരണത്താൽ തടയപ്പെട്ടതൊക്കെത്തന്നെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ഇങ്ങനെ പതിച്ചുകിട്ടുന്ന ഭൂമി 25 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ 12 വർഷമാക്കി കുറവുചെയ്തു. കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്ന മുറയ്ക്ക് ആ ഭൂമി അവർക്ക്

കൈമാറ്റം ചെയ്യാനുള്ള അവകാശംകൂടി ഉറപ്പാക്കുന്ന നടപടിയും സംജാതമായിരിക്കുകയാണ്. കൈവശഭൂമി പതിച്ച് കിട്ടിയാലും കൈവശമില്ലാത്ത ഭൂമി പതിച്ച് കിട്ടിയാലും എല്ലാ ബാങ്കുകളിലും ഈട് വച്ച് ലോണെടുക്കുന്നതിനും മറ്റും ഉതകുന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്തിരിക്കുകയാണ്.

1964-ലെ ചട്ടങ്ങൾ പ്രകാരം നൽകിയ പട്ടയഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന ചന്ദനമൊഴികെയുള്ള മരങ്ങളുടെ അവകാശം കൃഷിക്കാർക്കുതന്നെ ലഭിക്കുന്ന തരത്തിൽ തർക്കമില്ലാത്ത വിധം ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിരിക്കുകയാണ്. 1964-ലെ ചട്ടപ്രകാരം പട്ടയം ലഭിച്ച ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഉൾപ്പെടെയുള്ള ചില പ്രദേശങ്ങൾ വനം വകുപ്പിന്റെ വിജ്ഞാപനത്തിൽ ഉൾപ്പെട്ടുവെന്ന കാരണത്താൽ അപ്രകാരമുള്ള ഭൂമിയിലെ കൃഷിക്കാർക്ക് അവർ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുറിക്കുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 1964-ലെ ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ച പ്രദേശങ്ങൾ വനംവകുപ്പിന്റെ നോട്ടിഫിക്കേഷനിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ നടത്തിവരികയാണ്. ഇടുക്കി പദ്ധതി പ്രദേശത്ത് പത്ത് ചങ്ങലയിൽനിന്ന് മൂന്ന് ചങ്ങല വിട്ടുള്ള പ്രദേശത്ത് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. അര നൂറ്റാണ്ട് കാലമായി നിലനിൽക്കുന്ന ഈ ആവശ്യം ഇപ്പോഴാണ് അംഗീകരിച്ചുകൊടുക്കാൻ കഴിഞ്ഞത്. നീണ്ടകാലത്തെ ആവശ്യത്തിന് ഇപ്പോൾ ഒരു തീരുമാനമുണ്ടായിരിക്കുകയാണ്. മൂന്ന് ചങ്ങലയ്ക്ക് അകത്തുള്ള താമസക്കാർക്ക് പട്ടയം നൽകുന്നതിന് വൈദ്യുതി ബോർഡിന്റെ അനുമതി ലഭിക്കുന്നതോടെ തുടർനടപടി സ്വീകരിക്കാൻ തത്വത്തിൽ തീരുമാനമെടുത്തിരിക്കുകയാണ്. വിവിധ സന്ദർഭങ്ങളിലായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരും ഉൾപ്പെടെയുള്ളവർ പങ്കെടുത്ത് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ വരുത്തിയ മാറ്റങ്ങൾകൂടി ഉൾപ്പെടുത്തി പട്ടയ വിതരണത്തിന്റെ കാര്യത്തിലുണ്ടായിരുന്ന തടസ്സങ്ങൾ നീക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെയാണ് പെരിഞ്ചാൻകുട്ടിയിലെ ആദിവാസികളുടെ ദീർഘകാലമായ ഭൂമി പ്രശ്നം. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അവരെ ഇറക്കിവിട്ടു എന്നതിനാൽ അന്നുമുതൽ അവർ കളക്ടറേറ്റിനുമുന്നിൽ സമരത്തിലായിരുന്നു. ആ വിഷയത്തിൽ 158 കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. എറണാകുളം ജില്ലയിൽ ചേരാനെല്ലൂരിൽ രണ്ട് സെന്റ് മുതൽ നാല് സെന്റ് വരെയുള്ള പുറമ്പോക്കിൽ ചെറിയ കുടിൽ വച്ച് താമസിക്കുന്നവരുടെ കാര്യത്തിൽ വിവിധങ്ങളായ നിയമതടസ്സമുണ്ടായിട്ടും അവസാനം തത്വത്തിൽ 179

കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് തീരുമാനമെടുത്തിരിക്കുകയാണ്. വൻകിട കയ്യേറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. മൂന്നാറിന് പ്രത്യേക പരിഗണന നൽകി പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്താൻ ക്രിയാത്മക ഇടപെടൽ ഈ കാലയളവിൽ നടത്തിയിട്ടുണ്ടെന്നത് പ്രത്യേകമായി ചൂണ്ടിക്കാണിക്കുന്നു. അനധികൃത നിർമ്മാണങ്ങൾക്ക് കടിഞ്ഞാണിട്ട് നീലക്കുറിഞ്ഞി മലകളുടെ സംരക്ഷണത്തിനായി നടപടികൾ സ്വീകരിച്ചത് ഈ കാലഘട്ടത്തിൽ തന്നെയാണ്. താലൂക്ക് ലാൻഡ് ബോർഡുകൾ പുനഃസംഘടിപ്പിച്ചു. അവിടെ നിലവിലുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകി. ഹൈക്കോടതിയിലെ മിച്ചഭൂമി കേസുകളിൽ തീർപ്പുണ്ടാക്കാൻ നിയമാനുസൃത നടപടി സ്വീകരിച്ചു, സർക്കാർ അഭിഭാഷകരുമായി നിരന്തരമായ സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുന്നു. ലാൻഡ് ബോർഡ് സെക്രട്ടറിക്ക് ലാൻഡ് ബോർഡുകളുടെയും ലാൻഡ് ട്രിബ്യൂണലുകളുടെയും കാര്യത്തിൽ വിപുലമായ മേൽനോട്ടാധികാരം നൽകി എല്ലാ മാസവും അവലോകന യോഗങ്ങൾ നടത്തുകയാണ്. കാലാവധി കഴിഞ്ഞതും വ്യവസ്ഥകൾ ലംഘിച്ചതുമായ പാട്ടഭൂമി തിരിച്ചെടുക്കാനുള്ള നടപടി ഈ കാലയളവിൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. അതിന്റെ മേൽനോട്ടത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ)-ന്റെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചു. ധനകാര്യ വകുപ്പ് സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ എന്നിവർ ഇതിൽ അംഗങ്ങളാണ്. അത്തരം കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തീരുമാനമെടുത്തിട്ടുണ്ട്. കാലാകാലങ്ങളായി ഉയർന്നുവരുന്ന വലിയൊരു ആവശ്യമെന്ന നിലയിൽ ആരാധനാലയങ്ങൾ, വായനശാലകൾ, ക്ലബ്ബുകൾ, ശ്മശാനം തുടങ്ങി കാലങ്ങളായി കൈവശം വച്ചിട്ടുള്ള ഭൂമി അതേ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് അത്യാവശ്യം വേണ്ടുന്ന ഭൂമി മാത്രം ദീർഘകാല പാട്ടത്തിനോ വിപണിവില ഈടാക്കിയോ പതിച്ചുനൽകുന്നതിന് തത്വത്തിൽ തീരുമാനിച്ചു. നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അനുമതി തേടുന്നതിനായി ബന്ധപ്പെട്ട ഫയലുകൾ ഇപ്പോൾ അയച്ചിരിക്കുകയാണ്. അതിൽ ആലോചന നടക്കുകയാണ്. അതിലും തീരുമാനമെടുക്കണമെന്ന് തന്നെയാണ് സർക്കാരിന്റെ നിലപാട്. കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപ്പാറയിലെ 4,200 ഏക്കർ എസ്ചീട്ട് ഭൂമിയായി (Escheat land) സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. കൊല്ലം ജില്ലയിൽ ഐരണിക്കാവ് വില്ലേജിൽ ഹാരിസൺസ് മലയാളം പ്ലാന്റേഷനിൽ നിന്നും വാങ്ങി പ്രിയാ റബ്ബർ എസ്റ്റേറ്റ് ആൻഡ് പ്ലാന്റേഷൻ കൈവശം വച്ചിരുന്ന 492.13 ഏക്കർ ഭൂമി

തിരിച്ചെടുത്തിരിക്കുകയാണ്. ഭൂമിയേറ്റെടുക്കൽ പദ്ധതിയിൽ വീട് നഷ്ടപ്പെടുന്നവർക്ക് വീട് നൽകുന്നതിനും പ്രോജക്ട് മുഖേനയുണ്ടാകുന്ന തൊഴിലവസരങ്ങൾക്ക് മുൻഗണന നൽകുന്നതുമുൾപ്പെടെ വിവിധങ്ങളായ ആകർഷക പാക്കേജിലുൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. വികസന പ്രവർത്തനങ്ങൾക്ക് ഭൂമിയേറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കാൻ സത്വര നടപടി സ്വീകരിച്ചുവരുന്നു. പുനരധിവാസ പാക്കേജിൽ ആകർഷകമായ മാറ്റം വരുത്തി പുനരധിവാസ നയം രൂപീകരിച്ചിരിക്കുകയാണ്. ഭൂമിയേറ്റെടുക്കൽ നിയമത്തിന്റെ ചട്ടത്തിൽ ഭേദഗതി വരുത്തി. ഭൂമിയേറ്റെടുക്കുന്നതിന് പ്രത്യേക ഓഫീസ് സ്ഥാപിച്ചിടത്ത് എസ്റ്റാബ്ലിഷ്മെന്റ് ചെലവ് അർത്ഥനാധികാരി വാർഷിക ഗഡുക്കളായി അടയ്ക്കാൻ വ്യവസ്ഥ കൊണ്ടുവന്നു. കയ്യേറ്റം തടയുന്നതിന് ശക്തമായ നടപടി ഈ കാലയളവിൽ സ്വീകരിച്ചതായി പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു. എല്ലാ ജില്ലകളിലും ജാഗ്രതാ സ്ക്വാഡുകൾ അതിനായി രൂപീകരിച്ചു. ജില്ലാ തലങ്ങളിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)-ഉം താലൂക്ക് തലങ്ങളിൽ തഹസിൽദാറും സംഘത്തിന് നേതൃത്വം നൽകിവരുന്നു. സംസ്ഥാനത്താകെ 602 കേസുകളിലായി 195.13 ഹെക്ടർ സർക്കാർ ഭൂമി കയ്യേറ്റക്കാരിൽനിന്ന് ഒഴിപ്പിച്ചെടുത്തു. കയ്യേറ്റങ്ങൾ തടയാൻ അവധി ദിനങ്ങളിൽ പ്രത്യേക ശ്രദ്ധചെലുത്തി സ്ക്വാഡുകൾക്ക് രൂപം നൽകുന്നതിന് നിർദ്ദേശം നൽകി. കയ്യേറ്റങ്ങൾ തടയുന്നതിന് ജാഗ്രതക്കുറവ് കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിക്ക് നിർദ്ദേശം നൽകുകയും ചില നടപടികൾ സ്വീകരിക്കുകയും ചെയ്തു. അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചു. അഴിമതി നടത്തിയിട്ടുണ്ടെന്നോ കൃത്യവിലോപം നടത്തിയിട്ടുണ്ടെന്നോ പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന കേസുകളിൽ കുറ്റക്കാരായ 55 റവന്യൂ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തു. 165 പേർക്കെതിരെ അച്ചടക്ക നടപടി ഈ കാലയളവിൽ സ്വീകരിക്കുകയുണ്ടായി. റവന്യൂ വിജിലൻസ് വിംഗിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി.

അതുപോലെ വകുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസംഗത്തിൽ സൂചിപ്പിച്ച വിഷയങ്ങളെ സംബന്ധിച്ചും ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ശ്രീ. എസ്. രാജേന്ദ്രൻ ശ്രീമൂലം ക്ലബിന്റെ കെട്ടിട നിർമ്മാണത്തിന് എൻ.ഒ.സി നൽകുന്നതുസംബന്ധിച്ച പ്രശ്നം ഇവിടെ ചൂണ്ടിക്കാണിച്ചു. എൻ.ഒ.സി. നൽകേണ്ടതാണെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ ആ സന്ദർഭത്തിലുള്ള നിർദ്ദേശത്തിന്റെ ഭാഗമായി അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. പ്രസ്തുത അപ്പീലിന്റെ വിധിന്യായം ലഭിക്കുന്ന മുറയ്ക്ക് അതനുസരിച്ച് എൻ.ഒ.സി. നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഇടുക്കി ജില്ലയിൽ കെട്ടിട നിർമ്മാണത്തിന് എൻ.ഒ.സി. നിർബന്ധമാക്കിയത് കോടതിവിധിയുടെ അടിസ്ഥാനത്തിലാണ്. എൻ.ഒ.സി. വേണ്ടതില്ലെന്ന വിധിന്യായം സർക്കാരിന്റെ മുന്നിൽ വന്നിട്ടില്ല. ശ്രീമതി നിവേദിത പി. ഹരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ അഭിപ്രായപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കേണ്ടതാണെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മരം മുറിക്കുന്നത് സംബന്ധിച്ച് 1964-ലെ ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിനുള്ള അവകാശം കർഷകർക്കുതന്നെ നൽകുന്നതിന് പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചുപോലെ വനം വകുപ്പുമായി ബന്ധപ്പെട്ട് ഈ വിജ്ഞാപനത്തിൽ വന്നിട്ടുണ്ടെന്നതുകൊണ്ട് അവരുമായി ബന്ധപ്പെട്ട വിഷയങ്ങൾകൂടി പരിഹരിക്കപ്പെടേണ്ടതാണെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ശ്രീ. ആർ. രാമചന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നം, വരൾച്ചാ അവലോകനത്തിന് സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ പ്രവർത്തിക്കുന്നു. കേന്ദ്ര വരൾച്ചാ മാനുവൽ 2006 പ്രകാരം ഏതെങ്കിലും താലൂക്കിനെ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കാൻ സാധ്യതയുണ്ടോയെന്ന വിശകലനം നിലവിൽ അതോറിറ്റിയിൽ നടന്നുവരുന്നു. കേന്ദ്ര വരൾച്ചാ മാനുവൽ 2006 പ്രകാരം മാർച്ച് 31-നുമുമ്പ് ഈ വിശകലനം പൂർത്തിയാക്കി സംസ്ഥാന അതോറിറ്റിയുടെ തീരുമാനത്തിന് വിധേയമായി സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ വരൾച്ച പ്രഖ്യാപിക്കേണ്ടതുണ്ട്. ഈ മാർഗ്ഗങ്ങൾ നിർണ്ണയിക്കുന്നത് മേൽ വിശകലനം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ സാധിക്കു. കേന്ദ്ര വരൾച്ചാ മാനുവൽ 2016 കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമല്ലെന്നതിനാൽ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരൾച്ചാ മാനുവൽ കേരളത്തിലും പ്രായോഗികമായി ഉപയോഗിക്കാൻ കഴിയുംവിധം പരിഷ്കരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്. മുകളിൽനിന്ന് നോക്കിയാൽ താഴെ പച്ചപ്പ് കാണുന്ന സാഹചര്യമുണ്ടെങ്കിൽ വരൾച്ചാബാധിതമായി പ്രഖ്യാപിക്കാൻ കഴിയാത്ത വിധമുള്ള അഭിപ്രായമാണ് 2016-ലെ കേന്ദ്ര സർക്കാരിന്റെ മാനുവലുമായി ബന്ധപ്പെട്ടുള്ളത്. അതുകൊണ്ട് മാനുവലിൽ മാറ്റം വരുത്തണമെന്ന് നമ്മൾ ആവശ്യപ്പെട്ടിരിക്കുകയാണ്. പാലക്കാട്, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ നിലവിൽ ചില പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. അതുപോലെതന്നെ ശ്രീ. സി. മമ്മൂട്ടി ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും ഇപ്പോൾ

നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഭൂമി കയ്യേറ്റത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ കേരള ഭൂസംരക്ഷണ നിയമത്തിന്റെ വ്യവസ്ഥയനുസരിച്ച് ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് സത്വര നടപടി സ്വീകരിച്ചുവരുന്നു. ഒഴിപ്പിക്കൽ നടപടിക്കെതിരെ ബന്ധപ്പെട്ട കക്ഷികൾ ബഹുമാനപ്പെട്ട കോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവ് സമ്പാദിക്കുന്ന കേസുകളിൽ സ്റ്റേ റദ്ദാക്കുന്നതിനുവേണ്ട നടപടികളും ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡർമാരുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ 20 മാസംകൊണ്ട് വിവിധ ജില്ലകളിലായി 195 ഹെക്ടർ ഭൂമി ഒഴിപ്പിച്ചെടുത്തിട്ടുണ്ട്. ഈ കാര്യങ്ങളാണ് അതുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കാനുള്ളത്. ശ്രീ. എം. വിൻസെന്റ് ഇവിടെ ചൂണ്ടിക്കാണിച്ച സംസ്ഥാന ദുരന്ത നിവാരണ സംവിധാനം വളരെ കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത്. ആഭ്യന്തര വകുപ്പിന് കീഴിൽ ആവശ്യമായ സംവിധാനത്തോടെ സംസ്ഥാന ദുരന്ത നിവാരണ സേന മെച്ചപ്പെടുത്തുവാനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 1.98 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സേന വിപുലീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി National Cyclone Risk Mitigation Project (NCRMP) 2015-ലാണ് ആരംഭിച്ചത്. 2015-16 ൽ 44 ലക്ഷം രൂപയും 2016-17-ൽ 60 ലക്ഷം രൂപയും NCRMP-യുടെ ഭരണപരമായ ചെലവുകൾക്കായി ലഭിച്ചിട്ടുണ്ട്. 44 ലക്ഷം രൂപ സംസ്ഥാന ഖജനാവിൽനിന്ന് റീ-അപ്രോപ്രിയേറ്റ് ചെയ്തിട്ടുണ്ട്. ഇതുവരെ 120 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനായി 5.40 കോടി രൂപ 2016-17-ൽ ലഭിച്ചു. സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനായി 27 സൈറ്റുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. 12 സൈറ്റുകളിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞു. സൈക്ലോൺ ഷെൽട്ടർ നിർമ്മാണത്തിന് വേൾഡ് ബാങ്കിന്റെ അപ്രൂവൽ ആവശ്യമുണ്ട്. അപ്രൂവൽ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. ഇങ്ങനെ ഓരോ വിഷയവുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്.

മുൻ റവന്യൂ വകുപ്പുമന്ത്രികൂടിയായ ശ്രീ. അടൂർ പ്രകാശ് ഇവിടെ ചൂണ്ടിക്കാണിച്ചത് പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 1843 പട്ടയങ്ങൾ വിതരണം ചെയ്യാൻ ഉത്തരവായത് സംബന്ധിച്ചാണ്. അതിന്റെ അടിസ്ഥാനത്തിൽ 40 പട്ടയങ്ങളാണ് വിതരണം ചെയ്തത്. ബാക്കി പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരവെ വനം വകുപ്പ് ഡി.എഫ്.ഒ. പ്രസ്തുത ഭൂമി നിക്ഷിപ്ത വനഭൂമിയാണെന്നും പതിച്ചു നൽകണമെങ്കിൽ കേന്ദ്ര അനുമതി ആവശ്യമുണ്ടെന്നും അറിയിച്ചു. അതിന്റെ

അടിസ്ഥാനത്തിൽ പ്രസ്തുത പട്ടയങ്ങൾ റദ്ദാക്കുന്നതിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകി. കോന്നി താലൂക്ക് തഹസീൽദാർ പട്ടയങ്ങൾ റദ്ദാക്കി. ബന്ധപ്പെട്ട സർക്കാർ ഉത്തരവ് റദ്ദാക്കുന്നതിനുള്ള ഫയൽ സർക്കാരിന് സമർപ്പിച്ചപ്പോൾ പ്രസ്തുത ഭൂമിയിൽ താമസിക്കുന്നവർക്ക് നിയമപരമായി പട്ടയം നൽകുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും നിക്ഷിപ്ത വനഭൂമിതന്നെയാണോ എന്ന കാര്യം സംബന്ധിച്ചും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇപ്പോൾ ഉത്തരവ് നൽകി ഫയൽ മടക്കിയിരിക്കുകയാണ്. എന്നുവച്ചാൽ അവിടെ താമസിക്കുന്ന 1843 പേർ സർവ്വഥാ യോഗ്യരും അതിന് അർഹരുമാണെങ്കിൽ അവർക്കെല്ലാം പട്ടയം നൽകണമെന്നുതന്നെയാണ് ഈ സർക്കാരിന്റെ നിലപാട്. എന്നാൽ നേരത്തെ നൽകിയത് വനം വകുപ്പിന്റെ അനുമതിയില്ലാതെ യാണെന്നുള്ളതുകൊണ്ടാണ് റദ്ദാക്കപ്പെട്ടത്. എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് പട്ടയം നൽകണമെന്നുതന്നെയാണ് ഇപ്പോൾ ഈ സർക്കാരും ആലോചിക്കുന്നത്. അതുപോലെ കോഴിക്കോട് ജില്ലയിലെ കാര്യവുമായി ബന്ധപ്പെട്ട് ഇവിടെ ഒരു കാര്യം സൂചിപ്പിച്ചു.

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, ബഹുമാന്യനായ മന്ത്രി 1843 പട്ടയങ്ങളുടെ കാര്യം ഇവിടെ പറഞ്ഞു. കാലാകാലങ്ങളിൽ ഡി.എഫ്.ഒ.-മാർ മാറിമാറി വരുമ്പോൾ അവർ പറയുന്നത് ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടുള്ളതല്ലെന്നാണ്. ഇത് ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞിട്ട് എത്രയോ വർഷങ്ങളായതാണ്. ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ ഭൂമി എന്നുള്ള നിലയിൽ ജണ്ടയിട്ട് തിരിച്ചിട്ടുള്ള ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന നടപടിയാണ് അന്ന് സ്വീകരിച്ചിട്ടുള്ളത്. ആ നടപടി സ്വീകരിച്ചതിനെയാണ് ഡി.എഫ്.ഒ. എന്തോ പറഞ്ഞുവെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. ഞാൻ അതിനെ എതിർക്കുന്നില്ല. അങ്ങ് ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തു. അതനുസരിച്ച് ജില്ലാ കളക്ടർ അത് ക്യാൻസൽ ചെയ്തു എന്നുള്ളതും ശരിയാണ്. ഇത് ശരിയായ ഒരു നടപടിയല്ല എന്നുള്ളതുകൊണ്ടാണ് സൂചിപ്പിച്ചത്. കോന്നിയിലെ മാത്രം 1843 പട്ടയങ്ങൾ റദ്ദ് ചെയ്തത് ശരിയല്ലെന്നാണ് അഭിപ്രായപ്പെടാനുള്ളത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, നിയമസാധുതയുള്ള പട്ടയങ്ങൾ ഒന്നുപോലും റദ്ദ് ചെയ്യാൻ ഈ സർക്കാർ തയ്യാറല്ല. നിയമസാധുതയില്ല എന്ന വനംവകുപ്പ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അത് പരിശോധിക്കുകയും അവരുടെ അനുമതിയില്ലാത്തതുകൊണ്ട് അത് റദ്ദ് ചെയ്യുകയുമുണ്ടായി. അതേസമയം ഈ ആളുകൾക്ക് പട്ടയത്തിന് അർഹതയുണ്ടെങ്കിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി അത് വിതരണം ചെയ്യാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. നിയമപരമായ ശരി എന്നുള്ളതുകൊണ്ടാണ് ഈ നിലപാട്

സ്വീകരിച്ചത്.

ലുലു കൺവെൻഷൻ സെന്ററിന് ഭൂമി നൽകിയത് മന്ത്രിസഭാ തീരുമാന പ്രകാരമാണ്. കോഴിക്കോട് കോർപ്പറേഷൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ 19 സെന്റ് സ്ഥലം ലുലു കൺവെൻഷൻ സെന്ററിന് നൽകുന്നതിനും അതേ താലൂക്കിൽ തന്നെയുള്ള ലുലു കൺവെൻഷൻ സെന്ററിന്റെ 26 സെന്റ് സ്ഥലം കോഴിക്കോട് കോർപ്പറേഷന് തിരികെ നൽകുമെന്നുമുള്ള തീരുമാനത്തിന്റെ ഭാഗമായാണ് അങ്ങനെയൊരു തീരുമാനമെടുത്തത്. Vested with Corporation എന്നുപറഞ്ഞാൽ, തദ്ദേശ-ഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ ഭൂമി അവർക്ക് നൽകാനും പകരം ഭൂമി എടുക്കാനും കോർപ്പറേഷൻ തന്നെ രൂപം നൽകിയ ഒരു വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയാണ് ഈ കാര്യം തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, അക്കാര്യം ക്ലാരിഫൈ ചെയ്യാൻ വേണ്ടിയാണ് ചോദിക്കുന്നത്. കോർപ്പറേഷനിൽ വെസ്റ്റ് ചെയ്തിട്ടുള്ള ഭൂമി കൈമാറ്റം നടത്തിയതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഭൂമിയുടെ അവകാശി ആരാണ്; റവന്യൂ വകുപ്പാണോ; അതോ കോർപ്പറേഷനാണോ; അതുകൂടി വ്യക്തമാക്കണം. റവന്യൂ വകുപ്പിന് ഇക്കാര്യത്തിൽ എന്തെങ്കിലും അധികാരമുണ്ടോ എന്നുകൂടി വ്യക്തമാക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, മുൻ റവന്യൂ വകുപ്പുമന്ത്രി നിയമവിദഗ്ദ്ധൻ കൂടിയായതുകൊണ്ട് കൂടുതലായി അറിയും. ഇതെല്ലാം അവരുടെ കൈവശമാണ് ഇരിക്കുന്നതെങ്കിലും ഭൂമി രേഖാമൂലം കൈമാറ്റം ചെയ്യാനുള്ള അധികാരം റവന്യൂ വകുപ്പിനാണെന്നുള്ളതിനാലാണ് കോർപ്പറേഷൻ നേരിട്ട് അത് ചെയ്യാതെ സർക്കാരിനോട് ഇതിന് ആവശ്യപ്പെട്ടത്. ആ ആവശ്യം ക്യാബിനറ്റ് തീരുമാനത്തെ അടിസ്ഥാനപ്പെടുത്തി അനുവദിച്ചുവെന്ന് പറഞ്ഞാൽ സർക്കാരിനാണ് അധികാരമെന്ന് കൃത്യമായി എല്ലാവർക്കുമറിയാം. സർക്കാരിന്റെ അധികാരം ഉപയോഗിച്ച് കോർപ്പറേഷൻ ആവശ്യപ്പെട്ട പ്രകാരം അവരിൽ നിക്ഷിപ്തമായ ഭൂമിയുടെ കൈമാറ്റം നടത്തുകയാണുണ്ടായത്. അങ്ങയുടെ ഭരണകാലത്ത് ചെയ്തതിനെക്കുറിച്ച് പറഞ്ഞു. അതിനെക്കുറിച്ചുള്ള വിശദീകരണത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. നിയമപരമായി തടസ്സമില്ലാത്ത വിധം സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുത്തതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇനി അങ്ങേയ്ക്ക് എത്ര സമയംകൂടി വേണ്ടിവരും?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പത്ത് മിനിട്ടുകൂടി വേണം. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കൂടുതൽ ശക്തമാക്കുന്നതിനാണ് ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. അവശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും

സംരക്ഷിക്കാൻ ക്രിയാത്മകമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തി; ഡാറ്റാ ബാങ്ക് സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിക്കാൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തി. അപേക്ഷ സമർപ്പിക്കുന്നതിന് ആറ് മാസത്തെ സമയം അനുവദിച്ചു. 201,364 അപേക്ഷകൾ ലഭിച്ചു. അപേക്ഷ സമയബന്ധിതമായി പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള സാവകാശമുണ്ട്. മാർച്ച് 31-ന് അത് അവസാനിക്കുന്നില്ലെങ്കിൽ പരിശോധിച്ച് തുടർന്നുള്ള നടപടികൾ സ്വീകരിക്കും. 2008-നു മുമ്പ് നികത്തപ്പെട്ടതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും നിലവിൽ കൃഷിയില്ലാത്തതുമായ ഭൂമി തരം മാറ്റിയത് നിബന്ധനകൾക്ക് വിധേയമായി ന്യായവിലയുടെ 50 ശതമാനം ഈടാക്കി ക്രമവൽക്കരിക്കുന്നതിന് പ്രത്യേക വ്യവസ്ഥ കൊണ്ടുവന്നു. കഴിഞ്ഞ ഭരണകാലത്ത് 25 ശതമാനമായിരുന്നുവെന്ന് ബഹുമാന്യനായ മുൻ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞു. അതിലൊരു വ്യത്യാസമുണ്ട്, 3 എ-യിൽ വ്യവസ്ഥ ചെയ്തതനുസരിച്ച് 2008-നുമുമ്പ് നികത്തപ്പെട്ട ഭൂമിയാണെങ്കിൽ ഏതൊരാളിനും 25 ശതമാനമടച്ച് ഇത് വ്യാപകമായി നടത്താൻ കഴിയും. അതേ സമയം 5 സെന്റിൽ ഒരു ചെറിയ കൂര വയ്ക്കുന്നയാളിനും ഈ 25 ശതമാനം നൽകണമെന്നുണ്ടായിരുന്നു. പക്ഷെ 50 സെന്റിന്റെ കാര്യത്തിൽ അത് വളരെ വലിയ വ്യവസ്ഥകളോടുകൂടിയാണ് ക്രമവൽക്കരിക്കുന്നത്. 1300 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മാണത്തിന് മുൻകൂർ അനുമതി തേടേണ്ടതില്ലെന്ന് പറഞ്ഞാൽ അവരിൽ നിന്ന് ഫീസ് ഈടാക്കുന്നില്ല. അതുപോലെ ഇങ്ങനെയുള്ള ഭൂമി 50 സെന്റിൽ കൂടുതലാണ് ഉപയോഗിക്കുന്നതെങ്കിൽ അതിൽ പത്ത് ശതമാനം ഭൂമി ജലസംരക്ഷണത്തിനും ജലസംഭരണത്തിനുള്ള സംവിധാനത്തിനുമായി പ്രത്യേകമായി മാറ്റിവയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതോടൊപ്പം 400 സ്ക്വയർ ഫീറ്റ് വരെയുള്ള ചെറിയ കെട്ടിടം/വീട് വയ്ക്കുന്ന വ്യക്തിക്ക് ഒരു ചെറിയ കച്ചവടം നടത്തുന്നതിനുള്ള സൗകര്യവും അനുവദിച്ചിട്ടുണ്ട്. തരിശ് ഭൂമിയിൽ ഉടമസ്ഥന്റെ അനുമതിയില്ലെങ്കിലും വിവിധ ഏജൻസികൾ മുഖേന കൃഷി ചെയ്യുന്നതിനും വ്യവസ്ഥ കൊണ്ടുവരികയാണ്. പുതിയതായി തരിശ്ശായി കിടക്കുന്ന ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് ഏജൻസികളെ ഏൽപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയാണ്. തരം മാറ്റുന്നതിന് ചുമത്തുന്ന ചാർജ് പ്രത്യേക ഫണ്ടിലേയ്ക്ക് വരവ് ചെയ്ത് നെൽകൃഷി ഉൾപ്പെടെയുള്ള വിവിധങ്ങളായ ആവശ്യങ്ങൾക്ക് സർക്കാരിന് ഉപയോഗിക്കുന്നതിന് അതിൽ വ്യവസ്ഥ ചെയ്യുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ജില്ലകളിലായി നികത്തിയ 38.58 ഏക്കർ ഭൂമി പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്തിട്ടുണ്ട്. നെൽകൃഷി അല്ലെങ്കിലും

കവുങ്ങ്, തെങ്ങ്, വാഴ തുടങ്ങി ഏതെങ്കിലും കൃഷി ചെയ്യുന്നുണ്ടെങ്കിൽ ആ ഭൂമി പൂർണ്ണമായും തരം മാറ്റാതിരിക്കാൻ 50 ശതമാനം ഫീസ് ഈടാക്കും എന്നുവന്നാൽ അത് നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടുകൂടിയാണ് എന്ന് കാണേണ്ടതായിട്ടുണ്ട്. തീർച്ചയായും നേരത്തേ ഉണ്ടായിരുന്നതിൽ നിന്ന് തികച്ചും വ്യത്യസ്തമായാണ് ഇവിടെ കാര്യങ്ങൾ നടപ്പിലാക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് നേരത്തേ 25 ശതമാനം കൊണ്ടുവന്നപ്പോൾ 3-എ റദ്ദാക്കാൻ വേണ്ടി പറഞ്ഞ ന്യായങ്ങൾക്ക് വിരുദ്ധമായാണ് ഇപ്പോൾ സംസാരിച്ചത്. 50 ശതമാനമാക്കി എന്നുള്ള വ്യത്യാസവും ചെറിയ മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. 2008-ൽ ഈ നിയമം വരുന്നതിനുമുമ്പ് അനധികൃതമായി നിലം നികത്തിയിട്ടുള്ള വ്യക്തികളുടെ കയ്യിൽ നിന്ന് 50, 75 ശതമാനം വേണമെങ്കിലും ഫീസ് ഈടാക്കിക്കൊള്ളൂ. പക്ഷേ 50, 100 വർഷമായി നികന്നുകിടക്കുന്ന ഭൂമി, ഉദാഹരണത്തിന്, ഒരു കർഷകന്റെ കൈവശമുള്ള ഒരേക്കർ ഭൂമി അയാളുടെ മക്കൾക്ക് പാർട്ടീഷൻ ചെയ്തുകൊടുക്കുന്നു. പ്രസ്തുത സ്ഥലത്ത് അവർക്ക് വീട് വയ്ക്കണമെന്നുണ്ടെങ്കിൽ അയാൾ ഈ ഭൂമിയുടെ 50 ശതമാനം തുക അടയ്ക്കണമെന്ന് പറയുന്നത് എവിടത്തെ ന്യായമാണ്; എന്ത് അന്യായമാണ് സർക്കാർ ചെയ്യുന്നത്? അന്യായമായി ഭൂമി നികത്തിയവരോട് 50, 75 ശതമാനം ഫീസ് ഈടാക്കാം. 50-100 വർഷമായി നികത്തപ്പെട്ട ഭൂമിയിൽ താമസിക്കുന്ന ഒരാൾക്ക് വീട് വയ്ക്കണമെങ്കിൽ ആ ഭൂമിയുടെ ഫെയർ വാല്യുവിന്റെ 50 ശതമാനം സർക്കാരിലേയ്ക്ക് അടയ്ക്കണമെന്ന് പറയുന്നത് അന്യായമാണ്. അക്കാര്യം സർക്കാർ പരിശോധിക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കാര്യത്തിൽ ന്യായമായ വശമുണ്ട്; അത് അംഗീകരിക്കുകയാണ്. 2008-നുമുമ്പ് നികത്തിയത് സംബന്ധിച്ച് പൊതുവിൽ എല്ലാ കാലവും ഒരുപോലെയാണ്. എന്നാൽ 2008-ന് മുമ്പുള്ളത് സാറ്റലൈറ്റ് പരിശോധനയിലൂടെ തെളിയിക്കാൻ കഴിയുന്നതിൽ ചില പരിമിതികളുണ്ട്. 50-100 വർഷം മുമ്പ് നികത്തപ്പെട്ട ഭൂമി സംബന്ധിച്ച് പരിശോധിക്കാൻ സാധ്യമല്ല. ഇതുമായി ബന്ധപ്പെട്ട ബിൽ സഭയിൽ വരുമ്പോൾ അത്തരം വിഷയങ്ങളെ സംബന്ധിച്ച് പരിശോധിക്കുകയും അതിന് കട്ട് ഓഫ് ഡേറ്റോ/വർഷമോ ഏതെങ്കിലും ഒന്ന് തീരുമാനിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയും ചെയ്യാം. റീ-സർവ്വേ പ്രവർത്തനം പുനരാരംഭിക്കുകയും അതിന്റെ ഭാഗമായി 25 വില്ലേജുകൾ പൂർത്തീകരിക്കുകയും ചെയ്തിരിക്കുകയാണ്. അത് തുടർന്നും മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ആലോചിക്കുന്നത്. കേരളത്തിലെ മുഴുവൻ പ്രദേശങ്ങളുടെയും റീ-സർവ്വേ പ്രവർത്തനം പൂർത്തീകരിക്കണമെങ്കിൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകൃത

ഏജൻസികളുടെ സഹായത്തോടെ കൂടുതൽ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട്, കൂടുതൽ ആളുകളെ ഉപയോഗിച്ചുകൊണ്ട് വളരെ വിപുലമായി റീ-സർവ്വേ പൂർത്തീകരിക്കാനാണ് ആലോചിക്കുന്നത്. റീ-സർവ്വേ പ്രവർത്തനം നടക്കുമ്പോൾ അവിടെയുണ്ടായിരുന്ന പ്രധാനപ്പെട്ട വിഷയമായ പരാതി തീർപ്പാക്കുന്നതിന് ചട്ടഭേദഗതി ഇപ്പോൾ വരുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥ തലത്തിൽ തട്ടുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിരിക്കുകയാണ്. 24 മുതൽ 32 വരെയുള്ള തട്ടുകളിലായി ഇക്കാര്യങ്ങൾ പരിശോധിക്കപ്പെടുന്നതിന് പകരം നാല് തട്ടുകളാക്കി ചുരുക്കിയിരിക്കുകയാണ്. ക്ലാർക്ക്, സർവ്വേയർ, ഹെഡ് സർവ്വേയർ, തഹസിൽദാർ എന്നീ നാല് പേർ കണ്ട് ഈ വിഷയത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുന്നതാകുമ്പോൾ വേഗതയിൽ അതിനുള്ള സാധ്യതയുണ്ടാകും. ഡയറക്ടറേറ്റിൽ ഏകോപനത്തിനുള്ള പ്രത്യേക സംവിധാനവും ഒരുക്കിയിട്ടുണ്ട്.

ഒറ്റത്തവണ കെട്ടിടനികുതി പരിഷ്കരണം നടത്തുന്നതിനെ സംബന്ധിച്ച് ഒരു നിർദ്ദേശം തയ്യാറാക്കിയിരിക്കുന്നു. നികുതി നിർണ്ണയം നടത്താത്ത കെട്ടിടങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ ജില്ലയ്ക്കും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആഡംബര നികുതി സ്ലാബ് അടിസ്ഥാനത്തിൽ പുതുക്കി നിർണ്ണയിക്കാൻ നിയമഭേദഗതി തയ്യാറാക്കി നിയമവകുപ്പിന്റെ പരിഗണനയ്ക്ക് നൽകിയിരിക്കുകയാണ്. ഫ്ലാറ്റുകളുടെ കെട്ടിട നികുതി നിർണ്ണയത്തിൽ മാനദണ്ഡം നിശ്ചയിച്ച് ഓരോ കെട്ടിടഭാഗവും ഉടമസ്ഥാവകാശത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക കെട്ടിടമായി പരിഗണിച്ച് നികുതി നിർണ്ണയിക്കുന്നതിന് വ്യവസ്ഥ കൊണ്ടുവന്നു. അതുപോലെ ആധുനികവൽക്കരണത്തിന് വേഗത കൂട്ടി. വില്ലേജ് ഓഫീസുതലം മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള എല്ലാ ഓഫീസുകളുമായി ബന്ധപ്പെടുന്നതിനുവേണ്ടി ആധുനികവൽക്കരണ നടപടികളുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചു. റെക്കോർഡ്സ് ഡിജിറ്റലൈസേഷൻ അവസാന ഘട്ടത്തിലാണ്. 14 കളക്ടറേറ്റുകളെയും ഇ-ഓഫീസ് ശൃംഖലയിലേയ്ക്ക് ബന്ധിപ്പിക്കുവാനുള്ള നടപടികൾ തുടങ്ങി. റവന്യൂ റിക്കവറി നടപടി പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കി. മന്ത്രിയുടെ ഓഫീസ് മുതൽ വില്ലേജ് ഓഫീസ് വരെ നീളുന്ന തലങ്ങൾ കമ്പ്യൂട്ടർവഴി ബന്ധിപ്പിച്ചു. ഏത് സമയത്തും എവിടെ നിന്നും റവന്യൂ വകുപ്പിൽ അടയ്ക്കേണ്ട നികുതിയും ഫീസും ഓൺലൈൻവഴി അടയ്ക്കാനുള്ള സമഗ്ര റവന്യൂ പോർട്ടൽ അടുത്ത ആറ് മാസത്തിനുള്ളിൽ നടപ്പിലാക്കും. പുതിയതായി 60 സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആരംഭിക്കാൻ പോകുകയാണ്.

ശ്രീ. എം. നൗഷാദ് ചൂണ്ടിക്കാണിച്ചത് ഫ്രണ്ട് ഓഫീസുകളുടെ

പ്രവർത്തനമാണ്. കേരളത്തിലെ 1664 വില്ലേജ് ഓഫീസുകളിലും ഫ്രണ്ട് ഓഫീസുകൾ ആരംഭിക്കുക എന്നുപറയുന്നത് അപ്രായോഗികമാണ്. എന്നാൽ തീർച്ചയായും അദ്ദേഹം ഇവിടെ നിർദ്ദേശിച്ചതുപോലെ പരീക്ഷണാടിസ്ഥാനത്തിൽ 10-50 ഓഫീസുകളിലെങ്കിലും ഫ്രണ്ട് ഓഫീസുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കൂടി തീരുമാനിച്ച് മുന്നോട്ടുപോകാനാണ് സർക്കാർ ആലോചിക്കുന്നത്. കേരളത്തിൽ ആറ് മേഖലകളിൽ പുതിയ റവന്യൂ ഡിവിഷനുകളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. ഇക്കാര്യം കഴിഞ്ഞ ബഡ്ജറ്റിലുണ്ടായിരുന്നതാണ്. അഞ്ച് റവന്യൂ ഡിവിഷനുകളുടെ കാര്യത്തിൽ തീരുമാനം എടുത്തിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആറ് റവന്യൂ ഡിവിഷനുകളിൽ അഞ്ചെണ്ണത്തിന് മന്ത്രിസഭ അനുമതി നൽകുകയും ആസ്ഥാനം നിർണ്ണയിച്ച് വിജ്ഞാപനം ഇറങ്ങുകയും രണ്ട് മാസത്തിനകം പ്രവർത്തനം തുടങ്ങുകയും ചെയ്യുന്നതാണ്. ഓരോ റവന്യൂ ഡിവിഷനുകളിലും 24 തസ്തിക വീതം, 120 തസ്തിക, അനുവദിച്ചിട്ടുണ്ട്. കൊല്ലത്തെ റവന്യൂ ഡിവിഷനെ സംബന്ധിച്ച തീരുമാനം വൈകില്ല. അതിന്റെ ആസ്ഥാനം സംബന്ധിച്ച തീരുമാനം വളരെ വൈകാതെ നടപ്പാകുന്നതാണ്. തൃശ്ശൂർ ജില്ലയിലെ കുന്ദംകുളത്തും കണ്ണൂർ ജില്ലയിലെ പയ്യന്നൂരിലും രണ്ട് താലൂക്കുകൾ അനുവദിച്ചിട്ടുണ്ട്. ഓരോ താലൂക്കിലും 55 തസ്തികകളുൾപ്പെടെ 110 തസ്തികകൾ അനുവദിക്കുകയുണ്ടായി. അതിന്റെ പ്രവർത്തനം വളരെ വൈകാതെ ആരംഭിക്കാൻ പോകുകയാണ്. അതുപോലെ പവർഗ്രിഡ് കോർപ്പറേഷന് ഭൂമി ഏറ്റെടുക്കുന്നതിന് രണ്ട് പുതിയ സ്പെഷ്യൽ ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്. ഒരു സ്പെഷ്യൽ ഓഫീസിൽ 11 തസ്തികകളുൾപ്പെടെ ആകെ 22 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. താലൂക്കുകൾ സംബന്ധിച്ച് നിലനിൽക്കുന്ന അന്തരം പരിശോധിച്ച് പരിഹരിക്കാനുള്ള നടപടികളുണ്ടാകണം എന്നുകൂടി തീരുമാനിച്ചിരിക്കുകയാണ്.

റവന്യൂ വകുപ്പിൽ നിന്ന് രണ്ട്, മൂന്ന് സെന്റ് ഭൂമി സ്വന്തം പേരിൽ ലഭിച്ചിട്ടുള്ള ദുർബല വിഭാഗത്തിന് രണ്ട് ലക്ഷം രൂപ സബ്സിഡി നൽകുന്ന ഗൃഹശ്രീ ഭവന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 492 പേർക്ക് ഒന്നാം ഗഡുവും 457 പേർക്ക് രണ്ടാം ഗഡുവും 381 പേർക്ക് മൂന്നാം ഗഡുവും 351 പേർക്ക് നാലാം ഗഡുവും വിതരണം ചെയ്തു. ഈയിനത്തിൽ 16.10 കോടി രൂപ ഇപ്പോൾ വിതരണം ചെയ്തുകഴിഞ്ഞിരിക്കുകയാണ്. വായ്പാ തിരിച്ചടവ് ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 3.91 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു. നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിൽ താമസത്തിന് സൗകര്യമില്ലാതിരിക്കുകയും വിദൂരങ്ങളിലേയ്ക്ക് പോകേണ്ടതായും വരുന്നവർക്ക് വളരെ കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന ഇന്നൊവേറ്റീവ് ഭവന പദ്ധതിയുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം തിരുവനന്തപുരത്തെ

പൂജപ്പുരയിൽ മൂന്നും നാലും ഘട്ടങ്ങളിലായി 48 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് കേന്ദ്ര സർക്കാർ ഗ്രാന്റും സംസ്ഥാന സർക്കാർ വിഹിതവും വിനിയോഗിച്ച് തിരുവനന്തപുരത്തെ എൻ.സി.സി. നഗർ, എറണാകുളത്തെ ഇടപ്പള്ളി, തൃശ്ശൂരിലെ മുളങ്കുന്നത്തുകാവ്, ചാലക്കുടി, കോഴിക്കോട്ടെ ചേവായൂർ, ഇടുക്കിയിലെ കട്ടപ്പന എന്നിവിടങ്ങളിലായി ആറ് വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകളുടെ പണി പൂർത്തിയായി. ഇപ്രകാരം 680 വനിതാ ജീവനക്കാർക്ക് താമസസൗകര്യം നൽകുവാൻ കഴിഞ്ഞു. പൊതുജനസമ്പർക്കവുമായി ബന്ധപ്പെട്ട സർക്കാർ ഓഫീസുകളെല്ലാം ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കുന്ന ഹരിപ്പാട് റവന്യൂ ടവറിന്റെ നിർമ്മാണം പൂർത്തിയാക്കി. ഏഴ് നിലകളിലായി 65,000 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് ഈ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് അതിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നേരത്തെ പറഞ്ഞതാണ്. തീർച്ചയായും വൈകാതെ അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും. കെട്ടിട നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനായി എറണാകുളം ജില്ലയിലെ എടക്കാട്ടുവയൽ, കോട്ടയം ജില്ലയിലെ ഉദയനാപുരം എന്നീ കലവറകളുടെ പ്രവർത്തനം ഈ വർഷം ആരംഭിച്ചു. തൊഴിലധിഷ്ഠിത പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി നിർമ്മിതി കേന്ദ്രം വിവിധ ജില്ലകളിലായി 900 യുവതീയുവാക്കൾക്ക് മേസൻട്രി, ലാൻഡ്സ്കേപ്പിംഗ്, ഹോർട്ടികൾച്ചർ, ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ, പെയിന്റിംഗ്, ഹോം ആർട്ട്, ടെറാകോട്ട എന്നീ മേഖലകളിൽ പരിശീലനം നൽകുന്ന പദ്ധതി ആവിഷ്കരിക്കുകയും ഈ പദ്ധതി പ്രകാരം 375-ഓളം ആളുകൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഹരിത സാങ്കേതികവിദ്യയും സുസ്ഥിര നിർമ്മാണ സാങ്കേതികവിദ്യയും പ്രചരിപ്പിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി 18 പരിശീലന പദ്ധതികൾ തയ്യാറാക്കുകയും അവ നടപ്പിലാക്കിവരികയും ചെയ്യുന്നു. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും കാണുന്നതിനും പഠിക്കുന്നതിനും അവസരമൊരുക്കുന്ന നിർമ്മിതി ക്യാമ്പസിൽ പരമ്പരാഗത ശൈലിയിലുള്ള നിർമ്മാണങ്ങളും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രീഫാബ് കെട്ടിടങ്ങളും പുനരാവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത മ്യൂസിയത്തിൽ പരമ്പരാഗത ഗൃഹോപകരണങ്ങൾകൂടി ഉൾപ്പെടുത്തി പ്രദർശനം സജ്ജമാക്കിയിട്ടുണ്ട്. നൂതന സാങ്കേതികവിദ്യാ പരിശീലന പരിപാടിയുടെ ഭാഗമായി 150 പേർക്ക് പരിശീലനം നൽകാനുദ്ദേശിച്ചുകൊണ്ടുള്ള ടോട്ടൽ സ്റ്റേഷൻ സർവ്വേ പരിശീലന പരിപാടി KESNIK (Kerala State Nirmithi Kendra) ക്യാമ്പസിൽ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. 30 പേർക്ക് പരിശീലനം

നൽകിക്കഴിഞ്ഞു. ഗുണമേന്മയുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ, കോൺക്രീറ്റ് ഇഷ്ടികകൾ, ഇന്റർലോക്ക്, വാൾ ബ്ലോക്ക്, ഇന്റർലോക്ക് പേവിംഗ് ടൈൽ എന്നിവയുടെ പുതിയ യൂണിറ്റുകളുടെ പ്രവർത്തനം തിരുവനന്തപുരത്തും പാലക്കാടും ആരംഭിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, പട്ടികവർഗ്ഗ വികസന വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവയുടെ ഏകദേശം 170 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരികയാണ്. 1965-ലെ കെട്ടിട വാടകനിയന്ത്രണ നിയമം പരിഷ്കരിക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ ഭരണത്തിന്റെയും ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടതും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിനുള്ള കാര്യങ്ങളും ഉൾപ്പെടെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ പോരായ്മകൾക്കും പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു വിഷയം ഓഖി ദുരന്തവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, മരം മുറിക്കുന്നതിന് കളക്ടറിൽനിന്നും എൻ.ഒ.സി. വാങ്ങണമെന്ന് കോടതി പറഞ്ഞിട്ടില്ല. മറ്റൊന്ന്, തഹസിൽദാർ മജിസ്ട്രേറ്റാണ്. അദ്ദേഹം നിജസ്ഥിതി സർട്ടിഫിക്കറ്റ് നൽകുന്ന എൽ.എ. പട്ടയത്തിൽ കോടതി നിരോധനം ഏർപ്പെടുത്തിയിട്ടില്ല. ഈ രണ്ട് വിഷയത്തിലും വ്യക്തത വരുത്താനാവശ്യമായ നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, റവന്യൂ ഓഫീസുകളെ ശാക്തീകരിക്കുന്നതിനെ സംബന്ധിച്ചാണ് അങ്ങ് ഇവിടെ പറഞ്ഞത്. കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്ത് ഒരു ഡെപ്യൂട്ടി തഹസീൽദാർ ഉൾപ്പെടെ പത്തോളം ഉദ്യോഗസ്ഥരുണ്ട്. ഈ ഓഫീസിനെ ശാക്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാന്യനായ പി.ടി.എ. റഹീം കഴിഞ്ഞ കുറേക്കാലമായി പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാര്യമാണിത്. അദ്ദേഹത്തിന്റെ അപേക്ഷയെത്തുടർന്ന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കാനുള്ള നിർദ്ദേശം നൽകിയിരിക്കുകയാണ്. കേരളത്തിൽ ആകെയുള്ള ഒരു സബ് താലൂക്ക് കുന്ദമംഗലത്താണ്. ആ സബ് താലൂക്കിൽനിന്നും സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഉൾപ്പെടെയുണ്ടാകണമെന്ന ആവശ്യമാണ് അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതിന് റവന്യൂ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

തീർച്ചയായും അത് പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കാം. ശ്രീ. എസ്. രാജേന്ദ്രൻ ചൂണ്ടിക്കാണിച്ച കാര്യത്തെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. മരം മുറിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് എൻ.ഒ.സി. നൽകേണ്ടതാണെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. നിവേദിത പി. ഹരൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കേണ്ടതാണെന്ന തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ പരിശോധിക്കുന്നതിനുവേണ്ടി വച്ചിരിക്കുകയാണ്. മരം മുറിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് എൻ.ഒ.സി. വാങ്ങണമെന്നുള്ളത് ഹൈക്കോടതിയുടെ വിധിയാണ്. ആ വിധിക്കുശേഷം മറ്റേതെങ്കിലും ഒരു വിധി കോടതിയിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെയുണ്ടെങ്കിൽ തീർച്ചയായും അതുസംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഭൂമിയൊക്കെ നൽകിയെന്ന് പറഞ്ഞു. അക്കാര്യങ്ങളെക്കുറിച്ച് പറഞ്ഞാൽ ഇനിയും ധാരാളം പറയേണ്ടിവരും. ഭൂരഹിതരായവർക്ക് മൂന്ന് സെന്റ് ഭൂമി നൽകുമെന്ന് പ്രഖ്യാപിക്കുകയും അതിൽ പലർക്കും ഭൂമി ലഭിക്കാതിരിക്കുകയും ലഭ്യമായ ഭൂമിയിൽ പലതും വാസയോഗ്യമല്ലാതിരിക്കുകയും അതിന്റെ ആക്ഷേപങ്ങൾ ഈ സർക്കാരിന്റെ മുമ്പാകെ വരികയും വാസയോഗ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഈ സർക്കാർ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട്, കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെയൊരു സംഭവം ഉണ്ടായിട്ടില്ലെന്നുള്ളത് ശരിയാണ്. ദുരന്തബാധിതർക്കുവേണ്ടി നേരിട്ട് ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിച്ച ഏതെങ്കിലുമൊരു കാലമുണ്ടായിട്ടുണ്ടോ? രാഷ്ട്രീയമായ എതിർപ്പിന്റെയും വിരോധത്തിന്റെയും അടിസ്ഥാനത്തിൽ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ഇത് പ്രയോഗിക്കുന്നു എന്നുള്ളതൊഴിച്ചാൽ, 22 ലക്ഷം രൂപയിൽ 16 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ്. 4 ലക്ഷം രൂപ മാത്രമാണ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായി നൽകാൻ കഴിഞ്ഞത്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിനേയുംകൂടി ഉൾപ്പെടുത്തിയാണ് 20 ലക്ഷം രൂപ തീരുമാനിക്കുന്നത്. രണ്ട് ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചതാണ്. സംസ്ഥാന സർക്കാർ 7,340 കോടി രൂപയുടെ പാക്കേജ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. ഒരു ചില്ലിക്കാശ് പോലും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമായില്ല. അതിനെക്കുറിച്ച് ആർക്കും ഒരഭിപ്രായവുമില്ല. 441 കോടി രൂപയുടെ അടിയന്തര സഹായം വേണമെന്ന് കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. 131 കോടി രൂപ അനുവദിച്ചുവെന്നാണ് പറഞ്ഞത്. ഇത്തരമൊരു അവസ്ഥയിൽ കേന്ദ്ര

സർക്കാർ അനുകൂലമായ നിലപാട് സ്വീകരിക്കുന്നില്ല; ആവശ്യമായ സഹായം ചെയ്യാൻ മുന്നോട്ട് വരുന്നില്ല; പാക്കേജ് അംഗീകരിക്കുന്നില്ല. അങ്ങനെ അന്തംവിട്ട് നിൽക്കുകയാണ് തീരദേശ വാസികൾ. ഓഖി ദുരന്തത്തിൽ 52 ആളുകളും 7 ആളുകൾ കടലിന് പുറത്തും ഉൾപ്പെടെ 59-ഓളം ആളുകൾ മരിക്കുകയുണ്ടായി. ഈ മരണങ്ങളെല്ലാം നടന്നപ്പോൾ അവർക്ക് സഹായവും അടിയന്തര ചികിത്സയും നൽകാൻ പ്രത്യേക ഫണ്ട് അനുവദിക്കാനും സാധിച്ചു. ആദ്യ ദിവസം ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തവർക്ക് 2,000 രൂപ വീതം നൽകി. അതിനുവേണ്ടി 31 കോടി രൂപ അനുവദിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ ഇതിനുമുമ്പ് സുനാമി വന്നിട്ടുണ്ട്. എത്ര വലിയ ദുരന്തങ്ങൾ വന്നിട്ടുണ്ട്. അന്നൊന്നും കണ്ടിട്ടില്ലാത്ത വിധത്തിൽ കേരളത്തിൽ സജീവമായി ഉണർന്ന് പ്രവർത്തിച്ച ഒരു സർക്കാരിനെ കരിവാരി തേയ്ക്കാനും ആക്ഷേപിക്കാനും ബോധപൂർവ്വം നടത്തുന്ന പ്രചരണമെന്നതിലപ്പുറം ഇതിനെക്കുറിച്ച് മറ്റൊരഭിപ്രായവും പറയാനില്ല. ഞാൻ അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ പി. ഉബൈദുള്ള, എം. ഉമ്മർ, എൽദോസ് പി. കുന്നപ്പിള്ളിൽ, കെ. എൻ. എ. ഖാദർ, സി. മമ്മൂട്ടി, എ. പി. അനിൽ കുമാർ, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, വി. എസ്. ശിവകുമാർ, പാറക്കൽ അബ്ദുല്ല എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു

23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. ജോൺ ഫെർണാണ്ടസ്
26. ശ്രീ. വി. ജോയി
27. ശ്രീ. ഒ. ആർ. കേളു
28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. കുഞ്ഞിരാമൻ
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. വി. കെ. സി. മമ്മത് കോയ
33. ശ്രീ. എം.എം. മണി
34. ശ്രീ. മാത്യു ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. എ. സി. മൊയ്തീൻ
37. ശ്രീ. മുഹമ്മദ് മുഹസിൻ പി.
38. ശ്രീ. എം. മുകേഷ്
39. ശ്രീ. ഡി. കെ. മുരളി
40. ശ്രീ. മുരളി പെരുനെല്ലി
41. ശ്രീ. സി. കെ. നാണു
42. ശ്രീ. എം. നൗഷാദ്
43. ശ്രീ. യു. ആർ. പ്രദീപ്
44. ശ്രീ. എ. പ്രദീപ്കുമാർ
45. ശ്രീ. കെ. ഡി. പ്രസേനൻ
46. ശ്രീ. പുരുഷൻ കടലുണ്ടി

47. ശ്രീ. പി. ടി. എ. റഹീം
48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ
50. ശ്രീ. എസ്. രാജേന്ദ്രൻ
51. ശ്രീ. ആർ. രാജേഷ്
52. ശ്രീ. റ്റി. വി. രാജേഷ്
53. ശ്രീ. കെ. രാജു
54. ശ്രീ. രാജു എബ്രഹാം
55. ശ്രീ. ആർ. രാമചന്ദ്രൻ
56. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
57. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
58. ശ്രീ. മുല്ലക്കര രത്നാകരൻ
59. പ്രൊഫ. സി. രവീന്ദ്രനാഥ്
60. ശ്രീ. കാരാട്ട് റസാഖ്
61. ശ്രീ. എസ്. ശർമ്മ
62. ശ്രീ. എ. കെ. ശശീന്ദ്രൻ
63. ശ്രീ. സി. കെ. ശശീന്ദ്രൻ
64. ശ്രീ. പി. കെ. ശശി
65. ശ്രീ. വി. ശശി
66. ശ്രീ. ഐ. ബി. സതീഷ്
67. ശ്രീ. ബി. സത്യൻ
68. ശ്രീ. എ. എൻ. ഷംസീർ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. ജി. സുധാകരൻ

71. ശ്രീ. വി. ആർ. സുനിൽ കുമാർ
72. ശ്രീ. വി. എസ്. സുനിൽ കുമാർ
73. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
74. ശ്രീ. എം. സ്വരാജ്
75. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
76. ശ്രീ. പി. തിലോത്തമൻ
77. ഡോ. ടി. എം. തോമസ് ഐസക്
78. ശ്രീ. പി. ഉണ്ണി
79. ശ്രീമതി വീണാ ജോർജ്ജ്
80. ശ്രീ. കെ. വി. വിജയദാസ്
81. ശ്രീ. ഇ. കെ. വിജയൻ
82. ശ്രീ. പിണറായി വിജയൻ
83. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ.സി. ബാലകൃഷ്ണൻ

12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. കെ. എൻ. എ. ഖാദർ
18. ശ്രീ. സി. മമ്മൂട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. കെ. എം. ഷാജി
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
32. ശ്രീ. റോജി എം. ജോൺ
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. ഉമ്മർ
35. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 83

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ കെ. മുരളീധരൻ, എം. ഉമ്മർ, എം. വിൻസെന്റ്, അനിൽ അക്കര, ഐ. സി. ബാലകൃഷ്ണൻ, കെ. എൻ. എ. ഖാദർ, എൻ. എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, സി. മമ്മൂട്ടി, അടൂർ പ്രകാശ്, പാറക്കൽ അബ്ദുല്ല, പി. ഉബൈദുള്ള, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ.കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി

4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. ജോൺ ഫെർണാണ്ടസ്
26. ശ്രീ. വി. ജോയി
27. ശ്രീ. ഒ. ആർ. കേളു

28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. കുഞ്ഞിരാമൻ
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. വി. കെ. സി. മമ്മത് കോയ
33. ശ്രീ. എം.എം. മണി
34. ശ്രീ. മാത്യു ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. എ. സി. മൊയ്തീൻ
37. ശ്രീ. മുഹമ്മദ് മുഹസിൻ പി.
38. ശ്രീ. എം. മുകേഷ്
39. ശ്രീ. ഡി. കെ. മുരളി
40. ശ്രീ. മുരളി പെരുനെല്ലി
41. ശ്രീ. സി. കെ. നാണു
42. ശ്രീ. എം. നൗഷാദ്
43. ശ്രീ. യു. ആർ. പ്രദീപ്
44. ശ്രീ. എ. പ്രദീപ്കുമാർ
45. ശ്രീ. കെ. ഡി. പ്രസേനൻ
46. ശ്രീ. പുരുഷൻ കടലുണ്ടി
47. ശ്രീ. പി. ടി. എ. റഹീം
48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ
50. ശ്രീ. എസ്. രാജേന്ദ്രൻ
51. ശ്രീ. ആർ. രാജേഷ്
52. ശ്രീ. റ്റി. വി. രാജേഷ്

53. ശ്രീ. കെ. രാജു
54. ശ്രീ. രാജു എബ്രഹാം
55. ശ്രീ. ആർ. രാമചന്ദ്രൻ
56. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
57. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
58. ശ്രീ. മുല്ലക്കര രത്നാകരൻ
59. പ്രൊഫ. സി. രവീന്ദ്രനാഥ്
60. ശ്രീ. കാരാട്ട് റസാഖ്
61. ശ്രീ. എസ്. ശർമ്മ
62. ശ്രീ. എ. കെ. ശശീന്ദ്രൻ
63. ശ്രീ. സി. കെ. ശശീന്ദ്രൻ
64. ശ്രീ. പി. കെ. ശശി
65. ശ്രീ. വി. ശശി
66. ശ്രീ. ഐ. ബി. സതീഷ്
67. ശ്രീ. ബി. സത്യൻ
68. ശ്രീ. എ. എൻ. ഷംസീർ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. ജി. സുധാകരൻ
71. ശ്രീ. വി. ആർ. സുനിൽ കുമാർ
72. ശ്രീ. വി. എസ്. സുനിൽ കുമാർ
73. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
74. ശ്രീ. എം. സ്വരാജ്
75. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
76. ശ്രീ. പി. തിലോത്തമൻ

77. ഡോ. ടി. എം. തോമസ് ഐസക്
78. ശ്രീ. പി. ഉണ്ണി
79. ശ്രീമതി വീണാ ജോർജ്ജ്
80. ശ്രീ. കെ. വി. വിജയദാസ്
81. ശ്രീ. ഇ. കെ. വിജയൻ
82. ശ്രീ. പിണറായി വിജയൻ
83. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്

17. ശ്രീ. കെ. എൻ. എ. ഖാദർ
18. ശ്രീ. സി. മമ്മൂട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. കെ. എം. ഷാജി
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
32. ശ്രീ. റോജി എം. ജോൺ
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. ഉമ്മർ
35. ശ്രീ. എം. വിൻസെന്റ്

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 83

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ കെ. എൻ. എ. ഖാദർ, പാറക്കൽ അബ്ദുല്ല, എം. ഉമ്മർ, പി. ഉബൈദുള്ള, സി. മമ്മൂട്ടി, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ.കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു

10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. ജോൺ ഫെർണാണ്ടസ്
26. ശ്രീ. വി. ജോയി
27. ശ്രീ. ഒ. ആർ. കേളു
28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. കുഞ്ഞിരാമൻ
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. വി. കെ. സി. മമ്മത് കോയ
33. ശ്രീ. എം.എം. മണി

34. ശ്രീ. മാത്യു ടി. തോമസ്

35. ശ്രീ. കെ. ജെ. മാക്സി

36. ശ്രീ. എ. സി. മൊയ്തീൻ

37. ശ്രീ. മുഹമ്മദ് മുഹസിൻ പി.

38. ശ്രീ. എം. മുകേഷ്

39. ശ്രീ. ഡി. കെ. മുരളി

40. ശ്രീ. മുരളി പെരുനെല്ലി

41. ശ്രീ. സി. കെ. നാണു

42. ശ്രീ. എം. നൗഷാദ്

43. ശ്രീ. യു. ആർ. പ്രദീപ്

44. ശ്രീ. എ. പ്രദീപ്കുമാർ

45. ശ്രീ. കെ. ഡി. പ്രസേനൻ

46. ശ്രീ. പുരുഷൻ കടലുണ്ടി

47. ശ്രീ. പി. ടി. എ. റഹീം

48. ശ്രീ. എം. രാജഗോപാലൻ

49. ശ്രീ. കെ. രാജൻ

50. ശ്രീ. എസ്. രാജേന്ദ്രൻ

51. ശ്രീ. ആർ. രാജേഷ്

52. ശ്രീ. റ്റി. വി. രാജേഷ്

53. ശ്രീ. കെ. രാജു

54. ശ്രീ. രാജു എബ്രഹാം

55. ശ്രീ. ആർ. രാമചന്ദ്രൻ

56. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

57. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

58. ശ്രീ. മുല്ലക്കര രത്നാകരൻ
59. പ്രൊഫ. സി. രവീന്ദ്രനാഥ്
60. ശ്രീ. കാരാട്ട് റസാഖ്
61. ശ്രീ. എസ്. ശർമ്മ
62. ശ്രീ. എ. കെ. ശശീന്ദ്രൻ
63. ശ്രീ. സി. കെ. ശശീന്ദ്രൻ
64. ശ്രീ. പി. കെ. ശശി
65. ശ്രീ. വി. ശശി
66. ശ്രീ. ഐ. ബി. സതീഷ്
67. ശ്രീ. ബി. സത്യൻ
68. ശ്രീ. എ. എൻ. ഷംസീർ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. ജി. സുധാകരൻ
71. ശ്രീ. വി. ആർ. സുനിൽ കുമാർ
72. ശ്രീ. വി. എസ്. സുനിൽ കുമാർ
73. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
74. ശ്രീ. എം. സ്വരാജ്
75. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
76. ശ്രീ. പി. തിലോത്തമൻ
77. ഡോ. ടി. എം. തോമസ് ഐസക്
78. ശ്രീ. പി. ഉണ്ണി
79. ശ്രീമതി വീണാ ജോർജ്ജ്
80. ശ്രീ. കെ. വി. വിജയദാസ്
81. ശ്രീ. ഇ. കെ. വിജയൻ

82. ശ്രീ. പിണറായി വിജയൻ
83. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. കെ. എൻ. എ. ഖാദർ
18. ശ്രീ. സി. മമ്മൂട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി

23. ശ്രീ. രമേശ് ചെന്നിത്തല

24. ശ്രീ. വി. പി. സജീന്ദ്രൻ

25. ശ്രീ. എൻ. ഷംസുദ്ദീൻ

26. ശ്രീ. വി. ഡി. സതീശൻ

27. ശ്രീ. കെ. എം. ഷാജി

28. ശ്രീ. വി. എസ്. ശിവകുമാർ

29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

32. ശ്രീ. റോജി എം. ജോൺ

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. ഉമ്മർ

35. ശ്രീ. എം. വിൻസെന്റ്.

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 83

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ ടി. വി. ഇബ്രാഹിം, സി. മമ്മൂട്ടി, എം. ഉമ്മർ, കെ. എൻ. എ. ഖാദർ, പാറക്കൽ അബ്ദുല്ല, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, റോജി എം.ജോൺ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)
അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. ബി. ഡി. ദേവസ്സി

16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യൂ
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. ജോൺ ഫെർണാണ്ടസ്
26. ശ്രീ. വി. ജോയി
27. ശ്രീ. ഒ. ആർ. കേളു
28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. കുഞ്ഞിരാമൻ
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. വി. കെ. സി. മമ്മത് കോയ
33. ശ്രീ. എം.എം. മണി
34. ശ്രീ. മാത്യു ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. എ. സി. മൊയ്തീൻ
37. ശ്രീ. മുഹമ്മദ് മുഹസിൻ പി.
38. ശ്രീ. എം. മുകേഷ്
39. ശ്രീ. ഡി. കെ. മുരളി

40. ശ്രീ. മുരളി പെരുനെല്ലി
41. ശ്രീ. സി. കെ. നാണു
42. ശ്രീ. എം. നൗഷാദ്
43. ശ്രീ. യു. ആർ. പ്രദീപ്
44. ശ്രീ. എ. പ്രദീപ്കുമാർ
45. ശ്രീ. കെ. ഡി. പ്രസേനൻ
46. ശ്രീ. പുരുഷൻ കടലുണ്ടി
47. ശ്രീ. പി. ടി. എ. റഹീം
48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ
50. ശ്രീ. എസ്. രാജേന്ദ്രൻ
51. ശ്രീ. ആർ. രാജേഷ്
52. ശ്രീ. റ്റി. വി. രാജേഷ്
53. ശ്രീ. കെ. രാജു
54. ശ്രീ. രാജു എബ്രഹാം
55. ശ്രീ. ആർ. രാമചന്ദ്രൻ
56. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
57. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
58. ശ്രീ. മുല്ലക്കര രത്നാകരൻ
59. പ്രൊഫ. സി. രവീന്ദ്രനാഥ്
60. ശ്രീ. കാരാട്ട് റസാഖ്
61. ശ്രീ. എസ്. ശർമ്മ
62. ശ്രീ. എ. കെ. ശശീന്ദ്രൻ
63. ശ്രീ. സി. കെ. ശശീന്ദ്രൻ
64. ശ്രീ. പി. കെ. ശശി

65. ശ്രീ. വി. ശശി

66. ശ്രീ. ഐ. ബി. സതീഷ്

67. ശ്രീ. ബി. സത്യൻ

68. ശ്രീ. എ. എൻ. ഷംസീർ

69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

70. ശ്രീ. ജി. സുധാകരൻ

71. ശ്രീ. വി. ആർ. സുനിൽ കുമാർ

72. ശ്രീ. വി. എസ്. സുനിൽ കുമാർ

73. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

74. ശ്രീ. എം. സ്വരാജ്

75. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

76. ശ്രീ. പി. തിലോത്തമൻ

77. ഡോ. ടി. എം. തോമസ് ഐസക്

78. ശ്രീ. പി. ഉണ്ണി

79. ശ്രീമതി വീണാ ജോർജ്ജ്

80. ശ്രീ. കെ. വി. വിജയദാസ്

81. ശ്രീ. ഇ. കെ. വിജയൻ

82. ശ്രീ. പിണറായി വിജയൻ

83. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ.സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. കെ. എൻ. എ. ഖാദർ
18. ശ്രീ. സി. മമ്മൂട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. കെ. എം. ഷാജി
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

32. ശ്രീ. റോജി എം. ജോൺ

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. ഉമ്മർ

35. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 83

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ പി. ടി. തോമസ്, അൻവർ സാദത്ത്, എം. ഉമ്മർ, പി. ഉബൈദുള്ള, പാറക്കൽ അബ്ദുല്ല, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, സി. മമ്മൂട്ടി, കെ. എൻ. എ. ഖാദർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ

20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. ജോൺ ഫെർണാണ്ടസ്
26. ശ്രീ. വി. ജോയി
27. ശ്രീ. ഒ. ആർ. കേളു
28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. കുഞ്ഞിരാമൻ
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. വി. കെ. സി. മമ്മത് കോയ
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. എ. സി. മൊയ്തീൻ
37. ശ്രീ. മുഹമ്മദ് മുഹസിൻ പി.
38. ശ്രീ. എം. മുകേഷ്
39. ശ്രീ. ഡി. കെ. മുരളി
40. ശ്രീ. മുരളി പെരുനെല്ലി
41. ശ്രീ. സി. കെ. നാണു
42. ശ്രീ. എം. നൗഷാദ്
43. ശ്രീ. യു. ആർ. പ്രദീപ്
44. ശ്രീ. എ. പ്രദീപ്കുമാർ

45. ശ്രീ. കെ. ഡി. പ്രസേനൻ
46. ശ്രീ. പുരുഷൻ കടലുണ്ടി
47. ശ്രീ. പി. ടി. എ. റഹീം
48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ
50. ശ്രീ. എസ്. രാജേന്ദ്രൻ
51. ശ്രീ. ആർ. രാജേഷ്
52. ശ്രീ. റ്റി. വി. രാജേഷ്
53. ശ്രീ. കെ. രാജു
54. ശ്രീ. രാജു എബ്രഹാം
55. ശ്രീ. ആർ. രാമചന്ദ്രൻ
56. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
57. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
58. ശ്രീ. മുല്ലക്കര രത്നാകരൻ
59. പ്രൊഫ. സി. രവീന്ദ്രനാഥ്
60. ശ്രീ. കാരാട്ട് റസാഖ്
61. ശ്രീ. എസ്. ശർമ്മ
62. ശ്രീ. എ. കെ. ശശീന്ദ്രൻ
63. ശ്രീ. സി. കെ. ശശീന്ദ്രൻ
64. ശ്രീ. പി. കെ. ശശി
65. ശ്രീ. വി. ശശി
66. ശ്രീ. ഐ. ബി. സതീഷ്
67. ശ്രീ. ബി. സത്യൻ
68. ശ്രീ. എ. എൻ. ഷംസീർ
69. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
70. ശ്രീ. ജി. സുധാകരൻ

71. ശ്രീ. വി. ആർ. സുനിൽ കുമാർ
72. ശ്രീ. വി. എസ്. സുനിൽ കുമാർ
73. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
74. ശ്രീ. എം. സ്വരാജ്
75. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
76. ശ്രീ. പി. തിലോത്തമൻ
77. ഡോ. ടി. എം. തോമസ് ഐസക്
78. ശ്രീ. പി. ഉണ്ണി
79. ശ്രീമതി വീണാ ജോർജ്ജ്
80. ശ്രീ. കെ. വി. വിജയദാസ്
81. ശ്രീ. ഇ. കെ. വിജയൻ
82. ശ്രീ. പിണറായി വിജയൻ
83. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. കെ. എൻ. എ. ഖാദർ
18. ശ്രീ. സി. മമ്മൂട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. കെ. എം. ഷാജി
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
32. ശ്രീ. റോജി എം. ജോൺ
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. ഉമ്മർ

35. ശ്രീ. എം. വിൻസെന്റ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 83

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് 7-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.44-ന് പിരിഞ്ഞു.)

---